നേതൃസ്മൃതി



ബി.വി

അബ്ദുല്ലക്കോയ

കെ.അബൂബക്കർ

നേതൃസ്മൃതി

ബി.വി. അബ്ദുല്ലക്കോയ


Blank

നേതൃസ്മൃതി

ബി.വി. അബ്ദുല്ലക്കോയ

കെ അബൂബക്കർ

പ്രസാധനം



ഗ്രെയ്സ്
എജുക്കേഷണൽ
അസോസിയേഷൻ



Malayalam
Nethrusmrithi-12

B.V ABDULLA KOYA
(Biography)
By
K. Aboobacker

General Editor

P.A Rasheed

All rights reserved

First published July 2015

Published by
Grace Educational Association
P.B.No: 3, Camp Sayyid
Malappuram Dist.676317

DTP & Lay out : Dg Pookkad
Cover : Myna
Printed at : A-One Offeset Prints

Distributors
Grace Books
P.B.No: 3, Camp Sayyid
Malappuram Dist.676317
Phone: +91 9633 90 29 44
Email-gracevelimukku@gmail.com

Price: 210

പ്രസാധകക്കുറിപ്പ്

മലബാറിന്റെ ആസ്ഥാനമായ കോഴിക്കോട് നിന്നു വളർന്ന് പൊതുജീവിതത്തിൽ അനുകരണീയ മാതൃക സൃഷ്ടിച്ച നിർഭയനായ നേതാവാണ് ബി.വി അബ്ദുല്ലക്കോയ(1914-1998) പ്രതിസന്ധികളിൽ പതറാതെ ഇച്ഛാശക്തികൊണ്ടും മേധാശക്തികൊണ്ടും തന്റെ കാലഘട്ടത്തെ നിയന്ത്രിച്ച ബി.വി എക്കാലത്തും ഓർമ്മിക്കപ്പെടേണ്ട വ്യക്തിത്വമാണ്. രാജ്യസഭയിൽ 30 വർഷം അംഗമായി ഏറ്റവും കൂടുതൽ സമ്മേളനങ്ങളിൽ പങ്കെടുത്തതിന്റെ ദേശീയ റിക്കാർഡ് അദ്ദേഹത്തിന്റെ പേരിൽ കുറിക്കപ്പെട്ടിരിക്കുന്നു.

മുസ്‌ലിം ലീഗിന്റെ സമുന്നത നേതാവ് എന്ന നിലയിൽ അറിയപ്പെടുന്ന അദ്ദേഹത്തിന്റെ വിവിധ സേവന മേഖലകൾ ഈ ഗ്രന്ഥം അപഗ്രഥിക്കുന്നു. കൂടെ അദ്ദേഹം ഇടപഴകിയ നേതാക്കളുടെ സ്മൃതിചിത്രങ്ങളും. ഒരു പുത്രൻ പിതാവിനെകുറിച്ചെഴുതുന്ന ഗ്രന്ഥം എന്ന അപൂർവതയും ഇതിനുണ്ട്. ബി.വിയുടെ മൂത്തമകൻ മലയാള മനോരമയുടെ മുൻ റസിഡന്റ് എഡിറ്റർ കെ. അബൂബക്കറിനു നന്ദി.

വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഒരു ദശാബ്ദമായി പ്രവർത്തിക്കുന്ന ഗ്രെയ്സ് എജുക്കേഷനൽ അസോസിയേഷൻ പാരമ്പര്യപഠനത്തിന്റെ ഭാഗമായി ഏറ്റെടുത്ത പ്രോജക്റ്റുകളിൽ ഒന്നാണ് നേതൃസ്മൃതി .ഈ പരമ്പരയിലെ പന്ത്രണ്ടാമത്തെ പുസ്തകമാണിത്. ദീർഘകാല പ്രസക്തിയുള്ള മൂല്യങ്ങളുടെ ജീവൽമാതൃകകൾ പുതുതലമുറകൾക്ക് കൈമാറാനുള്ള ഈ ശ്രമത്തെ മലയാളി വായനക്കാർ താൽപര്യപൂർവ്വം സ്വീകരിക്കുന്നു എന്നത് ചാരിതാർത്ഥ്യജനകമാണ്.

ബി.വി അബ്ദുല്ലക്കോയയുടെ ജന്മശതാബ്ദി വർഷത്തിൽ പുറത്തിറങ്ങുന്ന ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിനു സഹായിച്ച റിയാദ് കോഴിക്കോട് ജില്ലാ കെ.എം.സി.സി ഭാരവാഹികൾക്കും പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ഗ്രെയ്സ് എജുക്കേഷനൽ അസോസിയേഷൻ.



കെ അബൂബക്കർ
ജനനം 1939 തലശ്ശേരിയിൽ.
പിതാവ് മുസ്‌ലിംലീഗ് നേതാവും രാജ്യസഭാ എം.പിയും ആയിരുന്ന
തലശ്ശേരി ബി.വി അബ്ദുല്ലക്കോയ.
മാതാവ് കരിയാടൻ കുഞ്ഞാച്ചുമ്മ.
വിദ്യാഭ്യാസം: തഅ്‌ലിമുൽ അവാം മദ്രസ തലശ്ശേരി
ബി.ഇ.എം.പി സ്കൂൾ തലശ്ശേരി
സെന്റ് ജോസഫ്സ് ബോയ്സ് ഹൈസ്കൂൾ കോഴിക്കോട്
മലബാർ ക്രിസ്ത്യൻ കോളേജ് കോഴിക്കോട്,
കേരള ഗവ.പോളിടെക്നിക് കോഴിക്കോട്,
1982ൽ ല നിൽ തോംസൺ ഫൗേ ഷനിൽ നിന്നും
ജേർണലിസം ഡിപ്ലോമ.
ചന്ദ്രികയിൽ പത്രപ്രവർത്തന പരിശീലനം.
മൂന്നു വർഷം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകൻ.
1966 മുതൽ മലയാള മനോരമയിൽ. 18വർഷം ന്യൂസ് എഡിറ്ററായിരുന്നു.
1996 മുതൽ കോഴിക്കോട് റസിഡന്റ് എഡിറ്റർ. 2012ൽ റിട്ടയർചെയ്തു
അബു എന്നപേരിൽ അമ്പത് വർഷത്തോളമായി.
സ്പോർട്സ് ലേഖനങ്ങൾ എഴുതുന്നു.
ആറു വർഷം കേരള സ്പോർട്സ് കൗൺസിലിൽ
സ്പോർട്സ് ലേഖകരുടെ ആദ്യ പ്രതിനിധിയായിരുന്നു.

ഭാര്യ: സക്കീന.
ഒരു പുത്രിയടക്കം നാലുമക്കൾ.
വിലാസം: സലാൽ, ഗാന്ധിറോഡ്
കോഴിക്കോട്- 673 011
ഫോൺ: 9645 36 74 00

ഉള്ളടക്കം

1	നൂറുവർഷങ്ങൾക്കുമുമ്പ്	19
2	സുകൃതങ്ങളായ പൈതൃകങ്ങൾ	24
3	പോരാട്ട ചരിത്രത്തിന്റെ മണ്ണിൽ	34
4	നിഴലായി സഹധർമ്മിണി	45
5	ബോംബെയിലെ ബോംബ് സ്ഫോടനം	54
6	പ്രാർത്ഥനാമന്ത്രങ്ങളുമായി ലോകസഞ്ചാരം	66
7	വായനാലോകത്ത്	77
8	വിദ്യാർത്ഥി രാഷ്ട്രീയവും വിദ്യാഭ്യാസ രംഗവും	85
9	വളഞ്ഞ വഴികളോട് എന്നും കലഹം	99
10	സമന്വയത്തിന്റെ സമദൂരം	108
11	സമ്മേളനങ്ങളുടെ സംഘാടകൻ	114
12	ബഹുമതികളേറെ ഏറ്റുവാങ്ങി വിട	122
13	പാർലിമെന്റിൽ മുപ്പത് വർഷം	134
14	സ്നേഹത്തണലിൽ	142

സ്മൃതിചിത്രങ്ങൾ

1	ഖാഇദേമില്ലത്ത്	147
2	സീതി സാഹിബ്	159
3	ബാഫഖിതങ്ങൾ	169
4	പൂക്കോയതങ്ങൾ	175
5	സി.എച്ച്	185
6	ശിഹാബ് തങ്ങൾ	198
7	പി.പി ഹസ്സൻകോയ	214

നന്ദി

റിയാദ് കോഴിക്കോട് സിറ്റി കെ.എം.സി.സി
അബ്ദുൽ നാസർ മാങ്കാവ്
അബ്ദുല്ലക്കുട്ടി കോട്ടപ്പറമ്പ്
മിർഷാദ് ബക്കർ
സൈദു മീഞ്ചന്ത
നൗഷാദ് മാത്തോട്ടം
അബ്ദുൽകലാം എം.പി
പി.ടി അൻസാരി കുറ്റിപ്പുറം

അവതാരിക

കാലം കയ്യൊപ്പ് നീട്ടിയിടുന്നു.

മുസ്‌ലിംലീഗ് പ്രസ്ഥാനത്തിനും ഐക്യജനാധിപത്യ മുന്നണി സംവിധാനത്തിനും വിലപ്പെട്ട സംഭാവനകളർപ്പിച്ച ഒരു നേതാവ് കടന്നു പോയിട്ട് 17 വർഷങ്ങളാകുന്നു. ആറു പതിറ്റാണ്ടോളം സജീവമായി നേതൃരംഗത്തുണ്ടായിരുന്ന ബി.വി. അബ്ദുല്ലക്കോയ സാഹിബിന്റെ ജന്മശതാബ്ദി വർഷമാണ് ഇതെന്നു 2014 ഓർമിപ്പിക്കുന്നു.

ഒരു വോളന്റിയറായി പാർട്ടിയിലേക്കു കടന്നു വന്ന അദ്ദേഹം കോഴിക്കോട് ടൗൺ ലീഗ് കമ്മിറ്റി പ്രസിഡന്റ്, ജില്ലാ പ്രസിഡന്റ്, സ്റ്റേറ്റ് വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നീ പദവികളിലേക്കെല്ലാം ഉയർത്തപ്പെട്ടു.

കറകളഞ്ഞ ആത്മാർഥതയും തളരാത്ത അധ്വാനവും അഴിമതി തീണ്ടാത്ത പൊതുപ്രവർത്തനവുമായി അരങ്ങ് ഭരിച്ച കാലത്തും ഒരു സ്ഥാനവും മോഹിച്ചില്ല. ഒരു പഞ്ചായത്ത് മെമ്പറാവാൻ പോലും തയാറാവാതിരുന്ന അദ്ദേഹം, 53-ാം വയസ്സിലാണ് ആദ്യമായി ഒരു സ്ഥാനാർത്ഥിയാവുന്നത്. അന്നു 1967ൽ അദ്ദേഹം രാജ്യസഭയിലേക്കു എതിരില്ലാതെ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

രാജാവാകാതെ, എന്നാൽ രാജശില്പിയായി പൊതുരംഗത്ത് ശോഭിച്ച അദ്ദേഹത്തെ പിന്നീട് നാലു തവണകൂടി, പാർട്ടി പാർലിമെന്റിന്റെ ഉപരിസഭയിലേക്കയച്ചു. 83-ാം വയസിൽ അനാരോഗ്യം അസ്വസ്ഥനാക്കുന്നതുവരെ അബ്ദുല്ലക്കോയ സാഹിബ് എം.പി. സ്ഥാനത്ത് തുടരുകയായിരുന്നു.

അതോടൊപ്പം ഒരു ദേശീയ റിക്കാർഡും അദ്ദേഹത്തോടൊപ്പം ചരിത്രരേഖയായി. രാജ്യസഭയുടെ 120 യോഗങ്ങളിൽ പങ്കെടുത്ത ശേഷമുള്ള വിട.30 വർഷം പാർലിമെന്റിലിരുന്നിട്ടും ഒരു രൂപപോലും പെൻഷൻ ലഭിക്കാത്ത കുടുംബത്തെ ഓർമകൾക്കു കാവലാക്കി നിർത്തിക്കൊണ്ടുള്ള വിശ്രമം.

പാർട്ടിയുടെ ഉന്നതാധികാരസമിതികളിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ട ശബ്ദത്തിന്റെ ഉടമയായിരുന്നു ബി.വി. എം.എൽ.എ.മാരെയും എം.പി.മാരെയും കണ്ടെത്തുന്നതിനായാലും, മന്ത്രിമാരെ നിശ്ചയിക്കുന്നതിലായാലും അദ്ദേഹത്തിന്റെ അഭിപ്രായത്തിനായിരുന്നു എന്നും തിളക്കം.പാർട്ടി പ്രസിഡന്റിനെ നിശ്ചയിക്കുന്നതിൽപ്പോലും, അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ വിലപ്പെട്ടതായിരുന്നു.

ആ ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ പാർട്ടി ബന്ധങ്ങൾക്കപ്പുറത്ത് അരനൂറ്റാണ്ടിലേറെ പഴക്കമുള്ള സ്നേഹവും സൗഹൃദവുമാണ് എന്റെ മനസ്സിലേക്കു കടന്നു വരുന്നത്.

സൗകര്യം കിട്ടുമ്പോഴൊക്കെയും ചെന്നൈയിൽ ഖാഇദേ മില്ലത്തിന്റെയും കൊടുങ്ങല്ലൂരിൽ സീതിസാഹിബിന്റെയും കോഴിക്കോട്ട് സി. എച്ച്. മുഹമ്മദ്കോയ സാഹിബിന്റെയും ഖബറിടങ്ങൾ കിടക്കുന്നിടത്ത് ഞാൻ ചെല്ലാറുണ്ട്. എന്നും എന്നെ അനുഗ്രഹിക്കുക മാത്രം ചെയ്തിട്ടുള്ള ആ മഹാരഥന്മാർക്ക് ആവർത്തിച്ചുള്ള സിയാറത്ത് നടത്താൻ.

പിന്നെ, 1999ൽ ഒരു റോഡപകടത്തിൽ മരണപ്പെട്ട എന്റെ സഹധർമ്മിണിയെ യാത്രയാക്കും മുമ്പ് ഞാൻ ഒരൊറ്റ ശ്മശാനത്തിലേ പോയിരുന്നുള്ളു. എന്റെ ജീവിതത്തിന്റെ വഴിത്താരയിൽ വെളിച്ചം ഏറെ കാണിച്ചുതന്ന അബ്ദുല്ലക്കോയസാഹിബ് അന്ത്യ വിശ്രമം കൊള്ളുന്ന കോഴിക്കോട്ടെ കണ്ണമ്പറമ്പ് ശ്മശാനത്തിലേക്ക്.

എന്നാൽ ഒരു വലിയ മനുഷ്യൻ തന്റെ സ്നേഹമാകെ വാരിക്കോരി തന്നിട്ടും അദ്ദേഹത്തിന്റെ മൃതദേഹം കിടക്കുന്നിടത്ത്, രണ്ടാമതൊരിക്കൽ ചെല്ലാൻ എനിക്കു സാധിക്കുന്നില്ല. അങ്ങനെയൊരാൾ, നമ്മുടെ ഇടയിൽ നിന്ന് എന്നന്നേക്കുമായി കടന്നുപോയതായി വിശ്വസിക്കാൻ മനസ് സമ്മതിക്കുന്നില്ല.

ഷൂസും കോട്ടും ധരിച്ചും തലയിൽ തൊപ്പി ചെരിച്ചു വച്ചും ചുണ്ടിലൊരു സിഗരറ്റിന്റെ ചുവന്ന കണ്ണ് കത്തിച്ചും, അമ്പതുകളിൽ കണ്ണൂരിൽ എന്റെ പിതാവിന്റെ വീട്ടിലേക്കു വരാറുള്ള കോയ പുതിയാപ്പിളയെ ഓർമ്മകൾ പുറത്തെടുക്കുന്നു. കണ്ണൂർ അങ്ങാടിയിൽ നല്ല നിലയിൽ ഒരു പെയിന്റ് കട നടത്തി വന്നിരുന്ന കുറുക്കാണ്ടിയിലെ അബ്ദുല്ലക്കുഞ്ഞിക്ക എന്റെ പിതാവിന്റെ ഇഷ്ടപ്പെട്ട അനന്തിരവൻ ആയിരുന്നു.

ആ അബ്ദുല്ലക്കുഞ്ഞിക്ക വിവാഹം ചെയ്തത്, തലശ്ശേരി നാരങ്ങാപുറത്തെ കരിയാടൻറവിട ആയിരുന്നു. മുംബെയിൽ ഉദ്യോഗസ്ഥനായിരുന്ന ടി.സി.മായൻ ഹാജിയുടെ മൂത്ത മകളെ. മായൻ ഹാജിക്കു രണ്ടാമതൊരു മകൾ കൂടിയുണ്ടായിരുന്നു. അവരെ കല്യാണം കഴിച്ചത് കോഴിക്കോട്ടു നിന്നായിരുന്നു. അബ്ദുല്ലക്കുഞ്ഞി എന്ന ജ്യേഷ്ഠൻ പുതിയാപ്പിളക്കൊത്ത്, അബ്ദുല്ലക്കോയ എന്ന അനിയൻ പുതിയാപ്പിളഞങ്ങളുടെ കളിക്കളമായിരുന്ന തായത്തെരു കുറുക്കാണ്ടിയിലേക്ക് വന്നു തുടങ്ങിയത് അങ്ങനെ.

എന്റെ പിതാവ് അബ്ദുൽ ഖാദർഹാജിയെ സ്നേഹബഹുമാനങ്ങളോടെ മാത്രം കാണാറുള്ള കോയ സാഹിബ് എന്നെയും ആകർഷിച്ചത് സ്വാഭാവികം മാത്രം.

ഞാൻ കണ്ണൂരിലും തലശ്ശേരിയിലും ഒക്കെയായി വിദ്യാഭ്യാസം നിർവഹിച്ചിരുന്ന കാലത്ത്, മുസ്‌ലിം വിദ്യാർത്ഥി ഫെഡറേഷന്റെ പ്രവർത്തനങ്ങളിൽ സജീവമായുണ്ടായിരുന്നു. ആ ഒരു പൊതുപ്രവർത്തനം എന്നെ കോഴിക്കോട്ട് ചന്ദ്രിക ആപ്പീസിലും ലീഗ് ഓഫീസിലും ഒക്കെ എത്തിച്ചു.തലശ്ശേരിയിൽ ചെറിയ മമ്മുക്കേയി സാഹിബും കണ്ണൂരിൽ ഒ.കെ. മുഹമ്മദ് കുഞ്ഞി സാഹിബും കോഴിക്കോട്ട് സി.എച്ച്. മുഹമ്മദ് കോയ സാഹിബും സയ്യിദ് ഉമർ ബാഫഖിതങ്ങളും അബ്ദുല്ലക്കോയ

സാഹിബും ഒക്കെ, വിദ്യാർത്ഥിരംഗത്തെ ഞങ്ങളുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചുപോന്നു. വായനാശീലം വളർത്തുന്നതിലും പ്രസംഗ പരിശീലനക്ലാസ് നടത്തുന്നതിലും സ്കോളർഷിപ്പ് വിതരണത്തിലും ഒക്കെ ഞങ്ങൾ കാണിച്ചുവന്ന താല്പര്യങ്ങളെ അവർ പരിപോഷിപ്പിച്ചു.സീതിസാഹിബിനെപ്പോലുള്ള ക്രാന്തദർശികളായ നേതാക്കൾ, അവർക്കു തൊട്ടുതാഴെയുള്ള ഈ നേതാക്കളെ അതിനായി പ്രേരിപ്പിക്കുകയും ചെയ്തിരുന്നു.

കേരള സംസ്ഥാന രൂപവൽക്കരണത്തോടെ മുസ്ലിംലീഗെ ന്ന പോലെ മുസ്ലിം വിദ്യാർഥി ഫെഡറേഷനും തിരുകൊച്ചി ഭാഗത്ത് അതിന്റെ വേരുകൾ ഇറക്കി.

എറണാകുളത്ത് സീതിസാഹിബിന്റെ ആശീർവാദത്തോടെ രൂപവൽക്കരിക്കപ്പെട്ട എം.എസ്.എഫിന്റെ ആദ്യത്തെ സംസ്ഥാനകമ്മിറ്റിയിൽ ഞാൻ ജനറൽ സെക്രട്ടറിയായി. കോഴിക്കോട് കൊയിലാണ്ടിയിലെ അഡ്വ. കെ.എം. കുഞ്ഞിമായനായിരുന്നു, പ്രസിഡന്റ്, ഖജാൻജി സ്ഥാനത്ത് കോഴിക്കോട്ടെ കെ. അബൂബക്കറും.

പത്രത്തിൽ ഭാരവാഹികളുടെ പേരുകൾ അച്ചടിച്ചുവന്നതോടെ ആദ്യത്തെ എതിർപ്പ് അബ്ദുല്ലക്കോയ സാഹിബിൽ നിന്നായിരുന്നു. കോളജ് വിട്ട് പോളിടെക്നിക്കിലേക്കു ചേക്കേറിയിരുന്ന അദ്ദേഹത്തിന്റെ മകൻ അബു, എം.എസ്.എഫിന്റെ സ്റ്റേറ്റ് ട്രഷററായിരിക്കുന്നു. ഇനി മകന്റെ പഠിത്തം പെരുവഴിയിലായത് തന്നെ എന്നതായിരുന്നു കോയാസാഹിബിന്റെ അങ്കലാപ്പ്.

ഞാനദ്ദേഹത്തെ നേരിൽ ചെന്നുകണ്ടു. പതിവ് പോലെ അദ്ദേഹം എന്റെ നേർക്കും കയർത്തു. ആരോട് ചോദിച്ചിട്ടാണ് ഈ തീരുമാനങ്ങൾ ഒക്കെ എടുത്തതെന്നദ്ദേഹം തിരക്കി.

ഞാൻ സീതിസാഹിബിന്റെയും സി.എച്ചിന്റെയും പേരുകൾ പറഞ്ഞപ്പോൾ, അദ്ദേഹം ഒന്നു തണുത്തു. പഠനത്തിനു ഒരു തകരാറും വരാത്തവിധത്തിലാണ് എം.എസ്.എഫ്. പ്രവർത്തനമെന്നു ഞാൻ വിശദീകരിച്ചു. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്നവരെ പ്രോൽസാഹിപ്പിക്കലാണ് എം.എസ്.എഫിന്റെ പുതിയ ഭാരവാഹികളുടെ അജണ്ട എന്നും കൂടി പറഞ്ഞപ്പോൾ, അദ്ദേഹം മനസ് തുറന്നു ചിരിച്ചു.

തുടർന്നു ഞാനും അബുവും അടുത്ത സഹപ്രവർത്തകർ എന്ന പോലെ, ഉറ്റ ചങ്ങാതിമാരുമായി. നടപ്പും കിടപ്പും ഒന്നിച്ച്, ഊണും ഉറക്കവും ഒന്നിച്ച്. പല ദൗത്യങ്ങളുമായി സഞ്ചാരം. എന്റെ സൽക്കാരം സ്വീകരിച്ച് അബുവും അബുവിന്റെ ആതിഥ്യം ഏറ്റുവാങ്ങി ഞാനും പലയിടത്തും ചുറ്റിക്കറങ്ങും. ഒടുവിൽ നേരം അൽപം വൈകിച്ചെന്നാൽ പോലും കരിയാടൻ വില്ലയിലെ വാതിൽ തുറന്നു തരുന്നതിൽ അബ്ദുല്ലക്കോയ സാഹിബിനും ഭാര്യയ്ക്കും സന്തോഷമേ ഉണ്ടായിരുന്നുള്ളു.

ഒന്നിച്ച് അൽപകാലം പത്രപ്രവർത്തനവും പയറ്റിയശേഷം അബു വേറെ മേച്ചിൽസ്ഥലം അന്വേഷിച്ചുപോയി. ഞാൻ വക്കീൽ പണി

തുടങ്ങി. സാവകാശം രാഷ്ട്രീയത്തിൽ കാലുറപ്പിച്ചു. ബാഫഖി തങ്ങളും സീതിസാഹിബും, സി.എച്ചും എന്നെ ഇഷ്ട ശിഷ്യനാക്കി സ്വീകരിച്ചതു പോലെ തോന്നി.

'ചന്ദ്രിക' പ്രവർത്തകരുടെ ഒരു സംഗമത്തിൽ അബു നടത്തിയ ഒരു പ്രസംഗം എനിക്കു ഓർമവരുന്നു. "അഹമദ് സാഹിബും ഞാനും ഒരു ഘടികാരത്തിലെ സൂചികൾപോലെ ഒരുമിച്ചു നീങ്ങിയ കാലമുണ്ടായിരുന്നു. ചെറിയ സൂചിയെ വഴിയിൽ വിട്ട്, വലിയ സൂചി, പിന്നെ കുതിച്ചു കയറി. മുനിസിപ്പൽ ചെയർമാനായി, നിയമസഭാംഗമായി, കേരളത്തിലും കേന്ദ്രത്തിലും മന്ത്രിയായി".

രാഷ്ട്രീയത്തിൽ കണ്ണൂരിൽ പിച്ചവച്ചു വളർന്ന ഞാൻ, പാർട്ടി കമ്മിറ്റികളിൽ ചില ഭാരവാഹിത്വങ്ങളിലേക്ക് ഉയർന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശിഹാബ് തങ്ങളുടെ ആശിർവാദത്തോടെ, അഖിലേന്ത്യാ പ്രസിഡന്റ് പദംവരെ വന്നെത്താൻ കഴിഞ്ഞു.പല ദേശീയ-രാജ്യാന്തര സമിതികളിലും ലീഗിന്റെ ആളായിത്തന്നെ രാജ്യത്തെ പ്രതിനിധീകരിക്കാനും സാധിച്ചു.

കണ്ണൂർ ജില്ലയിൽ നിന്നു എന്നെ നേതൃസ്ഥാനത്തേക്കുയർത്തുന്നതിൽ മർഹും ചെറിയ മമ്മുക്കേയി സാഹിബ് വഹിച്ച പങ്ക് എനിക്കു ഒരിക്കലും മറക്കാൻ ഒക്കില്ല. അതേസമയം, സംസ്ഥാന സമിതികളിൽ എനിക്കു അംഗീകാരം ലഭിക്കുന്നതിൽ അബ്ദുല്ലക്കോയ സാഹിബ് കാണിച്ച താൽപര്യവും.

ഒരു തെരഞ്ഞെടുപ്പ് രംഗത്ത് ഞാൻ അരങ്ങേറ്റം കുറിച്ച 1967 ഓർമ്മവരുന്നു. കണ്ണൂരിൽ ഞാൻ മതസരിക്കണമെന്നു പ്രത്യേകം താൽപര്യപ്പെട്ടത് സി.എച്ച്. ആയിരുന്നു. എന്നാൽ തൊട്ടു മുമ്പത്തെ തവണ അവിടെ നിന്ന് ലീഗ് ടിക്കറ്റിൽ ജയിച്ച ആളെ മാറ്റി, പകരം എന്നെ വയ്ക്കാനുള്ള നീക്കത്തെ ചിലർ ശക്തിയായി എതിർത്തു. ഭാവികൂടി കണക്കിലെടുത്തു വേണം, സ്ഥാനാർത്ഥികളെ നിർണയിക്കാനെന്നു പറഞ്ഞു കൊണ്ട് സ്റ്റേറ്റ് കമ്മിറ്റിയിൽ അബ്ദുല്ലക്കോയ സാഹിബ് എന്നെ അനുകൂലിച്ചപ്പോൾ, തീരുമാനം ഐക്യകണ്ഠേന ആവുകയായിരുന്നു.

മന്ത്രിസഭാ പ്രവേശനാവസരത്തിലും, എനിക്കനുകൂലമായി എന്നപോലെ എതിരായും ചില നീക്കങ്ങളുണ്ടായി. ഇവിടെയും ചെറുപ്പത്തിന്റെ ആനുകൂല്യം എനിക്ക് നേടിത്തരുന്നതിൽ കോയാസാഹിബ് വഹിച്ച പങ്ക് ചെറുതല്ല.

സന്നിഗ്ധ ഘട്ടത്തിൽ ജനറൽ സെക്രട്ടറി സ്ഥാനത്ത് അബ്ദുല്ലക്കോയ സാഹിബിനെ നിയോഗിച്ച പാർട്ടി നേതൃത്വം, അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്കും അതിനേക്കാളേറെ അദ്ദേഹത്തിന്റെ ന്യായീകരണങ്ങൾക്കും പ്രത്യേക പരിഗണന നൽകിയിരുന്നു.

ഇസ്മാഈൽ സാഹിബിനെയും സി.എച്ചിനെയും ലോക്സഭാ സ്ഥാനാർത്ഥികളാക്കുന്നതിലും, പാർട്ടിക്കനുവദിക്കപ്പെട്ട കോർപറേഷനുകളിലും ബോർഡുകളിലും പാർട്ടി പ്രതിനിധികളെ ചെയർമാൻമാരാക്കി നിയോഗിക്കുന്നതിലും കോയാസാഹിബ് ചെലുത്തിയ സ്വാധീനം വലു

തായിരുന്നു. ബാഫഖി തങ്ങളെ അഖിലേന്ത്യാ പ്രസിഡന്റായും പൂക്കോയ തങ്ങളെയും ശിഹാബ് തങ്ങളെയും സംസ്ഥാന പ്രസിഡന്റുമാരായും തെരഞ്ഞെടുക്കുന്നതിലും പ്രധാനപങ്കുവഹിച്ച ഒരാൾ അദ്ദേഹം ആയിരുന്നു.

ദൗർഭാഗ്യകരമായ ഒരു സാഹചര്യത്തിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ നേതൃത്വം പിടിച്ചടക്കാൻ ചിലർ നടത്തിയ സാഹസിക ശ്രമങ്ങളെ ഡൽഹിയിൽ പരാജയപ്പെടുത്താൻ ചെറിയ ഒരു പങ്കുവഹിച്ച എനിക്ക്, അക്കാര്യത്തിലും അബ്ദുല്ലക്കോയ സാഹിബിന്റെ കലവറയില്ലാത്ത പിന്തുണയുണ്ടായി.

സഹപ്രവർത്തകരെ നന്നായി പഠിച്ചും ആവശ്യമെന്നു തോന്നുമ്പോൾ ശക്തിയായി ശാസിച്ചും, അവരുടെ കഴിവുകൾ ഏതൊക്കെ തരത്തിൽ വിനിയോഗിക്കാമെന്നു മനസ്സിലാക്കുന്ന കാര്യത്തിൽ സീതിസാഹിബിനു ശേഷം, മുൻനിരക്കാരനായി എനിക്കു തോന്നിയവരിൽ ഒരാൾ അബ്ദുല്ലക്കോയ സാഹിബ് ആയിരുന്നു. മർമപ്രധാനമായ തസ്തികകളിലും സ്ഥാനങ്ങളിലും ഏറ്റവും അടുത്ത സഹപ്രവർത്തകരെപ്പോലും പരിഗണിക്കാതിരിക്കുമ്പോഴും പാർട്ടി താല്പര്യം മാത്രമേ അദ്ദേഹം മുമ്പിൽ കണ്ടുള്ളൂ. പല പ്രധാന പദവികളിലും സ്വന്തം പേരു നിർദ്ദേശിക്കപ്പെട്ടപ്പോൾ ഒഴിഞ്ഞുമാറുന്ന സ്വഭാവക്കാരനായ അദ്ദേഹത്തിനു, സ്വന്തക്കാരെ ഒഴിവാക്കേണ്ടിവന്നപ്പോഴും പറഞ്ഞു ഫലിപ്പിക്കാൻ സാധിച്ചിരുന്നു.

സി.എച്ചിനെ മുഖ്യമന്ത്രിയാക്കിയതിലും അബ്ദുല്ലക്കോയസാഹിബിന്റെ പങ്ക് സുപ്രധാനമായിരുന്നു. സി.എച്ച്. മന്ത്രിസഭ രൂപവൽക്കരിച്ചപ്പോൾ ചീഫ് വീപ്പ് സ്ഥാനം ഞാൻ ഏറ്റെടുക്കണമെന്നു അദ്ദേഹം നിർബന്ധിച്ചു. ഘടകകക്ഷിനേതാക്കന്മാരുമായുള്ള ചർച്ചകൾ നടത്താൻ ശിഹാബ് തങ്ങളും സി.എച്ചും നിയോഗിച്ചത് ബി.വി.യെയും എന്നേയും ആയിരുന്നു. അക്ഷരാർത്ഥത്തിൽ ഊണും ഉറക്കവും ഉപേക്ഷിച്ച് അദ്ദേഹത്തോടൊപ്പം കോഴിക്കോട് നിന്നും തിരുവനന്തപുരത്തേക്ക് എത്ര ഓട്ടങ്ങൾ! അവിടെ നിന്ന് എറണാകുളത്തേക്ക് തിരിച്ചോട്ടങ്ങൾ എത്ര!. പിന്നീട് കോഴിക്കോട്ടേക്ക് വീണ്ടും യാത്രകൾ. സി.എച്ച്. ഞങ്ങൾ രണ്ടുപേർക്കും നൽകിയ ഓമനപ്പേര് 'മൊബൈൽ ടീം ഓഫ് നെഗോഷിയേറ്റേഴ്സ്' എന്നായിരുന്നു.

ഒരിക്കലും തന്നെ പാർട്ടിയുടെ ട്രഷറർ സ്ഥാനത്തിരുന്നില്ലെങ്കിലും പാർട്ടി ഇടപെടുന്ന എല്ലാ വരവ് ചെലവ് കണക്കുകളും കാണാൻ അബ്ദുല്ലക്കോയ നിർബന്ധം പിടിക്കുമായിരുന്നു. പാവപ്പെട്ട കുടുംബങ്ങളെ സഹായിക്കാൻ കോഴിക്കോട്ട് രൂപവൽക്കരിക്കപ്പെട്ട മുസ്‌ലിംലീഗ് റിലീഫ് കമ്മിറ്റിയുടെ കടിഞ്ഞാൺ അദ്ദേഹത്തിന്റെ കയ്യിലായിരുന്നു. മഴയും വെയിലും കണക്കാക്കാതെ, രാവും പകലും നോക്കാതെ നഗര വീഥികളിൽ സഹപ്രവർത്തകരെയും കൂട്ടി, കടകളും വീടുകളും കയറി ഇറങ്ങി, പണം സംഭരിക്കുന്ന രീതി വാർധക്യകാലത്തും അദ്ദേഹം തുടർന്നു. നിത്യേനയുള്ള വരവ് ചെലവ് കണക്കുകൾ, നേരം എത്ര ഇരുട്ടിയാലും സ്വന്തം കൈപ്പട

യിൽ എഴുതിച്ചേർത്താൽ മാത്രമെ ആ ദിനചര്യ പൂർത്തിയാകാറുള്ളു.

ലീഗ് ഓഫീസിലെ ടെലഫോൺ ചാർജ് ആരിൽനിന്നായാലും ചോദിച്ചു വാങ്ങുന്നതിലും എം.എൽ.എ. ആയാലും എം.പി. ആയാലും പാർട്ടിക്കുള്ള സെസ് പിടിച്ചു എടുക്കുന്നതിലും അദ്ദേഹം ആരെയും ഭയപ്പെട്ടില്ല. പാർട്ടി ഫണ്ടിൽ നിന്ന് ഒരു പൈസപോലും അനാവശ്യമായി ചെലവഴിച്ചില്ല എന്നു മാത്രമല്ല, പാർട്ടിപ്പണം ഭദ്രമായി കൈയിൽ വയ്ക്കാനും അദ്ദേഹത്തിനു അസാധാരണമായ ഒരു കഴിവുണ്ടായിരുന്നു. ആർക്കെങ്കിലും സ്വന്തമായി കൊടുക്കാനുള്ള പണം കൈയിലില്ലെങ്കിൽ കൈയിരിപ്പുള്ള പാർട്ടിഫണ്ടിൽ നിന്ന് അഡ്ജസ്റ്റ് ചെയ്തുകൂടേ എന്നു ചോദിക്കുന്നവരെ അദ്ദേഹം നിർത്തിപ്പൊരിക്കുമായിരുന്നു. പാർട്ടിയുടെ പണപ്പെട്ടിയുടെ മേലിരിക്കുമ്പോഴും സ്വന്തമായി കൊടുക്കാനുള്ള പണത്തിന് കടം പറയുന്നതിൽ പോലും അദ്ദേഹം ഒരു പോരായ്മയും കണ്ടിരുന്നുമില്ല.

ഞാൻ വ്യവസായ വകുപ്പ് മന്ത്രി ആയിരുന്ന കാലത്ത് അദ്ദേഹത്തെ ചെറുകിട വ്യവസായ മേൽനോട്ട സമിതിയായ സിഡ്കോയുടെ ചെയർമാനായി നിയമിച്ചത് ഓർമ്മ വരുന്നു. പ്രധാനമന്ത്രി രാജീവ് ഗാന്ധിയുമായുള്ള ഒരു ചർച്ചയ്ക്കു അദ്ദേഹത്തെ കോഴിക്കോട്ട് നിന്നു അടിയന്തിരമായി തിരുവനന്തപുരത്തേക്കു വിളിച്ചുവരുത്തേണ്ടിവന്നു. പാർട്ടി നേതാവെന്ന നിലയിൽ തിരുവനന്തപുരത്തെ ഒരു സ്റ്റാർ ഹോട്ടലിൽ ഞാൻ അദ്ദേഹത്തിനു താമസസൗകര്യം ഒരുക്കുകയും ചെയ്തിരുന്നു. വന്ന ഉടനെ അദ്ദേഹം ചോദിച്ചത് ഹോട്ടൽ വാടക ആര് കൊടുക്കുമെന്നായിരുന്നു. അദ്ദേഹത്തിന്റെ നായകത്വത്തിൽ നല്ല നിലയിൽ നടക്കുകയായിരുന്നു, സിഡ്കോ. ചെയർമാന്റെ തലസ്ഥാനത്തെ പരിപാടി ആയതിനാൽ സിഡ്കോ കൊടുക്കുമെന്നു ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം പൊട്ടിത്തെറിച്ചു.

"ഇത് പാർട്ടിക്കാര്യമാണ്. പാർട്ടി കൊടുക്കണം. അതല്ലെങ്കിൽ എന്നെ വിളിച്ചുവരുത്തിയ നിങ്ങൾ കൊടുക്കണം".

അബ്ദുല്ലക്കോയ സാഹിബുമായുള്ള എന്റെ ബന്ധം എന്റെ പിതാവിന്റെ കെയറോഫിൽ, അദ്ദേഹത്തിന്റെ മകൻ വഴി വളർന്നു. ഒടുവിൽ പാർട്ടിക്കാരനായി അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുക വഴി പരസ്പരം കൂടുതൽ അടുക്കുകയും അറിയുകയുംചെയ്തു. ഏത് പ്രതിസന്ധികളെയും തരണം ചെയ്യാനുള്ള മനക്കരുത്തിന്റെ പ്രതീകമായിരുന്നു സാഹിബ്.

അദ്ദേഹം തളർന്നുപോയതായി ഞാൻ കണ്ടത്, ഒരേ ഒരിക്കൽ മാത്രമാണ്. വർഷങ്ങൾക്കു മുമ്പ് ആ കുടുംബത്തിലെ കെടാവിളക്കായിരുന്ന, ഏക മകൾ നഫീസ മരണപ്പെട്ടപ്പോൾ.

അത് മറക്കാനുള്ള അദ്ദേഹത്തിന്റെ നീണ്ടകാല ശ്രമങ്ങൾക്കിടയിൽ, അദ്ദേഹത്തിന്റെ വിനീതശിഷ്യനായ ഞാൻ, ആ ജീവിതത്തിലേക്കും കടന്നുചെന്നു.അദ്ദേഹത്തിന്റെ മരിച്ചു പോയ മകളുടെ ഏക പുത്രിയെ വിവാഹം ചെയ്തിരിക്കുന്നത് എന്റെ മൂത്ത മകൻ റയിസാണ്.

ഈറനണിയുന്ന ആ ഓർമ്മകൾക്ക് ഞാനൊരു അനുബന്ധം കൂടി ചേർക്കട്ടെ. മുപ്പതുകൊല്ലം ഡൽഹിയിൽ കഴിഞ്ഞശേഷം,രാജ്യ സഭയിൽ നിന്നു വിരമിച്ച് അദ്ദേഹം നാട്ടിലേക്ക് മടങ്ങിയ അവസരം. ബാബാ ഖറക് സിങ്ങ് മാർഗിലെ ഫ്ളാറ്റിൽ ശേഷിച്ചിരുന്ന പെട്ടി എടുത്തു നീക്കാൻ എന്നെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഞാനത് സുരക്ഷി തമായി എന്റെ ഡൽഹി വസതിയിലേക്കു മാറ്റിയിരുന്നു.

ആഴ്ചകൾ കഴിഞ്ഞ്, അദ്ദേഹം മരണപ്പെട്ടപ്പോൾ ആ പെട്ടിയുടെ കാര്യം ഞാനദ്ദേഹത്തിന്റെ മക്കളെ ഓർമ്മിപ്പിച്ചു. തുറന്നു ആവശ്യ മില്ലാത്ത സാധനങ്ങൾ ഒക്കെ കളഞ്ഞ ശേഷം, ബാക്കി മാത്രം നാട്ടി ലേക്ക് അയച്ചാൽ മതിയെന്നു മക്കൾ എന്നെ അറിയിച്ചു. അതനുസരിച്ച് ഞാനത് തുറന്നുനോക്കിയപ്പോൾ, ഉണ്ടായിരുന്നത് തണുപ്പുകാലത്ത് മാത്രം ധരിക്കാറുള്ള ഒന്നുരണ്ടു കമ്പിളി ഉടുപ്പുകളും രണ്ടുമൂന്നു പുസ്തകങ്ങളും ഒരു ട്രാൻസിസ്റ്ററും രാജ്യസഭാംഗങ്ങളുടെ ഒരു ഗ്രൂപ്പ് ഫോട്ടോയും മാത്രം. മുപ്പതുകൊല്ലക്കാലം അരങ്ങ് ഭരിച്ച ഒരു എം.പി.യുടെ സമ്പാദ്യം.

ആ കമ്പിളി ഉടുപ്പുകൾ അന്നു ഏറ്റുവാങ്ങിയത് എന്റെ കണ്ണീർക്കണങ്ങളായിരുന്നു. സൂര്യൻ പിന്നീട് പലതവണ ഉദിക്കുകയും പടിയിറങ്ങിപ്പോവുകയും ചെയ്തു.ഇന്നും വാടിത്തളരുന്ന സന്ധ്യകളിൽ ഓർമ്മകളുടെ അറകൾ തുറന്നുകിട്ടുമ്പോൾ അങ്ങൊരു വിദൂരലോകത്ത് ഒരു വെള്ളിനക്ഷത്രമായി ഞാൻ അബ്ദുല്ലക്കോയ സാഹിബിനെ കാണുന്നു. കോഴിക്കോട് വന്നിറങ്ങുമ്പോഴൊക്കെയും ഇളം പുലരിത്തുടിപ്പ് ആ ഓർമ്മകളിലേക്ക് എന്നെ മാടി വിളിക്കുന്നു.

ആ ഓർമകളെ താലോലിക്കുന്ന ഒരു സംരംഭത്തിനു മുഖക്കു റിപ്പ് എഴുതുകയാണ്, ഇന്നു ഞാൻ. എന്നോടൊപ്പം പത്ര പ്രവർത്തനം ആരംഭിച്ച കെ.അബൂബക്കർ എന്ന അദ്ദേഹത്തിന്റെ മകനാണ് ഗ്രന്ഥരചന എന്ന ഈ ദൗത്യം ഏറ്റെടുത്തിരിക്കുന്നത്. അതിനൊരു അവതാരിക എന്നത് അബുവിന്റെ നിർബന്ധവും ആണ്. ശ്രമകരമായ ദൗത്യമാണെ ങ്കിലും മഹാനായ ആ നേതാവിന്റെ സ് മരണക്കുമുമ്പിൽ ഇങ്ങനെ ഒരു ആദരാഞ്ജലി അർപ്പിക്കാൻ കഴിയുന്ന ചാരിതാർഥ്യത്തിലാണ് ഞാൻ പേന എടുക്കുന്നത്. പരേതാത്മാവിന് അല്ലാഹു മഗ്ഫിറത്തു നൽകട്ടെ. ആമിൻ.

9, തീൻമൂർത്തി മാർഗ്
ന്യൂഡൽഹി
10-07-2015

ഇ. അഹമദ്. എം.പി.
പ്രസിഡന്റ്
ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ്

ആമുഖം

കാലം പിണങ്ങി നിൽക്കുമ്പോൾ പ്രായം 75 കഴിഞ്ഞെന്നു സ്കൂൾ സർട്ടിഫിക്കറ്റ് എന്നെ ഓർമ്മിപ്പിക്കുന്നു. നൂറ് വർഷം അപ്പുറത്ത് ജനിച്ച മനുഷ്യൻ കടന്നു പോയിട്ട് വർഷങ്ങൾ പതിനേഴായെങ്കിലും, ഒപ്പംകഴിഞ്ഞ കാലത്തെ വർഷങ്ങളായി ഹരിക്കാതെ തന്നെ ഓർത്തു കൂടെ എന്നു മനസ്സ് മന്ത്രിക്കുകയും ചെയ്യുന്നു.

ആ സാഹസത്തിലാണ് 84 വർഷങ്ങൾ ജീവിച്ച എന്റെ പ്രിയപ്പെട്ട പിതാവ് പിന്നിട്ട വഴികളിലേക്ക് ഒരന്വേഷണവുമായി മൂത്തമകനായ ഞാൻ ഒരുമ്പെട്ടിറങ്ങിയത്. അതിനു നിമിത്തമായതാകട്ടെ, കേരള പബ്ലിക്ക് റിലേഷൻസ് അഡീഷണൽ ഡയറക്ടറായി റിട്ടയർ ചെയ്ത പഴയകാല സഹപ്രവർത്തകൻ പി.എ.റഷീദും. 'നേതൃസ്മൃതി' എന്ന പരമ്പരയിൽ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ വെളിച്ചം വിതറിയ പ്രമുഖരുടെ പട്ടികയിലേക്ക് ബി.വി.അബ്ദുല്ലക്കോയയേയും ചേർത്തുവെക്കാനാണ് ഗ്രെയ്സിനുവേണ്ടി അദ്ദേഹവും എ.മുഹമ്മദ് ഹനീഫയും എന്നെ ഈ ദൗത്യം ഏല്പിച്ചത്. അബ്ദുല്ലക്കോയ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി അവർക്കെന്നപോലെ ഇത് പുറത്തിറക്കാൻ സഹായിച്ച റിയാദ് കെ.എം.സി.സി കോഴിക്കോട് സിറ്റി ഭാരവാഹികൾക്കും.

പിതാവ് അബ്ദുല്ലക്കോയ അറുപത് വർഷത്തിലേറെ പൊതുരംഗങ്ങളിൽ സജീവമായിരുന്നു. വിദ്യാർത്ഥി ജീവിതകാലത്ത് തന്നെ പൊതുവേദികളിൽ പിച്ചവെച്ചു കയറിയ അദ്ദേഹം മുസ്ലിംലീഗിൽ വോളന്റിയർ ആയിട്ടായിരുന്നു രാഷ്ട്രീയ രംഗപ്രവേശം ചെയ്തത്.കോഴിക്കോട് ടൗൺ മുസ്ലീംലീഗ് പ്രസിഡന്റ്, ജില്ലാ പ്രസിഡന്റ് സ്ഥാനങ്ങൾ വഹിച്ചതിനു പിന്നാലെ സംസ്ഥാന വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നീ സ്ഥാനങ്ങളിലേക്കും ഉയർത്തപ്പെട്ടു.

പാർട്ടിയുടെയും മുന്നണിയുടെയും സുപ്രധാന തീരുമാനങ്ങൾക്കു പ്രധാന കാർമികനായിരുന്ന അദ്ദേഹം, ഒരിക്കലും തന്നെ രാജാവാകാൻ നിന്നില്ല. എം.എൽ.എ.മാരെയും എം.പി.മാരെയും സൃഷ്ടിക്കുന്ന രാജശില്പിയായാണദ്ദേഹം അറിയപ്പെട്ടത്. മന്ത്രിപദം മുതൽ പാർട്ടി പ്രസിഡന്റ് പദവിവരെ നിശ്ചയിക്കുന്നതിൽ അദ്ദേഹത്തിന്റെ അഭിപ്രായത്തിനു പ്രത്യേക പരിഗണനയും നൽകപ്പെട്ടു.മുന്നണിവൃത്തങ്ങളിൽ കൂടിയാലോചനകളുടെ രാജകുമാരൻ എന്ന ബഹുമതിയാണ് അബ്ദുല്ലക്കോയക്കു ലഭിച്ചത്.

മന്ത്രിപദം അടക്കം പലസ്ഥാനങ്ങളിലേക്കും പാർട്ടി പരിഗണിച്ച പ്പോൾ മാറിനിന്ന അദ്ദേഹം, 53-ാം വയസിലാണ് ഒരു സ്ഥാനാർഥിയാവു ന്നത്. അതും രാജ്യസഭയിലേക്ക് എതിരില്ലാതെ ജയിച്ചുകൊണ്ട്. അവി ടെയാകട്ടെ 30 വർഷം പാർട്ടി അദ്ദേഹത്തെ തന്നെ ഡൽഹി ദൗത്യവു മായി നിലനിർത്തുകയും ചെയ്തു.

വ്യാപാര-വ്യവസായരംഗത്ത് സജീവസാന്നിധ്യമായിരുന്ന അബ്ദുല്ലക്കോയ, വിദ്യാഭ്യാസരംഗത്തും ശ്രദ്ധേയമായ സംഭാവനക ളർപ്പിച്ചിരുന്നു. കൈവച്ച മേഖലകളിലെല്ലാം, മായാത്ത കയ്യൊപ്പ് പതിപ്പി ക്കാൻഅദ്ദേഹത്തിനുകഴിഞ്ഞു. കയ്യും മെയ്യും വച്ചിടത്തെല്ലാം അദ്ദേഹം ഹൃദയവും ചേർത്തുവച്ചു. അബ ്ദുല്ലക്കോയയുടെ സൂര്യൻ വൈകീട്ട് ഉദിക്കാറില്ല, നേരത്തെ അസ്തമിക്കാറുമില്ല എന്നാണ് പലരും പറയാറ്.


സി.എച്ച്. മുഹമ്മദ് കോയയെപ്പോലെ സമുദായത്തെ ഏറെക്കാ ലം സധീരം മുന്നോട്ട് നയിക്കാൻ കെല്പുള്ളവർ വളരെ നേരത്തെതന്നെ ഈ ലോകത്തോട് യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ, തങ്ങൾക്കൊക്കെ ജീവിതത്തിൽ കിട്ടിയത് ബോണസ് വർഷങ്ങളായിരുന്നെന്നു 84 വയസ് വരെ ജീവിച്ച പിതാവ് പറയാറുണ്ടായിരുന്നു.

മുഖം നിറയെ ഗൗരവവും സംസാരം നിറയെ ന്യായവാദങ്ങളും തീരുമാനങ്ങളിലാകെ കാർക്കശ്യവും കാണിച്ചപ്പോഴും വലുപ്പചെറുപ്പമി ല്ലാത്ത, ജാതിമത ചിന്തകൾക്കതീതമായ, കക്ഷി പരിഗണനകൾക്കു അന്യ മായ, ഒരു കർമയുഗം തീർത്താണ് അദ്ദേഹം കടന്നുപോയത്.

ഏതാനും ദിവസങ്ങൾ ആശുപത്രിയിൽ കിടന്നപ്പോഴും മരണ ത്തോടദ്ദേഹം കലഹിക്കാൻ പോയില്ല. റൂഹ് വന്നു വിളിച്ചപ്പോൾ സാവ കാശം ഒപ്പംപോയി. കുല്ലുമൻ അലൈഹാ ഫാൻ, വയബ് കാ വജ്ഹു, റബ്ബിക്കദുൽ ജലാലി, വൽ ഇക്റാം (പ്രതാപശാലിയും ഉദാരമതിയുമായ സ്രഷ്ടാവിന്റെതല്ലാത്ത മറ്റെല്ലാം തന്നെനശിച്ചു പോകുന്നു.) ●

15-07-2015

കെ. അബൂബക്കർ
സലാൽ
ഗാന്ധിറോഡ്, കോഴിക്കോട്.



1 നൂറുവർഷങ്ങൾക്കു മുമ്പ്

കാലം ഒളിപ്പിച്ചുവെച്ചതിൽ നിന്നും ചിലത് പുറത്തെടുക്കുകയാണ്.

വിദേശാധിപത്യത്തിനു തുടക്കം കുറിച്ച് പോർച്ചുഗലിൽ നിന്നു വാസ്കോഡഗാമ കേരളതീരത്ത് കപ്പൽ ഇറങ്ങിയിട്ട് (1498) അഞ്ചു നൂറ്റാണ്ട്. ഇന്ത്യയിൽ ആദ്യത്തെ തീവണ്ടി ഓടിതുടങ്ങിയിട്ട് (1851) വർഷം163.

ഒരിക്കലും തകരില്ലെന്നു കരുതിയ ടൈറ്റാനിക്ക് എന്ന ബ്രിട്ടീഷ് കപ്പൽ 1500 പേരുമായി അത്ലാറ്റിക്ക് സമുദ്രത്തിൽ അപ്രത്യക്ഷമായിട്ട് (1912) നൂറ്റിരണ്ടുവർഷം.

1914 ഡിസംബർ20. കോഴിക്കോട് ഇടിയങ്ങര ബംഗാളവീട്ടിൽ ഇമ്പിച്ചിബിക്കു ഒരാൺകുഞ്ഞ് ജനിക്കുന്നു. പിതാവ് കുറ്റിച്ചിറ സൂപ്പിക്കാവീട്ടിൽ അബൂബക്കർ ഹാജി.
മാതാപിതാക്കൾ കുട്ടിക്കു പേരിട്ടുഅബ്ദുല്ലക്കോയ.

എറമാക്ക വീട്ടിൽ കുഞ്ഞഹമ്മദ് കുട്ടിയുടെ മകളായ ഇമ്പിച്ചിബി രണ്ടു ആൺകുട്ടികളെക്കൂടി പ്രസവിച്ചെങ്കിലും മൂത്ത മകൻ അബ്ദുല്ലക്കോയക്ക് പതിനാലു വയസ് തികയുന്നതോടെ സ്നേഹനിധിയായ ആ ഉമ്മ മരണപ്പെടുന്നു.

പിതൃഗൃഹമായ സൂപ്പിക്കാവീട്ടിൽ അമ്മായിമാരുടെ ലാളനയിൽ വളർന്ന അബ്ദുല്ലക്കോയ കുറ്റിച്ചിറ മദ്രസയിലും കോർട്ട് റോഡിലെ ഹിമായത്തുൽ സ്കൂളിലുമായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നു. പിന്നീട് ആലപ്പുഴയിൽ കയറുല്പന്നവ്യാപാരിയായ പിതാവിനൊപ്പം ചേക്കേറുന്നു. പിതാവ് അബൂബക്കർഹാജി ആലപ്പുഴയിൽ വിവാഹം കഴിച്ച വലിയവീട്ടിൽ ആയിശ എന്ന എളാമ്മയോടൊപ്പം പൈങ്ങാമഠം വീട്ടിൽ താമസം.

ഉപരിപഠനത്തിനായി കോഴിക്കോട് തളിയിലെ സാമൂതിരി കോളേജിലേക്ക്. (ഇന്ന് സാമൂതിരി ഹൈസ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിലുണ്ടായിരുന്ന ആ കലാലയം പിൽകാലത്ത് ഗുരുവായൂരപ്പൻ കോളേജ് എന്ന പേരിൽ അല്പം അകലെ പൊക്കുന്നിലേക്കു പറിച്ചുനട്ടു).

ഇൻർമീഡിയറ്റ് പാസായതോടെ അബ്ദുല്ലക്കോയ ചെന്നൈയിലേക്ക് പുറപ്പെട്ടു. അവിടെ മുഹമ്മദൻ കോളേജിൽ (ഇന്ന് ഗവ:ന്യൂ കോളേജ്) ഡിഗ്രി പഠനം. ഒപ്പം കോളേജിൽ സന്നദ്ധസേവാസംഘത്തിൽ സാമൂഹിക പ്രവർത്തനവും. ബിരുദമെടുക്കുംമുമ്പ് 23-ാം വയസ്സിൽ കല്യാണം. കോഴിക്കോട് കോർട്ട് റോഡിൽ വ്യാപാരം നടത്തിയിരുന്ന തലശ്ശേരിക്കാരാണ് വിവാഹാലോചനയുമായി എത്തിയത്.

മുംബൈയിൽ പോർട്ട് ഹജ്ജ് കമ്മിറ്റിയിൽ ആദ്യത്തെ ഇന്ത്യൻ എക്സിക്യൂട്ടീവ് ഓഫീസറായ തലശ്ശേരി ടി.സി. മായൻ ഹാജിയുടെ രണ്ടാമത്തെ മകൾ കരിയാടൻറവിട കുഞ്ഞാച്ചുവിനെ 1937ൽ വിവാഹം കഴിക്കുന്നു. തച്ചറക്കൽ കണ്ണോത്ത് ടി.സി. മായൻ ഹാജിക്ക് രണ്ടു പെൺമക്കൾ മാത്രമാണുണ്ടായിരുന്നത്. മൂത്തവളായ കുഞ്ഞിമ്മായയെ കണ്ണൂരിൽ ഹാർഡ്വേർ വ്യാപാരിയായ തായത്തെരു കുറുക്കാണ്ടി ഒ.അബ്ദുല്ലക്കുഞ്ഞി ആണ് വിവാഹം ചെയ്തത്. (മലയാള മനോരമ സീനീയർ അസിസ്റ്റന്റ് എഡിറ്ററും എഡിറ്റോറിയൽ ട്രയ്നിങ്ങ് ഡയറക്ടറുമായ കരിയാടൻ ഉബൈദുല്ല അടക്കം അവർക്ക് ആറു മക്കൾ.)

വിവാഹത്തെ തുടർന്നു അബ്ദുല്ലക്കോയഭാര്യാപിതാവിനോടൊപ്പം മുംബൈയിലേക്ക് പോകുന്നു. അവിടെ ബ്രിട്ടീഷ് ഉടമയിലുള്ള ടേണർ മോറിസൺ കമ്പനിയിൽ എക്സിക്യൂട്ടീവായി ഉദ്യോഗം. പിന്നാലെ മുഗൾ ലൈൻസ് ഷിപ്പിങ്ങ് കമ്പനിയിൽ. മുംബൈയിൽ മാപ്പിള ലീഗിന്റെ പ്രവർത്തനങ്ങളിലും വ്യാപൃതൻ. അൽപം രാഷ്ട്രീയവും തലക്കു പിടിച്ച യുവാവിനെ കോൺഗ്രസും ദേശീയ പ്രസ്ഥാനവും ആകർഷിച്ചിരുന്നു. ലോകമഹായുദ്ധം ബോംബ് വർഷവുമായി ബോംബെ പട്ടണത്തെയും ഞെട്ടിച്ചപ്പോൾ കുടുംബക്കാരുടെയും സുഹൃത്തുക്കളുടെയും നിർബന്ധത്തിൽ നാട്ടിലേക്കു മടക്കം.

പിതാവായ എസ്.വി അബൂബക്കർ ഹാജി1943 ൽ 73ാം വയസ്സിൽ കോഴിക്കോട് വെച്ച് മരിക്കുകയും ചെയ്തു.

1944ൽ കോഴിക്കോട്ടെത്തിയപ്പോൾ മുസ്ലീംലീഗിലായി കമ്പം. റെഡ്റോസ് എന്ന പേരിൽ ചെറുപ്പകാലത്ത് കുറ്റിച്ചിറയിൽ തുടങ്ങിവെച്ച ആദ്യകാല കളരി പുനരുജ്ജീവിപ്പിക്കാമോ എന്ന അന്വേഷണമായി.

കോഴിക്കോട്ട് അബ്ദുല്ലക്കോയ ലീഗ് രാഷ്ട്രീയത്തിൽ സജീവമായി. സമുദായ രംഗത്തും, വ്യാപാര രംഗത്തും, വിദ്യാഭ്യാസ രംഗത്തുമെന്നപോലെ രാഷ്ട്രീയരംഗത്തും നേതൃനിരയിലുണ്ടായിരുന്ന കെ.എം. കാതിരിക്കോയഹാജിയുടെ നായകത്വത്തിൽ രൂപവൽക്കരിക്കപ്പെട്ട ആദ്യത്തെ ലീഗ് കമ്മിറ്റിയിൽ അബ്ദുല്ലക്കോയ എന്ന ചെറുപ്പക്കാരൻ പ്രവർത്തിച്ചു തുടങ്ങി. വിദ്യാഭ്യാസകാലത്ത് സന്നദ്ധസംഘടനകളുമായി ബന്ധപ്പെട്ടിരുന്ന യുവാവ് ലീഗിന്റെ വോളന്റിയർ കോർ ആയ നാഷനൽ ഗാർഡിന്റെ ക്യാപ്റ്റനായി.

തന്റെ കത്തിന്റെ പശ്ചാത്തലത്തിൽ നാട്ടിൽ തിരിച്ചെത്തിയ പഴയകാല സുഹൃത്തായ അബ്ദുല്ലക്കോയയെ ധനാഢ്യനായ പി.പി. ഹസ്സൻകോയ താൻ തുടങ്ങിവെച്ച നെയ്ത്തുകമ്പനിയുടെ മാനേജരും പാർട്ട്ണറുമാക്കി.

പതിനഞ്ചു വർഷം പഴക്കമുള്ള സ്നേഹബന്ധം വീണ്ടും ഓർമകളുടെ തോളിൽ കയ്യിട്ടുനടന്നു. സിലോൺ ഹൗസ് ടെക്സ്റ്റയിൽസ് എന്ന പേരിൽ ഓയിറ്റിറോഡിൽ പ്രവർത്തിച്ചിരുന്ന കൈത്തറി ഫാക്ടറിയോടെപ്പം വിവിധഭാഷകളിൽ അച്ചടി നിർവഹിക്കാൻ പാകത്തിൽ സിലോൺ ഹൗസ് പ്രിന്റേഴ്സ് എന്ന അച്ചുകുടവും അബ്ദുല്ലക്കോയ അവിടെ തുടങ്ങിവെച്ചു.

അവിഭക്ത മദ്രാസ് നിയമസഭയിൽ ഇസ്മാഈൽ സാഹിബിനോടും സീതിസാഹിബിനോടും ഒപ്പം അംഗമായിരുന്ന ഹസ്സൻകോയ, 1948ലെ ഹൈദരാബാദ് ആക്ഷൻ കാലത്ത് ടൗൺ ലീഗ് കമ്മറ്റി സെക്രട്ടറി പദവിയും എം.എൽ.എ സ്ഥാനവും രാജിവെച്ചെങ്കിലും അബ്ദുല്ലക്കോയ സ്ഥാനമാനങ്ങൾ ഒന്നും കാംക്ഷിക്കാതെ പാർട്ടിയിൽ തന്നെ ഉറച്ചു നിന്നു. പിൽക്കാലത്ത് മലബാർ ജില്ലാലീഗ് കമ്മറ്റി ജോയിന്റ് സെക്രട്ടറിയായും കോഴിക്കോട് സിറ്റികമ്മറ്റിയുടെയും ജില്ലാകമ്മറ്റിയുടെയും പ്രസിഡന്റായും ഉയർന്ന അബ്ദുല്ലക്കോയ സംസ്ഥാന ലീഗ് സെക്രട്ടറി പദവും, വൈസ്പ്രസിഡന്റ് സ്ഥാനവും അലങ്കരിക്കുകയുണ്ടായി .

ഏറെക്കാലം അരാഷ്ട്രീയക്കാരനായി നിന്ന ഹസ്സൻകായ, ഒരു സുപ്രഭാതത്തിൽ കോൺഗ്രസ് വേദിയിൽ പ്രത്യക്ഷപ്പെട്ട്, ലീഗിനെതിരെ പ്രസംഗങ്ങളും പ്രസ്താവനകളും തുടങ്ങിയപ്പോൾ, ടൗൺ കമ്മിറ്റി പ്രസിഡന്റ് എന്ന നിലയിൽ അതിനു മറുപടി പറയാൻ ബി.വി. നിർബന്ധിതനായി.

കോഴിക്കോട് ടൗൺഹാളിൽ വാതിലടച്ചു നടന്ന ലീഗ് കൺവെൻഷനിൽ ബി.വി. ചെയ്ത പ്രസംഗം, പൊടിപ്പും തൊങ്ങലും വെച്ചു ഹസൻകോയയെ ചില ആശ്രിതവത്സലർ അറിയിച്ചു. മുൻപിൻ

നോക്കാതെ ഹസൻകോയ ബാല്യകാല സുഹൃത്തിനെ തന്റെ വ്യാപാര-വ്യവസായ ശൃംഖലയിൽ നിന്നും പുറംതള്ളി.

ഭാര്യയും, വിവിധ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന അഞ്ചുമക്കളും അടങ്ങുന്ന കുടുംബത്തെ പോറ്റാൻ, തനിക്കറിയാവുന്ന ഏക തൊഴിൽ മേഖലയായ കൈത്തറി വ്യവസായ രംഗത്ത് അബ്ദുല്ലക്കോയ മിനർവ ടെക്സ്റ്റൈൽസ് എന്ന നെയ്തു കമ്പനിയുമായി പിച്ചവെച്ചുകയറിയെങ്കിലും പരിമിതമായ സാമ്പത്തിക സ്രോതസ്സിൽ പിടിച്ചു നിൽക്കാനായില്ല.

ഒരു മുനിസിപ്പൽ കൗൺസിൽ അംഗത്വത്തിനു പോലും ശ്രമിക്കാതിരുന്ന അബ്ദുല്ലക്കോയ അങ്ങനെയാണ് 1967ൽ രാജ്യ സഭയിലേക്കു വന്ന ഒരൊഴിവിൽ ലീഗ് സ്ഥാനാർഥി ആകുന്നത്. 53ാം വയസ്സിലെ ആദ്യ തെരഞ്ഞെടുപ്പിൽ അന്നു അദ്ദേഹം എതിരില്ലാതെയാണ് തിരഞ്ഞെടുക്കപ്പെട്ടത്. പിന്നീട് നാലുതവണ കൂടി ബി.വി.കേരള നിയമസഭയിൽ നിന്ന് പാർലമെന്റിന്റെ ഉപരിസഭയിലെത്തി. 1997ൽ മുപ്പത് വർഷത്തെ പാർലമെന്റ് ജീവിതം അവസാനിപ്പിച്ച് ഡൽഹിയിലെ ബാബാ ഖരക്സിങ്ങ് മാർഗിലെ ഫ്ളാറ്റ് ഒഴിഞ്ഞിറങ്ങിയത്, അനാരോഗ്യം കാരണം ഇനിയും തനിക്ക് വയ്യ എന്നു പാർട്ടി നേതൃത്വത്തെ അറിയിച്ചുകൊണ്ടായിരുന്നു.

കോഴിക്കോടിന്റെ ആദ്യത്തെ മുസ്ലീം മേയർ പദവിയും ഒന്നിലേറെ തവണ കേരളത്തിൽ ഉപമുഖ്യമന്ത്രിപദവും പലഭാഗങ്ങളിൽ നിന്നും നിർബന്ധിക്കപ്പെട്ടപ്പോഴും അദ്ദേഹം ഒഴിഞ്ഞുമാറി. ഒരിക്കലും രാജാവാകാൻ നിൽക്കാതെ, രാജശിൽപിയായി തൃപ്തിപ്പെടാനാണ് അദ്ദേഹം താൽപര്യപ്പെട്ടത്.

മുസ്ലീം ലീഗിന്റെ റിലീഫ് പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിച്ചും, പാർട്ടിഫണ്ടിന്റെ കണക്കുകൾക്കു ആളും അർത്ഥവും നൽകിയും പതിറ്റാണ്ടുകൾ അദ്ദേഹം നേതൃനിരയിൽ തന്നെ നിന്നു. അപ്പോഴും അച്ചടക്കമുള്ള ഒരു പാർട്ടി ഭടനെന്ന നിലയിൽ എല്ലാവർക്കും ഒരു മാതൃകയായി അബ്ദുല്ലക്കോയ.

രാജ്യസഭയിലേക്കുള്ള തന്റെ സ്ഥാനാർത്ഥിത്വത്തിൽ പാർട്ടിയിൽ ആശയക്കുഴപ്പമുണ്ടാക്കാൻ ചില സഹപ്രവർത്തകർ ശ്രമിച്ചപ്പോഴും നേതൃത്വത്തിന്റെ തിരുവായ്ക്കു എതിർവായ് തുറക്കാൻ അദ്ദേഹം സന്നദ്ധനായില്ല. അനുസരിക്കുന്നവർക്കുമാത്രമേ മറ്റുള്ളവരോട് കല്പിക്കാനും അവകാശമുള്ളൂ എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. അതദ്ദേഹം തന്റെ ക്ഷുഭിതരായ അനുയായികളോട് തുറന്നു പറഞ്ഞ് അവരെ സാന്ത്വനിപ്പിക്കുകയും ചെയ്തു.

പ്രായാധിക്യവും അതോടനുബന്ധിച്ചുള്ള രോഗങ്ങളും ത

ളർത്തുന്നതുവരെയും പാർട്ടികാര്യങ്ങളിൽ ശക്തിയായി ഇടപെടാൻ അദ്ദേഹത്തിനു കഴിഞ്ഞു. പാർട്ടി സ്ഥാനാർത്ഥികളേയും മന്ത്രിമാരേയും മുതൽ പാർട്ടി പ്രസിഡന്റുമാരെപ്പോലും തീരുമാനിക്കുന്നതിലും പാർട്ടി ഉൾപ്പെട്ട മുന്നണിയുടെ നയരൂപവൽക്കരണത്തിലും അദ്ദേഹത്തിന്റെ ഉറച്ച ശബ്ദത്തിനു കാതോർക്കാൻ പ്രവർത്തകരും പുറത്തുള്ളവരും സന്നദ്ധമായിരുന്നു.

1998ജൂലൈ 15 നു 84ാം വയസ്സിൽ ജനസഹസ്രങ്ങളുടെ അന്തിമാഭിവാദ്യങ്ങൾ ഏറ്റുവാങ്ങി ജീവിതത്തോട് ബി.വി.അബ്ദുല്ലക്കോയ എന്നന്നേക്കുമായി വിടപറഞ്ഞു. സംശുദ്ധവും സുധീരവുമായ ഒരു ചരിത്രം ബാക്കിവെച്ചാണ് അദ്ദേഹം കടന്നുപോയത്.

ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. (നിശ്ചയമായും നാം അല്ലാഹുവിൽ നിന്നുള്ളവരാണ്. അവനിലേക്ക് തന്നെ മടങ്ങുന്നവരുമാണ്).



നേതൃനിരയിൽ - ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ്, ഇബ്രാഹീം സുലൈമാൻസേട്ട്, ബാഫഖി തങ്ങൾ എിവരോടൊപ്പം

2 സുകൃതങ്ങളായ പൈതൃകങ്ങൾ

വിശ്വമഹാകവി അല്ലാമാഇഖ്ബാൽ പാടി : ഹിജാസിൽ നിന്നുള്ള മന്ദമാരുതൻ വരട്ടെ വരാതിരിക്കട്ടെ, നമുക്ക് പോവാൻ സമയമായി.

ആർക്കുവേണ്ടിയും കാത്തുനിൽക്കാതെ, ചരിത്രം അതിന്റെ എടുകൾ മറിക്കുന്നു. അത് കണ്ടും കേട്ടും നീലാകാശം ഭൂമിയെ നോക്കി നെടുവീർപ്പിടുന്നു.

ചരിത്രത്തിന് അതോടൊപ്പം ചില ഓർമപ്പെടുത്തലുകളുമുണ്ട്. ഒമ്പതാം നൂറ്റാണ്ട് മുതൽ തന്നെ അറേബ്യൻ സഞ്ചാരികൾ വന്നെത്തിയ ഭൂപ്രദേശം ഇത് - മലബാർ.

ഈ ഭാഗത്തെ മുസ്‌ലിം ജനസംഖ്യ അന്നു തുലോം കുറവായിരുന്നെന്നു ആദ്യകാല സന്ദർശകരിൽപെട്ട സുലൈമാൻ, ക്രിസ്താബ്ദം 851ൽ എഴുതിയ സിൽസിലത്തൂൽ തവാരീഖ് എന്ന കൃതിയിൽ പറയുന്നു.

അതേസമയം, പത്താം നൂറ്റാണ്ടിൽ മെസോപൊട്ടാമിയയിൽ നിന്നു വന്ന മുഹമ്മദ് അബ്ദുൽ കാസിം ഇബ്നു ഹൗക്കൽ ധാരാളം മുസ്‌ലീംകൾ, പള്ളികളിൽ പ്രാർഥിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൊയിലാണ്ടിക്കടുത്ത പന്തലായിനിയിലെ കൊല്ലത്ത് നിന്നു കണ്ടെടുത്ത രേഖകളിലും ഇത് കാണാം.

കൊയിലാണ്ടി പാറപ്പള്ളി ശ്മശാനത്തിലും കണ്ണൂർ ജില്ലയിലെ മാടായിപ്പള്ളിയിലെ ശ്മശാനത്തിലും കണ്ട ശിലാഫലകങ്ങളിലെ ലിഖിതങ്ങൾ പതിമൂന്നാം നൂറ്റാണ്ടിൽ തന്നെ ഇസ്‌ലാംമതം മലബാറിലും വേരൂന്നിയതായി തെളിയിക്കുന്ന രേഖകളാണ്.

കോഴിക്കോട്ടെ ഏറ്റവും പുരാതനമായ മുസ്‌ലിം ദേവാലയം, പന്ത്രണ്ടാം നൂറ്റാണ്ടിൽ പണിത മുച്ചുന്തിപ്പള്ളിയായിരുന്നു. പള്ളിയും പ്രാർഥന നയിക്കുന്ന ഇമാമിനും ബാങ്ക് വിളിക്കുന്ന മുഅദ്ദിനും കൊച്ചുവീടുകളും പണിതത് ശിഹാബുദ്ദീൻ റയ്ഹാൻ എന്ന ഒരാളായിരുന്നുവത്രെ. പരപ്പിൽ മുഹിയുദ്ദീൻ പള്ളി 1551ലും ചാലിയം കണ്ണങ്കുളങ്ങര പള്ളി 1355 ലും കൊയിലാണ്ടിപള്ളി 1772 ലും പണികഴിപ്പിച്ചതാണ്.

കോഴിക്കോട് ബേപ്പൂരിലെ ജുമുഅത്ത് പള്ളിയും മലപ്പുറം

ജില്ലയിലെ പൊന്നാനി, താനൂർ എന്നിവിടങ്ങളിൽ ഉയർന്ന പ്രാർഥനാലയങ്ങളും, അന്നത്തെ ക്ഷേത്രഗോപുരങ്ങളെ അനുസ്മരിപ്പിക്കുന്ന ശില്പ മാതൃകകളിലായിരുന്നു. ക്ഷേത്രങ്ങൾ പള്ളികളാക്കി മാറ്റിയതാണെന്ന ചിലരുടെ പ്രസ്താവനകളെ ഡോ. എം.ജി.എസ്. നാരായണനെപ്പോലുള്ള പ്രശസ്ത ചരിത്രകാരന്മാർ തന്നെ നിരാകരിച്ചിട്ടുണ്ട്. അന്നു ആരാധനാലയങ്ങൾ പണിയാൻ നിയോഗിക്കപ്പെട്ടവർ, ഹിന്ദു ആശാരിമാരായതിനാൽ ആ സങ്കല്പങ്ങൾ അത്തരം രൂപം പ്രാപിച്ചതാണെന്നാണ് അവരുടെ നിഗമനം.

മിസ്കാൽ നഖൂദ എന്ന യെമനിൽ നിന്നുള്ള ഒരു അറബ് കപ്പലുടമ 1678ൽ സ്വന്തം ചിലവിൽ പണികഴിപ്പിച്ച കുറ്റിച്ചിറ മിസ്ക്കാൽ പള്ളി ഒരു ബഹുനില ദേവാലയമാണ്.

ഉത്തരേന്ത്യൻ പ്രാർഥനാലയങ്ങൾ പേർഷ്യൻ-തുർക്കി പാരമ്പര്യം പിന്തുടർന്നപ്പോൾ കേരളീയ വാസ്തു ശില്പരീതിയിലാണ് ഇവിടത്തെ പള്ളികൾ പണിതീർത്തത്. ഈ ദേവാലയങ്ങളിൽ നിന്നു കണ്ടെടുത്ത രേഖകൾ അറബി ലിപികളിലായിരുന്നു. ഉത്തരേന്ത്യൻ പള്ളികളിലാകട്ടെ അവ പ്രധാനമായും പേർഷ്യൻ ലിപികളിലും.

മലയാളനാട് ഭരിച്ചിരുന്ന രാമകുലശേഖര പെരുമാൾ ഇസ്ലാംമതം സ്വീകരിച്ച് ചേരമാൻ പെരുമാൾ എന്ന ഖ്യാതിയോടെ മക്കയിലേക്ക് പോകുകയും, അദ്ദേഹത്തിന്റെ കത്തുമായി മലബാറിലേക്കുവന്ന മാലിക് ഇബ്നുദീനാർ ഇവിടെ പത്തു മുസ്ലിം പള്ളികൾ സ്ഥാപിക്കുകയും ചെയ്തെന്നു ചരിത്ര രേഖകളുണ്ട്.

ഇബ്നു ബത്തൂത്ത (1342) കണ്ടെത്തിയ തീരത്ത്, മാഹുവാൻ (1403) അബ്ദുറസാക്ക് (1442) നിക്കോളോ കോൺടി (1444) അതാനാഷ്യസ് നികേതിൻ (1464) എന്നിവർക്കു ശേഷം വന്ന പോർച്ചുഗീസ് സഞ്ചാരി വാസ്കോഡഗാമയാണ് (1498) കോഴിക്കോടിനു ലോകപ്രശസ്തി നേടിക്കൊടുത്തതെന്ന കാര്യത്തിൽ സംശയമില്ല.

പന്ത്രണ്ടാം നൂറ്റാണ്ടിൽ കോഴിക്കോടിനെ ഒരു രാജ്യാന്തര തുറമുഖമാക്കി മാറ്റിയ സാമൂതിരി രാജാക്കന്മാർ, ക്ഷേത്രങ്ങൾ എന്നപോലെ പള്ളികളും പ്രജകൾക്കായി നിലനിർത്തേണ്ടതാണെന്ന വിശ്വാസക്കാരായിരുന്നു.

കുറ്റിച്ചിറയിൽ മുച്ചുന്തിപ്പള്ളിക്ക് സ്ഥലം അനുവദിച്ചത് സാമൂതിരി രാജാവായിരുന്നുവെന്നു പള്ളിയിലെ മിംബറിൽ കൊത്തിവച്ച അക്ഷരങ്ങളിൽ നിന്നു തന്നെ തെളിയുന്നു. വടകര- കോട്ടക്കൽ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന കുഞ്ഞാലി മരക്കാർമാരാകട്ടെ, ഒരു നൂറ്റാ

ണ്ടോളം കടലിൽ പോർച്ചുഗീസുകാർക്കെതിരെ സാമൂതിരിയുടെ കാവ ലാളുകളുമായിരുന്നു. ഈ പൈതൃകങ്ങളെ ചുറ്റിപ്പറ്റിയാണ് കോഴി ക്കോടിന്റെ സാമൂഹികരാഷ്ട്രീയ ചരിത്രവും കിടക്കുന്നത്.

റയിൽപാതയുടെ പടിഞ്ഞാറായി അറബിക്കടലിന്റെ സാഗ രസംഗീതം കേട്ടുറങ്ങുന്ന തെക്കേപ്പുറത്തേക്ക് നമുക്കു കടക്കാം.

കൂട്ടുകുടുംബങ്ങളിലൂടെ

കോഴിക്കോട് റയിൽപാതയുടെ പടിഞ്ഞാറ്, വടക്ക് കല്ലായി പ്പുഴയും തെക്ക് വലിയ തൊടിയും അതിർത്തി തിരിക്കുന്ന നഗര ത്തിന്റെ മൂന്നിലൊരുഭാഗം. പട്ടണത്തിലെ നാലുലക്ഷം ജനങ്ങളിൽ ഒരു ലക്ഷത്തിലേറെ പേർ അവിടെ ഇടതിങ്ങിതാമസിക്കുന്നു.

കുറ്റിച്ചിറ, തെക്കുംതല, ഇടിയങ്ങര, പരപ്പിൽ, മുഖദാർ, പള്ളി ക്കണ്ടി പ്രദേശങ്ങളിലെ കൂട്ടുകുടുംബങ്ങളാണവർ. ഒരേ വീട്ടിൽ തന്നെ അടുക്കളകൾ പലതുണ്ടെങ്കിലും, വഴക്കുകൾക്കും വക്കാണ ങ്ങൾക്കും ഒരു ദിവസത്തെ ആയുസ്സേ ഉണ്ടാവാറുള്ളു.

അക്കൂട്ടത്തിൽ തന്നെയാണ് ബി.വി.അബ്ദുല്ലക്കോയയുടെ ജന്മഗൃഹമായ ഇടിയങ്ങര ബംഗാള വീടും, പിതൃഗൃഹമായ കുറ്റി ച്ചിറ സൂപ്പിക്കാവീടും.പടിപ്പുരകളും പടാപ്പുറങ്ങളും ചേർന്ന കവാടം തീർക്കുന്ന തറവാടുവീടുകൾ ക്കെല്ലാം കഥകളേറെ പറയാനുണ്ട്.

ഒരേ തറവാട്ടിൽ തന്നെ വലിയ ഖാസിയുടെയും ചെറിയ ഖാസിയുടെയും ഭാഗക്കാർ. അവരെ മുട്ടുള്ളവരെന്നും മുട്ടില്ലാത്ത വരെന്നും വേർതിരിക്കുന്നു. വിവാഹവേളകളിൽ വരന്മാരെ സ്വീക രിക്കുന്ന ഒപ്പനപ്പാട്ടുകൾക്കു കൈമുട്ടിയും കൈമുട്ടാതെയും അക മ്പടി പോവുന്നതാണ് ഈ വ്യത്യാസം. അവർ വിവിധ രാഷ്ട്രീയാഭി പ്രായക്കാർ. മതനിഷ്ഠകളിൽ തന്നെ ഉല്പതീഷ്ണുക്കളും പുരോഗ മനവാദികളുമായവർ. ഒരേ വേദഗ്രന്ഥത്തിൽ വിശ്വസിക്കുന്നവർ. ഒരേഒരുദൈവത്തെആരാധിക്കുവർ. ഒരേഒരു ദിശയിലേക്ക് നോക്കി യിരുന്ന് ദിവസവും അഞ്ചുനേരം പ്രാർത്ഥിക്കുന്നവർ.

ആ കുടുംബങ്ങളൊക്കെയും പോറ്റുന്നത് നഗരത്തിൽതന്നെ ഭേദപ്പെട്ട നിലയിൽ കച്ചവടവും, ചെറിയ നിലയിൽ വ്യവസായവും നടത്തിവരുന്ന പുരുഷ പ്രജകൾ. അരി, കൊപ്ര, കുരുമുളക്, ചുക്ക്, കയർ, മരത്തടികൾ എന്നിവയാണ് പ്രധാന വ്യാപാരങ്ങൾ. സ്റ്റേഷന റിയും, പച്ചക്കറി, മത്സ്യം, മാംസം, ബേക്കറി, ഹൽവാ കച്ചവട ങ്ങളുംഇടക്കും തലക്കും. സ്ത്രീജനങ്ങൾക്ക് വിധിക്കപ്പെട്ടത് അടു ക്കളകൾ കേന്ദ്രീകരിച്ചുള്ള ഗൃഹഭരണം.

രണ്ടു വലിയ പള്ളികളും അവർക്കു അച്ചുതണ്ടായി പ്രവർത്തിക്കുന്ന കുറ്റിച്ചിറ എന്ന കുളവും ചുറ്റിപ്പറ്റിയാണ്, തെക്കേപ്പുറത്തെ സംസ്കൃതിയുടെ വളർച്ച.

അറബിക്കടലിനു കാൽകിലോമീറ്റർ കിഴക്കുമാറി, വർഷങ്ങളായി തല ഉയ ർത്തി നിൽക്കുന്ന കുറ്റിച്ചിറ മിസ്ക്കാൽ പള്ളി, നഗരത്തിലെ ഏറ്റവും ഉയർന്ന ആരാധാനലയങ്ങളിലൊന്നാണ്. ചുറ്റുഭാഗവും ഇരട്ടച്ചുമരുകളും നാലുഭാഗത്തും റോഡിലേക്ക് തുറക്കുന്ന പതിനെട്ടു വാതിലുകളും ഉള്ള ഈ ദേവാലയം, അറബി വർത്തക പ്രമാണിയായ മിസ്കാൽ നഖുദാ എന്ന ധനാഢ്യന്റെ ശ്രമത്തിലാണുയർന്നെതെന്ന് ചരിത്രം പറയുന്നു. പൂർവികരുടെ തച്ചുശാസ്ത്ര മികവാകെ തെളിയിക്കുന്ന തരത്തിൽ മുന്തിയതരം മരത്തടികളിൽ പണിതീർത്ത ആ പള്ളിക്കുനേരെ 1515 ൽ പോർച്ചുഗീസുകാരുടെ ആക്രമണമുണ്ടായതും പ്രസംഗവേദി (മിംബർ) അടക്കം പലഭാഗങ്ങളും കത്തിപ്പോയതും പുനർ നിർമിക്കാൻ സാമൂതിരി രാജാവ് സഹായം നൽകിയതും ചരിത്രത്തിന്റെ ഏടുകളിൽ നിന്നു വായിച്ചെടുക്കാം

കോഴിക്കോട് ആദ്യമായി വെള്ളിയാഴ്ചകളിലെ ജുമുഅ എന്ന സമൂഹപ്രാർത്ഥന നടത്തിവന്ന വിശാലമായ കുറ്റിച്ചിറ ജുമാഅത്ത് പള്ളി വലിയ ഖാസി വിഭാഗത്തിന്റെ കീഴിലാണ്. മിസ്കാൽ പള്ളി പരിസരത്ത് ഉപയോഗശൂന്യമായി കിടന്നിരുന്ന ഒരു കൂറ്റൻ കല്ല് അപ്രത്യക്ഷമായതിനെ തുടർന്ന്, രണ്ടു പള്ളിക്കാരും കേസും കൂട്ടവുമായി പോയതും, അതിന്റെ പശ്ചാത്തലത്തിൽ കൈമുട്ടിപ്പാട്ട് സംഘം ജനിച്ചതും മുട്ടുള്ളവരെന്നും ഇല്ലാത്തവരെന്നുമുള്ള രണ്ടു ഭാഗക്കാരെ സൃഷ്ടിക്കുകയായിരുന്നു. അങ്ങിനെയാണ് രണ്ടു ഖാസിമാരും രണ്ടു ജുമുഅയും കോഴിക്കോട് അരങ്ങേറിയത്.

ഇടിയങ്ങരയിലെ ബംഗാള വീട്ടിൽനിന്നു മൂന്നു കിലോമീറ്റർ വടക്കോട്ട് നടന്നാൽ കൊപ്രബസാർ ചുറ്റുമതിൽ തീർക്കുന്ന മേക്കര. അവിടെ പള്ളിക്കു സമീപത്തായും പീടികമുറികൾക്കു മുകളിലുമായി നഗരത്തിലെ ഏറ്റവും പഴക്കം ചെന്ന മുസ്ലിം മാനേജ്മെന്റ് സ്കൂൾ. ഹിമായത്തുൽ ഇസ്ലാംസ്കൂൾ. ഇന്നതിനു നൂറിലേറെ വർഷത്തെ കഥപറയാനുണ്ട്.

ബംഗാളവീട്ടിൽ നിന്നൊരു കൊച്ചുകുട്ടി ഈ സ്കൂളിലേക്കു നടന്നെത്തുന്നു. വെള്ളക്കാർ ഇന്ത്യവിടുക എന്ന മുദ്രാവാക്യവുമായി ചൂടപിടിച്ചുവന്നിരുന്ന ദേശീയപ്രസ്ഥാനം ആ കുരുന്നു ബാലനെ ആകർഷിച്ചു. മൂവർണ്ണക്കൊടിയുമായി കോൺഗ്രസ് എന്ന രാഷ്ട്രീയ കക്ഷി നിസ്സഹകരണ പ്രസ്ഥാനം തുടങ്ങിയപ്പോൾ ആ രാഷ്ട്രീയം

ആ സ്കൂൾ വിദ്യാർഥിയേയും ഹരം കൊള്ളിച്ചു.

മുസ്ലിംകളാദി ന്യൂനപക്ഷങ്ങൾക്കും സാമൂഹികമായി പിന്നിൽ നിൽക്കുന്ന അധഃകൃത വിഭാഗങ്ങൾക്കും ബ്രാഹ്മണ മേധാവിത്വമുള്ള കോൺഗ്രസ്സിൽ മതിയായ പരിഗണന ലഭിക്കുന്നില്ലെന്ന കണ്ടപ്പോൾ, കോൺഗ്രസിലെ പല പ്രമുഖ മുസ്ലിം നേതാക്കളും ആ പാർട്ടിയിൽ നിന്നകലം പാലിച്ചു. മുസ്ലിം ലീഗാണ് സുരക്ഷാ കവചമെന്നു മനസ്സിലാക്കി, ഉത്തരേന്ത്യയിൽ പച്ചക്കൊടി ഉയർന്നു. മലയാളക്കരയിൽ മലബാറിലും അതിന്റെ സന്ദേശമെത്തി.

ഹാജി അബ്ദുസത്താർസേട്ടുവും കെ.എം സീതിസാഹിബും ഒക്കെ നേതൃത്വം നൽകിയ ലീഗിനു 1937ൽ കോഴിക്കോടും ശാഖ പിറക്കുന്നു. കല്ലായിയിൽ എം.വി. ഹൈദ്രോസ് വക്കീലിന്റെ വീട്ടിൽ യോഗം ചേർന്ന അനുഭാവികൾ പാർട്ടിക്കു ടൗണിൽ ശാഖ രൂപ വൽക്കരിച്ചു. വിദ്യാഭ്യാസ രംഗത്തും വാണിജ്യ രംഗത്തും പ്രമുഖ സ്ഥാനത്തുണ്ടായിരുന്ന കോട്ടപ്പറമ്പ് മാളിയേക്കൽ കാദിരിക്കോയ ഹാജി പ്രസിഡന്റ്. യോഗത്തിന്റെ മുഖ്യസംഘാടകരിൽ ഒരാളായ അഡ്വ. എം.വി. ഹൈദ്രോസ് സെക്രട്ടറി. ഏതാനും മാസങ്ങൾക്കു മുമ്പ് തലശ്ശേരിയിൽ അറക്കൽ അബ്ദു റഹിമാൻ ആലി രാജ പ്രസിഡന്റും സത്താർസേട്ട് സെക്രട്ടറിയും സീതിസാഹിബ് ജോയൻ സെക്രട്ടറിയും സി.പി. മമ്മുക്കേയി ട്രഷററുമായി രൂപവൽക്കരിക്കപ്പെട്ട മലബാർ കമ്മിറ്റിയിൽ അഫിലിയേറ്റ് ചെയ്ത കോഴിക്കോട് ശാഖയിൽ ബി.വി. അബ്ദുല്ലക്കോയ എന്ന കുട്ടിക്കും അംഗത്വം ലഭിച്ചു. വിദ്യാർഥി അപ്പോഴേക്കും തളിയിലെ സാമൂതിരി കോളേജിൽ എത്തിയിരുന്നു.

ആ ജീവിത യാത്രയെ ഇങ്ങനെ നമുക്കു പൂരിപ്പിക്കാം പിന്നീടദ്ദേഹം ടൗൺലീഗ് കമ്മിറ്റി ഭാരവാഹിയായി. ജില്ലാ പ്രസിഡന്റായി, സ്റ്റേറ്റ് ജനറൽ സെക്രട്ടറിയായി, സ്റ്റേറ്റ് വൈസ് പ്രസിഡന്റായി, മുപ്പതുകൊല്ലം പാർലിമെന്റിൽ അംഗവുമായി.

കഥാപുരുഷനായ അബ്ദുല്ലക്കോയ തമാശയായി പറയാറുണ്ട് ഞങ്ങളൊക്കെ ഇടിയങ്ങര ബംഗാള വീട്ടിലാണ് ജനിക്കുകയും കുറ്റിച്ചിറ സൂപ്പിക്കാവീട്ടിലാണ് വളരുകയും ചെയ്തതെങ്കിലും അന്തിമമായി സ്വർഗം തേടിപ്പോവുക പള്ളിക്കണ്ടിയിലെ പ്രവിശാലമായ കണ്ണംപറമ്പ് വഴിയാണ്.

കുറ്റിച്ചിറയിൽ നിന്നും മൂന്നു കിലോമീറ്റർ മാറി തെക്ക് പടിഞ്ഞാറ് മുഖദാർ കോതി പ്രദേശങ്ങൾക്കിടയിൽ പരന്നു കിടക്കുന്ന ഈ ശ്മശാനം ഇന്ത്യയിലെതന്നെ ഏറ്റവും വലിയ ഖബറിടങ്ങളിലൊന്നാണ്.

1998ൽ അബ്ദുല്ലക്കോയക്കും 2006ൽ സഹധർമിണി കുഞ്ഞാച്ചുമ്മക്കും എന്നപോലെ, വർഷങ്ങൾക്കു മുമ്പ് 1990ൽ, അവരുടെ ഏകമകൾനഫീസക്കും അന്ത്യവിശ്രമസ്ഥാനം ഒരുക്കിയ ഈ ശ്മശാനം, ഖാൻ ബഹദൂർ അറയ്ക്കൽ കോയട്ടി ഹാജി (1830–1900) എന്ന മഹാൻ ഒരു നൂറ്റാണ്ട് മുമ്പ് സ്ഥാപിച്ചതാണ്.

അതേവരെയും വിവിധ പള്ളി അങ്കണങ്ങളിലായിരുന്നു മയ്യിത്തുകൾ കബറടക്കിയിരുന്നത്. കോളറ എന്ന നടപ്പുദീനം വ്യാപകമാവുകയും, ഏറിവന്ന മൃതദേഹങ്ങൾ ജനവാസം ഏറെയുള്ള പള്ളികളുടെ പറമ്പിൽ അടക്കം ചെയ്യുന്നത് ആരോഗ്യ പ്രശ്നങ്ങൾ ഉയർത്തുമെന്നു പരാതികൾ ഉയരുകയും ചെയ്ത പശ്ചാത്തലത്തിലായിരുന്നു ഈ നീക്കം.

മലബാർ കലക്ടർ വിളിച്ചുകൂട്ടിയ പൗരപ്രമുഖന്മാരുടെ യോഗം ഒരു പൊതുശ്മശാനമെന്ന ആശയത്തെ സർവസമ്മതമായി അംഗീകരിച്ചു.

അതിന്നിടയിലാണ് ഒരു രാത്രിയിൽ കുതിരവണ്ടിയിൽ കയറി വീട്ടിലേക്കു വരികയായിരുന്ന കോയട്ടിഹാജി, നിലാവെളിച്ചത്തിൽ ഒരു മൃതദേഹവുമായി ഏതാനും പേർ വിഷമിച്ചു നിൽക്കുന്നത് കണ്ടത്.

അന്വേഷിച്ചപ്പോൾ മാരകരോഗം പിടിപെട്ട് സർക്കാർ ആശുപത്രിയിൽ മരണപ്പെട്ട ഒരാളുടെ മയ്യിത്താണതെന്നറിഞ്ഞു. അനാഥ മയ്യിത്ത് ആയതിനാൽ പള്ളിപ്പറമ്പിലൊന്നും ഖബറടക്കാൻ സ്ഥലം കിട്ടിയില്ല.

മനസ്സിനെ ഏറെ വേദനിപ്പിച്ച ഈ സംഭവത്തെ തുടർന്നു, അറബിക്കടലിനു സമീപത്തായി കണ്ണംപറമ്പിൽ തന്റെ അധീനതയിലുണ്ടായിരുന്ന സ്ഥലം പൊതുഖബർ ആവശ്യത്തിനായി കോയട്ടി ഹാജി വഖഫ് ചെയ്തു നൽകി.

പള്ളിപ്പറമ്പിൽ തന്നെയാവണം എല്ലാ മയ്യിത്തുകളും സംസ്കരിക്കേണ്ടതെന്നു വാശിപിടിച്ചു വലിയ ഒരു വിഭാഗം ഇതിനെ എതിർത്തെങ്കിലും, കണ്ണംപറമ്പ് മുസ്ലീംകളുടെ പൊതു ശ്മശാനമായി അംഗീകരിച്ച് സർക്കാർ ഉത്തരവിറക്കി.

ഇതിനിടയിൽ കോയട്ടി ഹാജി എഴുപതാം വയസ്സിൽ മരണപ്പെട്ടു. കുറ്റിച്ചിറ ജിഫ്രി ഹൗസ് അങ്കണത്തിൽ നേരത്തെ തന്നെ സ്വന്തം ഖബറിടത്തിനു സ്ഥലം ഒരുക്കിവെച്ചിരുന്നെങ്കിലും, അദ്ദേഹം ദാനം ചെയ്ത കണ്ണംപറമ്പ് ശ്മശാനത്തിൽ തന്നെ 1900 ജൂൺ 29ന് അദ്ദേഹത്തെ മറമാടി. ബംഗാളവീട്ടിൽ കോയട്ടിഹാജിയുടെ പൗത്രനും തോപ്പിലകത്ത് മാമുക്കോയ ഹാജിയുടെ മകനുമായി പുതിയങ്ങാടി

യിൽ ജനിച്ച കോയട്ടി ഹാജി ഖാൻ ബഹദൂർ പദവി നേടിയ ശേഷ മാണ് അന്ത്യശ്വാസം വലിച്ചത്.

തെക്കേപ്പുറം എന്ന മറുപുറം

ചരിത്രം ഉറങ്ങിക്കിടക്കുന്ന വിശാലമായ രണ്ടു ജുമാഅത്ത് പള്ളികൾ, അവയുടെ പ്രതിബിംബങ്ങൾ ഏറ്റുവാങ്ങി ഓർമകൾ അയ വിറക്കുന്ന കുറ്റിച്ചിറഎന്നകുളം. തെക്കേപ്പുറം എന്ന സാംസ്കാരിക പൈതൃകത്തിന്റെ ഉണർത്തുപാട്ടുകളാണ് അവ ഇന്നും. അവക്ക രികെ ഒരു കിലോമീറ്റർ അകലം പാലിച്ചു നിൽക്കുമ്പോഴും, സ്നേഹ ത്തിന്റെയും സൗഹൃദത്തിന്റെയും നിർച്ചാലുകൾ വറ്റാതെകൊണ്ടു നടക്കുന്ന രണ്ടു തറവാടുകൾ. ഒന്നിനെ ബംഗാളവീടെന്നും മറ്റൊന്നിനെ സൂപ്പിക്കാവീടെന്നും നാം അറിയുന്നു ; അവയുടെ ചരിത്ര പശ്ചാത്തലത്തെക്കുറിച്ചുള്ളഅന്വേഷണങ്ങൾഎവിടെയും എത്തിയിട്ടില്ലെങ്കിലും.

ബഹുഭാര്യത്വവും മരുമക്കത്തായവും വ്യാപാര സംബന്ധ മായ കയറ്റിറക്കങ്ങളും കൊണ്ട് സങ്കീർണവും സമൃദ്ധവുമായ കോഴി ക്കോട്ടെ മാപ്പിള സമുദായത്തിന്റെ വേരുകൾ തേടിപ്പോവുന്നിടത്ത് ബി.വി. ഹൗസും എസ്.വി. ഹൗസും ഒരുമ്മപെറ്റ മക്കളാണെന്നു തോന്നുന്നു.

സ്നേഹബന്ധം വിവാഹ ബന്ധങ്ങൾവഴിയും അരക്കിട്ടുറപ്പിച്ച കഥകൾ ഏറെ പറയാനുണ്ട്, ഇരു തറവാടുകൾക്കും. അവിടങ്ങ ളിലെ പടിപ്പുരകളും പടാപ്പുറങ്ങളും കാലയവനികക്കുള്ളിൽ മറഞ്ഞു പോയിക്കൊണ്ടിരിക്കുമ്പോഴും, ആ മേൽപുരകൾക്കു ചുവട്ടിൽ വളർന്നു പന്തലിച്ച സഹോദര്യബന്ധത്തിന്റെ ഊഷ്മളതയ്ക്കു ഇന്നും കുറവൊന്നുമില്ല.

ഇരു വീടുകളിലും പലഭാഗത്തായി കുളിമുറികൾ പലതും പുതുതായി ഉയർന്നപ്പോഴും, ഒരേ അടുക്കളയിൽ വിവിധ വശങ്ങളി ലായി അടുപ്പുകൾ കൂട്ടി ഭക്ഷണം വയ്ക്കുകയും വിളമ്പുകയും ചെയ്യുമ്പോഴും സൗഹൃദം പങ്കിട്ടവർ. കല്യാണങ്ങൾക്കു ശേഷവും സ്വന്തം വീട്ടിൽ മാതാപിതാക്കളോടൊപ്പം കഴിയാനും, അമ്മായിഅമ്മപ്പോരിന്റെ പറഞ്ഞുകേട്ട ദുരിതങ്ങൾ ഒന്നും അനുഭ വിക്കാതെ ജീവിതം ആസ്വദിക്കാനും, ഭാഗ്യം കിട്ടിയവർ. ഇടക്കു ചില അസ്വാരസ്യങ്ങൾ പൊട്ടിപ്പുറപ്പെടാതില്ല. അപ്പോഴും മുതിർന്ന വരുടെ വാക്കുകൾക്ക് വഴങ്ങി ഒത്തു തീർപ്പിന്റെ മരുപ്പച്ചകൾ കണ്ടെ ത്തിയ ഉമ്മമാരും മക്കളും.

വിവിധ നിറങ്ങളെ താലോലിക്കുന്ന കക്ഷിരാഷ്ട്രീയവും, ചെറുതെന്നും വലുതെന്നും അറിയപ്പെട്ട രണ്ടു ഖാസിമാരുടെ കീഴിൽ, മുട്ടുള്ളവരെന്നും മുട്ടില്ലാത്തവരുമെന്ന വിഭാഗീയതയും, മതരംഗത്ത് തന്നെ സുന്നി , മുജാഹിദ് ആശയങ്ങളിലൂന്നി നിന്ന വാക്പയറ്റുകളും ഒക്കെ മുറപോലെ നടന്നപ്പോഴും, വിവാഹച്ചടങ്ങുകളും മരണാനന്തര ശുശ്രൂഷകളും ഒക്കെ യോജിച്ചു പോയകാലം.

അന്വേഷണം പട്ടണത്തിലെ അറിയപ്പെടുന്ന വ്യാപാരിയായ വലിയ വീട്ടിൽ മമ്മത് കോയയിൽ ചെന്നെത്തുന്നു. അദ്ദേഹം സൂപ്പിക്കാവീട്ടിൽ കല്യാണം കഴിച്ചതിലെ നാലു മക്കളാണ് എസ്.വി. അബൂബക്കർ ഹാജി എന്ന വലിയകാക്കയും, എസ്.വി. കാതിരിക്കോയ എന്ന ചെറിയകാക്കയും, എസ്.വി. ഉസ്മാൻകോയ, എസ്.വി. കുഞ്ഞിബി എന്നിവരും. കടാക്കലകത്ത് കല്യാണം കഴിച്ച ഉസ്മാൻകോയ നേരത്തെ മരണപ്പെട്ടു.

കൊച്ചി കേന്ദ്രമായി വ്യാപാരം നടത്തിയിരുന്നത്കൊണ്ട് കൊച്ചി പാപ്പ എന്നും അറിയപ്പെട്ടിരുന്ന കാതിരിക്കോയ ഹാജിയുടെ മക്കളാണ്, പുതിയ കാമാക്കന്റകത്ത് മമ്മത് ഹാജി (ടിംബർ വ്യാപാരി) പി.കെ. മാമുക്കോയ(റിട്ട. സ്റ്റേറ്റ് അഗ്രികൾച്ചറൽ ഡയറക്ടർ) പി.കെ. ഇമ്പിച്ചിപാത്തുമ്മബി, പി.കെ. ആയിശബി, തോപ്പിലകം സി.ടി. ഉസ്മാൻ കോയ എന്നിവർ.

കുഞ്ഞിബിയെ വിവാഹം കഴിച്ചത് പുതിയ നാലകത്ത് മാമുക്കോയയാണ്. അതിലുള്ള മകനാണ് ഷാ എന്ന പേരിൽ അറിയപ്പെട്ടിരുന്ന മലഞ്ചരക്ക് വ്യാപാരി എസ്.വി.. ആലിക്കോയ ഹാജി.

കോഴിക്കോട്ടും ആലപ്പുഴയിലും കയറുല്പന്ന വ്യാപാരിയായിരുന്ന സൂപ്പിക്കാവീട്ടിൽ അബൂബക്കർ ഹാജി, ബംഗാള വീട്ടിൽ ഇമ്പിച്ചിബിയെ ആണ് ആദ്യം വിവാഹം ചെയ്തത്. എറമാക്കവീട്ടിൽ കുഞ്ഞഹമ്മദ് കുട്ടിയുടെ മകളെ. അതിലെ മക്കളായിരുന്നു,കഥാപുരുഷനായ ബി.വി. അബ്ദുല്ലക്കോയയും, ആലപ്പുഴയിൽ കയർ വ്യാപാരി ആയിരുന്ന ബി. വി. മുഹമ്മദ് കോയ, 1917-1999കോഴിക്കോട് ഗണ്ണി സ്ട്രീറ്റിൽ കച്ചവടം ചെ.യ്തിരുന്ന ബി.വി.കാതിരിക്കോയ 1921-2009 എന്നിവരും.

ആദ്യഭാര്യയെ നേരത്തെ നഷ്ടപ്പെട്ട അബൂബക്കർ ഹാജി ആലപ്പുഴയിൽ വ്യാപാരാവശ്യാർത്ഥം നീങ്ങിയപ്പോൾ അവിടെ പൈങ്ങാമഠം താഴകത്ത് വലിയവീട്ടിൽ ആയിശയെ വിവാഹം ചെയ്തെങ്കിലും കുട്ടികളില്ല.

കോഴിക്കോട്ട് മുച്ചുന്തിയകത്ത് ഇമ്പിച്ചാമിനബിയെ വിവാഹം ചെയ്തതിലെ ഏകപുത്രി ആയിശബിയെ തൃശ്ശിനാപ്പള്ളിയിൽ ടിംബർ

വ്യാപാരിയായി കുഞ്ഞായി (കോയസൻകോയ വീട്ടിൽ കുഞ്ഞഹ മ്മദ്കോയ) വിവാഹം കഴിച്ചു.

ഇടിയാണം വീട്ടിൽ ബീബിയെയും, അബൂബക്കർ ഹാജി വിവാഹം ചെയ്യുകയുണ്ടായി. ആ മകനിട്ട പേരും അബൂബക്കർകോയ എന്നായിരുന്നു. അക്കു എന്നറിയപ്പെടുന്ന ഇ.വി.അബൂബക്കർ കോയ, പതിനഞ്ചു വർഷത്തോളം ബി.വി.യോടൊപ്പം സിലോൺ ഹൗസ് ടെക്സ്റ്റയിൽസിലും മിനർവാ ടെക്സ്റ്റയിൽസിലും, സ്റ്റാഫംഗമായി ജോലി ചെയ്ത ശേഷം, ഏതാനും കാലം മസ്കത്തിൽ സേവനമനു ഷ്ഠിച്ച്, ഇപ്പോൾ തിരിച്ചുവന്നു കോഴിക്കോട്ട് കഴിയുന്നു.

കഥാപുരുഷനായ ബി.വി. അബ്ദുല്ലക്കോയ മുംബെയിൽ പോർട്ട്ഹജ്ജ് കമ്മിറ്റി എക്സിക്യൂട്ടീവ് ഓഫീസർ ആയിരുന്ന തല ശ്ശേരിക്കാരൻ ടി.സി. മായൻ ഹാജിയുടെ മകൾ കുഞ്ഞാച്ചുമ്മയെ 1937ൽ വിവാഹം ചെയ്തു. അബ്ദുല്ലക്കോയയുടെ മക്കൾ 1) കെ. അബൂബക്കർ (മുൻ റസിഡന്റ് എഡിറ്റർ, മലയാള മനോരമ), 2) കേണൽ കരിയാടൻ മായൻ (റിട്ട: അസിസ്റ്റന്റ് ഡയറക്ടർ, നാഷ ണൽ പോലീസ് അക്കാദമി, ഹൈദരാബാദ്), 3) കെ.ഖാലിദ് (റിട്ട: മിനർവാ ടെക്സ്റ്റയിൽസ്, കോഴിക്കോട്), 4) കെ.എ. റഷീദ് (റിട്ട: വിജയാബാങ്ക്, കോഴിക്കോട്). ഒരു മകളുണ്ടായിരുന്നത് 42-ാം വയ സിൽ നേരത്തെ മരണപ്പെട്ടു.

അർബുദരോഗത്തിനടിപ്പെട്ട് 1990ൽ ദിവംഗതയായ ഏക മകൾ കരിയാടൻ നഫീസയെ വിവാഹം ചെയ്തത് സൂപ്പിക്കാവീ ട്ടിൽ ആലിക്കോയ ഹാജിയുടെ മകൻ എഞ്ചിനീയർ പി.എസ്. അബ്ദുല്ലക്കോയ ആണ്. റിട്ട. ജനറൽ മാനേജർ, പീ.കെ. സ്റ്റീൽസ് , കോഴിക്കോട്. മൂന്നാലിങ്കൽ ജയന്തി നഗർ ഹൗസിങ്ങ് കോളനി യിൽ താമസം. ഇദ്ദേഹം നേരത്തെ കാലിക്കറ്റ് സർവകലാശാലയിലും തുടർന്നു അബുദാബി നാഷണൽ ഓയിൽ കമ്പനിയിലും എഞ്ചിനീ യറായിരുന്നു. കോഴിക്കോട്ട് റോട്ടറി ഡിസ്ട്രിക്ട് അസിസ്റ്റന്റ് ഗവർണറായി പൊതുരംഗത്തും പ്രവർത്തിച്ചു.

ഇവർക്കു നഈം അബ്ദുല്ല (കിച്ചൻ ക്രാഫ്റ്റ്, ദുബായ്) നൗഷർ അബ്ദുല്ല (ഗൾഫാർ കമ്പനി മസ്കത്ത്) എന്നീ പുത്രന്മാരും, ഒമാൻ റേഡിയോയിൽ എക്സിക്യൂട്ടീവായിരുന്ന നിഷാം റഈസ് എന്ന മകളുമാണ് ഉള്ളത്. കേരള സ്കൂൾ യൂത്ത് ഫെസ്റ്റിവലിൽ ഇംഗ്ലീഷ് പ്രസംഗത്തിനു സ്റ്റേറ്റിൽ ഒന്നാം സ്ഥാനം നേടിയ നിഷാം, കോഴിക്കോട് സെന്റ് ജോസഫ്സ് ആംഗ്ലോ ഇന്ത്യൻ സ്കൂളിൽ സ്കൂൾ ലീഡറായിരുന്നു. നിഷാം മുൻ കേന്ദ്രമന്ത്രി ഇ. അഹമദ് സാഹിബിന്റെ മകൻ അഹമദ് റഈസിന്റെ (ജനറൽ മാനേജർ, ഗൾഫാർ കമ്പനി, മസ്ക്കത്ത്) ഭാര്യയാണ്.

അബ്ദുല്ലക്കോയയുടെ മൂത്തമകനായ ഗ്രന്ഥ കർത്താവ് കെ. അബൂബക്കർ (സലാൽ, ഗാന്ധിറോഡ്, വെള്ളയിൽ, കോഴിക്കോട്) ലണ്ടനിൽ തോംസൺ ഫൗണ്ടേഷനിൽ ജർണലിസം പഠിച്ച, 46 വർഷത്തെ സേവനത്തിന്ശേഷം മലയാള മനോരമ റസിഡന്റ് എഡിറ്ററായി 2012ൽ റിട്ടയർ ചെയ്ത്, കോഴിക്കോട്ട് വിശ്രമജീവിതം നയിക്കുന്നു. കടാക്കലകത്ത് സക്കീനയാണ് (കുഞ്ഞ) ഭാര്യ. നാലുമക്കൾ – അബ്ദുല്ല ആലം, അൽതാഫ് അഹമദ്, സബൂറാ നാസർ (സൗദി അറേബ്യയിൽ റിയാദിലെ ഇന്ത്യൻ ഇന്റർനാഷണൽ സ്കൂൾ ഓഫീസ് സ്റ്റാഫ്) ഭർത്താവ്: കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ ചെയർമാനായിരുന്ന മുസ്ലീംലീഗ് മുൻ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ടി.എം. സാവാൻ കുട്ടിയുടെ മകൻ സി.പി. മുഹമ്മദ് നസിർ (ഷേക്ക് മുഹമ്മദ് അൽദ്റീസ് കമ്പനി, റിയാദ്) ലായിഖ് അലി (സർവീസസ് ഡയറക്ടർ, ഓറിഗാമി കോൺസെപ്റ്റ്സ്, ബാംഗ്ലൂർ)

1965ൽ പാക്കിസ്ഥാനും ചൈനയ്ക്കുമെതിരായ യുദ്ധത്തിൽ പങ്കെടുത്ത കേണൽ മായനാണ് രണ്ടാമത്തെ പുത്രൻ. ഐ.പി.എസ്. ഓഫീസർമാർക്കു പരിശീലനം നൽകുന്ന ഹൈദരാബാദിലെ നാഷണൽ പോലീസ് അക്കാദമിയിൽ അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ഇദ്ദേഹം, തുടർന്നു ഇരുപത് വർഷത്തോളം അബുദാബി നാഷണൽഓയിൽ കമ്പനിയിൽ സേവനമനഷ്ടിച്ചശേഷം, കോഴിക്കോട്ടെ മിംസ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ തുടക്കകാലത്ത് ആറു വർഷത്തോളം ജനറൽ മാനേജരായിരുന്നു. കോഴിക്കോട് വിദ്യാകേന്ദ്രയിൽ സ്ഥാപക പ്രിൻസിപ്പലായിരുന്ന മെഹർ മായനാണ് പത്നി. രണ്ടു പുത്രിമാർ. ഡോ. മനീജ മജീദ് (ദുബായ്) മൈമൂന ആകാശ് (ബാംഗ്ലൂർ).

മൂന്നാമത്തെ മകൻ ഖാലിദ് ബി.വി.യോടൊപ്പം മിനർവാ ടെക്സ്റ്റയിൽസിന്റെ ചുമതല വഹിച്ചിരുന്നു. നെയ്ത്തു കമ്പനി നിലച്ചശേഷം വീട്ടുകാര്യങ്ങളുമായി കഴിയുന്നു. ആലപ്പുഴ പുത്തൻനാലകം ആയിശയാണ് ഭാര്യ. രണ്ടു പുത്രന്മാർ. അബ്ദുൽ ജലീൽ (കുവൈത്ത്) അബ്ദുൽ ജമീൽ (കോഴിക്കോട്).

ഇളയ മകൻ അബ്ദുൽ റഷീദ് വിജയാ ബാങ്കിൽ മുപ്പത്തഞ്ചുവർഷത്തെ സേവനത്തിനു ശേഷം പിരിഞ്ഞു. കോഴിക്കോട് പാവങ്ങാട് എം.ഇ.എസ്. രാജാ സെൻട്രൽ സ്കൂൾ പ്രധാനാധ്യാപിക റഹ്മാ റഷീദാണ് ഭാര്യ. ഏകമകൻ മസൂദ് റഷീദ് തൃശൂരിൽ മലയാള മനോരമയിൽ സർക്കുലേഷൻ എക്സിക്യൂട്ടീവാണ്.

3 പോരാട്ടചരിത്രത്തിന്റെ മണ്ണിൽ

കോഴിക്കോടിന്റെ മണ്ണ് സാമ്രാജ്യത്വത്തിനെതിരെയുള്ള പോരാട്ടത്തിന്റെ ഇതിഹാസം കുറിച്ചതാണ്. ജാതിമതഭേദം മറന്നു നാട്ടുകാർ ബ്രിട്ടീഷ് ഭരണത്തിനെതിരെ സമരക്കളത്തിലിറങ്ങുകയും മർദ്ദനങ്ങൾ ഏറ്റുവാങ്ങുകയും ചെയ്ത അധ്യായങ്ങൾ ഏറെ നിറഞ്ഞതാണ് മലബാറിന്റെ ചരിത്രവും.

ആറുമാസക്കാലം ബ്രിട്ടീഷ് ഭരണത്തിനെതിരായി ചെറുത്ത്നിൽപ്പ് നടത്തിയതിൽ പതിനായിരത്തിൽ കുറയാതെ ആളുകൾ അക്കാലത്ത് രക്തസാക്ഷിത്വം വരിച്ചു എന്നാണ് സീതി സാഹിബ് എഴുതിയത്.

ജന്മിമാരും കുടിയാന്മാരും തമ്മിലുണ്ടായിരുന്ന കാർഷിക തർക്കങ്ങൾ ഖിലാഫത്ത് സമരത്തിലേക്കും തുടർന്ന് 1921ലെ മലബാർ കലാപത്തിലേക്കും ചെന്നെത്തിയ ചരിത്രം വായിച്ചു പഠിച്ചാണ് ബി.വി വളർന്നത്

ബ്രിട്ടീഷ് പട്ടാളം അതിന്റെ ക്രൂരമായ മുഖം പുറത്തു കാട്ടിക്കൊണ്ടേയിരുന്നു. ഏറനാട്ടിലും വള്ളുവനാട്ടിലും പാവപ്പെട്ട കർഷകരെ വേട്ടയാടിപ്പിടിച്ച് കാറ്റും വെളിച്ചവും കടക്കാത്ത തീവണ്ടി മുറിയിലിട്ട് കൊന്ന കഥ അദ്ദേഹത്തെ ഞെട്ടിച്ചു.

ഒരു തുള്ളി ജലം പോയിട്ട് , ഒരു നുള്ളു വായു പോലും കിട്ടാതെ, അൻപതിൽപരം മനുഷ്യജീവിതങ്ങൾ വാഗൺ ട്രാജഡിയിൽ പൊലിഞ്ഞു തീർന്ന ചരിത്രം. കാലുകൾ അമർത്തി വെക്കാൻ പോലും സൗകര്യമില്ലാത്ത അടച്ചിട്ട തീവണ്ടി മുറിയിൽ ആയുസ്സ് നീട്ടിയെടുക്കാൻ കഴിയാതെ പോയ ഹതഭാഗ്യരുടെ കഥ.

ജയിൽ നിറക്കാൻ പോത്തനൂരിലേക്കയച്ച വാഗൺ അവിടെ സ്വീകരിക്കാതെ സ്റ്റേഷൻ മാസ്റ്റർ തിരിച്ചയക്കുകയായിരുന്നു. ഇളകിയ ആണിയുടെ ദ്വാരത്തിൽ മൂക്കമർത്തി ഒരു തുള്ളി ജീവവാ

യുവെങ്കിലും കിട്ടാൻ ശ്രമിച്ചവർ. ശരീരത്തിൽ നിറഞ്ഞൊലിക്കുന്ന വിയർപ്പുതുള്ളികൾ നക്കിക്കുടിച്ചും, കൈക്കുമ്പിളിൽ മൂത്രം ശേഖരിച്ചു കുടിച്ചും ആയുസ്സ് നീട്ടിക്കിട്ടാൻ കൈകാലിട്ടടിച്ചവർ. പരസ്പരം കടിച്ചും മാന്തിയും രക്തം നക്കിയും പൊരുതിനിന്ന 54 പേരുടെ മൃതദേഹങ്ങളാണ്,വാഗൺ തുറന്നപ്പോൾ പുറത്തേക്ക് തെറിച്ചത്. അക്കൂട്ടത്തിൽ ഏതാനും അമുസ്ലിംകളുമുണ്ടായിരുന്നു.

ഒരാൾക്കു നിവർന്നു നിൽക്കാൻ പോലും കഴിയാതെ 64 പേരെ കുത്തിനിറച്ചു വാഗൺ ചെറുതുരുത്തി കടന്നുപോയപ്പോൾ അതിനകത്തുനിന്നുയർന്ന ജീവനുവേണ്ടിയുള്ള തൊണ്ടപൊട്ടുമാറുള്ള കൂട്ടക്കരച്ചിൽ, സമീപത്തു താമസക്കാരനായ മഹാകവി വള്ളത്തോൾ നാരായണ മേനോനു കേൾക്കാൻ കഴിയാതെ പോയതും ബി.വി യുടെ മനസ്സിനെ വേദനിപ്പിച്ചകാര്യമായിരുന്നു.1921 ലെ പൂക്കോട്ടൂർ യുദ്ധത്തിൽ അഞ്ഞൂറോളം പേർ രക്തസാക്ഷികളായപ്പോഴും മലയാളത്തിന്റെ സാംസ്കാരിക മനസ്സ് ഇളകിയിരുന്നില്ല.

ലഹളക്കേസിൽ പ്രതിയായിരുന്ന മുഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടുമുതൽ മാർക്സിസ്റ്റ് ആചാര്യൻ ഇ.എം.എസ്. നമ്പൂതിരിപ്പാടു വരെ കാർഷിക വിപ്ലവമായിക്കണ്ടതായിരുന്നു,1921 ലെ മലബാർ കലാപം എന്ന ആ സ്വാതന്ത്ര്യസമരം. എന്നാൽ അത് ഹിന്ദു-മുസ്ലീം ലഹളയായി ചിത്രീകരിക്കാൻ വ്യാപകമായ ശ്രമങ്ങൾ നടന്നു.

മാതൃഭൂമി സ്ഥാപകനും സ്വാതന്ത്ര്യസമരത്തിലെ മുന്നണി നേതാവുമായിരുന്ന കെ. മാധവൻ നായർപോലും ആ കെണിയിൽ വീണുപോയി.മഹാകവി കുമാരനാശാനാകട്ടെ തന്റെ രചനയിൽ പോലും അത് പ്രമേയമാക്കി. 'ദുരവസ്ഥ' യിൽ അദ്ദേഹം കുറിച്ചിട്ടു.

കേരളജില്ലയിൽ കേദാരവും കാടു-
മൂരും മലകളുമാർന്ന ദിക്കിൽ
ക്രൂരമുഹമ്മദർ ചിന്തുന്ന ഹൈന്ദവ-
ച്ചോരയാൽ ചോർന്നെഴും ഏറനാട്ടിൽ

കാലം കടഞ്ഞെടുത്ത് സമൂഹത്തിന് സമർപ്പിച്ച മതേതരവാദിയാവാൻ കോഴിക്കോട്ടെന്നപോലെ. ആലപ്പുഴയിലും മദ്രാസിലുമായി നടന്ന തുടർ വിദ്യാഭ്യാസം അബ്ദുല്ലക്കോയയെ സഹായിച്ചു.സ്കൂളിലും കോളേജിലും കളിക്കളത്തിലും നിറഞ്ഞുനിന്ന അദ്ദേഹം കളിക്കളങ്ങളിലെ മതസൗഹൃദം ജീവിതത്തിലേക്കും പകർത്തി.ഹോക്കി,ബാഡ്മിന്റൺ ക്രി

തമായ ലജ്നത്തുൽ മുഹമ്മദിയ സംഘത്തിന്റെ പ്ര വർത്തനം ബി.വി യുടെ കൗമാര ഹൃദയത്തെ ആകർഷിച്ചിരുന്നു. എൻ. എ മുഹമ്മദ്കുഞ്ഞ്, ഹാജി ബാവ, ഇബ്രാഹിം റാവുത്തർ, പിൽകാലത്ത് മന്ത്രിയായ ടി.എ അബ്ദുല്ല എന്നിവരുടെ ശ്രമകരമാ യ അധ്വാനങ്ങളെക്കുറിച്ച് അറിയാൻ സാധിച്ച അദ്ദേഹം, മലബാറി നു പുറത്തും അത്തരം സംരംഭങ്ങൾ നടക്കുന്നുവെന്നതിൽ സ ന്തുഷ്ടനുമായിരുന്നു.അക്കാലത്ത് തന്നെ വിദ്യാഭ്യാസ പ്രചരണാർ ഥം കൊച്ചിയിൽ രൂപവൽക്കരിക്കപ്പെട്ട മലബാർ മുസ്ലീം എജു ക്കേഷണൽ അസോസിയേഷനും സജീവമായി രംഗത്തുണ്ടായി രുന്നു

വിദേശാധിപത്യത്തിനെതിരായ പോരാട്ടങ്ങളുമായി ഇറങ്ങി യ കോൺഗ്രസ് രാഷ്ട്രീയത്തിലാണ് അബ്ദുല്ലക്കോയ തുടക്കം കു റിച്ചതെങ്കിലും നാട്ടിൽ ഏറെ പീഡനങ്ങൾ അനുഭവിക്കുന്ന ഏ റ്റവും വലിയ ന്യൂനപക്ഷമായ മുസ്ലീംകളുടെ കാര്യത്തിൽ പാർ ട്ടി വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ലെന്നു കണ്ടപ്പോൾ സത്താർ സേ ട്ടുവിന്റേയും സീതിസാഹിബിന്റെയും പ്രവർത്തന ശൈലിയിൽ ബി.വി. ആകൃഷ്ടനായി.

കോഴിക്കോട് അക്കാലത്ത് സാമൂഹിക-വിദ്യാഭ്യാസ രംഗത്ത് സജീവ നേതൃത്വം നൽകിവന്നിരുന്ന വ്യാപാര പ്രമുഖനായിരുന്ന കോട്ടപറമ്പ് മാളിയേക്കൽ കാദിരിക്കോയ ഹാജി, പ്രമുഖ അഭിഭാ ഷകനായ എം.വി. ഹൈദ്രോസിന്റെ കല്ലായിലെ വീട്ടിൽ വിളിച്ചു ചേർത്ത യോഗം 1937 ൽ മലബാറിൽ രണ്ടാമത്തെ ശാഖാ ലീഗ് ക മ്മറ്റിക്കു ജന്മം നൽകി .നിർവാഹകസമിതിയിൽ അംഗത്വം നേടിയ ബി.വി. നഗരത്തിലെ പ്രമാണികരായ പി.പി ഹസൻകോയ,എസ് ഉ മ്പിച്ചിക്കോയ ഹാജി, എം ബാവുട്ടിഹാജി,കെ.പി ഉസ്മാൻ സാഹി ബ് എന്നിവരോടൊപ്പം മുസ്ലീംലീഗ് രാഷ്ട്രീയത്തിൽ താല്പര്യം കാട്ടി.

1940ൽ ബംഗാൾ മുഖ്യമന്ത്രി (അന്നു പ്രധാനമന്ത്രി എന്നായി രുന്നു സ്ഥാനപ്പേര്) എ.കെ ഫസലുൽഹഖ് കോഴിക്കോട് സന്ദർ ശിച്ചപ്പോൾ മാനാഞ്ചിറ മൈതാനത്തെ സ്വീകരണവുമായി പാർട്ടി ശക്തിപ്രകടനം നടത്തി. പി.എം ആറ്റക്കോയ തങ്ങൾ അധ്യക്ഷനാ യി നടന്ന സ്വീകരണയോഗത്തിൽ കെ.എം കാദിരിക്കോയ ഹാജി, ഹൈദ്രോസ് വക്കീൽ,ദാവൂദ്ഭായി കപ്പാസി,വാണിശ്ശേരി ഉമ്മർകോ യഹാജി, എം. ബാവുട്ടിഹാജി, കെ.എം. ഫരീദ് മാസ്റ്റർ തുടങ്ങിയ വരോടൊപ്പം ബി.വി.യും മുഖ്യപങ്ക് വഹിച്ചു.

സ്കൂളിലും കോളേജിലും പഠിക്കുന്ന കാലത്ത് സന്നദ്ധസേനയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ആളായിരുന്നു അബ്ദുല്ലക്കോയ. ആ പരിചയത്തിന്റെവെളിച്ചത്തിലാവണം, മുബൈയിലെ ഉദ്യോഗം രാജിവെച്ചു കോഴിക്കോട് വ്യാപാരരംഗത്ത് പ്രവേശിച്ച യുവാവ്, രാഷ്ട്രത്തിലിറങ്ങിയപ്പോൾ മുസ്ലീംലീഗിന്റെ വോളന്റിയർ ക്യാപ്റ്റനായി നിയുക്തനായത്.

നാഷനൽ ഗാർഡ് എന്ന പേരിൽ മുസ്ലീംലീഗ് രൂപവൽക്കരിച്ച സന്നദ്ധ സേനയുടെ നേതൃത്വം ഏറ്റെടുത്തപ്പോൾ പിൽകാലത്ത് കോഴിക്കോട് നിയമസഭാസീറ്റിൽ മത്സരിച്ച എം.എം കോയ, പിൽകാലത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് സ്ഥാനം വഹിച്ച പൂനത്തിൽ മമ്മു, പഴയകാല ഫുട്ബോളറും പിൽകാലത്ത് കോഴിക്കോട് മുൻസിപ്പൽ കൗൺസിലറുമായിരുന്ന പി.പി ആലിക്കോയ, പി.ടി. അവറാൻകോയഹാജി തുടങ്ങിയവർ വോളന്റിയർ സേനയിലുണ്ടായിരുന്നു.

പിൽകാല ജസ്റ്റിസ്മാരായിരുന്നു വി.ഖാലിദ്, ഇ.കെ. മൊയ്തു എന്നിവരുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായ തലശ്ശേരി വോളന്റിയർ കോറിൽ ക്ലാസെടുക്കാൻ കോഴിക്കോട്ടു നിന്നും അബ്ദുല്ലക്കോയ പോകാറുണ്ടായിരുന്നെന്നു അന്നു ആരംഗത്ത് സജീവമായിരുന്ന ഓൾറൗണ്ടർ സ്പോർട്സ്മാൻ പുതുവാച്ചേരി മൂസ (ടാറ്റാ മൂസ), കായിക സാമൂഹിക രംഗങ്ങളിൽ പ്രശസ്ത സംഘാടകനായി പിന്നീടറിയപ്പെട്ട റിട്ട.രജിസ്ട്രാർ ബംഗളയിൽ എം.മക്കി എന്നിവർ അനുസ്മരിക്കാറുണ്ടായിരുന്നു.

വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ, ബംഗാള വീട്ടിൽ അബ്ദുല്ലക്കോയ സാമൂഹിക കാര്യങ്ങളിൽ തല്പരനായിരുന്നു. കോഴിക്കോടിന്റെ തെക്കേപുറത്ത് ഹൽവാബസാർ കേന്ദ്രമായി ബി.വി.യും കൂട്ടുകാരും ചേർന്നു രൂപവൽക്കരിച്ച റെഡ്റോസ് എന്ന സംഘടന ഉച്ച ഭക്ഷണം കഴിക്കാനാവാതെ സ്കൂളിൽ കഴിഞ്ഞിരുന്ന കുട്ടികളുടെ കാര്യത്തിലും, അവശത അനുഭവിക്കുന്ന വൃദ്ധ ജനങ്ങളുടെ പ്രശ്നങ്ങളിലും തങ്ങളെ കൊണ്ടാവുംവിധം സഹായം നൽകിവന്നു.

സ്വാതന്ത്ര്യ സമരത്തിന്റെ അലയൊലികൾ മലബാറിന്റെ സിരാകേന്ദ്രമായ കോഴിക്കോട്ടും എത്തിയപ്പോൾ കോൺഗ്രസ് എന്ന ജനകീയ പ്രസ്ഥാന

ചെന്നെയിൽ മുഹമ്മദലി ജിന്നാസാഹിബിന്റെ ആധ്യക്ഷ

ത്തിൽ ചേർന്നയോഗം ദക്ഷിണേന്ത്യയിൽ ലീഗ് പ്രവർത്തനം വ്യാപിപ്പിക്കാൻ തീരുമാനിച്ചതിന്റെ വെളിച്ചത്തിലായിരുന്നു, കല്ലായിയിൽ എം. വി. ഹൈദ്രോസ് വക്കീലിന്റെ വസതിയിൽ മുസ്‌ലീം പ്രമുഖർ യോഗം ചേർന്നത്. അതിനു ഏതാനും ആഴ്ചകൾക്കുമുമ്പ് സത്താർ സേട്ടുവിന്റെയും, ഖാൻ ബഹദൂർ, സി.പി. മമ്മുക്കേയിയുടെയും, സുൽത്താൻ ആദിരാജയുടെയും നേതൃത്വത്തിൽ തലശ്ശേരിയിൽ ഒരു ശാഖ രൂപവൽക്കരിച്ചിരുന്നു.

സർവേന്ത്യാ മുസ്‌ലീം ലീഗ് സെക്രട്ടറി നവാബ് സാദാ ലിയാഖത്തലിഖാൻ ഇതിനിടയിൽ കോഴിക്കോട്ട് വന്നു. വലിയങ്ങാടിയിലെ ലീഗ് ഓഫീസിലും ടൗൺ ഹാളിലും നടന്ന സ്വീകരണ സമ്മേളനങ്ങൾ വൻ വിജയമായിരുന്നു. സി.എച്ച്. മുഹമ്മദ്കോയ എന്നവിദ്യാർഥിയുടെ ഗംഭീര പ്രസംഗം പ്രത്യേകമായി ശ്രദ്ധിക്കപ്പെട്ടു. നേതാക്കളോടൊപ്പം വേദിക്കരികെ അബ്ദുല്ലക്കോയയും ഉപവിഷ്ടനായിരുന്നു.

കോഴിക്കോട്ടെ വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിനായി അബ്ദുല്ലക്കോയ ചെന്നെയിലേക്കു പോയെങ്കിലും അത് കഴിഞ്ഞു തിരിച്ചുവന്ന്, രാഷ്ട്രീയത്തിൽ വീണ്ടും സജീവമായി. അക്കാലത്ത് ദിനപത്രങ്ങൾ വായിക്കാനായി വലിയങ്ങാടിയിലെ ലീഗ് ഓഫീസിൽ പോയിരുന്നപ്പോൾ, ഓഫീസ് മേൽനോട്ടം വഹിച്ചിരുന്നത്, അബ്ദുല്ലക്കോയ ആയിരുന്നുവെന്നു ഫാറൂഖ് കോളേജിലെ ആദ്യകാല അധ്യാപകനായ പ്രഫ: ടി. അബ്ദുല്ല അനുസ്മരിക്കുകയുണ്ടായി. (ബി.വി. സ്മരണിക).

വോളന്റിയർ കോറിന്റെ ചുമതല ഏറ്റെടുത്ത ബി.വി, തുടർന്ന ലീഗിന്റെ പൊതു പ്രവർത്തനങ്ങളിലും സജീവമായി ഇറങ്ങി. 1946ൽ മദ്രാസ് നിയമസഭയിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ ടൗൺലീഗ് സെക്രട്ടറി പി.പി. ഹസൻകോയ കുറുമ്പ്രനാട് നിയോജക മണ്ഡലത്തിൽ മത്സര രംഗത്തിറങ്ങിയപ്പോൾ, വടകരയിൽ ലീഗിന്റെ ക്യാംപയിൻ മാനേജർ അബ്ദുല്ലക്കോയ ആയിരുന്നു. അതിനകം തന്നെ പ്രമുഖ പ്രസംഗകനായി തെളിഞ്ഞു കഴിഞ്ഞ സി.എച്ച്. മുഹമ്മദ്കോയ, ഹസൻകോയയുടെ ഇം ഗ്ലീഷ് പ്രസംഗങ്ങളുടെ പരിഭാഷകനായും മണ്ഡലം മുഴുവൻ ഓടിനടന്നു.

വിവാഹത്തെ തുടർന്നു ഭാര്യാപിതാവിന്റെ ക്ഷണം സ്വീകരിച്ച് മുംബെയിലേക്കു പോയ അബ്ദുല്ലക്കോയ, അവിടെ മുഗൾ ലൈൻസ് ഷിപ്പിങ്ങ് കമ്പനിയിൽ ഉദ്യോഗം സ്വീകരിച്ചു.എന്നാൽ ഏതാനും വർഷത്തിനകം തന്നെ കോഴിക്കോട്ട് ചിരകാലസുഹൃത്ത്

പി.പി. ഹസൻകോയ ആരംഭിച്ച വ്യവസായശൃംഖലയുടെചുമ തലയേൽക്കാൻ തിരിച്ചുവന്നു.

രാഷ്ട്രീയ-വിദ്യാഭ്യാസ-സാമൂഹിക രംഗങ്ങളിൽ കൂടുതൽ സജീവമാവാൻ ഇത് സഹായിച്ചു. സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ പ്രസിഡന്റും കെ.എം. സീതിസാഹിബ് സെക്രട്ടറിയുമായി സ്വതന്ത്രഭാരതത്തിൽ മുസ്‌ലീം ലീഗ് മലബാർ കമ്മിറ്റി പുന: സംഘ ടിപ്പിച്ചപ്പോൾ ബി.വി.യും സി.എച്ചും ജോയന്റ് സെക്രട്ടറിമാരുമാ യി.

തുടർന്നു കോഴിക്കോട്ടെ നഗരസഭാ തിരഞ്ഞെടുപ്പിലും നിയ മസഭാ-ലോക്സഭാ തിരഞ്ഞെടുപ്പുകളിലും പാർട്ടിയുടെ ചുക്കാൻ പിടിച്ചത് ബി.വി.ആയിരുന്നു. കോഴിക്കോട് സംഘടിപ്പിച്ച സംസ്ഥാന സമ്മേളനങ്ങളിലെല്ലാം ആദ്യം സെക്രട്ടറിപദത്തിലും പിൽക്കാലത്ത് ചെയർമാൻ പദവിയിലും സ്വാഗതസംഘത്തെ നയിച്ചതും അദ്ദേഹം തന്നെ.

മുന്നണിരാഷ്ട്രീയത്തിന്റെ ആസൂത്രകന്മാരിലൊരാളായി ബി. വി. അറിയപ്പെട്ടു. ആദ്യം പി.എസ്.പി.യുമായുള്ള സഖ്യത്തിലും, തുടർന്ന് കോൺഗ്രസ് ഉൾപ്പെട്ട ജനാധിപത്യ മുന്നണി സംവിധാന ത്തിലും നേതൃത്വപരമായ പങ്ക് അദ്ദേഹം വഹിച്ചു. മറ്റു കക്ഷികളി ലെന്നപോലെ ഇതര സമുദായങ്ങളിലും ലീഗിനു വലിയ മതിപ്പുണ്ടാ ക്കാൻ ആ അക്ഷീണ യത്നം ഏറെ ഫലം ചെയ്തു.

കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അരാജ കദരണം കാഴ്ചവെച്ചപ്പോൾ ഉണ്ടായ ബഹുജന സമരത്തിന്റെ മുൻനി രയിൽ തന്നെ അദ്ദേഹം നിലക്കൊണ്ടു. ആ വിമോചന സമരത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു രണ്ടാഴ്ച ജയിൽവാസവും അനുഭവി ച്ചു.

കോൺഗ്രസ് പാർട്ടിയുമായി അകലാൻ ലീഗ് നിർബന്ധിത മായപ്പോൾ സപ്തകക്ഷി മുന്നണി എന്ന കോൺഗ്രസിതര പ്രതി ഭാസം രൂപപ്പെട്ടതും ബി.വി.യുടെ സാന്നിധ്യത്തിലും വീട്ടിലും ആയി രുന്നു. അപ്പോഴും അധികാര രാഷ്ട്രീയത്തിൽ നിന്നെല്ലാം അബ്ദുല്ല ക്കോയ ഒഴിഞ്ഞുനിന്നു.

നീണ്ട പൊതു ജീവിതത്തിനിടയിൽ കാലിക്കറ്റ് സർവകലാ ശാലയുടെ ആദ്യത്തെ മൂന്നു സിൻഡിക്കേറ്റിലും അദ്ദേഹം അംഗ മായി. സിഡ്കോയുടെയും കേരള ഫിനാൻഷ്യൽ കോർപ്പറേഷ ന്റെയും ചെയർമാനായി. മലയാളമനോരമ , ചന്ദ്രിക എന്നീ പത്രങ്ങ ളുടെ ഡയറക്ടർ ബോർഡിലേക്കും അദ്ദേഹം നാമനിർദ്ദേശം ചെയ്യ പ്പെട്ടു.പാർലമെന്റിൽ ബോഫോഴ്സ് അന്വേഷണ സമിതിയിലും ദേശീ

യോദ്ഗ്രഥന സമിതിയിലും ലീഗിന്റെ പ്രതിനിധിയായി ബി.വി.യെ ആണ് എടുത്തത്.

ഫാറൂഖ് റൗസത്തുൽ ഉലും അറബിക് കോളേജ്, തിരൂരങ്ങാടി പി.എസ്.എം.ഒ. കോളേജ് തുടങ്ങിയവയുടെ ഭരണസമിതി അംഗമായിരുന്ന അദ്ദേഹം, അഖില കേരള മുസ്‌ലീം കോളജ് മാനേജ്മെന്റ് അസോസിയേഷന്റെ സ്ഥാപക പ്രസിഡന്റും ആയി.

വ്യവസായ രംഗത്ത് അരനൂറ്റാണ്ടിലേറെ പരിചയ സമ്പത്തുള്ള അദ്ദേഹം കൈത്തറി ഫാക്ടറി ഉടമസംഘം പ്രസിഡന്റും മലബാർ ചേംബർ ഓഫ് കോമേഴ്സിന്റെ ആദ്യകാല സെക്രട്ടറിയും ആയിരുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ ഹാൻഡ്‌ലൂം ബോർഡ്, കയർ ബോർഡ് എന്നിവയിൽ അംഗമായ അദ്ദേഹം അഖിലകേരള സെയിൽസ് ടാക്സ് കമ്മിറ്റി വൈസ് പ്രസിഡന്റ് സ്ഥാനത്തും നിയുക്തനായി.

അപ്പോഴും അദ്ദേഹം എന്നും ആവേശത്തോടെ ഓർക്കുന്നത് കോഴിക്കോട്ട് മുസ്‌ലീം ലീഗ് റിലീഫ് കമ്മറ്റിയുടെ അധ്യക്ഷ സ്ഥാനത്തിരുന്നതാണ്. പാവപ്പെട്ടവരെ സഹായിക്കാൻ വെയിലത്തും മഴയത്തും, രാത്രിയും പകലും, കടകളും വീടുകളും കയറി ഇറങ്ങി പണം ശേഖരിക്കുന്നത് അദ്ദേഹത്തിനു പ്രത്യേക ചാരിതാർഥ്യം നൽകുന്ന അനുഭവമായിരുന്നു.

പ്രായാധിക്യത്തിന്റെ അവശതകൾ കണ്ടപ്പോൾ അദ്ദേഹത്തിനു ഒരവധി നൽകാൻ സഹപ്രവർത്തകർ ആലോചിച്ചു. അപ്പോൾബി.വി. ആഞ്ഞടിച്ചു: മരിക്കുവോളവും ഞാൻ തന്നെ ഈ കമ്മറ്റിയുടെ പ്രസിഡന്റ്. ആ സ്ഥാനത്തിരുന്നു കൊണ്ടുതന്നെ 84-ാം വയസിൽ, പതിനാറു വർഷം മുമ്പ് അദ്ദേഹം കണ്ണടക്കുകയും ചെയ്തു.

കണ്ണീരടങ്ങാതെ കരിയാടൻ വില്ല

പൂപ്പന്തലിട്ട് നിന്ന തേന്മാവും, കാലക്രമം തെറ്റിക്കാതെ ഫലം തന്നുകൊണ്ടിരുന്ന മാതള വൃക്ഷവും, ഉയരത്തിന്റെ സീമകൾ ലംഘിക്കാതിരുന്ന ചെന്തെങ്ങും എല്ലാം ആ വീട്ടിൽ നിന്നു അപ്രത്യക്ഷമായി.

നൂറ്റാണ്ട് പിന്നിട്ട ഭവനം, ഓർമകളിലൊതുങ്ങി അരങ്ങൊഴിഞ്ഞു. കോഴിക്കോട് കോൺവെന്റ് റോഡിൽ കോടതി കോംപൗണ്ടിനു ഓരംപറ്റി നിന്ന കരിയാടൻ വില്ല എന്ന വീട്പോലെ, ഏഴ് പതിറ്റാണ്ടുകൾ അവിടെ സജീവമായിരുന്ന ഗൃഹനാഥനും ചരിത്രത്തിന്റെ ഭാഗമായി.

36 വർഷത്തോളം കോഴിക്കോട് പിതാവിന്റെ ഭവനമായ കുറ്റിച്ചിറ സൂപ്പിക്കാവീട്ടിൽ താമസിച്ചിരുന്ന അബ്ദുല്ലക്കോയ ആഴ്ചയിൽ ഒന്നോ രണ്ടോ തവണ തീവണ്ടിമാർഗം തലശ്ശേരിയിൽ നാരങ്ങാപ്പുറത്തെ ഭാര്യവീട്ടിൽ പോയിവരികയായിരുന്നു പതിവ്.

1950ൽ മൂന്നാലിങ്ങലിൽ മേക്കരക്കടുത്ത് സെന്റ് ജോസഫ്സ് സ്കൂളിനു കിഴക്കായുള്ള സിലോൺവില്ല എന്ന വീട്ടിലേക്കു കുടുംബസമേതം മാറി. അദ്ദേഹം മാനേജർ സ്ഥാനം വഹിച്ചിരുന്ന സിലോൺ ഹൗസ് ടെക്സ്റ്റയിൽസിന്റെയും സിലോൺ ഹൗസ് പ്രിന്റേഴ്സിന്റെയും മാനേജിങ്ങ് ഡയറക്ടറായിരുന്ന പി.പി. ഹസൻ കോയയുടെ ഉടമയിലുണ്ടായിരുന്ന വീട്, ഹസൻകോയ ചെറിയ വാടകയിൽ തന്റെ പഴയകാല സുഹൃത്ത് കൂടിയായിരുന്ന അബ്ദുല്ലക്കോയക്കും കുടുംബത്തിനും താമസിക്കാൻ നൽകുകയായിരുന്നു.

വർഷങ്ങൾക്കുശേഷം തൊട്ടടുത്ത് ഒരു ആംഗ്ലോ ഇന്ത്യൻ കുടുംബം താമസിച്ചിരുന്ന നെസ്റ്റ് എന്ന വീട് ബി.വി സ്വന്തമായി വാങ്ങി. തൊട്ടുമുമ്പിൽ സെന്റ് വിൻസന്റ് ഇൻഡസ്ട്രീസ് എന്ന വ്യവസായ സ്ഥാപനവും, സെന്റ് വിൻസെൻന്റ് ഹോം എന്ന കന്യാസ്ത്രീ മഠവും നടത്തിവന്ന ഫാദർ ജെ.എം. വെർഗോത്തിനിയുടെ കസ്റ്റഡിയിലായിരുന്നു ഈ വീട്. അദ്ദേഹം അവിടെ ഗോരറ്റി ഹോസ്റ്റൽ എന്ന പേരിൽ നഗരത്തിൽ ജോലി ചെയ്യാനെത്തുന്ന വനിതാ ജീവനക്കാർക്കായി ഒരു വർക്കിങ്ങ് വിമൻസ് ഹോസ്റ്റൽ നടത്തിവരികയായിരുന്നു. മഠത്തിന്റെ ക്യാംപസിൽ തന്നെ ഒരു ബഹുനില കെട്ടിടം പണിയാൻ സ്ഥലം ലഭിച്ചതോടെ ആ ഇറ്റാലിയൻ വൈദികൻ ഹോസ്റ്റൽ അങ്ങോട്ടേക്കുപറിച്ചുനട്ടു

പഴയ നെസ്റ്റ് കയ്യൊഴിയാൻ സെന്റ് വിൻസെന്റ്സ് ഗ്രൂപ്പ് തീരുമാനിച്ചു. വർഷങ്ങളായി സാമൂഹിക രംഗത്തും, വ്യാപാര വ്യവസായരംഗത്തും തനിക്കു പരിചയമുള്ള അബ്ദുല്ലക്കോയ ആവശ്യം ഉന്നയിച്ചപ്പോൾ ഫാ. വെർഗോത്തിനി സസന്തോഷം ആ കൈമാറ്റത്തിനു സന്നദ്ധനായി. നഗരത്തിലെ പ്രമുഖ അഭിഭാഷകനും, മൂന്നാലിങ്കൽ ഭാഗത്ത് തന്നെ താമസക്കാരനുമായ അഡ്വ. കപ്പന കൃഷ്ണമേനോന്റെ കാർമികത്വത്തിൽ കൊടുക്കൽ വാങ്ങൽ നടന്നു.

ചട്ടക്കാർ എന്നറിയപ്പെട്ടിരുന്ന പഴയ ആംഗ്ലോ ഇന്ത്യക്കാരുടെ ഭാവനയിൽ തീർത്ത കെട്ടിടമായിരുന്നു, നെസ്റ്റ്. അബ്ദുല്ലക്കോയ അതിന്റെ പൂമുഖം ഒരു വലിയ ഹാളാക്കി രൂപഭാവം വരുത്തി മുൻ ഭാഗത്ത് ഒരു മുറിയും സിറ്റൗട്ടും പണിതു. തലശ്ശേരിയിലെ ഭാര്യവീടിനെ ഓർമ്മിച്ച് കരിയാടൻ വില്ല എന്നു നാമകരണം ചെയ്യുകയും ചെയ്തു. താഴെ നിലയിൽ വീതി വിസ്താരത്തിൽ തീർത്ത

ഹാൾ പിൽക്കാലത്ത് ഒട്ടേറെ പ്രമുഖ നേതാക്കൾ പങ്കെടുത്ത ചർച്ചകൾക്ക് വേദിയായിമാറി. മുന്നണികൾ ജനിക്കുകയും നഗരസഭാ കൗൺസിലർമാർ മുതൽ മന്ത്രിമാർവരെ തീരുമാനിക്കപ്പെടുകയും ചെയ്ത രാപ്പകലുകൾക്ക് ഏറെ സാക്ഷ്യം വഹിച്ചു, ഈ ഹാൾ. കിഴക്കുഭാഗത്തായി പടിഞ്ഞാറ് നോക്കിക്കിടക്കുന്ന ചാരുകസേരയിൽ കുടുംബനാഥൻ നിത്യഹരിതനായകനായി എന്നും. നേതാക്കൾ വരുമ്പോൾ മാത്രം അബ്ദുല്ലക്കോയ ആ സീറ്റ് വിനീതനായി ഒഴിഞ്ഞുകൊടുക്കും.

വിവിധ ആവശ്യങ്ങൾക്കായി കേരളത്തിന്റെ പലഭാഗങ്ങളിൽ നിന്നും പലരും വീട്ടിലേക്കുവരുമായിരുന്നു. സമയവും സന്ദർഭവും നോക്കാതെയുള്ള ആ വരവിൽ അല്പമൊരു മുൻദേഷ്യക്കാരനായ ഗൃഹനാഥൻ ആകുലപ്പെടാറുണ്ടെങ്കിലും, ആ രീതി ഒരു രാഷ്ട്രീയക്കാരനു പറ്റിയതല്ലെന്നു മനസ്സിലാക്കി, അവരെ അദ്ദേഹം സ്വീകരിച്ചിരുത്തും.

എന്നാൽ വന്നെത്തുന്നവരുടെ അപേക്ഷകളിൽ സംശയത്തിന്റെ ഒരു നിഴൽകുത്തുപോലും കണ്ടാൽ അദ്ദേഹം അവരെ നിർദാക്ഷിണ്യം ഓടിച്ചുവിടും. അതേ സമയം ഒരു ശുപാർശയും ഇല്ലാതെ നേരെ ചൊവ്വെയുള്ള കാര്യത്തിനാണ് വരുന്നതെന്നു ബോധ്യപ്പെട്ടാൽ ഏതറ്റംവരെ പോയി സഹായിക്കാനും പിതാവ് തയ്യാർ.

അദ്ദേഹത്തിന്റെ കടുംപിടുത്തങ്ങളെക്കുറിച്ച് കേട്ടറിഞ്ഞ പലരും സന്തോഷത്തോടെയല്ല മടങ്ങാറ്. അതേസമയം വളഞ്ഞവഴിയിൽ ശുപാർശക്കത്തുകളുമായി വരുന്നവരെ, വന്നതിനേക്കാളേറെ വേഗത്തിൽ അദ്ദേഹം തിരിച്ചയക്കും. പാസ്പോർട്ട് അപേക്ഷക്കു ഒപ്പിടുന്ന കാലഘട്ടത്തിൽ, ഇങ്ങനെ മുഖം കറുപ്പിച്ചും പിറുപിറുത്തും പോയവർ ഏറെ ഉണ്ടായിരുന്നു.

അതേസമയം സന്തതസാഹചാരികളായിരുന്ന ടൗൺ ലീഗിലെ പ്രവർത്തകർ ആ വിശാലമായ വരാന്തയിൽ തന്നെ ഇരുന്നും കിടന്നും മണിക്കൂറുകൾ തള്ളിനീക്കും. ഭക്ഷണ സമയത്ത് മാത്രമെ ചായയും മറ്റും കിട്ടിയിരുന്നുള്ളു എന്നത് അവർക്കൊരു പ്രശ്നമായിരുന്നില്ല. പി.എം. അബൂബക്കർ, എം.കെ. അബ്ദുല്ലക്കോയ, ടി. മൊയ്തീൻകോയ, പി.പി. ആലിക്കോയ, പി.ടി. അവറാൻകോയ, കെ.വി. കുഞ്ഞിക്കോയ, പി.ടി. ഇമ്പിച്ചമ്മു എന്നിവർക്കു അടുക്കളയിലേക്കുവരെ കടക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു.

സയ്യിദ് ഉമർ ബാഫക്കി തങ്ങൾ എം. ബാവുട്ടിഹാജി. എം. കെ.സി. അബുഹാജി എന്നീ നേതാക്കളും കയറിയിറങ്ങിയിരുന്ന

വീട്ടിൽ എം.സി. മായിൻഹാജി, പി.വി. മുഹമ്മദ്, പി.കെ.കെ.ബാവ തുടങ്ങിയപിൻതലമുറക്കാരും ചർച്ചകൾക്കായി എത്തിയിരുന്നു.

കോൺഗ്രസ്, കമ്മ്യൂണിസ്റ്റ്, സോഷ്യലിസ്റ്റ് നേതാക്കൾ മുന്നണി ചർച്ചകൾക്കായി കരിയാടൻ വില്ലയിലെ നീണ്ട ഹാളായിരുന്നു വേദി യാക്കിയിരുന്നത്.

അസ്സൻകുട്ടികുരിക്കൾ എം.കെ. ഹാജി, ഒ.കെ. മുഹമ്മദ് കുഞ്ഞി, ചാക്കിരി അഹമ്മദ് കുട്ടി, ഹാമിദലി ഷംനാട്, അസ്സൻകുട്ടി ഹാജി, കുഞ്ഞാലിക്കുട്ടിക്കേയി എന്നീ പഴയകാല നേതാക്കൾ ഇട ക്കിടെവന്നു ചർച്ചകൾ നടത്തി പോവാറുണ്ടായിരുന്നു.

ലീഗ്- മാർകിസ്റ്റ് ചർച്ചകൾ നടത്താൻ പറ്റിയ സ്ഥലം അബ്ദു ല്ലക്കോയാസാഹിബിന്റെ വീടാണെന്ന് ഇ.എം.എസ്. പറയാറുണ്ടെന്നു സി.എച്ച്. പലപ്പോഴും അനുസ്മരിക്കും. ഒന്നാമത്തെ മാർക്സിസ്റ്റ് - ലീഗ് ഉന്നത ചർച്ചയ്ക്കു കളമൊരുക്കിയ ബി.വി അന്നുരാത്രി അവിടെ ഏർപ്പെടുത്തിയ ചൂടുള്ള മീൻ ബിരിയാണി അദ്ദേഹത്തിനു ഏറെ ഇഷ്ടമായത്രെ.

ഒരിക്കൽ ഇ.എം.എസ്., സി.എച്ചിനോട് ചോദിച്ചുപോൽ. ആ മീൻ ബിരിയാണി കോഴിക്കോട് മാത്രമെ കിട്ടുകയുള്ളോ?

സി.എച്ച്.പറഞ്ഞു. അത് ബിവിയുടെ വീട്ടിൽ മാത്രമെ കിട്ടു കയുള്ളു. അത് തലശ്ശേരി സ്റ്റൈൽ മെയ്ഡ് ഇൻ കോഴിക്കോട് ആണ്. (അബ്ദുല്ലക്കോയ സാഹിബിന്റെ സഹധർമ്മിണി തല ശ്ശേരിക്കാരിയാണല്ലോ)

കോൺവെന്റ് റോഡിൽ കോടതിക്കും ദേശാഭിമാനി ഓഫീ സിനും സമീപത്തായി ചരിത്രസംഭവങ്ങൾ ഏറെ അരങ്ങേറിയ ആ വീട് ഇന്നവിടെയില്ല. നൂറുവർഷം പഴക്കമായ ആ കെട്ടിടം അറ്റകു റ്റപ്പണി താങ്ങാവുന്നതിലേറെ ആയപ്പോൾ ഞങ്ങൾ മക്കൾ പൊളി ച്ചുമാറ്റുകയായിരുന്നു. 11/325 എന്ന നഗരസഭ നമ്പറിട്ട ആ സ്ഥലത്ത് ഒരു സ്വകാര്യ കെട്ടിട ഉടമകൾ സീഗൾ എന്ന പേരിൽ ഒരു പാർപ്പിട സമുച്ചയം ഉയർത്തിയിരി ക്കുന്നു. അഞ്ചുമക്കൾക്ക് ഓരോ ഫ്ളാറ്റിന്റെ മാത്രം അവകാശം.



ബി.വി അബ്ദുല്ലക്കോയയും
സഹധർമ്മിണി കരിയാടൻറവിട കുഞ്ഞാച്ചുമ്മയും

4 നിഴലായി സഹധർമ്മിണി

ജനിക്കുന്ന നാളിൽതന്നെ ഓരോരുത്തരുടെയും മരണ നാളും പടച്ച തമ്പുരാൻ രേഖപ്പെടുത്തി വെയ്ക്കാറുണ്ട്. മരണ ത്തിന്റെ രൂചി അറിയാത്തവരായി ആരുമുണ്ടാവില്ല എന്നാണല്ലോ വിശുദ്ധ ഖുർആനിലെ തിരുസൂക്തവും.

ബി.വി. അബ്ദുല്ലക്കോയയുടെ 84 വർഷം നീണ്ട ജീവിത ത്തിൽ 61 വർഷവും ഒരു നിഴലായി ഒപ്പംനിന്ന ശേഷമാണ്, 2006ൽ ഞങ്ങളുടെ പ്രിയ മാതാവ് അന്ത്യശ്വാസം വലിച്ചത്.

ചരിത്രം ചുരുളുകൾ നിവർത്തുന്നു 1937 ജൂൺമാസത്തിലെ മൂന്നാം തീയതി. കോഴിക്കോട്ട് നിന്നു ഒരാൾ തലശ്ശേരിയിൽ വിവാഹം കഴിക്കാൻ എത്തുന്നു. ബംഗാള വീട്ടിൽ അബ്ദുല്ലക്കോയയാണ് വരൻ. വയസ് 23.തലശ്ശേരി ടി.സി. മായൻ ഹാജിയുടെയും കരിയാടൻ മറിയം ഹജ്ജുമ്മയുടെയും ഇളയമകൾ കുഞ്ഞാച്ചു എന്ന പതിനെട്ടുകാരി വധുവും.

ചന്ദ്രികയിൽ ആദ്യകാലത്ത് തലശ്ശേരിയിൽ പത്രാധിപസമി തി അംഗമായിരുന്ന ഞങ്ങളുടെ കാരണവർ കരിയാടൻ മൊയ്തു ആ ഒർമ്മകൾ കുറിച്ചുവച്ചിട്ടുണ്ട് നാരങ്ങാപുറത്ത് മേൽപ്പാലത്തിനു ഓരം പറ്റിനിൽക്കുന്ന ആലമ്പത്ത് വീട് അണിഞ്ഞൊരുങ്ങി നിൽക്കു ന്നു.കട്ടിപ്പിരിയും മേക്കട്ടിയും കൊണ്ടലംകൃതമായ കട്ടിലിൽ കിടക്കക്കുമേൽ കിടക്കകളായി മൂന്നെണ്ണം. വട്ടത്തലയണകൾക്കു പുറമെ നീളത്തലക്കാണികളും ഒപ്പം ചേർന്നു വെൽവെറ്റ് വിരിപ്പിൽ സുഖനിദ്രയിൽ.

കസവുമാലയ്ക്കു മുകളിൽ മുല്ലമാലയും അണിഞ്ഞ് കാന്ത വിളക്കിന്റെപ്രകാശധാരയിൽ കോഴിക്കോടൻ പുതിയാപ്ല ഒന്നാം നില യിലെ അറയിലേക്ക്. കൈമുട്ടിപ്പാട്ടുകൾ വളകിലുക്കത്തിനു അക മ്പടി സേവിക്കുന്നുണ്ടായിരുന്നു. കരിയാടൻ തറവാട്ടിൽ മൊഞ്ച ത്തിപ്പെണ്ണ് മണിയറയിലേക്ക്.

ഉമ്മ മറിയുമ്മയുടെ നേതൃത്വത്തിൽ ഉത്സാഹകമ്മിറ്റി. അവർക്കു കൂട്ടായി മൂത്തമകൾ കുഞ്ഞിമ്മായ. ഒപ്പം കരിയാടൻ തറവാട്ടിലെ മറ്റു ഉമ്മമാരായ ബീച്ചുമ്മ, പച്ചുമ്മ, ആയിസുമ്മ തുടങ്ങിയവർ.ഇളം തലമുറയിൽപെട്ട കുഞ്ഞിപ്പാത്തു, ഫാത്തിമ, ബീച്ചു, തുടങ്ങിയവരോടൊപ്പം കൊച്ചു ബാല്യക്കാരത്തികളായ ഉമ്മാച്ചു, സഫിയ തുടങ്ങിയവർ വേറെയും.

മുല്ലാപ്പുറത്ത് ആണുങ്ങളായ അതിഥികളെ സൽക്കരിക്കാൻ ആറ്റിക്ക എന്ന കരിയാടൻ അബ്ദുല്ല, ഇക്കാക്ക എന്ന ഉമ്മർകുട്ടി, ഉച്ചുക്കാക്ക എന്ന ഉസ്മാൻകുട്ടി, മാഞ്ഞുക്കാക്ക എന്ന മാഹിനലി എന്നിവരോടൊപ്പം പഴയകാല പന്തുകളിക്കാരൻകൂടിയായ മൊയ്തുവും. ഒപ്പം വധുവിന്റെ ജ്യേഷ്ഠത്തിയുടെ ഭർത്താവ് കണ്ണൂർക്കാരൻ ഒ. അബ്ദുല്ല കുഞ്ഞി മുതൽ വധുവിന്റെ എളാമ്മ ബീച്ചുമ്മയും, ഭർത്താവ് പീടികക്കണ്ടി മമ്മുവും, പുത്രൻ അബ്ദുൽ ശുക്കൂറും വരെ. ഒപ്പം കുഞ്ഞായൻകുട്ടി, ചടയൻകുട്ടി, അവ്വോക്കാക്ക, ആബു തുടങ്ങിയ കാരണവന്മാരും

തലശ്ശേരിയിൽ ഒരു പെൺകുട്ടിയെ കോഴിക്കോട്ടേക്കു കെട്ടിക്കുന്നത് ആദ്യം. അക്കാരണത്താൽ സുഹൃത്തുക്കളും ബന്ധുക്കളുമായി ഒരു വലിയ സംഘം തന്നെ വരനു അകമ്പടി സേവിച്ചെത്തിയിരുന്നു.തലശ്ശേരിക്കാർക്കും കോയ പുതിയാപ്ല പുതിയ ഒരനുഭവമായി. മാസങ്ങൾ കടന്നു പോകുന്നു.

വലിയങ്ങാടി കടന്ന് ഹലുവ ബസാറിലൂടെ കുറ്റിച്ചിറ സൂപ്പിക്കാവീട്ടിലേക്ക് സുന്ദരിക്കുട്ടിയായി കുഞ്ഞാച്ചു പുതുക്കം പോയത്, കർട്ടനിട്ടു മറച്ച വാടകക്കാറിന്റെ പിൻസീറ്റിലിരുന്നായിരുന്നുവെന്നു മൊയ്തുക്കാക്ക.

നാരങ്ങാപ്പുറത്തെ കേയിന്റവിട എന്ന ഭാര്യ വീട്ടിലേക്കു മാറിയ പത്നിയെ കാണാൻ ആഴ്ചതോറും കോഴിക്കോട്ട് നിന്ന് ഭർത്താവ് തീവണ്ടി കയറിവരും. ആ ദാമ്പത്യ വല്ലരിയിൽ വിരിഞ്ഞത്, അഞ്ചു മക്കൾ – നാലു ആണും ഒരു പെണ്ണും.

വിവാഹത്തെ തുടർന്ന്, പലതവണ തലശ്ശേരിയിൽനിന്ന് കോഴിക്കോട്ട് വന്നു താമസിച്ചിരുന്ന കുഞ്ഞാച്ചുമ്മയും കുട്ടികളും 1950ൽ അബ്ദുല്ലക്കോയ കോൺവെന്റ് റോഡിൽ വിടെടുത്തതുമുതലാണ്, കോഴിക്കോട്ടുകാരായിമാറിയത്. ഇടക്കാലത്ത് അബ്ദുല്ലക്കോയ മുംബൈയിൽ ഉദ്യോഗത്തിലിരുന്ന കാലത്ത്, അവിടെയും പത്നി മക്കളോടൊപ്പം പോയി താമസിച്ചിരുന്നു.

പുറത്തേക്കു പോവുമ്പോൾ മാത്രം പർദ്ദ ധരിച്ചിരുന്ന അവർ വീട്ടിൽ പാരമ്പര്യം വിടാത്ത പെൺകുപ്പായവും നേരിയ കസവു

തട്ടവും കരയിട്ട കാച്ചത്തുണിയും ധരിച്ച് അകത്തളങ്ങളിൽ ഒതുങ്ങിക്കഴിഞ്ഞ തനിമാപ്പിളസ്ത്രി ആയിരുന്നു. എന്നാൽ നേരത്തെ തന്നെ എഴുതാനും വായിക്കാനും പഠിച്ചിരുന്ന ഉമ്മ, ഇംഗ്ലീഷിൽ തന്നെ ആയിരുന്നു ഒപ്പുവെച്ചിരുന്നത്. ഹോബി എന്ന നിലയിൽ അലങ്കാര തുന്നലിൽ പ്രത്യേക കഴിവ് സ്വായത്തമാക്കുകയും ചെയ്തിരുന്നു.

കോഴിക്കോട് മൂന്നാലിങ്കലിൽ പി.പി. ഹസൻകോയയുടെവക സിലോൺവില്ല എന്ന വീട്ടിലായിരുന്നു ഞങ്ങൾ ആദ്യം താമസിച്ചിരുന്നത്. തലശ്ശേരിയിൽ നിന്നു കൊണ്ടുവന്ന കോച്ചും കിടക്കയും നമസ്കാരപ്പടവും തസ്ബിഹ് മാലയുമായി അവിടെ താമസം തുടങ്ങിയപ്പോഴും, ജില്ലാ കോടതിക്ക് പടിഞ്ഞാറുള്ള ആ വീട്ടിൽ കയറിക്കിടക്കാനല്ല, അവർ തീരുമാനിച്ചത്. മാതാവിൽ നിന്നും ജ്യേഷ്ഠത്തിയിൽ നിന്നും ലഭിച്ച പുണ്യവുമായി അടുക്കള ഭരിക്കാനാണ്. വിശ്രമവേളകൾ കഴിച്ചു കൂട്ടിയതാകട്ടെ നിസ്കാരപ്പടത്തിലും.

പന്ത്രണ്ടു വർഷങ്ങൾക്കു ശേഷം തൊട്ടടുത്ത് പഴയ ആംഗ്ലോ ഇന്ത്യൻ വീട്, ബി.വി. വിലക്ക് വാങ്ങിയതോടെ താമസം അങ്ങോട്ടേക്ക് മാറി.

സാധാരണക്കാർ തുടങ്ങി രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥ പ്രമുഖരും, വിദ്യാഭ്യാസ വിചക്ഷണരും വാണിജ്യ വ്യവസായ പ്രമുഖരും മതനേതാക്കളും ഒക്കെ വന്നു പോയിക്കൊണ്ടിരുന്ന കരിയാടൻ വില്ലയിൽ

സന്ദർഭമനുസരിച്ച് വിഭവങ്ങളൊരുക്കുന്നതിൽ ഒരു മാതൃകാ ഗൃഹസ്ഥ ആയിരുന്നു കുഞ്ഞാച്ചുമ്മ. ദാന ധർമങ്ങൾക്കും സൗഹൃദ കൂട്ടായ്മകൾക്കും രാഷ്ട്രീയ ചർച്ചകൾക്കും അവധിയില്ലായിരുന്ന വീട്ടിൽ പിതാവിന്റെ സർക്കാര പ്രിയത്തിലെ പ്രധാന കണ്ണിയും അവരായിരുന്നു. അതിഥികൾ എത്രപേർ വന്നു നിരന്നാലും സമീപത്തെ ഹോട്ടലുകളെപ്പോലും ആശ്രയിക്കാതെ വിഭവ സമൃദ്ധമായ സദ്യകൾ ഞൊടിയിടയിൽ ഒരുക്കാൻ പ്രത്യേക കഴിവ് തന്നെ ഉമ്മ പ്രകടിപ്പിച്ചു.

ഏകമകളും വർഷങ്ങളായി വീട്ടുകാരെപ്പോലെ കഴിഞ്ഞിരുന്ന ഒരു വേലക്കാരിയും മാത്രമായിരുന്നു കൂട്ടിന്. നാൽപതാണ്ട് ഒപ്പം വളർത്തിയ മകളുടെ ആകസ്മികമായ മരണത്തെ തുടർന്നു, മരുമക്കളുടെ സഹായം ലഭിച്ചതും അവർ നന്ദിപൂർവം ഓർക്കാറുണ്ടായിരുന്നു.

രണ്ടുമക്കളോടൊപ്പം ബോംബെയിൽ താമസിക്കവെ, 1944 ൽ ബോംബ് പൊട്ടിയതും ഇസ്റായിൽ മൊഹല്ലയിലെ ഫ്ളാറ്റ് വിട്ടോടി, തലശ്ശേരിക്കാരനായ വ്യാപാര പ്രമുഖന്റെ വീട്ടിൽ അഭയം

തേടിയതും ഉമ്മക്കു ഞെട്ടിക്കുന്ന സ്മരണകളാണ്. ലോകമഹായുദ്ധകാലത്തെ ആ സ്ഫോടന വിവരമറിഞ്ഞു നാട്ടിലേക്കു മടങ്ങാൻ ബി.വി.യേയും കുടുംബത്തെയും ബന്ധുമിത്രാദികൾ നിർബന്ധിച്ചു. കുടുംബത്തെ തിരിച്ചയച്ച് മുംബെയിലെ ഉദ്യോഗത്തിൽ തന്നെ തുടരാൻ തീരുമാനിച്ച പ്രിയഭർത്താവിനെ ആ തീരുമാനത്തിൽ നിന്നു പിന്തിരിപ്പിച്ചത് ഉമ്മതന്നെ ആയിരുന്നു.

പിൽക്കാലത്ത് പ്രധാനമന്ത്രിയായ ഐ.കെ. ഗുജ്റാളും മുസ്ലീം ലീഗ് നേതാക്കളായ ഇസ്മാഈൽ സാഹിബ്, ബാഫഖിതങ്ങൾ, സീതിസാഹിബ്, സുലൈമാൻ സേട്ട് ബനാത്ത്വാല, പൂക്കോയതങ്ങൾ, സി.എച്ച്. തുടങ്ങിയവരും കമ്മ്യൂണിസ്റ്റ് നേതാക്കളായ എ.കെ. ഗോപാലൻ, ഇ.എം.എസ്. നമ്പൂതിരിപ്പാട്,സി. അച്യുതമേനോൻ, പി.കെ. വാസുദേവൻ നായർ, ഇ. കെ. നായനാർ, അഴീക്കോടൻ രാഘവൻ, സി. എച്ച്. കണാരൻ, കോൺഗ്രസ് നേതാക്കളായ കെ.കരുണാകരൻ, എ.കെ. ആന്റണി, ഉമ്മൻചാണ്ടി, കോഴിപ്പുറത്ത് മാധവ മേനോൻ, എ.വി.കുട്ടിമാളു അമ്മ, സോഷ്യലിസ്റ്റ് നേതാക്കളായ ഡോ. കെ.ബി. മേനോൻ, അരങ്ങിൽ ശ്രീധരൻ, എം.പി. വീരേന്ദ്രകുമാർ തുടങ്ങിയവരും കരിയാടൻ വില്ലയിലെ ആതിഥ്യം സ്വീകരിച്ചവരായിരുന്നു.

പി.പി. ഹസൻകോയ, ഡോ. പി.കെ. അബ്ദുൾ ഗഫൂർ, ഡോ. എം.എ. അബ്ദുല്ല, അഡ്വ. ടി.എം. സാവാൻ കുട്ടി എന്നിവരും പ്രമുഖ പത്രാധിപന്മാരായിരുന്ന കെ.പി. കേശവ മേനോൻ, കെ. എം. മാത്യു, മൂർക്കോത്ത് കുഞ്ഞപ്പ വി.ടി. ഇന്ദുചൂഡൻ, വി.സി. അബൂബക്കർ, പി. ഗോവിന്ദപിള്ള തുടങ്ങിയവരും സൗഹൃദ ചർച്ചകൾക്കായി അവിടെ വന്നു പോയ്ക്കൊണ്ടിരുന്നു.

ഒരിക്കൽ തലശ്ശേരി ബ്രാൻഡ് മീൻബിരിയാണി കഴിച്ച ഇ. എം.എസ്., മറ്റൊരു തവണ രാത്രി വൈകി ചർച്ചക്കു വന്നപ്പോൾ, ഉടൻ മീൻ ബിരിയാണി കിട്ടണമെന്ന നിർബന്ധിച്ചത് അന്നത്തെ പ്രചാരമേറിയ തമാശകളിലൊന്നായിരുന്നു.

സയ്യിദ് ഉമർ ബാഫക്കി തങ്ങൾ, പി.എം. അബൂബക്കർ, എം.കെ. അബ്ദുല്ലക്കോയ, എം.കെ.സി. അബുഹാജി, പി.ടി. അവറാൻ കോയ തുടങ്ങിയ ടൗൺ ലീഗ് നേതാക്കൾ പരിവാരസമേതം അവിടെ നിത്യ സന്ദർശകരായിരുന്നു. പി.എം. അബൂബക്കറും. ഇ. അഹമദും പല ദിവസങ്ങളിലും ഊണും ഉറക്കവും വരെ അവിടെ ആയിരുന്നു. അക്കാലത്ത് മനോരമയിലായിരുന്ന അബു എന്ന എന്നെ അന്വേഷിച്ചു ഓഫീസിൽ നിന്ന് ഫോൺ വന്നാൽ ഏത് അബുവിനെ വേണം എന്നായിരുന്നു മറുപടിയെന്നു മനോരമക്കാർ തന്നെകളിയാക്കുമായിരുന്നു.

ഹജ്ജ് കർമത്തിന് ഒരിക്കൽ പോയെങ്കിലും 30 വർഷത്തെ പാർലമെന്ററി ജീവിതത്തിനിടയിൽ കുഞ്ഞാച്ചുമ്മ അബ്ദുല്ലക്കോയയോടൊപ്പം ഡൽഹി കാണാൻ പോലും പോയിരുന്നില്ല. ഒടുവിൽ അബ്ദുല്ലക്കോയ മരണപ്പെട്ട്, അഞ്ചു വർഷങ്ങൾക്കു ശേഷം രാജ്യസഭാ സെക്രട്ടറിയേറ്റിൽ നിന്നു കുഞ്ഞാച്ചുമ്മയ്ക്ക് ഒരെഴുത്ത് കിട്ടി.

സെക്രട്ടറി ജനറൽ യോഗേന്ദ്ര നാരായണിന്റെതായിരുന്നു കത്ത്. മുപ്പത് വർഷം രാജ്യസഭാംഗമായിരുന്നതിന്റെ പേരിൽ ഭർത്താവിനു ലഭിച്ചുവന്നിരുന്ന പെൻഷൻ, ഒന്നര മാസങ്ങൾ കഴിഞ്ഞപ്പോൾ തന്നെ സർക്കാർ നിർത്തിയിരുന്നു. അത് പുനരാരംഭിച്ചതായി അറിയിപ്പോ മറ്റോ ആയിരിക്കുമെന്നാണ് കരുതിയത്.

എന്നാൽ നിർത്തിയ പെൻഷൻ നിർത്തിയത് തന്നെ. മരണാനന്തരപെൻഷൻ രാജ്യസഭയുടെ ചട്ടങ്ങളിലുമില്ല. ആ മുൻ എം.പി.യുടെ അവസാനകാലത്തെ ആശുപത്രി ചെലവുകൾ പോലും രാജ്യസഭാ സെക്രട്ടറിയറ്റ് അനുവദിച്ചില്ല.

2003 നവംബറിൽ വന്ന പുതിയ കത്ത്, കുഞ്ഞാച്ചുമ്മയെ ഡൽഹിക്കു ക്ഷണിച്ചു കൊണ്ടുള്ളതായിരുന്നു. രാജ്യസഭ ചരിത്രത്തിലെ ഇരുന്നൂറാം സമ്മേളനത്തോടനുബന്ധിച്ച് പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ ഒരു ചടങ്ങ് സംഘടിപ്പിക്കുന്നു. നൂറിലധികം സമ്മേളനങ്ങളിൽ പങ്കെടുത്ത് ജീവിച്ചവരും മരിച്ചവരുമായ ആറു എം.പി.മാരെ രാഷ്ട്രപതി ആദരിക്കുന്നു. അതിനു വന്നെത്തണം എന്നതായിരുന്നു ക്ഷണക്കത്തിലെ പ്രമേയം.

പ്രായാധിക്യം തളർത്തിയിരുന്ന മാതാവിനു സ്വവസതിയായ കരിയാടൻവില്ല വിട്ട് പുറത്തുപോവാൻ തന്നെ കഴിയാത്ത അവസ്ഥ. പകരം മകനായ ഈ ഗ്രന്ഥകാരനാണ് രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിൽ നിന്ന് ആ പുരസ്കാരം ഏറ്റുവാങ്ങിയത്.

തന്റെ ജീവിതത്തിൽ താങ്ങും തണലുമായിരുന്ന പ്രിയ ഭർത്താവിനു, ഇന്ത്യയുടെ പ്രഥമ പൗരൻ മരണാനന്തര ബഹുമതി നൽകുന്നത് ശസ്ത്രക്രിയക്കു വിധേയമായ തളർന്ന കണ്ണുകളിലൂടെ തന്നെ ഉമ്മ കൺനിറഞ്ഞു കണ്ട് ചാരിതാർഥ്യ മണിഞ്ഞു - മനസ്സിലെ തിരയിളക്കങ്ങൾക്ക് അവധി നൽകിക്കൊണ്ട്.

1998 ജൂലായ് 15 - 1419 റബിഉൽ അവൽ 20-1173 മിഥുനം 30. ജീവിതത്തിന്റെ 84 വസന്തങ്ങൾ പൂർത്തിയാക്കിയ സ്നേഹനിധിയായ ഭർത്താവ് കൂടിറങ്ങി പോകുന്നത് ഉമ്മ അവസാനമായിക്കണ്ടശേഷം ഓർമ്മകൾക്കു ഒരു പുനർജന്മം

അരുമസന്താനമായ ഏകമകളെ 42-ാം വയസിൽ നഷ്ടപ്പെട്ട വേദന ഉള്ളിലൊതുക്കിക്കഴിഞ്ഞ ഉമ്മ സമാധാനിച്ചു: അവരൊക്കെ

പോകുന്നത്, നാളെ നമ്മളൊക്കെയും ചെന്നെത്തേണ്ടുന്ന ജന്നാത്തുൽ ഫിർദൗസിൽ തന്നെയാണല്ലോ. പിന്നാലെ വരുന്നവർക്കെല്ലാം ആ സ്വർഗ്ഗലോകത്തിൽ സൗകര്യം ഒരുക്കാനായി ഒരു മുൻകൂർ യാത്ര.

1990ൽ അർബുദരോഗ ബാധിതയായാണ് മകൾ നഫീസ കടന്നു പോയത്. തങ്ങളുടെ കൂട്ടത്തിൽ നല്ല കഴിവും ആരോഗ്യവും ഉള്ളകുട്ടി അവളായിരുന്നുവെന്നു മാതാപിതാക്കളെന്ന പോലെ സഹോദരന്മാരും പറയാറുണ്ടായിരുന്നു. മൂന്നുമക്കളെയും എഞ്ചിനീയറായ ഭർത്താവിനെയും ഉമ്മയുടെ കൈകളിലേല്പിച്ചുള്ള അന്ത്യയാത്ര.

ഭർത്താവിന്റെ മരണശേഷവും എട്ടു വർഷത്തോളം ആ ഓർമകളെ താലോലിച്ചു നടന്ന കുഞ്ഞാച്ചുമ്മ, ഒടുവിലത്തെ അഞ്ചാറുമാസങ്ങൾ ഒരു ഊന്നുവടിയുമായി വീട്ടിൽതന്നെ ഒതുങ്ങിക്കഴിഞ്ഞെങ്കിലും, ജീവിതത്തിൽ തനിക്കു വസന്തം വിരിയിച്ചു തന്ന ആ മഹാശയനു വേണ്ടിയും, നേരത്തെ യാത്രയായ ഏകമകൾക്കുവേണ്ടിയും എന്നും പ്രാർത്ഥിക്കുമായിരുന്നു.

കരിയാടൻ വില്ലക്കു പുറത്തെ ബി.വി. അബ്ദുല്ലക്കോയ എന്നനെയിം ബോർഡിലെ അക്ഷരങ്ങൾ വീണുതുടങ്ങിയപ്പോഴും അകത്തളത്തിൽ പ്രാർത്ഥനാ നിർഭരയായി കഴിഞ്ഞ സഹധർമ്മിണിയുടെ മനസ്സിന്റെ കോട്ടാരത്തിലെ അക്ഷരങ്ങൾക്ക് സ്വർണത്തിളക്കം.

ബന്ധുക്കൾക്ക് ആപ്പയും, സുഹൃത്തുക്കൾക്ക് അബ്ദുല്ലകാക്കയും, പാർട്ടിക്കാർക്കു ബി.വി.യും ആയിരുന്ന അബുദുല്ലക്കോയ സാഹിബ്, മക്കൾക്കെന്നപോലെ ഉമ്മക്കും ബാപ്പ ആയിരുന്നു.

മകളുടെ എന്നപോലെ എട്ടുവർഷം വ്യത്യാസത്തിൽ ജീവിതയാത്ര അവസാനിച്ച ആ ഭർത്താവിന്റെയും ഭാര്യയുടെയും മൃതദേഹങ്ങൾ രണ്ടും പള്ളിക്കണ്ടിയിലെ കണ്ണമ്പറമ്പ് ശ്മശാനത്തിൽ തന്നെയാണ് കബറടക്കിയത്. വാത്സല്യദീപ്തമായ പുഞ്ചിരിയോടെ ഏവരെയും സ്വീകരിക്കാറുള്ള ഉമ്മ സ്നേഹസാഗരം തീർത്താണ് 2006ൽ 87-ാം വയസിൽ ജീവിതത്തോട് വിടപറഞ്ഞത്.

സത്യവിശ്വാസിക്ക് മരണം ആസന്നമായാൽ മരണത്തിന്റെ ദൈവദൂതൻ മുമ്പിൽ സുന്ദരരൂപത്തിൽ സുഗന്ധവുമായി പ്രത്യക്ഷപ്പെടും എന്നു തിരുവചനം.

അയൽപക്കത്തെ സ്നേഹച്ചരടുകൾ

കോഴിക്കോട് ഇടിയങ്ങരയിൽ ബംഗാള വീടും കുമ്മട്ടിവീടും അയൽപക്കങ്ങളാണ്. അവിടുത്തെ വിദ്യാർഥികൾ നല്ല സുഹൃത്തുക്കളും. കുമ്മട്ടി വീട്ടിലെ പി.ഐ. സഹോദരന്മാരുമായുള്ള (അഹമ്മദ് കോയഹാജി, കുഞ്ഞഹമ്മദ്കുട്ടി ഹാജി, ആലിക്കോയ ഹാജി എന്നിവർ. അവർ അന്നു ഹജ് കർമം നിർവഹിച്ചിരുന്നില്ല) ബംഗാളി വീട്ടിൽ അബ്ദുല്ലക്കോയയുടെ സൗഹൃദം നല്ല അയൽപക്കബന്ധമായി വളർന്നു വികസിച്ചു.

മാതാവിന്റെ മരണത്തെ തുടർന്ന് പിൽക്കാലത്ത് അബ്ദുല്ലക്കോയ പിതൃഗൃഹമായ സൂപ്പിക്കാവീട്ടിലേക്കു താമസം മാറ്റിയപ്പോൾ അവിടെ അയൽപക്കത്തെ മൊയ്തീൻവീട്ടുകാരുമായും ബന്ധം സ്ഥാപിച്ചു.

കോഴിക്കോട്ടെ പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞു ആലപ്പുഴയിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു പോയപ്പോൾ, അവിടെ പൈങ്ങാമഠത്തിലെ അയൽക്കാരായി ബി.വി.ക്കു കൂട്ടുകാർ.

മദ്രാസിലെ ഡിഗ്രി പഠനകാലത്തും മുംബെയിലെ ഔദ്യോഗിക ജീവിത കാലത്തും അയൽപക്കസൗഹൃദം അബ്ദുല്ലക്കോയ തുടർന്നുകൊണ്ടേയിരുന്നു.

അയൽവാസി പട്ടിണികിടക്കുമ്പോൾ വയറ് നിറച്ച് ഉണ്ണുന്നവൻ നമ്മളിൽ പെട്ടവനല്ല എന്ന നബിവചനം ശിശുക്ലാസിലും മദ്രസയിലും ഓതി പഠിച്ചത്, പിതാവ് ഒരിക്കലും മറന്നില്ല.നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്നു ക്രിസ്തുമതത്തിലും, നാം എല്ലാം ഒരേകുടുംബത്തിൽപെട്ടവർ എന്ന അർഥത്തിൽ വസുദേവ കുടുംബകം എന്നു ഹൈന്ദവ ദർശനത്തിലും വായിച്ചു കേട്ടതും അദ്ദേഹത്തിന്റെ മനസ്സിൽ ആഞ്ഞു പതിഞ്ഞിരുന്നു.

അയൽവാസിയെ സ്നേഹിക്കാൻ പറയുന്ന ഒരു മതപ്രവാചകനും തന്നെ, ആ അയൽക്കാരൻ സ്വന്തം മതത്തിൽപെട്ടവനായിരിക്കണമെന്നു പറയുന്നില്ലല്ലൊ! നാലുഭാഗത്തുമുള്ള നാൽപത് വീടുകൾവരെ അയൽപക്കങ്ങളിൽപ്പെടുമെന്ന് പ്രവാചക പ്രഭു പറഞ്ഞത്, താൻ ജീവിച്ചു വന്ന സ്ഥലങ്ങളിലെല്ലാം അബ്ദുല്ലക്കോയക്കു വെളിച്ചം നൽകുന്നതായിരുന്നു.

വർഷങ്ങളേറെ പുറത്തു കഴിഞ്ഞശേഷം വ്യവസായ സംരംഭവും, രാഷ്ട്രീയ പ്രവർത്തനവുമായി കോഴിക്കോട് തിരിച്ചുവന്ന ബി.വി., ഇന്നത്തെ റസിഡന്റ് അസോസിയേഷനുകൾ ഒന്നും ജനി

ക്കാത്ത കാലത്ത്, സർവസമുദായ മൈത്രിയുടെ കേളീരംഗമായി, ഈ അയൽപക്കബന്ധത്തെ മാറ്റിയെടുത്തു.

കോഴിക്കോട് മൂന്നാലിങ്കൽ കോൺവെന്റ് റോഡിൽ പി.പി. ഹസൻകോയ അനുവദിച്ച കൊച്ചുവീട്ടിൽ തലശ്ശേരിക്കാരിയായ ഭാര്യയോടും മക്കളോടുമൊപ്പം താമസിച്ചു വരവെ, അയൽപക്കക്കാർ ഏറെയും അന്യമതസ്ഥരായിരുന്നു.

തൊട്ടുവടക്ക് കുറേ കന്യാസ്ത്രീകളും ഒരുപാട് അനാഥബാലികമാരും താമസിക്കുന്ന സെന്റ് വിൻസെന്റ് സ് ഹോം. അവിടെ ദിവസത്തിൽ ഒരിക്കലെങ്കിലും വന്നുപോവാറുള്ള വെർഗോത്തിനി അച്ചൻ (റവ. ഫാദർ ജെ.എം. വെർഗോത്തിനി) എന്ന ഇറ്റാലിയൻ വൈദികൻ.

അതിനു തൊട്ടിപ്പുറത്ത് മധുരാ കമ്പനി മാനേജരായ ആംഗ്ളോ ഇന്ത്യൻ ചാൾസ് ബാർബോസയും കുടുംബവും താമസിച്ചിരുന്ന ദ നെസ്റ്റ്.

അല്പം മാറി, മിതവാദി കൃഷ്ണൻ വക്കീലിന്റെ അനന്തരവന്മാരായ ഉണ്ണിട്ടിരിയും കുടുംബവും താമസിച്ച വീട്.

കുറച്ച് പടിഞ്ഞാറായി പ്രശസ്ത അഭിഭാഷകൻ കപ്പന കൃഷ്ണമേനോനും കുടുംബവും! റോഡിനു ഓരം ചാരി ദേശാഭിമാനി പ്രസും, കമ്മ്യൂണിസ്റ്റ് നേതാക്കൾ വന്നു പോവുന്ന പാർട്ടി ഓഫീസും.

കിഴക്കുഭാഗത്ത് പകലുകളിൽ മാത്രം ജീവൻവയ്ക്കുന്ന കോടതിക്കെട്ടിടങ്ങൾ. അതിനു അരികുപറ്റി സെന്റ് ജോസഫ്സ് സ്കൂളുകളും അവരുടെ ഹോസ്റ്റലും. തെക്കേപ്പുറത്തിനു കാവലായി നിൽക്കുന്ന മേക്കരയും കൊപ്രപ്പാണ്ടികശാലകളും അല്പമകലെ.

ആ അന്തരീക്ഷത്തിൽ അബ്ദുല്ലക്കോയയുടെ അയൽപക്കങ്ങൾ സജീവമായി. വസ്ത്ര വ്യാപാരിയായ കെ.എം. മൗലാസാഹിബ് എന്ന ഭട്കൽ പ്രമാണിയും, കയറുല്പന്ന വ്യാപാരികളായ ഷേക്ക് റാവുത്തർ എന്ന തമിഴ്നാട് പ്രമുഖനും വന്നു ചേർന്നതോടെ സൗഹൃദത്തിനു ആഴവും പരപ്പുമായി.

പട്ടുതെരുവിലെ കൺസൾട്ടേഷൻ ക്ലിനിക്കിലേക്കു കാറോടിച്ചു പോകുന്ന ഡോ. എൻ. ബാലകൃഷ്ണൻ എന്ന ഭിഷഗ്വരൻ, ഇടക്കിടെ ഞങ്ങളുടെ വീട്ടിൽ കയറി ഇറങ്ങുക കൂടി ചെയ്യുന്നതോടെ ബന്ധങ്ങൾ വിശാലമാകുന്നു.

ബന്ധുക്കളോട് നമുക്കു പിണങ്ങാം. അവരുമായി അകലം പാലിക്കാം. എന്നാൽ അയൽവാസികളെ നമുക്കു തിരഞ്ഞെടുക്കാൻ കഴിയില്ല. അതനുഭവിച്ചേ തീരൂ. അതാണല്ലോ പ്രമാണം. ഒരത്യാ

വശ്യം വന്നാൽ ആദ്യം ഓടിയെത്തുക ബന്ധുക്കളാവില്ല. അയൽക്കാരായിരിക്കും.

അക്കാരണത്താൽ തന്നെ അവന്റെ സുഖദുഃഖങ്ങളിൽ പങ്കെടുക്കലാണ് ആ ബന്ധം വളർത്താനുള്ള ഏകവഴി. പങ്കുചേരുമ്പോൾ സുഖം വർധിക്കുന്നുവെന്നും ദുഃഖം പകുതിയാവുന്നുവെന്നുമാണല്ലോ ചൊല്ല്.

തന്നെ എന്നും അസഭ്യം പറഞ്ഞിരുന്ന അന്യമതസ്ഥനായ ഒരയൽവാസിയുടെ കഥ നബിചരിതത്തിലുണ്ട്. ഒരുനാൾ അവന്റെ ആ ചീത്തവിളി പ്രവാചകൻ കേട്ടില്ല. അദ്ദേഹം ചെന്നന്വേഷിച്ചു. അപ്പോഴാണ് അറിയുന്നത്, രോഗബാധിതനായി അയാൾ കിടപ്പിലാണെന്ന്. അയാളെ സന്ദർശിച്ച നബി, ആശ്വാസ വചനങ്ങൾ ചൊരിയുന്നു. അയാൾക്കുവേണ്ടി പ്രാർഥിക്കുന്നു. ആ മനുഷ്യനു പിന്നെ മാനസാന്തരം വരാൻ ഒട്ടും സമയം വേണ്ടിവന്നില്ല.

നബിവചനത്തിൽ പറയുന്നത്, അയൽവാസി സഹായം തേടിവന്നാൽ സഹായം നൽകണം എന്നാണ്. അവനു ഗുണം വന്നാൽ അനുമോദിക്കണം. വിഷമം നേരിട്ടാൽ ആശ്വസിപ്പിക്കണം. രോഗം ബാധിച്ചാൽ സന്ദർശിക്കണം. മരണപ്പെട്ടാൽ സംസ്കാരച്ചടങ്ങിൽ പങ്കെടുക്കണം.

അയൽക്കാരന്റെ സമ്മതപ്രകാരമല്ലാതെ അവന്റെ വീട്ടിനു വെളിച്ചവും കാറ്റും തടയുംവിധം കെട്ടിടം നിർമ്മിക്കുകപോലും ചെയ്യരുതെന്നും പ്രവാചക തിരുമേനി ഉണർത്തുകയുണ്ടായി.

ജാതിക്കും മതത്തിനും അതീതമായ ഈ സൗഹൃദ ചിന്തയാണ് കോഴിക്കോട് കോൺവെന്റ് റോഡിൽ തുപ്പായിപ്പറമ്പിൽ 18 സെന്റ് ഭൂമിയും അമ്പത് വർഷത്തിലേറെ പഴക്കമുള്ള വീടും വാങ്ങാൻ അബ്ദുല്ലക്കോയക്കു തുണയായത്. ഫാദർ വെർഗോത്തിനി എന്ന ക്രിസ്ത്യൻ വൈദികനും കപ്പന കൃഷ്ണമേനോൻ എന്ന ഹിന്ദു അഭിഭാഷകനും സാക്ഷികളായി ആ ഭൂമി കൈമാറ്റ രേഖയിൽ ഒപ്പു വെച്ചതും.

1998ൽ അബ്ദുല്ലക്കോയ എന്നപോലെ എട്ടു വർഷങ്ങൾക്കു ശേഷം സഹധർമിണി കുഞ്ഞാച്ചു ഹജ്ജുമ്മയും നിര്യാതരായപ്പോൾ വിവിധ മത വിഭാഗങ്ങളിൽപ്പെട്ടവരുടെ കൂട്ടത്തിൽ, ആദരാഞ്ജലികളർപ്പിക്കാൻ വൈദികരും കന്യാസ്ത്രീകളും, കരിയാടൻ വില്ലയിൽ എത്തിയതിനുപിന്നിലും ഈ സൗഹൃദ കൂട്ടായ്മയാണ് തെളിഞ്ഞു നിന്നത്.

5 ബോംബെയിലെ ബോംബ്സ്ഫോടനം

മുംബൈയിൽ ഔദ്യോഗിക ജീവിതത്തിനിടയിലും രാഷ്ട്രീയം അബ്ദുല്ലക്കോയയുടെ മനസ്സിൽ നിന്നു അകലം പാലിച്ചിരുന്നില്ല. രണ്ടാം ലോകമഹായുദ്ധകാലത്ത് അവിടെ ഉണ്ടായ ബോംബ്സ്ഫോടനം അദ്ദേഹത്തെ തിരിച്ചു കോഴിക്കോട്ടെത്തിക്കാൻ നിമിത്തമായി.

കോഴിക്കോട്ട് വന്നാൽ കുടുംബം പോറ്റാൻ എന്തു ചെയ്യുമെന്ന ബി.വി. ആശങ്കപ്പെട്ടിരിക്കേ, ഭാര്യ കുഞ്ഞാച്ചുമ്മ ഒരു പഴയ കത്തിന്റെ കാര്യം ഓർമ്മിപ്പിച്ചു.

ബി.വി.യുടെയും കുടുംബത്തിന്റെയും ചിരകാല സുഹൃത്തായിരുന്ന കോഴിക്കോട്ടെ വാണിജ്യ പ്രമുഖൻ പി.പി. ഹസൻകോയയുടെ എഴുത്തായിരുന്നു അത്. താൻ നഗരത്തിൽ ഒരു നെയ്ത്ത് കമ്പനി തുടങ്ങുന്നുവെന്നും അവിടെ മാനേജരാവണമെന്നുമുള്ള ഹസൻകോയയുടെ ക്ഷണം.

ബോംബ് സ്ഫോടനത്തിന്റെ വെളിച്ചത്തിൽ ഹസൻകോയയിൽ നിന്നു വീണ്ടും വിളി. 1944ൽ മുംബൈ എന്ന മഹാനഗരത്തോട് വിടപറഞ്ഞു ബി.വി. നാട്ടിലേക്കുമടങ്ങി.

രാഷ്ട്രീയത്തിലെ താൽപര്യവും പൊതുരംഗത്തെ സേവന സന്നദ്ധതയും കോഴിക്കോട്ടു തുടരാമെന്ന തോന്നലോടെയാണ് ബാപ്പ തിരിച്ചവന്നതും സിലോൺ ഹൗസിന്റെ ചുമതല ഏറ്റെടുത്തതും.

ബി.വിയുടെ ശിഷ്യനായി വളർന്ന് കാലിക്കറ്റ് വികസന അതോറിട്ടി ചെയർമാനും സിറ്റി ലീഗ് സെക്രട്ടറിയുമൊക്കെ ആയ എം.കെ.അബ്ദുല്ലക്കോയ ആ പഴയ ചരിത്രത്തിന്റെ ഏടുകൾ തുറക്കുന്നു. (ബി.വി. സ്മരണിക).

കോഴിക്കോട്ട് തിരിച്ചെത്തിയപ്പോൾ ബി.വി ലീഗ് രാഷ്ട്രീയത്തിൽ സജീവമായി. സ്വാതന്ത്ര ലബ്ധിയോടെ പാക്കിസ്ഥാൻ വിട്ടു

പോയെങ്കിലും ന്യൂനപക്ഷ പ്രശ്ന പരിഹാരങ്ങൾക്ക് സംഘടന അ നിവാര്യമാണെന്നു ഇവിടുത്തെനേതാക്കൾക്കുതോന്നി

അതിനിടയിൽ നാട്ടുരാജ്യങ്ങൾ ഇന്ത്യയിൽ ലയിച്ചുകൊണ്ടി രിക്കെ, ഹൈദരാബാദിനെ അതിൽ നിന്നും മാറ്റിനിർത്താൻ ശ്രമിച്ച നൈസാം നിഷ്കാസനം ചെയ്യപ്പെടുകയും ലയനം നടക്കുകയും ചെയ്തു.എന്നാൽ ഇതിന്റെ പേരിൽ നിരപരാധികളായ ചില മലയാ ളി മുസ്ലിംകൾക്കെതിരെയും വാറന്റുകൾ ഉയർന്നു. സ്വതന്ത്ര ഇന്ത്യ യിൽ ന്യൂനപക്ഷത്തിന്റെ അവകാശ സംരക്ഷണത്തിന് മാത്രമായി രൂപവൽക്കരിക്കപ്പെട്ട ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിനെ ശിശു പ്രായത്തിൽ തന്നെ ഞെക്കിക്കൊല്ലാൻ ഇതൊരവസരമായി അധി കാരസ്ഥാനത്തുള്ളവർ കരുതി. ലീഗ് നേതാക്കൾ നോട്ടപ്പുള്ളികളാ യി. ചില അറസ്റ്റുകളും ഉണ്ടായി. സ്വത്ത് പിടിച്ചെടുക്കൽ പിന്നാലെ വരുന്നുവെന്ന അഭ്യൂഹങ്ങൾ കയറൂരി നടന്നു. ലീഗിന്റെ തലപ്പത്തു ണ്ടായിരുന്ന മുസ്ലിം പ്രമാണിമാർ പലരും രാജിവെയക്കുകയും പ്രസ്താവന ഇറക്കുകയും ചെയ്തു. മുസ്ലിം ജനസാമാന്യം ഏക ആശ്രയമായിക്കരുതിപ്പോന്നിരുന്ന ലീഗ് പ്രസ്ഥാനം മലബാറിൽ നാമാ വശേഷമായിപ്പോകുന്ന അവസ്ഥ.

സാധാരണക്കാരുടെ പാർട്ടിയായിത്തന്നെ ലീഗിനെ വളർത്താ മെന്ന് ഏതാനും പേർ ചേർന്ന് തീരുമാനിച്ചു.രാജിക്കൊന്നും കൂട്ടാ ക്കാതിരുന്ന ബി.വി. തന്നെ ഏതാനും പേരെ സംഘടിപ്പിച്ചു. പ്രൈമറി സ്കൂൾ അധ്യാപകനായ കെ.എം ഫരീദ് മാസ്റ്റർ മുന്നണിപ്പടയാളി യായി ഇറങ്ങി. എം.ഹസൻ, കെ.പി. ഉസ്മാൻ സാഹിബ്, എം.എം. കോയ, കുന്നത്ത് ആലിക്കോയ, എ.വി. മാമുക്കോയ എന്നിവർ ആ ദൗത്യം ഏറ്റെടുക്കുന്നതിൽ സജീവമായി മുന്നോട്ട് വന്നു. ലീഗിനു ടൗണിൽ കെട്ടുറപ്പുള്ള ഒരു കമ്മിറ്റിയായി.സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ പ്രസിഡന്റ്, അഞ്ചുവർഷം ഒപ്പമുണ്ടായിരുന്ന പി. പി. ഹസൻകോയ രാജിവെച്ച ഒഴിവിൽ സി.എച്ച്, മുഹമ്മദ് കോയ സെക്രട്ടറി. ഇത്തവണയും കമ്മിറ്റിയിൽ ഒരംഗമായി മാത്രം ബി.വി. ഒതുങ്ങി നിന്നു. സജീവമായി മുൻനിരയിൽ പ്രവർത്തിച്ചിരുന്നപ്പോ ഴും.

ചരിത്രത്തിന്റെ ഘടികാരം അല്പം പിന്നോട്ട് തിരിക്കട്ടെ. 1946ൽ അന്നത്തെ സംയുക്ത മദ്രാസ് നിയമസഭയിലേക്കുള്ള തിര ഞ്ഞെടുപ്പ്. കോഴിക്കോട് കുറുമ്പ്രനാട് മണ്ഡലത്തിൽ പൗരപ്രമു ഖനും ധനാഢ്യനും പ്രമുഖ പ്രാസംഗകനുമായ പി.പി. ഹസൻകോയ മുസ്ലിം ലീഗ് സ്ഥാനാർത്ഥി, പ്രസംഗവേദികളിൽ ചെറുപ്പക്കാരുടെ ഹരമായി മാറിക്കൊണ്ടിരുന്ന സി.എച്ച്. മുഹമ്മദ് കോയ പ്രചാരണ

പര്യടനത്തിലെല്ലാം അദ്ദേഹത്തിന്റെ പരിഭാഷകൻ. കൊയിലാണ്ടി മേഖലയിൽ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ സയ്യിദ് ഹാഷിം ബാഫഖി തങ്ങൾ സജീവമായി രംഗത്തിറങ്ങി. വിശാലമായ മണ്ഡലത്തിൽ വടകര ഭാഗത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ബി.വി.എത്തി.ലീഗിന്റെ സന്ദേശം മുക്കിലും മൂലയിലും എത്തിക്കാനും ഹസൻകോയയെ വൻ ഭൂരിപക്ഷത്തോടെ മദ്രാസ് അസംബ്ലിയിലേക്കയക്കാനും ആ ശ്രമങ്ങൾ സഹായിച്ചു.പിൽക്കാലത്ത് കോഴിക്കോട് ടൗൺ മുസ്‌ലിം ലീഗിന്റെയും ലീഗ് റിലീഫ് കമ്മിറ്റിയുടെയും പല ഭാരവാഹിത്വങ്ങളും ബി.വി.ക്കു വഹിക്കേണ്ടിവന്നപ്പോൾ, സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങളെയും സി. എച്ച്. മുഹമ്മദ് കോയയേയും പോലുള്ള നേതാക്കൾ ബി.വി.യുടെ സഹപ്രവർത്തകരായി

ബാഫഖി തങ്ങൾ പ്രസിഡന്റും കെ.എം. സീതിസാഹിബ് സെക്രട്ടറിയുമായി സംയുക്ത മലബാർ ജില്ലാക്കമ്മിറ്റി നിലവിൽ വന്നു. സി.എച്ച്. മുഹമ്മദ് കോയയും ബി.വി.യും ഒ.കെ. മുഹമ്മദ് കുഞ്ഞിയും (കണ്ണൂർ) ആയിരുന്നു സഹകാര്യദർശിമാർ.കോഴിക്കോട് ടൗൺ ലീഗിൽ ബാഫഖി തങ്ങൾക്കു പിന്നാലെ ബി.വി. പ്രസിഡന്റ് സ്ഥാനത്തേക്കു വന്നു. നേരത്തെ ബാഫഖി തങ്ങൾക്കു പകരം എന്നു പറഞ്ഞു ബി.വി.യെ ടൗൺ ലീഗ് പ്രസിഡന്റായി തിരഞ്ഞെടുത്തപ്പോൾ, അന്ന് യോഗത്തിനെത്താൻ കഴിയാതിരുന്ന ബി.വി. അതറിഞ്ഞു കുപിതനാവുകയും അദ്ധ്യക്ഷസ്ഥാനം ഏറ്റെടുക്കാൻ വിസമ്മതിക്കുകയും ചെയ്തത് ചരിത്രമാണ്.

സംസ്ഥാന ലീഗിൽ ജോയന്റ് സെക്രട്ടറി പദവും വൈസ് പ്രസിഡന്റ് സ്ഥാനവും വഹിച്ച അബ്ദുല്ലക്കോയ, സി.എച്ച്. 1979ൽ മുഖ്യമന്ത്രി സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടപ്പോൾ സംസ്ഥാന ജനറൽസെക്രട്ടറി സ്ഥാനത്തായിരുന്നു ആരോഗ്യപരമായ കാരണങ്ങളാൽ സെക്രട്ടറി പദം ഒഴിഞ്ഞ ബി.വി. സ്റ്റേറ്റ് ലീഗ് സെക്രട്ടറിയറ്റിലെ ഒന്നാം മെമ്പറായിതുടർന്നു. നാഷണൽ എക്സിക്യൂട്ടീവ് മെമ്പറായും തുടർന്ന അദ്ദേഹം ഇന്ത്യൻ പാർലമെന്റിൽ സംയുക്ത ലീഗ് കമ്മറ്റിയുടെ ചെയർമാൻ പദവും അലങ്കരിച്ചു. മരിക്കുമ്പോൾ കോഴിക്കോട് ജില്ലാ ലീഗ് പ്രസിഡന്റായിരുന്നു.

വ്യവസായ രംഗത്തും തൊഴിൽ മേഖലയിലും

രാഷ്ട്രീയത്തിലെ ബിസിനസ് അറിയില്ലായിരുന്നെങ്കിലും ബിസിനസിലെ രാഷ്ട്രീയം ചെറുപ്പത്തിൽ തന്നെ പഠിച്ചിരുന്ന ആളാ

യിരുന്നു അബ്ദുല്ലക്കോയ.

മുസ്‌ലിംലീഗ് അഖിലേന്ത്യാ പ്രസിഡന്റും പാർലിമെന്റിൽ അബ്ദുല്ലക്കോയയുടെ സഹപ്രവർത്തകനുമായിരുന്ന ഇബ്രാഹിം സുലൈമാൻസേട്ട് ഒരനുസ്മരണ ലേഖനത്തിൽ പറഞ്ഞു. രാഷ്ട്രീയ പ്രവർത്തനവും സമുദായ സേവനവും മുഖ്യലക്ഷ്യമായി സ്വീകരിച്ചില്ലായിരുന്നെങ്കിൽ ബി.വി. കേരളത്തിലെ ഏറ്റവും വലിയ വ്യവസായികളിൽ ഒരാളാകുമായിരുന്നു. (ബി.വി. സ്മരണിക).

മദ്രാസ് മുഹമ്മദൻ കോളേജിൽ പഠിക്കവെ, വൈകുന്നേരങ്ങളിൽ അവിടെ സി. ഉമ്മർകുട്ടി കമ്പനിയിൽ പോയി ഇരുന്നു, അവരുടെ കണക്കു പുസ്തകങ്ങൾ എഴുതുന്നത് ബി.വിക്ക് ഒരു കമ്പമായിരുന്നു.

തലശ്ശേരിക്കാരായ ചീക്കിലോടൻ കുടുംബക്കാരുമായുള്ള ഈ അടുപ്പം അദ്ദേഹത്തിന്റെ ജീവിതത്തെ വഴിതിരിച്ചുവിട്ടു. ചെന്നൈയിലെ കോളേജ് വിദ്യാഭ്യാസത്തിനു ശേഷം നാട്ടിലേക്കു മടങ്ങാതെ, ബി.വി. മുംബെയിലേക്കു തീവണ്ടി കയറി. ടേണർ മോറിസൺ കമ്പനിയിൽ ചേർന്നു കൊണ്ടാരംഭിച്ച ഉദ്യോഗ പർവമാണത്. അവിടെ നിന്നു മുഗൾ ലൈൻസ് ഷിപ്പിങ്ങ് കമ്പനിയിലെത്തിയ അദ്ദേഹം, ഭാര്യയേയും മക്കളേയുംകൂട്ടി ബോംബെയിൽ ഔദ്യോഗിക ജീവിതവും മുസ്‌ലീം ജമാഅത്തുമായി ബന്ധപ്പെട്ടു അല്പം സാമൂഹിക പ്രവർത്തനങ്ങളും നടത്തിവന്നു.

അതിനിടയിലാണ് ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതും, ബോംബുകളിലൊന്നു അവർ താമസിച്ചിരുന്ന ഇസ്രയേൽ മൊഹല്ലയിലെ ബച്ചു അലി കെട്ടിടത്തിനരികെ വീണുപൊട്ടിയതും.

ആ തീയതിയും സമയവും ബി.വി. എന്നും ഓർത്തുവക്കാറുണ്ടായിരുന്നു. 1944 ഏപ്രിൽ 20. ഉച്ചയ്ക്കു രണ്ടുമണി സമയം. ഓഫീസിലെ തിരക്കിനിടയിൽ അല്പം സമയം കണ്ടെത്തി, തൊട്ടടുത്ത ഒരു ഹോട്ടലിൽ ഉച്ചഭക്ഷണം കഴിക്കാൻ കയറിയതായിരുന്നു അദ്ദേഹം.

സ്ഫോടനശബ്ദം കേട്ടതോടെ കുടുംബം താമസിച്ച ഫ്ളാറ്റിലേക്കദ്ദേഹം ഓടി. പത്തു മിനിട്ടിനകം രണ്ടാമതും ബോംബ് പൊട്ടിത്തെറി. സ്ത്രീകളും കുട്ടികളും പരിഭ്രാന്തരായി ഓടുന്നു. ഏതാനുംപേർ രക്തത്തിൽ കുളിച്ചു കിടക്കുന്നു. ചില കെട്ടിടങ്ങൾ തകർന്നിട്ടുമുണ്ട്.

തലശ്ശേരിയിലെ കുടുംബസുഹൃത്തും മുംബെയിലെ പ്രമുഖ ടിംബർ വ്യാപാരിയുമായ സി.ടി. മമ്മുഹാജി തന്റെ കാറയച്ചു ബി.വി.യേയും ഭാര്യയേയും രണ്ടു മക്കളെയും തന്റെ വാസസ്ഥലത്തേക്കു

കൂട്ടിക്കൊണ്ടു പോയി. ആറുദിവസം അവിടെ താമസിച്ചു.

ബോംബ് വീണ വാർത്ത വന്നതോടെ കോഴിക്കോട്ടെയും തലശ്ശേരിയിലെയും ബന്ധുക്കൾക്കായിരുന്നു വലിയ ആശങ്ക.നാട്ടിലേക്കു തിരിച്ചു വരാൻ കത്തും കമ്പിയും ചെന്നു.

അതിനിടയിലാണ് പഴയ കളിക്കൂട്ടുകാരനായ പ്രമുഖ ധനാഢ്യൻ പി.പി. ഹസൻകോയ കോഴിക്കോട്ട് ഒയിറ്റി റോഡിൽ ഒരു വ്യാപാര സമുച്ചയം തുടങ്ങിയത്. സിലോൺഹൗസ് എന്ന പേരിൽ ഒരച്ചുകൂടവും, ഒരു നെയ്ത്തു കമ്പനിയും.

നഗരത്തിലും പരിസരങ്ങളിലുമുള്ള കുറേ ആളുകൾക്ക് ജോലി നൽകാൻ കഴിഞ്ഞ ഈ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകാൻ പറ്റിയ ആൾ ചെറുപ്പത്തിലേ അറിയാവുന്ന അബ്ദുല്ലക്കോയയാണെന്നു ഹസൻ കോയ മനസ്സിലാക്കി. പാർട്ട്ണർമാരായ അളിയന്മാരുടെ സമ്മതത്തോടെ അദ്ദേഹം ബി. വി.യ്ക്ക് അടിയന്തിര സന്ദേശം അയക്കുന്നു.

ഭാര്യയുടെ കുടുംബക്കാരിൽ നിന്നുള്ള സമ്മർദ്ദം കൂടിയായതോടെ അബ്ദുല്ലക്കോയക്കു പിന്നെ പിടിച്ചു നിൽക്കാനായില്ല. അദ്ദേഹം കുടുംബസമേതം മടങ്ങി. സിലോൺ ഹൗസ് സമുച്ചയങ്ങളുടെ ചുമതലയേറ്റു.

ഇംഗ്ലീഷിനും മലയാളത്തിനും പുറമെ ഹിന്ദി, അറബി, ഉർദു ഭാഷകളിൽക്കൂടി അച്ചടി നിർവഹിക്കാവുന്ന തരത്തിൽ സിലോൺ ഹൗസ് പ്രിന്റേഴ്സ് വളർന്നു. പിൽക്കാലത്ത് കേരളത്തിൽ മന്ത്രിയായ പി.പി. ഉമ്മർ കോയയും പ്രമുഖ മതപണ്ഡിതനായ സി.എൻ. അഹമ്മദ് മൗലവിയുമൊക്കെ നേതൃത്വം നൽകി വന്നിരുന്ന ന്യൂ അൻസാരി തുടങ്ങിയ ഇസ്ലാമിക പ്രസിദ്ധീകരണങ്ങൾ വരെ ഇവിടെനിന്നു അബ്ദുല്ലക്കോയ പ്രസാധകനായി ഇറങ്ങി.

അതേ കാംപസിൽ ഒരു പിടിപേർക്കുകൂടി ജോലി സൗകര്യം ഒരുക്കിക്കൊണ്ട് വികസിപ്പിച്ച സഹോദര സ്ഥാപനമായ സിലോൺ ഹൗസ് ടെക്സ്റ്റയിൽസ്, ചുരുങ്ങിയ കാലംകൊണ്ടുതന്നെ ഇന്ത്യക്കകത്തും പുറത്തും അറിയപ്പെടുന്ന വ്യവസായ ശാലയായി. ഇവിടുത്തെ ഉല്പന്നങ്ങൾ പ്രസിദ്ധമായ കോമൺവെൽത്ത് കമ്പനിയുടെയും കണ്ണൂർ ആറോൺ കമ്പനിയുടെയും പ്രോഡക്ടുകളോട് കിടപിടിക്കുന്നതായി.

തന്റെ ജീവിതത്തിന്റെ സിംഹഭാഗവും അബ്ദുല്ലക്കോയ ചെലവഴിച്ചത് നെയ്ത്ത് വ്യവസായ രംഗത്തായിരുന്നു. അമ്പതിലേറെ മഗ്ഗങ്ങളുമായി വളർന്നു പന്തലിച്ച സിലോൺ ഹൗസ് ടെക്സ്റ്റയിൽസിന്റെ സെൽടെക്സ് ബ്രാൻഡ് ഉല്പന്നങ്ങൾക്ക് ഉത്തരേന്ത്യയിൽ നല്ല ഒരു

വിപണിയുണ്ടായി. ഉല്പന്നങ്ങൾ വ്യത്യസ്തമായിരുന്നെങ്കിലും സെൽടെക്സ് എന്ന ബ്രാൻഡ് നെയിമിനെതിരെ കേസിനുപോവാൻ പ്രമുഖ എണ്ണകമ്പനിയായ കാൾട്ടക്സിനെ പ്രേരിപ്പിച്ചതും അന്നു വാർത്തയായിരുന്നു. എന്നാൽ കാൾട്ടക്സിന്റെ വാദങ്ങൾ തള്ളപ്പെട്ടു. ഇതിനിടയിൽ മുസ്ലീം ലീഗ് രാഷ്ട്രീയത്തിന്റെ പേരിൽ കമ്പനി ചെയർമാനായ പി.പി. ഹസൻകോയയുമായി തെറ്റി. താൻ പോറ്റി വളർത്തിയ സിലോൺ ഹൗസ് സ്ഥാപനങ്ങളിൽ നിന്ന ഒരു സുപ്രഭാതത്തിൽ ബി.വി.യ്ക്കു പടി ഇറങ്ങേണ്ടിവന്നു. അദ്ദേഹത്തിന്റെ വീട്ടിലെ ടെലഫോൺപോലും മുതലാളി വിച്ഛേദിച്ചു.

പെട്ടെന്നവസാനിച്ച ആ സൗഹൃദബന്ധം ഇണക്കിചേർക്കാൻ ഹസൻകോയയുടെ സഹോദരി ഭർത്താവായ പി.ഐ. ആലിക്കോയഹാജിയും ജ്യേഷ്ഠൻ പി.ഐ. കുഞ്ഞഹമ്മദ് കുട്ടിഹാജിയും നടത്തിയ ഒത്തു തീർപ്പ് ശ്രമങ്ങൾ പോലും പരാജയപ്പെട്ടു.

തൊഴിൽ രഹിതനായ ബി.വി. ഗത്യന്തരമില്ലാതെ തനിക്കറിയാവുന്ന ഏക മേഖലയായ ടെക്സ്റ്റയിൽസിലേക്കു തന്നെ തിരിഞ്ഞു. പള്ളിക്കണ്ടിയിൽ പി.ഐ കുഞ്ഞഹമദ് കുട്ടിഹാജി വിട്ടുനൽകിയ വാടകകെട്ടിടത്തിൽ മിനർവാടെക്സ്റ്റയിൽസ് പിറന്നു. കോഴിക്കോട് വലിയങ്ങാടിയിലെ വ്യാപാര പ്രമുഖനായ മാഹിസ്വദേശി കെ.പി. ഉസ്മാൻഹാജി സാമ്പത്തിക സഹായവുമായി രംഗപ്രവേശം ചെയ്തു. കാസർകോട്ടെ പ്രമുഖ വ്യവസായി കെ.എസ്. അബ്ദുള്ളയും സഹായത്തിനെത്തി.

മിൻടെക്സ് മുദ്രയോടെ തയാറായ തൂവാലകളും, പുതപ്പുകളും, ഷർട്ടിങ്ങുകളും കിടക്കവിരികളും സാവകാശം ഉത്തരേന്ത്യൻ വിപണിയിലേക്കും കടന്നു. നെയ്ത്ത്ശാല വികസനത്തിനായി ചെറുവണ്ണൂരിൽ മിനർവാ കമ്പനി ഒരു ഏക്കറോളം സ്ഥലം സ്വന്തമായി വാങ്ങി.

എന്നാൽ അതിനിടയിൽ കുടുംബം പോറ്റാൻ വഴി കാണാതെ രാജ്യസഭാംഗത്വം സ്വീകരിച്ച് ഡൽഹിക്കുപോയ അബ്ദുല്ലക്കോയക്കു കമ്പനിയുടെ ദൈനംദിന കാര്യങ്ങൾ ശ്രദ്ധിക്കാനാവാതെ വന്നു.

സാമ്പത്തിക വിഷമങ്ങൾ നേരിട്ടുകൊണ്ടിരുന്നതിനിടയിൽ കമ്പനിക്കു മുന്നിലെന്നപോലെ അബ്ദുല്ലക്കോയയുടെ വീട്ടുപടിക്കലും തൊഴിൽ സമരങ്ങൾ അരങ്ങേറി. ചെറുവണ്ണൂരിൽ വാങ്ങിയ വിശാലമായ സ്ഥലം കൂടി, കിട്ടിയ വിലക്കു വിറ്റു തൊഴിലാളികൾക്കു നഷ്ടപരിഹാരം നൽകിയാണ് അദ്ദേഹം രംഗം വിട്ടത്. പിതാവിനെ പിൻപറ്റികയർ ഉല്പന്നങ്ങളുടെ ഒരു വിപണന കേന്ദ്രവും അബ്ദുല്ലക്കോയ കോഴിക്കോട് പരീക്ഷിച്ചിരുന്നു. ബി.വി. അബ്ദുല്ലക്കോയ

ആൻഡ് കമ്പനി എന്ന പേരിൽ ഗണ്ണി സ്ട്രീറ്റിൽ തുടങ്ങിയ ഈ സ്ഥാപനം അദ്ദേഹത്തിന്റെ സഹോദരന്മാരാണ് കൈകാര്യം ചെയ്തിരുന്നത്.

വലിയങ്ങാടിയിലെയും കൊപ്രബസാറിലെയും ഉല്പന്ന വിപണികളും ക്ഷീണിച്ചതോടെ കാലിച്ചാക്ക് വ്യാപാരത്തിനും പിടിച്ചു നിൽക്കാനായില്ല. അവിടെ ചായപ്പൊടി വ്യാപാരം നടത്തി പുതിയ മേഖല കണ്ടെത്താനുള്ള ശ്രമങ്ങളും മുഴുവൻസമയം ചെലവാക്കാൻ കഴിയാത്തതിനാൽ കൊണ്ടുനടക്കാൻ സാധിച്ചില്ല.

എന്നാൽ വാണിജ്യ-വ്യവസായ മേഖലകളിലെ പരാധീനതകൾ അധികൃത സ്ഥാനങ്ങളിലെത്തിക്കുന്നതിൽ അദ്ദേഹം തന്റെതായ പങ്കുവഹിച്ചു. പത്രമാസികകളിലെ ലേഖനങ്ങൾ വഴിയും ആകാശ വാണിയിലെ പ്രഭാഷണങ്ങൾ മുഖേനയും ഉയർത്തിയ കാര്യങ്ങൾ നടപ്പാക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തന്നെ രൂപം കൊണ്ട കൈത്തറി ഫാക്ടറി ഉടമ സംഘത്തിനു സാധിച്ചു. മലബാർ ചേംബർ ഓഫ് കോമേഴ്സിന്റെ ഭാരവാഹി എന്ന നിലയിലും ഇക്കാര്യങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാറിൽ ഒരു പാട് കുടുംബങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കൈത്തറി വ്യവസായത്തിനു സ്റ്റേറ്റ് ഗവൺമെന്റ് വേണ്ടത്ര പരിഗണന നൽകാത്തതിനെ അദ്ദേഹം നിശിതമായി വിമർശിച്ചു. അതേസമയം രാജാജി ഗവൺമെന്റ് അധികാരത്തിൽ വന്നതോടെ സ്വീകരിച്ച നടപടികളെ പ്രകീർത്തിക്കുകയും ചെയ്തു.

ചെറിയകൂലി നൽകിയും നിലവാരമില്ലാത്ത നൂൽ ഉപയോഗിച്ചും തിരുപ്പൂർ മുതലായ സ്ഥലങ്ങളിൽ നിന്നു കൈത്തറി ഉല്പന്നങ്ങൾ കേരള വിപണിയിലടക്കം വന്നു കയറിയതോടെയാണ് മലബാറിൽ ഈ വ്യവസായം ക്ഷയിച്ചു തുടങ്ങിയത്. സഹകരണാടിസ്ഥാനത്തിൽ ചില ശ്രമങ്ങൾ ഗവൺമെന്റ് നടത്തി നോക്കിയിട്ടും പിടിച്ചു നിൽക്കാനായില്ല. ഒരവസരത്തിൽ നാൽപതിലേറെ ഫാക്ടറികൾ കോഴിക്കോട് മാത്രം പ്രവർത്തിച്ചിരുന്നത് നാലിലൊന്നായി ചുരുങ്ങിയത്, ഒമ്പതുവർഷങ്ങൾക്കിടയിലാണ്.

തൊഴിൽ സമരങ്ങളുടെ വേലിയേറ്റം കൂടിയായപ്പോൾ ബാങ്ക് വായ്പയും സബ്സിഡിയും ഒക്കെയായി പച്ചപിടിപ്പിക്കാൻ ശ്രമിച്ച ഫാക്ടറികളും നശിച്ചുപോവുകയായിരുന്നു. അതേസമയം തന്നെ സംഘടിത തൊഴിലാളിവർഗം വിലപേശൽ സമ്മർദ്ദങ്ങളും ഭീഷണികളുമായി വരുമ്പോൾ തൊഴിലുടമകളും കൂട്ടുത്തരവാദിത്തത്തോടെ അത് നേരിടണമെന്ന അഭിപ്രായവും ബി.വി. പ്രകടിപ്പിക്കാതിരുന്നി

ല്ല.

കോഴിക്കോട്ട് പ്രസ് ഉടമകളുടെ സംഘടനയും നെയ്ത്ത് കമ്പനി ഉടമകളുടെ പ്രസ്ഥാനവും ഉണ്ടാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ച അദ്ദേഹം, വ്യവസായ രംഗത്തെ വികസന പ്രശ്നങ്ങൾ അധികൃതരുടെ ശ്രദ്ധയിൽപെടുത്താനും സംഘടിച്ചു ശക്തരാകുക എന്ന മുദ്രാവാക്യമാണ് ഗുണം ചെയ്യുക എന്നു ഒരേ തൂവൽ പക്ഷികളെ ബോധ്യപ്പെടുത്തുകയുണ്ടായി.

ഫാദർ ജെ.എം. വെർഗോത്തിനി (സേവിയർ പ്രസ്) കെ. എ. കൃഷ്ണൻ (എംപയർ പ്രസ്) എന്നിവരുടെ സഹകരണത്തോടെ അബ്ദുല്ലക്കോയ തുടക്കം കുറിച്ച കാലിക്കറ്റ് പ്രിന്റേഴ്സ് അസോസിയേഷൻ, അച്ചടി രംഗത്തെ പല പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ സഹായകമായി.

നഗരത്തിലും പരിസരങ്ങളിലും ഉണ്ടായിരുന്ന വലുതും ചെറുതുമായ നാല്പതിലേറെ കൈത്തറി ഉല്പന്ന കേന്ദ്രങ്ങളെ ഒരു കുടക്കു കീഴിൽ കൊണ്ടുവന്നു വ്യവസായിക വളർച്ചക്കു സഹായകമാം വിധം കാലിക്കറ്റ് ഹാന്റ്ലൂം ഫാക്ടറി ഓണേഴ്സ് അസോസിയേഷൻ രൂപവൽക്കരിച്ച അദ്ദേഹം തുടക്കത്തിൽ അതിന്റെ സെക്രട്ടറി പദവും പിന്നീട് പ്രസിഡന്റ് സ്ഥാനവും അലങ്കരിക്കുകയുണ്ടായി.

കേരള ഹാന്റ്ലൂം ഡവലപ്പ്മെന്റ് ബോർഡിൽ ഡയറക്ടർ പദവിയിലും അദ്ദേഹം എത്താൻ പിന്നെ അധികകാലം വേണ്ടിവന്നില്ല.

ഒരു നൂറ്റാണ്ടിന്റെ ചരിത്രത്തിലേക്ക് കടക്കുന്ന കോഴിക്കോട്ടെ മലബാർ ചേംബർ ഓഫ് കോമേഴ്സിൽ വളരെ നേരത്തെ തന്നെ അംഗത്വം എടുത്ത അബ്ദുല്ലക്കോയ 30 വർഷത്തോളം എക്സിക്യൂട്ടീവ് അംഗവുമായിരുന്നു. ചേംബറിന്റെ വൈസ്പ്രസിഡന്റ്, ട്രഷറർ സ്ഥാനങ്ങളും അലങ്കരിച്ച ശേഷം 1951-53 കാലഘട്ടത്തിൽ സെക്രട്ടറി പദവിയും വഹിച്ചു.

ഫറോക്കിലെ വെസ്റ്റിന്ത്യാ സ്റ്റീൽ കമ്പനി, മലപ്പുറം സഹകരണ സ്പിന്നിങ്ങ്മിൽ, പെരിയാർ കെമിക്കൽസ്(കൊച്ചി) പ്രീമിയർ ടയേഴ്സ് ,കളമശ്ശേരി, മൊറാർജി കെമിക്കൽസ്, അങ്കമാലി എന്നിവയിലും ഡയറക്ടറായിരുന്നു. മോഹൻ ടൂൾസ് ലിമിറ്റഡ്, സിഡ്കൽ ടെലവിഷൻസ് എന്നിവയുടെ ചെയർമാനും ആയിരുന്നു.

സംസ്ഥാനത്തെ മൊത്തമായി വ്യാപാരി-വ്യവസായികളെ അണിനിരത്തി എറണാകുളത്ത് 1963ൽ നടന്ന ആദ്യത്തെ അഖില കേരള കൺവെൻഷൻ കൊച്ചിയിലെ കരംചന്ദ് റായ് ചന്ദ് മേത്തയെ

പ്രസിഡന്റായും അബ്ദുല്ല ക്കോയയെ വൈസ് പ്രസിഡന്റായും തിരഞ്ഞെടുത്തു.

വ്യാപാരികളും വ്യവസായികളുമായി വ്യാപകമായുണ്ടാക്കാൻ കഴിഞ്ഞ ഈ ബന്ധം പാർലമെന്റിൽ കേന്ദ്ര ബജറ്റിന്റെ ചർച്ചാവേളയിൽ ടാക്സ് ഹോളിഡേ അടക്കമുള്ള നിർദേശങ്ങൾ വെക്കാൻ സഹായകമായി എന്നദ്ദേഹം പറഞ്ഞിരുന്നു. കോഴിക്കോട് വിമാനത്താവളം എന്ന നിർദേശം ചെംബറിലേന്നപോലെ രാജ്യസഭയിലും ആദ്യമായി ഉന്നയിച്ചവരിൽ ഒരാളായിരുന്നു താനെന്നു കോഴിക്കോട്ട് കരിപ്പൂർ വിമാനത്താവളം ഉദ്ഘാടനച്ചടങ്ങിൽ അഭിമാനത്തോടെ അദ്ദേഹം അനുസ്മരിക്കുകയുണ്ടായി.

തൊഴിലാളി വർഗത്തിനുകൂടി, കൂടുതൽ സാധ്യതകൾക്കു വഴി തുറന്നുകൊണ്ട് ബേപ്പൂർ തുറമുഖം വികസിപ്പിക്കേണ്ട ആവശ്യതകളും പലതവണ പാർലമെന്റിൽ അബ്ദുല്ലക്കോയയുടെ ശബ്ദത്തിൽ മുഴങ്ങുകയുണ്ടായി.

കയറുല്പന്ന വിപണി കൈകാര്യം ചെയ്തിരുന്ന ഒരു കുടുംബത്തിലെ അംഗമെന്ന നിലയിൽ, ടി.വി. തോമസും കെ.ആർ ഗൗരിയമ്മയും അമ്പലക്കാട്ട് കരുണാകര മേനോനും ഒക്കെ ഉൾപ്പെട്ട കേന്ദ്ര കയർ ബോർഡിൽ അംഗമായി പ്രവർത്തിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.

കേരള ഗവൺമെന്റ് രൂപവൽക്കരിച്ച കയർ ഉപദേശക സമിതിയിലും ബി.വി.ക്കു അംഗത്വം ലഭിച്ചു. സെൻട്രൽ ഫിഷറീസ് ബോർഡ്, കാർഡമം ബോർഡ് എന്നിവയിലും അംഗമായിരുന്ന അദ്ദേഹം വെസ്റ്റ്കോസ്റ്റ് ഇൻഡസ്ട്രീയൽ അസോസിയേഷന്റെ പ്രധാന ഭാരവാഹിയും ആയിരുന്നു.

ചെറുകിട വ്യവസായ സംരംഭങ്ങൾക്കു ഏറെ ഉത്തേജനം നൽകാൻ സിഡ്കോ ചെയർമാനായിരുന്ന അഞ്ചു വർഷങ്ങളിൽ അദ്ദേഹത്തിനു സാധിച്ചു.

കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ കുറ്റമറ്റ രീതിയിൽ നടത്തിക്കൊണ്ടു പോകാൻ പത്തു വർഷം ചെയർമാനായിരുന്ന അദ്ദേഹത്തിനു കഴിഞ്ഞു. കോഴപ്പണം നൽകിയാലല്ലാതെ ഒരു കടലാസും പാസായി കിട്ടാതിരുന്ന കെ.എഫ്.സി.യിൽ നിന്നു മാസം തോറും ലക്ഷക്കണക്കിനു രൂപയുടെ വായ്പാ അപേക്ഷകൾ കുറ്റമറ്റരീതിയിൽ പാസായിവന്നപ്പോൾ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങളുടെ കൊയ്ത്തുകാലമായിരുന്നു. മലയാള മനോരമ, ചന്ദ്രിക, ദേശാഭിമാനി പത്രസ്ഥാപനങ്ങളുടെ വികസന സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ ചെയർമാന്റെ ഇടപെടൽ ഏറെ ഗുണം ചെയ്തു.

അന്നു ദേശാഭിമാനി ചീഫ് എഡിറ്ററായിരുന്ന പിൽക്കാല മുഖ്യമന്ത്രി ഇ.കെ. നായനാർ അവരുടെ ഓഫ്സെറ്റ് പ്രസ് ഉദ്ഘാടനവേളയിൽ ഇത് പ്രത്യേകം എടുത്തു പറഞ്ഞിരുന്നു. മനോരമയാകട്ടെ അവ രുടെ ഡയറക്ടർ ബോർഡിൽ അബ്ദുല്ലക്കോയയെ അംഗമാക്കിയാണ് ആദരിച്ചത്. ചന്ദ്രികയുടെ ഡയറക്ടറായും ബി.വി. സേവനമനുഷ്ഠി ച്ചിരുന്നു.

വ്യവസായ-വാണിജ്യരംഗങ്ങളുടെ അഭിവൃദ്ധിക്കു തൊഴി ലാളികളും തൊഴിലുടമകളും തമ്മിൽ ഉറച്ച ബന്ധംവേണമെന്ന അഭി പ്രായക്കാരനായിരുന്നു അദ്ദേഹം.

നെയ്ത്ത് തൊഴിലാളികളുടെയും പ്രസ് തൊഴിലാളികളു ടെയും അവകാശ സമരങ്ങളിൽ, മാനുഷിക പ്രശ്നങ്ങൾ കാണാ നുള്ള കണ്ണ് അദ്ദേഹത്തിനുണ്ടായിരുന്നു.ട്രേഡ് യൂണിയൻ നേതാ ക്കളുമായുള്ള ചർച്ചകളിൽ മാനേജ്മെന്റ് പ്രതിനിധി ആയാണ് എന്നും അദ്ദേഹം പങ്കെടുക്കാറുള്ളതെങ്കിലും കൂടിയാലോചനക ളിലൂടെ ഏത് പ്രശ്നത്തിനും പരിഹാരം കാണാമെന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

കൂലി വർധനയുടെയും ബോണസിന്റെയും പേരിൽ അദ്ദേ ഹത്തിന്റെ കമ്പനികളിൽ തന്നെ പല സമരങ്ങളും നടന്നിരുന്നു. വീട്ടു പടിക്കലേക്കു പോലും സത്യഗ്രഹം വ്യാപിപ്പിക്കാനും തൊഴി ലാളികൾ തുനിഞ്ഞു

അപ്പോഴും ഇ.സി. ഭരതനെയും പി.വി. ശങ്കരനാരായണ നെയും കല്ലാട്ട് കൃഷ്ണനേയും ടി. രാമനുണ്ണിയേയും പോലുള്ള നേതാക്കളെ തന്റെ വീട്ടിലേക്ക് വിളിച്ചുവരുത്തി ഒത്തുതീർപ്പുകളു ണ്ടാക്കാൻ ബി.വി. ക്കു സാധിച്ചു.

ഇലയ്ക്കും മുള്ളിനും കേടില്ലാതെ തൊഴിൽ പ്രശ്നങ്ങൾ ഒത്തുതീർക്കാൻ കഴിയുമെന്ന തന്റെ ഫോർമുല അദ്ദേഹം ആദ്യമാ യിത്തന്നെ ബോധ്യപ്പെടുത്തിയത് മുസ്ലീംലീഗിന്റെ തന്നെ നിയ ന്ത്രണത്തിലുള്ള എസ്.ടി.യൂവിന്റെ നേതാക്കളെയും അണികളെയു മാണ്.

സ്വന്തമായി നെയ്ത്തു കമ്പനി നടത്തിയ കാലത്തും തൊഴി ലാളികളുമായി നല്ല ബന്ധം പുലർത്തിയിരുന്ന വ്യവസായി ആയി രുന്നു അബ്ദുല്ലക്കോയ. രാഷ്ട്രീയത്തിനതീതമായ തൊഴിലാളി പ്രസ്ഥാനത്തിനു മാത്രമെ നിലനിൽപ്പുള്ളു എന്ന അഭിപ്രായക്കാര നായിരുന്നു അദ്ദേഹം. കോഴിക്കോട്ട് നെയ്ത്തുകമ്പനി സമരങ്ങൾ നടന്ന കാലത്തും, പിൽക്കാലത്തും കയറുല്പന്ന വ്യാപാരം ചെറിയ തോതിൽ നടത്തിയതിന്റെ പശ്ചാത്തലത്തലിൽ കയർ ബോർഡിൽ

അംഗമായിരുന്നപ്പോഴും, ഇത്തരത്തിലുള്ള തൊഴിലാളി - മുതലാളി ബന്ധങ്ങൾ കൊണ്ടുമാത്രമെ ജീവനക്കാർക്കെന്നപോലെ വ്യവസായങ്ങൾക്കും നിലനിൽപ് ഉണ്ടാവു എന്നതായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം.

ചില തൊഴിൽ സമരങ്ങൾ തന്റെ വീട്ടുപടിക്കലെ സത്യാഗ്രഹം വരെയൊക്കെ നീണ്ടുപോയപ്പോഴും തൊഴിലാളികളെ അദ്ദേഹം എതിർപക്ഷത്തായല്ല കണ്ടത്. വ്യത്യസ്ത രാഷ്ട്രീയപാർട്ടികളോട് ആഭിമുഖ്യമുള്ള നേതാക്കൾ സമരം നയിച്ചുവന്നപ്പോഴും അവരെ തമ്മിലടിപ്പിക്കാനല്ല അവരെ ഒന്നായി തന്റെ വീട്ടിൽ വിളിച്ചു വരുത്തി ചായസൽക്കാരം നടത്തി കൂട്ടായ തീരുമാനത്തിലെത്തുന്നതായിരുന്നു, അബ്ദുല്ലക്കോയയുടെ ശൈലി.

മതത്തിന്റെ പേരില്ലാതെ ജാതി-രാഷ്ട്രീയ-വർഗ-വർണ വ്യത്യാസം കൂടാതെ അവകാശ സംരക്ഷണത്തിനു ഒരു സംഘടന വേണമെന്ന കെ.എം. സീതിസാഹിബിന്റെ നിർദ്ദേശം സ്വതന്ത്ര തൊഴിലാളി യൂണിയൻ എന്ന പ്രസ്ഥാനത്തിന് ജന്മം നൽകിയ കാലം. കോഴിക്കോട് സംസ്ഥാടിസ്ഥാനത്തിൽ ചേർന്ന പ്രതിനിധിസമ്മേളനം ഇ. എസ്. എം. ഹനീഫ ഹാജി പ്രസിഡണ്ടും കെ.എം. ഹംസ ജനറൽസെക്രട്ടറിയുമായി സംസ്ഥാന എസ്.ടി.യു. രൂപവൽക്കരിച്ചു.

1956 നവംബറിലാണ് സ്വതന്ത്രതൊഴിലാളി യൂണിയൻ ഔദ്യോഗികമായി നിലവിൽ വന്നതെങ്കിലും ഇരുപത് മാസങ്ങൾക്ക് മുമ്പ് തന്നെ അതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞിരുന്നു. ബാഫഖി തങ്ങളുടെയും സീതിസാഹിബിന്റെയും നേതൃത്വത്തിൽ 1955 മാർച്ചിൽ മുസ്ലീം ലീഗ് രൂപവൽക്കരിച്ച എട്ടംഗ തൊഴിൽനയ ഉപസമിതിയിൽ ബി.വി. അംഗമായിരുന്നു.

1980 ൽ എസ്. ടി. യു. അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രവർത്തനം വ്യാപിപ്പിക്കാൻ കോഴിക്കോട്ട് കല്പക ഓഡിറ്റോറിയത്തിൽ ചേർന്ന തീരുമാനമെടുത്തത് അബ്ദുല്ലക്കോയയുടെ ആധ്യക്ഷത്തിലായിരുന്നു. യു.എ. ബീരാൻ പ്രസിഡന്റും എം.എ. ലത്തീഫ് (തമിഴ്നാട്) ജനറൽ സെക്രട്ടറിയും ആയി രൂപവൽക്കരിക്കപ്പെട്ട അഖിലേന്ത്യാ സ്വതന്ത്ര ട്രേഡ് യൂണിയൻ കൗൺസിലിന്റെ (എ.ഐ.എസ്.ടി.യു.സി) ട്രഷറർ അബ്ദുല്ലക്കോയയായിരുന്നു.

ചന്ദ്രികാപത്രത്തിൽ തൊഴിൽ സമരമുണ്ടായപ്പോൾ അത് പരിഹരിക്കുന്നതിൽ ബി.വി. പ്രധാനപങ്ക് വഹിച്ചു. വെള്ളയിലെ മത്സ്യത്തൊഴിലാളി പ്രശ്നങ്ങളും വലിയങ്ങാടിയിലെ ചുമട്ടു തൊഴിലാളി പ്രശ്നങ്ങളും ഒത്തുതീർക്കുന്നതിൽ ഇരുവിഭാഗങ്ങളും ബി.വി.യുടെ മധ്യസ്ഥശ്രമങ്ങളെ ആശ്രയിച്ച സംഭവങ്ങൾ പലപ്പോഴും ഉണ്ടായി.

മനുഷ്യരിൽ അല്ലാഹുവിനു ഏറ്റവും വെറുപ്പുള്ളവൻ സത്യ വിരുദ്ധമായി വീറോടെ വാദിക്കുന്ന താർക്കികനാകുന്നു എന്ന നബി വചനം വ്യവസായ രംഗത്തും അദ്ദേഹത്തെ ഭരിച്ചിരുന്നോ ആവോ?.



പ്രധാനമന്ത്രി രാജീവ് ഗാന്ധിയെ കേരള സന്ദർശന വേളയിൽ കോഴിക്കോട്ട് ബി.വി സ്വീകരിക്കുന്നു. മധ്യത്തിൽ മുഖ്യമന്ത്രി കെ. കരുണാകരൻ.

6 പ്രാർഥനാമന്ത്രങ്ങളുമായി ലോകസഞ്ചാരം

നാലു ഹജ്ജും അഞ്ച് ഉംറയും നിർവഹിക്കാൻ കഴിഞ്ഞ ചാരിതാർത്ഥ്യത്തോടെയാണ് 84-ാം വയസിൽ അബ്ദുല്ലക്കോയ കണ്ണടച്ചത്. സഞ്ചാരങ്ങൾ പ്രത്യേകിച്ച് അവ പുണ്യയാത്രകളാണെങ്കിൽ, ലഭിക്കുന്ന ആദ്യ അവസരം തന്നെ അതിനു ഉപയോഗിക്കണമെന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം. മുസ്‌ലിം ലോകത്തിന്റെ കേന്ദ്ര ബിന്ദുവായ ഹിജാസിന്റെ നാടായ സൗദി അറേബ്യ, ചെറുപ്പ കാലത്ത് തന്നെ ബി.വി.യെ ആകർഷിച്ചിരുന്നിരിക്കാം.

വർഷംതോറും ലോകത്തിന്റെ അഷ്ടദിക്കുകളിൽ നിന്നും ആഴിയുടെയും ആകാശത്തിന്റെയും അതിരുകൾ ഭേദിച്ച്, ജനലക്ഷങ്ങൾ മക്കാമുകർമയിലെയും മദീനാ മുനവറയിലെയും പരിശുദ്ധ ഹറമുകളിലേക്കു തീർഥാടനത്തിനു പോകുന്നത് ശ്രദ്ധിക്കുമ്പോൾ പ്രാർത്ഥനക്കുത്തരം ലഭിക്കുന്ന ആ പുണ്യഗേഹങ്ങളിലേക്ക് ഒരിക്കൽ തനിക്കും എത്താൻ കഴിയണമേ എന്നു മനമുരുകിപ്രാർഥിക്കാറുണ്ടെന്നതിന്റെ സൂചനകൾ. നാൽപതുക ളിൽ തന്റെ പിതാവ് എസ്.വി. അബൂബക്കർ ഹാജി, വിശുദ്ധ ഹജ്ജ്കർമത്തിനു പോകുമ്പോൾ യാത്രയയച്ച അബ്ദുല്ലക്കോയയുടെ കൗമാരമനസ് അങ്ങനെയൊരു സുദിനം തനിക്കും ലഭിക്കുമെന്നാഗ്രഹിക്കുകയും ചെയ്തതിൽ അത്ഭുതമില്ല.

പിതാവിന്റെ കപ്പൽ വഴിയായ ഹജ്ജ് യാത്രക്കു സൗകര്യം ഒരുക്കാൻ ഭാര്യാപിതാവായ ടി.സി. മായൻ ഹാജി അന്നു മുംബെയിൽ ഉണ്ടായിരുന്നു.ഹജ്ജ് യാത്രികരുടെ സൗകര്യങ്ങൾ നോക്കിയിരുന്ന മുംബെയിലെ പോർട്ട് ഹജ്ജ് കമ്മിറ്റിയിൽ ആദ്യത്തെ ഇന്ത്യൻ എക്സിക്യൂട്ടീവ് ഓഫീസറായിരുന്നു, തലശ്ശേരിക്കാരനായ തച്ചറക്കൽ കണ്ണോത്ത് മായൻ സാഹിബ്.

പ്രവാചകന്റെ കാലത്ത്തന്നെ സൗദിഅറേബ്യയുമായി ബന്ധപ്പെട്ടിരുന്ന ഒരു പ്രദേശമായിരുന്നല്ലൊ കേരളം. കൊടുങ്ങല്ലൂർ

ആസ്ഥാനമായി നാടുവാണിരുന്ന ഒരു ചേരമാൻ പെരുമാൾ, ഇസ്ലാം മതം സ്വീകരിച്ച് അറേബ്യയിലേക്കു പോയതും,അദ്ദേഹം സന്ദേശ വാഹകരായി അയച്ച മാലിക്ക്ബിനു ദീനാറും സംഘവും കേരളത്തിൽ ഒമ്പത് പള്ളികൾ സ്ഥാപിച്ചതും ചരിത്രം.

1968ലാണ് അബ്ദുല്ലക്കോയ ആദ്യമായി സൗദിഅറേബ്യ സന്ദർശിച്ചത്. മധ്യപൂർവ ദേശത്തെ ഒന്നരമാസം നീണ്ടു നീന്ന പര്യടനത്തിന്റെ ഭാഗമായി ഇബ്രാഹിം സുലൈമാൻ സേട്ട് , സയ്യിദ് ഉമർ ബാഫഖി തങ്ങൾ എന്നിവരോടൊപ്പമായിരുന്നു യാത്ര.

പ്രവാചകരുടെ കാലടിപ്പാടുകൾ പതിഞ്ഞ പുണ്യഭൂമിയിൽ ആ വിശുദ്ധ റമസാൻ കാലത്ത് നടത്തിയ ഉംറയെക്കുറിച്ച് അന്നു അദ്ദേഹം മലയാള മനോരമയിൽ പരമ്പര എഴുതിയിരുന്നു. അത് കഴിഞ്ഞവർഷം മനോരമ അറേബ്യൻ നാടുകളിലൂടെ, എന്ന ശീർഷകത്തിൽ ഗ്രന്ഥ രൂപത്തിലും പ്രസിദ്ധീകരിക്കുകയുണ്ടായി.

ചിതറിക്കിടക്കുന്ന നക്ഷത്രങ്ങൾക്കു ചുവടെ പുതിയൊരാകാശം, പുതിയൊരു ഭൂമി. പാപഭാരങ്ങളെല്ലാം ഇറക്കിവെച്ചു പരിശുദ്ധ ഹറമിലെ വെണ്ണക്കൽ തറയിൽ, നിന്നും ഇരുന്നും മുഖമമർത്തിയും കണ്ണീർ പൊഴിക്കുന്ന ജനലക്ഷങ്ങളെക്കുറിച്ചദ്ദേഹം വാചാലനായി. പ്രാർഥനക്കുത്തരം ലഭിക്കുന്ന പുണ്യസ്ഥലത്തെത്തിത്വവാഫും സഇയും വിവിധ പ്രായക്കാരായ സ്ത്രീകൾക്കും പുരുഷന്മാർക്കുമൊപ്പം പുതുതലമുറയുടെ വാഗ്ദാനങ്ങളായ പിഞ്ചുകുട്ടികളും നിർവഹിക്കുന്നത് കണ്ടു അദ്ദേഹം സായൂജ്യമണിഞ്ഞു.

തൽബിയത്തും തർബിയത്തും കൈകോർക്കുമ്പോൾ ഹറം പള്ളിയുടെ മിനാ രങ്ങളിൽ ദിവ്യതേജസാണ് അനുഭവപ്പെട്ടതെന്ന ദ്ദേഹം യാത്രാവിവരണത്തിൽ കുറിക്കുകയുണ്ടായി.

പടിഞ്ഞാറ് ചെങ്കടലും കിഴക്ക് പേർഷ്യൻ ഉൾക്കടലും അതിരിട്ടു നിൽക്കുന്ന സൗദി അറേബ്യയുടെ ഹൃദയമായ മക്കാപട്ടണം എട്ടുലക്ഷം ജനങ്ങളുടെ നഗരിയാണെങ്കിലും, വിശുദ്ധഹജ്ജ് വേളകളിൽ എങ്ങനെയാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന 25 ലക്ഷംത്തോളം വരുന്ന തീർത്ഥാടകർക്ക് എല്ലാസൗകര്യങ്ങളും ഒരുക്കുന്നതെന്നാലോചിച്ചു തങ്ങൾ അത്ഭുതപ്പെട്ടുപോയി എന്നദ്ദേഹം പറയുന്നു.

ഭൂമിയിൽ ഏക ദൈവവിശ്വാസിയുടെ ഏറ്റവും വലിയ പ്രാർത്ഥനാലയമായ കഅബാലയം, ശുദ്ധമായ കറുത്ത പട്ടുടുത്ത് ഹറം പള്ളിയുടെ 95 കവാടങ്ങളിലൂടെയും കടന്നു വരുന്ന തീർത്ഥാടകലക്ഷങ്ങൾക്ക് സ്വാഗതമോതുന്നു. നിഴലുകൾക്കുപോലും ഇടമില്ലാത്തവിധം തിങ്ങിനിറഞ്ഞ ജനസാഗരം. ഒരേവേഷം ഒരേ ഭാഷ.

കഅബയുടെ കിഴക്കെ മൂലയിൽ വാതിലിനു സമീപത്തായി സ്ഥാപിച്ച സ്വർഗ ശിലയായ ഹജറുൽ അസ്വദിൽ മുത്തമിട്ടും, വാതിലിനു നേരെ പന്ത്രണ്ടു മീറ്റർ അകലത്തിൽ പ്രവാചക പ്രവരനായ മുഹമ്മദ് നബി സ്ഥാപിച്ച ശില അടക്കം ചെയ്ത മഖാമു ഇബ്രാഹിമിനു മുന്നിൽ മുട്ടുകുത്തി നിന്നു പ്രാർഥിച്ചും ആണ് ദൗത്യം പൂർത്തിയാക്കി അവർ മടങ്ങിയത്. സഹസ്രാബ്ദങ്ങളായി ജനലക്ഷങ്ങൾ മോന്തിക്കുടിച്ചിട്ടും മരുഭൂമിയിലെ വറ്റാത്ത തണ്ണീരുറവയായ സംസം. കഅബയിൽ നിന്നു 20 മീറ്റർ കിഴക്കായി ആ ജലപ്രവാഹം അത്ഭുതത്തോടെയാണവർ നോക്കി കാണുന്നത്. അവിടെനിന്നു യഥേഷ്ടം തീർഥജലം കുടിച്ച ശേഷം റമസാൻ മാസത്തിലെ മുന്നാമത്തെ വെള്ളിയാഴ്ച മടങ്ങുകയായിരുന്നു.

മക്കയിൽ നിന്നും 420 കിലോമീറ്റർ അകലെ മദീനയിൽ പ്രവാചക ശിരോമണിയായ മുഹമ്മദ് നബി പണിത മസ്ജിദിൽ അർധരാത്രിയാണ് അവർ എത്തിയത്. അപ്പോഴും ഭക്തജനങ്ങളുടെ നിലക്കാത്ത പ്രവാഹമാണവർ അവിടെ കണ്ടത്. പ്രവാചകന്റെ അന്ത്യ വിശ്രമസ്ഥലമായ റൗളാ ശരീഫും ഖലീഫമാരുടെ മഖ്ബറകളും സന്ദർശിച്ച് പ്രാർത്ഥന നടത്തി അവർ മടങ്ങി. കയ്യും മെയ്യും പതിഞ്ഞിടത്തൊക്കെ ഹൃദയവും ചേർത്തുവെച്ചുകൊണ്ട്.

തലസ്ഥാനമായ റിയാദിലെ രാജകൊട്ടരത്തിൽ ചെന്നു സൗദിഭരണാധിപനായ ഫൈസൽ ബിൻ അബ്ദുൾ അസീസ് രാജാവിനേയും സന്ദർശിച്ച ശേഷമാണ് സുലൈമാൻ സേട്ടുവും സയ്യിദ് ഉമർ ബാഫഖിയും അബ്ദുല്ലക്കോയയും മടങ്ങിയത്.

സൗദി അറേബ്യ മാത്രമല്ല, റഷ്യ, ഇറാഖ്, സിറിയ, യു.എ.ഇ., ബഹ്റൈൻ, ഒമാൻ, ഖത്തർ, കുവൈത്ത്, ജോർദാൻ, ലെബനൺ, ജപ്പാൻ, സിംഗപ്പൂർ, ശ്രീലങ്ക, തെക്കൻ കൊറിയ, മലേഷ്യ എന്നീ നാടുകളും അബ്ദുല്ലക്കോയ സന്ദർശിച്ചിട്ടുണ്ട്.

സൗദിയാത്രകൾ പുണ്യതീർഥാടനമായാണ് അദ്ദേഹം അനുഭവിച്ചതെങ്കിൽ മറ്റു രാജ്യ സന്ദർശനങ്ങൾ, ഒരു പഠന യാത്രയാക്കി മാറ്റാനാണ് അദ്ദേഹം ശ്രദ്ധിച്ചത്. പ്രവാസികളുടെ ജീവിത വിഷമങ്ങൾ മനസ്സിലാക്കാനും. ആ രാജ്യങ്ങളിലെ വികസന പുരോഗതി, നാട്ടുകാരുടെ ജീവിതരീതി, അവിടങ്ങളിൽ എത്തിപ്പെട്ട മലയാളികളുടെ സ്ഥിതി എന്നിവയെല്ലാം ആ സൂക്ഷ്മ പഠനത്തിനു വിധേയമായിരുന്നു. മദ്രാസിൽ പഠിക്കുകയും ബോംബെയിൽ ഉദ്യോഗം വഹിക്കുകയും ചെയ്തകാലം മുതൽ തന്നെ പ്രവാസി മലയാളികളുടെ പ്രശ്നങ്ങളുമായി അടുത്തിട പഴകിയ അനുഭവങ്ങൾ അദ്ദേഹത്തിനു ഏറെ ഉണ്ടായിരുന്നുതാനും.

രണ്ടാം ലോകമഹായുദ്ധകാലത്ത് കുടുംബത്തോടൊപ്പം ബോംബെയിൽ കഴിഞ്ഞ ബി. വി., മലയാളികളുടെ ഇഷ്ടസുഹൃത്തായിരുന്നു. കേരള മുസ്ലീം ജമാഅത്തുമായി ബന്ധപ്പെട്ട് കപ്പൽ മാർഗം ഹജിനു പോകാനായി ബോംബെയിൽ എത്തുന്ന മലയാളികൾക്ക് മുഗൾ ലൈൻസ് കപ്പൽ കമ്പനി ഉദ്യോഗസ്ഥനായ അദ്ദേഹവും പോർട്ട് ഹജ് കമ്മിറ്റി എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ഭാര്യാപിതാവ് ടി.സി. മായൻ ഹാജിയും വലിയ തുണയായിരുന്നു.

ബോംബെകാലം അവസാനിപ്പിച്ച് കോഴിക്കോട്ടേക്കു മടങ്ങിയപ്പോഴും മറുനാടൻ മലയാളി പ്രശ്നങ്ങളിൽ അദ്ദേഹം സജീവമായി ഇടപെട്ടു. മംഗലാപുരം, മദ്രാസ്, ബാംഗ്ലൂർ, മൈസൂർ, കൊൽക്കട്ട തുടങ്ങിയ സ്ഥലങ്ങളിലുള്ള മലയാളി സംഘടനകളുമായും അടുത്ത ബന്ധം പുലർത്തി.

വിദേശപര്യടന കാലത്ത് അവിടങ്ങളിലെ പ്രവാസികളുടെ കാര്യത്തിൽ എംബസികളുമായി ഇടപെടാനും, തിരിച്ചു വന്ന് ഡൽഹിയിൽ വിദേശ മന്ത്രാലയങ്ങളുമായി ബന്ധപ്പെടാനും അദ്ദേഹം സമയം കണ്ടു

അദ്ദേഹം 1998ൽ മരണപ്പെട്ടപ്പോൾ വിദേശങ്ങളിൽ നിന്ന് പ്രവഹിച്ച അനുശോചന സന്ദേശങ്ങൾ ആ സേവനങ്ങൾക്കുള്ള സാക്ഷ്യപത്രങ്ങളത്രെ.

1968 ലെ പര്യടന കാലത്ത് യു.എ.ഇ. പിറന്നിട്ട് പോലും ഉണ്ടായിരുന്നില്ല. 1971ൽ രൂപം കൊണ്ടു യൂണൈറ്റഡ് അറബ് എമിറേറ്റ്സിലെ അംഗരാജ്യങ്ങൾ അന്നു ബ്രിട്ടീഷ് കോയ്മയിലായിരുന്ന ട്രൂഷ്യൽ സ്റ്റേറ്റ്സ് ആയിരുന്നു. വിസയ്ക്കു പോലും ബ്രിട്ടീഷ് എംബസിയെ ആശ്രയിക്കേണ്ടിവന്ന അവസ്ഥ. എന്നാൽ മറ്റു രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റങ്ങൾ വലിയ തോതിലല്ലെങ്കിലും ദുബായിലും അബുദാബിയിലും, ബഹ്റൈനിലുമൊക്കെ ആരംഭിച്ചിരുന്നു. എണ്ണപ്പണംകൊണ്ടു വീർത്തുവരുന്ന രാജ്യങ്ങൾ ഒന്നും നഷ്ടപ്പെടാനില്ലാത്ത വിധം പാശ്ചാത്യ സംസ്കാരത്തിനടിമപ്പെട്ട് ധൂർത്തടിച്ചു കാലം കഴിക്കുകയാണെന്നു കണ്ടപ്പോൾ, ആ അക്ഷയപാത്രം അടികണ്ടുതുടങ്ങുന്ന കാലം വരുമെന്നദ്ദേഹം യാത്രാവിവരണത്തിൽ സൂചിപ്പിച്ചിരുന്നു.

എണ്ണക്കിണറുകൾ വറ്റിപ്പോകുംമുമ്പ് എന്തെങ്കിലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ ഗൾഫ് രാജ്യങ്ങൾ ശ്രദ്ധിക്കണമെന്നു അദ്ദേഹം എഴുതി. എന്നും ഗൾഫ് പണം നമ്മെ രക്ഷിക്കുമെന്നു കരുതി ഒന്നും സമ്പാദിച്ചു വയ്ക്കാതിരിക്കരുതെന്ന്

പ്രവാസി സമൂഹത്തെ അദ്ദേഹം ഉണർത്തുകയും ചെയ്തു.

ഔദ്യോഗിക സന്ദർശനമെന്ന നിലയിൽ സർക്കാർ സൗകര്യങ്ങൾ ഏറെ ലഭിച്ചപ്പോഴും മലയാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങൾ അബ്ദുല്ലക്കോയയും, സുലൈമാൻ സേട്ടും, സയ്യിദ് ഉമർ തങ്ങളും സന്ദർശിക്കുകയും, അവരുടെ പ്രശ്നങ്ങൾ പഠിക്കുകയും ചെയ്തു. ആശുപത്രികളിൽ വിലപ്പെട്ട സേവനങ്ങൾ നടത്തുന്ന മലയാളി നഴ്സുമാരും അവരുടെ പ്രത്യേക ശ്രദ്ധയ്ക്കു പാത്രമായി.അവരുടെയൊക്കെ പ്രശ്നങ്ങൾ ഇന്ത്യൻ നയതന്ത്ര പ്രതിനിധികളുടെ ശ്രദ്ധയിൽപ്പെടുത്താൻ അവർ മറന്നില്ല. തിരിച്ചുവന്ന ശേഷം ഡൽഹിയിൽ അധികാര സ്ഥാനങ്ങളിൽ അവ നിവേദനമായി സമർപ്പിക്കുകയും ചെയ്തു.

കോഴിക്കോട് ചാപ്പയിലെ പാവപ്പെട്ട ഒരു കൂരയിൽ പിറന്ന് ഒരു അറബിബോട്ടിൽ കുവൈത്തിന്റെ കരപറ്റിയ ബാലൻ പിന്നീട് മല ബാറിസ് എന്നവാണിജ്യ ശൃംഖലയുടെ ഉടമയായ അലി ബക്കർ മല ബാരി, കോഴിക്കോട്ട് ചെമ്മങ്ങാട്ട് ജനിച്ച് ഒരു അറബിധനാഢ്യനെ വിവാഹംചെയ്ത് വർഷങ്ങൾ ക്കുശേഷവും മലബാരി വേഷവുമായി നടക്കുന്ന ഫാത്തിമാബി തുടങ്ങിയ കഥാപാത്രങ്ങളും അബ്ദുല്ല ക്കോയയുടെ യാത്രാവിവരണങ്ങളിലുണ്ട് .(അ റേബ്യൻനാടുകളിലൂടെ).

സുഖദുഃഖങ്ങളുമായി പ്രവാസിസമൂഹം

ജനാധിപത്യരീതിയിൽ തിരഞ്ഞെടുപ്പും, പ്രജാധിപത്യത്തെ ആദരിക്കുന്ന ഭരണഘടനയുമായി രാജ്യഭരണംനടത്തുന്ന ബഹ്റൈൻ, ഇന്ത്യക്കാർക്കൊരു പർദീസ തുറന്നു കൊടുത്ത ദുബായ്, രണ്ടു മത വിഭാഗങ്ങൾ രമ്യതയിൽ കഴിയുന്ന ലെബനോൺ, ആദായകരമായ കമ്പോളങ്ങൾ തേടിയുള്ള സാധന ങ്ങളുടെ കൂലം കുത്തിയൊഴുക്കിൽ വീർപ്പുമുട്ടുന്ന ഷാർജ, പശ്ചിമേഷ്യൻ യുദ്ധത്തിന്റെ മുറിവുകളിൽ നിന്നു ഇനിയും മോചിതമായിട്ടില്ലാത്ത ജോർദ്ദാൻ, പട്ടാള ഭരണത്തിന്റെ കരുത്തിലും ഇസ്ലാമിക സ്വഭാവം കാണിക്കാൻ മടിക്കുന്ന ഇറാഖ്, കമ്മ്യൂണിസത്തെക്കാളേറെ സോഷ്യലിസത്തിനു കൈകൊടുത്തു നിൽക്കുന്ന സിറിയ, ഒക്കെയും യാത്രാസംഘത്തെ ഹഠാദാകർഷിച്ചു.

വിസ്തീർണം കൊണ്ടു സൗദി അറേബ്യയുടെ ഒരു ശതമാനം പോലും ഇല്ലാത്ത കുവൈത്ത്, എണ്ണപ്പാടങ്ങളുടെ സമൃദ്ധിയിൽ അറബ് നാടുകളിലെ ഏറ്റവും സമ്പന്നമായ രാജ്യമായി വിരാജിക്കുന്നതവർ

കണ്ടു.

സൗദി അറേബ്യയിലെ ഭരണാധികാരി ഫൈസൽ രാജാവിനെ എന്ന പോലെ ബഹ്റൈൻ ഭരണാധികാരി ശൈഖ് ഈസാബിൻ സുലൈമാൻ ഖലീഫ, കുവൈത്തിന്റെ പ്രധാനമന്ത്രി ശൈഖ് ജാബിർ, സ്പീക്കർ അഹമദുൽ സുബ്ഹാൻ, മന്ത്രിമാരായ സയ്യിദ് ഹാഷിമുൽ റിഫായി, ഇറാഖ് വാർത്താ വിതരണമന്ത്രി അബ്ദുല്ലാ സലാം, മന്ത്രിമാരായ ശൈഖ്മുഹമ്മദ് ബിൻ മുബാറക്കൽ ഖലീഫ, ശൈഖ് അബ്ദുൽ ലത്തീഫ്, മദീനാ ഗവർണർ ശൈഖ് മുഹസിൻ ബിൻ അബ്ദുൾ അസീസ്, എന്നിവരെയും അബ്ദുല്ലക്കോയയും സംഘവും സന്ദർശിക്കുകയുണ്ടായി.

ചന്തത്തിലും വെടിപ്പിലും ഒന്നിനോടൊന്നു മത്സരിക്കുന്ന പള്ളികൾ, പൂഴിമണൽക്കുന്നുകൾ ചാടിക്കടന്നു പായുന്ന കാറുകൾ, സ്വന്തം കാർ ഓടിച്ചു ജോലിക്കു വരുന്ന പാചകക്കാരനും ബാർബറും, ഇംഗ്ലീഷിലും അറബിയിലുമെന്നപോലെ മലയാളത്തിലും സൈൻ ബോർഡുകൾ തലയിലേറ്റി നിൽക്കുന്ന വ്യാപാര സ്ഥാപനങ്ങൾ - വെയിൽ തിളപ്പിക്കുന്ന ആകാശത്തിന് ചുവട്ടിൽ അവർ അങ്ങനെ പലതും കണ്ടു. മലബാറിന്റെ ഒരു ഭാഗം അടർത്തിയെടുത്ത പോലെയാണ് പല പ്രദേശങ്ങളും കണ്ടതെന്നദ്ദേഹം എഴുതി. കേരളത്തിന്റെ ഹൃദയം അവിടെ പലയിടത്തും തുടിക്കുന്നതായി തോന്നി എന്നും.

ബി.വി.യുടെ യാത്രാവിവരണഗ്രന്ഥത്തിന്റെ അവതാരികയിൽ പിൽക്കാല പ്രവാസി കാര്യമന്ത്രി വയലാർ രവി എഴുതി: മലയാളി ഇഷ്ടപ്പെടുന്ന നാടിനെക്കുറിച്ചുള്ള അനുഭവ സമ്പത്ത് പങ്ക് വെച്ചു കൊണ്ട് ബി.വി. നമ്മോട് വർത്തമാനം പറയുന്നു

നിർഭാഗ്യവശാൽ ഇതര രാജ്യങ്ങൾ സന്ദർശിച്ചതിനെക്കുറിച്ച് ഒരു വിവരവും അദ്ദേഹത്തിനു എഴുതാൻ സമയം കിട്ടാതെ പോയത് വായനക്കാർക്ക് വലിയ നഷ്ടമായെന്നു തോന്നുന്നു. 1975ൽ സുലൈമാൻ സേട്ട്, സി.എച്ച്. മുഹമ്മദ്കോയ, പി. സീതിഹാജി എന്നിവരോടൊപ്പമാണ് ഡൽഹിയിൽ നിന്നു അബ്ദുല്ലക്കോയ കുവൈത്ത് സന്ദർശനത്തിനു പുറപ്പെട്ടത്. മൂന്നാഴ്ച നീണ്ട ഗൾഫ് പരിപാടി.

ഖത്തർ സന്ദർശിച്ച ബി.വി., കേരളീയരടക്കമുള്ള ഇന്ത്യക്കാരോടൊപ്പം മതകാര്യ വകുപ്പ് മേധാവി ശൈഖ് അബ്ദുല്ല ഇബ്രാഹിം അൽഅൻസാരി, ഇന്ത്യൻ അംബാസഡർ ആരിഫ് ഖംറാൻ എന്നിവരും ചേർന്നുള്ള സ്വീകരണത്തിൽ പങ്കെടുക്കുകയും സൂക്ക് വാഖിഫിലെ ബിസ്മില്ലാ പള്ളിയിൽ ചേർന്ന യോഗത്തിൽ പ്രസംഗിക്കുകയുമുണ്ടായി.

ഖത്തറിലേക്ക് ഇന്നത്തെപോലെ വേണ്ട യാത്രാ സൗകര്യങ്ങളില്ലാത്ത 1975ൽ ഒരു ചെടിപോലും വളരാത്തിടത്ത്, ഒരു പൂപോലും കായ്ക്കാത്തിടത്ത്, ബോംബെയിൽ നിന്നും വിമാന മാർഗം വരുത്തിയ പൂമാലകൾ കൊണ്ട് നേതാക്കളെ ഹാരമണിയിച്ചത് ബി.വി. ഓർക്കാറുണ്ടായിരുന്നു.

ബഹ്റൈനിലും ഖത്തറിലും താമസിച്ച ശേഷം അബുദാബിയിലേക്കു കടന്ന അവർ പിന്നീട് ദുബായിലേക്ക് പോയി.ഷാർജയിലും തുടർന്നു എത്തിയ അവർ അജ്മാൻ, അൽഐൻ എന്നീ രാജ്യങ്ങൾ സന്ദർശിച്ചശേഷം മസ്ക്കത്തിലും എത്തി.

ആഫ്റോ ഏഷ്യൻ സൊളിഡാരിറ്റി കൗൺസിലിന്റെ ക്ഷണമനുസരിച്ചാണ് 1973ൽ സി.എച്ചിനൊപ്പം ബി.വി. സോവ്യറ്റ് യൂണിയൻ സന്ദർശിച്ചത്. ഡൽഹിയിൽ നിന്നു ഏറോ ഫ്ളോട്ട് വിമാനത്തിലായിരുന്നു യാത്ര. ആറു മണിക്കൂർ പറന്നു മോസ്കോയിലെത്തി.

അയ്യായിരം മുറികളുള്ള ഹോട്ടൽ റോസിയയിലായിരുന്നു താമസം. യാത്ര ഗൈഡ് കൊണ്ടു പോകുന്നിടത്ത് മാത്രം. സുപ്രീം സോവ്യറ്റിന്റെ തലസ്ഥാനവും സോവ്യറ്റ് പ്രസിഡന്റിന്റെ വസതിയും ഉൾപ്പെട്ട ക്രെംലിൻ കൊട്ടാരവും സ്റ്റാലിൻ നിർമ്മിച്ച അംബര ചുംബികളും ദൂരെ നിന്നു നോക്കിക്കാണാനേ ഒത്തുള്ളു. ലെനിൻ മ്യൂസിയവും ലോകത്തിൽ വച്ചേറ്റവും ഉയരം കൂടിയ ടി.വി. ടവറും കറങ്ങുന്ന റസ്റ്റോറന്റുകളും സർവകലാശാലകളുടെ മാതാവ് എന്ന് വിശേഷിപ്പിക്കുന്ന താഷ്ക്കണ്ട് യൂണിവേഴ്സിറ്റിയും അവർ സന്ദർശിച്ചു.

ചെമ്പടയുടെ പരേഡും മറ്റും നടക്കുന്ന റെഡ്സ്കയറും രാഷ്ട്രപിതാവ് വ്ളാദ്മിർ ലെനിന്റെ മൃതദേഹം മരുന്നിട്ട് സൂക്ഷിക്കുന്ന ലെനിൻ കുടീരവും സെന്റ് ഐസക്ക് കത്തീഡറലും വ്യത്യസ്തത നിറഞ്ഞ കാഴ്ചകളായിരുന്നു.

സോവ്യറ്റ് യൂണിയനിലെ രണ്ടാമത്തെ പട്ടണമായ ലെനിൻഗ്രാഡ്, പാക്കിസ്ഥാനുമായുള്ള കരാർ ഒപ്പിട്ടശേഷം ഇന്ത്യൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി മരണപ്പെട്ട താഷ്ക്കണ്ട്, സാർ ചക്രവർത്തിമാരുടെ സമ്മർപാലസ്, 200 ഏക്കർ സ്ഥലത്ത് പരന്നു കിടക്കുന്ന മോസ്കോ എക്സിബിഷൻ എന്നിവയും അവർ കണ്ടു. വൃദ്ധന്മാർ മാത്രം നമസ്കരിക്കാൻ എത്തുന്ന മുസ്ലിം പള്ളി, അവർ നൽകുന്ന സംഭാവനകൾ കൊണ്ട് മാത്രമാണ് നിലനിന്നു പോകുന്നത്.സ്ത്രീജനങ്ങൾക്കു വെള്ളിയാഴ്ചകളിൽ മാത്രം പ്രവേശം.

വർഷത്തിൽ എല്ലാ ദിവസവും പ്രദർശനം നടത്തുന്ന കൂറ്റൻ സർക്കസ് ഹാൾ മറ്റൊരു വിശേഷം.

ഇംഗ്ലീഷ് പത്രങ്ങൾ അന്വേഷിച്ചപ്പോൾ ഒന്നും കിട്ടിയില്ല ആ കെയുള്ളുത് റഷ്യൻ ഭാഷയിലുള്ള പ്രാവ്ദയും ഇസ്വെസ്റ്റിയയും. പ്രാവ്ദ എന്നാൽ വാർത്ത എന്നും, ഇസ്വെസ്റ്റിയ എന്നാൽ സത്യ മെന്നും ആണ് അർഥമെന്ന് ഗൈഡ് വിശദീകരിച്ചപ്പോൾ സി.എച്ചി.ന്റെ കമന്റ് പ്രാവ്ദയിൽ ഇസ്വെസ്റ്റിയ ഇല്ല. ഇസ്വെസ്റ്റിയയിൽ പ്രാവ്ദയും ഇല്ല.

പി.ടി.ഐ. ലേഖകനായ പി. ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിൽ ഒരുക്കിയ സാമ്പാറും അവിയലും ഓലനും രസവും പപ്പടവും ഒക്കെ യുള്ള മലയാളി സദ്യ ആ വിദേശ മണ്ണിലും കേരളത്തിന്റെ രുചി വിളമ്പി.

മൂവായിരം കോഴികളെ ഒന്നായി കാലു കൊളുത്തി തൂക്കി വയ്ക്കുന്നതും ഇലക്ട്രിക്ക് കത്തികൊണ്ട് അറുത്ത് പൂടപൊളിച്ചു നിമിഷങ്ങൾക്കകം ടിന്നിലാക്കുന്നതും പന്നിയിറച്ചി സംഭരണിയിലാ ക്കുന്നിടത്ത് അതിന്റെ നെയ്യ് വേറെ പാക്ക് ചെയ്യുന്നതും വിസ്മയ ക്കാഴ്ചകൾ തന്നെ.

മലയാളകൃതികൾവരെ തർജ്ജമ ചെയ്ത് സൂക്ഷിക്കുന്നതും ഇന്ത്യയെക്കുറിച്ചുള്ള വിവരങ്ങൾ സംസ്ഥാനങ്ങൾ തിരിച്ചു സൂക്ഷി ക്കുന്നതുമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓറിയന്റൽ സ്റ്റഡീസ് ഒരത്ഭുതമാ യിരുന്നു.

മലയാളികളടക്കം ഒട്ടേറെ ഇന്ത്യക്കാർ പഠിക്കുന്ന എൺപ തിലധികം ഫാക്കൽട്ടികളുള്ള ലുമുംബ സർവകലാശാലയും അവരെ ആകർഷിച്ചു. നൂറോളം രാജ്യങ്ങളിൽ നിന്നുള്ള പതിമൂവായിര ത്തിൽപ്പരം വിദ്യാർഥിനി വിദ്യാർഥികളാണവിടെ പഠിക്കുന്നത്.

മുസ്ലീംകൾ ഏറെയുള്ള സമർകണ്ട്, ഉസ്ബെക്കിസ്ഥാൻ, താജ്കിസ്ഥാൻ, കസക്കിസ്ഥാൻ എന്നീ പ്രദേശങ്ങൾ സന്ദർശിച്ച അവരെ, താഷ്കണ്ടിന്റെ വിദ്യാഭ്യാസ പുരോഗതിയും വ്യാവസായിക വളർച്ചയും കാർഷിക വികസനവും പ്രത്യേകം ആകർഷിച്ചു. കുറേ യേറെ പള്ളികളും മദ്രസകളും അവിടെ കണ്ടു.

ഒരു വലിയ മൈതാനം മുഴുവൻ വെള്ളം കെട്ടി നിർത്തി ഐസ് ആക്കി മാറ്റി അവിടെ ഐസ് ഹോക്കി കളിക്കുന്നത് കാണാൻ രസമായിരുന്നു. വാസ്തു ശില്പവിദഗ്ദരുടെ കരവിരുത് ആകെ പ്ര കടമാക്കുന്ന കൂറ്റൻശ്മാശാന ഭൂമിയായ ഉസബെക്കിലെ ശൂർ അമീർ മക്ബറയും ശാഹിസിൻദാ മക്ബറയും സന്ദർശിച്ചു. മോസ്കോ റേഡിയോയിലൂടെ ഓരോ പ്രഭാഷണവും നടത്തിയാണ് അവർ മട ങ്ങിയത്.

വിപുലമായ വിദേശ സഞ്ചാരം നടത്തിയപ്പോഴൊക്കെയും

നാട് കാണന്നതിനേക്കാളേറെ അവിടങ്ങളിലെ ഇന്ത്യക്കാരുടെ പ്രശ്നങ്ങൾ പഠിക്കാനും അവയ്ക്കു പരിഹാരം കാണാനും ആണ് ശ്രമിച്ചത്. പാവപ്പെട്ടവരുടെ കണ്ണീരൊപ്പാൻ പ്രവാസികൾ നടത്തുന്ന മനുഷ്യത്വപരമായ സേവനങ്ങളെ പ്രകീർത്തിക്കാനും അദ്ദേഹം മറന്നില്ല.

ഇംഗ്ലീഷ്, ഹിന്ദി, ഉർദു, തമിഴ് ഭാഷകളും കൈകാര്യം ചെയ്യാനറിയാമായിരുന്ന അദ്ദേഹം കേരളത്തിന്റെ പ്രശ്നങ്ങൾ ഡൽഹിയിലെത്തിക്കാനും, മറുനാടൻ മലയാളികളുടെ തൊഴിൽ, യാത്ര, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾക്ക് പരിഹാരം തേടാനും ഡൽഹിവാസം നല്ല ഒരു അവസരമാണെന്നും മനസ്സിലാക്കി.

മദ്രാസിൽ പഠിച്ചിരുന്ന കാലത്തും, ബോംബെയിൽ തൊഴിലെടുത്തിരുന്ന കാലത്തും വിദ്യാർഥികൾ, വ്യാപാരികൾ, ഉദ്യോഗസ്ഥർ എന്നിവർക്കുപുറമെ വഴിവാണിഭക്കാരടക്കമുള്ള പാവപ്പെട്ടവർവരെ നേരിടുന്ന പ്രയാസങ്ങൾ അദ്ദേഹം നേരിട്ടനുഭവിച്ചതാണ്. മംഗലാപുരം, ബാംഗ്ലൂർ, മൈസൂർ, കൽക്കട്ട എന്നിവിടങ്ങളിലും അദ്ദേഹം പലതവണ പോയിട്ടുണ്ട്.

അദ്ദേഹത്തോടൊപ്പം രാജ്യസഭാംഗമായിരുന്ന സംസ്ഥാനമുസ്ലീംലീഗ് വൈസ് പ്രസിഡന്റ് ഹാമിദലി ഷംനാട് എഴുതി: എവിടെയും ഇടിച്ചുകയറുന്ന സ്വഭാവം അദ്ദേഹത്തിനില്ലെങ്കിലും, മിക്ക എംബസികളിലും ബി.വി.പോകും. ചിലപ്പോൾ എന്നെയും കൂട്ടും. വിദേശ മലയാളികളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യും. അവർക്കുവേണ്ടി കഴിയാവുന്നതൊക്കെ ചെയ്യണമെന്നാവശ്യപ്പെടും. ഈ സന്ദർശനം കൊണ്ടുതന്നെ എമ്പസി ഉദ്യോഗസ്ഥന്മാർ അബ്ദുല്ലക്കോയാ സാഹിബിന്റെ നല്ല സുഹൃത്തുക്കളായിരുന്നു. (ബി.വി. സ്മരണിക).

ഖത്തറിൽ നൽകിയ സമ്മാനപ്പൊതികൾ ബി.വി. നിരാകരിച്ചത്, പ്രമുഖ വ്യവസായി ആയിരുന്ന ഏറോത്ത് പോക്കർ ഹാജി അനുസ്മരിക്കുകയുണ്ടായി. മസ്കത്തിൽ ഇങ്ങനെ ഒരനുഭവമുണ്ടായപ്പോൾ, തനിക്കുവേണ്ടത് നൽകാൻ തന്റെ ബന്ധുക്കൾ തന്നെ അവിടെ ഉണ്ടെന്നു അദ്ദേഹം ഓർമപ്പെടുത്തി.

താൻ മനസിലാക്കിയ പ്രവാസി ജീവിതത്തിൽ നിന്നും അദ്ദേഹം പഠിച്ച മൂന്നു കാര്യങ്ങൾ പ്രവാസിയോഗങ്ങളിൽ തന്നെ അദ്ദേഹം സുവ്യക്ത മായി ഉണർത്തുകയുണ്ടായി.

ഒന്നു യഥാർത്ഥ പാസ്പോർട്ടും വിസയുമില്ലാതെ അക്കരെ പറ്റിയവർ ഒട്ടും വൈകിക്കാതെ രേഖകൾ ശരിപ്പെടുത്തി എടുക്കണം. കൊടും ചൂടിലും കൊടും തണുപ്പിലും ചോരനീരാക്കി പ്രവാ

സികൾ സമ്പാദിക്കുന്ന പണം, എവിടെയായാലും ആർഭാടങ്ങൾക്കു വേണ്ടി തുലച്ചു കളയാതെ നിക്ഷേപങ്ങളാക്കി വയ്ക്കാൻ ശ്രദ്ധിക്കണം. ഏത് നാട്ടിലായാലും ആ നാടിനെ സ്നേഹിക്കുന്നതോടൊപ്പം മാതൃരാജ്യത്തെ മറക്കരുത്. സ്വരാജ്യസ്നേഹം മതവിശ്വാസത്തിന്റെ ഭാഗമാണെന്നും അദ്ദേഹം ഉണർത്തി.

പാസ്പോർട്ടും വിസയും ഇല്ലാതെയും വ്യാജരേഖകൾ ഹാജരാക്കിയും അക്കരെ കടക്കുന്നവർ അവിടങ്ങളിലെ നരകതുല്യങ്ങളായ ജയിലിൽ കിടക്കേണ്ടിവരുന്ന അനുഭവത്തിന്റെ വെളിച്ചത്തിലാണ് പിൽക്കാലത്ത് പാസ്പോർട്ടിനുള്ള അപേക്ഷകളിൽ ഒപ്പു വയ്ക്കാനുള്ള അധികാരം കിട്ടിയപ്പോൾ ബി.വി. കൂടുതൽ കർക്കശക്കാരനായത്. ഏത് ഉന്നത ശുപാർശയോടെ വന്നാലും അനുബന്ധ രേഖകളിൽ ഒന്നിൽപ്പോലും സംശയം കണ്ടാൽ മടക്കി അയക്കുന്ന പ്രകൃതം, അദ്ദേഹത്തിന് ഒരുപാട് ശത്രുക്കളെയും സൃഷ്ടിച്ചിരുന്നു.

എന്നാൽ അബ്ദുല്ലക്കോയ ഒപ്പിട്ടുവരുന്ന ഒരൊറ്റ അപേക്ഷയും തനിക്കു മടക്കേണ്ടി വന്നിട്ടില്ലെന്നു അക്കാലത്തെ പാസ്പോർട്ട് ഓഫീസർ കെ.ജി. ധർമപാലൻ പറയുകയുണ്ടായി.

പാസ്പോർട്ട് അപേക്ഷയുമായി ചെല്ലുന്ന പാർട്ടി പ്രവർത്തകരെ നിർദാക്ഷിണ്യം ബി.വി. മടക്കി അയക്കുന്നുവെന്നു ലീഗ് പ്രവർത്തക സമിതിയിൽ കുറ്റപ്പെടുത്തിയ നേതാവിനെ അദ്ദേഹം വീട്ടിലേക്കു വിളിച്ചു വരുത്തി, പാസ്പോർട്ട് ഓഫീസിൽ നിന്നും പുറത്തിറക്കിയ ഒരു പത്രപ്രസ്താവന കാട്ടിക്കൊടുത്തു. പല എം.പി.മാരും ഒപ്പിട്ടയച്ച പല അപേക്ഷകളും മടക്കേണ്ടിവന്നപ്പോൾ, അബ്ദുല്ലക്കോയ ഒപ്പുവെച്ച ഒരപേക്ഷയും തങ്ങൾക്കു മടക്കേണ്ടി വന്നിട്ടില്ലെന്ന പത്രകുറിപ്പ് ആയിരുന്നു അത്.

ആദ്യമായി ലഭിച്ച ഒരു വിദേശയാത്ര, പാസ്പോർട്ടുമായി ബന്ധപ്പെട്ട പ്രതിസന്ധിയിൽ പെട്ട് മുടങ്ങുമെന്നു ഉറപ്പായപ്പോൾ ബി.വി. സഹായത്തിനെത്തിയത് മുജാഹിദ് നേതാവായ ടി.പി. അബ്ദുള്ളക്കോയ മദനി അനുസ്മരിക്കുകയുണ്ടായി. ട്രാവൽ ഏജൻസിപോലും കയ്യൊഴിഞ്ഞ സമയത്ത് ബി.വി.യുടെ ഇടപെടലാണ് ടി.പി.യെ തുണച്ചത്.

അനുകരിക്കാൻ ഒരു തരത്തിലും കഴിയാത്ത അദ്ദേഹത്തിന്റെ നീണ്ട ഒപ്പോടു കൂടി വരുന്ന അപേക്ഷകൾക്ക് പാസ്പോർട്ട് ഓഫീസിൽ മുൻഗണന ലഭിക്കുകപോലും ചെയ്തു. അപേക്ഷാഫോമിലെ പേരും വിലാസവും, ഫോട്ടോയും ഒരു കോപ്പി എടുത്ത് വീട്ടിൽ താൻതന്നെ നമ്പറിട്ട് ഫയൽ ചെയ്യുന്ന രീതിയായിരുന്നു അബ്ദുല്ല

ക്കോയയുടേത്.

അദ്ദേഹം മരണപ്പെട്ടുവെന്നറിഞ്ഞപ്പോൾ, വിദേശപത്രങ്ങളിൽപ്പോലും വന്ന അനുസ്മരണക്കുറിപ്പുകൾ പ്രവാസി രംഗത്ത് ബി.വി. അനുഷ്ഠിച്ച സേവനങ്ങളെ പ്രകീർത്തിക്കുന്നതായിരുന്നു. വിവിധ ഗൾഫ് രാജ്യങ്ങളിലെ കെ.എം.സി.സി..യൂണിറ്റുകളും അനശോചനയോഗങ്ങൾ ചേർന്നാണ് പരേതാത്മാവിന് ആദരാജ്ഞലികളർപ്പിച്ചത്.



ജനനായകൻ- മുസ്‌ലിംലീഗ് സമ്മേളനത്തിൽ പ്രസംഗിക്കുന്ന ബി.വി



നേതാക്കൾക്കൊപ്പം-ശിഹാബ്തങ്ങൾ, സി അച്ചുതമേനോൻ, കെ.കരുണാകരൻ എന്നിവർക്കൊപ്പം ബി.വി

7 വായനാലോകത്ത്

രാഷ്ട്രീയക്കാർ ഒന്നും വായിക്കാറില്ലെന്നാണ് പരക്കെയുള്ള പരാതി. എന്നാൽ ആറു പതിറ്റാണ്ട് കാലത്തോളം സജീവ രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്ന ബി.വി. അബ്ദുല്ലക്കോയ ഇതിനൊരു അപവാദമായിരുന്നു.

ചെറുപ്പം മുതലേ മതഗ്രന്ഥങ്ങൾ തേടിപ്പിടിച്ചു വായിക്കുകയും അവയൊക്കെയും തന്റെ പുസ്തകശേഖരത്തിൽ നമ്പറിട്ടു സൂക്ഷിക്കുകയും ചെയ്തുവന്ന അദ്ദേഹം രാഷ്ട്രീയം, സാഹിത്യം, ചരിത്രം ശാസ്ത്രം, സ്പോർട്സ് തുടങ്ങിയ വിഷയങ്ങളിലും താല്പര്യം വികസിപ്പിച്ചു. ഇംഗ്ലീഷിലും മലയാളത്തിലും പലപത്ര മാസികകളുടെ സ്ഥിരം വരിക്കാരനായിരുന്ന അദ്ദേഹം, കഥകളും നോവലുകളും വായിക്കാനും ഏറെ സമയം വിനിയോഗിച്ചു.

മലയാളത്തിൽ ബഷീറിനെയും തകഴിയേയും ഉറൂബിനെയും പൊറ്റക്കാട്ടിനെയും തന്റെ ഗ്രന്ഥശേഖരത്തിൽ കുടിയിരുത്തിയ അദ്ദേഹം ഇംഗ്ലീഷിൽ അപസർപ്പക നോവലുകളുടെ വലിയ കമ്പക്കാരനായിരുന്നു.

രാജ്യസഭാംഗമായിരുന്ന കാലത്ത് അദ്ദേഹം ഡൽഹിയിൽ താമസിച്ചിരുന്ന ബാബാ ഖരക്സിങ്ങ് മർഗിലെ ഫ്ളാറ്റ് ഒഴിഞ്ഞപ്പോൾ നാട്ടിലേക്ക് കൊണ്ടു പോകാനുണ്ടായിരുന്നത് ഒരു പെട്ടി മാത്രമായിരുന്നു, എന്നു അന്നു ലോക്സഭാഗംമായിരുന്ന ലീഗ് പ്രസിഡന്റ് ഇ. അഹമ്മദ് ഓർക്കുന്നു. ബി.വി. സ്മരണികയിൽ അഹമ്മദ് എഴുതി: ആ പെട്ടി തുറന്നു നോക്കിയപ്പോൾ ഞാൻ കണ്ടത് തണുപ്പ് കാലത്ത് ധരിക്കാറുണ്ടായിരുന്ന ഒന്നുരണ്ടു കമ്പിളി ഉടുപ്പുകളും ഒരു ട്രാൻസിസ്റ്റർ റേഡിയോയും രാജ്യസഭാംഗങ്ങളുടെ ഒരു ഗ്രൂപ്പ് ഫോട്ടോയും മൂന്നു പുസ്തകങ്ങളും മാത്രം.

ബി.വി.യോടൊപ്പം രാജ്യസഭയിലുണ്ടായിരുന്ന ഹാമിദലി ഷംനാട് ഓർക്കുന്നതിങ്ങനെയാണ്: ഞങ്ങൾ ചിലപ്പോൾ ഡൽഹിയിൽ കറങ്ങാനിറങ്ങും. ബി.വി.യേയും ക്ഷണിക്കും. എന്നാൽ അദ്ദഹത്തിനു കറക്കമൊന്നും ഇഷ്ടമായിരുന്നില്ല. ആ സമയത്ത് വല്ല

പുസ്തകവും വായിച്ചിരിക്കും. ഡൽഹിയിലായിരുന്നപ്പോൾ അദ്ദേഹം നല്ലതുപോലെ വായിക്കും. പാർലിമെന്റ് രേഖകൾ മുഴുവൻ പഠിക്കുന്നതിനു പുറമെ ചരിത്രവും, രാഷ്ട്രീയവും ആത്മകഥയും ജീവചരിത്രവും നോവലുമെല്ലാം. ചിലപ്പോൾ വായിച്ച പുസ്തകങ്ങളെപ്പറ്റി ചർച്ചയും നടത്തും

ആദ്യമൊക്കെ വായനയിലെന്നപ്പോലെ എഴുത്തിലും ചെറിയ താല്പര്യങ്ങളുണ്ടായിരുന്നു. പത്രാധിപർക്കുള്ള കത്തുകളായും കൊച്ചുലേഖനങ്ങളായും അച്ചടി മാധ്യമങ്ങളിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടുവന്നിരുന്നെങ്കിലും അതൊരു ഗൗരവതരമായ കാര്യമായി എടുത്തില്ല.

ചന്ദ്രികയിൽ ബി.വി.എ. കോയ എന്ന പേരിൽ 1943ൽ എഴുതിയ ഒരു കുറിപ്പു വായിച്ചാണ് അന്നു വിദ്യാർത്ഥിയായിരുന്ന സി. എച്ച്. മുഹമ്മദ് കോയ അദ്ദേഹവുമായി പരിചയപ്പെട്ടതും.ചന്ദ്രിക വാരിക, റിപ്പബ്ലിക്ക് ദിനത്തിലും സ്വാതന്ത്ര്യ ദിനത്തിലും ഒക്കെ കിടയറ്റ സപ്ലിമെന്റുകൾ ഇറക്കിയിരുന്നകാലത്ത്, മലബാറിലെ വ്യവസായ വികസന സാദ്ധ്യതകളെക്കുറിച്ച്, പ്രത്യേകിച്ചും കൈത്തറി മേഖലയെക്കുറിച്ചു ആധികാരികമായി തന്നെ ബി.വി.യുടെ ലേഖനങ്ങൾ ചേർക്കാറുണ്ടായിരുന്നു.

ആലപ്പുഴയിൽ പഠിക്കുന്നകാലം മുതൽതന്നെ മലയാള മനോരമയിൽ താല്പര്യമുണ്ടായിരുന്ന അദ്ദേഹം, അക്കാലത്ത് അവരുടെ ബാലജനസഖ്യത്തിന്റെ ആലപ്പുഴ സനാതന ശാഖയിൽ അംഗമായിരുന്നു. (പിൽക്കാലത്ത് കെ.എഫ്.സി.ചെയർമാനായിരിക്കേ മനോരമയുടെ ഡയറക്ടർ ബോർഡിലും അദ്ദേഹം അംഗമായി).

ആഴ്ചപതിപ്പുകളിൽ ചന്ദ്രികക്കു പുറത്ത് അദ്ദേഹത്തിന്റെ താല്പര്യം ഇലസ്ട്രേറ്റഡ് വീക്ക്ലി ആയിരുന്നു. ആർ.കെ. കരഞ്ചിയയുടെ ബ്ലിറ്റ്സും ഡി.എഫ്.കാരകയുടെ വീക്ക്ലിയും അദ്ദേഹത്തിന്റെ ശ്രദ്ധയാകർഷിച്ച പ്രസിദ്ധീകരണങ്ങളായിരുന്നു.

വർഷങ്ങളോളം റീഡേഴ്സ് ഡൈജസ്റ്റിന്റെ സ്ഥിരം വരിക്കാരനുമായിരുന്നു, അബ്ദുല്ലക്കോയ. അഞ്ഞൂറോളം കനപ്പെട്ട പുസ്തകങ്ങൾ സ്വന്തം ലൈബ്രറിയിൽ അദ്ദേഹം ശേഖരിച്ചിരുന്നു. മതഗ്രന്ഥങ്ങൾക്കും റഫറൻസ് ഗ്രന്ഥങ്ങൾക്കും പുറമെ ചരിത്രാഖ്യായികകൾ, നോവലുകൾ, കഥാസമാഹാരങ്ങൾ, എന്നിവയായിരുന്നു ഏറെയും.

അഗതാക്രിസ്റ്റി, ആർതർ കോണൽ ഡോയ്ൽ തുടങ്ങിയവരുടെതടക്കമുള്ള അപസർപ്പക നോവലുകളിൽ പ്രത്യേക താല്പര്യം കാണിച്ചിരുന്നു, അദ്ദേഹം. ഖുഷ്വന്ത് സിങ്ങിന്റെ ട്രെയിൻ ടു പാക്കി

സ്ഥാൻ, ഡി.എഫ്. കാരകയുടെ ഐ ഹാവ് ഷെഡ് മൈ ടിയേഴ്സ്, ഡെയിൽ കാർണഗിയുടെ ഹൗ ടു വിൻ ഫ്രൻഡ്സ് എന്നീ പുസ്തകങ്ങൾ പല പേജുകളിലും അടിവരയിട്ട് സൂക്ഷിച്ചത് കണ്ടിരുന്നു. സി.എച്ചിന്റെ കൃതികളും വൈക്കം മുഹമ്മദ് ബഷീർ തകഴി ശിവശങ്കരപ്പിള്ള പി.എ. മുഹമ്മദ് കോയ, എൻ.പി. മുഹമ്മദ് എന്നിവരുടെ രചനകളും ബി.വി.യുടെ ബുക്ക് ഷെൽഫിൽ പ്രത്യേക സ്ഥാനം നേടിയവയാണ്.

1968ൽ മനോരമയിൽ പത്തുലക്കങ്ങളിലായി എഴുതുകയും പിൽക്കാലത്ത് ഗ്രന്ഥരൂപത്തിൽ മനോരമ പ്രസിദ്ധീകരിക്കുകയും ചെയ്ത അറേബ്യൻ നാടുകളിലൂടെ എന്ന അബ്ദുല്ലക്കോയയുടെ യാത്രാവിവരണം, ആ വായനക്കാരനിലെ എഴുത്തുകാരനെയും മലയാളികൾക്ക് പരിചയപ്പെടുത്തുന്നുണ്ട്. യു.എ.ഇ. പിറക്കും മുമ്പ് തന്നെ ഗൾഫ് രാജ്യങ്ങളിൽ പര്യടനം നടത്തിയ അദ്ദേഹം, അവരുടെ നിധിയായ എണ്ണ ഒരു കാലത്ത് വറ്റിയേക്കുമെന്ന സൂചനകളും പ്രവാസികളുടെ ശ്രദ്ധയിൽ അന്നേ കൊണ്ടുവരികയുണ്ടായി

പബ്ളിസിറ്റിക്ക് കൂട്ടുനിൽക്കാതെ

പബ്ലിസിറ്റിയിൽ വലിയ താല്പര്യമില്ലാത്ത ആളായിരുന്നു അബ്ദുല്ലക്കോയ. വാർത്താ സമ്മേളനങ്ങൾ വിളിച്ചും പ്രസ്താവനകൾ ഇറക്കിയും മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കണമെന്ന ആഗ്രഹവും അദ്ദേഹത്തിനില്ലായിരുന്നു. സംസ്ഥാന മുസ്ലിം ലീഗിന്റെ വൈസ് പ്രസിഡന്റായും ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചിരുന്ന കാലഘട്ടങ്ങളിലും പത്രങ്ങളുടെ പിടിയിൽ നിന്നു അകന്നു നിൽക്കാനാഗ്രഹിക്കുകയായിരുന്നു അദ്ദേഹത്തിന്റെ രീതി. അധ്യക്ഷവേദികൾ അലങ്കരിക്കുമ്പോഴും പ്രസംഗ പീഠത്തിൽ നിന്നു മാറി നിൽക്കാനായിരുന്നു ആഗ്രഹം.

പ്രശസ്ത ഫോട്ടോ ജേർണലിസ്റ്റായ ടി. നാരായണൻ (മലയാള മനോരമ) എഴുതി : മുസ്ലിംലീഗ് വേദികളിൽ എന്ന പോലെ ചേംബറിന്റെ ചടങ്ങുകളിലും സാംസ്കാരിക വിദ്യാഭ്യാസ സമ്മേളനങ്ങളിലും സുഹൃദ്സദസ്സുകളിലും എല്ലാം ബി.വി. സജീവ സാന്നിദ്ധ്യമായിരുന്നു.എന്നാൽ പടങ്ങളിൽ പലപ്പോഴും അദ്ദേഹം ഉണ്ടാകാറില്ല. ഫോട്ടോഗ്രാഫർമാർ വി.ഐ.പി.കളെ ഉൾപ്പെടുത്താൻ ശ്രമിക്കുന്ന ഫ്രെയിമുകളിൽ ഇങ്ങനെ ഒരു മനുഷ്യന്റെ മുഖം അപൂർവമായേ കാണാറുണ്ടായിരുന്നുള്ളു.ക്യാമറുക്കുമുമ്പിൽ തള്ളിക്കയറി നിൽക്കുന്ന കാര്യത്തിൽ മറ്റു നേതാക്കളിൽ നിന്നു വ്യത്യസ്ത

മായ ഒരനുഭവം (ക്യാമറ നോക്കി ചിരിക്കാനാവാതെ – ബി.വി.സ്മരണിക)

മലയാള മനോരമയടെ ഡൽഹി ബ്യൂറോചീഫും പിൽക്കാലത്ത് മാതൃഭൂമിയുടെ കോളമിസ്റ്റും ആയ പ്രശസ്ത പത്രലേഖകൻ പത്മഭൂഷൺ ടിവി.ആർ. ഷേണായി അനുസ്മരിക്കുന്നു: രാഷ്ട്രീയക്കാരും പത്രക്കാരും ഇഡ്ഡലിയും സാമ്പാറും പോലെയാണ് ഒന്നിനെ മറ്റൊന്നിനോടൊപ്പമല്ലാതെ നമുക്കു കാണാനൊക്കില്ല. എന്നാൽ അബ്ദുല്ലക്കോയ പാർലമെന്റിൽ മുപ്പത് കൊല്ലത്തോളം അംഗമായിരുന്ന കാലം മുഴുവൻ ഡൽഹിയിൽ പത്രലേഖകനായിരുന്ന എനിക്കും ബി.വി.യ്ക്കും അങ്ങനെയൊരു ബന്ധമുണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല.

ബി.വി. സ്മരണികയിൽ അദ്ദേഹം തുടരുന്നു: മിക്ക റിപ്പോർട്ടർമാരുടെയും മുമ്പിൽ കോയസാഹിബ് ഒരു കണിശക്കാരനായിരുന്നു. മര്യാദയുടെ നല്ല ഒരു ആൾരൂപമായിരുന്നപ്പോഴും പറയാനുദ്ദേശിക്കാത്ത ഒന്നും ഞങ്ങൾക്കു അദ്ദേഹത്തിൽ നിന്നു ഊഹിച്ചെടുക്കാൻ കഴിയുമായിരുന്നില്ല.

ഇതര രാഷ്ട്രീയക്കാരിൽ നിന്നു വ്യത്യസ്തമായ ഒരു കാര്യമാണിത്. തങ്ങൾക്കു ഒരുപാട് കാര്യങ്ങൾ അറിയാമെന്നാണ് എല്ലാ രാഷ്ട്രീയക്കാർക്കും പത്രക്കാരെ അറിയിക്കേണ്ടത്. എന്നാൽ കോയാസാഹിബ് അണിയറയിലെ തന്റെ ഭാഗം കൊണ്ടു തൃപ്തിപ്പെട്ടുനിന്നു. പത്രക്കാരോട് വിവരം പറയാനുള്ള ചുമതല മറ്റുള്ളവർക്കു വിട്ടു കൊടുക്കുകയും ചെയ്തു. എന്റെ അഭിപ്രായത്തിൽ അത് നിർഭാഗ്യകരമായിരുന്നു. കാരണം എന്താണ് നടക്കുന്നതെന്നു എപ്പോഴും അറിയുന്ന ആളായിരുന്നു അദ്ദേഹം.

ഷേണായ് തുടരുന്നു. കോൺഗ്രസ്സും ലീഗും കൂടിയുള്ള ഭരണാധികാരത്തിനു കാരണക്കാരനായ മനുഷ്യനായിരുന്നു അബ്ദുല്ലക്കോയ. അനുകൂലമായ ഒരു പബ്ലിസിറ്റി നേടിയെടുക്കാനുള്ള സുവർണാവസരമായിരുന്നു അത് അദ്ദേഹത്തിന്. എന്നാൽ എന്തെങ്കിലും പറയാൻ കോയാസാഹിബ് സന്നദ്ധനായിരുന്നില്ല. അത് തന്റെ പാർട്ടിയുടെ കാര്യമാണ്. തനിക്കു ഇത് മാത്രമെ പറയാനുള്ളു. അദ്ദേഹം ഒഴിഞ്ഞുമാറി. സ്വന്തം കാര്യം പറഞ്ഞു നടക്കാൻ താല്പര്യമുള്ള വേറെ ഏത് രാഷ്ട്രീയക്കാരനായാലും അത്തരമൊരവസരം പരമാവധി ഉപയോഗിപ്പെടുത്തുകയാണ് ചെയ്യുക.

അബ്ദുല്ലക്കോയ രാജ്യസഭയിൽ അംഗമായിരുന്ന മുപ്പത് കൊല്ലവും ഡൽഹിയിൽ പത്രപ്രതിനിധിയായിരുന്ന മാതൃഭൂമി ബ്യൂറോചീഫ് വി.കെ. മാധവൻ കുട്ടി എഴുതി.: സ്വതവേ മിതഭാഷിയായി

രുന്ന അബ്ദുല്ലക്കോയക്ക് ഒച്ചയുണ്ടാക്കുന്നതിൽ താല്പര്യമില്ലായിരുന്നു. രാജ്യസഭയിൽ അത്രയും കാലം സജീവമായിത്തന്നെ ഇരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. സജീവാംഗം എന്നു പറയുമ്പോൾ ചെയർമാന്റെ നേരെ തട്ടിക്കയറുന്നതും ഇറങ്ങിപ്പോകുന്നതും ഒക്കെ ആണല്ലോ ഇന്നത്തെ മാനദണ്ഡം. എന്നാൽ കേരളത്തിൽ നിന്നുള്ള ഈ ബഹുമാനപ്പെട്ട അംഗം അതിനൊന്നും തുനിഞ്ഞില്ല. അവസരം കിട്ടുമ്പോഴൊക്കെ ചർച്ചകളിൽ പങ്കെടുത്തു. കേരളത്തിന്റെ വികസന പരമായ കാര്യങ്ങളിൽ ഭരണാധികാരികളുടെ ശ്രദ്ധയാകർഷിച്ചു. സഭയുടെ പല പ്രധാന കമ്മിറ്റികളിലും അംഗമായിരുന്ന അദ്ദേഹം അക്കാര്യത്തിലും കനപ്പെട്ട സംഭാവനകളർപ്പിച്ചു.

പാർലമെന്ററി മര്യാദകൾ സദാപാലിച്ച് ആവശ്യമില്ലാതെ ഒച്ച വയ്ക്കാതിരിക്കാൻ ശ്രദ്ധിച്ചു കൊണ്ടാണ് അബ്ദുല്ലക്കോയ സാഹിബ് എല്ലാവരുടെയും ആദരം പിടിച്ചു പറ്റിയതെന്നു മലയാളമനോരമ എഡിറ്റോറിയൽ ഡയറക്ടറും കേരള പ്രസ് അക്കാദമിയുടെ മുൻ ചെയർമാനുമായ തോമസ് ജേക്കബ് ബി.വി.യെ വിലയിരുത്തുന്നു.

ദീർഘകാലം ഇന്ത്യൻ എക്സ്പ്രസിന്റെ രാഷ്ട്രീയ ലേഖകനും, പിൽക്കാലത്ത് തിരുവനന്തപുരത്ത് മലയാള മനോരമയുടെ റസിഡന്റ് എഡിറ്ററുമായിരുന്ന പി. അരവിന്ദാക്ഷന്റെ അഭിപ്രായത്തിൽ അബ്ദുല്ലക്കോയയെ എല്ലാവർക്കും ആവശ്യമായിരുന്നു. അരവിന്ദാക്ഷൻ എഴുതി : മുസ്ലിംലീഗ് കമ്മിറ്റികളുടെ നിർണായക യോഗങ്ങൾക്കും ചർച്ചകൾക്കും ശേഷം അദ്ദേഹത്തിന്റെ ബ്രീഫിങ്ങ് പത്രപ്രതിനിധികൾക്ക് ആശ്രയിക്കാവുന്നവിധം മിഴിവാർന്നതും കൃത്യതയാർന്നതുമായിരുന്നു. ബാഫഖി തങ്ങളുടെ സത്യസന്ധതയും അബ്ദുല്ലക്കോയയുടെ വളവില്ലാത്ത വാക്കുകളും ചേർന്നു അക്കാലത്തെ ലീഗ് നിലപാടുകളെല്ലാം ഒട്ടേറെ സുതാര്യമാക്കിയിരുന്നു. ലീഗിന്റെ വാക്കുകൾക്കും നിലപാടുകൾക്കും വിശ്വാസ്യതയുടെ അടിവേരുകൾ ചാർത്തിയതും മറ്റാരുമായിരുന്നില്ല. (ബി.വി. സ്മരണിക).

ചന്ദ്രികയുടെ വെളിച്ചം

മുസ്ലിം പ്രിന്റിങ്ങ് ആൻഡ് പബ്ലിഷിങ്ങ് കമ്പനിയുടെ ആഭിമുഖ്യത്തിൽ ചന്ദ്രിക 1932ൽ തലശ്ശേരിയിൽ നിന്ന് വാരികയായി പ്രസിദ്ധീകരണം തുടങ്ങിയ കാലം. അന്നുമുതൽ തന്നെ വായനക്കാരനും, ഇടക്കിടെ കുറിപ്പുകളെഴുതുന്ന ലേഖകനുമായി ബി.വി. അതുമായി ബന്ധപ്പെട്ടിരുന്നു.

1943.മുസ്‌ലിംലീഗ് നേതാവായ മുഹമ്മദലി ജിന്നാസാഹിബിനെ അധിക്ഷേപിച്ച് മഹാകവി വള്ളത്തോളിന്റെ ഒരു പ്രസംഗം. വാസ്തവത്തിൽ ജിന്നാസാഹിബ് അത്തരമൊരു പ്രസംഗം നടത്തിയിരുന്നില്ല. മഹാകവിയെ ഖണ്ഡിച്ച് ബി.വി.എ.കോയ കോഴിക്കോട് എന്ന ഒരാളുടെ കുറിപ്പ് നവംബർ എട്ടിന്റെ ചന്ദ്രിക പ്രസിദ്ധീകരിച്ചു. വലിയ ഒച്ചപ്പാടൊന്നും ഉണ്ടായില്ലെങ്കിലും സി.എച്ച്. മുഹമ്മദ്കോയ എന്ന വിദ്യാർത്ഥി അത് ശ്രദ്ധിച്ചു. ബി.വി.എ. കോയയെ അഭിനന്ദിച്ചു കത്തും എഴുതി. ഒരു നീണ്ട ബന്ധത്തിന്റെ ചെറിയ തുടക്കം.

ആ ബന്ധം പിൽക്കാലത്ത് ചീഫ് എഡിറ്ററായിവന്ന സി. എച്ചുമായും പ്രസാധകനും പത്രാധിപരുമൊക്കെയായി അരനൂറ്റാണ്ടിലേറെ സേവനമനുഷ്ഠിച്ച വി.സി. അബൂബക്കറുമായും അടുത്ത സൗഹൃദം പുലർത്താൻ സഹായിച്ചു. പത്രാധിപ സമിതി അംഗങ്ങളായ വി.അബ്ദുൾ ഖയ്യും, എം.ആലിക്കുഞ്ഞി, പി.എം. അബൂബക്കർ, യു.എ.ബീരാൻ, പി.എ. മുഹമ്മദ്കോയ എന്നിവരിലേക്കും അത് പടർന്നൊഴുകി.

സി.കെ.താനൂർ, എ.എം.കുഞ്ഞിബാവ,പുത്തൂർ മുഹമ്മദ്, റഹിം മേച്ചേരി, കെ.കെ. മുഹമ്മദ്,പി.കെ.മുഹമ്മദ്, കെ.പി. കുഞ്ഞിമ്മൂസ, മൂസക്കോയ പാലാട്ട് തുടങ്ങി പിൽക്കാലത്ത് ചന്ദ്രികയിൽ സേവനമനുഷ്ഠിച്ച പത്രാധിപ സമിതി അംഗങ്ങളും അദ്ദേഹത്തിനു അടുത്ത പരിചയക്കാരായി.

മാനേജീരിയൽ വിഭാഗത്തിൽ പല കാലഘട്ടങ്ങളിലായുണ്ടായിരുന്ന സയ്യിദ് ഖാജാ ഹുസൈൻ, കെ.പി. മമ്മു., കെ.കെ അബ്ദുൾ കരീം, ടി.പി. കുട്ട്യമ്മു സാഹിബ്, ടി. അബ്ദുൽ മജീദ്., പി.എ. മൂസക്കോയ, എം.ബീരാൻകോയ, ടി. മൊയ്തീൻകോയ, പി.ടി. അബ്ദുൾ ഹമീദ് തുടങ്ങിയവരുമായും സൗഹൃദം പുലർത്താൻ കഴിഞ്ഞു.

തന്റെ ബന്ധുക്കളായ കരിയാടൻ മൊയ്തു, എം.ആലിക്കുഞ്ഞി എന്നിവർക്കു പുറമെ കെ. ഉബൈദുല്ല കെ.അബൂബക്കർ, പ്രഫ. പി.എം. ഷിയാലിക്കോയ, കരിയാടൻ മുജീബ് എസ്. വി അസ്സൻകോയ, എസ്. വി ഉസ്മാൻകോയ തുടങ്ങിയവരും ചന്ദ്രിക പത്രാധിപസമിതിയിൽ പ്രവർത്തിച്ചുകണ്ടതിൽ ബി.വി. ആഹ്ലാദം കൊണ്ടിരുന്നു. മറ്റൊരു ബന്ധുവായ പ്രൊഫ. കെ.കുഞ്ഞിപ്പക്കി ആയിരുന്നു ആദ്യകാല മാനേജർ.

ഒടുവിൽ അബ്ദുല്ലക്കോയ ചന്ദ്രിക ഡയറക്ടർ ബോർഡിലും എത്തി. (കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ചെയർമാൻ എന്ന നിലയിൽ അക്കാലത്ത് ബി.വി. മലയാള മനോരമയുടെ ഡയറക്ടർ ബോർഡിലും അംഗമായിരുന്നു) എന്നാൽ ഡയറക്ടറായ കാലത്തും

ചന്ദ്രികയിൽ അദ്ദേഹം ഉടമ ചമയാൻ നിന്നില്ല. പത്രപ്രവർത്തകരടക്കമുള്ള പത്രജീവനക്കാരുടെ സ്വാതന്ത്ര്യത്തിനു മേൽ കൈവയ്ക്കാൻ അദ്ദേഹം ആരെയും അനുവദിച്ചിരുന്നില്ലെന്നു അന്നു സ്റ്റാഫിലെ സീനിയർ എഡിറ്റർമാരിലൊരാളായിരുന്ന കെ.പി. കുഞ്ഞിമ്മൂസ അനുസ്മരിക്കുന്നു.

അതേസമയം പാർട്ടിയേയും സമുദായത്തെയും ബാധിക്കുന്ന കാര്യങ്ങളിൽ മുഖപത്രം എന്ത് നിലപാട് സ്വീകരിക്കണമെന്ന കാര്യത്തിൽ ശക്തമായ നിലപാടുകൾ അദ്ദേഹത്തിനുണ്ടായിരുന്നു. പത്രത്തിന്റെ സുഗമമായ നടത്തിപ്പിന് പത്രാധിപസമിതി അംഗങ്ങളടക്കമുള്ള പത്രജീവനക്കാരുടെയെല്ലാം പൂർണസഹകരണം വേണമെന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

അപ്പോഴും പത്രാധിപരുടെ അവകാശങ്ങളിൽ ഒരിക്കലും അദ്ദേഹം കൈവച്ചില്ല. അതിനു മറ്റാരെയും അനുവദിക്കാറുമില്ല. ഒരിക്കൽ പത്രാധിപർ എഴുതിയ മുഖക്കുറിപ്പിൽ ചിലമാറ്റങ്ങൾ ഒരു സീനിയർ മാനേജർ നിർദ്ദേശിച്ചപ്പോൾ പത്രാധിപർ എഴുതിയ വരികളിൽ ഒരക്ഷരം പോലും മാറ്റാൻ നമുക്കധികാരമില്ലെന്ന് അബ്ദുല്ലക്കോയ വെട്ടിത്തുറന്നു പറഞ്ഞതും കുഞ്ഞിമൂസ ഓർമിക്കുന്നു.(ചന്ദ്രിക 11:07:1999).

1970 മാർച്ച് 28നു ചന്ദ്രിക റോട്ടറി പ്രസ് ഉദ്ഘാടനം ഗവർണർ വി. വിശ്വനാഥൻ നിർവഹിച്ചു. മുഖ്യമന്ത്രി സി. അച്യുതമേനോനും ബാഫഖിതങ്ങളും സി.എച്ചും. പങ്കെടുത്ത ചടങ്ങ് അഭിമാനത്തോടെയാണ് ബി.വി. ഓർത്തിരുന്നത്. കാരണം പ്രസ്സിനും അതോടനുബന്ധിച്ച മൂന്നുനിലകെട്ടിടത്തിനും സാമ്പത്തിക സഹായം വായ്പയായി നൽകാൻ ബി.വി. ചെയർമാനായ കേരള ഫിനാൻഷ്യൽ കോർപ്പറേഷനാണ് അന്നു മുന്നോട്ട് വന്നത്.

അബ്ദുല്ലക്കോയ അവസാനമായി പങ്കെടുത്ത ചടങ്ങുകളിലൊന്നു ചന്ദ്രികയുമായി ബന്ധപ്പെട്ടതായിരുന്നു. ചന്ദ്രികയുടെ പുതിയ പ്രസിദ്ധീകരണമായ മഹിളാ ചന്ദ്രികയുടെ പിറന്നാളാഘോഷമായിരുന്നു അത്. മരിക്കുന്നതിനു മൂന്നു മാസം മുമ്പ് ടാഗോർ സെന്റിനറി ഹാളിൽ നടന്ന ആ ചടങ്ങിൽ ഏറെ പ്രയാസപ്പെട്ടാണ് അദ്ദേഹം വന്നെത്തിയത്.

അതിനും ഏതാനും ദിവസങ്ങൾക്കുമുമ്പ് ചന്ദ്രികയിൽ മുസ്‌ലിം പ്രിന്റിങ്ങ് ആൻഡ് പബ്ലിഷിങ്ങ് കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗത്തിലും അദ്ദേഹം വളരെ കഷ്ടപ്പെട്ട് വന്നെത്തിയതായി അദ്ദേഹത്തെ സ്വീകരിച്ച് കോണിപ്പടികൾ കയറാൻ സഹായിച്ച അന്നത്തെ ചീഫ് എഡിറ്റർ പ്രൊഫ. മങ്കട അബ്ദുൽ അസീസ്

മൗലവി പ്രസ്താവിക്കയുണ്ടായി. എനിക്കു സുഖമില്ല. ഞാൻ പോകട്ടെ. എനിക്കു വേണ്ടി നിങ്ങൾ ചന്ദ്രികക്കാരൊക്കെ പ്രാർത്ഥിക്കണം എന്നു പറഞ്ഞാണ് ആ ചടങ്ങ് കഴിഞ്ഞ് ബി.വി. പോയതെന്നും അസീസ് മൗലവി അനുസ്മരിക്കയുണ്ടായി.



കേരള സന്ദർശന വേളയിൽ ഇന്ദിരാഗാന്ധിയെ കോഴിക്കോട് വെസ്റ്റിഹിൽ വിമാനത്താവളത്തിൽ സ്വീകരിക്കുന്നു



ഇന്ദിരാ ഗാന്ധിയോടൊപ്പം ഡൽഹിയിലെ ഒരുചടങ്ങിൽ

8 വിദ്യാർത്ഥി രാഷ്ട്രീയവും വിദ്യാഭ്യാസ രംഗവും

വിദ്യാധനം സർവധനാൽ പ്രധാനം എന്നത് പിതാവിനെ സംബന്ധിച്ചിടത്തോളം വായിച്ചു കേട്ടതോ, എഴുതിപ്പഠിച്ചതോ ആയ ഒരു പഴഞ്ചൊല്ല് മാത്രമായിരുന്നില്ല.

ലോകം ദ്രുതഗതിയിൽ മുന്നേറിക്കൊണ്ടിരിക്കുമ്പോൾ, പിടിച്ചുനിൽക്കണമെങ്കിൽ, കിട്ടുന്ന ആദ്യ അവസരത്തിൽ തന്നെ വിദ്യ കൈപ്പിടിയിലാക്കണമെന്ന ഉറച്ച വിശ്വാസക്കാരനായിരുന്നു ,അദ്ദേഹം. രാഷ്ട്രീയക്കാരനാവാതെ രാഷ്ട്രീയം പഠിക്കുക- വിദ്യാർത്ഥി സമൂഹത്തോട് ബി.വി.ക്ക് എന്നും നൽകാനുള്ള ഉപദേശം ഇതായിരുന്നു.

ഹൈസ്കൂൾ പഠനം മുഴുമിക്കും മുമ്പ് കുലത്തൊഴിലെന്ന മട്ടിൽ മരത്തടി വ്യാപാര രംഗത്ത് കല്ലായിയിലും, മലഞ്ചരക്ക് വിപണന രംഗത്ത് വലിയങ്ങാടിയിലും, കൊപ്ര-കുരുമുളക് വ്യാപാരവുമായി കോർട്ട്റോഡിലും ചേക്കേറുന്ന ഒരു രീതിയായിരുന്നു.പണ്ടൊക്കെ കോഴിക്കോട്ടെ മുസ്ലിം കുടുംബങ്ങളിൽ.

എന്നാൽ അദ്ദേഹം കോഴിക്കോട്ടെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ആലപ്പുഴയിൽ ചെന്നു ഹൈസ്കൂൾ വിദ്യാഭ്യാസവും മദ്രാസിൽ ചെന്നു കോളേജ് വിദ്യാഭ്യാസവും നിർവഹിച്ചു. ജോലി അന്വേഷിച്ചു പോയതാകട്ടെ അറിവിന്റെ പുതിയ മേഖലകൾ എന്നും തുറക്കുന്ന ഇന്ത്യയുടെ പ്രവേശന കവാടമായ മുംബെയിലേക്കും.

സ്വാതന്ത്ര്യ സമരത്തിന്റെ കാഹളം വിളി മുഴങ്ങിയപ്പോഴേക്കും എല്ലാം ഇട്ടെറിഞ്ഞു തെരുവുകളിലിറങ്ങിയ മുസ്ലിം സമുദായത്തിന്റെ ചരിത്രം വായിച്ചറിഞ്ഞ അദ്ദേഹം ഒരു സർ സയ്യിദ് അഹമദ്ഖാൻ ജനിക്കാൻ വർഷങ്ങളെത്ര എടുത്തെന്നു നന്നായി പഠിച്ചിരുന്നു.

രാഷ്ട്രീയപ്പോരാട്ടത്തിന്റെ അഗ്നികുണ്ഠത്തിലേക്കു എടുത്തു ചാടിയ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനു ബിരുദാനന്തര പഠനവും സിവിൽ സർവീസും എന്നെന്നേക്കുമായി നഷ്ടപ്പെട്ടത് അദ്ദേ

ഹത്തിനറിയാമായിരുന്നു.

രാഷ്ട്രീയരംഗത്തെന്നപ്പോലെ വിദ്യാഭ്യാസ രംഗത്തും പിൽക്കാലത്ത് സജീവമായി നേതൃരംഗത്തിറങ്ങിയ തന്റെ മഹാനായ നേതാവ് സീതി സാഹിബ്, മഹാത്മജി ആഹ്വാനം ചെയ്ത നിസ്സഹകരണ സമരത്തിലിറങ്ങി, നിയമ ബിരുദം നേടാൻ വർഷങ്ങളെടുത്തതും അദ്ദേഹം വായ്ച്ചറിഞ്ഞതായിരുന്നു.

എന്നാൽ ന്യൂനപക്ഷാവകാശ താല്പര്യ സംരക്ഷണത്തിനായുള്ള മുസ്‌ലിം ലീഗിന്റെ രാഷ്ട്രീയ പോരാട്ടങ്ങൾക്ക് ഒരു രണ്ടാം നിരയെ വളർത്തി എടുക്കണമെന്ന തോന്നലാണ്, രാഷ്ട്രീയത്തിൽ നിന്നകന്നു രാഷ്ട്രീയം പഠിക്കുക എന്ന ഉപദേശം മുസ്‌ലിം വിദ്യാർത്ഥികൾക്ക് നൽകാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

മുംബെയിൽ ബ്രിട്ടീഷ് കമ്പനിയിലെ എക്സിക്യൂട്ടീവ് ഉദ്യോഗം രാജിവെച്ച് അബ്ദുല്ലക്കോയ, കോഴിക്കോട്ട് രാഷ്ട്രീയ ജീവിതം തുടങ്ങുന്ന കാലത്ത് കേരളക്കരയിൽ മുസ്‌ലിം വിദ്യാർത്ഥി ഫെഡറേഷൻ പിറന്നിരുന്നില്ല.

എന്നാൽ എം.എസ്.എഫ്. രംഗത്ത്വന്നതോടെ അവരുടെ പ്രവർത്തനങ്ങൾക്ക് എല്ലാ പ്രോത്സാഹനങ്ങളും നൽകാൻ അദ്ദേഹം സന്നദ്ധനായി. സി.എച്ചിനെയും പി.എം. അബൂബക്കറേയും ഇ. അഹമ്മദിനെയും പോലുള്ള നേതാക്കളെ സൃഷ്ടിക്കാൻ എം.എസ്.എഫിനു സാധിച്ചുവെന്ന് അദ്ദേഹം അഭിമാനത്തോടെ പറയാറുണ്ടായിരുന്നു.

അമ്പത് വർഷങ്ങൾക്കു മുമ്പ് കൊയിലാണ്ടിയിൽ മുസ്‌ലിം വിദ്യാർത്ഥി ഫെഡറേഷന്റെ ജില്ലാ സമ്മേളനം നടന്നപ്പോൾ മുഖ്യ പ്രാസംഗികൻ ബി.വി. ആയിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം അന്നു അച്ചടിച്ചു വിതരണം ചെയ്യുകയുണ്ടായി. ആധുനിക വിദ്യാഭാസത്തിനു നേരെ മുസ്‌ലിം സമുദായം പുറം തിരിഞ്ഞുനിന്ന കാലം കാസർകോട് ഭാഗത്ത് ഒരൊറ്റ ഹൈസ്കൂൾ പോലുമില്ല. കാസർകോട്ട് ഒരു പ്രമുഖനു മക്കളെ പഠിപ്പിച്ച് വലിയ ആളുകളാക്കാൻ അടങ്ങാത്ത മോഹം. കമ്മട്ടിമ്മിച്ച എന്നാണദ്ദേഹം അറിയപ്പെട്ടത് യഥാർത്ഥ പേര് കമ്മട്ടി അബ്ദുൾ ഖാദർ സാഹിബ്. കാസർക്കോട്ടെ ഷംനാട് സഹോദരൻമാർക്ക് ഉന്നത വിദ്യാഭാസം പകർന്നു നൽകിയത് ആ പിതാവായിരുന്നു എന്ന കഥ 1970ൽ കാഞ്ഞങ്ങാട്ട്ചേർന്ന ജിദ്ദ എം.എസ്.എഫ് കൺവെൻഷനിൽ ബി.വി പറഞ്ഞപ്പോൾ കേട്ടിരുന്നവർക്കൊക്കെയും അത്ഭുതം

റിലീഫ് വിതരണം, അർഹരായവരെ കണ്ടെത്തി വീട്ടിൽ ചെന്നു രഹസ്യമായി നൽകണമെന്നു വിധിച്ച ബി.വി. തന്നെ പറ

ഞത്, വിദ്യാഭ്യാസ രംഗത്ത് മികച്ച നിലവാരം കാണിക്കുന്ന കുട്ടികളെയും സ്ഥാപനങ്ങളെയും പൊതുവേദിയിൽ വിളിച്ചു വരുത്തിയാണ് ആദരിക്കേണ്ടതെന്നാണ്.

എം.എസ്.എഫ്. ലീഗിന്റെ വാലാണെന്ന ആക്ഷേപം എതിർപാളയങ്ങളിൽ നിന്നുയർന്നിരുന്നെങ്കിലും വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സഹകരിക്കുന്ന നേതാക്കളുടെ ഉപദേശ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന്നപ്പുറത്തേക്കു ആ ബന്ധം പോയിരുന്നില്ല.

1959ൽ ഒന്നാമത്തെ ഇ.എം.എസ്. മന്ത്രിസഭക്കെതിരെ നടന്ന വിമോചനസമരത്തിൽ ലീഗ് സജീവമായി പങ്കെടുത്തപ്പോഴും എം.എസ്.എഫിനെ പങ്കെടുക്കാൻ ലീഗ് നേതൃത്വം അനുവദിച്ചിരുന്നില്ല. സീതിസാഹിബെന്നപോലെ സി.എച്ചും കുട്ടികൾക്ക് നൽകിവന്ന ഉപദേശം പഠിക്കുക, പഠിക്കുക, പഠിക്കുക എന്നായിരുന്നു.

സ്വാതന്ത്ര്യത്തിനു മുമ്പ് തന്നെ മുസ്‌ലിം വിദ്യാർത്ഥി ഫെഡറേഷൻ ജനിച്ചിരുന്നുവെങ്കിലും, കേരളത്തിൽ എം.എസ്.എഫിനെ ഒരു പോഷകസംഘടനയായി ലീഗ് അംഗീകരിച്ചത്, 1967ൽ ഭരണത്തിൽ പാർട്ടി എത്തിയപ്പോഴായിരുന്നുവെന്നു അന്നു എം.എസ്.എഫ്. പ്രസിഡന്റായിരുന്ന കെ.പി. കുഞ്ഞിമ്മൂസ ഓർക്കുന്നു. ഭരണകക്ഷിയുടെ പിൻബലമുണ്ടായപ്പോൾ സിൻഡിക്കേറ്റിലും സെനറ്റിലും വിദ്യാർത്ഥി പ്രാതിനിധ്യം, പ്രീഡിഗ്രി ഡിറ്റൻഷൻ റദ്ദാക്കൽ, പി.ജി. വരെ ഭാഷാപഠനം എന്നിങ്ങനെ വിദ്യാർത്ഥി വർഗത്തിനു ഏറെ അഭിമാനിക്കാവുന്ന നേട്ടങ്ങൾ പഠിപ്പു മുടക്കാതെ തന്നെ കൈവരിച്ചുവെന്നും കുഞ്ഞിമ്മൂസ പറയുന്നു.

മലബാറിൽ ഒതുങ്ങിനിന്ന എം.എസ്.എഫി.ന്റെ പ്രവർത്തനം കേരളസംസ്ഥാന രൂപവൽക്കരണത്തോടെ 1958ൽ സ്റ്റേറ്റടിസ്ഥാനത്തിൽ വികസിപ്പിച്ചത് ഓർക്കുന്നു. അന്നു അഡ്വ. കെ.എം. കുഞ്ഞിമായൻ പ്രസിഡന്റും ഇ. അഹമ്മദ് സെക്രട്ടറിയുമായി രൂപവൽക്കരിക്കപ്പെട്ട പ്രഥമ സംസ്ഥാന സമിതിയിൽ ട്രഷറർ ഈ ഗ്രന്ഥകാരനായിരുന്നു. പോളിടെക്നിക്ക് വിദ്യാർത്ഥി ആയിരുന്നു അബ്ദുല്ലക്കോയയുടെ മൂത്ത മകനായ ഞാൻ അന്ന്. ആ വിവരം അറിഞ്ഞപ്പോൾ വിദ്യാഭ്യാസത്തെ തടസപ്പെടുത്തുന്ന സംഘടനാ പ്രവർത്തനം തന്റെ മകൻ നടത്തുന്നതിനും താനെതിരാണെന്നായിരുന്നു, ബി.വി.യുടെ നിലപാട്. പഠനത്തിനു തടസ്സം വരാതെ വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെക്കൂടി കൈപിടിച്ചുയർത്തുന്ന അജൻഡയാണ് പുതിയ കമ്മിറ്റിയുടെതെന്നു ബോധ്യപ്പെടുത്തിയപ്പോഴാണ് അബ്ദുല്ലക്കോയ സമ്മതിച്ചതെന്നു സെക്രട്ടറി ഇ.അഹമ്മദ് പറയുന്നു. (ബി.വി. സ്മരണിക).

ഉത്തരകേരളത്തിലെ ആദ്യത്തെ മുസ്‌ലാം മാനേജ്മെന്റ് വിദ്യാലയമായ ഹിമായത്തുൽ ഇസ്‌ലീം സ്കൂളിലായിരുന്നു, ബി. വി.യുടെ പ്രാഥമിക പഠനം. തുടർന്നു പിതാവ് എസ്.വി. അബൂബക്കർ ഹാജി വ്യാപാരാവശ്യാർത്ഥം ആലപ്പുഴയിലേക്കു നീങ്ങിയപ്പോൾ അവിടെ എസ്.ഡി.വി. ഹൈസ്കൂളിൽ ചേർന്നു. ആനിബസന്റിന്റെ തിയോസഫിയിൽ ആകൃഷ്ടരായ ഒരു കൂട്ടം വിദ്യാഭ്യസ പ്രവർത്തകരാണ് സനാതന ധർമ വിദ്യാഭ്യാസ ട്രസ്റ്റും സ്കൂളും ആരംഭിച്ചതെങ്കിലും അത് മതേതര മൂല്യങ്ങൾക്കു വില കല്പിക്കുന്ന സരസ്വതീ ക്ഷേത്രമായിരുന്നു.

എസ്.എസ്.എൽ.സി. പാസായതോടെ ഇന്റർമീഡിയറ്റിനു ബി.വി. കോഴിക്കോട് ചാലപ്പുറത്തെ സാമൂതിരി കോളേജിൽ ചേർന്നു. ഡിഗ്രി പഠനത്തിനു ചെന്നൈയിലെ ഗവ. മുഹമ്മദൻസ് കോളേജിലേക്കാണ് പോയത്.

ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ചും മലബാറിലെ മുസ്‌ലീംകളുടെ പിന്നോക്കാവസ്ഥയിൽ സീതിസാഹിബിനെയും പോക്കർ സാഹിബിനെയും സി.എച്ചിനെയും പോലെ അത്യന്തം ഖിന്നനായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും ഈ സങ്കടാവസ്ഥ തന്നെ. ആദ്യകാല വിദ്യാഭ്യാസം നിർവഹിച്ച ഹിമായത്തുൽ ഇസ്‌ലാം സ്കൂളിൽ പിന്നീട് ഏറെക്കാലം സ്കൂൾ മാനേജിങ്ങ് കമ്മിറ്റി അംഗമായി അദ്ദേഹം. സാമൂതിരി കോളേജിന്റെ ഭരണസമിതിയിലും അദ്ദേഹത്തിനു അംഗത്വമുണ്ടായിരുന്നു.

ഫാറൂഖ് കോളേജിന്റെ തുടക്കകാലത്ത് പി.പി. ഹസൻകോയ, കെ.എം. സീതിസാഹിബ്, അഡ്വ. എം.വി. ഹൈദ്രോസ്, പി.ഐ. കുഞ്ഞഹമ്മദ് കുട്ടി ഹാജി, പ്രൊഫ. കെ.എ. ജലീൽ എന്നിവരൊടൊപ്പം സഹകരിച്ച അദ്ദേഹം, മാതൃസ്ഥാപനമായ റൗസത്തുൽ ഉലും അറബിക് കോളേജിന്റെ പ്രവർത്തനത്തിൽ മൗലവി അബുസ്സബാഹ് അഹമ്മദലിയ്ക്കു സഹായിയായി നിന്നു.

പിന്നീട് സുലൈമാൻ സേട്ടിന്റെയും, എം.കെ. ഹാജിയുടെയും നേതൃത്വത്തിൽ തിരൂരങ്ങാടിയിൽ പോക്കർ സാഹിബ് മെമ്മോറിയൽ ഓർഫനേജ് കോളേജ് ഉയർന്നപ്പോൾ മാനേജിങ്ങ് കമ്മിറ്റിയിൽ ബി.വി. ഉണ്ടായിരുന്നു.

ഡോ. പി.കെ. അബ്ദുൽ ഗഫൂറും ഡോ. എം.എ. അബ്ദുല്ലയും നേതൃത്വം നൽകി ആരംഭിച്ച മുസ്‌ലീം എജ്യുക്കേഷണൽ സൊസൈറ്റിയിൽ ഒരു സജീവ രാഷ്ട്രീയക്കാരനെന്ന നിലയിൽ അംഗ

ത്വമെടുക്കാതെ മാറി നിന്നപ്പോഴും, എം.ഇ.എസിന്റെ പ്രവർത്തനങ്ങൾക്കു ആളും അർഥവും നൽകാൻ അദ്ദേഹം മടിച്ചു നിന്നില്ല.

എം.ഇ.എസും. ലീഗും തമ്മിൽ ഒരു തെറ്റിപ്പിരിയലുണ്ടായപ്പോൾ, കൂട്ടിയോജിപ്പിക്കാൻ ബി.വി. നടത്തിയ ശ്രമങ്ങളെ ഡോ. ഗഫൂർ അനുസ്മരിക്കുകയുണ്ടായി.

എം.ഇ.എസിൽ നിന്നു ഒരു വിഭാഗം ഭിന്നിച്ച് മുസ്‌ലീം സർവീസ് സൊസൈറ്റിയ്ക്ക് രൂപം നൽകിയപ്പോൾ തമ്മിൽ പോരാടാൻ നിൽക്കാതെ ആരോഗ്യകരമായ ഒരു മത്സരത്തിലൂടെ സാമുദായികോന്നതിക്കു ശ്രമിക്കണമെന്നായിരുന്നു ഇരുകൂട്ടർക്കും നൽകിയ ഉപദേശം.

നീണ്ടകാലത്തെ സ്വപ്നത്തിനു ശേഷം കേരളത്തിൽ രണ്ടാമതൊരുസർവകലാശാല എന്ന നിലയിൽ തേഞ്ഞിപ്പലത്ത് 1968 ആഗസ്റ്റ് 12നു വിദ്യാഭ്യാസമന്ത്രി സി.എച്ച്. മുഹമ്മദ് കോയ കാലിക്കറ്റ് യൂണിവേഴ്സിറ്റിയ്ക്കു തറക്കല്ലിടുമ്പോൾ ബാഫഖി തങ്ങളോടൊപ്പം ചാരിതാർഥ്യത്തോടെ സാക്ഷ്യം വഹിക്കാൻ കഴിഞ്ഞത് ബി.വി. പലപ്പോഴും അനുസ്മരിക്കാറുണ്ടായിരുന്നു.

കാലിക്കറ്റ് സർവകലാശാല രൂപവൽക്കരിക്കപ്പെട്ട ആദ്യ വർഷം തന്നെ അദ്ദേഹത്തിനു സിൻഡിക്കേറ്റിൽ അംഗത്വവും ലഭിച്ചു. തുടർന്ന് രണ്ടു തവണ കൂടി ആ സ്ഥാനത്തെത്തിയ ഏക വ്യക്തിയായി അദ്ദേഹം. ഒരു രാഷ്ട്രീയ നേതാവായിരുന്നിട്ടും യൂണിവേഴ്സിറ്റിക്കു അദ്ദേഹം നൽകിയ സംഭാവനകളെക്കുറിച്ച് പിൽക്കാലത്ത് വൈസ് ചാൻസലറായിവന്ന പ്രൊഫ. കെ.എ.ജലീലും പ്രോ വൈസ് ചാൻസലറായിരുന്ന ഡോ. സുകുമാർ അഴീക്കോടും, അക്കാലത്ത് സിൻഡിക്കേറ്റംഗമായിരുന്ന മാർക്സിസ്റ്റ് നേതാവ് പി. ഗോവിന്ദപിള്ളയും, യൂണിവേഴ്സിറ്റിയുടെ ആദ്യകാല കായിക വിദ്യാഭ്യാസ വകുപ്പ് മേധാവിയായപ്രൊഫ.ഇ.ജെ.ജേക്കബും പലവേദികളിലും പ്രകീർത്തിക്കുകയുണ്ടായി.

കാലിക്കറ്റ് സർവകലാശാല രൂപവൽകൃതമായപ്പോൾ സിൻഡിക്കേറ്റിലും സെനറ്റിലും അക്കാദമിക്ക് കൗൺസിലിലുമൊക്കെയും വിദ്യാഭ്യാസ തല്പരരായ എല്ലാ സമുദായംഗങ്ങളും വേണമെന്ന നിലപാടായിരുന്നു സി.എച്ചിന്റേത്. യോഗ്യന്മാരായവർ എന്ന ലേബലിൽ ഒന്നോ രണ്ടോ സമുദായംഗങ്ങളുടെ കുത്തകയായിരുന്നു അതേവരെ കേരള സർവകലാശാല.

അക്കാദമിക്ക് സമിതികളിൽ ഈഴവരിൽ നിന്നും മുസ്‌ലിംകളിൽ നിന്നും ഏതാനും പ്രമുഖരെക്കൂടി ഉൾപ്പെടുത്തിയപ്പോൾ, നിക്ഷിപ്ത താല്പര്യക്കാരിൽ നിന്നും ചെന്നായ വിളി ഉയർന്നു

എന്നാണ് റിട്ടയർഡ് ചീഫ് എഞ്ചിനീയറായ ടി.പി. കുട്ട്യമ്മു സാഹിബ്, കാലിക്കറ്റ് സർവകലാശാലയുടെ ഒരു പ്രസിദ്ധീകരണത്തിൽ തന്നെ എഴുതിയത്.

പിന്നോക്ക വിഭാഗങ്ങൾക്കും ന്യൂനപക്ഷ സമുദായങ്ങൾക്കും സർവകലാശാലയിൽ മുഖ്യമായ പങ്ക്വഹിക്കാനുണ്ടെന്ന കാര്യത്തിൽ സി.എച്ചിനു പക്ഷെ സംശയമുണ്ടായിരുന്നില്ല.

ആർക്കും ഒരെതിർപ്പും ഇല്ലാത്തവിധം വിദ്യാഭ്യാസ വീചക്ഷണനായ പ്രൊഫ. എം.എം. ഗനിയെ വൈസ് ചാൻസലറായി കണ്ടെത്തിയ സി.എച്ച്. പതിനാലംഗ സിൻഡിക്കേറ്റിൽ വിദ്യാഭ്യാസ തൽപരർ എന്ന നിലയിലാണ് മൂന്നു പ്രമുഖ മുസ്‌ലിം നേതാക്കളെ നാമ നിർദ്ദേശം ചെയ്തത്.

കേരള സർവകലാശാലയിൽ എഞ്ചിനീയറിങ്ങ് ഫാക്കൽറ്റി യിൽ അംഗമായിരുന്ന റിട്ടയർഡ് ചീഫ് എഞ്ചിനീയർ ടി.പി. കുട്ട്യമ്മു സാഹിബായിരുന്ന ഒരാൾ. സർവകലാശാലയ്ക്കു കീഴിലെ ഏറ്റവും വലിയ കലാലയമായ ഫാറൂഖ് കോളേജിൽ ദീർഘകാലം പ്രിൻസിപ്പൽ സ്ഥാനം വഹിക്കുന്ന പ്രഫസർ കെ.എ. ജലീലായിരുന്നു, രണ്ടാമൻ. മദ്രാസ് മുഹമ്മദൻ കോളേജിൽഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാ ക്കി, വർഷങ്ങളായി ഇന്ത്യൻ പാർലമെന്റ് അംഗത്വം വഹിക്കുന്ന ബി.വി. അബ്ദുല്ലക്കോയ മൂന്നാമനും.

ദോഷൈകദൃക്കുകൾ അലിഗഡ് എന്നും പാക്കിസ്ഥാൻ എന്നും വിളിച്ചു സർവകലാശാലയെ അപമാനിക്കാൻ ശ്രമം നട ത്തി. സി.എച്ച്. ഏറെ ബഹുമതിക്കുന്ന മഹാശയനായ മാതൃഭൂമി പത്രാധിപർ കെ.പി. കേശവ മേനോൻ പോലും സെനറ്റിലേക്കുള്ള നാമനിർദ്ദേശം നിരാകരിച്ചു.

ഇതേ കേശവമേനോൻ യു.എൻ. പ്രസിദ്ധിയുള്ള ഡോ. എൻ.എ. നൂർ മുഹമ്മദിനെ 1975ൽ വൈസ് ചാൻസലറായി നിയമിച്ചപ്പോൾ ആരുമറിയാത്ത ഒരാളെ വി.സി. ആക്കുന്നു എന്നു പരസ്യപ്രസ്താ വന നടത്തിയതും ചരിത്രം.

എന്നാൽ കാലിക്കറ്റ് സർവകലാശാല വന്ദ്യവയോധികനായ കെ.പി. കേശവമേനോനെ ഡോക്ടറേറ്റ് നൽകി ആദരിക്കുകയാണു ണ്ടായത്. സർവകലാശാലാ പ്രവർത്തനം ഭംഗിയായി നടന്നു. വൈസ് ചാൻസലർ ആദ്യ കാലാവധി പൂർത്തിയാക്കിയപ്പോൾ ഒരു ടേം കൂടി അദ്ദേഹത്തിനു നൽകണമെന്ന ഏകകണ്ഠമായി അഭിപ്രാ യ പ്രകടനം ഉയരത്തക്കവിധം മഹത്തരമായ രീതിയാലാണ് പണ്ട് തലശ്ശേരി ഗവ. ബ്രണ്ണൻ കോളജിന്റെ പ്രിൻസിപ്പൽ സ്ഥാനം വഹി ച്ചിരുന്ന തമിഴ്നാട്ടുകാരനായ മുഹമ്മദ് ഗനിസാഹിബിന്റെ മാതൃകാ

പരമായ ഭരണം.

വാസ്തവത്തിൽ ന്യൂനപക്ഷ സമുദായത്തിൽ നിന്നു ആരെയെങ്കിലും പിടിച്ചു വലിച്ചു കൊണ്ടു വന്നു വി.സി. ആക്കണമെന്ന ഒരു ചിന്ത സി.എച്ചിനെ ഒരിക്കലും ബാധിച്ചിരുന്നില്ല. മുൻ വിദ്യഭ്യാസ മന്ത്രി പ്രഫസർ ജോസഫ് മുണ്ടശ്ശേരിയെ കൊച്ചിൻ സർവകലാശാലയുടെ വി.സി. ആയി നിയമിച്ച ചരിത്രമുള്ള സി.എച്ച്, പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണനായ ഡോ. എ. അയ്യപ്പനെയും കാലിക്കറ്റ് സർവകലാശാലയുടെ വി.സി.സ്ഥാനത്തേക്ക് പരിഗണിച്ചിരുന്നു. അതേപോലെ കേരള സർവകലാശാലയുടെ തലപ്പത്ത് ഡോ. വി. കെ. സുകുമാരൻ നായരെപ്പോലെയുള്ള ഒരു ചരിത്ര പണ്ഡിതനെയും.

ഇത് പറയുമ്പോൾ അന്ന് കാലിക്കറ്റ് സിൻഡിക്കേറ്റിൽ കുട്ട്യമ്മു സാഹിബിനും, പ്രൊഫ. ജലീലിനും, അബ്ദുല്ലക്കോയക്കും ഒപ്പം നാമനിർദ്ദേശം ചെയ്യപ്പെട്ടവർ ആരൊക്കെയാണെന്നു നോക്കാം. പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മാധവ മേനോൻ, കേരള ഗവ. വിദ്യാഭ്യാസ സെക്രട്ടറി മോളി തോമസ്, മോൺസിഞ്ഞോർ ജോസഫ് കുരീത്തടം (പ്രിൻസിപ്പൽ, സെന്റ് തോമസ് കോളേജ്, പാലാ) മോൺസിഞ്ഞോർ തോമസ് മൂത്തേടം (പ്രിൻസിപ്പൽ, നിർമലാകോളേജ്, മൂവാറ്റുപുഴ) പ്രൊഫ. ഐ.ജി. ഭാസ്കരപ്പണിക്കർ (ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്)ഡോ.സി.പി.കുര്യാക്കോസ് (പ്രിൻസിപ്പൽ, ഗവ. എഞ്ചിനീയറിങ്ങ് കോളേജ്, തിരുവനന്തപുരം) പ്രൊഫ. എസ്. ശിവപ്രസാദ് (പ്രിൻസിപ്പൽ, എസ്.എൻ.കോളേജ്, കണ്ണൂർ) ഡോ. സി.എം.ഫ്രാൻസിസ് (പ്രിൻസിപ്പൽ, ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്) പി.കെ. സെയ്തു മുഹമ്മദ് (രജിസ്ത്രാർ, കാലിക്കറ്റ് സർവകലാശാല),

പിൽക്കാലത്ത് പ്രൊവൈസ് ചാൻസലറും ആക്ടിങ്ങ് വി. സി.യുമായിരുന്ന ഡോ. സുകുമാർ അഴീക്കോട് പറഞ്ഞത് സിൻഡിക്കേറ്റിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തികളുമായി അടുത്ത് പഴകിയപ്പോഴാണ് സി.എച്ചിന്റെ നിശ്ചയ ദാർഢ്യത്തിന്റെ മഹത്വം എനിക്ക് കൂടുതൽ മനസിലായത് എന്നാണ് (ബി.വി.സ്മരണിക).

ഡോ അഴീക്കോട് തുടർന്നു. അബ്ദുല്ലക്കോയ. എന്നും യൂണിവേഴ്സിറ്റിക്കുവേണ്ടി മാത്രമെ ശബ്ദം ഉയർത്തിയിട്ടുള്ളൂ. അബ്ദുല്ലക്കോയയുടെ പേരിന്റെ കുടെയുള്ള ആ രണ്ടക്ഷരങ്ങൾ എന്തിനെകുറിക്കുന്നുവെന്നു ആരോടും ഞാൻ അന്വേഷിച്ചിട്ടില്ല. ബഹുമാന്യനും വിശിഷ്ടനും ഇതാണ് ബി.വി

1961-63 കാലത്ത് കേരള സ്റ്റേറ്റ് എജ്യുക്കേഷൻ അഡ്വൈ

സറി ബോർഡ് എന്ന ഒരുപദേശക സമിതി കേരള ഗവൺമെന്റ് ഉണ്ടാക്കിയപ്പോൾ ബി.വി. അതിൽ അംഗമായി. പിൽക്കാലത്ത് കേരളത്തിലെ മുസ്‌ലിം കലാലയങ്ങൾ ചേർന്ന് ഒരു സംഘടന രൂപവൽക്കരിച്ചപ്പോൾ സ്ഥാപകാധ്യക്ഷ പദവിയും ബി.വി.ക്കാണ് നൽകിയത്.

അബ്ദുല്ലക്കോയയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മകുടം ചാർത്തുമാറുള്ള ഒരു പദ്ധതിയായിരുന്നു, പത്തു കമ്പ്യൂട്ടറുകളോടെ കോഴിക്കോട് ഹിമായത്തുൽഇസ്‌ലാം സ്കൂളിൽ അഞ്ചു വർഷം മുമ്പാരംഭിച്ച ബി.വി സ്മാരക കംമ്പ്യൂട്ടർ സെന്റർ എം. കെ. സി അബു ഹാജി ഫൗണ്ടേഷനും ബി.വി.യുടെ കുടംബാംഗങ്ങളും സഹകരിച്ചുകൊണ്ട് തുടങ്ങിയ ഈ കേന്ദ്രത്തിന്റെ പ്രയോജനം നഗരത്തിലെ പാവപ്പെട്ട വിദ്യാർഥികൾക്കു ഇന്നും ഏറെ ഗുണം ചെയ്തു വരുന്നു.

കരുത്തുറ്റ യുവനിരക്കു പ്രോത്സാഹനം

മുസ്‌ലിം വിദ്യാർത്ഥി ഫെഡറേഷൻ എന്ന കാര്യത്തിൽ ലീഗ്നേതൃത്വത്തിനു തുടക്കം മുതലേ വലിയ അനുഭാവ മായിരുന്നെങ്കിലും യൂത്ത് ലീഗ് എന്ന ആശയത്തോട് പൊരുത്തപ്പെടാൻ സമയം കുറച്ചെടുത്തു. ഇതര രാഷ്ട്രീയ കക്ഷികളിൽ പ്രത്യേകിച്ച് കോൺഗ്രസ്സിൽ യുവജന പ്രസ്ഥാനം അവർക്കുതന്നെ തലവേദന ഉണ്ടാക്കുന്ന തരത്തിൽ ചില നീക്കങ്ങൾ നടത്തുന്ന പശ്ചാത്തലത്തിലായിരുന്നു അത്.

ഇതിന്റെ വെളിച്ചത്തിൽ ഒരു രൂപരേഖ തയ്യാറാക്കാൻ സി. എച്ച്. മുഹമ്മദ്കോയ, സയ്യിദ് ഉമർ ബാഫഖിതങ്ങൾ, ചെറിയ മമ്മുക്കേയി, പി.എം. അബൂബക്കർ, ഇ.അഹമ്മദ് എന്നിവരുൾപ്പെട്ട ഒരു സമിതിയെ നിയോഗിച്ചു കൊണ്ടാണ് പാർട്ടി ഈ രംഗത്തേക്കു കടന്നത്. ലീഗ് നയങ്ങളുമായി സമരസപ്പെട്ട് പോകത്തക്കവിധം യൂത്ത് ലീഗിന് പ്രവർത്തിക്കാമെന്ന തീരുമാനം അതേ തുടർന്നാണുണ്ടായത്. സുശക്തമായ ഒരു യുവജന പ്രസ്ഥാനമായി അത് വളർന്നു വരാൻ പിന്നെ സമയം ഏറെ വേണ്ടിവന്നില്ല.

എന്നാൽ പാർട്ടിയിൽ ഭിന്നിപ്പ് തല പൊക്കി തുടങ്ങിയ വേളയിൽ തല ഇരിക്കുമ്പോൾ വാൽ ആടുന്നതരത്തിലുള്ള സ്ഥിതി വിശേഷം 1974ൽ യൂത്ത്ലീഗിലും ദൃശ്യമായി.വിമത നേതൃത്വത്തിന്റെ ഒത്താശകളോടെ യൂത്ത് ലീഗിന്റെ ഒരു സംസ്ഥാന സമ്മേളനം കോഴിക്കോട്ട് നടത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ചേരിതിരിവ് പറഞ്ഞു തീർക്കാമെന്ന ആഗ്രഹത്തോടെ ആ സമ്മേളനം നിർത്തിവക്കണ

മെന്നു യൂത്ത്‌ലീഗ് നേതാക്കളെ പാർട്ടി നേതൃത്വം അറിയിച്ചു. എന്നാൽ ചന്ദ്രിക പത്രാധിപ സമിതിയിൽ സീനിയർ അംഗങ്ങളായ യൂത്ത് ലീഗ് പ്രസിഡന്റ് കെ.കെ. മുഹമ്മദിനും, ജനറൽ സെക്രട്ടറിപി. കെ. മുഹമ്മദിനും അത് സ്വീകാര്യമായില്ല. ലീഗ് പ്രസിഡന്റ് പൂക്കോയ തങ്ങൾ ചന്ദ്രികയുടെ മാനേജിങ്ങ് ഡയറക്ടർ ആയിരുന്നിട്ട് പോലും, അദ്ദേഹത്തിന്റെ പ്രസ്താവന പത്രത്തിൽ വെളിച്ചം കണ്ടില്ല. ചീഫ് എഡിറ്ററായിരുന്ന സി.എച്ചി.ന്റെ കുറിപ്പും പ്രസിദ്ധീകരണം ലഭിക്കാതെ പോയി.

പാർട്ടിയുടെ ജില്ലാ സമിതി അംഗങ്ങളായ വിമത യൂത്ത് നേതാക്കളിലൂടെ മുഖപത്രവും ഔദ്യോഗിക നേതൃത്വത്തിനു നഷ്ട പ്പെടുമോ എന്ന തോന്നൽ. പത്രസ്ഥാപനത്തെ അതിന്റെ വിഷമകര മായ സാമ്പത്തിക നിലയിൽ നിന്നു മോചിപ്പിക്കാനായി മാനേജിങ്ങ് എഡിറ്ററായി നിയമിച്ച ബഹുമാന്യനായ റിട്ടയർഡ് ചീഫ് എഞ്ചിനീ യർ ടി.പി. കുട്ട്യമ്മുസാഹിബ് പോലും മമ്മുക്കേയിയുടെയും സയ്യിദ് ഉമർ തങ്ങളുടെയും സ്വാധീനത്തിൽപെട്ടുപോകുകയായിരുന്നു.

ചീഫ് എഡിറ്റർ സി.എച്ചിനെയും പ്രസാധകൻ വി.സി. അബൂ ബക്കറിനെയും പോലെ കോഴിക്കോടുള്ള ചന്ദ്രിക ഡയറക്ടർ ബി. വി. അബ്ദുല്ലക്കോയയേയും ഇത് ഏറെ ആശങ്കാകുലരാക്കി. മല പ്പുറത്ത്നിന്ന് പി. സീതിഹാജി കുതിച്ചെത്തി പട നയിച്ചതോടെയാണ് വിമതരുടെ അച്ചടി വിപ്ലവം അലസിപ്പോയത്. അവർ പിന്നീട് ഇതേ യൂത്ത് ലീഗ് നേതാക്കളെ തന്നെ മുന്നിൽ നിർത്തി പന്നിയങ്കരയിൽ നിന്നു ലീഗ് ടൈംസ് എന്ന പേരിൽ ഒരു സമാന്തര പത്രം ആരംഭി ക്കുകയായിരുന്നു.

എന്നാൽ ശക്തമായ ഒരു യുവനിര പാർട്ടിയ്ക്കു വേണമെന്ന കാര്യത്തിൽ നേതൃനിരയിൽ രണ്ടഭിപ്രായമുണ്ടായിരുന്നില്ല. ഭാവി നേതൃത്വം ഏറ്റെടുക്കത്തക്കവിധം കെല്പുള്ളതായിരിക്കണം അത് എന്ന കാര്യത്തിലും. പൂക്കോയ തങ്ങൾക്കു പിറകെ ശിഹാബ് തങ്ങളെ പാർട്ടി അധ്യക്ഷപദവിയിൽ കൊണ്ടുവന്നപ്പോഴും മന്ത്രി പദവിയിൽ നാലു ചെറുപ്പക്കാരെ ലീഗ് നോമിനികളായി പരിഗണിച്ച പ്പോഴും ഇത് വ്യക്തവും ആയിരുന്നു.1975ൽ യൂത്ത്‌ലീഗ് പുനഃസം ഘടിപ്പിച്ചതും പി.കെ.കെ. ബാവയും, കെ.പി.എ. മജീദും, ടി.എ. അഹ മ്മദ് കബീറും, പിലാക്കണ്ടി മുഹമ്മദലിയും , സി.കെ മൊയ്തുവും, പ്.എസ് മുഹമ്മദ് ബഷീറും കെ. താഹിർകുട്ടിയും ഒക്കെ നേതൃനി രയിലേക്കു വന്നതും അങ്ങിനെയാണ്.അഹമ്മദ് കബീർ എഴുതി : ഒത്തിരി വലിയ ആളുകളാണ് ആ തിരഞ്ഞെടുപ്പ് നടത്തിയത്. സി. എച്ച്., സേട്ടുസാഹിബ് , ബി.വി. അന്നു അതിനേക്കവലിയ നേതൃവ

ലയമില്ല. - (ശിഹാബ് തങ്ങൾ സ്മരണിക).

കോഴിക്കോട്ടെ റിലീഫ് പ്രവർത്തനങ്ങളിലും യുവാക്കളെ പ്രോത്സാഹിപ്പിച്ചിറക്കിയ ബി.വി. പറഞ്ഞത്, പിൽക്കാലങ്ങളിൽ അത് ഏറ്റെടുത്തു നടത്താൻ കഴിയുന്നവർ അവരാണ് എന്നായിരുന്നു.

യുവജനങ്ങളെ രാഷ്ട്രീയത്തിലായാലും ആകർഷിക്കാൻ കഴിയുന്നത് കലകളിലൂടെയും കായിക രംഗത്തിലൂടെയും ആണെന്നും പിതാവിനു സുദൃഡമായ വിശ്വാസമുണ്ടായിരുന്നു. സ്വന്തം കാര്യം എടുത്താൽ തന്നെ, രാഷ്ട്രീയത്തിൽ സജീവമായി രുന്ന കാലത്തും സാഹിത്യവും സ്പോർട്സും എന്നപോലെ സംഗീതവും അബ്ദുല്ല ക്കോയയെ ആകർഷിക്കുകയും ചെയ്തിരുന്നു.

കെ.എൽ.സൈഗാൾ, പങ്കജ് മല്ലിക്ക്, മുഹമ്മദ് റഫി, സുരയ്യ, ശംഷാദ് ബീഗം, ലതാ മങ്കേഷ്ക്കർ എന്നീ ഹിന്ദി ഗായകരെയും നൗഷാദ് എന്ന സംഗീത സംവിധായകനെയും അതിയായി സ്നേഹിച്ച അദ്ദേഹത്തിനു മലയാളത്തിലും ഇഷ്ടഗായകരുണ്ടായിരുന്നു. കോഴി ക്കോട് അബ്ദുൽ ഖാദർ, യേശുദാസ, ബാബുരാജ് എന്നിവർ.പഴയ കാല മാപ്പിള ഗായകനായ ഗുൽമുഹമ്മദിന്റെ ആബിദാ വിജയം എന്ന റിക്കാർഡ് പരമ്പര കൈവശമാക്കി സ്വന്തം ഗ്രാമഫോണിൽ കേട്ടാ സ്വാദിക്കുന്നത് ഒരു ഹോബി ആയിരുന്നു. എസ്.എം. കോയ മുതൽ സി.എ. അബൂബക്കർവരെയുള്ളവരുടെ മാപ്പിളപ്പാട്ടുകളുടെയും വലിയ ഒരാസ്വാദകനായിരുന്നു അദ്ദേഹം.

ചലച്ചിത്രതാരങ്ങളിൽ തിക്കുറുശ്ശി സുകുമാരൻ നായരുമായി അടുത്ത പരിചയമായിരുന്നു. കൊട്ടാരക്കര ശ്രീധരൻനായർ,പ്രേം നസീർ,മമ്മൂട്ടി, മോഹൻലാൽ, ബഹദൂർ, മധു, അടൂർഭാസി, മിനാകു മാരി, ആറന്മുളപൊന്നമ്മ, എന്നിവരുടെ അഭിനയപാടവത്തെയും പ്ര കീർത്തിക്കാറുണ്ടായിരുന്നു.

താൻ പ്രധാന കൈകാര്യ കർത്താവായി കോഴിക്കോട്ട് സംഘടിപ്പിച്ച സംസ്ഥാന മുസ്ലിംലീഗ് സമ്മേളനത്തിൽ എം.കെ. സി. അബുഹാജിയെ സബ്കമ്മിറ്റി ചെയർമാനായി നിയോഗിച്ച്, മാപ്പിള കലാമേള മാനാഞ്ചിറ മൈതാനത്ത് അവതരിപ്പിക്കുന്നതിലും ബി.വി. പ്രമുഖ പങ്ക് വഹിക്കുകയുണ്ടായി.

ശരീരത്തിനെന്നപോലെ മനസ്സിനും ആരോഗ്യം

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള ഒരുമനസ്സ് ഉണ്ടാവുക യുള്ളു എന്ന ഉറച്ച വിശ്വാസക്കാരനായിരുന്നു, അബ്ദു

ല്ലക്കോയ. വൃത്തിയും ആരോഗ്യവും എന്നും സമരസപ്പെട്ട് പോകേണ്ടവയാണെന്നു പറയുമ്പോൾ തന്നെ സ്വന്തം കാര്യത്തിൽ അത് അവലംബിക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

കായികരംഗത്തേക്കുള്ള അദ്ദേഹത്തിന്റെ അടുപ്പവും ഇങ്ങനെ രൂപപ്പെട്ടുവന്നതത്രെ. കളിക്കുകയും നടക്കുകയും സൈക്കിൾ ചവിട്ടുകയും ഒക്കെ ജീവിതത്തിന്റെ ഭാഗമായി കൊണ്ടു നടന്ന അദ്ദേഹം, ആ വ്യായാമമുറകളെക്കുറിച്ചു വീട്ടുകാരോടും കൂട്ടുകാരോടും എന്നും പറയുമായിരുന്നു. മൂന്നാലിങ്കലിലെ താമസക്കാലത്തും വിശാലമായ സ്വന്തം വീട്ടുമുറ്റത്ത് രാവിലെതന്നെ വലിയ ചൂലെടുത്ത് വൃത്തിയാക്കുകയും ചെടികൾക്ക് വെള്ളം നനക്കുകയും ചെയ്യുന്ന ശീലം അദ്ദേഹത്തിനുണ്ടായിരുന്നു.

വീട്ടുകാരിയോടൊപ്പം സൽക്കാരപ്രിയനും ആതിഥ്യപ്രിയനും ആയാണ് ബി.വി. അറിയപ്പെട്ടതെങ്കിലും അമിതാഹാരത്തിന്റെ അപകടങ്ങൾ സ്വയം മാതൃകയായിതന്നെ അദ്ദേഹം സൂചിപ്പിക്കാറുണ്ടായിരുന്നു.

ആരോഗ്യകാര്യങ്ങളിൽ നാം തന്നെ സ്വയം ശ്രദ്ധിക്കാതിരുന്നാൽ നമുക്കും നമ്മുടെ കുടുംബത്തിനും മാത്രമല്ല, നമ്മിൽ നിന്നു പലതും പ്രതീക്ഷിക്കുന്ന സമൂഹത്തിലെ പാവപ്പെട്ടവർക്കും വലിയ നഷ്ടമായിരിക്കുമെന്നായിരുന്നു, അദ്ദേഹത്തിന്റെ അഭിമതം. കായികശേഷിയിലൂടെ ആരോഗ്യം നില നിർത്തുക എന്നതിലെ വലിയ ഒരു സന്ദേശം കളികളിൽ നിന്നു വലിയ ചില പാഠങ്ങൾ ആളുകൾക്ക് നൽകുന്നുണ്ടെന്നു അബ്ദുല്ലക്കോയ ചൂണ്ടിക്കാണിക്കാറുണ്ടായിരുന്നു.

ഒന്നാമത്തത് ഒരാൾക്കു ചെയ്യുന്നതിനേക്കാളേറെ കാര്യങ്ങൾ ഒരു ടീമിനു ചെയ്യാൻ കഴിയുമെന്നത് തന്നെ. ഇവിടെ ഒന്നും ഒന്നും കൂട്ടിയാൽ രണ്ടല്ല, വൈക്കം മുഹമ്മദ് ബഷീറിന്റെ കഥാപാത്രം പറയുന്നത് പോലെ ബല്യ ഒന്നും അല്ല, രണ്ടും അല്ല, അതിലും എത്രയോ വലുതാണ്.

മറ്റൊന്നു പൊതു ജീവിതത്തിൽ പലതും മറക്കാനും പൊറുക്കാനും പഠിപ്പിക്കുന്നത് കളികൾ ആണ് എന്നതുമത്രെ.

കളികളിലും സ്കൗട്ട് തുടങ്ങിയ പ്രസ്ഥാനങ്ങളിലും കമ്പക്കാരനായിരുന്നു അബ്ദുല്ലക്കോയ. ടീമിനു നല്ലൊരു ക്യാപ്റ്റനുണ്ടായാൽ തന്നെ കളി പകുതി ജയിച്ചു എന്നു വിശ്വസിക്കുമ്പോഴും ജയം എന്നപോലെ പരാജയവും കളിയുടെ ഭാഗമാണെന്നു ഉറച്ചു അഭിപ്രായക്കാരനായിരുന്നു. തോൽക്കുമ്പോഴും വിജയികളെ അഭിനന്ദിക്കാനും തോൽവിയിൽ നിന്നു പാഠം പഠിക്കാനും അനുയായി

കളേയും അദ്ദേഹം ഉപദേശിച്ചു. കോഴിക്കോട്ട് പാർലിമെന്റ് തിര ഞ്ഞെടുപ്പിൽ സീതിസാഹിബിന്റെ പരാജയവും സി.എച്ചിന്റെ വിജ യവും അദ്ദേഹം ഉദാഹരിക്കുമായിരുന്നു.

സ്കൂൾപഠന കാലത്ത് ഫുട്ബോളും വോളിബാളും ബാഡ്മിന്റണും കളിച്ചു നടന്ന അബ്ദുല്ലക്കോയ കൗമാര പ്രായ ത്തിൽ കായികശേഷി വളർത്തിയെടുക്കണമെന്ന കാര്യത്തിൽ നിർബന്ധ ബുദ്ധിക്കാരനായിരുന്നു.

കോളജിലെത്തിയപ്പോൾ ഹോക്കിയിലും ക്രിക്കറ്റിലും ടെന്നീസിലു മായി കമ്പം. ഇന്ത്യൻ ടെന്നീസ് ചാമ്പ്യനായിരുന്ന ഗൗസ് മുഹമ്മദു മായി ചെന്നൈ മുഹമ്മദൻ കോളേജിൽ പഠിക്കുന്ന കാലത്ത് കളിച്ചി രുന്നകാര്യം ബി.വി. അഭിമാനത്തോടെ ഓർക്കാറുണ്ടായിരുന്നു.

കോഴിക്കോട് ബീച്ചിന്നടുത്ത് ചേക്രായിൻ വളപ്പ് കോർട്ടിൽ എം. ബാവുട്ടിഹാജി, ഡോ. എം.കെ. കോയ എന്നിവർക്കൊപ്പം ബാഡ്മിന്റൺ കളിക്കുകയും, ഹൽവാബസാറിലെ സിലോൺ ഹൗസ് എന്ന പുതിയ പൊന്മാണിച്ചിന്റകം കോർട്ടിൽ വീട്ടുടമ ഹസൻകോ യയോടും, ഡോ.എ. രാമനാഥൻ, എസ്. ഉമ്പിച്ചിക്കോയ ഹാജി എന്നി വരോടുമൊപ്പം ടെന്നീസ് കളിക്കുകയും ചെയ്ത ഓർമകളും അദ്ദേഹം അയവിറക്കുമായിരുന്നു.

കോഴിക്കോട്ട് വ്യവസായ രംഗത്തും രാഷ്ട്രീയ രംഗത്തും നിറഞ്ഞു നിൽക്കുമ്പോഴും കയ്യിൽ ടെന്നീസ് റാക്കറ്റുമായി പ്രഭാത ത്തിൽ സൈക്കിൾ ചവുട്ടി പോവാറുണ്ടായിരുന്ന ബി.വി. പലർക്കും നിത്യകാഴ്ചയായിരുന്നു. കോഴിക്കോട്ടെ കോസ്മോപോളിറ്റൻ ക്ലബ്, മർച്ചന്റ്സ് ക്ലബ്, ലയൺസ് ക്ലബ് എന്നിവയിൽ അംഗമായിരുന്ന അദ്ദേഹം അവയുടെയൊക്കെ കായിക സംരംഭങ്ങളിലും സജീവ പങ്കാളിയായിരുന്നു.

യാത്രകൾക്കിടയിൽ ആലപ്പുഴയിലെ ബാഡ്മിന്റൺ ടൂർണ മെന്റായാലും കൊൽക്കട്ടയിലെ ഐ.എഫ്.എ. ഷീൽഡ് ഫുട്ബോ ളായാലും, ഡൽഹിയിലെ ഡ്യൂറാൻഡ് കപ്പ് ആയാലും ചെന്നു കാണാൻ അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.ഇംഗ്ലണ്ടായാലും ആസ്ട്രേല്യ ആയാലും ഇന്ത്യയിൽ അവർക്കെതിരെ മദ്രാസിൽ ക്രിക്കറ്റ് ടെസ്റ്റ് നടക്കുമ്പോൾ അബ്ദുല്ലക്കോയയും ഹസൻകോ യയും മുടങ്ങാതെ കാണാൻ പോവുമായിരുന്നു.

കോഴിക്കോട്ടെ കായികമേളകളിൽ സംഘാടക സമിതിയിൽ അംഗമായിരുന്ന അദ്ദേഹം, കാലിക്കറ്റ് സർവകലാശാലാ ടീമുകൾ ചാംപ്യൻഷിപ്പ് നേടി തിരിച്ചുവരുമ്പോൾ സ്വീകരിക്കാൻ റെയിൽവെ സ്റ്റേഷനിൽ സ്ഥിരമായി എത്തിയിരുന്നു.തന്റെ മക്കളിൽ ഒരാൾ അവി

ഭക്ത കേരള സർവകലാശാലാ ഹോക്കി ടീമിൽ അംഗത്വം നേടിയതും, മറ്റൊരാൾ ബാഡ്മിന്റൺ ടീമിൽ കോളേജ് ചാംപ്യനായതും, ഈ ഗ്രന്ഥകാരനായ മൂത്തമകൻ കളിയെഴുത്ത് രംഗത്ത് സജീവമായതും ബി.വി.യുടെ സ്പോർട്സ് ഹൃദയത്തെ സന്തോഷിപ്പിച്ച അനുഭവങ്ങളായിരുന്നു.

വലുപ്പ ചെറുപ്പം കൂടാതെ മറ്റുള്ളവരുടെ ആരോഗ്യകാര്യങ്ങളിലും ശ്രദ്ധ ചെലുത്താൻ ബി.വി. മടി കാണിക്കാറില്ല. ആശുപത്രി സന്ദർശനങ്ങൾ മുടങ്ങാതെ അദ്ദേഹം നടത്തി

പ്രവർത്തകരോ, ബന്ധുമിത്രാദികളോ രോഗഗ്രസ്തരായെന്നറിഞ്ഞാൽ, എത്രയും നേരത്തെ തന്നെ അവരെക്കണ്ട് ആശ്വസിപ്പിക്കാനായിരുന്നു അത്. പാണക്കാട് പൂക്കോയതങ്ങൾ വെള്ളിമാടുകുന്ന് നിർമലാ ആശുപത്രിയിലും അഹമദ് കുരിക്കൾ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപ്രതിയിലും കിടന്ന കാലത്ത് അദ്ദേഹം നിത്യ സന്ദർശകനായിരുന്നു. ബാഫഖി തങ്ങളുടെ വിയോഗകാലത്ത് സൗദി അറേബ്യയിലോ സി.എച്ചിന്റെ മരണകാലത്ത് ഹൈദരാബാദിലോ താനുണ്ടായിരുന്നില്ല എന്നത് അദ്ദേഹത്തിന്റെ വലിയ സ്വകാര്യ ദുഃഖങ്ങളിൽ ഒന്നായിരുന്നു.

ദീർഘകാലം ഒരു ചെയിൻ സ്മോക്കറായിരുന്നു അദ്ദേഹം. വിൽസ്, നേവികട്ട് തുടങ്ങിയ മുന്തിയതരം സിഗരറ്റുകളുടെ സന്തതസഹചാരിയായാണ് അദ്ദേഹം അറിയപ്പെട്ടത്. ലീഗിന്റെ പ്രമുഖ നേതാക്കളുടെ സാമിപ്യത്തിൽ മാത്രം സിഗരറ്റ് ഒളിപ്പിച്ചുവച്ചിരുന്ന അദ്ദേഹം മറ്റെല്ലായിടത്തും സിഗരറ്റ് വലിക്കുകയും കൂട്ടുകാർക്ക് ഓഫർ ചെയ്യുകയും ചെയ്യുന്ന ശീലക്കാരനായിരുന്നു. പുകവലി ആരോഗ്യത്തിനു ഹാനികരം എന്ന മുദ്രാവാക്യം വ്യാപകമായി പ്രചരിച്ചകാലത്താണ് അദ്ദേഹം സിഗരറ്റുകളോട് വിടപറഞ്ഞത്.

അസുഖങ്ങൾ കാരണം ആശുപത്രികളെ അഭയം പ്രാപിക്കേണ്ടിവന്നിരുന്നില്ലെങ്കിലും, ഡോക്ടർമാരുടെ ഒരു വലിയ വ്യൂഹം സുഹൃദ്വലയത്തിലുണ്ടായിരുന്നതിനാൽ ആരോഗ്യപ്രശ്നങ്ങൽ തോന്നുമ്പോൾ തന്നെ അവരുടെ ശ്രദ്ധയിൽപെടുത്തി പരിഹരിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി.

അതിനിടയിലുണ്ടായ ഒരു ആശുപത്രിപ്രവേശം 1988ൽമാത്രം. നാദാപുരം സംഭവങ്ങളോടനുബന്ധിച്ച് കോഴിക്കോട്ട് മുസ്ലിംലീഗ് സംഘടിപ്പിച്ച ഒരു പ്രത്യക്ഷ സമരത്തിൽ വാർധക്യം വകവയ്ക്കാതെ അണികളോടൊപ്പം പിക്കറ്റിങ്ങിനിറങ്ങിയ ബി.വി.ക്ക് സംഘർഷത്തിനിടയിൽ പരുക്കേറ്റു. ചില സഹപ്രവർത്തകരോടൊപ്പം കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തു.

പൂർവകാലത്ത് ഡോ. എ. ബാലകൃഷ്ണൻ നായർ, ഡോ. എ. നാരായണസ്വാമി, ഡോ. എം.കെ. കോയ, ഡോ.എൻ. ബാലകൃഷ്ണൻ എന്നിവരുടെയും തുടർന്നു ഡോ. എം.കെ. മുഹമ്മദ്കോയ, ഡോ. പി.കെ.അബൂബക്കർ എന്നിവരുടെയും സേവനങ്ങൾ അദ്ദേഹം ഉപയോഗപ്പെടുത്തിയിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ. പി.കെ. അബ്ദുൾ ഗഫൂർ, ഡോ. കെ.എം. മൊയ്തീൻകുട്ടി, ഡോ. എൻ.എസ്. വേണുഗോപാൽ, ഡോ. സി.ബി. സി. വാര്യർ എന്നിവരുടെയും ചികിത്സ അദ്ദേഹത്തിനു ലഭ്യമായിരുന്നു. അവസാനകാലത്ത് ഡോ. സി.കെ. രാമചന്ദ്രന്റെ വിദഗ്ദ ചികിത്സയും ബി.വി.ക്കു ലഭിച്ചു. ഒരു രോഗിയെന്നതിനേക്കാളേറെ ഒരു സുഹൃത്ത് എന്ന നിലയിലാണ് താൻ അദ്ദേഹത്തെ പരിചരിച്ചതെന്നു ബി.വി. സ്മരണികയിൽ ഡോ. സി.കെ.ആർ. രേഖപ്പെടുത്തുകയുണ്ടായി. നാല്പത് വർഷങ്ങളോളം നിയന്ത്രിച്ചിരുന്ന പ്രമേഹം അവസാനത്തെ ആഴ്ചകളിൽ അദ്ദേഹത്തെ കഷ്ടപ്പെടുത്തിയിരുന്നു എന്നതൊഴിച്ചാൽ, താനറിയുന്ന ബി.വി. ഒരു രോഗി ആയിരുന്നില്ല എന്നാണ്. എന്നും പ്രിയപ്പെട്ട ബി.വി. എന്ന തലക്കെട്ടിൽ ഡോ. സി.കെ.ആർ. ആ ലേഖനത്തിൽ എഴുതിയിരുന്നത്. ചില വിദഗ്ദ പരിശോധനകൾക്കായി താൻ നിർദേശിച്ചതനുസരിച്ച് പി.വി.എസ്. ആശുപത്രിയിൽ പ്രവേശിച്ച അബ്ദുല്ലക്കോയ ഏതാനും ദിവസങ്ങൾക്കകം തന്നെ വലുതായൊന്നും കഷ്ടപ്പെടാതെ ഇഹലോകവാസം വെടിഞ്ഞു എന്നാണ് സി.കെ.ആർ. കുറിച്ചിട്ടത്.

9 വളഞ്ഞവഴികളോട് എന്നും കലഹം

നിഷ്കളങ്കമായ മനസ്സ്, കടഞ്ഞെടുത്ത ദീനിബോധം, അപാരമായ .ആദർശ സ്ഥൈര്യത, സുധീരമായ നിലപാടുകൾ അതായിരുന്നു, ഞങ്ങൾക്കു പിതാവ് ബി.വി. അബ്ദുല്ലക്കോയ. വിശുദ്ധമായ വ്യക്തി വൈശിഷ്ട്യം.

എന്നാൽ ദൂരെ നിന്നു നോക്കിക്കണ്ടവർക്കു ബി. വി. മറ്റൊരാളായിരുന്നു. കർക്കശക്കാരൻ, ചിട്ടയുള്ളയാൾ, കണക്കു വെയ്ക്കുന്നയാൾ, മൂല്യങ്ങൾ മുറുകെ പിടിക്കുന്ന മനുഷ്യൻ. അപ്പോഴും പരുക്കൻ, ജനപ്രിയനല്ലാത്ത നേതാവ്. ചിരിക്കാൻ മടിക്കുന്നയാൾ എന്നിങ്ങനെ വേറെ ചിലരും അദ്ദേഹത്തെ നിരീക്ഷിച്ചു.

എന്നാൽ വാക്കുകളേക്കാളേറെ പ്രവൃത്തിയിൽ വിശ്വസിച്ചിരുന്ന ആളായിരുന്നു അബ്ദുല്ലക്കോയ. പ്രസംഗവേദികളിൽ വലിഞ്ഞു കയറാൻ വലിയ താല്പര്യമൊന്നും കാണിക്കാത്തപ്പോഴും, അടുത്ത സുഹൃത്തുക്കളുമായുള്ള സഹവാസങ്ങളിൽ ഏറെ സംഭാഷണപ്രിയൻ. കേരളത്തിനകത്തും പുറത്തുമായി എഴുപതു വർഷത്തിലേറെ അനുഭവ പാരമ്പര്യമുള്ള പൊതു പ്രവർത്തകനെന്ന നിലയിൽ അത്തരം വേളകളിൽ നിറുത്താതെ സംസാരിക്കാനും അദ്ദേഹത്തിനു താല്പര്യമായിരുന്നു.

ഏത് കാര്യത്തിലും, സുവ്യക്തമായ ഒരു നിലപാട് എടുത്ത ശേഷം മാത്രമെ അദ്ദേഹം സംസാരിക്കാറുള്ളു. ആ നിലപാട് സ്വീകരിച്ചു കഴിഞ്ഞാൽ ഒരു ശക്തിക്കും കീഴടങ്ങാനും പിതാവ് തയാറാകുമായിരുന്നില്ല.എന്നാൽ അവസാനം എടുക്കുന്ന പാർട്ടി നിലപാടുകളിൽ നേതൃത്വത്തിന്റെ വാക്ക് എന്നും അദ്ദേഹത്തിനു അവസാന വാക്ക് തന്നെ. തിരുവായ്ക്കു എതിർവായില്ല എന്ന ശീലം ചെറുപ്പത്തിൽ തന്നെ പയറ്റിയത്.

മന്ത്രിയും പാർട്ടി സെക്രട്ടറിയുമായിരുന്ന പി.കെ. കുഞ്ഞാ

ലിക്കുട്ടി ചൂണ്ടിക്കാണിക്കുന്നു: ഏത് തീരുമാനവും അതിന്റെ എല്ലാ വശങ്ങളും പഠിച്ചശേഷമേ എടുക്കാവു എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം. അതിനാൽ തന്നെ ഏറെ കേൾക്കാനും അദ്ദേഹം സമയം കണ്ടു. മുന്നണി രാഷ്ട്രീയത്തിലെ ശക്തി ബന്ധങ്ങളും പുനഃസംവിധാനവും ഒക്കെ നടക്കുമ്പോൾ മുസ്ലീംലീഗ് നേതൃത്വം അദ്ദേഹത്തിന്റെ നേരെ ആന്റിന തിരിച്ചു വയ്ക്കാറുള്ളതും അക്കാരണത്താൽ തന്നെ (ബി.വി. സ്മരണിക).

ഏകാന്തതയിലും രാഷ്ട്രീയമായിരുന്നു, ബി.വി.യുടെ ചങ്ങാതി. വ്യക്തമായ ഒരു ടൈം ടേബിളിൽ മുന്നേറിയ മുക്കാൽനൂറ്റാണ്ടാണ് പൂർത്തിയാക്കിയത്.

വളഞ്ഞ വഴികളോട് എന്നും കലഹിച്ചുനിന്ന ആൾ. പ്രശസ്ത പത്രപ്രവർത്തകനായ കെ.പി.കുഞ്ഞിമ്മൂസ ഒരനുസ്മരണക്കുറിപ്പിൽ എഴുതി: ഈ കാലഘട്ടത്തിൽ ഒരു രാഷ്ട്രീയക്കാരനായി ജനിക്കേണ്ട ആളായിരുന്നില്ല, അബ്ദുല്ലക്കോയ സാഹിബ്. അത്രമാത്രം ജീർണിച്ചിരിക്കുകയാണല്ലോ നമ്മുടെ രാഷ്ട്രീയം.ശരിയും തെറ്റും രണ്ടു സമാന്തര രേഖകളാണെന്ന് വിശ്വസിച്ചിരുന്നപ്പോൾ തന്നെ അവയെ ഒരിക്കലും തന്നെ കൂട്ടിമുട്ടിക്കാൻ സാധിക്കയില്ലെന്ന ഉറച്ച വിശ്വാസക്കാരനായിരുന്ന അദ്ദേഹം. തെറ്റ് എന്നത് എന്നും തെറ്റായിത്തന്നെ കരുതിപ്പോന്ന അദ്ദേഹം, നൂറ് തവണ ഇംപോസിഷൻ എഴുതിയാലും അത് ശരിയെന്നു വായിക്കാനൊക്കില്ലല്ലൊ എന്നു ചൂണ്ടിക്കാണിക്കുമായിരുന്നു.

നിരത്ത് വക്കിലെ വിളക്കുമരമായി കൈകെട്ടി നിൽക്കുന്നതിലായിരുന്നില്ല അദ്ദേഹത്തിനു താല്പര്യം. ഒപ്പം നടക്കുന്ന ടോർച്ച് വിളക്കാവുകയായിരുന്നു. പലതും അറിയാമായിരുന്നെങ്കിലും, ആ അറിവിന്റെ മേനി കൊട്ടിഘോഷിക്കാൻ അദ്ദേഹം തയാറായില്ല.

വാഗ്വിലാസം പൊതുവേദിയിലല്ലാതെ ഉറ്റവർക്കിടയിൽ പ്രയോഗിക്കലായിരുന്നുഅദ്ദേഹത്തിന്റെ രീതി. പറയാനുള്ളത് വലുപ്പചെറുപ്പം നോക്കാതെ ഏത് സദസിലും ആരുടെ മുഖത്ത് നോക്കിയും പറയാൻ ഒരു സ്വാതന്ത്ര്യം തന്നെ അദ്ദേഹം നേടിയെടുത്തിരുന്നു. മുസ്ലീംലീഗിന്റെ ഉന്നതാധികാരസമിതിയിലെന്നപോലെ ജനാധിപത്യ ഐക്യമുന്നണിയുടെ ഏകോപന സമിതിയിലും ഈ അവകാശം ഇതരനേതാക്കൾ അബ്ദുല്ലക്കോയക്കു നൽകിയിരുന്നു താനും. ഇസ്മാഈൽ സാഹിബിനു പിന്നാലെ ബാഫഖി തങ്ങളെ ലീഗിന്റെ അഖിലേന്ത്യാ പ്രസിഡന്റാക്കുന്നതിലും, ബാഫഖി തങ്ങൾക്കു പുറകെ പാണക്കാട് പൂക്കോയ തങ്ങളെ പാർട്ടി അധ്യക്ഷപദത്തിലെത്തിക്കുന്നതിലും ശക്തിയായി ഉയർന്ന സ്വരം ബി.വി.യുടെ

തായിരുന്നു.

വിഭജനത്തിനുമുമ്പ് പി.പി. ഹസൻകോയയെ മദ്രാസ് അസംബ്ലിയിൽ ലീഗ് സ്ഥാനാർഥിയാക്കുന്നതിൽ നിർണായക പങ്കുവഹിച്ച അദ്ദേഹം വടകരയിൽ താമസിച്ച് ഹസൻകോയയുടെ വൻ വിജയം ഉറപ്പിക്കുകയും ചെയ്തു.

മുസ്‌ലീം ലീഗിന്റെ കോഴിക്കോട്ടെ മഹാസമ്മേളനങ്ങളിലെല്ലാം ബാഫഖി തങ്ങളുടെയും സി.എച്ചി.ന്റെയും ഒപ്പം കൈകാര്യകർത്താവായി നിന്നത് അബ്ദുല്ലക്കോയ ആയിരുന്നു. കോഴിക്കോട് ലോക്സഭാസീറ്റിൽ സി.എച്ച്. മുഹമ്മദ് കോയയെ സ്ഥാനാർഥിയാക്കിയാൽ ജയിപ്പിക്കാമെന്ന് വാക്ക് നൽകിയ അദ്ദേഹം, പണ്ട് സീതിസാഹിബ് തോറ്റ ആ സീറ്റിൽ ചരിത്രം സൃഷ്ടിച്ച വിജയം ഒരുക്കി. മുസ്‌ലിംലീഗിനു ആദ്യമായി നാലു മന്ത്രിമാരെയും ഒരു ചീഫ്‌വിപ്പിനെയും ലഭിച്ചത് അബ്ദുല്ലക്കോയ സംസ്ഥാന ലീഗ് ജനറൽ സെക്രട്ടറിയായ കാലത്താണ്.

ബി.വി. സ്മരണികയിൽ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ കുറിച്ചിട്ടു. മുസ്‌ലീംലീഗിനെ സ്വന്തം ജീവിതത്തെക്കാളേറെ സ്നേഹിച്ചയാളാണ് ബി.വി. പകരമായി എനിക്കെന്ത് കിട്ടും എന്ന ദ്ദേഹം ആലോചിച്ചില്ല. പിതാവിന്റെ (പാണക്കാട് പൂക്കോയ തങ്ങൾ) മരണശേഷം ലീഗ് പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കാൻ എന്നെ നിർബന്ധിച്ചത്, അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ മാർഗനിർദ്ദേശങ്ങൾ സംഘടനയെ നയിക്കുന്നതിൽ എനിക്കു എന്നും ഏറ്റവും വലിയ പിൻബലമായിരുന്നു.

വറ്റാത്ത കർമചൈതന്യത്തിന്റെ ഉറവിടമായിരുന്നു, ബാപ്പ. വികാരം, വിവേകത്തിനു കീഴ്പെടരുതെന്ന കർക്കശ നിലപാടുകാരൻ. പ്രശ്നങ്ങൾ കുന്നു കൂടുമ്പോൾ പ്രായോഗിക നിർദ്ദേശങ്ങൾ വരിക, അദ്ദേഹത്തിൽ നിന്നായിരുന്നു. പ്രശസ്തമായ നബിവചനം ആ മനസ്സിൽ രൂഢമായിരിക്കണം. നമസ്കാരത്തിനെയും നോമ്പിനെയുംകാൾ പ്രതിഫലം ലഭിക്കുന്ന ഒരു കാര്യം, ഞാൻ പറഞ്ഞു തരട്ടെയോ? അത് രണ്ടുപേരെ തമ്മിൽ ഇണക്കുകയാണ്.

ഉയർന്ന ചിന്തയിലുംലളിതവേഷം

ഏത് വേഷവും ഇണങ്ങുന്നതാണ് തന്റെ ജീവിതമെന്നു എട്ടു പതിറ്റാണ്ട് കൊണ്ട് തെളിയിച്ച് കടന്നുപോയ ആളാണ് അബ്ദുല്ലക്കോയ.

നിലപാടുകളിൽ കർക്കശസ്വഭാവക്കാരനായിരുന്നു അദ്ദേഹം.

അതേസമയം പറയാനുള്ളത് മുഖത്തുനോക്കി വെട്ടിത്തുറന്നു പറയുമ്പോഴും, മറുഭാഗത്തിനു പറയാനുള്ളത് കേൾക്കാൻ എന്നും സന്നദ്ധത പ്രകടിപ്പിച്ചു.

വിട്ടുവീഴ്ചകളിൽ നിന്നോ മാധ്യസ്ഥ ശ്രമങ്ങളിൽ നിന്നോ അപ്പോഴും അകലം പാലിക്കാൻ ശ്രമിച്ചിരുന്നില്ല. ചിലതെല്ലാം മറക്കുകയും പൊറുക്കുകയും ചെയ്യേണ്ടത് ജീവിതലക്ഷ്യങ്ങൾ നേടിയെടുക്കാൻ പൊതുസമൂഹത്തെ പര്യാപ്തമാക്കുന്നതിനു സഹായിക്കുകയേ ചെയ്യുകയുള്ളു എന്നദ്ദേഹം വിശ്വസിച്ചു.

ലീഗ് രാഷ്ട്രീയത്തിലെ നേതൃപദവിയിലായിരുന്നപ്പോഴും മുന്നണി രാഷ്ട്രീയത്തിന്റെ ഗുണഫലങ്ങൾ സമൂഹത്തിനൊട്ടാകെ ലഭ്യമാക്കാൻ സഹായിച്ചതും ഈ വിട്ടുവീഴ്ചകൾ കാരണമായാണെന്നും ബി.വി. പറയാറുണ്ടായിരുന്നു.

സമയവും സന്ദർഭവും നോക്കിയുള്ള ഈ ഇടപെടലുകൾ ബി.വി.യുടെ വേഷവിധാനത്തിൽ തന്നെകാണാം. ഷൂസും തൊപ്പിയും ധരിച്ച് സ്കൂളിൽ പഠിക്കാൻ പോയ വിദ്യാർഥി, പാന്റും ഷർട്ടും കോട്ടും ടൈയുമായി ബ്രിട്ടീഷ് കമ്പനിയിൽ ഉദ്യോഗത്തിൽ, ആ പഴയപടങ്ങൾഓർക്കാൻ രസമുള്ള കാര്യമാണ്.

തിരിച്ചു കോഴിക്കോട്ട് രാഷ്ട്രീയ പ്രവർത്തനവും പൊതു ജീവിതവും ആരംഭിച്ചപ്പോൾ ഷർട്ടിനു മുകളിൽ കരയില്ലാത്ത മുണ്ടുടുത്ത് അരപ്പട്ടകെട്ടി കോട്ടിട്ട്, രോമത്തൊപ്പി അല്പം ഇടത്തോട്ട് ചെരിച്ചിട്ട് നടന്നകാലം, ഫാറൂഖ് കോളേജ് പ്രിൻസിപ്പൽ ആയിരുന്ന പ്രഫ: കെ. എ. ജലീൽ ഒരു ലേഖനത്തിൽ പരമാർശിക്കുകയുണ്ടായി.

സൈക്കിൾ റിക്ഷയിൽ കയറി നെയ്ത്തു കമ്പനിയിൽ പോയിരുന്ന ബി.വി. ഡൽഹിയിൽ ഓട്ടോറിക്ഷയിൽ സഞ്ചരിക്കുന്ന എം.പി.യായിരുന്നുവെന്നു ജനതാദൾ നേതാവ് എം.പി. വീരേന്ദ്രകുമാർ കുറിച്ചിട്ടിട്ടുണ്ട്.

പി.പി. ഹസൻകോയ സ്വന്തം വീട്ടുമുറ്റത്ത് തയാറാക്കിയ ടെന്നീസ് കോർട്ടിൽ കളിക്കാൻ ക്യാൻവാസ് ഷൂവും ടെന്നീസ് റാക്കറ്റുമായി സൈക്കിൾ ചവുട്ടിപ്പോകുന്ന ബി.വി.യേയും പലരും കണ്ടിട്ടുണ്ടാകും.

പരിശുദ്ധ റമസാൻ കാലത്ത് മുണ്ടും ബുഷ്ഷർട്ടും ധരിച്ച് പകൽ നേരങ്ങളിൽ കൂട്ടുകാരോടൊപ്പം റിലീഫ് പിരിവ് നടത്താറുള്ള ബി.വി., രാത്രി നമസ്കാരം കഴിഞ്ഞ് ജുബ്ബയും ധരിച്ച് കയ്യിലൊരു വാക്കിങ്ങ് സ്റ്റിക്കുമായി ഇരുട്ട് പുതച്ച വഴിയിലൂടെ ലീഗ് ഓഫീസിൽ നടന്നു വന്നു അന്നന്നത്തെ കണക്കുകൾ സ്വന്തം കൈപ്പ

ടയിൽ എഴുതിചേർക്കുന്ന പതിവ് യൂത്ത് ലീഗ് നേതാവായിരുന്ന പി.ടി. മമ്മുഹാജി അനുസ്മരിക്കുന്നു.

ഗൾഫ് പ്രതാപത്തിന്റെ ഐശ്വര്യവും പെട്രോ ഡോളറിന്റെ അതിപ്രസര വും ഒന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ കോഴിക്കോട് ടൗൺ മുസ്ലീംലീഗ് റിലീഫ് കമ്മിറ്റിയുടെ ജീവകാരുണ്യ പ്രവർത്ത നങ്ങൾ അക്കാലത്ത് സർവരുടെയും പ്രശംസ പിടിച്ചു പറ്റിയിരു ന്നു. ബാഫഖി തങ്ങളും സി.എച്ചും, സയ്യിദ് ഉമർ ബാഫഖി തങ്ങളും, പി.എം. അബൂബക്കറും മറ്റും നേതൃത്വം നൽകിയിരുന്ന റിലീഫ് കമ്മ റ്റിയിൽ ഫണ്ട് ശേഖരിക്കുന്നതിനും പട്ടിണിപ്പാവങ്ങൾക്ക് അതെ ത്തിച്ചു കൊടുക്കുന്നതിനും നട്ടുച്ച വെയിലിലും തോരാത്ത മഴയിലും അബ്ദുല്ലക്കോയ സാഹിബ് തെരുവുകളിൽ അലയുമായിരുന്നു.

ചെയ്യാൻ കഴിയുന്നത് ചെയ്തു കൊടുക്കാൻ അദ്ദേഹം ആരെയും കാത്തുനിന്നില്ല. ചെയ്യാനാവാത്തത് ഏറ്റെടുത്ത് ആരെയും നിരാശനാക്കിയുമില്ല. നിശ്ചയ ദാർഢ്യവും പട്ടാ ളച്ചിട്ടയും കാരണം ബി.വി.യെ ഒരു അഹംഭാവിയായി തെറ്റിദ്ധരിച്ച വർ ഏറെയുണ്ട്. വേഷത്തിലും ഭാവത്തിലുമുള്ള പ്രത്യേകതകൾ കണ്ട് സുഖിയനാണെന്ന് കരുതിയവരും.

പ്രശസ്ത പത്രലേഖകനായ എ.എം. കുഞ്ഞിവാവ ഒരനുസ്മ രണക്കുറിപ്പിൽ എഴുതി: മുഖം നിറയെ ഗൗരവം, സംഭാഷണം മുഴുക്കെ ന്യായവാദം. കണ്ടാൽ രാജകീയ പ്രൗഡിയോടെ വിലസുന്ന ഒരു നാടുവഴിയെപ്പോലെ തോന്നിക്കുമെങ്കിലും, പാവങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വളരെ താഴെതലത്തിലേക്ക് ഇറങ്ങിവരാനും കണ്ണടക്കുള്ളിലെ തിളങ്ങുന്ന കണ്ണുകളുമായി സദാ അദ്ദേഹം സന്നദ്ധനായിരുന്നു.

സഹപ്രവർത്തകരുടെ വീടുകളിൽ മരണം നടന്നുവെന്നറി ഞ്ഞാൽ വലുപ്പ ചെറുപ്പം നോക്കാതെ അദ്ദേഹം ഓടിയെത്തുമായി രുന്നു. അവർക്കു വേണ്ടിയുള്ള പ്രാർഥനകളിൽ പങ്കുചേരും. അനു യായികളിൽ ആർക്കെങ്കിലും അസുഖമായെന്നറിഞ്ഞാൽ സന്ദർശനം നടത്തി ആശ്വാസം നൽകുന്നതും അദ്ദേഹത്തിന്റെ ശീലമായിരു ന്നു.

രാജ്യസഭയിൽ അംഗത്വം നേടിയശേഷവും വർഷങ്ങൾ കഴി ഞ്ഞാണ് അദ്ദേഹം ഒരു കാർവാങ്ങിയത്. തന്റെ പഴയ റിക്ഷവണ്ടി ക്കാരനെയെന്നപോലെ, പാർട്ടിയിൽ കഷ്ടപ്പെട്ടു പ്രവർത്തിക്കുന്നവ രുടെ ബന്ധുക്കളെയും ഒക്കെ ഡ്രൈവർമാരായി വച്ച അദ്ദേഹം, സ്വന്തം തീൻമേശയിലും അവർക്കു വലുപ്പ ചെറുപ്പംനോക്കാതെസ്ഥാനംനൽകി. സ്വന്തം ഡ്രൈവർക്കു ഭക്ഷണം

ഉറപ്പുവരുത്താതെ എത്ര കേമമായ വിവാഹസദ്യയിലും അദ്ദേഹം ഭക്ഷണം കഴിക്കാറുണ്ടായിരുന്നില്ല.

കുഞ്ഞിബാവ തുടരുന്നു : സ്വന്തമായ ഒരുപാട് സ്വഭാവവൈശിഷ്ട്യങ്ങളുള്ള ആളായിരുന്നു, അബ്ദുല്ലക്കോയ. ആ കർത്തവ്യബോധം പലപ്പോഴും പലരേയും വിരോധികളാക്കിയിട്ടുമുണ്ട്.

പലകാര്യങ്ങൾക്കുമായിവരുന്നവരുടെ കയ്യിലുള്ള കടലാസുകൾ അദ്ദേഹം കണ്ണും ചിമ്മി ഒപ്പിട്ടു കൊടുക്കാറുണ്ടായിരുന്നില്ല. തെറ്റുകൾചൂണ്ടിക്കാട്ടിയിട്ടും വഴങ്ങുന്നില്ലെങ്കിൽ, സംസാരത്തിൽ നയവും മയവും ഉണ്ടായെന്നുവരില്ല. സത്യസന്ധമായ കർത്തവ്യബോധം മാത്രമാണ് ഈ കുറ്റം ചെയ്യാൻ ബി.വി.യെ പ്രേരിപ്പിച്ചിരുന്നത്.

ചന്ദ്രിക പത്രാധിപരായിരുന്ന സി.കെ. താനൂർ എഴുതി : പാസ്പോർട്ട് അപേക്ഷകൾ എം.പി.മാർ മാത്രം ഒപ്പിടുന്ന ഒരു കാലമുണ്ടായിരുന്നു. ബി.വി.എന്ന എം.പി.യിൽ നിന്നു ഒപ്പിടീക്കുക അത്ര ലളിതമായൊരു കാര്യമായിരുന്നില്ല. മണിക്കൂറിൽ നൂറുക്കണക്കിനു പാസ്പോർട്ട് ഒപ്പിട്ടു കൊടുത്ത് പല എം.പി മാരും ജനങ്ങളെ സന്തോഷിപ്പിച്ച കാലത്തായിരുന്നു ഇത്.

ഒരു അഭിമുഖ സംഭാഷണത്തിൽ ബി.വി. പറഞ്ഞു:"അപേക്ഷകളുമായി എന്നെ സമീപിച്ച പലരെയും എനിക്കു തിരിച്ചയക്കേണ്ടിവന്നിട്ടുണ്ട്. ആവശ്യമായ രേഖകളോ തെളിവുകളോ ഇല്ലാതെ വന്നവരായിരുന്നു അവരിൽ ഒട്ടുമിക്കപേരും. അതേസമയം സാക്ഷ്യപത്രങ്ങളുമായിവന്ന അപരിചിതരുടെകാര്യംപോലും ഞാൻ ശുപാർശ ചെയ്യുകയുണ്ടായി. ഞാൻ ഒപ്പിട്ടു പോകുന്ന ഒരു കടലാസുപോലും മടങ്ങരുതെന്ന കാര്യത്തിൽ എനിക്കു നിർബന്ധമായിരുന്നു". (അവലംബം : ബി.വി. സ്മരണിക).

പണത്തിനു വഴങ്ങാത്ത സാമ്പത്തികശാസ്ത്രം

കോളജിൽ പോലും സാമ്പത്തിക ശാസ്ത്രം ബി.വിഅബ്ദുല്ലക്കോയ പഠിച്ചതായി അറിവില്ല. ചരിത്രമായിരുന്നു, ഡിഗ്രിക്ലാസിലെ ഐച്ഛിക വിഷയം.

എന്നാൽ ബീഡിവാങ്ങാൻ ഗതിയില്ലാത്തവൻ രാഷ്ട്രീയത്തിലിറങ്ങി കോടികൾ വാരിക്കൂട്ടുന്ന കാലഘട്ടത്തിൽ പൊതുഫണ്ട് കൈകാര്യം ചെയ്യേണ്ടത് എങ്ങനെയെന്ന് കാണിച്ചു കൊടുത്ത നേതാവായിരുന്നു അദ്ദേഹം.

സ്വാധീനം കൊണ്ടു രാഷ്ട്രീയത്തിൽ എന്തും നേടാനുള്ള സാഹചര്യമുണ്ടായിട്ടും ഒരു മൊട്ടുസൂചിപോലും അവിഹിതമായി അദ്ദേഹം നേടിയില്ല എന്നു, അദ്ദേഹത്തെ പഠിച്ച് അമ്പതിലേറെ ലേഖനങ്ങൾ എഴുതിയ പ്രശസ്ത പത്രപ്രവർത്തകനായ കെ.പി. കുഞ്ഞിമ്മൂസ കുറിച്ചു വയ്ക്കുന്നു. പാർട്ടിഫണ്ടിൽ നിന്നു ഒരു പൈസ പോലും അദ്ദേഹം സ്വന്തം കാര്യത്തിനായി ചെലവിട്ടില്ല. പാർട്ടി ഓഫീസിലെ ഫോണിൽ നിന്നു ഒരു ലോക്കൽ കാളും സ്വകാര്യാവശ്യത്തിനായി ആരും വിളിക്കരുതെന്നു പറഞ്ഞു കൊണ്ടാണ് ഫോൺ രജിസ്റ്റർ അദ്ദേഹം ആരംഭിച്ചത്.

എന്നാൽ പാർട്ടിയുടെ ട്രഷറർ സ്ഥാനത്തിരിക്കാത്തപ്പോഴും ലീഗിന്റെ പണപ്പെട്ടിമേൽ ഉടനീളം കണ്ണു വയ്ക്കുന്ന സൂക്ഷ്മദൃക്കായിരുന്നു അദ്ദേഹം.

കോഴിക്കോട് സിറ്റി ലീഗ് റിലീഫ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ അന്തിപ്പാതിരാനേരം വരെ ഇരുന്നു സ്വന്തം കൈപ്പടയിൽ എഴുതി തീർത്തശേഷം മാത്രം ഉറങ്ങാൻ കിടക്കുന്ന ആ രീതി പ്രസിദ്ധമായിരുന്നു.

വരവ്വച്ചതുകയിൽ ഒരു പത്തുറുപ്പിക വ്യത്യാസം വന്നപ്പോൾ ഓട്ടോ പിടിച്ച് ബാങ്കിൽ ചെന്നു കണക്കുകൾ നേരിട്ട് വീണ്ടും നോക്കി ശരിപ്പെടുത്തിയ കഥയുണ്ട്. അത് കേവലം ഒരു പത്തുരൂപയല്ലേ എന്നു ബാങ്ക് മാനേജർ ആശ്വസിപ്പിക്കാൻ ശ്രമിച്ചപ്പോൾ അത് താങ്കളുടെയോ എന്റെയോ പണമല്ല, സമുദായത്തിന്റെ പണമാണെന്നായിരുന്നു അബ്ദുല്ലക്കോയയുടെ മറുപടി.

മുസ്ലീംലീഗ്ഓഫീസിലെ പെട്രോമാക്സിന്റെ വാടകയിൽ 25 പൈസ ക്കുവേണ്ടി ബി.വി. മണിക്കൂറുകൾ പോരാടിയത് സഹപ്രവർത്തകനായ പി.ടി. അവറാൻ കോയ ഹാജി ചന്ദ്രികയിലെഴുതിയ അനുസ്മരണക്കുറിപ്പിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി.

പാർട്ടി യോഗത്തിൽ ഒരു ഗ്ലാസ് നിറയെ ചായ കൊണ്ടുവന്നു വെച്ചാൽ ഇത്ര നിറച്ചെടുത്തത് എന്തിനാണെന്നു ചോദിക്കുന്ന ബി.വി.യെ ചന്ദ്രിക ചീഫ് എഡിറ്റർ ടി.പി. ചെറുപ്പ ഓർക്കുന്നു (മാധ്യമം 16:07:1998). 25 പേർക്കു ക്ഷണക്കത്തയച്ചു വിളിക്കുന്ന പാർട്ടിയോഗം തുടങ്ങുമ്പോഴേക്കും 25 ചായയുമായി കടന്നുവരുന്ന ഓഫീസ് പ്യൂണിനെയാണ് പിടികൂടുക. എത്രപേർ എത്തിയെന്നും എത്ര പേർക്കു ചായവേണമെന്നും ചോദിച്ചിട്ട് പോരെ ഈ ചായ സൽക്കാരം എന്നാണ് ചോദ്യം.

ലീഗിന്റെ അഖിലേന്ത്യാ പ്രസിഡന്റ് ഇ. അഹമദ് ഓർക്കുന്നു. ലീഗ് ഓഫീസിലെ ടെലഫോൺ ചാർജ് ആരിൽ നിന്നായാലും

ചോദിച്ചു വാങ്ങാൻ അദ്ദേഹം ഒരു മടിയും കാട്ടിയില്ല. എം. എൽ.എ. ആയാലും എം.പി. ആയാലും പാർട്ടിക്കുള്ള സെസ് പിടിച്ചു എടുക്കുന്നതിലും അദ്ദേഹംആരെയും ഭയപ്പെട്ടില്ല. പാർട്ടി ഫണ്ടിൽ നിന്നു ഒരു പൈസ പോലും അനാവശ്യമായി ചിലവഴിച്ചില്ല. മാത്രമല്ല, പാർട്ടി പ്പണം ഭദ്രമായി കയ്യിൽ വയ്ക്കാനും അദ്ദേഹത്തിനു അസാധാരണമായ ഒരു കഴിവുണ്ടായിരുന്നു.

സെസ് ഇനത്തിൽ താൻ നൽകിയ പണം ആരുടേയോ കയ്യു ബദ്ധത്തിൽ ചേർക്കാൻ വിട്ടുപോയപ്പോൾ കണക്കു നോക്കി, തന്നെ വിളിച്ചു വരുത്തി, ബി.വി. അത് തിരിച്ചു തന്നത് ഓർമ്മയിൽ പച്ച പിടിച്ചു നിൽക്കുന്ന ഒരനുഭവമാണെന്നു ഡോ. എം.കെ. മുനീർ പറയുകയുണ്ടായി.

പാവപ്പെട്ട ഒരു കുടുംബത്തിന്റെ ദയനീയതയിൽ മനസ്സലിഞ്ഞ് റിലീഫ് കമ്മിറ്റിയോട് ചോദിക്കാതെ ഭാരവാഹികളിലൊരാൾ ഫണ്ടിൽ നിന്നു പണമെടുത്തു സഹായിച്ചപ്പോൾ അത് കാലാവധി പറഞ്ഞു തിരിച്ചുവാങ്ങാൻ വക്കീൽ നോട്ടീസയക്കുകപോലും ചെയ്തു അദ്ദേഹം.

മറ്റൊരിക്കൽ ഭീമമായ ഒരു ഫോൺബിൽ വന്നു. അന്വേഷിച്ചപ്പോൾ നേതാക്കളായ രണ്ടു പേർ വിദേശത്തേക്ക് വിളിച്ചതാണെന്നു മനസ്സിലായി. ഉടനെ അവരെ വിളിച്ചു വരുത്തി കാലാവധി നിശ്ചയിച്ച് തിരിച്ചടപ്പിച്ചു.

അവസാനകാലത്ത് അദ്ദേഹത്തിന്റെ അനാരോഗ്യനിലകണ്ട്, റിലീഫ് കമ്മിറ്റിയുടെ ചുമതലയിൽ നിന്നൊക്കെ ബി.വി.യെ ഒഴിവാക്കിക്കൊടുക്കാൻ സഹപ്രവർത്തകർ തീരുമാനിച്ചു.

അധികാരത്തിന്റെ ഒരു പദവിയും ഒരിക്കലും ആഗ്രഹിക്കാതിരുന്ന അദ്ദേഹം ഇതറിഞ്ഞപ്പോൾ പൊട്ടിത്തെറിച്ചുവെന്നു അന്നു സെക്രട്ടറിമാരായിരുന്ന ടി. മൊയ്തീൻകോയയും, പി. ടി. മമ്മുഹാജിയും പറഞ്ഞു. അബ്ദുല്ലക്കോയ സാഹിബ് വെട്ടിതുറന്നു പ്രഖ്യാപിച്ചു: "മരിക്കുവോളവും ഞാൻ തന്നെ ഈ റിലീഫ് കമ്മിറ്റിയുടെ പ്രസിഡന്റ്". വിധി അത് ശരിവയ്ക്കുകയും ചെയ്തു.


അമ്പത് കൊല്ലം താമസിച്ച വീടും ഏതാനും വർഷം ഉപയോഗിച്ച ഒരു ചെറിയ കാറും രണ്ടു ചെറിയ ബാങ്ക് അക്കൗണ്ടുകളുമല്ലാതെ കാര്യമായ ഒരു സമ്പാദ്യവും ഇല്ലാതെയാണ് ബി.വി. കടന്നുപോയത്.

രോഗമായപ്പോൾ ഞങ്ങൾ മക്കളോട് പോലും പറയാതെ, ഡ്രൈവറെ കാക്കാതെ, ഓട്ടോറിക്ഷ പിടിച്ച് ബാങ്കിൽ പോയി ചികിത്സക്കുള്ള കാശ് വാങ്ങിക്കൊണ്ടുവന്ന മനുഷ്യൻ. ഓരോ

പൈസക്കും കണക്ക് സൂക്ഷിച്ച മനുഷ്യൻ. മരിക്കുന്നതിനു ഒന്നര മാസം മുമ്പ് ഇലക്ട്രിസിറ്റി ബിൽ അടച്ച തുകവരെ സ്വന്തം കണക്ക് പുസ്തകത്തിൽ എഴുതിവെച്ചിരുന്നു.

എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, മുപ്പത് വർഷത്തെ പാർലിമെന്റ് ജീവിതം അവസാനിപ്പിച്ച് വിശ്രമത്തിലേക്കു കടന്നപ്പോൾ കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള പെൻഷൻ കിട്ടാൻ പോലും ഏറെ തടസ്സങ്ങളുണ്ടായി. കിട്ടിയതാകട്ടേ വെറും ഒന്നരമാസത്തെ പെൻഷനായ പതിനായിരം രൂപയും.

കേരളത്തിൽ ഏതാനും കാലം എം.എൽ.എ.മാരായിരുന്നവർക്കും അവരു ടെ പേഴ്സണൽ സ്റ്റാഫിനു പോലും പെൻഷൻ ലഭിക്കുന്നകാര്യം ചൂണ്ടിക്കാട്ടി, ബി.വി.യുടെ ഭാര്യയും മക്കളും നൽകിയ അപേക്ഷയും തള്ളപ്പെട്ടു. അങ്ങനെ ആശ്രിതർക്കു പെൻഷൻ നൽകാൻ വ്യവസ്ഥ ഇല്ലെന്നായിരുന്നു രാജ്യസഭാ സെക്രട്ടറിയറ്റിൽ നിന്നുതൊഴിൽ രഹിതനായ രോഗിയായ മകൻ ഖാലിദിനുലഭിച്ചത് മറുപടി.



റിയാദിലെ രാജകൊട്ടാരത്തിൽ സൗദിഭരണാധികാരി ഫൈസൽ ബിൻ അബ്ദുൽ അസീസ് രാജാവിനോടൊപ്പം - സമീപം സയ്യിദ് ഉമർ ബാഫഖിതങ്ങൾ, ഇബ്രാഹിം സുലൈമാൻ സേട്ട്

10 സമന്വയത്തിന്റെ സമദൂരം

ന്യൂനപക്ഷങ്ങളുടെയും മറ്റു അവശവിഭാഗങ്ങളുടെയും അവകാശസംരക്ഷണത്തിനു രാഷ്ട്രീയസംഘടന കൂടിയേ തീരു എന്ന അടിയുറച്ച വിശ്വാസക്കാരനായിരുന്നു ബാപ്പ. 42-ാം ഭരണഘടനാ ഭേദഗതി ബിൽ ന്യൂനപക്ഷ താല്പര്യങ്ങൾക്കെതിരാണെന്നു വന്നപ്പോൾ അടിയന്തിരാവസ്ഥക്കാലത്തും അദ്ദേഹം അതിനെതിരെ ശബ്ദമുയർത്തി.

അതേസമയം ന്യൂനപക്ഷ സംരക്ഷണത്തിന്റ പേരിൽ മറ്റു ആശയക്കാരെ അകറ്റി നിർത്തുന്നതിൽ ഒരർത്ഥവും ഇല്ലെന്നും ആയിരുന്നു അദ്ദേഹത്തിന്റെ ശക്തമായ നിലപാടും.

ആളെണ്ണക്കുറവ് കൊണ്ടു ന്യൂനപക്ഷ ശബ്ദം കേൾക്കേണ്ടിടത്ത് എത്തിക്കാൻ എല്ലാ വിഭാഗക്കാരുമുൾപ്പെട്ട മുന്നണി സംവിധാനം അനിവാര്യമാണെന്നു ബോധ്യപ്പെട്ടത് കൊണ്ടാണ്, കേരളത്തിൽ വിവിധ കക്ഷികൂട്ടായ്മകൾക്ക് അദ്ദേഹം തന്റെതായ നിലയിൽ മുന്നിൽ നിന്നു പ്രവർത്തിച്ചതും. കൂടിയാലോചനകളുടെ രാജകുമാരൻ എന്നു അദ്ദേഹത്തെ പ്രശസ്ത പത്രലേഖകൻ പുത്തൂർ മുഹമ്മദ് വിശേഷിപ്പിച്ചതും അതു കൊണ്ടുതന്നെ. (ബി.വി.സ്മരണിക).

രാഷ്ട്രീയത്തിലെന്നപോലെ സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ രംഗങ്ങളിലും ഇത്തരത്തിലുള്ള ഒരു കൂട്ടായ്മയാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. വ്യക്തി ജീവിതത്തിൽ വിവിധ മത വിഭാഗങ്ങളിൽപെട്ട പ്രമുഖരുമായി അദ്ദേഹം നിലനിർത്തിവന്ന സൗഹൃദം ഇതിനുദാഹരണമത്രെ.

അദ്ദേഹത്തിന്റെ, മൂന്നാം തലമുറയിലെ ആദ്യവിവാഹച്ചടങ്ങ് നടന്ന സമയം ഓർക്കുന്നു. ബി.വി.യുടെ പേരക്കുട്ടിയുടെ വിവാഹം. വരനെ സ്വീകരിക്കാൻ രണ്ടു വലിയ പൂമാലകൾ വീട്ടിൽ ഒരുക്കിയിരുന്നു. എന്നാൽ അത് വരനെ അണിയിക്കാനുള്ള ചുമതലയിൽ നിന്നു ബി.വി.യും മക്കളും മാറിനിന്നു. തന്റെ നേതാവായ പാണക്കാട് ശിഹാബ് തങ്ങളെയും താൻ ഏറെ ആദരിക്കുന്ന മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യുവിനെയും ആണ് അദ്ദേഹം ആ ദൗത്യം സസന്തോഷം ഏല്പിച്ചത്.

അവസാനകാലത്ത് രോഗശയ്യയിലായപ്പോൾ സൗഹൃദ സന്ദർശനത്തിനെത്തിയവരിൽ ഏറെപ്പേർ ഇതര മതവിഭാഗങ്ങളിൽ പെട്ടവരായി

രുന്നു. മരണപ്പെട്ടപ്പോൾ ആദരാഞ്ജലികളർപ്പിക്കാൻ വന്നവരിലും കന്യാസ്ത്രീകളടക്കം വളരെ അധികമാളുകൾ അന്യമതസ്ഥർ.

തനിക്കു വലിയ മതപാണ്ഡിത്യമൊന്നുമില്ലെന്നു വിനയപൂർവം സമ്മതിക്കുന്നതോടൊപ്പം തന്നെ, പ്രശസ്തരായ പണ്ഡിതരിൽ നിന്നു പലതും പഠിക്കാൻ തനിക്കു കഴിഞ്ഞിട്ടുണ്ടെന്നു മക്കളോട് ബി.വി പറയാറുണ്ടായിരുന്നു മദ്രസാപഠനവും ഖുർആൻ ക്ലാസുകളും നൽകിയ വിജ്ഞാനം അപാരമാണ്. ചെറിയ ക്ലാസിൽ പഠിച്ച അറബി എന്ന പോലെ സ്കൂളിലും കോളേജിലുമായിപഠിച്ചമലയാളം-ഇംഗ്ലീഷ് ഭാഷകളും തനിക്ക് ഒരു വലിയ ലോകം തുറന്നു തന്നു. മലബാറിലും തിരുവിതാംകൂറിലും, ചെന്നൈയിലും മുംബൈയിലും ഡൽഹിയിലും കഴിച്ചു കൂട്ടിയ നാളുകൾ തമിഴുമായും ഉറുദു,ഹിന്ദി ഭാഷകളുമായും അദ്ദേഹത്തെ അടുപ്പിച്ചു.

ഇസ്ലാം മതവിശ്വാസി എന്നപോലെ, ഇന്ത്യക്കാരൻ എന്ന നിലയിലും ജീവിതത്തിലുടനീളം ആ ലീഗ് നേതാവ് അഭിമാനം കൊണ്ടു. വച്ചു കെട്ടലോ കൂട്ടിച്ചേർക്കലോ ഒന്നുമില്ലാതെ തന്നെ യഥാർഥ മുസൽമാനായും, യഥാർഥ ഇന്ത്യക്കാരനായും ജീവിക്കാമെന്നു അദ്ദേഹം സ്വജീവിതം കൊണ്ടു തെളിയിച്ചു

1968ലെ ആദ്യ സന്ദർശനത്തിനുശേഷം നാലുതവണ കൂടി അബ്ദുല്ലക്കോയ സാഹിബ് പരിശുദ്ധ ഉംറ നിർവഹിക്കാൻ പുണ്യമക്കയിലേക്കു ചെല്ലുകയുണ്ടായി. അതിനുമകുടം ചാർത്തുമാറ് നാലു തവണ വിശുദ്ധ ഹജ്ജ് കർമം നിർവഹിക്കാനും അദ്ദേഹത്തിനു ഭാഗ്യമുണ്ടായി. എന്നാൽ തന്റെ പേരിന്റെ കൂടെ ഹാജി എന്നു കൂട്ടിച്ചേർക്കുന്നതിനെ ഒരിക്കലും അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അങ്ങനെ തന്നെ അഭിസംബോധന ചെയ്യുന്നതിൽ നിന്നു എല്ലാവരേയും അദ്ദേഹം തടയുകയും ചെയ്തു.

മതം നിഷ്കർഷിച്ച നമസ്കാരം നിർവഹിക്കുന്നവരെ അങ്ങനെയോ നോമ്പനുഷ്ഠിക്കുന്നവരെ അപ്രകാരമോ വിളിക്കാത്തിടത്ത്, ആരോഗ്യവും കഴിവുമുള്ളവർക്ക് മതം നിർബന്ധമാക്കിയ വിശുദ്ധ ഹജ്ജ് കർമം നിർവഹിക്കുമ്പോൾ ഒരു പ്രത്യേക നാമ വിശേഷണം വേണ്ടതില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

നിർഭാഗ്യകരമായ ചുറ്റുപാടിൽ മുസ്ലിംലീഗ് കക്ഷിപിളർന്നപ്പോൾ ഏറ്റവും വേദനിച്ചവരിൽ ഒരാളായിരുന്നു അദ്ദേഹം. അക്കാരണത്താൽ തന്നെ വ്യക്തിഹത്യയിൽ ഊന്നിയ വിമർശനങ്ങൾക്കെല്ലാം അദ്ദേഹം അവധി നൽകി. ഐക്യത്തിനുവേണ്ടി നിരന്തര ശ്രമങ്ങളും നടത്തി.

വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി രൂപവൽക്കരിക്കപ്പെട്ട മുസ്ലീം എജ്യുക്കേഷണൽ സൊസൈറ്റിയുമായി ലീഗ് തെറ്റിപ്പിരിഞ്ഞതും അദ്ദേഹത്തെ അലോസരപ്പെടുത്തി. മുസ്ലീം വ്യക്തി നിയമം സംബന്ധിച്ച് എം.ഇ.എസ്. പ്രസിഡന്റ് ഡോ. പി.കെ.അബ്ദുൽ ഗഫൂർ എഴുതിയ ഒരു ലേഖനമാണ് ചേരിതിരിവിലേക്കു നയിച്ചത്. നാൽപത് വർഷത്തോളം ചന്ദ്രികാപത്രാധിപരായിരുന്ന വി.സി. അബൂബക്കർ എഴുതി. ചില തെറ്റിദ്ധാരണകൾ പൊതുരംഗത്തേക്ക് വലിച്ചിട്ട സംഭവമായിരുന്നു, ലീഗ് എം.ഇ.

എസ്. തർക്കം. അതിൽ ഏറെ വേദനിച്ചവരായിരുന്നു, ഞങ്ങളിരുവരും. അത് പരിഹരിക്കുന്നതിൽ ഞാൻ എന്റെ നിലയിലും അദ്ദേഹം അദ്ദേഹത്തിന്റെ നിലയിലും പ്രവർത്തിച്ചത് ചാരിതാർഥ്യത്തോടെ ഓർക്കുന്നു. (ബി.വി. സ്മരണിക).

കോഴിക്കോട് തന്നെ ഭാഗങ്ങൾ തമ്മിലുള്ള കിടമത്സരം കണ്ടു വളർന്ന കുട്ടിയാണദ്ദേഹം. കല്ല്യാണത്തിനു കൈമുട്ടിപ്പാട്ട് വേണമെന്നു വിഭാഗവും, മുട്ട് വേണ്ട എന്നു പറയുന്ന വിഭാഗവും ഭിന്നിച്ചു നിന്നെങ്കിലും ഒരു പ്രദേശത്തിന്റെ അരുമസന്താനങ്ങൾ എന്ന നിലയിൽ കൂടുതൽ .അകന്നു ജീവിക്കാൻ അവർക്കുകഴിഞ്ഞില്ല.കോഴിക്കോട് സിയെസ്കോയുടെ ഒരു സുവനീറിൽ ബി.വി. എഴുതി. കാലക്രമേണ ഭാഗങ്ങളുടെ പിടിവാശികുറഞ്ഞു. ബന്ധങ്ങളിലൂടെ ഇരു വിഭാഗക്കാരും അടുക്കാനും തുടങ്ങി.

മനുഷ്യകുലമാകെ ഒരു പിതാവിന്റെയും മാതാവിന്റെയും മക്കളാണ് എന്നു പഠിപ്പിക്കുന്ന മതത്തിന്റെ അനുയായികൾക്ക് എങ്ങനെയാണ് പരസ്പരം എതിരിടാൻ കഴിയുന്നതെന്നു, ചോദിക്കാറുണ്ട് ബി.വി. ഒരേ ഒരു ദൈവത്തിൽ, ഒരേ ഒരു വിശുദ്ധ ഗ്രന്ഥത്തിൽ, വിശ്വസിക്കുന്നവരാണ് നാം. സഹസ്രാബ്ദങ്ങൾക്കുശേഷവും ഒരേ ഒരു ഖിബ്ലയെ നോക്കിയാണ് നാം പാപഭാരങ്ങൾ ഇറക്കി വയ്ക്കുന്നതും, ദിവസം അഞ്ചുനേരം നമസ്കരിക്കുന്നതും.

നമ്മളെല്ലാം ഏകോദര സഹോദരങ്ങളാണെന്ന വലിയ സന്ദേശം നൽകുന്ന കർമമണ്ഡലമാണ്, വർഷങ്ങളായി കോഴിക്കോട്ട് തങ്ങൾ നടത്തിവരുന്ന റമസാൻ റിലീഫ് പ്രവർത്തനമെന്നും അബ്ദുല്ലക്കോയ അഭിമാനത്തോടെ പറയാറുണ്ടായിരുന്നു. അതിലേക്കു സംഭാവനകളർപ്പിക്കാൻ പല അമുസ്ലീം ധാനാഡ്യരും മുന്നോട്ട് വരാറുണ്ട്.

മതരംഗത്ത് യാഥാസ്ഥികതയിൽ ഊന്നിനിന്നുകൊണ്ടുള്ള ഉല്പതിഷ്ണുത്വം ആയിരുന്ന അബ്ദുല്ലക്കോയയുടെ രീതി. മതങ്ങൾ തമ്മിൽ ഒരു ഏറ്റുമുട്ടലിനു പ്രസക്തിയേ ഇല്ലെന്നായിരുന്നു, അദ്ദേഹത്തിന്റെ അഭിമതം. നാം കുടിക്കുന്ന വെള്ളവും ശ്വസിക്കുന്ന വായുവും ഒന്നാണെന്നിരിക്കെ ഒരേമതത്തിൽ വിശ്വസിക്കുന്നവർ, ഒരേ ദൈവത്തെ ആരാധിക്കുന്നവർ എന്തിനാണ് പരസ്പരം പോരടിക്കുന്നത്.

മതരംഗത്തും വിഭാഗീയതകൾ കടന്നു കയറുന്നതിൽ വേദനിച്ചിരുന്ന ആളായിരുന്നു ബി.വി. സുന്നി-മുജാഹിദ് വിഭാഗങ്ങളിലെ തർക്കവിതർക്ക രംഗങ്ങളിൽ അദ്ദേഹം താല്പര്യം കാണിച്ചതേ ഇല്ല. ജമാഅത്തെ ഇസ്ലാമി നേതാക്കൾ മുതൽ അഹമദിയ്യാ ജമാഅത്ത് സാരഥികൾവരെ അദ്ദേഹത്തെ ഇഷ്ടപ്പെട്ടുകൊണ്ടിരുന്നതും അക്കാരണത്താലായിരുന്നു.അവരുടെയൊക്കെ വിഭാഗീയ സമ്മേളനത്തിൽ നിന്നൊക്കെയും അകലം പാലിച്ചിരുന്ന അദ്ദേഹം, വെള്ളിയാഴ്ചകളിലെ ജുമുഅ നമസ്കാരങ്ങളിലായാലുംനോമ്പുകാലത്തെ തറാവീഹ് നമസ്കാരങ്ങളിലായാലും എത്തിപ്പെടാനുള്ള സൗകര്യങ്ങൾക്കല്ലാതെ മറ്റൊന്നിനും പരിഗണന

നൽകിയിരുന്നില്ല.പട്ടിക്കാട് ജാമിഅനൂരിയ്യാ കോളേജിന്റെ കാര്യത്തിലായാലും, തിരൂരങ്ങാടി യതീംഖാനയുടെ കാര്യത്തിലായാലും, ശാന്തപുരം ഇസ്ലാമിയ്യ കോളേജിന്റെ കാര്യത്തിലായാലും, അദ്ദേഹത്തിനു ഒരേ മനസ്.

തന്റെ വഴിയിൽ ഉറച്ചു നിൽക്കാനുള്ള സത്യസന്ധതയാണ് ജീവിതത്തിലുടനീളം അബ്ദുല്ലക്കോയ കാണിച്ചതെന്നു ജമാഅത്തെ ഇസ്ലാമി നേതാവായ പ്രഫ. കെ.എ. സിദ്ദിഖ് ഹസൻ പറയുമ്പോഴും, നാമൊരു വ്യത്യസ്തനായ നേതാവിനെയാണ് കാണുന്നത്. അദ്ദേഹം തുടരുന്നു. മറ്റുള്ളവരുടെ വഴികളിലേക്ക് അബ്ദുല്ലക്കോയ ഇടിച്ചു കയറിയില്ല. പ്രലോഭനങ്ങൾ ഏറെ ഉണ്ടായിട്ടും സ്വന്തം വഴിയിൽ നിന്നു വ്യതിചലിച്ചുമില്ല.(ബി. വി.സ്മരണിക).

മതരംഗത്തുള്ളവർ വർഗീയവാദികളാവുകയും മതമില്ലാത്തവർ മതേതരവാദികളാവുകയും ചെയ്യുന്ന കാലഘട്ടത്തിലെ ഇസ്ലാമിക ജീവിതക്രമം പാലിച്ച് തന്നെ സ്നേഹവും സഹിഷ്ണുതയും പുലർത്തിപ്പോരാൻ അബ്ദുല്ലക്കോയക്കുസാധിച്ചുവെന്നു ഡോ.ഹുസൈൻ മടവൂർ വിലയിരുത്തു ന്നതും അത് കൊണ്ടുതന്നെ .ആരെയും വെറുപ്പിക്കാതിരിക്കുക, ഉള്ളും പുറവും രണ്ടായ സമീപനം വേണ്ട. മറ്റൊരു രീതി ബി. വി.ക്കു അപരിചിതമാണെന്നു ടി.പി. അബ്ദുല്ലക്കോയ മദനി പറയുന്നു. താൻ വിശ്വസിക്കുന്ന നിലപാടുകളിലെ കാർക്കശ്യം അബ്ദുല്ലക്കോയയെ ഇതര രാഷ്ട്രീയ നേതാക്കളിൽ നിന്നു വ്യത്യസ്തനാക്കി എന്നു കാന്തപുരം എ. പി. അബൂബക്കർ മുസ്ല്യാർ അനുസ്മരിക്കുന്നത് അതു കൊണ്ടാണ്.

അതേസമയം നന്മയുടെ പക്ഷത്ത് നിൽക്കാൻ സുന്നിയെന്നോ മുജാഹിദ് എന്നോ ഉള്ള വേർതിരിക്കൽ ആവശ്യമില്ലെന്നാണദ്ദേഹം പറയാറ്. ആ പ്രസ്ഥാനങ്ങൾ പൊലിപ്പിച്ചു നിർത്താൻ ലക്ഷങ്ങൾ ചെലവഴിച്ച് റാലികളും സമ്മേളനങ്ങളും നടത്തേണ്ട ആവശ്യവും ഇല്ല. രാഷ്ട്രീയ പാർട്ടികൾക്ക് അതാവശ്യമായിരിക്കാം. കാരണം, ജനാധിപത്യപ്രസ്ഥാനത്തിൽ ആൾബലം ഒരു സുപ്രധാന ഘടകമാണ്. ശക്തിപ്രകടനം അംഗീകാരം തേടാനുള്ള ഉപാധിയുമാണ്.ആശയങ്ങൾക്കും ആദർശങ്ങൾക്കും അപ്പുറം തന്ത്രങ്ങൾ ആവിഷ്ക്കരിക്കുകയും നടപ്പാക്കുകയും ചെയ്തെങ്കിൽ മാത്രമാണല്ലോ രാഷ്ട്രീയ കക്ഷികൾക്ക് നിലനില്പുമുള്ളത്

അബ്ദുല്ലക്കോയയുടെ ഈ രീതി മുസ്ലീംകൾക്കിടയിലെ എല്ലാ വിഭാഗങ്ങളും അംഗീകരിച്ചിരുന്നുവെന്ന അഭിപ്രായമൊന്നും ഈ ലേഖകനില്ല. എന്നാൽ ആസ്വദിച്ചിരുന്നു എന്ന കാര്യത്തിൽ സംശയമില്ല.

പോലീസുകാരനും വക്കീലും

രാജ്യസഭയിൽ കേരളത്തെ അഞ്ചുതവണ പ്രതിനിധീകരിച്ച് റിക്കാർഡിട്ടശേഷം വിടവാങ്ങിയ ബി.വി. അബ്ദുല്ലക്കോയ, കോഴിക്കോട്

പൗരാവലി നൽകിയ സ്വീകരണത്തിൽ പ്രസംഗിക്കവെ പറഞ്ഞു. വലിയ ഔന്നത്യങ്ങളിലെത്തി എന്നു ഞാൻ അഹംഭവിക്കുന്നില്ല. എങ്കിലും ഈ നഗരത്തോടൊപ്പം വളരാൻ കഴിഞ്ഞ ഒരാൾ എന്ന നിലയിൽ അഭിമാനിക്കുന്നു. മുപ്പതാണ്ടത്തെ പാർലമെന്ററി ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ഇന്ത്യൻ ജനാധിപത്യത്തിനു കീർത്തിശോഭ നൽകിയ നിരവധി മഹാന്മാരോടൊത്തു കഴിയാൻ കഴിഞ്ഞത് വലിയ ഭാഗ്യമായി കരുതുന്നു.

ഡോ.സാക്കിർ ഹുസൈൻ, വി.വി.ഗിരി, ജസ്റ്റിസ് ഹിദായത്തുല്ല, ആർ. വെങ്കട്ടരാമൻ, ഡോ. ശങ്കർ ദയാൽ ശർമ, കെ.ആർ നാരായണൻ എന്നീ രാഷ്ട്രപതിമാർ, ഉപരാഷ്ട്രപതിമാരായി ഞങ്ങളുടെ സഭയെ നയിച്ചിരുന്നു കാലത്ത് ആ രാജ്യസഭയിൽ അംഗമായിരുന്നു എന്നത് ഓർക്കാൻ അഭിമാനമുള്ള കാര്യമാണ്.

ഇന്നും ഞാൻ വന്നു നിൽക്കുന്നത് എന്നെ സ്നേഹിക്കുന്ന കുറേ ആളുകൾക്കിടയിലാണ്. അവരിൽ മിക്കവരും എന്നിൽ നിന്നു ഒരു സഹായവും ലഭിക്കാത്തവരാണെന്നതും ഞാൻ മനസ്സിലാക്കുന്നു. എല്ലാവർക്കും ഉപകാരം ചെയ്യാൻ ഒത്തില്ലെങ്കിലും ആർക്കും ഒരുപദ്രവവും ചെയ്തിട്ടില്ല എന്ന ചാരിതാർഥ്യമാണ് ഇന്നും എന്റെ സന്തോഷം.അക്കാരണത്താൽതന്നെകൈകൾഎന്നപോലെഹൃദയവും കറപുരളാതെകഴിക്കാൻകഴിഞ്ഞു എന്നു ഞാൻ അവകാശപ്പെടുമ്പോൾ ഇതൊരു അധിക പ്രസംഗമായി നിങ്ങൾ കരുതില്ലെന്നു വിശ്വസിക്കുന്നു

കേരളത്തിൽ വിവിധ കക്ഷികളിലും വിവിധ മുന്നണികളിലും വിവിധ സമുദായങ്ങളിലുമായി ഒരുപാട് പേരുമായി എനിക്ക് ഇടപെടേണ്ടി വന്നിട്ടുണ്ട്. പലരും നയപരമായി എന്നോട് അടുപ്പമുണ്ടായിരുന്നവരാണെങ്കിലും ഏറെപ്പേർ രാഷ്ട്രീയമായി എന്റെ എതിർ ചേരിയിലുമുള്ളവരായിരുന്നു. എന്നാൽ വാക് തർക്കമുണ്ടായിരുന്നപ്പോൾ പോലും അവരുമായി തെറ്റിപ്പിരിയേണ്ടിവന്നിട്ടില്ല എന്നു ഞാൻ ഓർക്കുന്നു.പാർട്ടിക്കകത്ത് പലപ്പോഴും ഒരു പോലീസുകാരന്റെ റോൾ ആയിരുന്നു എനിക്ക് എന്നു പത്രലേഖകർ എഴുതിയിരുന്നത്, ഞാൻ ഓർക്കുന്നു. മുന്നണിക്കകത്ത് പാർട്ടിക്കാര്യം വാദിക്കുന്ന ഒരു വക്കീലായിരുന്നു ഞാൻ. എന്നാൽ ഒരിക്കലും തന്നെ നീതിക്കെതിരായി, മനസ്സാക്ഷിക്കു എതിരായി ഒരു നിലപാട് എനിക്കു എടുക്കേണ്ടിവന്നിട്ടില്ല. പോലീസുകാരനും വക്കീലുമായിരുന്നപ്പോൾ തന്നെ, നീതിയുടെ ഭാഗത്ത് ഉറച്ചുനിന്ന ഒരു ന്യായാധിപനുമായിരുന്നു, എന്നു ഞാൻ അവകാശപ്പെടട്ടെ.

ഇസ്മാഈൽ സാഹിബിന്റെയും സീതിസാഹിബിന്റെയും ശിഷ്യത്വം നേടിയ ഒരാൾക്ക്, പാണക്കാട് ശിഹാബ് തങ്ങൾ നയിക്കുന്ന പാർട്ടിയിൽ പ്രവർത്തിക്കുന്ന ഒരാൾക്ക് മറ്റൊരുതരത്തിൽ പ്രവർത്തിക്കാൻ കഴിയില്ല എന്നത് തന്നെ കാരണം.

മനുഷ്യർ എല്ലാവരും മരിച്ചുപോകും. എന്നാലും മനുഷ്യത്വം മരിച്ചുപോകുന്നില്ല. രാഷ്ട്രീയ ജീവിതത്തിൽ ഞാൻ പഠിച്ച പാഠം അതാണ്.

അത് നേതാക്കൾ മാത്രം പഠിപ്പിച്ചു തന്നതല്ല, സഹപ്രവർത്തകരും അനുയായികളുമെല്ലാം ചേർന്നു പഠിപ്പിച്ചു തന്നതാണ്.സ്നേഹം നിറഞ്ഞ എന്റെ നാട്ടുകാർക്കായി എനിക്കു പകർന്നു നൽകാനുള്ളതും ഇതുത ന്നെ. പകരം നൽകാൻ എന്റെ കൈയിൽ മറ്റൊന്നുമില്ല. എന്റെ ഹൃദയത്തിൽ ആഴത്തിൽ അത് സൂക്ഷിച്ചുകൊള്ളാമെന്നു മാത്രം പറഞ്ഞു കൊണ്ട് ഞാൻ വിടപറയട്ടെ...



കോഴിക്കോട് ടൗൺ മുസ്ലിംലീഗ് കമ്മറ്റിയിലെ സഹപ്രവർത്തകരോടൊപ്പം - പി.എം അബൂബക്കർ, എസ് .വി അബൂബക്കർകോയ ഹാജി, എം ബാവുട്ടി ഹാജി, പി.പി ആലിക്കോയ, കുന്നത്ത് ആലിക്കോയ, എം.കെ അബ്ദുള്ളക്കോയ, പി.ടി അവറാൻ കോയ ഹാജി, കെ ഉസ്മാൻ കോയ തുടങ്ങിയവർ

.

11 സമ്മേളനങ്ങളുടെ സംഘാടകൻ

മൗനം വിദ്വാനു ഭൂഷണം എന്നാണ് ചൊല്ലെങ്കിലും പിതാവിനെ സംബന്ധിച്ചിടത്തോളം സംസാരം തന്നെയായിരുന്നു, ജീവതത്തിലെ രസം. അടുത്ത സുഹൃത്തുക്കളുമായി ആകാശത്തിനു കീഴിലെ എല്ലാ വിഷയങ്ങളെക്കുറിച്ചും ആശയങ്ങൾ കൈമാറുന്നത് ചെറുപ്പത്തിലേ വളർത്തിയെടുത്ത ശീലമായിരുന്നു. തനിക്കു പറയാനുള്ളത്, ഏത് സദസ്സിലായാലും ഉച്ചത്തിൽ തന്നെ പറയുന്നതും അദ്ദേഹത്തിന്റെ സ്വഭാവം.

കൂടിയാലോചനകൾവഴി, ഏത് പ്രശ്നത്തിനും പരിഹാരം കാണാമെന്നത് ജീവിതചര്യയായി കൊണ്ടു നടന്ന ആളാണദ്ദേഹം.കുടുംബ സംഗമങ്ങൾ അദ്ദേഹത്തിനു സ്നേഹഭൂമിക ആയിരുന്നു. ചെറിയ സദസുകൾ പറയാനും കേൾക്കാനുമുള്ള വേദികളാക്കി അദ്ദേഹം മാറ്റിയെടുത്തു.പാർട്ടിയോഗങ്ങൾ മുതൽ മുന്നണിയോഗങ്ങൾവരെ ഉദാഹരണം.

ഒരാൾ ഒറ്റക്ക് എടുക്കുന്നതീരുമാനങ്ങളേക്കാൾ പ്രസക്തി കൂടുതൽ പേർ ചർച്ച ചെയ്തെടുക്കുന്നതിലാണ്, എന്നദ്ദേഹം വിശ്വസിച്ചു. പാർട്ടിയോഗങ്ങളിൽ നിർണായക തീരുമാനങ്ങൾ പ്രസിഡന്റിനു വിടുന്ന പതിവ്, ലീഗിൽ പണ്ടേ ഉണ്ട്. എന്നാൽ അക്കാര്യത്തിൽപേലും പ്രസിഡന്റ് പദത്തിലിരിക്കുന്നവർ സ്വന്തം തീരുമാനം പ്രഖ്യാപിക്കലല്ല പതിവെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ഖാഇദെ മില്ലത്ത് ഇസ്മാഈൽ സാഹിബും, ഖായിദുൽ ഖൗം ബാഫഖിതങ്ങളും അത്തരം സന്ദർഭങ്ങളിൽ കൂടിയാലോചനകൾ നടത്തിയ ശേഷമാണ് പ്രഖ്യാപനങ്ങൾ നടത്താറ്.

അത്തരം യോഗങ്ങളിൽ പറയാനുള്ളത് അവിടെതന്നെ പറയണം, ആരായാലും എന്നദ്ദേഹം കൂട്ടുകാരെയും ഉപദേശിക്കാറുണ്ടായിരുന്നു. തീരുമാനമുണ്ടായിക്കഴിഞ്ഞശേഷം അഭിപ്രായപ്രകടനം നടത്തുന്ന രീതി രാജ്യസഭാസീറ്റ് എന്ന സ്വന്തം കാര്യത്തിൽപോലും അദ്ദേഹം നടത്തിയിരുന്നില്ല. സജീവമായ പങ്കാളി

ത്തത്തിനു അത്തരം യോഗങ്ങളിൽ അദ്ദേഹം പ്രത്യേക താല്പര്യവും പ്രകടിപ്പിച്ചു.

യോഗങ്ങളിലെ ഈ താല്പര്യം, സമ്മേളനങ്ങളിൽ, വർധിത വീര്യത്തോടെ അദ്ദേഹം പ്രകടമാക്കും. മുസ്‌ലിം വിദ്യാർഥി ഫെഡറേഷന്റെ താലൂക്ക് സ മ്മേളനമായാലും, യൂത്ത് ലീഗിന്റെ ജില്ലാ യോഗമായാലും, സ്വതന്ത്രതൊഴിലാളിയൂണിയന്റെ മേഖലാ സമ്മേളനമായാലും ബി.വി.യ്ക്കുഅതൊരാവേശമാണ്.

മുസ്‌ലിം ലീഗിന്റെ സംസ്ഥാനസമ്മേളനങ്ങളിലാകട്ടെ, പ്രാസംഗികൻ എന്നതിനേക്കാളേറെ സംഘാടകൻ എന്ന നിലയിലാണ് അദ്ദേഹം തന്റെ റോൾ നിർവഹിക്കാറ്.

കോഴിക്കോട്ട് പല വർഷങ്ങളിലായി നടന്ന മുസ്‌ലിംലീഗിന്റെ മഹാസമ്മേളനങ്ങളിലെല്ലാം പ്രധാന കൈകാര്യകർത്താവ് അദ്ദേഹമായിരുന്നു. 1954ൽ കോഴിക്കോട്ട് മുസ്‌ലിംലീഗ് നടത്തിയ ആദ്യത്തെ മലബാർ ജില്ലാലീഗ് സമ്മേളനത്തിൽ സംഘാടക സമിതിയുടെ ജീവനാഡിയായ സെക്രട്ടറി എന്നാണ് ചന്ദ്രിക പത്രം അദ്ദേഹത്തെ വിശേഷിപ്പിച്ചത്. 1952 ഒക്ടോബറിൽ പയ്യോളിയിൽ നടന്നതും 1954മാർച്ചിൽ കോഴിക്കോട്ട് നടുവട്ടത്ത് നടന്നതുമായ സംഭവങ്ങൾ ഹിന്ദു-മുസ്‌ലീം സംഘർഷത്തിനു കാരണമായ പശ്ചാത്തലം നിഴൽ വിരിക്കുന്ന സമയത്തായിരുന്നു, 1954 ഏപ്രിലിലെ മലബാർ ജില്ലാ ലീഗ് സമ്മേളനം. നടുവട്ടത്ത് ക്ഷേത്രത്തിലേക്കുള്ള ഒരു എഴുന്നള്ളിപ്പ് വാദ്യഘോഷങ്ങളോടെ നടത്താനുള്ള ചിലരുടെ ശ്രമവും അത് തടയാനുള്ള മറുഭാഗക്കാരുടെ സംരംഭവും പോലീസ് വെടിവെപ്പിലും രണ്ടു പേരുടെ മരണത്തിലും കലാശിക്കുകയായിരുന്നു.

മാനാഞ്ചിറ മൈതാനവും, മുതലക്കുളവും, വെസ്റ്റ്ഹില്ലും, കടപ്പുറവുമെല്ലാം സമ്മേളനത്തിനു നിഷേധിക്കപ്പെട്ടു. ബാഫഖി തങ്ങൾ പ്രസിഡന്റും, സീതിസാഹിബ് സെക്രട്ടറിയും, സി.എച്ചും, ബി.വി.യും ജോയന്റ് സെക്രട്ടറിമാരും വൈറ്റ്ഹാൾ പി.കെ.എം. അബ്ദുല്ലക്കോയ ട്രഷററുമായ സംഘാടകസമിതിക്കു ഒരു പൊതു സ്ഥലവും അനുവദിച്ചു കിട്ടിയില്ല. ഉത്തരേന്ത്യൻ നേതാക്കൾ കൂടി പങ്കെടുക്കുമെന്നു വിളംബരപ്പെടുത്തിയ സമ്മേളനം ഒടുവിൽ റദ്ദാക്കേണ്ടിവരികതന്നെ ചെയ്യുമെന്നിടത്തോളം കാര്യങ്ങൾ ചെന്നെത്തി.

ഒടുവിൽ ബി.വി. തന്റെ വീട്ടിനു വളരെ അകലെയല്ലാതെ ബീച്ച് ഹോട്ടലിന്റെ പിന്നിൽ വിശാലമായ ഒരു സ്ഥലം കണ്ടെത്തി. ചണ്ടി നിക്ഷേപ കേന്ദ്രമായി മാറിക്കഴിഞ്ഞ അവിടം അല്പം ശ്രദ്ധിച്ചാൽ നന്നാക്കി എടുക്കാമെന്നു അദ്ദേഹത്തിനു തോന്നി. തന്റെ പഴയ പരിചയക്കാരനായ പി.ബാലകൃഷ്ണൻ ആയിരുന്നു ആ പൗരാണിക ഹോട്ടലിന്റെ നടത്തിപ്പുകാരൻ.

ബി.വി.യും സി.എച്ചും. ചെന്നു കണ്ടപ്പോൾ, ബാലൻ സമ്മതി ച‍ു. ഒരാഴ്ചത്തെ ശ്രമദാനത്തിലൂടെ ലീഗ് പ്രവർത്തകർ തന്നെ അവ‍ിടമാകെ വൃത്തിയാക്കി ഒന്നാന്തരമൊരു സമ്മേളന നഗരി ഒരു ക്കി. തെക്കോട്ട് മുഖം തിരിച്ചുകൊണ്ട് വിശാലമായ ഒരു വേദിയും.

അതിനുമുമ്പ് ഒരു ലീഗ് സമ്മേളനം കോഴിക്കോട്ട് നടന്നത് വിഭജനത്തിനു മുമ്പ് 1940 ലായിരുന്നു. ബംഗാൾ മുഖ്യമന്ത്രിയായി രുന്ന) അന്നു പ്രധാന മന്ത്രി എന്നായിരുന്നു തസ്തിക (എ.കെ. ഫസലുൽഹഖിന്റെ അധ്യക്ഷതയിൽ. തുടർന്നു കോഴിക്കോട്ട് നട ത്തിയ നാല് ലീഗ് സമ്മേളനങ്ങളിലും 1959,1968,1977,1982 ബി.വി. സംഘാ ടക സമിതി സെക്രട്ടറിയോ ചെയർമാനോ ആയിരുന്നു 1959 ഫെബ്രു വരിയിൽ കോഴിക്കോട് അല്ലാമാ ഇഖ്ബാൽ നഗറിൽ നടന്ന രണ്ടാ മത്തെ ലീഗ് സംസ്ഥാന സമ്മേളനത്തിനും താക്കോൽ സ്ഥാനത്ത് ബി.വി. ഭാരവാഹി ആയി ഉണ്ടായിരുന്നു.സംഘടനാ വൈഭവത്തെ അഭിനന്ദിക്കുന്നുവെന്നു മാതൃഭൂമി മുഖപ്രസംഗം എഴുതിയ ആ സമ്മേ ളനം കമ്മ്യൂണിസ്റ്റിതര ഐക്യജനാധിപത്യ മുന്നണി എന്ന ആശയം ഉയർത്തിയാണ് അവസാനിച്ചത്.

എന്നാൽ സമ്മേളനത്തിനു പ്രകടനക്കാരെയും വഹിച്ചെ ത്തിയ ലോറികളിൽ ഒന്നു വടകരക്കരികെ ഇരിങ്ങലിലെ വളവിൽ മറിഞ്ഞു നാലു ലീഗ് പ്രവർത്തകർ മരണപ്പെട്ട ദുഃഖാന്തരീക്ഷത്തി ലാണത് അവസാനിച്ചത്. തട്ടാന്റവിട ഉമ്മർ, മലയിൽ മുഹമ്മദ്, കെ. പി. ഉമ്മർകുട്ടി, ടി.എ അബ്ദു റഹിമാൻ എന്നിവർക്കു വേണ്ടി ജന സാഗരം ബാഫഖി തങ്ങളുടെയും സി.എച്ചിന്റെയും നേതൃത്വത്തിൽ കണ്ണീരോടെ പ്രാർത്ഥന നടത്തി. സ്റ്റേറ്റ് ലീഗ് കമ്മിറ്റി ഒരു ഫണ്ട് ശേഖരിച്ച് ഹതഭാഗ്യരായ കുടുംബങ്ങൾക്കു നൽകുകയും ചെയ്തു.

1968ൽ കോഴിക്കോട് ചേരമാൻ പെരുനാളാസാദ് എന്നു നാ മകരണം ചെയ്യപ്പെട്ട നഗറിൽ നടന്ന സംസ്ഥാന മുസ്‌ലീം ലീഗ് സമ്മേ ളനത്തിന്റെ മുഖ്യ സംഘാടകരിൽ ഒരാൾ സെക്രട്ടറിപദം അലങ്ക രിച്ച അബ്ദുല്ലക്കോയ ആയിരുന്നു. 1960 മുതൽ തന്നെ ലീഗ് ഉന്നയി ച്ചിരുന്ന മലപ്പുറം ജില്ലാവാദം ഈ സമ്മേളനത്തിൽ ഒരു പ്രമേയ മായി വന്നപ്പോൾ എതിർശക്തികളൊക്കെയും അതൊരു മതവാദ മായി പ്രചരിപ്പിക്കാൻ തുടങ്ങി.

വിശാലമായ കോഴിക്കോട്-പാലക്കാട് ജില്ലകളുടെ ഭാഗമായി കിടന്നതിനാൽ വികസനം എത്തിനോക്കാൻ മടിച്ച ഏറനാട്- വള്ളു വനാട് താലൂക്കുകളെ മുന്നിൽ കണ്ടുകൊണ്ടായിരുന്നു, ലീഗ് പ്രമേ യം. എന്നാൽആളെണ്ണിവരുമ്പോൾ അതൊരു മുസ്‌ലിം ഭൂരിപക്ഷ ജില്ലയാവുമെന്നും അത് രാജ്യരക്ഷക്കു ഭീഷണിയാവുമെന്നുമാണ് ദേശീയ കുപ്പായമിട്ട പല നേതാക്കളുടെയും വാദം.

വലിയ ഒച്ചപ്പാടുണ്ടാക്കാതെ ജില്ല നേടിയെടുക്കണമെന്നാ യിരുന്നു അബ്ദുല്ലക്കോയയുടെ നിലപാട്. കേരളസംസ്ഥാന രൂപ വൽക്കരണാവശ്യം ഉയർന്നപ്പോൾ സീതി സാഹിബ് ഉന്നയിച്ച ന്യായ വാദം തന്നെയായിരുന്നു, ബി.വി.യുടേതും. കേരളം പിറന്നാൽ മുസ് ലീംകൾക്ക് സംസ്ഥാനത്ത് പ്രാമുഖ്യം ലഭിക്കുമെന്നുറപ്പാണെന്നും, എന്നാൽ മുസ്ലീംലീഗ് ആ അവശ്യവുമായി എടുത്തുചാടിയാൽ, ഇതര സംഘടനകളും സമുദായങ്ങളും അതിനെ എതിർത്തു തോല്പിക്കുമെന്നുമായിരുന്നു, സീതിസാഹിബിന്റെ ദീർഘദൃഷ്ടിയോ ടെയുള്ള നിലപാട്. ഐക്യ കേരളം വരുമെന്നു ഉറപ്പാണെന്നും, അപ്പോൾ നമുക്കു ഒപ്പം നിൽക്കാമെന്നും സീതിസാഹിബ് പാർട്ടി അംഗങ്ങളെ ഉണർത്തിയിരുന്നു. തന്റെ നേതാവിന്റെ നിലപാട് മല പ്പുറം ജില്ലയുടെ കാര്യത്തിൽ ബി.വി. സ്വീകരിച്ചെങ്കിലും, നേതൃനിര യിലെ മറ്റംഗങ്ങൾക്കു ആ കാത്തിരിപ്പിനോട് യോജിക്കാൻ കഴിഞ്ഞി ല്ല. അത് ലീഗിന്റെ ഒരാവശ്യമായി ഉയർന്നതോടെ മലപ്പുറം ജില്ലക്കു എതിരായ പ്രക്ഷോഭത്തിനു ശക്തി കൂടുകയും ചെയ്തു.

.എങ്കിലും മുഖ്യമന്ത്രി ഇ.എം.എസിനെയും സപ്തകക്ഷി മുന്നണി നേതൃത്വത്തേയും പുതിയ ജില്ല എന്ന ആവശ്യകത സ്വന്തം ഭാഗത്ത് ബഹളമുണ്ടാക്കാതെ ബോധ്യപ്പെടുത്താൻ ലീഗിനു കഴിഞ്ഞു. 1969ൽ മലപ്പുറം ജില്ല പിറക്കുകയും ചെയ്തു.

1977 ഫെബ്രുവരിയിൽ കോഴിക്കോട് ബി.വി. അബ്ദുല്ലക്കോയ ചെയർമാനായ സ്വാഗതസംഘം സംഘടിപ്പിച്ച സംസ്ഥാന സമ്മേ ളനം സ്വതന്ത്ര ഇന്ത്യയിൽ നടന്ന ലീഗിന്റെ ഏറ്റവും വലിയ ഒന്നായി രുന്നു.അഞ്ചു വർഷം കഴിഞ്ഞു കോഴിക്കോട്ട് നടന്ന അടുത്ത സംസ്ഥാന ലീഗ് സമ്മേളനത്തിനിടയിൽ ലീഗ് ഹൗസിനു സംസ്ഥാന പ്രസിഡന്റ് പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ ശിലാസ്ഥാ പനം നടത്തിയത് അബ്ദുല്ലക്കോയാ സാഹിബിനെ സംബന്ധിച്ചിട ത്തോളം മറ്റൊരു അഭിമാന മുഹൂർത്തമായി. കാരണം എം.എൽ.എ.മാ രുടെ എണ്ണം കൊണ്ടും പാർട്ടി പ്രസിഡന്റിന്റെ സാന്നിധ്യം കൊണ്ടും കേരള സ്റ്റേറ്റ് ലീഗിന്റെ ആസ്ഥാനം മലപ്പുറത്തായിരിക്കണമെന്നു ആ ഭാഗത്തെ പല നേതാക്കളും താല്പര്യപ്പെട്ടിരുന്നു. അതേസമയം മുസ്ലീം ലീഗിന്റെ ഇന്ത്യയിലെ പ്രവർത്തനത്തിനു സിരാകേന്ദ്രമാ യിരുന്ന മലബാറിന്റെ പഴയ ആസ്ഥാനത്ത് തന്നെ അത് വേണമെന്ന നിർബന്ധക്കാരനായിരുന്നു, അബ്ദുല്ലക്കോയയും അനുയായികളും. അതിനെ സാധൂകരിക്കുമാറാണ് അബ്ദുല്ലക്കോയ തന്നെ മുഖ്യ ആസൂ ത്രകനായി നടന്ന സംസ്ഥാ ന സമ്മേളനം എല്ലാ റിക്കാർഡുകളും മറികടന്നു കോഴിക്കോട്ട് വമ്പിച്ച വി ജയമായതും. വൈകുന്നേരം തുടങ്ങിയ ശക്തി പ്രകടനം രാത്രി 11 മണി ആയിട്ടും അവസാനിക്കാ

തിരുന്നപ്പോൾ സി.എച്ച്. തന്നെ സമ്മേളന നഗരിയിലെ മൈക്കിനു മുമ്പിൽ വന്നു നിന്നു പറഞ്ഞു. ഘോഷയാത്ര മതിയാക്കിയിരിക്കുന്നു. സമ്മേളനം തുടങ്ങുകയാണ്. ആളുകൾ എത്രയും വേഗം സമ്മേളന നഗറിൽ എത്തുക.

സംഘർഷവേളകളിലും സമാധാനദൗത്യം

സംയമനത്തിന്റെയും സമവായത്തിന്റെയും സമാധാനത്തിന്റെയും വക്താവായിരുന്നു, അബ്ദുല്ലക്കോയ. എന്നാൽ സംഘർഷം പൊട്ടിപ്പുറപ്പെടുന്നിടത്ത് എത്രയും പെട്ടെന്ന് ഓടിയെത്തുന്നതായിരുന്നു, അദ്ദേഹത്തിന്റെ രീതി. വാക്കുകൾക്ക് ഊഴം കാത്തു നിൽക്കാതെയുള്ള കുതിച്ചോട്ടങ്ങൾ.

വിദ്യാർത്ഥി ജീവിതകാലത്ത് സന്നദ്ധ സംഘടനകളിൽ സജീവമായി പ്രവർത്തിച്ചത് കൊണ്ടാവണം, തെറ്റെന്നു താൻ കാണുന്നിടത്തൊക്കെ ചാടി വീഴാൻ അദ്ദേഹം മോഹിക്കാറുണ്ട്. നീതിക്കും ന്യായത്തിനും വേണ്ടിയുള്ള ഈ പോരാട്ടം മനസ്സിലാക്കിയത് കൊണ്ടോ എന്നറിഞ്ഞില്ല, അറുപതുകളിൽ സർക്കാർ അദ്ദേഹത്തെ കോഴിക്കോട്ട് ബെഞ്ച് മജിസ്ട്രേറ്റായി നിയോഗിക്കുകയുണ്ടായി.ഒപ്പം ഉണ്ടായിരുന്ന മജിസ്ട്രേറ്റുമാരാകട്ടെ ഹാരി റൊസാറിയോ അധ്യക്ഷനായുള്ള തങ്ങളുടെ സംഘടനയുടെ വൈസ് പ്രസിഡന്റായി ബി.വി.യെ അധികാരമേറ്റുകയും ചെയ്തു.

അക്കാലത്ത് ചെറിയ ഒരു അധോലോകം കോഴിക്കോട്ട് വളർന്നുകൊണ്ടിരുന്നു. കോൺവെന്റ് റോഡിലെ തന്റെ വീട്ടിനു സമീപം, മലഞ്ചരക്കുകൾ തലയിലേറ്റിവരുന്ന സാധാരണക്കാരായിരുന്നു അവരുടെ ലക്ഷ്യം. മുച്ചീട്ട് കളിസംഘങ്ങൾ ടവൽ നിരത്തി കാർഡുകൾ ഇറക്കി നൂറും ആയിരവും ഒക്കെ തട്ടിപ്പറിക്കുന്ന ആ രീതിക്കെതിരെ, ബി.വി. ഒറ്റയാൾ പട്ടാളമായി പല ദിവസങ്ങളിലും പ്രത്യക്ഷപ്പെട്ടു.കളി തകൃതിയായി മുന്നേറുന്നത്, തന്റെ വീട്ടിന്റ മുറ്റത്തിരുന്നു ഒളിഞ്ഞു നോക്കുമായിരുന്ന അദ്ദേഹം. ധൈര്യപൂർവ്വം ഒറ്റക്കു ചാടിക്കയറി, ആ ടവലും, ചീട്ടുകളും, പണവുമെല്ലാം വാരി പോലീസിനെ ഏല്പിക്കുമായിരുന്നു.

രാഷ്ട്രീയരംഗത്ത് മാത്രമല്ല, മതരംഗത്തും, സാമൂഹികരംഗത്തും, വിദ്യാഭ്യാസ രംഗത്തും കായിക രംഗത്തുമെല്ലാം ഈ സൗഹൃദമാണ് ഉടനീളം അദ്ദേഹം കാംക്ഷിച്ചതും.അതിനു വേണ്ടിയാണ് പ്രവർത്തിച്ചതും. ചോരത്തുള്ളികൾക്കു ചുറ്റും കണ്ണീർ കാണുന്നു എന്നു കണ്ടറിഞ്ഞ ആളായിരുന്നു അദ്ദേഹം.സമുദായ

സൗഹാർദ്ദത്തിനു വലിയ വിലകല്പിച്ചിരുന്ന ബി.വി.ക്ക് സംഘർഷ മേഖലയിൽ സമാധാനദൂതനായി പ്രത്യക്ഷപ്പെടുക എന്നത് വളരെ താല്പര്യമുള്ള ഒരു കാര്യമായിരുന്നു. അവിടെ ജയാപജയങ്ങൾ അദ്ദേഹം തന്റെ കണക്ക് ബുക്കിൽ ചേർക്കാറില്ല. വിജയത്തിനു ആയിരം പിതാക്കന്മാരെ അവകാശികളായി കാണാം. എന്നാൽ പരാജയം ഒരു അനാഥനാണ് എന്നു അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ്.കെന്നഡി പറഞ്ഞത് അദ്ദേഹം ഓർക്കാറുണ്ടായിരുന്നു.

1952. സാമൂഹികദ്രോഹികൾ കടിഞ്ഞാൺ വലിച്ച പയ്യോളിയിൽ ഉയർത്തിയ സംഘർഷം കണ്ണൻ, എന്ന ഒരു വക്കീൽ ഗുമസ്ഥന്റെ കൊലയിലവസാനിച്ച കാലം.രണ്ടു മുസ്‌ലിം യുവാക്കൾക്കു വധശിക്ഷ വിധിക്കപ്പെട്ടിടത്തോളം ചെന്നെത്തിയ ആ സംഘർഷ മേഖലയിലേക്ക് ബാഫഖി തങ്ങളോളം സി.എച്ചി.നോടും ഒപ്പം സമാധാന ദൗത്യവുമായി പോയവരിൽ ബി.വി.യും ഉണ്ടായിരുന്നു.

1954 മാർച്ച്, കോഴിക്കോട് നടുവട്ടത്ത് ഒരു ക്ഷേത്രഘോഷയാത്ര, പള്ളിക്കുമുമ്പിലൂടെ വാദ്യഘോഷത്തോടെ പോവാനുള്ള ശ്രമം സംഘർഷത്തിലും വെടിവെപ്പിലും രണ്ടുപേരുടെ മരണത്തിലും കലാശിക്കുന്നു. സംഘർഷമേഖലയിൽ ബാഫഖി തങ്ങളോടൊപ്പം അബ്ദുല്ലക്കോയ ഓടിയെത്തി. ആ സംഘർഷം കരിനിഴൽ വീശിയ പശ്ചാത്തലത്തിലാണ് ബി.വി.യും സി.എച്ചും നേതൃത്വം നൽകിക്കൊണ്ട് കോഴിക്കോട്ട് മലബാർ ജില്ലാ ലീഗിന്റെ ആദ്യ സമ്മേളനം നടത്തിയതും സമാധാന സന്ദേശം കൂടുതൽ ഉച്ചത്തിൽ മുഴക്കിയതും.

1955. പരപ്പിൽ വാർഡിൽ നിന്നു കോഴിക്കോട് മുനിസിപ്പൽ കൗൺസിലിലേക്കു സി.എച്ച്. മുഹമ്മദ്കോയ മത്സരിച്ചകാലം. അതിനുമുമ്പ് കുറ്റിച്ചറ വാർഡിൽ നിന്നു ഒരു വാക്ക് ഓവർ പോലെ ജയിച്ചു കയറിയതായിരുന്നു, സി.എച്ച്. ആ യുവനേതാവിനെ പരപ്പിലിലെ കോൺഗ്രസ്സ്കോട്ട പിടിച്ചടക്കാനുള്ള ദൗത്യവുമായാണ് പാർട്ടി അവിടെ സ്ഥാനാർഥിയാക്കിയത്. മലബാർ പ്രദേശ് കോൺഗ്രസ്സ് കമ്മറ്റിയുടെ ശക്തനായ ജോയന്റ് സെക്രട്ടറി എ. മുഹമ്മദ്കോയ എന്ന അപ്പക്കോയ ആയിരുന്നു കോൺഗ്രസ് ടിക്കറ്റിൽ ഇറങ്ങിയത്. പ്രചാരവേലകൾ ചൂട് പിടിച്ചതോടെ മുൻ കമ്യൂണിസ്റ്റ്കാരനെന്ന വൈരം കൂടി മറന്ന കമ്മ്യൂണിസ്റ്റ് പാർട്ടി അപ്പക്കോയയക്കൊപ്പം ചേർന്നു. സയ്യിദ് വംശജർ എന്ന ലേബലൊട്ടിച്ച ലക്ഷദ്വീപിൽ നിന്നുള്ള ഏതാനും തങ്ങന്മാർ മുതൽ, ഹിന്ദുവോട്ടുകൾ കുറേ ഉണ്ടായിരുന്ന വാർഡിലിറങ്ങി ആർ.എസ്.എസ്. കാർവരെ സി.എച്ചിനെ തോല്പിക്കാനുള്ള യത്നത്തിൽ സജീവമായി.

സ്ഥാനാർത്ഥിയെപ്പോലും തടയാൻ ശ്രമങ്ങൾ നടന്നു. പോളിങ്ങ് ദിവസം ആ വഴിക്കുവന്ന സമാദരണീയനായ ലീഗ് പ്രസിഡന്റ് സയ്യിദ് അബ്ദു റഹിമാൻ ബാഫഖി തങ്ങളുടെ തലപ്പാവ് വരെ തൊട്ടടുത്ത മതിലിന്നപ്പുറത്ത് നിന്ന് ചൂണ്ടയിട്ട് വലിക്കാനുള്ള ശ്രമമുണ്ടായി. സംഘർഷമുണ്ടാക്കി സ്ത്രീ വോട്ടർമാരുടെ നീണ്ടനിരയെ പേടിപ്പെടുത്താനുള്ള സംഘടിത ശ്രമമായിരുന്നു. അബ്ദുല്ലക്കോയ സജീവമായി രംഗത്തിറങ്ങി. മഞ്ചേരിയിൽ നിന്നു രണ്ടും ഉറപ്പിച്ച അഹമദ് കരിക്കളം ചാക്കീരി അഹമ്മദ്കുട്ടിയും സംഘവും എത്തി.

സംഘർഷമോഹികൾക്കു പിന്മാറേണ്ടിവന്നു. സ്ത്രീകൾ കൂട്ടുംകൂട്ടമായി വോട്ട് ചെയ്യാൻ എത്തി. ആ കുരുക്ഷേത്ര യുദ്ധത്തിന്റെ ഫലം വന്നപ്പോൾ 900ത്തോളം ഹിന്ദുവോട്ടർമാരുള്ള വാർഡിൽ 44 വോട്ടിനു സി.എച്ച്. ജയിച്ചു പ്രഖ്യാപനം ദിഗന്തങ്ങളിൽ മുഴങ്ങിയപ്പോൾ ഏറെ സന്തോഷിച്ചത് ക്യാംപയിൻ മാനേജരായ ബി.വി. ആയിരുന്നു.

1959ലെ വിമോചന സമരം. ലീഗ്കൂടി ജയിപ്പിച്ചെടുത്ത സ്വതന്ത്രരുടെ പിൻബലത്തോടെ ഇന്ത്യയിലാദ്യമായി അധികാരത്തിലേറിയ കമ്മ്യൂണിസ്റ്റ് സർക്കാർ സത്ഭരണത്തിനു പകരം സെൽ ഭരണം നടപ്പിലാക്കുന്നതിനെതിരെ ജനകീയ മുന്നേറ്റം.കാത്തിരുന്നു മടുത്ത മുസ്ലീംലീഗും സമരരംഗത്തിറങ്ങേണ്ടതാമസം കോഴിക്കോട് കലക ്ട്രേറ്റിനു മുന്നിൽ ബി.വി.യും തോരാ മഴയത്തു പിക്കറ്റിങ്ങിനിറങ്ങി. സയ്യിദ് ഉമർ ബാഫക്കി തങ്ങളും പി.എം. അബൂബക്കറും, അരങ്ങിൽ ശ്രീധരനും ഒക്കെ ഉൾപ്പെട്ട സംഘം രണ്ടാഴ്ചത്തെ ജയിൽ വാസത്തിനു ശേഷമാണ് മോചിതരായത്.

മംഗലാപുരത്ത് 1968ൽ വർഗീയ കലാപം ആളിക്കത്തിക്കൊണ്ടിരുന്നപ്പോൾ കോഴിക്കോട്ട് നിന്നു കുതിച്ചെത്തിയ ബി.വി.യുടെ ശ്രദ്ധേയമായ ഇടപെടലിനെ കുറിച്ച് അദ്ദേഹത്തോടൊപ്പം യാത്ര ചെയ്തിരുന്ന പ്രശസ്ത പത്രലേഖകനായ കെ.പി. കുഞ്ഞിമ്മൂസ പല ലേഖനങ്ങളിലും പരാമർശിക്കുകയുണ്ടായി.

യാത്രയിലുടനീളം ആ എം.പി. അസ്വസ്ഥനായിരുന്നു. മംഗലാപുരം റെയിൽവെ സ്റ്റേഷനിൽ വണ്ടി എത്തിയതോടെ ലീഗ് നേതാക്കളായ സി. അബ്ദുൾ ഹമീദ്, വടകര അബ്ദുല്ലഹാജി എന്നിവർ ഓടിയെത്തി.

മംഗലാപുരത്തെ അയ്യായിരത്തോളം വരുന്ന കേരള മുസ്ലിംകളുടെ മനസ്സിലെ തീ അണക്കുക ആയിരുന്നു ലക്ഷ്യം. കൈവണ്ടിത്തൊഴിലാളികളും കാലിച്ചാക്ക് കച്ചവടക്കാരും, ഹോട്ടൽ തോഴിലാളികളുമായ പാവപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന ബന്തറിലേക്കായിരുന്നു ആദ്യയാത്ര.

സംഘർഷ മേഖലയാണെന്നും അവിടെ പോകരുതെന്നും പോലീസുദ്യോഗസ്ഥർ വിലക്കിയപ്പോൾ താനൊരു ജനപ്രതിനിധിയായ പാർലമെന്റംഗമാണെന്നും റെയിൽവെ സ്റ്റേഷൻ കാണാനല്ല വന്നതെന്നും തനിക്കവിടെ പോയേപറ്റൂ എന്നും ദൃഢസ്വരത്തിൽ ബി.വി. പറഞ്ഞു.

സംഘർഷമുണ്ടെങ്കിൽ പോലീസിന്റെ സാന്നിധ്യം അവിടെയാണ് വേണ്ടതെന്നും താൻ കാൽനടയായി തന്നെ അങ്ങോട്ടുപോകുകയാണെന്നും ദൃഢസ്വരത്തിൽ ബി.വി. പോലീസുദ്യോഗസ്ഥരെ അറിയിച്ചു.

തനിക്കെന്തെങ്കിലും പറ്റിയാൽ പാർലമെന്റിനു മുന്നിൽ നിങ്ങൾ മറുപടിപറയേണ്ടിവരുമെന്നു മുന്നറിയിപ്പ് നൽകിയാണ് ബി.വി.യും സംഘവും സമാധാനയജ്ഞവുമായി നഗരപര്യടനം നടത്തിയതെന്നു കുഞ്ഞിമ്മൂസ അനുസ്മരിക്കുന്നു.

സമാധാന കമ്മിറ്റി യോഗം നടക്കുകയായിരുന്ന ടൗൺഹാളിലേക്കു ഈറ്റപ്പുലിയെപ്പോലെ കടന്നു ചെന്ന ബി.വി. മംഗലാപുരം കത്തിയെരിയുന്നത് തടഞ്ഞുവെന്നു പി.ടി.ഐ ലേഖകനായ ഗോപാൽജി എന്ന സി. ഗോപാലനെ ഉദ്ധരിച്ചുകൊണ്ടു കുഞ്ഞിമ്മൂസ തുടരുകയുണ്ടായി.

വർഷം മൂന്നു കഴിഞ്ഞതേയുള്ളു തലശ്ശേരിയിലും വർഗ്ഗീയ കലാപമുണ്ടായി. 1971 ഡിസംബർ 28നു തുടങ്ങിയ വിളയാട്ടം മൂന്നു രാവും പകലും നീണ്ടു നിന്നു. 350 കടകളും 200ൽപരം വിടുകളും 72 പ്രാർത്ഥനാലയങ്ങളും പൂർണ്ണമായും ഭാഗികമായും നശിപ്പിക്കപ്പെട്ടു. അവിടെയും ആദ്യം ഓടിയെത്തിയത് ബി.വി.ആയിരുന്നു. എറണാകുളത്തേക്കു പോയിരുന്ന സി.കെ.പി. ചെറിയ മമ്മുക്കേയി കോഴിക്കോട്ട് നിന്നു പി.എം. അബൂബക്കറെയും കൂട്ടി തലശ്ശേരിയിലേക്കു പുറപ്പെട്ടു. വഴിയിൽ മാഹിയിൽ കോഴിക്കോട്ടെ വ്യാപാരിയായ കെ.പി. ഉസ്മാൻ ഹാജിയുടെ വീട്ടിൽ കയറിയപ്പോഴാണ് തലശ്ശേരിയിൽ ജനങ്ങളുടെ ഭീതി അകറ്റാൻ ബി.വി. ചെയ്ത പ്രവർത്തനങ്ങളെപ്പറ്റി അവർ അറിഞ്ഞത്.

1988ൽ നാദാപുരം കേന്ദ്രമാക്കി മാർക്സിസ്റ്റുകാർ നടത്തിയ നരനായാട്ട് 80 കഴിഞ്ഞ നിരപരാധിയായ യൂസഫ് ഹാജിയെപ്പോലുള്ളവരെപ്പോലും കൊലപ്പെടുത്തുന്ന മട്ടിൽ മുന്നേറിയപ്പോൾ സമുദായത്തിനു നേരെതന്നെ ആക്രമണമായി അത് ജനം കണക്കാക്കി.നമ്പോടൻകണ്ടി ഹമീദ് എന്ന ലീഗ് പ്രവർത്തകൻ ദുരൂഹസാഹചര്യത്തിൽ കൊല്ലപ്പെട്ടതായിരുന്നു തുടക്കം. ഘാതകരെ പിടികൂടണമെന്നാവശ്യപ്പെട്ട് നാദാപുരം ലീഗ് കമ്മിറ്റി നടത്തിയ മാർച്ചിലേക്ക് സി.പി.എം. എം.എൽ.എ.യുടെ കാർ പാഞ്ഞു കയറുന്നു. ചെറിയ

തോതിൽ ഉന്തും തള്ളും നടന്നത് അവസാനിച്ചെങ്കിലും എം.എൽ. എ. അത്യാസന്ന നിലയിൽ എന്ന പ്രചാരണ കൊടുങ്കാറ്റ് പരന്നു നടന്നു. കടകൾ, വാഹനങ്ങൾ, പള്ളികൾ എന്നിവ ആക്രമിക്കപ്പെട്ടിട്ടും പോലീസ് നോക്കി നിൽക്കുന്നതാണ് കണ്ടത്.നാദാപുരത്തെ അക്രമ രാഷ്ട്രീയം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് കോഴിക്കോട് ഡി. ഐ.ജി. ഓഫീസിലേക്കു നടന്ന മാർച്ചിനു നേരെയും ആക്രമണം നടന്നു. സമരരംഗത്ത് കടന്നു വരാൻ വയോധികനായ ബി.വി.അബ്ദുല്ലക്കോയ മടിച്ചില്ല. അദ്ദേഹം പരുക്കുകളോടെ മെഡിക്കൽ കോളേജ് ആശുപത്രിയിലും ആയി. സംസ്ഥാനജനറൽ സെക്രട്ടറിയു.എ. ബീരാനും പരുക്കേൽക്കുകയുണ്ടായി.

കുഞ്ഞിമ്മൂസ പറഞ്ഞുവെയ്ക്കുന്നു: ബി.വി.യുടെ തനിനിറ മറിയണമെങ്കിൽ അദ്ദേഹത്തെ പ്രകോപിപ്പിക്കുന്ന വല്ലതും ഉണ്ടാവണം.അവിടെ അദ്ദേഹം പുലിയായിമാറും.



മുൻ രാഷ്ട്രപതി ഡോ: സക്കീർ ഹുസൈനോടൊപ്പം രാഷ്ട്രപതി ഭവനിൽ

12 ബഹുമതികളേറെ ഏറ്റുവാങ്ങി വിട

സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ, പാണക്കാട് പി.എം.എസ്.എ. പൂക്കോയതങ്ങൾ, കെ.എം. സീതിസാഹിബ്, സി. എച്ച്. മുഹമ്മദ്കോയ എന്നീ നേതാക്കളുമായുള്ള അടുത്ത സൗഹൃദം ബി.വി. അബ്ദുല്ലക്കോയയുടെ രാഷ്ട്രീയ ജീവിതത്തിൽ പുതിയ മാനങ്ങൾ തീർത്തു.

ബാഫഖി തങ്ങളോടുള്ള സ്നേഹാദരങ്ങൾ മരുമകനായ സയ്യിദ് ഉമർ ബാഫഖി തങ്ങളുമായും പങ്ക് വെയ്ക്കാൻ കഴിഞ്ഞ ബി.വി.യ്ക്ക്, സി.എച്ചിനോടുള്ള അടുപ്പം, അതേ അളവിൽ മകൻ മുനീറിലേക്കും പകർന്നു നൽകാൻ വിഷമമുണ്ടായില്ല, എന്നു പിൽക്കാലത്ത് സിറ്റി ലീഗ് സെക്രട്ടറി സ്ഥാനം വഹിച്ച എം.കെ. അബ്ദുല്ലക്കോയ അനുസ്മരിക്കുന്നു.

ചെറിയ മമ്മുക്കേയിയോടും സയ്യിദ് ഉമർ തങ്ങളോടും അസ്സൻ കുട്ടികുരിക്കളോടും എം.കെ. ഹാജിയോടും ചാക്കീരി അഹമ്മദ് കുട്ടിയോടും അവുക്കാദർകുട്ടി നഹയോടും ഒ.കെ. മുഹമ്മദ് കുഞ്ഞിയോടും ഒപ്പം ലീഗിന്റെ തിങ്ക് ടാങ്ക് ആയി പ്രവർത്തിക്കാൻ കഴിഞ്ഞ ബി.വി.യെ ആയിരുന്നു, ലീഗ് നേതൃത്വം ഉഭയകക്ഷി ചർച്ചകൾക്ക് പാർട്ടി പ്രതിനിധിയായി അയക്കാറ്.

ഇസ്മാഈൽ സാഹിബിനെയും സീതിസാഹിബിനെയും പോലെ ബാഫഖി തങ്ങളെയും പാണക്കാട് പൂക്കോയ തങ്ങളെയും ഒക്കെ അടുത്തിരുന്നു പഠിക്കാൻ കഴിഞ്ഞ ബി.വി., ചർച്ചകളിൽ കർക്കശക്കാരനായിരുന്നെങ്കിലും തീരുമാനങ്ങളിൽ വീട്ടുവീഴ്ചക്കാരനുമായിരുന്നു. ഇലയ്ക്കും മുള്ളിനും കേടില്ലാതെ പാർട്ടിക്കകത്തും മുന്നണിക്കകത്തും പല തീരുമാനങ്ങളും ലീഗ് കൈക്കൊണ്ടപ്പോൾ അതിൽ അദ്ദേഹം പ്രധാന പങ്കുവഹിച്ചു.

മലപ്പുറത്തെ അഹമ്മദ് കുരിക്കളെയും തിരുവനന്തപുരത്തെ ഹക്കീംജിയയും ആലപ്പുഴയിലെ അബ്ദുൽ ലത്തീഫിനെയും എറണാകുളത്തെ അബ്ദുല്ലഹാജി അഹമ്മദ് സേട്ടിനേയും പാലക്കാട്ടെ ഇ.എസ്എം. ഹനീഫാ ഹാജിയേയും, വടകരയിലെ പി.സി. അസ്സൻ

കുട്ടിഹാജിയേയും കണ്ണൂരിലെ ഒ.കെ. മുഹമ്മദ് കുഞ്ഞിയേയും അരീക്കോട്ടെ എൻ.വി. അബ്ദുസ്സലാം മൗലവിയേയും പരപ്പനങ്ങാടിയിലെ കുഞ്ഞാലിക്കുട്ടിക്കേയിയേയും നാട്ടികയിലെ പി.കെ. അബ്ദുൽ മജീദിനേയും മഞ്ചേരിയിലെ കൊരമ്പയിൽ അഹമ്മദ് ഹാജിയേയും തിരൂരിലെ ബാവഹാജിയെയും, അദ്ദേഹം ഒന്നിച്ചു നിർത്തി.

സയ്യിദ് ഉമർ തങ്ങളെയും സി.എച്ചിനെയും മാത്രമല്ല, പിന്നീട് മന്ത്രിയായ പി.എം. അബൂബക്കർ, മേയർമാരായ എം. ബാവുട്ടി ഹാജി, കുന്നത്ത് ആലിക്കോയ ഊർജ്ജസ്വലരായ എം.കെ.സി. അബുഹാജി, പി.പി. ആലിക്കോയ, എ.വി.മാമുക്കോയ, കെ.എം. ആലിക്കോയ, പി.ടി. അവറാൻകോയ ഹാജി മുതലായവരെയും അണിനിരത്തി കോഴിക്കോട് ടാണിലെ പ്രവർത്തനങ്ങൾക്ക് സജീവമായ നേതൃത്വം നൽകാനും അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് അവരോടൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞ എം.കെ അബ്ദുല്ലക്കോയയെ ആവേശം കൊള്ളിക്കുന്നു.

കേരള രാഷ്ട്രീയത്തിൽ പി.എം. അബൂബക്കറിനെയും പി.കെ. കുഞ്ഞാലിക്കുട്ടിയെയും ഇ. അഹമ്മദിനെയും അബ്ദുസ്സമദ് സമദാനിയേയും പോലുള്ള നേതാക്കളെ ഭാവിയുടെ വാഗ്ദാനങ്ങളാക്കി വളർത്തുന്നതിലും അബ്ദുല്ലക്കോയ നിർണ്ണായക പങ്ക് വഹിക്കുകയുണ്ടായി.വിവിധ സമുദായങ്ങളുമായി ലീഗിനെ അടുപ്പിക്കുന്നതിൽ ബി.വി.യും സെക്രട്ടറി ആയിരുന്ന പി.എം. അബൂബക്കറും കോഴിക്കോട്ട് വഹിച്ച പങ്ക് ശ്രദ്ധേയമാണ്. കോഴിക്കോട്ട് മുസ്ലിംലിഗിന്റെ ആസ്ഥാന മന്ദിരമായ ലീഗ് ഹൗസ് സ്ഥാപിക്കുന്നതിലും അബ്ദുല്ലക്കോയ മുൻനിരയിലുണ്ടായിരുന്നു.

തെരഞ്ഞെടുപ്പ് കാലം, എന്നും ബി.വി.ക്ക് ഹരം പകരുന്ന, വിശ്രമത്തിന് അവധി നൽകുന്ന രാപ്പകലുകളായിരുന്നു. സിഗരറ്റുകൾ പാക്കറ്റ്, പാക്കറ്റായി വലിച്ചു തള്ളിക്കൊണ്ട് ഓടിച്ചാടി നടക്കുന്നതിൽ അദ്ദേഹം ഒരു പ്രത്യേക സുഖം കണ്ടെത്തി.

1955ൽ കോഴിക്കോട് നഗരസഭയിലേക്കു സി.എച്ച്. മത്സരിച്ചകാലം. ബാഫഖി തങ്ങൾ പോലും കയ്യേറ്റം ചെയ്യപ്പെട്ട ആ കുരുക്ഷേത്രയുദ്ധത്തിൽ സി.എച്ച്. 44 വോട്ടിനു കരകയറിയപ്പോൾ, ഏറ്റവും സന്തോഷിച്ചവരിൽ ഒരാൾ കാംപയിൻ മാനേജരായിരുന്ന ബി.വി. ആയിരുന്നു.

രാഷ്ട്രീയത്തിൽ തന്റെ ശിഷ്യനായി വരികയും, സഹപ്രവർത്തകനായി പ്രവർത്തിക്കുകയും, തന്റെ നേതാവായി ഉയരുകയും ചെയ്ത സി.എച്ചിനെ 1979ൽ മുഖ്യമന്ത്രിയാക്കാൻ തീരുമാനിക്കുമ്പോൾ സ്റ്റേറ്റ് ലീഗ് കമ്മിറ്റിയിൽ താനായിരുന്നു, ജനറൽ സെക്രട്ടറി

യെന്ന് ബാപ്പ അഭിമാനപൂർവ്വം അനുസ്മരിക്കാറുണ്ടായിരുന്നു. യു. ഡി.എഫിന് ഭരണം കണികാണാനാവില്ലെന്ന് പ്രശ്നംവച്ചിരുന്ന ആളുകൾക്ക് ചരിത്രത്തിലാദ്യമായി ഒരു ലീഗ്കാരൻ മുഖ്യമന്ത്രി ആയി സത്യപ്രതിജ്ഞ ചെയ്യുന്നത് കാണേണ്ടിവന്നു. മുഖ്യമന്ത്രി ആയ ശേഷം ആദ്യമായി കോഴിക്കോട്ട് വന്ന സി.എച്ചിന് രാജകീയമായ ഒരു പൗരസ്വീകരണം കൂടി ഏർപ്പെടുത്തിക്കൊടുത്ത ശേഷം മാത്രമെ ബി.വി. വിശ്രമിച്ചുള്ളു.

1962ൽ കോഴിക്കോട്ട് ലോക്സഭാ തെരഞ്ഞെടുപ്പിൽ സി.എച്ചി.ന്റെ വിജയമൊരുക്കിയതിനു പിന്നിലും ബി.വി.യാണ് നയതന്ത്രങ്ങൾ രൂപപ്പെടുത്തിയെടുത്തത്. സീതിസാഹിബ് പരാജയപ്പെട്ട മണ്ഡലത്തിൽ സി.എച്ചിനു എങ്ങനെ ജയിക്കാൻ കഴിയുമെന്ന് ലീഗിലെ പ്രമുഖ നേതാക്കളിൽ ചിലർപോലും ആശങ്കപ്പെട്ടിരുന്നു.സി.എച്ച്. സ്ഥാനാർത്ഥിയാണെങ്കിൽ, ഞങ്ങൾ അദ്ദേഹത്തെ വിജയിപ്പിക്കുക തന്നെ ചെയ്യും എന്ന് ലീഗ് നേതൃത്വത്തിനു ബി.വി. ഉറപ്പുനൽകി. 1957ൽ സീതിസാഹിബ് തോറ്റ സീറ്റാണെന്നറിഞ്ഞിട്ടും ബി.വി.തന്റെ സഹപ്രവർത്തകരിൽ ആത്മവിശ്വാസം കുത്തിവെച്ചു. എം.കെ എഴുതുന്നു ബാഫഖി തങ്ങൾ സംഘടിപ്പിച്ചുതന്ന ഒരു ഫോർഡ് കാറിൽ രാപ്പകൽ ഭേദമന്യേ അന്നു ബി.വി.യോടൊപ്പം പ്രചാരണ രംഗത്തുണ്ടായിരുന്ന എനിക്ക് വഴിവക്കിലെ നോമ്പുതുറയും അത്താഴവുമൊക്കെ ഓർക്കുമ്പോൾ ആവേശം പകർന്നുതരുന്നു.

ഇസ്മാഈൽ സാഹിബിന്റെ നിര്യാണത്തെ തുടർന്ന് ബാഫഖി തങ്ങളെ അഖിലേന്ത്യാ പ്രസിഡണ്ടായി നിർദ്ദേശിക്കുന്നതിലും ബാഫഖിതങ്ങൾ മരിച്ചപ്പോൾ ആദ്യം പാണക്കാട് പൂക്കോയതങ്ങളെയും തുടർന്ന് അദ്ദേഹത്തിന്റെ ദേഹവിയോഗം മൂലം സ്ഥാനം ഒഴിവു വന്നപ്പോൾ പാണക്കാട് മുഹമ്മദലി ശിഹാബ്തങ്ങളെയും സംസ്ഥാന ലീഗ് അദ്ധ്യക്ഷ പദവിയിൽ കൊണ്ടുവരുന്നതിൽ ബി. വി. വഹിച്ച പങ്ക് ചരിത്രയാഥാർത്ഥ്യങ്ങളാണ്.

1967,71 വർഷങ്ങളിൽ ഇബ്രാഹീം സുലൈമാൻസേട്ട്, 1977ൽ ഡോ. വി.എ. സെയ്തുമുഹമ്മദ്, 1984ൽ ഡോ. കെ.ജി. അടിയോടി, 1989,91,96 വർഷങ്ങളിൽ കെ.മുരളീധരൻ, 1998ൽ പി. ശങ്കരൻ എന്നിവർ കോഴിക്കോട് ലോക്സഭാ സീറ്റിൽ മത്സരിക്കാനിറങ്ങിയ അവസരങ്ങളിലെല്ലാം തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാൻ ബി.വി. ആയിരുന്നു.

കേരള സംസ്ഥാന രൂപവൽക്കരണം കമ്യൂണിസ്റ്റ് ഭരണത്തിന്റെ ഭീകരത പുറത്തു കൊണ്ടുവന്നപ്പോൾ അതിനെതിരെ ജനാധിപത്യശക്തികൾ വിമോചന സമരത്തിനു തുടക്കം കുറിക്കുകയു

ണ്ടായി. എന്നാൽ തുടർന്നുള്ള സംഭവവികാസങ്ങൾ കോൺഗ്രസ്സിനെ ലീഗിൽ നിന്നു അകറ്റി നിർത്തി. കോൺഗ്രസ് പ്രസിഡണ്ട് യു.എൻ.ധേബർ, ആർ.ശങ്കർ തുടങ്ങിയവരുമായി ചർച്ച നടത്തിയ നാലംഗ ലീഗ് സംഘത്തിൽ അബ്ദുല്ലക്കോയയും ഉണ്ടായിരുന്നു.

എന്നാൽ മാറിയ പരിതസ്ഥിതിയിൽ കോൺഗ്രസ്സ് വിരുദ്ധത രംഗമാണ് സംസ്ഥാനത്ത് രൂപപ്പെട്ടത്. 1966ൽ ബി.വി.യുടെ വസതിയിൽ ചർച്ചക്കെത്തിയ മാർക്സിസ്റ്റ് നേതാക്കളായ ഇ.എം.എസ്. നമ്പൂതിരിപ്പാടും അഴീക്കോടൻ രാഘവനും സപത്കക്ഷി മുന്നണിയുടെ സന്ദേശം ഉയർത്തിക്കാണിച്ചു. ബാഫഖിതങ്ങളും സി.എച്ചും. പങ്കെടുത്ത ചർച്ചയിൽ മുൻകൂട്ടി ധാരണ വേണമെന്ന അബ്ദുല്ലക്കോയയുടെ നിർദ്ദേശത്തോട് ഇ.എം.എസ്. ഒടുവിൽ യോജിക്കുകയായിരുന്നു. കോൺഗ്രസ് ഒമ്പത് സീറ്റിൽ ഒതുങ്ങിയപ്പോൾ ലീഗിന്റെ പതിനാലു സീറ്റുകളുൾപ്പെടെ ഭരണമുന്നണി 117 സീറ്റ് കരസ്ഥമാക്കുകയുണ്ടായി. രണ്ടു മന്ത്രിസ്ഥാനങ്ങളും (സി.എച്ച്, അഹമ്മദ് കുരിക്കൾ) ഒരു ഡെപ്യൂട്ടി സ്പീക്കർ പദവിയുമായി ഒടുവിൽ ലീഗ് ഭരണത്തിലെത്തിയത് മുന്നണി രാഷ്ട്രീയത്തിന്റെ പുതിയ നേട്ടങ്ങളായി. എന്നാൽ മാറിയ സാഹചര്യത്തിൽ ഇ.എം.എസുമായി ലീഗ് തെറ്റി. ഇ.എം.എസ്. മന്ത്രിസഭയെ പുറത്താക്കാനുള്ള വിമോചന സമരത്തിൽ പങ്കെടുത്ത അബ്ദുല്ലക്കോയ തന്ത്രപരമായ നീക്കങ്ങൾ വഴി മറ്റു ജനാധിപത്യ കക്ഷികളുടെ സൗഹൃദം ലീഗിനുവേണ്ടി നേടിയെടുത്തു. സി.അച്യുതമേനോനെയും (1969) സി.എച്ചി.നെതന്നെയും (1979) പിന്നീട് മുഖ്യമന്ത്രിമാരാക്കുന്നതിൽ ചരിത്രപരമായ പങ്കുവഹിച്ചു എന്ന അഭിമാനവും ബി.വി.ക്ക് അതുവഴി ലഭിച്ചു.

1967ൽ രാജ്യസഭയിലേക്ക് ലീഗിന്റെ നോമിനിയായി ബി.വി. തെരഞ്ഞെടുക്കപ്പെട്ടത് പാർട്ടിയിലും നിയമസഭയിലും എതിരില്ലാതെ ആയിരുന്നു. 1973ൽ രാജ്യസഭാ തെരഞ്ഞെടുപ്പിൽ അബ്ദുല്ലക്കോയയെ തന്നെ വീണ്ടും സ്ഥാനാർ ത്ഥിയാക്കണമെന്ന് സ്റ്റേറ്റ് ലീഗ് കൗൺസിലിൽ പലരും ആവശ്യപ്പെടുകയുണ്ടായി. മലപ്പുറത്ത് നിന്നും കോഴിക്കോട്ട് നിന്നുമുള്ള പല സീനിയർ നേതാ ക്കളും പാണക്കാട്ട് ചെന്നു പ്രസിഡണ്ട് പൂക്കോയതങ്ങൾക്കു ഇക്കാര്യത്തിൽ നിവേദനം നൽകി. സ്റ്റേറ്റ് ലീഗ് കമ്മിറ്റി അംഗംകൂടിയായിരുന്ന പാണക്കാട്ടെ പ്രൈവറ്റ് സെക്രട്ടറി അഹമ്മദ് ഹാജിയും ഈ അഭിപ്രായക്കാരനായിരുന്നു. എന്നാൽ നിയമസഭാ സീറ്റിൽ പരാജയപ്പെട്ടുപോയ കാസർക്കോട്ടെ ലീഗ്നേതാവ് ഹാമിദലി ഷംനാടിന് അനുകൂലമായിട്ടായിരുന്നു പാണക്കാട്ടെ തീരുമാനം, ബാഫഖിതങ്ങളുടെ നിര്യാണത്തെ തുടർന്ന്

പൂക്കോയതങ്ങളെ പാർട്ടി പ്രസിഡണ്ടാക്കുന്നതിൽ നിർണായക പങ്കു വഹിച്ച അബ്ദുല്ലക്കോയ സാഹിബ് പക്ഷെ തനിക്കെതിരായ ഈ വിധിയിലും എതിർപ്പൊ ന്നും പ്രകടിപ്പിച്ചില്ല.

അതെല്ലാം പ്രസിഡണ്ടിന്റെ അവകാശങ്ങളാണ്. നേതൃത്വത്തെ ചോദ്യം ചെയ്യാതെ അംഗീകരിക്കലാണ് പ്രവർത്തകരുടെ കടമ നിരാശരായിരുന്ന അനുയായികളെ കോയ സാഹിബ് ആശ്വസിപ്പിച്ചത് അങ്ങനെയായിരുന്നു.

മാസങ്ങൾക്കകം തന്നെ മറ്റൊരു ഒഴിവുവന്നപ്പോൾ, പാർട്ടിയിലെ ആറു എം.എൽ.എ.മാർ ഒപ്പിട്ട് നൽകിയ എതിർ നിവേദനം പരിഗണിക്കുകപോലും ചെയ്യാതെ ബി.വി.യെ തന്നെ പൂക്കോയതങ്ങൾ രാജ്യസഭാ സ്ഥാനാർത്ഥിയായി പ്രഖ്യാപിക്കുകയും ചെയ്തു.

കൈവിലങ്ങുകളും ഇരുമ്പഴികളും മാത്രം സ്വപ്നം കാണാമായിരുന്ന മുസ്ലീംലീഗ് പ്രസ്ഥാനത്തെ ഭരണചക്രം തിരിക്കുന്ന രാഷ്ട്രീയ പാർട്ടിയായി വളർത്തിയെടുത്തതിൽ ഒരു പ്രധാന പങ്കുവഹിച്ച ആളായി അബ്ദുല്ലക്കോയ അറുപതാണ്ടുകൾ നീണ്ട അദ്ദേഹത്തിന്റെ പൊതു പ്രവർത്തനത്തിൽ ഒഴിവുകാലം ഉണ്ടായിരുന്നില്ല. പച്ച പുതപ്പിച്ച മൃതദേഹം കണ്ണമ്പറമ്പിലെ ശ്മശാനത്തിലേക്ക് എടുത്തപ്പോൾ ഉയർന്നുകേട്ട പോലീസ് സേനയുടെ ആചാരവെടികൾ, ആ രാഷ്ട്രീയ ജീവിതത്തിനു സർക്കാരിന്റെ തന്നെ മരണാനന്തര അംഗീകാരവുമായി.

മറവിയിലൊതുങ്ങുന്ന സ്മാരകങ്ങൾ

ആളുകളെ ഓർമിക്കാൻ സ്മാരകങ്ങൾ വേണമെന്ന അഭിപ്രായത്തിനു എത്രമാത്രം ബലമുണ്ടോ എന്നറിയില്ല. ജീവിച്ചിരിക്കേ തന്നെ സ്മാരകങ്ങൾ ഉയർത്തി ആദരിക്കപ്പെടേണ്ടവരുണ്ടാകാം. എത്രയോ ഉദാഹരണങ്ങൾ നമ്മുടെ ചുറ്റുവട്ടത്ത് തന്നെ ഉണ്ടല്ലൊ.

സ്വാതന്ത്ര്യ സമരസേനാനിയും മാതൃഭൂമി പത്രാധിപരുമായിരുന്ന കെ.പി.കേശവമേനോന്റെ കഥ എടുക്കുക. പാലക്കാട്ട് അദ്ദേഹത്തിന്റെ സ്വദേശമായ തരൂരിൽ അദ്ദേഹം ജീവിച്ചിരിക്കെ തന്നെയാണ് ആരാധകർ കേശവമേനോൻ സ്മാരക ഓഡിറ്റോറിയം പണിതത്.

അതിൽ പിന്നീട് അദ്ദേഹത്തിന്റെ കർമ മണ്ഡലമായ കോഴിക്കോട്ട് അദ്ദേഹം മരിച്ച ഉടനെ ഒരു സ്മാരകം പണിയാനുള്ള ശ്രമവുമായി സ്മാരകകമ്മിറ്റി രംഗത്ത് വന്നെങ്കിലും ചിതാഭസ്മം ഒഴുക്കിയ പുതിയങ്ങാടി കടപ്പുറത്ത്പോലും ഒന്നും ഉയർന്നില്ല.

ഒടുവിൽ മാതൃഭൂമിയ്ക്കു മുന്നിലെ പ്രശസ്തമായ റോബിൻസൺറോഡിനു കെ.പി. കേശവമേനോൻ റോഡ് എന്ന് നാമകരണം ചെയ്തു തൃപ്തിപ്പെടുകയാണ് അധികൃതർ ചെയ്തത്.കുറ്റം മാത്രമായി പറയരുതല്ലോ. 2014ൽ മാതൃഭൂമി 90-ാം വാർഷികം ആഘോഷിച്ചപ്പോൾ പുതുക്കിപ്പണിത രാജാജി റോഡിലെ ബുക്ക് സ്റ്റാളിനോടനുബന്ധിച്ച് അവർ മനോഹരമായ ഒരു കേശവമേനോൻ ഓഡിറ്റോറിയം പണിതു.

ജീവിച്ചിരിക്കേ മറ്റൊരു സ്മാരകമുണ്ടായത്, കോഴിക്കോട്ട് എല്ലാ നന്മകളോടൊപ്പവും നിന്ന ഇറ്റാലിയൻ വൈദികൻ റവ. ഫാദർ ജെ.എം. വെർഗോത്തിനിയുടെ പേരിലാണ്.1950കളിൽ കോഴിക്കോട് കേന്ദ്രമായി മലബാറിൽ ഫുട്ബോൾലീഗ് മത്സരങ്ങൾ ആരംഭിച്ചപ്പോൾ മഹാനായ ആ സ്പോർട്സ് സംഘാടകന്റെ പേരിലുള്ള ഷീൽഡാണ് ചാംപ്യന്മാർക്ക് നൽകിയത്. അര നൂറ്റാണ്ടിനു ശേഷവും ഫാദർവെർഗോത്തിനി ഷീൽഡ് മലബാർ ഫുട്ബോളിന്റെ നീലനാടയായി അറിയപ്പെടുന്നു.കഴിഞ്ഞ വർഷം കോഴിക്കോട്ടെ മലബാർ ക്രിക്കറ്റ് ക്ലബ് ഒരു അഖില കേരള ടേബിൾ ടെന്നീസ് ടൂർണമെന്റാരംഭിച്ചപ്പോൾ അദ്ദേഹം സ്ഥാപിച്ച സെന്റിനൽസ് ക്ലബ് ഫാദർ വെർഗോത്തിനി സ്മാരകമായി ഒരു കപ്പ് സംഭാവന ചെയ്യുകയുമുണ്ടായി.

ഒളിംപ്ക്സിൽ പങ്കെടുത്ത് കേരളത്തിന്റെ യശസ് രാജ്യാന്തരങ്ങളിൽ എത്തിച്ച പി.ടി. ഉഷയുടെ പേരിൽ ഉഷ ജീവിച്ചിരിക്കെ തന്നെ കോഴിക്കോടും എറണാകുളത്തും പി.ടി.ഉഷ റോഡും പിറന്നിരുന്നു.

എന്നാൽ 30 വർഷം രാജ്യസഭാംഗമായി ദേശീയ റിക്കാർഡിട്ട അബ്ദുല്ലക്കോയക്കു കോഴിക്കോട്ട് ഒരു സ്മാരകമില്ല. കോൺവെന്റ് റോഡിൽ അദ്ദേഹം തന്നെ വിട്ടുകൊടുത്ത സ്ഥലം കൂടി ഉൾപ്പെടുത്തി ഒരു ക്രോസ് റോഡ് വന്നിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ വീട്ടിന്റെ മുന്നിൽക്കൂടി കോടതിയിലേക്ക് പോവുന്ന ആ റോഡിനു അദ്ദേഹത്തിന്റെ പേരിടണമെന്ന ആവശ്യം നഗരസഭാ കൗൺസിലിൽ ഉന്നയിക്കാൻ ലീഗംഗങ്ങൾക്ക് കൂടി കഴിഞ്ഞില്ല.

സിറ്റി സൗത്ത് കമ്മിറ്റി കോർട്ട് റോഡിൽ ഉപയോഗിച്ച ഓഫീസ് കെട്ടിടത്തിനു ബി.വി. സെന്റർ എന്നു പേരിട്ടത് മാത്രമാണ് ഇതിന്നൊരപവാദം. ടൗൺ ഹാളിൽ ചേർന്ന ജില്ലാ ലീഗ് സമ്മേളനത്തിന്റെ വേദിയ്ക്ക് ബി.വി. അബ്ദുല്ലക്കോയ നഗർ എന്ന പേരിട്ടതും ഓർക്കുന്നു. എന്നാൽ ബി.വി.യെ ശരിക്കും ഓർത്തത് സിറ്റിക്കു പുറത്തുള്ളവരാണ് എന്നു തോന്നുന്നു.

പുതുപ്പാടിക്കരികെകൊടിയത്തൂർ പഞ്ചായത്തിൽ ഒരു റോഡ് അദ്ദേഹത്തിന്റെ പേര് ഏന്തിനിൽക്കുന്നു. കൊടുവള്ളി പഞ്ചായത്തിൽ ഓപ്പൺ എയർസ്റ്റേഡിയവും ബി.വി.യുടെപേരിലാണ് നാമകരണം ചെയ്യപ്പെട്ടത്.

പൊതുരംഗത്ത് നിറഞ്ഞു നിന്നപ്പോഴും തന്റെ കാലശേഷം തനിക്കായി എന്നെങ്കിലും ഒരു സ്മാരകം ഉയരണമെന്ന അബ്ദുല്ലക്കോയ ആഗ്രഹിച്ചിരുന്നില്ല. രാഷ്ട്രീയരംഗത്തെന്നപോലെ റിലീഫ് രംഗത്തും വിദ്യാഭ്യാസരംഗത്തും, വ്യവസായ രംഗത്തും ഒക്കെ സേവനമർപ്പിച്ചു കൊണ്ടിരുന്നപ്പോഴും ആ പ്രവർത്തനങ്ങൾ, തന്നെ ഒരു വേളയിൽ ഓർമിക്കപ്പെടാൻ കാരണമായേക്കുമെന്നു അദ്ദേഹം കരുതിയിരിക്കാം.

മുസ്‌ലിംലീഗ് പ്രസ്ഥാനം കെട്ടിപ്പടുത്ത മഹാന്മാരായ എല്ലാ നേതാക്കന്മാരോടൊപ്പവും പ്രവർത്തിക്കാൻ കഴിഞ്ഞതിലായിരുന്നു, അദ്ദേഹത്തിന്റെ അഭിമാനം. അതേപോലെ കേരളത്തിൽ ഐക്യജനാധിപത്യ മുന്നണി ഊട്ടിഉറപ്പിക്കുന്നതിൽ തനിക്കു വഹിക്കാൻ കഴിഞ്ഞഞ്ഞതിലും

ഇ.എം.എസ്. നമ്പൂതിരിപ്പാട് കേരളത്തിൽ ഭരണചക്രം തിരിക്കുന്ന കാലത്ത്, ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായി രാജ്യം ഭരിക്കുന്ന കാലത്ത്, പാർലിമെന്റിന്റെ പടവുകൾ കയറിച്ചെന്ന അബ്ദുള്ളക്കോയ ആ മുപ്പത്വർഷക്കാലവും അനുസ്മരിക്കുന്നുണ്ട്. അഞ്ചുതവണ കേരളത്തെ പ്രതിനിധീകരിച്ച് രാജ്യസഭയിൽ അംഗമായിരുന്ന താൻ ബഹളങ്ങളുണ്ടാക്കി, സഭാതലത്തിൽ ശ്രദ്ധേയനാവാൻ ശ്രമിച്ചില്ല. എന്നാൽ മഹാൻമാർ അധ്യക്ഷരായിരുന്ന സഭയിൽ കേരളത്തിന്റെ പ്രശ്നങ്ങളും മുസ്ലിംകളടക്കമുള്ള ന്യൂനപക്ഷങ്ങളുടെ പരാതികളും ശ്രദ്ധയിൽപ്പെടുത്താൻ കഴിഞ്ഞിരുന്നു.

25 കൊല്ലം പൂർത്തിയാക്കിയപ്പോൾ രാജ്യസഭ അദ്ദേഹത്തെ ആദരിച്ചു. ഉപഹാരം നൽകിയ രാഷ്ട്രപതി ആർ. വെങ്കട്ടരാമൻ അദ്ദേഹത്തെ വിശേഷിപ്പിച്ചത് സഭയിലെ ബഹുമാന്യനായ നിത്യഹരിതാംഗം എന്നായിരുന്നു.

കോഴിക്കോട്ട് സർവകക്ഷി ആതിഥേയസംഘവും മേയർ തോട്ടത്തിൽ രവീന്ദ്രന്റെ അധ്യക്ഷതയിൽ പൗരാവലിയ്ക്കു വേണ്ടി സ്വീകരണം ഏർപ്പെടുത്തുകയുണ്ടായി.

മുസ്‌ലിം യൂത്ത് ലീഗ്, പാർട്ടിയിലെ കാരണവർ എന്ന നിലയിൽ അദ്ദേഹത്തെ ആദരിച്ചപ്പോൾ മുഖ്യാതിഥി ആയി എത്തിയത് അദ്ദേഹം തന്നെ, കോഴിക്കോട് നഗരസഭാ കൗൺസിലിലെ രംഗപ്രവേശം വഴി പൊതുരംഗത്തേക്കിറക്കിയ മുസ്‌ലിം യൂത്ത് ലീഗ്

പ്രസിഡന്റ് ഡോ. എം.കെ. മുനീറായിരുന്നു.

ബി.വി.യുടെ എം.പി. ഫണ്ടിൽ നിന്നുള്ള തുക സമാഹരിച്ച് മാങ്കാവിൽ പണിതീർത്ത നടപ്പാലത്തിനു അദ്ദേഹം തന്നെയാണ് തറക്കല്ലിട്ടതെങ്കിലും അതിന്റെ ഉദ്ഘാടനം നടക്കുന്നതിനിടയിൽ എം. പി. മരണപ്പെട്ടതോടെ ആ പാലം നാട്ടുകാരുടെ മനസ്സിലെങ്കിലും ഒരു ബി.വി. സ്മാരകമായി.

കേരള സംസ്ഥാന മുസ്‌ലിം ലീഗിന്റെ ആസ്ഥാനമന്ദിരം സി. എച്ച്.ഓഡിറ്റോറിയത്തോടെ പണിയാൻ മുൻനിന്നു പ്രവർത്തിച്ച അദ്ദേഹത്തിന്റെ ഓർമക്കായി അദ്ദേഹം മരിച്ചതിന്റെ പിറ്റേവർഷം സിറ്റി ലീഗ് കമ്മിറ്റി റമസാൻ റിലീഫ് പ്രവർത്തനങ്ങൾ, പ്രസിഡന്റായിരുന്ന ബി.വി.അബ്ദുല്ലക്കോയയുടെ പേരിലാണ് നടത്തിയത്.

കോഴിക്കോട്ട് നാലു മുസ്‌ലീം ലീഗ് മഹാസമ്മേളനങ്ങൾ വമ്പിച്ച വിജയമാക്കി നടത്തിയ സംഘാടക സമിതിക്കു ചുക്കാൻ പിടിച്ച ബി.വി.യുടെ പേരിൽ നഗർ ഉയർത്തിയാണ് 2001ൽ കോഴിക്കോട് രണ്ടാം മണ്ഡലം ലീഗ് കമ്മിറ്റി ക്യാപ് നടത്തിയതും.

എം.കെ.സി. അബുഹാജി ചെയർമാനായി ഒരു ബി.വി. അബ്ദുല്ലക്കോയ ഫൗണ്ടേഷൻ രൂപവൽക്കരിക്കുകയും ബി.വി. സ്മരണിക എന്ന പേരിൽ ഒരു സ്മാരക ഗ്രന്ഥം ഇറക്കുകയും ചെയ്യുകയുണ്ടായി. ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ, ഗാന്ധിയനായ പി. ഗോപിനാഥൻ നായർ, എൻ.ഡി.ടി.വി. എഡിറ്ററായ രാജ്ദീപ് സർദേശായി, വ്യാപാര പ്രമുഖൻ സി.പി. കുഞ്ഞിമുഹമ്മദ് എന്നിവരൊക്കെയും ഈ അവാർഡിനു അർഹരാവുകയും ചെയ്തു.

ബി.വി. ഫൗണ്ടേഷന്റെയും എം.കെ.സി. ഫൗണ്ടേഷന്റെയും കുടുംബാംഗങ്ങളേയും സഹകരണത്തോടെ ഹിമായത്തുൽ ഇസ്‌ലാം സ്കൂളിൽ ബി.വി. സ്മാരകമായി ഒരു കംപ്യൂട്ടർ സെന്ററും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ എം.കെ.സി.യും പിന്നാലെ സെക്രട്ടറി എം. കെ. അബ്ദുല്ലക്കോയയും മരണപ്പെട്ടതോടെ ഫൗണ്ടേഷന്റെയും ട്രസ്റ്റിന്റെയും പ്രവർത്തനം മന്ദീഭവിച്ച നിലയിലാണ്.

നിർഭാഗ്യകരമെന്നുപറയട്ടെ, 2013 ജൂലായിയിൽ ബി.വി.യുടെ പതിനഞ്ചാം ചരമവാർഷികം എല്ലാവരും മറന്നുപോവുകയും ചെയ്തു. ലീഗ് കമ്മിറ്റികൾ അത് ഓർത്തില്ല എന്നത് പോലെ, അദ്ദേഹം ഡയറക്ടറായി സേവനമുഷ്ഠിച്ച ചന്ദ്രിക പത്രത്തിൽപ്പോലും ജൂലായ് 15 എന്ന ആ ദിനത്തിൽ ഒരു കുറിപ്പ്പോലും വന്നില്ല. അതേഗതി തന്നെയാണ് കെ. കരുണാകരന്റെയും പി.കെ. കുഞ്ഞാലിക്കുട്ടിയുടെയും സാന്നിദ്ധ്യത്തിൽ അന്നത്തെ മന്ത്രി ടി. ശിവദാസ മേനോൻ അനാഛാദനം ചെയ്ത ഛായാ ചിത്രത്തിനുമുണ്ടായത്. ആധു

നികവൽക്കരണത്തിന്റെ പേരിൽ കോഴിക്കോട് ടൗൺഹാളിൽ നിന്നു അപ്രത്യക്ഷമായ ബി.വി.യുടേതടക്കമുള്ള എല്ലാ ചിത്രങ്ങളും എവിടെയോ കിടന്നു നശിക്കുകയാണ്.എന്നാൽ ഭാഗ്യമെന്നുപറയട്ടെ 2014 ഡിസംബർ 20 എന്ന ആറാം ജന്മദിനത്തിൽ മനോരമയും,ചന്ദ്രികയും,മാധ്യമവും,സുപ്രഭാതവും മാത്രമല്ല ദേശാഭിമാനിപോലും അദ്ദേഹത്തെക്കുറിച്ച് ഒരു ഫീച്ചർ പ്രസിദ്ധീകരിക്കുകയുണ്ടായി.

ഓർമവരുന്നത്, പാർലമെന്റിനോട് വിടവാങ്ങി വന്ന അവസരത്തിൽ കോഴിക്കോട്ടെ പൗരാവലി നൽകിയ സ്വീകരണത്തിനു മറുപടി പറഞ്ഞുകൊണ്ട് ബി.വി. തന്നെ ചെയ്ത പ്രസംഗത്തിലെ രണ്ടു വാചകങ്ങളാണ്. എല്ലാവർക്കും ഉപകാരം ചെയ്യാൻ ഒത്തില്ലെങ്കിലും ആർക്കും ഒരുപദ്രവും ചെയ്തിട്ടില്ല എന്ന ചാരിതാർഥ്യമാണ് ഇന്നും എന്റെ സന്തോഷം. അക്കാരണത്താൽ തന്നെ കൈകൾ എന്ന പോലെ ഹൃദയവും കറ പുരളാതെ കഴിക്കാൻ കഴിഞ്ഞു എന്നു ഞാൻ അവകാശപ്പെടുമ്പോൾ,ഇതൊരുഅധിക പ്രസംഗമായി നിങ്ങൾ കരുതില്ലെന്നു വിശ്വസിക്കുന്നു.

ഒരു പക്ഷെ ബി.വി.യുടെ സ്മാരകം, അദ്ദേഹം ജീവിതത്തിലെ തന്റെ സംഭവബഹുലമായ അരനൂറ്റാണ്ട് ചിലവഴിച്ച കോൺവെന്റ് റോഡിലെ വീടായ കരിയാടൻ വില്ല തന്നെ ആകണമായിരുന്നു.ദേശാഭിമാനി ഓഫീസിനുമുൻവശത്തായി സെന്റ് വിൻസന്റ് സ് ഹോം എന്ന അനാഥമന്ദിരത്തിനു അഭിമുഖമായി കോടതി കോമ്പൗണ്ടിനു തൊട്ടുരുമ്മി നിന്ന ആ വീട് ഇന്നവിടെ ഇല്ല.

അബ്ദുല്ലക്കോയയുടെയും തുടർന്നു സഹധർമിണിയുടെയും മരണത്തിനുശേഷം രണ്ടു ഇളയമക്കളും അവരുടെ കുടുംബങ്ങളും താമസിച്ചുവന്ന നൂറ് വർഷം പ്രായമായ വീട് പഴക്കം കൊണ്ട് പലഭാഗത്തും ജീർണിക്കാൻ തുടങ്ങി. അറ്റകുറ്റപ്പണിക്ക് ലക്ഷങ്ങൾ വേണ്ടിവരുമെന്നു വന്നപ്പോൾ മക്കൾക്കു അത് താങ്ങാനുള്ള സാമ്പത്തിക ശേഷിയും ഉണ്ടായിരുന്നില്ല. ആരെങ്കിലും ഏറ്റെടുക്കാമെന്ന് കരുതിയുള്ള കാത്തിരിപ്പ് വിഫലമായപ്പോൾ വീട് പൊളിച്ചു മാറ്റി ആ സ്ഥലത്ത് ഒരു പാർപ്പിട സമുച്ചയം ഉണ്ടാക്കാമെന്നു ഓഫർ ഒരു കെട്ടിട നിർമാണ സംഘത്തിൽ നിന്നുയർന്നു.

മരിച്ചുപോയ പുത്രിയടക്കം അഞ്ചു മക്കൾക്ക് ഓരോ ഫ്ളാറ്റ് നൽകാമെന്നും ബാക്കി 15 അപാർട്ട്മെന്റുകൾ ബിൽഡർക്കു വിട്ടുകൊടുക്കാമെന്നുമുള്ള കരാറായി. ഇതനുസരിച്ച് പതിനെട്ടു സെന്റിൽ ഒതുങ്ങി നിന്ന പഴയവീട് 2008ൽ പൊളിച്ചു നീക്കുകയും പത്തുനില ഫ്ളാറ്റിന്റെ പണി ആരംഭിക്കുകയും ചെയ്തു.

കരാറുകാരായ കോഴിക്കോട്ടെ കോർപ്പറേറ്റ് ഹോംസ്

ആൻഡ് റിസോർട്സ "സീഗൾ" എന്നു പേരിട്ട ഈ പാർപ്പിട സമുച്ചയത്തിനു 2010 ഫിബ്രുവരിയിൽ കോഴിക്കോട് നഗരസഭയിൽ നിന്നു രേഖാമൂലം അനുവാദവും ലഭിച്ചു. അത് പ്രകാരം നിർമാതാക്കൾ അഞ്ചു ലക്ഷം രൂപാ ഫീസടച്ചത് സ്വീകരിച്ച നഗരസഭ, അനുമതി നൽകിയ പ്രകാരമുള്ള ഫ്ളാറ്റിൽ അടിത്തറയുടെ പണിമുഴുവൻ കഴിഞ്ഞശേഷം പ്രവർത്തനം നിർത്തിവയ്ക്കാൻ വിചിത്രമായ ഒരുഉത്തരവ് നൽകി. കോടതിയുടെ സമീപം ഒരു ബഹുനിലകെട്ടിടം വരുന്നത് കോടതിയുടെ സുരക്ഷയെ ബാധിക്കുമെന്ന ജില്ലാ ജഡ്ജി അറിയിച്ചിരിക്കുന്നു എന്നാണ് കാരണം പറഞ്ഞത്.

ജഡ്ജിയെ കണ്ടപ്പോൾ പോലീസ് റിപ്പോർട്ടിന്റെ വെളിച്ചത്തിലാണെന്ന് പറഞ്ഞു കയ്യൊഴിയുകയാണദ്ദേഹം ചെയ്തത്. എന്നാൽ പോലീസിലെ ഉന്നതാധികാരികളെ കണ്ട് സങ്കട കക്ഷികൾ കാര്യം പറഞ്ഞപ്പോൾ തങ്ങൾ അങ്ങനെ ഒരു റിപ്പോർട്ട് നൽകിയിട്ടില്ലെന്നായിരുന്നു മറുപടി. കൂടുതൽ തിരക്കിയപ്പോൾ അറിഞ്ഞത്, ഒരു പോലീസ് കോൺസ്റ്റബിൾ എഴുതി അറിയിച്ചതാണ് പോലീസ് റിപ്പോർട്ടായി ബഹുമാന്യ ജഡ്ജി വിശ്വസിച്ചതെന്നാണ്.

ജില്ലാ ജഡ്ജിയുടെ തടസ്സവാദമാണെന്നതിനാൽ തങ്ങൾക്കിനി ഒന്നുംചെയ്യാനില്ലെന്ന നഗരസഭയും കൈമലർത്തി. ഇതേ നഗരസഭ അംഗീകരിച്ചതിനാൽ അതനുസരിച്ചാണ് നിർമാണം ഏറെ മുന്നോട്ട് പോയിട്ടുള്ളതെന്നും കയ്യിൽ പണമില്ലാത്തതിനാൽ ഫ്ളാറ്റിൽ താമസിക്കാൻ വരുന്നവരിൽ നിന്നു അഡ്വാൻസായി വാങ്ങിയ ലക്ഷങ്ങളാണ് ഭൂമിയിലിറക്കിയിരിക്കുന്നതെന്നുമുള്ള വാദവും നഗരസഭാധികൃതർ നിരാകരിച്ചു.

ജില്ലാ ജഡ്ജിയുടെ നിർദ്ദേശമായതിനാൽ അതിനെ മറികടക്കാൻ സ്ഥലമുടമകൾ എന്ന നിലക്കു അബ്ദുല്ലക്കോയയുടെ മക്കൾക്ക് ഹൈക്കോടതി വരെ പോകേണ്ടിവന്നു. പ്രശസ്ത അഭിഭാഷകൻ കെ. പി. ദണ്ഡപാണിയാണ് വാദികൾക്കുവേണ്ടി ഹാജരായിത്തുടങ്ങിയതെങ്കിലും, അതിനിടയിൽ സർക്കാറിന്റെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻസായി നിയമിതനായതിനാൽ അദ്ദേഹത്തിനു തുടർന്നു ഹാജരാവാൻ ഒത്തില്ല.

യുവ അഭിഭാഷകനായ അഡ്വ. സി.പി. മുഹമ്മദ് നിയാസ് ഒരു ദൈവദൂതനെപ്പോലെ രക്ഷക്കെത്തി. പത്ത് പതിനഞ്ചു തവണ ഹൈക്കോടതിയിൽ കേസ് വന്നതിനിടയിൽ ജഡ്ജിമാർ തന്നെ മാറിമാറി വന്നു. കോഴിക്കോട് മാറാട് കോടതിയുടെ മുമ്പിലും ജില്ലാ ജയിലിനു സമീപത്തും ഒക്കെ ബഹുനിലക്കെട്ടിടങ്ങൾ നിലവിലുള്ളതും സീഗൾ ഫ്ളാറ്റ്സിനു സമീപമുള്ളത് വിചാരണക്കോടതിയ

ല്ല, ബാർ അസോസിയേഷൻ ലൈബ്രറി ആണ് എന്നുള്ളതും അഭിഭാഷകൻ ചൂണ്ടിക്കാട്ടി. വിചാരണ നടക്കുന്ന ഹൈക്കോടതിക്കു ചുറ്റുപോലും ഉയർന്ന കെട്ടിടങ്ങൾ ഉണ്ടെന്ന കാര്യവും ബഹു. ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇതിന്റെ വെളിച്ചത്തിൽ കക്ഷികളെ വിളിച്ചൊത്തുതീർപ്പാക്കാനുള്ള ജസ്റ്റിസ് ഹാറൂൺ റഷീദിന്റെ നിർദേശത്തെ തുടർന്ന് ഒടുവിൽ നഗരസഭ പണിതുടരാനുള്ള അനുവാദം നൽകുകയായിരുന്നു.ചെലവും കൂലിയും ഇരട്ടിയോളം ഉയർന്ന വിലയേറിയ ഒരു കൊല്ലമാണ് നഷ്ടപ്പെട്ടത്.

കോടതി റോഡ് തെക്കുഭാഗത്ത് കിടക്കവേ കോടതികളിലേക്കുള്ള പ്രവേശനത്തിനു കോൺവെന്റ് റോഡിലെ സ്ഥലം പോലും വിട്ടുനിൽകിയ അബ്ദുല്ലക്കോയക്ക് ഒരു സ്മാരകമാവാൻപോലും കഴിയാതെ കരിയാടൻവില്ല ചരിത്രത്തിന്റെ ഭാഗമാവുകയും ചെയ്തു.



മുൻ രാഷ്ട്രപതി ശ്രീ വെങ്കിട്ടരാമൻ, മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി എന്നിവരോടൊപ്പം

13 പാർലിമെന്റിൽ മുപ്പത് വർഷം

ഇന്ത്യൻ പാർലിമെന്റിന്റെ ഉപരിമണ്ഡലമായ രാജ്യസഭയിൽ 1967മുതൽ 1998വരെ മുപ്പത് വർഷം അംഗമായിരുന്നു അബ്ദുല്ലക്കോയ. 1973ൽ ഇടക്കാലത്ത് ഏതാനും മാസങ്ങൾ ഒഴികെ.രാജ്യസഭയുടെ 120 സമ്മേളനങ്ങളിൽ പങ്കെടുത്ത ഏക എം.പി. എന്ന ദേശീയ റിക്കാർഡ് അബ്ദുല്ലക്കോയയുടേതാകുന്നു.

രാജ്യസഭ 200 സമ്മേളനങ്ങൾ പൂർത്തിയാക്കിയതിനോടനുബന്ധിച്ചു 2003ൽ പാർലിമെന്റിന്റെ സെൻട്രൽ ഹാളിൽ ജൂബിലി ചടങ്ങ് നടത്തിയപ്പോൾ ഡൽഹിയിലെ ഹിന്ദുസ്ഥാൻ ടൈംസ് പത്രം (12:12:2003) ഇത് പ്രത്യേകം പരാമർശിക്കുകയുണ്ടായി.

പ്രധാനമന്ത്രി എ.ബി. വാജ്പേയിയും മുൻ രാഷ്ട്രപത്രിമാരായ ആർ. വെങ്കട്ടരാമൻ, കെ.ആർ.നാരായണൻ, മുൻ പ്രധാനമന്ത്രിമാരായ ഐ.കെ. ഗുജ്റാൾ, പി.വി. നരസിംഹറാവു, അന്നത്തെ പ്രതിപക്ഷ നേതാക്കളായ മൻമോഹൻസിങ്ങ്, സോണിയാഗാന്ധി, ഉപപ്രധാനമന്ത്രി എൽ.കെ. അദ്വാനി തുടങ്ങിയവർ പങ്കെടുത്ത ചടങ്ങിൽ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമായിരുന്നു. ബി.വി.യ്ക്കു മരണാനന്തര ബഹുതി നൽകിയത്.

ആറു എം.പി.മാരാണ് നൂറിലേറെ സമ്മേളനങ്ങളിൽ പങ്കെടുത്തവരായി ആദരിക്കപ്പെട്ടത്. പ്രണബ് മുഖർജിയും സരോജ് ഖർപഡെ, മുൽക്കാ ഗോവിന്ദ റെഡ്ഡി എന്നിവരും പുരസ്കാരം നേരിട്ടു ഏറ്റുവാങ്ങിയപ്പോൾ മരണപ്പെട്ട മറ്റു മൂന്നുപേർക്കുവേണ്ടി (അബ്ദുല്ലക്കോയ- ലീഗ്, ഭൂപേശ ഗുപ്ത- സി.പി.ഐ., സീതാറാം കേസരി - കോൺഗ്രസ്സ്) ബന്ധുക്കളാണ് അവാർഡ് സ്വീകരിച്ചത്. ഭാര്യ കുഞ്ഞാച്ചുമ്മയ്ക്ക് ലഭിച്ച ക്ഷണം അവർക്കു അസുഖമായതിനാൽ മകനും മലയാള മനോരമ റസിഡന്റ് എഡിറ്ററുമായഗ്രന്ഥകാരനാണ് ഏറ്റുവാങ്ങിയത്.

അബ്ദുല്ലക്കോയ 120 സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ ബംഗാളിൽ നിന്നുള്ള കമ്മ്യൂണിസ്റ്റ് നേതാവായ ഭൂപേശ് ഗുപ്ത 118 എണ്ണവുമായി രണ്ടാം സ്ഥാനത്ത് നിന്നു. ആ റിക്കാർഡ് ഭേദിക്കാൻ പാകത്തിൽ ബംഗാളിൽ നിന്നുള്ള കോൺഗ്രസ് നേതാവായ പ്രണബ്

മുഖർജി ഉണ്ടായിരുന്നു. എന്നാൽ 108 സമ്മേളനങ്ങൾക്കു ശേഷം അദ്ദേഹം ലോക്സഭയിലേക്ക് പോവുകയും പിന്നീട് ഇന്ത്യൻ രാഷ്ട്ര പതി ആവുകയും ചെയ്തു.

1967ൽ എതിരില്ലാതെയാണ് അബ്ദുല്ലക്കോയയെ കേരള നിയ മസഭ രാജ്യസഭയിലേക്ക് തെരെഞ്ഞെടുത്തത്. എസ്.എൻ.ഡി. പി.നേതാവ് കൂടിയായ തഴവാ കേശവനും (കോൺഗ്രസ്) എ.ഐ. ടി.യു.സി. ജനറൽ സെക്രട്ടറി പി. ബാലചന്ദ്രമേനോനും (സി.പി. ഐ.) അദ്ദേഹത്തോടൊപ്പം ജയിച്ചു.

കേരള രാഷ്ട്രീയത്തിൽ മാത്രം ഒതുങ്ങി നിന്ന ആൾ രാജ്യ സഭാംഗമായി പാർലിമെന്റ് ഹൗസിലെത്തിയപ്പോൾ തനിക്ക് സഭാ കമ്പമായിരുന്നു എന്നാണ് ബി.വി. ഒരഭിമുഖ സംഭാഷണത്തിൽ പറ ഞ്ഞത് അദ്ദേഹം വിശദീകരിച്ചു. കാരണം ഒരു പഞ്ചായത്ത് മെമ്പർകൂടി ആവാത്ത ചരിത്രവുമായാണ് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിലെ പച്ചപ്പരവതാനി വിരിച്ച രാജ്യസഭ യിലേക്ക് താൻ കടന്നു ചെന്നത്.

രാഷ്ട്രപതിസ്ഥാനത്തേക്കു കടുത്ത മത്സരം നടക്കുന്ന പശ്ചാ ത്തലത്തിലായിരുന്നു, അരങ്ങേറ്റം. പതിനേഴുപേർ ഇന്ത്യയുടെ പ്രഥമ പൗരനാവാൻ അങ്കത്തട്ടിലിറങ്ങിയിരിക്കുന്നു.

പ്രധാന മത്സരം രാജ്യസഭാ ചെയർമാൻ കൂടിയായിരുന്ന ഉപരാഷ്ട്രപതി ഡോ. സാക്കിർ ഹുസൈനും, സുപ്രീം കോടതി ജഡ്ജി ആയിരുന്ന ജസ്റ്റിസ് കെ.സുബ്ബറാവുവും തമ്മിൽ.കേരളത്തിലെ 14 ലീഗ് എം.എൽ.എ.മാരോടൊപ്പം ലോക്സഭയിലെ മൂന്ന് അംഗ ങ്ങളും (ഇസ്മായിൽ സാഹിബ്, സുലൈമാൻ സേട്ട് സാഹിബ്, എസ്. എം ശരീഫ്, രണ്ട് രാജ്യസഭാംഗങ്ങളും എ.കെ.എ അബ്ദുസമദ്, ബി.വി അബ്ദുല്ലക്കോയ) പാർട്ടി തീരുമാനമനുസരിച്ച് ഡോ. സാക്കിർ ഹുസൈനെ പിന്തുണച്ചു. ഒരു ലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് രാജ്യ തന്ത്രജ്ഞനും വിദ്യാഭ്യാസവിചക്ഷണനുമായ ഡോ. സാക്കിർ ഹുസൈൻ ഇന്ത്യയുടെ മൂന്നാമത് രാഷ്ട്രപതിയായി തെരഞ്ഞെടു ക്കപ്പെട്ടത്.

അദ്ദേഹത്തിനു പ്രമോഷൻ ലഭിച്ചതോടെ ഉപരാഷ്ട്രപതി സ്ഥാനം ഒഴിഞ്ഞുകിടന്നു. കേരള ഗവർണറായിരുന്ന വി.വി. ഗിരിയെ ലീഗടക്കമുള്ള കക്ഷികൾ പിന്താങ്ങി ജയിപ്പിച്ചു.

രാജ്യസഭയുടെ അധ്യക്ഷനായി വി.വി. ഗിരിയെ ലഭിച്ചതിൽ അബ്ദുല്ലക്കോയ പ്രത്യേകമായി ആഹ്ളാദം കൊണ്ടു. അദ്ദേഹം മദ്രാസിൽ മുഹമ്മദൻ കോളേജിൽ ഡിഗ്രിയ്ക്കു പഠിക്കവെ, അന്നു കോളേജ് യൂണിയൻ ഉദ്ഘാടനം ചെയ്യാൻ വന്നത് ഗിരിയായിരു ന്നു. ഗിരി അന്നു അവിഭക്ത മദ്രാസ് സംസ്ഥാനത്തിന്റെ തൊഴിൽ

മന്ത്രി. 1960-65 കാലത്ത് ഗിരി കേരളത്തിൽ ഗവർണറായിരുന്നപ്പോൾ ഇവിടെ ലീഗിന്റെ നേതൃസമിതിയിൽ അംഗമായി പല തവണ പ്രസിഡന്റ് ബാഫഖി തങ്ങളോടൊപ്പം ഗിരിയെ കണ്ട് പരിചയം പുതുക്കാനും ബി.വി.യ്ക്കു സാധിച്ചിരുന്നു.

1973ലെ തെരഞ്ഞെടുപ്പിൽ അബ്ദുല്ലക്കോയ വീണ്ടും രാജ്യസഭാസ്ഥാനാർത്ഥിയായി മത്സരിക്കുമെന്നു കരുതപ്പെട്ടിരുന്നെങ്കിലും നിയമസഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട കാസർകോട്ടെ ലീഗ് നേതാവ് ഹാമിദലിഷംനാടിനാണ് ടിക്കറ്റ് കൊടുക്കേണ്ടതെന്നു പാർട്ടി നേതൃത്വം തീരുമാനിച്ചു. പാർട്ടിക്കകത്തു വലിയ ഒരു വിഭാഗം അബ്ദുല്ലക്കോയയെയാണ് പിന്തുണച്ചതെങ്കിലും പ്രസിഡന്റ് പാണക്കാട് പൂക്കോയ തങ്ങളുടെ തീരുമാനം അച്ചടക്കമുള്ള ഒരനുയായി ആയി ബാപ്പ സ്വീകരിച്ചപ്പോൾ പ്രതിപക്ഷ നിരയിൽ പ്രതീക്ഷിച്ച പൊട്ടിത്തെറി കാറ്റൊഴിഞ്ഞ ബലൂൺ പോലെയായി.

രാജ്യസഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിനുള്ള ഏകസീറ്റിൽ ബി.വി.യാണ് സ്ഥാനാർഥി എന്നറിഞ്ഞപ്പോൾ "വളരെ നന്നായി" എന്നായിരുന്നു പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ പ്രതികരണമെന്നു കെ.പി.സി.സി. പ്രസിഡന്റായിരുന്ന കെ. മുരളീധരൻ അനുസ്മരിക്കുകയുണ്ടായി. പിന്നീട് കെ.പി.സി.സി. പ്രസിഡന്റും കേരളത്തിൽ മന്ത്രിയുമായിരുന്ന മുരളി കോഴിക്കോട് ലോക്സഭാസീറ്റിൽ മത്സരിച്ച മൂന്നു തവണയും അബ്ദുല്ലക്കോയയായിരുന്നു തിരഞ്ഞെടുപ്പ് കമ്മറ്റി ചെയർമാൻ.

രാജ്യസഭയിൽ 25 വർഷം പൂർത്തിയാക്കിയപ്പോൾ പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ സാന്നിധ്യത്തിൽ ബി.വി.യെ ഡൽഹി ആദരിക്കുകയുണ്ടായി. ശിലാഫലകം സമ്മാനിച്ച രാഷ്ട്രപതി ആർ. വെങ്കട്ടരാമൻ അന്നദ്ദേഹത്തെ വിശേഷിപ്പിച്ചത് " ഓണറബിൾ എവർഗ്രീൻ മെമ്പർ" എന്നായിരുന്നു. ഉപരാഷ്ട്രപതി എന്ന നിലയിൽ വെങ്കട്ടരാമൻ രാജ്യസഭാ അധ്യക്ഷസ്ഥാനം അലങ്കരിച്ചകാലം മുതലേ അദ്ദേഹം ഈ നിത്യഹരിതാംഗത്തെ ശ്രദ്ധിച്ചു കാണണം.

രാജ്യസഭയിൽ അംഗമായിരിക്കേ ദേശീയോദ്ഗ്രഥന സമിതിയിൽ (1986 - 89) പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അദ്ദേഹത്തെ നോമിനേറ്റ് ചെയ്യുകയുണ്ടായി. ഇന്ത്യൻ സ്വാതന്ത്രത്തിന്റെ ജൂബിലി ആഘോഷങ്ങൾക്കായുള്ള ദേശീയ സമിതിയിലും ലീഗിന്റെ പ്രതിനിധി ആയി ബി.വി.യെയാണ് തിരഞ്ഞെടുത്തത്.

പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ കാലത്ത് ബോഫോഴ്സ് ആയുധമിടപാട് അന്വേഷിക്കാൻ രൂപവൽക്കരിച്ച പാർലിമെന്റിന്റെ മുപ്പതംഗ സംയുക്ത സമിതിയിലും ബി.വി. അംഗമായി. മെമ്പേഴ്സ് അലവൻസ് കമ്മിറ്റി, പെറ്റീഷൻസ് കമ്മിറ്റി, സബ്ഓർഡിനേറ്റ് ലെജി

സ്ലേഷൻ കമ്മിറ്റി എന്നീ പാർലമെന്റ് സമിതികളിലും അദ്ദേഹത്തിനു അംഗത്വം ലഭിച്ചു.

പാർലമെന്റംഗങ്ങളുടെ നിലവാരം ഉയർത്താനുള്ള എത്തിക്സ് കമ്മിറ്റിയിലേക്കും ബി.വി. നിർദേശിക്കപ്പെട്ടിരുന്നു. എന്നാൽ ആറംഗങ്ങൾ മാത്രമുള്ള കമ്മിറ്റിയിലേക്ക് അദ്ദേഹത്തെ ഉൾക്കൊള്ളിക്കാൻ അന്നത്തെ സഭാദ്ധ്യക്ഷനായ ഉപരാഷ്ട്രപതി കെ. ആർ. നാരായണനു സാധിക്കാതെപോയി. പ്രമുഖ പാർട്ടികൾക്കു തന്നെ പ്രാതിനിധ്യം നൽകാൻ മാത്രം അംഗബലം കമ്മിറ്റിയ്ക്ക് ഇല്ലാതെ പോയതാണ് കാരണമെന്ന് നാരായണൻ വിശദീകരിക്കുകയും ചെയ്തു.

കോഴിക്കോട് വിമാനത്താവളത്തിന്റെ ആവശ്യകത പാർലിമെന്റിൽ ഉന്നയിച്ച ആദ്യ അംഗങ്ങളിൽ ഒരാൾ അബ്ദുല്ലക്കോയയായിരുന്നു. അറുപതുകളിൽ കോഴിക്കോട് മലബാർ ചേംബർ ഓഫ് കോമേഴ്സ് സെക്രട്ടറിയായിരിക്കെ, ഇക്കാര്യത്തിൽ പ്രമേയം അവതരിപ്പിച്ച ഇദ്ദേഹം, ആ വിഷയം ദശകങ്ങൾക്കു മുമ്പേ പഠിച്ചുവച്ച ജനനേതാവായിരുന്നു. വർഷങ്ങൾക്കു ശേഷം കരിപ്പൂരിൽ വിമാനത്താവളം പൂവണിഞ്ഞപ്പോൾ ഉദ്ഘാടനച്ചടങ്ങിന്റെ വേദിയിൽ അദ്ദേഹം രോമാഞ്ചമ വും ബേപ്പൂർ തുറമുഖവും പരാമർശിക്കാതെ ഒരൊറ്റ ബജറ്റ് ചർച്ചാ പ്രസംഗവും ബി.വി. മുഴുമിച്ചിരുന്നില്ല.

ഇന്ത്യക്കു വിദേശനാണ്യം നേടിത്തരുന്ന കേരളത്തിന്റെ വ്യവസായ പുരോഗതിക്കു കേന്ദ്രത്തിന്റെ കാര്യമായ സഹായങ്ങൾ ലഭിക്കണമെന്നു ബജറ്റ് പ്രസംഗങ്ങളിൽ നിർദ്ദേശിച്ച അദ്ദേഹം, മാസം തോറും തൊഴിൽ രഹിതരുടെ എണ്ണം കൂട്ടിക്കൊണ്ടു അടഞ്ഞു പോകുന്ന വ്യവസായങ്ങൾക്കു ജീവൻ പകരാൻ ഒരു ടാക്സ് ഹോളിഡേ പ്രഖ്യാപിക്കാനും സർക്കാർ മടിക്കരുതെന്ന് നിർദ്ദേശിക്കുകയുണ്ടായി.

കേന്ദ്ര ഭരണ സ്ഥാപനങ്ങളിലും പൊതു മേഖലാ സ്ഥാപനങ്ങളിലും മുസ്ലിംകൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കാത്തതിനെപ്പറ്റി ക്രമ പ്രശ്നം ഉന്നയിച്ചുകൊണ്ട് സഭയുടെ ശ്രദ്ധ ക്ഷണിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.

ഉത്തരേന്ത്യയുടെ പലഭാഗങ്ങളിലും അരങ്ങേറുന്ന വർഗീയ സംഘട്ടനങ്ങൾ ആവർത്തിക്കാതിരിക്കാനും ന്യൂനപക്ഷങ്ങൾക്കു സുരക്ഷിത ബോധം ഉറപ്പാക്കാനും ശക്തമായ നടപടികൾ അദ്ദേഹം ആവശ്യപ്പെട്ടു. ശരിഅത്ത് നിയമത്തിൽ കൈകടത്താനുള്ള നീക്കത്തെയും അലിഗഡ് സർവകലാശാലയുടെ ന്യൂനപക്ഷ പദവി എടുത്തുകളയാനുള്ള ശ്രമങ്ങളെയും, ഇസ്മാഈൽ സാഹിബിന്റെ നേതൃത്വത്തിൽ മുസ്ലിം ലീഗ് ശക്തിയായി എതിർത്തപ്പോൾ

അബ്ദുല്ലക്കോയയും ഒപ്പം നിന്നു.

ബാങ്ക് ദേശവൽകരണം പോലെയും, നാട്ടു രാജാക്കന്മാരുടെ മാലിഖാൻ നിർത്തലാക്കുന്നത് പോലെയുമുള്ള കേന്ദ്ര ഗവൺമെന്റിന്റെ വിപ്ലവകരമായ നിലപാടിനെ അബ്ദുല്ലക്കോയ ഉൾപ്പെട്ട ലീഗ് പാർലമെന്ററി പാർട്ടി ശക്തിയുക്തം പിന്താങ്ങി.

കേരളത്തിനാവശ്യമായ ഭക്ഷ്യവിഹിതം നൽകാത്തതിനെ പ്രതിഷേധിച്ച് ഖാഇദെമില്ലത്തിന്റെ നേതൃത്വത്തിൽ മുസ്ലീംലീഗ് എം. പി.മാർ പാർലമെന്റ് മന്ദിരത്തിനുമുമ്പിൽ നടത്തിയ കുത്തിയിരിപ്പ് സമരം അബ്ദുല്ലക്കോയ ആവേശത്തോടെ ഓർക്കാറുണ്ടായിരുന്നു. ഭക്ഷ്യമന്ത്രിയായ ജഗ്ജീവൻ റാം വിവരമറിഞ്ഞു സത്യഗ്രഹികളുടെ അരികിലെത്തി, ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ഉറപ്പ് നൽകുകയായിരുന്നു.

ഇന്ത്യൻ ജനാധിപത്യത്തിനു കീർത്തിശോഭ നൽകിയ നിരവധി മഹാരഥന്മാരോടൊത്തു സഭാമുഹൂർത്തങ്ങൾ പങ്കിട്ടതിൽ താൻ ആഹ്ളാദം കൊള്ളുന്നുവെന്നാണദ്ദേഹം അഭിമാനപൂർവം ഒരു ചടങ്ങിൽ പ്രസംഗിച്ചത്. ഇന്ദിരാഗാന്ധിയെപ്പോലെ ഒരു മഹതി രാജ്യത്തിന്റെ പ്രധാനമന്ത്രിപദം അലങ്കരിച്ച കാലത്ത്, ഒരു പാർലിമെന്റംഗമായിരുന്നു എന്ന ഓർമകൾ ആരെയാണ് ആഹ്ളാദിപ്പിക്കാത്തത്.

അതേപോലെ ഡോ. സാക്കിർ ഹുസൈൻ, വി.വി.ഗിരി, ജസ്റ്റിസ് എം. ഹിദായത്തുള്ള, ആർ. വെങ്കട്ടരാമൻ, ഡോ. ശങ്കർ ദയാൽ ശർമ, കെ.ആർ. നാരായണൻ എന്നീ പ്രഗത്ഭമതികൾ രാഷ്ട്രപതി സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നതിനു മുമ്പ് ഉപരാഷ്ട്രപതിമാരായി വിരാജിച്ച രാജ്യസഭയിൽ അംഗമായിരുന്നു എന്നതും.

എം.പി. ആയി തിരഞ്ഞെടുക്കപ്പെട്ടത് മുതൽ പാർലമെന്റംഗങ്ങൾക്കുള്ള ഹോസ്റ്റൽ ആയ വെസ്റ്റേൺ കോർട്ടിലായിരുന്നു ഡൽഹിയിൽ ബി.വി. അടങ്ങി ഒതുങ്ങി താമസിച്ചിരുന്നത്. ഇസ്മാഈൽ സാഹിബ് , സുലൈമാൻ സേട്ട്, ജി.എം. ബനാത്ത്വാല എന്നീ എം.പി.മാരും അദ്ദേഹത്തോടൊപ്പം അവിടെ ആയിരുന്നു.

വർഷങ്ങൾ കഴിഞ്ഞതോടെ ബാബാ ഖരക്സിങ്ങ് മാർഗിലെ ഫ്ളാറ്റിലേക്കദ്ദേഹം മാറി. ഡൽഹിയിൽ സ്ഥിരമായി ഓട്ടോറിക്ഷയിൽ സഞ്ചരിക്കുന്ന ഒരു പാർലിമെന്റ് മെമ്പർ അബ്ദുല്ലക്കോയയായിരുന്നിരിക്കണം എന്നു ഇടക്കാലത്ത് എം.പി. ആയിരുന്ന ജനതാദൾ നേതാവ് എം.പി.വീരേന്ദ്രകുമാർ അനുസ്മരിക്കുകയുണ്ടായി.

83 വയസ്സായതോടെ ഇനി ഡൽഹിക്കില്ല എന്ന തീരുമാനവുമായി ഒരു നാൾപോലും അധികം താമസിക്കാതെ അദ്ദേഹം ഫ്ളാറ്റ് ഒഴിഞ്ഞുകൊടുത്തു. അദ്ദേഹത്തോടൊപ്പം രാജ്യസഭാംഗമായിരുന്ന മുസ്ലീംലീഗ് അഖിലേന്ത്യാ സെക്രട്ടറി എം.പി. അബ്ദു സമ്മദ് സമ

ദാനി എഴുതി:"വർഷങ്ങളായി താൻ താമസിച്ചിരുന്ന ഫ്ളാറ്റിൽ ഒട്ടി നിൽക്കാൻ കോയസാഹിബുണ്ടായില്ല. ഡൽഹിയിൽ മുൻ എം.പി. മാർ മക്കളുടെ കല്യാണം കാരണമായി പറഞ്ഞ് വീട് ഒഴിയാതെ പുതിയ എം.പി.മാർക്ക് താമസം നിഷേധിക്കുമ്പോൾ, ബി.വി.യുടെ മക്കൾ ഡൽഹിയിൽ അദ്ദേഹത്തിന്റെ വാസസ്ഥലം ശരിക്കൊന്നു കണ്ടിട്ടുപോലുമില്ല '

രാഷ്ട്രീയത്തിൽ ആദർശവും വിശുദ്ധിയും സൂക്ഷിച്ച നേതാവ് എന്ന 34 വർഷം സംസ്ഥാന ലീഗ് പ്രസിഡന്റായിരുന്ന പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ അബ്ദുല്ലക്കോയയെ വില യിരുത്തുമ്പോൾ (ബി.വി. സ്മരണിക) ബി.വി. എന്ന ഇനീഷ്യൽ തന്നെ ബഹുമാന്യനും വിശിഷ്ടനും എന്നതാണ് അർഥമാക്കുന്നതെന്നു അദ്ദേഹം സിൻഡിക്കേറ്റംഗമായിരിക്കെ കാലിക്കറ്റ് സർവകലാശാലാ പ്രോവൈസ് ചാൻസലറായിരുന്ന ഡോ. സുകുമാർ അഴീക്കോട് പറയുന്നു.

രാജ്യസഭാംഗം എന്ന നിലയിൽ പ്രത്യേക നിയോജക മണ്ഡലമില്ലാതിരുന്ന ബി.വി. എല്ലായിടത്തും സാന്നിധ്യമറിയിച്ച നേതാവായിരുന്നുവെന്നു ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് പ്രസി ഡണ്ടും അഞ്ചുതവണ ലോക്സഭാംഗവുമായിരുന്ന ജി.എം. ബനാ ത്ത്വാല. അദ്ദേഹം തുടരുന്നു: മന്ത്രിസ്ഥാനം വന്നു വിളിച്ചപ്പോൾ പോലും ഒരു നഗരസഭാ കൗൺസിലർ പദം പോലും ഏറ്റെടുക്കില്ല എന്നു ശഠിച്ചു നിന്നയാളായിരുന്നു, ബി.വി. ഒടുവിൽ 30 വർഷക്കാലം അദ്ദേഹത്തെ രാജ്യസഭയിൽ അനിഷേധ്യനായി തിരഞ്ഞെടുത്തു കൊണ്ടു ഞങ്ങൾ പകരംവീട്ടി.

ഏത് കൊടുങ്കാറ്റടിച്ചാലും ഇളകാത്ത പ്രകൃതമാണ് കോയ സാഹിബിനുണ്ടായിരുന്നതെന്നു ഇന്ത്യൻ നാഷണൽ ലീഗ് പ്രസി ഡന്റ് ഇബ്രാംഹിം സുലൈമാൻ സേട്ട് പറഞ്ഞു.

മുസ്ലിംലീഗിനെ സ്വന്തം ജീവിതത്തെക്കാളേറെ സ്നേഹിച്ച ആളായി ബി.വി.യെ പാണക്കാട്ട് മുഹമ്മദലി ശിഹാബ് തങ്ങൾ മന സ്സിലാക്കി. ശിഹാബ് തങ്ങൾ പറയുന്നു: ബി.വി.യുടെ കാലാവധി ഓരോ തവണ തീരുമ്പോഴും ഇനിആര് എന്ന ഒരു ചോദ്യം സംഘ ടനയിൽ ഉയർന്നിരുന്നില്ല. ബി.വി. തന്നെ.

ജ്യേഷ്ഠനു പിന്നാലെ ലീഗിന്റെ സംസ്ഥാന സാരഥ്യം ഏറ്റെ ടുത്ത ഹൈദരലി ശിഹാബ് തങ്ങൾ പൊതുപ്രവർത്തകർക്ക് അനി വാര്യമായും ഉണ്ടായിരിക്കേണ്ട ഉത്തമഗുണങ്ങളുടെ സമ്മിശ്ര സങ്കേ തമാണ് ബി.വി.യിൽ കണ്ടെത്തിയത്.

മുസ്ലീംലീഗിനെ ഒരു സുപ്രധാന രാഷ്ട്രീയകക്ഷിയാക്കി വളർത്തുന്നതിൽ ബി.വി.യുടെ പങ്ക് ഗണനീയമാണെന്നു

കോൺഗ്രസ് പാർട്ടി ലീഡർ കെ. കരുണാകരൻ എടുത്തുപറഞ്ഞു.

ലീഗ് നേതാക്കൾ വലിയവില കലിപ്പിച്ചിരുന്ന അഭിപ്രായങ്ങളുടെ ഉടമയായിരുന്ന അബ്ദുല്ലക്കോയയെ ഘടക കക്ഷികളും ഏറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നുവെന്നു സി.പി.ഐ. നേതാവായ പി.കെ. വാസുദേവൻ നായർ അനുസ്മരിച്ചു.

മറ്റുള്ളവരുടെ അഭിപ്രായങ്ങൽ ഉൾക്കൊള്ളാനും തന്റെ അഭിപ്രായങ്ങൾ വ്യക്തമായി അവതരിപ്പിക്കാനും താല്പര്യം കാണിച്ച രാഷ്ട്രീയ പ്രവർത്തകനായിരുന്നു അദ്ദേഹമെന്നു മുൻ കേന്ദ്രമന്ത്രിയും ബി.ജെ.പി. നേതാവുമായ ഒ. രാജഗോപാൽ പ്രസ്താവിച്ചു.

പാർലമെന്റിന്റെ ചരിത്രപുസ്തകത്തിൽ ഒരിക്കലും മായാത്ത മഷികൊണ്ട് സ്വന്തം കയ്യൊപ്പിട്ടു കടന്നു പോയ ബി.വി. മറക്കാനാവാത്ത ഓർമയാണെന്നാണ് കേന്ദ്രമന്ത്രിസഭയിൽ അംഗമായിരുന്ന മുൻ കെ.പി.സി.സി. പ്രസിഡന്റ് വയലാർ രവി പറയുന്നത്.

മൂന്നു പതിറ്റാണ്ട് രാജ്യസഭാംഗമായിരുന്ന അബ്ദുല്ലക്കോയ എതിരാളികളുടെ പോലും സ്നേഹവും ആദരവും നേടിയിരുന്നു നേതാവായിരുന്നുവെന്നു ജനതാദൾ എസ് സംസ്ഥാന പ്രസിഡന്റ് എം.പി. വീരേന്ദ്രകുമാർ പറയുകയുണ്ടായി.

സാഹിത്യ വിമർശകനും സാംസ്കാരിക പ്രവർത്തകയുമായ ഇബ്രാഹിം ബേവിഞ്ച എഴുതി: രാഷ്ട്രീയക്കാരുടെ മുഖം നമ്മുടെയെല്ലാം ഉള്ളിൽ നിരന്തരമായ അമർഷമുളവാക്കിക്കൊണ്ട് തെളിഞ്ഞുവരുന്നുണ്ട്. നിറച്ചുവച്ച ചിരിയുള്ളമുഖം. ഇങ്ങനെ തിമർക്കുന്നവരുടെ ഇടയിൽ ജീവിച്ചിട്ടും ബി.വി.യുടെ ചിരിക്കുന്ന മുഖം പത്രത്താളുകളിൽ അച്ചടിച്ചുവന്നതായി ഓർക്കുന്നില്ല. ആ ആത്മാർഥതയെ കുറിച്ചറിയാൻ ഇതിൽപരം ഒരു തെളിവും ആവശ്യമില്ല.

ആറുപതിറ്റാണ്ടിലേറെപൊതുരംഗത്ത് നിറഞ്ഞുനിന്ന് അബ്ദുല്ലക്കോയ 1968ൽ കോഴിക്കോട്ട് നിര്യാതനായപ്പോൾ നാടും നഗരവും അദ്ദേഹത്തിനു ആദരാജ്ഞലികളർപ്പിക്കുകയുണ്ടായി.

മുപ്പത് വർഷത്തോളം അദ്ദേഹം അംഗമായിരുന്ന രാജ്യസഭ മാത്രമല്ല, ഒരിക്കൽപ്പോലും അദ്ദേഹം മത്സര രംഗത്ത് പോലും വരാതിരുന്ന കേരള നിയമസഭയും സ്പീക്കർ എം.വിജയകുമാറിന്റെ അധ്യക്ഷത്തിൽ ഓഗസ്റ്റ് ആറിനു യോഗം ചേർന്നുഅനുശോചന പ്രമേയം പാസാക്കി.

ജീവിതത്തിന്റെ വിവിധതുറകളിൽ പ്രവർത്തിക്കുന്ന ആയിരങ്ങൾ പരേതന്റെ വസതി സന്ദർശിച്ച് ബാഷ്പാഞ്ജലികളർപ്പിച്ചു.

പിറ്റേന്ന് ലീഗ് പ്രസിഡന്റ് പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ നേതൃത്വത്തിൽ കുറ്റിച്ചിറ ജുമുഅത്ത് പള്ളിയുടെ അകവും പുറവും നിറഞ്ഞ ജനാവലിയുടെ ജനാസ നമസ്കാരത്തിനു ശേഷം

കണ്ണമ്പറമ്പ് ശ്മശാനത്തിലാണ് കബറടക്കം നടന്നത്. വിലാപയാത്രയിലും ഒട്ടേറെ ആളുകൾ പങ്കെടുത്തു.

സംസ്ഥാന മുസ്‌ലീംലീഗ് എല്ലാ പരിപാടികളും മാറ്റിവെച്ചുകൊണ്ട് ഒരാഴ്ച ദു:ഖാചരണം പ്രഖ്യാപിച്ചു. കോഴിക്കോട് ജില്ല ഒരു ദിവസം മുഴുവൻ കടകമ്പോളങ്ങളടച്ചു ഹർത്താലാചരിച്ചു. ഇന്ത്യക്കകത്തും പുറത്തും വിവിധയിടങ്ങളിൽ അനുശോചന യോഗങ്ങൾ ചേരുകയുണ്ടായി. മേയർ തോട്ടത്തിൽ രവീന്ദ്രന്റെ അദ്ധ്യക്ഷതയിൽ കോഴിക്കോട് ടൗൺഹാളിൽസർവകക്ഷി അനുശോചന യോഗവും നടന്നു.

പരിചയസമ്പന്നനായ ഒരു പാർലമെന്റേറിയനെയും പ്രഗത്ഭനായ ഒരു സാമൂഹ്യ സേവകനെയുമാണ് അബ്ദുല്ലക്കോയയുടെ നിര്യാണത്തോടെ രാജ്യത്തിനു നഷ്ടപ്പെട്ടതെന്നു 1998 ജൂലൈ 16നു രാജ്യസഭ അംഗീകരിച്ച അനുശോചന പ്രമേയത്തിൽ പറഞ്ഞു.

സമർപ്പിത മനസോടെ പ്രവർത്തിച്ച വ്യക്തിയായിരുന്ന അബ്ദുല്ലക്കോയയുടെ മരണം സാമൂഹിക-രാഷ്ട്രീയ രംഗത്ത് കനത്ത നഷ്ടമാണെന്നു മുഖ്യമന്ത്രി ഇ.കെ. നായനാർ പറഞ്ഞപ്പോൾ, കേരളത്തിലെ മുസ്‌ലിംകളടക്കമുള്ള പിന്നോക്ക സമുദായങ്ങളുടെ അവകാശ സംരക്ഷണത്തിനും വിദ്യാഭ്യാസ-സാമൂഹിക പുരോഗതിക്കും ഒരു പുരുഷായുസ് മുഴുവൻ യത്നിച്ച സമുന്നതനേതാവായിരുന്നു അദ്ദേഹമെന്ന് പിന്നീട് കേന്ദ്രമന്ത്രിയായ പ്രതിപക്ഷ നേതാവ് എ.കെ. ആന്റണി അഭിപ്രായപ്പെട്ടു

മൂന്നു ദശാബ്ദക്കാലം രാജ്യസഭാംഗം ആയിരുന്ന അബ്ദുല്ലക്കോയ സേവന സമ്പന്നതയും ഊഷ്മളതയും നിറഞ്ഞ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നുവെന്ന് രാഷ്ട്രപതി കെ.ആർ. നാരായണൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഒപ്പം പ്രവർത്തിക്കാനുള്ള ഭാഗ്യം എനിക്കു ലഭിച്ചിട്ടുണ്ട്. ജനക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്നതിലുള്ള ആ പ്രതിബദ്ധത എന്നെ അഗാധമായി ആകർഷിച്ചിട്ടുണ്ട്.

ന്യൂനപക്ഷങ്ങൾക്കു വേണ്ടി പൊരുതിയ ചാംപ്യനും ജനാധിപത്യത്തിന്റെ പ്രമുഖസംരക്ഷകനുമായിരുന്നു അദ്ദേഹമെന്നു കോൺഗ്രസ് പ്രസിഡന്റ് സോണിയാഗാന്ധി വിശേഷിപ്പിച്ചു.

മികച്ച കഴിവുകൾ പ്രകടിപ്പിച്ച നേതാവായിരുന്നു ബി.വി. എന്നു മുൻ പ്രധാനമന്ത്രി ഐ.കെ. ഗുജറാൾ പറഞ്ഞു. പ്രശ്നങ്ങൾ പിറക്കുമ്പോൾ പരിചയസമ്പന്നനായ ഒരാൾ ഒപ്പം ഇല്ലാത്ത വേദനയാണ് മുസ്‌ലിം ലീഗ് അഖിലേന്ത്യാ പ്രസിഡന്റ് ജി. എം. ബനാത്ത്‌വാല പങ്കുവെച്ചത്..

14

ബാപ്പ-ആ രണ്ടക്ഷരങ്ങളിൽ ഞങ്ങൾക്കദ്ദേഹം പരിപൂർണ്ണനായിരുന്നു

ബി.വി എന്നും അബ്ദുല്ലക്കോയാ സാഹിബ് എന്നും ജനം സ്നേഹബഹുമാനങ്ങളോടെ വിളിച്ചുകൊണ്ടിരുന്നപ്പോഴും ആപ്പ എന്ന പേർവിളിച്ച് അടുത്തബന്ധുക്കൾ നോക്കിക്കണ്ടപ്പോഴും അബ്ദുല്ലക്കാക്ക എന്ന നാമകരണത്തോടെ ഇളം തലമുറ അന്വേഷിച്ച് വന്നപ്പോഴും ഞങ്ങൾ മക്കൾക്കെന്നപോലെ ഉമ്മയ്ക്കും അദ്ദേഹം ബാപ്പ ആയിരുന്നു

മറ്റെല്ലാവരും ഇരിക്കാൻമടിച്ച് സ്നേഹാദരങ്ങളോടെ മാറിനിൽക്കുന്ന അവസരങ്ങളിലും ഞങ്ങളെ അദ്ദേഹം സമീപത്തുതന്നെ പിടിച്ചിരുത്തുമായിരുന്നു. ഞങ്ങൾ എഴുതുന്നതും വായിക്കുന്നതും നോക്കുമായിരുന്നു ഞങ്ങൾ കാണുന്നതും കേൾക്കുന്നതും ശ്രദ്ധിക്കുമായിരുന്നു

സ്നേഹം വാരിക്കോരിതന്നപ്പോഴും അതുതരുന്നതായി അദ്ദേഹം നടിച്ചില്ല. സമയക്രമം വെച്ചുപഠിക്കാൻ മടിച്ചപ്പോൾ ഞങ്ങൾ കുട്ടികളെ അദ്ദേഹം ശാസിച്ചു.മാർക്കുകൾകുറഞ്ഞപ്പോൾ ഒച്ചയിട്ട് തന്നെ ചീത്ത പറഞ്ഞു. തെറ്റായ നടപടികൾ കാണുമ്പോൾ ചൂരൽ എടുത്ത് വീക്കുകയും ചെയ്തു. ആകണ്ണിച്ചൂരൽ ഞങ്ങൾക്കെല്ലാവർക്കും ഒരു പേടി സ്വപ്നമാകത്തക്കവിധം കിടപ്പറയിലെ അലമാരിക്കുമുകളിൽ പ്രദർശിപ്പിച്ചുവെക്കുകയും ചെയ്തിരുന്നു. മൂത്തമകനെന്ന നിലയിൽ എന്നോട് ബാപ്പക്ക് പ്രത്യക മമത ഉണ്ടായിരുന്നുവോ? ഇതര സഹോദരന്മാർ സമ്മതിച്ച് തരില്ലെങ്കിലും എനിക്കങ്ങനെ അവകാശപ്പെടാൻ തോന്നുന്നു.കോഴിക്കോടുനിന്ന് ആഴ്ചയിലൊരിക്കൽ അല്ലെങ്കിൽ രണ്ടുതവണ തലശ്ശേരിയിലേക്ക് എത്തുമ്പോഴേക്കും എന്നെ വാരിയെടുത്ത് ഉമ്മ വച്ച് ആർക്കും കൊടുക്കാതെ ഒക്കത്തേന്തി പറമ്പായ പറമ്പിലൂടെയെല്ലാം തുമ്പികളുടെ പിന്നാലെ ഓടിനടക്കുന്നത് സ്മരണയിലുണ്ട്.ഞാൻ ഓർത്തു അതൊരു പക്ഷെ അബൂബക്കർ എന്ന പേര് കാരണമാവാം. അദ്ദേഹ

ത്തിന്റെ പിതാവ് അബൂബക്കർ. സീമന്തപുത്രനായ ഞാനും അബൂ ബക്കർ.

ഞങ്ങൾക്ക് ബാപ്പ എല്ലാ അർത്ഥത്തിലും പൂർണ്ണജീവിതം തന്നു.ഞങ്ങൾക്കു വേണ്ടതൊക്കെ പറഞ്ഞുതന്നു.ഞങ്ങളെ സ്വപ് നം കാണാൻ പഠിപ്പിച്ചു.എന്നിട്ട് അവരവരുടെ വഴി തെരഞ്ഞെടു ത്തുകൊള്ളാനും പറഞ്ഞു.ഞാൻ സാങ്കേതിക വിദ്യാഭ്യാസത്തിനു പോയിട്ട് തിരിഞ്ഞുനടന്നത് പത്രപ്രവർത്തന രംഗത്തേക്കായിരുന്നു.അ ദ്ദേഹം അതിന്റെ ഗുണങ്ങളും ദോഷങ്ങളും പറഞ്ഞുതന്നു.ഒടുവിൽ 27ാം വയസ്സിൽ ജേർണലിസം ഒരു പ്രൊഫഷനാക്കി എടുക്കാൻ ഉ റച്ചപ്പോൾ ,സ്വയം തീരുമാനമെടുക്കാൻ പ്രായമായെന്നുപറഞ്ഞു ആ ശിർവദിച്ചുവിടുകയാണ് ചെയ്തത്.

രണ്ടാമനായ മായൻ, കോളേജിലെ സ്പോർട്സ് സർട്ടിഫി ക്കറ്റുകളുടെയും എൻ.സി.സി ഓഫീസർ എന്ന പരിചയത്തിന്റെയും ബലത്തിൽ പട്ടാളത്തെ വരിച്ചപ്പോൾ അദ്ദേഹം ഇടഞ്ഞുനിന്നില്ല.

ഖാലിദ് എന്ന മൂന്നാമന് സ്കൂൾ പഠനം പൂർത്തിയാക്കാൻ കഴിയാതെ അവസാനിപ്പിക്കേണ്ടിവന്നപ്പോൾ അവന് അതിനപ്പുറത്തേ ക്ക് കടക്കാൻ പ്രയാസമാണെന്ന് ബാപ്പ മനസ്സിലാക്കി.ഖാലിദിനെ എവിടെയെങ്കിലും കുടിയിരുത്താനുള്ള ഓട്ടത്തിലായിരുന്നു പിന്നീ ടദ്ദേഹം.

കോളെജ് വിദ്യാഭ്യാസത്തിനുശേഷം ഇളയവനായ റഷീദ് ഒരു ബാങ്ക് ജോലി അന്വേഷിച്ചിറങ്ങിയപ്പോൾ ബാപ്പ വഴി ഒരുക്കി ക്കൊടുത്തു.

ഞങ്ങൾ മക്കൾ രാഷ്ട്രീയം സംസാരിക്കുന്നത് കേൾക്കാൻ അദ്ദേഹത്തിന് താൽപര്യമില്ലായിരുന്നു.ഞങ്ങളെ അദ്ദേഹം പ്രോത്സാ ഹിപ്പിച്ചിട്ടില്ല എന്നത്,ഒരു വേള രാഷ്ട്രീയത്തിലിറങ്ങിയാൽ ഞങ്ങളാരും വിജയിക്കില്ല എന്നു കണ്ടതുകൊണ്ടാവാം. തന്നെപ്പോലെ ഉള്ളതു കൊണ്ട് ഉള്ളതുപോലെ ജീവിക്കാൻ മക്കൾക്കു കഴിഞ്ഞാൽ മതി എന്നദ്ദേഹം ആശിച്ചിരിക്കാം.അല്ലലില്ലാതെ കഴിഞ്ഞുപോകാൻ മ ക്കൾക്കും ഒരുക്കിക്കൊടുത്തു,സ്നേഹനിധിയായ ബാപ്പ.

ഞങ്ങളുടെ ലോകം ചെറുതാണെങ്കിലും അത് വിശാലമാ ണെന്നുതന്നെ ഞങ്ങൾക്കു തോന്നി. തലശ്ശേരിയിൽ നിന്നു കോ ഴിക്കോടേക്ക് ആദ്യത്തെ തീവണ്ടി യാത്ര. കുടുപേലെ ഇരുട്ട് പുത ച്ചുനിൽക്കുന്ന കോഴിക്കോട് റെയിൽവെ സ്റ്റേഷനിൽനിന്ന് പുറത്ത് ജട്കാവണ്ടിയിലേക്ക്. വലിയങ്ങാടിയിലെ കോൺക്രീറ്റ് വിരിച്ച റോ ഡിലൂടെ കുളമ്പടി ശബ്ദം കേൾപ്പിച്ച് പായുന്ന കുതിരവണ്ടിയിൽ

ഹൽവബസാറിലൂടെ കുറ്റിച്ചിറ സൂപ്പിക്കാ വീട്ടിലേക്ക്

പിന്നെ, ഞങ്ങൾ കണ്ണൂർ കണ്ടു, കൊച്ചികണ്ടു, ആലപ്പുഴ കണ്ടു, പിൽക്കാലത്ത് ഞങ്ങൾ തിരുവനന്തപുരവും ചെന്നൈയും മുബൈയും ഒക്കെകണ്ടു. ഒരിക്കലും വറ്റാത്ത ഒർമ്മകൾ.

ഞങ്ങൾ വിമാനം കയറി, ഡൽഹിയിലെത്തി. ബാപ്പയോടെപ്പം ഉമ്മ കപ്പൽ കയറി, മക്കയിലും മദീനയിലും ചെന്നു. ജീവിതത്തിലെ ഒരുപാട് സുന്ദര സ്മരണകൾ.

മക്കളുടെ എന്നപോലെ അനിയന്മാരുടെയും അടുത്ത മറ്റു ബന്ധുക്കളുടെയും കാര്യങ്ങളിലും ശ്രദ്ധാലുവായിരുന്നു ബാപ്പ. എങ്കിലും ഏത് കാര്യത്തിനും ബന്ധം അവകാശപ്പെട്ട് ഓടിവരുന്നവരെ അപ്പോഴൊക്കയും കൈനീട്ടി സ്വീകരിക്കുന്ന സ്വഭാവക്കാരനായിരുന്നില്ല അദ്ദേഹം.

ഉപദേശിച്ചും ശാസിച്ചും അവർക്കു വഴികൾ പറഞ്ഞുകൊടുക്കുന്നതിലായിരുന്നു അദ്ദേഹത്തിനു താൽപര്യം. വഴിവിട്ട് സഹായിക്കുന്നതിലും നല്ലത് പിടിച്ചുകയറാനുള്ളു വഴികൾ പറഞ്ഞുകൊടുക്കുക എന്നതായിരുന്നു ബാപ്പയുടെശൈലി. ഒരിക്കലും വീഴാതിരിക്കുന്നതിലല്ല, വീഴുന്നഓരോസമയത്തും വീണ്ടും എഴുന്നേൽക്കുന്നതിലാണ് മികവെന്നും അദ്ദേഹം വിശ്വസിച്ചു.

ഡെയിൽ കാർണ്ണഗിയെന്ന പ്രശസ്ത അമേരിക്കൻ ശാസ്ത്രജ്ഞന്റെതായ ആ വരികൾ അടിവര വരച്ചു ഹൗ ടു വിൻ ഫ്രൻഡ്സ് എന്നപുസ്തകം അദ്ദേഹം തന്റെ ശേഖരത്തിൽ സുക്ഷിച്ചിരുന്നു.

ഭംഗിവാക്കുകൾ അദ്ദേഹത്തിനറിയില്ലായിരുന്നു. നാലാളുകൾ കൂടുന്നിടങ്ങളിൽ തന്റെതായ ഒരു ഇമേജ് വളർന്നുകിട്ടണമെന്നു അദ്ദേഹം ആശിച്ചിരുന്നില്ല.മിക്കവർക്കും മുമ്പിലും ബാപ്പ ചിരിക്കാൻ മടിക്കുന്ന ഗൗരവക്കാരനായത് അങ്ങനെയാണ്.

എന്നാൽ ഉള്ളിന്റെ ഉള്ളിൽ സ്നേഹം വറ്റാത്ത തണ്ണീരുറവയായിരുന്നു. വലുപ്പ ചെറുപ്പമില്ലാതെ, സന്തപ്ത ഹൃദയങ്ങളെ ഓർത്ത് അദ്ദേഹം വേദനിച്ചു. ഒരു പുരുഷായുസ്സ് മുഴുവൻ റിലീഫ് പ്രവർത്തനങ്ങൾക്ക് സാരഥ്യം വഹിക്കാൻ അദ്ദേഹത്തെപ്രേരിപ്പിച്ചത്, ആമനസ്സും ഹൃദയവുമായിരുന്നു. മരിച്ചവീടുകളിൽ മറ്റെല്ലാതിരക്കുകളും മാറ്റിവച്ച സന്ദർശനം നടത്താനും ഹതഭാഗ്യരെ ആശ്വസിപ്പിക്കാനും അദ്ദേഹം സമയം കണ്ടെത്തി. കദന കഥകളുമായി വരുന്നവരെ, നാട്യങ്ങൾ ഒന്നു മില്ലാതെ ബാപ്പ സ്വാന്തനിപ്പിച്ചു.

പുണ്യങ്ങളെല്ലാം അതിലൊക്കെയാണെന്നു വിശ്വസിച്ചിരുന്ന ആളായിരുന്നു അദ്ദേഹം. പ്രായം 75 കടന്നപ്പോൾ, പടച്ചതമ്പുരാൻ നൽകിയത് ജീവിതത്തിന്റെ ബോണസ്ആണെന്ന് അദ്ദേഹം

പറയാറുണ്ടായിരുന്നു. നിന്റെ സൽക്കർമ്മങ്ങൾ നിന്നെ സന്തോഷിപ്പിക്കുമ്പോൾ, നിന്റെ തിന്മകൾ നിന്നെ ദുഃഖിപ്പിക്കുമ്പോൾ, നീ സത്യ വിശ്വാസി ആവുന്നു. എന്ന നബിവചനം എന്നും അദ്ദേഹം ഓർക്കുമായിരുന്നു.കുടുംബാന്തരീക്ഷത്തിൽ സന്തോഷത്തിന്റെ നിർച്ചാലുകൾ തുറക്കാൻ ശ്രദ്ധിച്ചുക്കൊണ്ടിരുന്ന ബാപ്പയ്ക്ക് പക്ഷേ. ഒരേ ഒരിക്കൽ തീവ്രദുഃഖത്തിന്റെ കോപ്പനിറക്കേണ്ടിവന്നു. ഏക മകളെ, ഞങ്ങളുടെ സ്നേഹനിധിയായ ഒരേയൊരു സഹോദരി നഫീസയെ.1990ൽ നഷ്ടപ്പെട്ടപ്പോഴായിരുന്നു അത്.

വൈകിമാത്രം വൈദ്യശാസ്ത്രം കണ്ടെത്തിയ അർബുദ രോഗത്തിന്റെ പിടിയിൽ നിന്ന് അവളെ രക്ഷപ്പെടുത്തിയെടുക്കാൻ ബാപ്പ മുട്ടാത്ത കളില്ല. പ്രാർത്ഥിക്കാത്ത ദിവസങ്ങളില്ല. അദ്ദേഹം പലയിടത്തും ഓടിച്ചെന്നു. മുംബൈയിലെ പ്രശസ്തമായ ടാറ്റാക്യാൻസർ ഹോസ്പ്പിറ്റലിലെ രാജ്യാന്തര പ്രശസ്തനായ മേലധികാരി ഡോ. പ്രഫുൽദേശായിയെ തന്നെ നേരിട്ടുചെന്നുകണ്ടു.

എന്നാൽ ദൈവവിധി മറ്റൊന്നായിരുന്നു. സ്നേഹനിധിയായ ഭർത്താവിനേയും പ്രിയങ്കരരായ മൂന്ന് മക്കളെയും ഞങ്ങൾ നാല് സഹോദരൻമാരെയും അതിനെക്കളെല്ലാമുപരി സ്നേഹം അവൾക്കായി വാരിക്കോരി നൽകിയ പ്രിയപ്പെട്ട ഉമ്മയേയും ബാപ്പയേയും തീരാ ദുഃഖത്തിലാഴ്ത്തി അവൾ കടന്നുപോയി.

ഗൃഹഭരണത്തിൽ എന്നും ഉമ്മക്ക് പിന്തുണ നൽകിയിരുന്ന നഫീസ, നേരെത്തെപോയത്, നാളെ ഞങ്ങളെല്ലാം ചെന്ന് ചേരേണ്ട പരലോകത്ത് മുൻകൂട്ടി സൗകര്യങ്ങൾ ഒരുക്കാനായിരിക്കാം- ഞങ്ങൾ ആശ്വസിക്കാൻ നോക്കി.

അന്നാദ്യമായി ബാപ്പയുടെ കണ്ണുകൾ ഈറനണിയുന്നത് ഞാൻ കണ്ടു, ഇന്നാലില്ലാഹി ... അദ്ദേഹം സ്വയം സമാധാനിപ്പിച്ചു. ഒപ്പം ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തു.

ആ പ്രർത്ഥന ഞങ്ങൾ ഇന്നും തുടരുന്നു. അന്നത് ചൊല്ലിതന്നകുടുംബനാഥന്റെ അസാന്നിദ്ധ്യത്തിലും.വഅദ്ഖിൽഹു, ദാറൻ ഖൈറൻ, മിൻദാരിഹി, (ഇവിടത്തെ ഭവനത്തെക്കാൾ നല്ലഭവേനത്തിൽ, പടച്ചവനേ, നീ അവരെ പ്രവേശിപ്പിക്കേണമേ!)

പ്രപഞ്ചം വേഷങ്ങൾ പലത് മാറി. കുടുംബത്തിൽ തന്നെ പലരും വിടപറഞ്ഞും പറയാതെയും പരലോകം പൂകി. ബാപ്പയും ഞങ്ങളെ വിട്ടുപിരിഞ്ഞു.

ഓർമ്മകൾ നനയുന്നു.കണ്ണമ്പറമ്പിലെ മീസാൻകല്ലുകളിൽ മുത്തമിട്ട് പറക്കുന്നതുമ്പികൾ ആ ബാപ്പയേയും മകളെയും പിന്നെ ഉമ്മയെയും അടക്കം ചെയ്ത ഖബറുകൾ തെരയുന്നുണ്ടോ എ

ന്നെനിക്കറിയല്ല.

നൂറുവർഷങ്ങളായി ആ ശ്മശാനം അവിടെ, പതിനായിര ക്കണക്കിനാളുകളെ ഏറ്റുവാങ്ങുന്നു.വളരെയേറെപ്പേർ ഒച്ചപ്പാടില്ലാ തെ കടന്നുപോയവരാണ്. എങ്കിലും കുറച്ചുപേർചരിത്രം രചിച്ചവർ, ഏറെപ്പേർ ചരിത്രമെഴുത്തിനു സാക്ഷിയായവർ. ചിലർ സ്വയം ത ന്നെ ചരിത്രമായവർ

അവസാനം പറഞ്ഞവരിൽ ഒരാൾ ഞങ്ങളുടെ വീട്ടിൽ നിന്നു പോയ മനുഷ്യൻ ആണെന്നുപറയുന്നത് ധിക്കാരമാണെന്നു തോ ന്നുന്നുവെങ്കിൽ പ്രിയപ്പെട്ടവരേ, സദയം മാപ്പുതരിക



കാലിക്കറ്റ് സർവ്വകലാശാലയിലെ ആദ്യ സിൻഡിക്കേറ്റ്-വൈസ്ചാൻ സലർ പ്രൊഫസർ എം.എം ഗനി, ടി.പി കുട്ട്യമ്മുസാഹിബ്, മോൺ സിഞ്ഞോർ ജോസഫ് കുരീതടം ,പ്രൊഫ. കെ. മാധവമേനോൻ, (പി.വി.സി), ശ്രീമതി മോളിതോമസ്, (വിദ്യഭ്യാസ സെക്രട്ടറി), ബി.വി.മോൺസിഞ്ഞോർ തോമസ് മുത്തേടം, പ്രൊഫ. ഐ.ജി ഭാ സ്കര പണിക്കർ, പി.കെ സെയ്തു മുഹമ്മദ്(രജിസ്റ്റാർ), ഡോ:സി.പി കുര്യാക്കോസ്, പ്രൊഫ. എസ്. ശിവപ്രസാദ്, ഡോ. സി.എം ഫ്രാൻ സിസ്, പ്രൊഫ. കെ.എ ജലീൽ

ഖാഇദേമില്ലത്തിന്റെ നിഴലിൽ

രാജ്യസ്നേഹത്തിലും സമുദായ സേവനത്തിലും ഒരു യുഗപുരുഷനായി ജീവിച്ചു മരിച്ച ഖാഇദേമില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബുമായി (1896-1972) പരിചയപ്പെടാനും പ്രവർത്തിക്കാനും സാധിച്ചത് ജീവിതത്തിലെ ഏറ്റവും ധന്യമായ അനുഭവമായിരുന്നുവെന്നു അബ്ദുല്ലക്കോയ പലപ്പോഴും അനുസ്മരിക്കാറുണ്ടായിരുന്നു.

താങ്കളെ ഏറ്റവുമധികം സ്വാധീനിച്ച, അങ്ങേക്ക് ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ട, നേതാവാരാണ്? മുംബെയിൽ വിമാനം കാത്തിരിക്കെ വി. ഐ.പി.ലോഞ്ചിലിരുന്ന്, താനൊരു ചോദ്യം ബി.വി.യ്ക്കു മുമ്പിലിട്ടതായി അന്നദ്ദേഹത്തോടൊപ്പം രാജ്യസഭാ സമ്മേളനത്തിൽ പങ്കെടുക്കാൻ പോകുകയായിരുന്ന മുസ്ലിംലീഗ് അഖിലേന്ത്യാ സെക്രട്ടറി എം.പി. അബ്ദുസമദ് സമദാനി അനുസ്മരിച്ചു.

ബി.വി.യുടെ മറുപടി പെട്ടെന്നായിരുന്നു. "അത് ഇസ്മാഈൽസാഹിബ് തന്നെ. അദ്ദേഹം കഴിഞ്ഞേ മറ്റൊരു നേതാവുള്ളു".

കേരളത്തിൽ നിന്നുള്ള എം.പി.മാരായി ഇസ്മാഈൽ സാഹിബ് ലോക്സഭയിലും അബ്ദുല്ലക്കോയ രാജ്യസഭയിലും കഴിഞ്ഞിരുന്ന 1967 -1972 കാലഘട്ടം. ഇസ്മാഈൽ സാഹിബ് തുടർച്ചയായി മൂന്നു തവണ കേരളത്തിൽ മഞ്ചേരി നിന്നും ലോക്സഭാംഗമായി. അബ്ദുല്ലക്കോയയുടെ മുപ്പത് വർഷത്തെ രാജ്യസഭാംഗത്വം 1997 ലാണവസാനിച്ചത്.

മദ്രാസിൽ കോളജ് വിദ്യാഭ്യാസം നടത്തിയിരുന്ന കാലത്ത് ഇസ്മാഈൽ സാഹിബിനെ അദ്ദേഹം താമസിച്ചിരുന്ന വീട്ടിൽ ചെന്നു രണ്ടുമൂന്നു തവണ കണ്ടതല്ലാതെ കൂടുതലായി അടുക്കാൻ അബ്ദുല്ലക്കോയയ്ക്കുസാധിച്ചിരുന്നില്ല

ഇന്ത്യാ വിഭജനത്തോടെ, ഉത്തരേന്ത്യയിൽ മുസ്ലിം നേതാക്കൾമിക്കവരും പാക്കിസ്ഥാനിലേക്കുപോയി, അവശേഷിച്ചവർ സ്വന്തം താല്പര്യം പരിഗണിച്ച, പാർട്ടി വിടുകയോ, ലീഗ് പിരിച്ചു വിടണമെന്ന പ്രമേയം പാസാക്കുകയോ, പാർട്ടിയുടെ പേര് മാറ്റുകയോ ഒക്കെ ചെയ്തു വന്നു. അക്കാലത്ത് ഇസ്മാഈൽ സാഹിബിന്റെയും സീതിസാഹിബിന്റെയും നേതൃത്വം മുസ്ലിം ന്യൂനപക്ഷങ്ങൾക്കു താങ്ങും തണലുമായി പ്രവർത്തിച്ചത് അബ്ദുല്ലക്കോയയെ ആവേശം കൊള്ളിച്ചു.

കെ.എം. കാദിരിക്കോയ ഹാജി പ്രസിഡണ്ടും എം.വി ഹൈദ്രോസ് വക്കീൽ സെക്രട്ടറിയുമായി കേരളക്കരയിലെ രണ്ടാമത്തെ ശാഖ കോഴിക്കോട്ട് ആരംഭിച്ചകാലം. വോളന്റിയർ കോർ ക്യാപ്റ്റനാ

യും, ടൗൺ കമ്മിറ്റി ഭാരവാഹിയായും പ്രവർത്തിക്കാൻ ബി.വി. അവർക്കു പിന്നിൽ വന്നു നിന്നു.

അക്കാലം മുതൽ തന്നെ ആദർശ രാഷ്ട്രീയത്തിന്റെ വക്താവായി ഇസ്മാഈൽസാഹിബ് വളരുന്നുണ്ടായിരുന്നു. തമിഴ്നാട്ടിലെ തിരു നൽവേലിയിൽ ബഹുഭാഷാ പണ്ഡിതനായ ഒരു മൗലവിയുടെ പുത്ര നായാണ് അദ്ദേഹം ജനിച്ചത്. സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ വിളികേട്ട്, കോളേജ് വിദ്യാഭ്യാസം ഉപേക്ഷിച്ച് പൊതു രംഗത്തിറങ്ങി അദ്ദേഹം. വാട കവീട്ടിൽ കഴിഞ്ഞിരുന്ന അദ്ദേഹം സി. രാജഗോപാലാചാരി, സുബ്രഹ്മ ണ്യശാസ്ത്രി, സി.എൻ. അണ്ണാദുരെ, കെ. കാമരാജ് തുടങ്ങിയവരോ ടൊപ്പം രാഷ്ട്രീയത്തിൽ പ്രവർത്തിച്ച ശേഷമാണ്, ന്യൂനപക്ഷങ്ങളുടെ കദനകഥ കേട്ട് മുസ്ലിംലീഗിൽ എത്തിയത്.

മദ്രാസ് ആസ്ഥാനമായി ലീഗിന്റെ ജില്ലാ പ്രസിഡണ്ടും സംസ്ഥാന പ്രസിഡണ്ടും ആയി ഉയർന്ന അദ്ദേഹം, 1948ൽ മദ്രാസ് രാജാ ജിഹാളിൽ ചേർന്ന അഖിലേന്ത്യാലീഗ് കൺവെൻഷനിൽ ഇന്ത്യൻ യൂണി യൻ മുസ്ലിം ലീഗ് പ്രസിഡന്റായി അവരോധിക്കപ്പെട്ടു..

അഞ്ചാം വയസിൽ പിതാവ് മിയാഖാൻ റാവുത്തറെയും 15 തികയും മുമ്പ് മാതാവ് ഫാത്തിമയേയും നഷ്ടപ്പെട്ട ഇസ്മാഈൽ സാഹിബ്, വിദ്യാഭ്യാസശേഷം കുടുംബം പോറ്റാൻ തുകൽ വ്യവസായ വുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു തുടങ്ങി. എങ്കിലും, തന്റെ തട്ടകംഅത ല്ലെന്ന് മനസ്സിലാക്കി പിൻവാങ്ങി.

ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സഭയിലും 1952ൽ പാർല മെന്റിന്റെ ഉപരി മണ്ഡലമായ രാജ്യസഭയിലും ഇസ്മാഈൽസാഹിബ് എത്തി.തുടങ്ങിവെച്ച തോൽ വ്യവസായരംഗത്ത് തുടർന്നിരുന്നുവെങ്കിൽ ദക്ഷിണേന്ത്യയിലെ ഏറ്റവും ധനാഢ്യനായ വ്യവസായ പ്രമുഖനാകു മായിരുന്ന ഇസ്മാഈൽ സാഹിബ് ലളിത ജീവിതവും ഇഷ്ടപ്പെട്ട് തന്നെ യാണ് രാഷ്ട്രീയത്തിലിറങ്ങിയത്.മദ്രാസിൽ ഏറെക്കാലം വാടകവീട്ടിൽ താമസിച്ച അദ്ദേഹം പത്തുകിലോ മീറ്റർ മാറി ക്രോംപെട്ടിൽ സ്വന്തം വീട് വെച്ചപ്പോഴും അതൊരു ചെറിയ വസതി തന്നെയായി ഒതുക്കിവെച്ചു.

ഒരു പ്രമുഖ രാഷ്ട്രീയ സംഘടനയുടെ അഖിലേന്ത്യാ പ്രസിഡന്റ് എന്ന പദവി കയ്യിലുള്ളപ്പോഴും ഡൽഹിയിൽ പ്രത്യേക ഫ്ളാറ്റിനൊന്നും അവകാശവാദം ഉന്നയിക്കാതെ ജൂനിയർ എം.പി.മാരോടൊപ്പം ജനപഥ് റോഡിലെ വെസ്റ്റേൺ കോർട്ടിൽ അഞ്ചാം നമ്പർ മുറിയിൽ ഒതുങ്ങിയാ യിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

ഒന്നിച്ചു ഭക്ഷണവും, ഒന്നിച്ചു പാർലമെന്റിലേക്കുള്ള യാത്രയും, സമ്മേളനം കഴിഞ്ഞശേഷം വന്നാൽ നടത്തുന്ന ചർച്ചകളുമൊക്കെ പാഠ ങ്ങളായിരുന്നവെന്നു അബ്ദുല്ലക്കോയ ഓർമിക്കാറുണ്ടായിരുന്നു.

ഓരോ ദിവസവും നടക്കുന്ന ചർച്ചകളും പരിപാടികളും സന്ദർശ നങ്ങളും അന്നന്നു തന്നെ തന്റെ ഡയറിയിൽ സ്വന്തം കൈപ്പടയിൽ കുറി ച്ചുവെയ്ക്കുന്നത് ഇസ്മാഈൽ സാഹിബിന്റെ ശീലമായിരുന്നു. തന്നെ

കാണാൻ വരുന്നവരുടെ പോക്കുവരവുകൾ പോലും മറക്കാതെ അദ്ദേഹം ചേർക്കും.

കോൺഗ്രസുമായി അമ്പതുകളിൽ ലീഗുണ്ടാക്കിയ സഖ്യത്തെ കോൺഗ്രസ്സ് നേതാവായ ഡോ. പി. സുബ്ബരായൻ തള്ളിപ്പറഞ്ഞപ്പോൾ തന്റെ പഴയ ഡയറി ഹാജരാക്കിയാണ് ഇസ്മാഈൽസാഹിബ് ആ ഉടമ്പടിയെപ്പറ്റി ഓർമിപ്പിച്ചത്.

അക്കാലത്ത് തന്നെയാണ് ലീഗിനു മോശമല്ലാത്ത ഒരു അംഗ ബലം പാർലിമെന്റിന്റെ ഇരുസഭകളിലുമായി (ലോക്സഭ നാല്, രാജ്യ സഭ നാല്) ഉണ്ടായിരുന്നത്. മുസ്ലീംലീഗ് പാർലമെന്ററി പാർട്ടി ലീഡറായിരുന്നഅദ്ദേഗത്തെ മൊത്തം പ്രതിപക്ഷത്തിന്റെ നേതാവാക്കാനുള്ള ശ്രമം.അക്കാലത്ത് ഡി.എം.കെ.യും സ്വതന്ത്രാപാർട്ടിയും ചേർന്നു നടത്തിയിരുന്നുവെങ്കിലും ലീഗിന്റെ അസ്തിത്വം നഷ്ടപ്പെടുന്ന ഒരു വ്യവസ്ഥക്ക് ഇസ്മാഈൽസാഹിബ് തയ്യാറായിരുന്നില്ല.

ദേശീയപ്രശ്നങ്ങളിലും രാജ്യാന്തര കാര്യങ്ങളിലും അദ്ദേഹത്തിന്റെ ഗഹനമായ പ്രസംഗങ്ങൾ പാർലമെന്റിൽ എല്ലാകക്ഷികളും ശ്രദ്ധിക്കാറുണ്ടായിരുന്നു. ശ്രീലങ്കൻ അഭയാർഥി പ്രശ്നം മുതൽ പശ്ചിമേഷ്യൻ പ്രതിസന്ധിവരെ വ്യക്തമായി അദ്ദേഹം കൈകാര്യം ചെയ്തു. കശ്മീർ പ്രശ്നമായാലും ഇന്ത്യ-പാക്ക് തർക്കമായാലും സാഹിബിന്റെ പ്രസംഗങ്ങൾ വിദേശ പത്രലേഖകർ പോലും ശ്രദ്ധയോടെ നോക്കിക്കാണാറുണ്ടായിരുന്നു.

കേരളത്തിൽ വന്നു പോകുന്ന ദേശാടന പക്ഷി എന്ന ദോഷൈകദൃക്കുകളിൽ ചിലർ കുറ്റപ്പെടുത്താറുള്ള ഇസ്മാഈൽ സാഹിബിന്റെ നേതൃത്വത്തിലാണ് മുസ്ലീംലീഗ് എം.പി.മാർ പാർലമെന്റ് മന്ദിരത്തിന്റെ പടിക്കൽ കേരളത്തിനു ആവശ്യമായ അരി നൽകണമെന്നു ആവശ്യപ്പെട്ട് കുത്തിയിരിപ്പു സമരം നടത്തിയത്. വിവരമറിഞ്ഞ് ഓടിവന്ന ഭക്ഷ്യമന്ത്രി ജഗ്ജീവൻ റാം ആവശ്യമായ നടപടികൾ പ്രഖ്യാപിച്ചതും, അന്നു ധർണ നടത്തിയവരിലുണ്ടായിരുന്ന അബ്ദുല്ലക്കോയ അനുസ്മരിക്കാറുണ്ടായിരുന്നു.

കോൺഗ്രസിലെ പിളർപ്പിനെ തുടർന്ന് രാഷ്ട്രപതി തിരഞ്ഞെടുപ്പ് ഭീഷണിയാവുമെന്നു തോന്നിയപ്പോൾ മുസ്ലീം ലീഗ് പാർട്ടി കോൺഗ്രസ് സ്ഥാനാർഥിക്ക് പിന്തുണ നൽകാൻ തീരുമാനിച്ചത്, ഇസ്മാഈൽ സാഹിബിന്റെ ദീർഘവീക്ഷണത്തിലുമായിരുന്നു.

നാട്ടുരാജാക്കന്മാർക്കുള്ള മാലിഖാൻ റദ്ദാക്കാനുള്ള പ്രമേയം വന്നപ്പോഴും, ബാങ്ക് ദേശവൽക്കരണം പ്രഖ്യാപിച്ചുള്ള നിയമം വന്നപ്പോഴും ഇസ്മാഈൽ സാഹിബിന്റെ നേതൃത്വത്തെ ഗവൺമെന്റ് ഉറ്റുനോക്കാറുണ്ടായിരുന്നു.

അതേസമയം ശരീഅത്ത് നിയമത്തിൽ കൈകടത്താനുള്ള നീക്കത്തെയും അലിഗഡ് സർവകലാശാലയുടെ ന്യൂനപക്ഷ പദവി നീക്കാനുള്ള ശ്രമത്തെയും പാർട്ടി ശക്തിയുക്തം എതിർത്ത് തോല്പി

ക്കുകയുമുണ്ടായി.

മദ്രാസിൽ പഠിക്കുന്ന കാലത്ത് തനിക്കു കേട്ടറിവു മാത്രമുണ്ടാ യിരുന്ന നേതാവായിരുന്നു ഇസ്മാഈൽ സാഹിബെന്നു ബി.വി. പറ യാറുണ്ടായിരുന്നു. എന്നാൽ മുസ്‌ലിംലീഗിന്റെ അഖിലേന്ത്യാ അധ്യക്ഷ നായി തിരഞ്ഞെടുക്കപ്പെട്ട ആ രാഷ്ട്രീയ നേതാവ് സത്താർ സേട്ടിന്റെയും ബാഫഖി തങ്ങളുടെയും സീതിസാഹിബിന്റെയും നേതൃത്വത്തിൽ ലീഗ് പ്രവർത്തനം അവിഭക്ത മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായ മലബാർ പ്രദേശത്ത് ആഴത്തിൽ വേരൂന്നിയതിനു മുമ്പും പിമ്പും മദ്രാസിലെ മല യാളികൾക്ക് പ്രിയപ്പെട്ട നേതാവായിരുന്നു.

ആ ഇസ്മാഈൽ സാഹിബുമായി പാർലിമെന്റിൽ ഏതാനും വർഷം ഒന്നിച്ചു പ്രവർത്തിക്കാൻ കഴിഞ്ഞത് പിതാവ് എപ്പോഴും അഭി മാനപൂർവം ഓർക്കാറുണ്ട്.

രാഷ്ട്രീയത്തിനപ്പുറത്ത് ഇസ്മാഈൽസാഹിബിന്റെ താല്പര്യം വിദ്യാഭ്യാസ കാര്യങ്ങളിലായിരുന്നു. സതേൺ മുസ്‌ലിം എജ്യുക്കേഷ ണൽ അസോസിയേഷന്റെ ഭാരവാഹിത്വം ഏറ്റെടുത്ത് മദ്രാസിലെ ജമാൽ മുഹമ്മദ് കോളേജിന്റെ എന്നപോലെ ഡൽഹിയിലെ ജാമിഅമില്ലിയ സർവ കലാശാലയുടെ വികസനത്തിനും കേരളത്തിൽ ഫാറൂഖ് കോളേജിന്റെ സ്ഥാപനത്തിനും അദ്ദേഹം നടത്തിയ സേവനങ്ങൾ തങ്കലിപികളിൽ രേഖ പ്പെട്ടു കിടക്കുന്നു.

1946ൽ മദ്രാസ് സിറ്റി മണ്ഡലത്തിൽ നിന്നു എതിരില്ലാതെ തിര ഞ്ഞെടുക്കപ്പെട്ട ഇസ്മാഈൽ സാഹിബ് സംയുക്ത മദ്രാസ് നിയമസഭ യിൽ 29 അംഗലീഗ് പാർട്ടിയെ നയിച്ച് പ്രതിപക്ഷ നേതാവായി. അത്ക ഴിഞ്ഞാണ് ഡൽഹിയിൽ കോൺഗ്രസ്-ലീഗ് മന്ത്രിസഭ രൂപവൽക്കരി ക്കപ്പെടുന്നത്. അവിഭക്ത ഇന്ത്യയിലെ അഞ്ചു സംസ്ഥാനങ്ങളിൽ അന്നു ലീഗ് ഭരണമായിരുന്നു.

വിഭജനത്തെതുടർന്ന് അഭയാർഥി പ്രവാഹം ഇരുഭാഗത്തുമുണ്ടാ യി. ഒരാഴ്ചക്കുള്ളിൽ പത്തുലക്ഷം മുസ്‌ലിംകളാണ് അക്കരെ കടന്നത്. അവശേഷിച്ച നാലുകോടി മുസ്‌ലിംകളുടെ സംരക്ഷണത്തിനായി സംഘ ടന നിലനിർത്തണമെന്നവാദം സജീവമാവുന്നതിന്നിടെ, പാർട്ടി പിരിച്ചു വിടാനുള്ള അജണ്ടയുമായി1947 നവംബറിൽ കൊൽക്കട്ടയിൽ എച്ച്. ച്ച്.സുഹ്റവർദി സ്വവസതിയിൽ ലീഗ് കൺവെൻഷൻ വിളിച്ചുകൂട്ടി. എന്നാൽ ഈ നീക്കം ഇസ്മാഇൽസാഹിബും സീതിസാഹിബും ചേർന്നു തകർത്തുകളഞ്ഞുവെന്നു സംയക്ത ബംഗാൾ മുഖ്യമന്ത്രി (അന്നുപേര് പ്രധാനമന്ത്രി) പദം സ്വീകരിച്ച ശഹിദ് ഹുസൈൻ സുഹ്റവർദി അധി ക്ഷേപിക്കുകയുണ്ടായി.

ഒരൊറ്റ സംഘടനയായി പ്രവർത്തിച്ചിരുന്ന മുസ്‌ലീംലീഗ് 1947 ഡിസംബർ 14നു കറാച്ചിയിൽ ചേർന്നു പാക്കിസ്ഥാൻ മുസ്‌ലീംലീഗാ യും, ഇന്ത്യൻ മുസ്‌ലീം ലീഗായും പിരിയാൻ തീരുമാനിച്ച ദിവസം, ഇസ്മാഈൽ സാഹിബ് ചെയ്ത ചരിത്രപ്രസിദ്ധമായ ഒരു പ്രസംഗമു

ണ്ട്.

നാം രണ്ടു രാഷ്ട്രമായും രണ്ടു സംഘടനകളായും പിരിയുക യാണ്. ഇന്ത്യയിലെ ഏറ്റവും വലിയ ന്യൂനപക്ഷമെന്നു നിലയിൽ മുസ്ലിം കളുടെ അവകാശസംരക്ഷണത്തിനുവേണ്ടി ഏത് പോരാട്ടത്തിനും സജ്ജ മായ ഒരിന്ത്യയെ വാർത്തെടുക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം.

ഈ ശ്രമത്തിനിടയിൽ ഞങ്ങൾക്ക് പീഡനങ്ങൾ ഏൽക്കും, ഞങ്ങൾ മർദ്ദിക്കപ്പെടാം, വധിക്കപ്പെടുകയും ചെയ്തേക്കാം.

എന്നാൽ ഇതിനൊരു പ്രതികാരം എന്ന നിലയിൽ പാക്കിസ്ഥാ നിൽ നിങ്ങൾ അവിടുത്തെ ന്യൂനപക്ഷങ്ങളിൽപ്പെട്ട ഒരൊറ്റ ഹിന്ദുസ ഹാദരനെയും ആക്രമിക്കരുത്. ഇസ്ലാം എന്നത് ശാന്തിയാണ് ; സമാ ധാനമാണ്.

ഭാവി നിർണയിക്കാൻ സർവേന്ത്യാ ലീഗ് കൗൺസിൽ ചേരുക യും, മദ്രാസ് സ്റ്റേറ്റ് ലീഗ് കൗൺസിൽ പ്രസിഡന്റായ ഇസ്മാഈൽസാ ഹിബിനെ കൺവീനറായി തിരഞ്ഞെടുക്കുകയും ചെയ്തു.

പിന്നീട് രാജാജിഹാൾ എന്നു പുനർനാമകരണംചെയ്യപ്പെട്ട ചെന്നൈയിലെ സർക്കാർ അതിഥി മന്ദിരമായ ബാൻക്വറ്റ് ഹാളിൽ 1948 മാർച്ച് പത്തിനു ചേർന്ന യോഗം പത്തു മണിക്കൂർ ചർച്ചകൾക്കുശേഷം ഒമ്പതിനെതിരെ 23 വോട്ടുകൾക്ക് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് എന്ന സംഘടനയ്ക്കു രൂപം നൽകി. യോഗത്തിൽ ആധ്യക്ഷം വഹിച്ച ഇസ്മാ ഈൽസാഹിബ് തന്നെ, പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.ഖാഇദേമില്ലത്ത് (സമുദായത്തിന്റെനേതാവ്) എന്നറിയപ്പെട്ടു. പാർട്ടിയുടെ ചോദ്യം ചെയ്യപ്പെടാത്തനേതാവ്.

ഒരു സന്ദിഗ്ദ്ധ ഘട്ടത്തിൽ കോൺഗ്രസിലെ ചിലർതന്നെ അംഗീ കരിച്ച പാക്കിസ്ഥാൻ ഒരിക്കലും ലീഗിന്റെ ലക്ഷ്യമായിരുന്നില്ല എന്നദ്ദേഹം അർഥശങ്കയില്ലാത്തവിധം പറഞ്ഞു. പാക്കിസ്ഥാൻ മുദ്രാവാക്യം ലീഗിൽ ഉയർന്നത് 1945ൽ ആയിരുന്നെന്നും, മതന്യൂനപക്ഷ സംരക്ഷണം ലക്ഷ്യ മാക്കി 1940 ൽ തന്നെ ലീഗ് രൂപവൽക്കരിക്കപ്പെട്ടിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

മാത്രമല്ല ഇന്ത്യയിലെ ഒരു രാഷ്ട്രീയ പാർട്ടിയായി ഇന്ത്യൻ യൂണി യൻ മുസ്ലീംലീഗ് എന്ന നാമകരണത്തോടെയാണ് തങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതെന്നും അദ്ദേഹം വെളിപ്പെടുത്തി. മുസ്ലീംലീഗ് പിരിച്ചു വിടണമെന്ന ഗവർണർ ജനറലായിരുന്ന മൗണ്ട്ബാറ്റൺ പ്രഭു നിർദ്ദേശി ച്ചപ്പോഴും സമുദായ നന്മയും രാജ്യക്ഷേമവും ലക്ഷ്യമാക്കിയുള്ള ഒരു ന്യൂനപക്ഷ സംഘടന, ജനാധിപത്യ സംവിധാനത്തിൽ അനിവാര്യമാ ണെന്ന് അദ്ദേഹം തിരിച്ചു പറഞ്ഞു.

പാക്കിസ്ഥാനുവേണ്ടി വാദിച്ച ലീഗ് ഇന്ത്യയിൽ നിലനിർത്തേ ണ്ടതില്ലെന്ന വാദങ്ങളുയർന്നപ്പോൾ അതിന് വായടപ്പൻ മറുപടി നൽകി യതും സാഹിബ് തന്നെയായിരുന്നു. സർവേന്ത്യാ മുസ്ലീംലീഗിന്റെ ഫണ്ടിൽ ബാക്കിയായിരുന്ന തുകയിലെ വിഹിതം പോലും ഇന്ത്യൻ യൂണി

യൻ ലീഗ് സ്വയം നിഷേധിച്ചു.

സമുദായ പുരോഗതിയും മതസൗഹാർദ്ദവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് ലീഗിന്റെ ഭരണഘടനയിലുള്ളതെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് മുസ്‌ലീംലീഗ് രണ്ടായി പിരിഞ്ഞ സമ്മേളനത്തിൽ താൻ ചെയ്ത പ്രസംഗത്തിലെ പ്രസക്തഭാഗവും ഖാഇദേ മില്ലത്ത് ഉദ്ധരിക്കുകയുണ്ടായി. ഇന്ത്യയിൽ ന്യൂനപക്ഷങ്ങളുടെ ഏത് പ്രശ്നവും പരിഹരിക്കാൻ കെല്പുള്ള ഒരു സംഘടനയാണ് ഞങ്ങൾ പടുത്തുയർത്തുന്നത്. ഇവിടെ അവർക്കു നേരെ എന്തെങ്കിലും പീഡനങ്ങൾ നടന്നാൽ അത് ചെറുക്കാനുള്ള ശക്തിയും ഞങ്ങൾ ആർജിക്കുന്നുണ്ട്. എന്നാൽ ഇതിന്റെ പേരിൽ പാക്കിസ്ഥാനിലെ ന്യൂനപക്ഷമായ ഹിന്ദുക്കൾക്കെതിരെ ഒരു പകവീട്ടലിനു പാക്കിസ്ഥാൻ ഗവൺമെന്റ് തുനിയരുതെന്നു അവരേയും ഇസ്മാഈൽ സാഹിബ് ഉപദേശിക്കുയുണ്ടായി.

സ്വദേശാഭിമാനം മതവിശ്വാസത്തിന്റെ (ഈമാൻ) ഭാഗമാണെന്നു ഉറച്ചു വിശ്വസിച്ചിരുന്ന സാത്വികനായ ഒരു മതപണ്ഡിതൻ ആയിരുന്നു ഇസ്മാഈൽ സാഹിബ്.

മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങൾ പാക്കിസ്ഥാന്റെ ഭാഗമായിരിക്കണമെന്ന പഴയവാദങ്ങൾ ചിലർ പൊടിതട്ടിപുറത്തെടുത്ത് കാശ്മീർ പ്രശ്നമായി ഉയർത്തിയപ്പോൾ ഇസ്മാഈൽ സാഹിബിന്റെ മറുപടി എല്ലാ പ്രചാരണങ്ങളുടെയും മുനയൊടിക്കുന്നതായിരുന്നു. മുസ്‌ലീംഭൂരിപക്ഷ പ്രദേശമായതുകൊണ്ടു തന്നെയാണ് അത് ഇന്ത്യയുടെ ഭാഗമായിതന്നെ തുടരണമെന്ന് ലീഗ് ആവശ്യപ്പെടുന്നത്. കാരണം അത്രയധികം മുസ്‌ലിംകളെ ഇന്ത്യയ്ക്കു നഷ്ടപ്പെട്ടുകൂടാ. ഇസ്മാഈൽ സാഹിബിന്റെ പാർലിമെന്റ് പ്രസംഗം ഐക്യരാഷ്ട്രസഭയിൽ ഇന്ത്യൻ പ്രതിനിധി ഡോ. ബെനിഗൽ നരസിംഹറാവു എടുത്തുദ്ധരിക്കുകയുമുണ്ടായി. എന്നിട്ടും മുസ്‌ലിംകളെ പൊതുവെയും മുസ്‌ലീംലീഗുകാരെ പ്രത്യേകിച്ചും സംശയിച്ചു നടന്ന കുറെ തല്പര കക്ഷികളുണ്ടായിരുന്നു. വിവിധ കക്ഷി നേതാക്കളെന്നപോലെ പല മാധ്യമങ്ങളും മറ്റുള്ളവരിൽ ആശയക്കുഴപ്പം ഉണ്ടാക്കാനുള്ള തീവ്ര ശ്രമത്തിൽ പങ്ക് ചേർന്നു.

ഇന്ത്യയുടെ അവഭാജ്യഘടകമായിക്കഴിഞ്ഞ കശ്മീരിന്റെ കാര്യത്തിൽ ഓരോ ഇന്ത്യക്കാരനെയും പോലെ ലീഗുകാരനും അത് അംഗീകരിച്ചതായിരുന്നു. നേതാക്കളും ലീഗിന്റെ മുഖപത്രവും അത് പലതവണ സംശയലേശമന്യെ വ്യക്തമാക്കിയതുമായിരുന്നു.

എന്നാൽ രാഷ്ട്രീയമായി ലീഗിനെ തേജോവധം ചെയ്യാനുള്ള ശ്രമങ്ങൾ ഒറ്റക്കും കൂട്ടായും തുടർന്നു കൊണ്ടേയിരുന്നു. ആകാശവാണിയുടെ ശ്രീനഗർ നിലയത്തിലൂടെ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് പ്രസിഡന്റ് ഖാഇദേമില്ലത്ത് ഇസ്മാഈൽ സാഹിബ് 1958ൽ നടത്തിയ പ്രക്ഷേപണ പ്രസംഗം പോലും ഈ എതിർപ്പുകാർ കണ്ടില്ലെന്നു നടിക്കുകയും ചെയ്തു.

കശ്മീർ സംബന്ധിച്ച പ്രമേയം ഐക്യരാഷ്ട്ര സമ്മേളനത്തിൽ

പരാജയപ്പെട്ടപ്പോൾ മണിക്കൂറുകൾ പ്രസംഗിച്ചിട്ടും ഇതര രാജ്യങ്ങളുടെ പിൻതുണനേടാൻ കഴിയാത്തതിനു ഇന്ത്യൻ പ്രതിനിധി വി.കെ. കൃഷ്ണ മേനോനെ ബാഫഖി തങ്ങൾ ശക്തിയായി വിമർശിച്ചു. കോഴിക്കോട്

കടപ്പുറത്ത് നടന്ന ഒരു പൊതുസമ്മേളനത്തിൽ കൃഷ്ണമേനോനെ മടക്കി വിളിക്കണമെന്നുപോലും ബാഫഖി തങ്ങൾ ആവശ്യപ്പെട്ടു.

കോൺഗ്രസ് നേതാക്കളും അവരെ അനുകൂലിക്കുന്ന മാധ്യമങ്ങളും കിട്ടിയ അവസരം മുതലാക്കി ബാഫഖി തങ്ങളെ രാജ്യരക്ഷാ പ്രശ്നത്തിന്റെ പേരിൽ അറസ്റ്റ് ചെയ്യണമെന്നു വരെ ആവശ്യങ്ങൾ ഉയർത്തി.

അന്നു സഖ്യകക്ഷിയായിരുന്ന പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രഗത്ഭനായ നേതാവ് അരങ്ങിൽ ശ്രീധരനാണ് മറുപടി പറഞ്ഞത്. കൃഷ്ണമേനോനെ മടക്കി വിളിച്ചാൽ പോര. അദ്ദേഹത്തിനുവേണ്ടി ചെലവായ പണം തിരിച്ചു പിടിക്കുകകൂടി വേണം.

ലീഗിനെതിരായ ഈ കശ്മീർ ഉമ്പാച്ചി പിൽക്കാലത്ത് ഇന്ത്യൻ പാർലമെന്റിലും പ്രതിധ്വനിച്ചു. ഇന്ത്യാ-പാക്ക് യുദ്ധ കാലത്തായിരുന്നു അത്. ഇന്ത്യയോട് കൂറു കാണിക്കാൻ മടിക്കുന്നവരാണ് മുസ്ലിംകളെന്ന അർഥത്തിൽ ഒരു ഭാരതീയ ജനസംഘം. മെമ്പർ രാജ്യസഭയിൽ കുറ്റപ്പെടുത്തി. രാജ്യസഭയിൽ അന്നു ലീഗുകാരനായി ബി.വി. അബ്ദുല്ലക്കോയ മാത്രമെ ഉണ്ടായിരുന്നുള്ളു. ക്രുദ്ധനായി അദ്ദേഹം എണീറ്റു നിന്നു പറഞ്ഞു. ജനസംഘക്കാർക്കു അധര സേവ മാത്രമെ അറിയു. 1962ൽ ചൈനീസാക്രമണമുണ്ടായപ്പോൾ സ്വന്തം മകനെ രാഷ്ട്രത്തിനു സമർപ്പിക്കുന്നുവെന്നു പ്രധാനമന്ത്രി പണ്ഡിറ്റ്ജിക്കു കത്തയച്ച ഒരു പ്രസിഡന്റിന്റെ പാർട്ടിയിലെ അംഗമാണ് ഞാൻ.

അതെ, ദേശാഭിമാനം ഇസ്മാഈൽ സാഹിബിനെ സംബന്ധിച്ചിടത്തോളം വെറും വാചകമടി മാത്രമായിരുന്നില്ല. യുദ്ധം നടക്കവെ, നാട്ടിനുവേണ്ടി എന്ത് സേവനവും അനുഷ്ഠിക്കാൻ താൻ പുത്രദാനം നടത്തുകയാണെന്നു അദ്ദേഹം പ്രധാനമന്ത്രിക്ക് നേരിട്ടു എഴുതി. പുത്രൻ ഇസ്മാഈൽ നബിയെ ദൈവവിളിയുണ്ടായപ്പോൾ ബലിയർപ്പിക്കാൻ സന്നദ്ധനായ ഇബ്രാഹിം നബിയുടെ വീരസമരണകൾ അയവിറക്കിക്കൊണ്ട്, മകൻ മിയാഖാൻ ആ ഓഫർ അംഗീകരിക്കുകയും, ആ വിവരമറിഞ്ഞ പണ്ഡിറ്റ് നെഹ്റു അതിൽ അഭിമാനം കൊള്ളുകയും ചെയ്തു. മദ്രാസിൽ തന്നെ യുദ്ധസംബന്ധമായ പ്രവർത്തനങ്ങളിൽ മിയാഖാൻ വ്യാപൃതനാകട്ടെ എന്നു പണ്ഡിറ്റ്ജി മറുപടി അയച്ചതും ചരിത്രത്തിന്റെ ഏടുകളിൽ ജ്വലിച്ചു നിൽക്കുന്നു.

അബ്ദുല്ലക്കോയ പ്രസംഗം നിർത്തിയില്ല. ചൈനയ്ക്കും പാക്കിസ്ഥാനുമെതിരായ യുദ്ധത്തിൽ ഇന്ത്യക്കുവേണ്ടി പോരാടിയ ഒരു മകന്റെ അഭിമാനിയായ ഒരു പിതാവുമാണ് ഞാൻ. മേജർ മായൻ അക്കാലത്ത്

എം.ഇ.ജീ. സേനയിലെ അംഗമെന്ന നിലയിൽ യുദ്ധ മുന്നണിയിൽ സേവ നമനുഷ്ഠിച്ചിരുന്നു.

സംഘർഷം നിറഞ്ഞ അന്തരീക്ഷത്തിൽ 1954ൽ കോഴിക്കോട് നടന്ന മലബാർജില്ലാ ലീഗ് സമ്മേളനത്തിന്റെ സ്വാഗതസംഘം ജോയന്റ് സെക്രട്ടറിയായി സി.എച്ചി.നൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞപ്പോൾ ഇസ്മാഈൽ സാഹിബുമായി കൂടുതൽ അടുക്കാൻ കഴിഞ്ഞത് ബി.വി. ഓർക്കാറുണ്ടായിരുന്നു. 1956ൽ എറണാകുളത്ത് ചേർന്ന സമ്മേളനത്തിൽ മുസ്‌ലിംലീഗ് സ്റ്റേറ്റ് കമ്മറ്റിയുടെ ഔപചാരിക ഉദ്ഘാടനം നിർവഹി ച്ചതും ഇസ്മാഈൽ സാഹിബായിരുന്നു.

ഇതൊക്കെയും ഓർക്കുമ്പോൾ അബ്ദുല്ലക്കോയ തന്റെ ഒരു വലിയ വിജയമായിക്കാണുന്നത്, ഒരിക്കൽ ഇസ്മാഈൽ സാഹിബിനെ കീഴടക്കാൻ കഴിഞ്ഞ കാര്യമാണ്.

പ്രശസ്ത പത്രപ്രവർത്തകനായ എ.എം.കുഞ്ഞിബാവ അനുസ്മ രിക്കുന്നു. ഖാഇദേ മില്ലത്ത് ആദ്യമായി മലബാറിൽ മത്സരിക്കാനിടയായ കാലം. 1962 ജനുവരി 13നു എറണാകുളത്ത് സംസ്ഥാന മുസ്‌ലിംലീഗ് കൗൺസിൽ യോഗം. അനാരോഗ്യം കാരണം ബി. പോക്കർ സാഹിബ് വീണ്ടും പാർലിമെന്റിലേക്ക് മത്സരിക്കുന്നില്ല. പകരം മഞ്ചേരിയിൽ നിന്നു ഇന്ത്യൻ യൂണിയൻ മുസ്‌ലീംലീഗ് പ്രസിഡന്റായ ഇസ്മാഈൽ സാഹിബ് മത്സരിക്കണമെന്ന യോഗം തീരുമാനിക്കുന്നു. എല്ലാവരും അനുകൂലിച്ചു. എന്നാൽ ഒരാൾ മാത്രം എതിർത്തു. അത് ഖാഇദേ മില്ലത്ത് തന്നെയായിരു ന്നു.

കേരളത്തിലെ ലീഗ് നേതാക്കളിൽ ആരെങ്കിലും ആ സ്ഥാനം ഏറ്റെടുക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം തന്റെ നില പാട് അദ്ദേഹം ഭംഗിയായി തന്നെ അവതരിപ്പിച്ചു. ഒരു വീട് നിർമാണ ത്തിനു കരാർ എടു ത്ത ആൾ ആ വീടുണ്ടാക്കി അതിന്റെ ഉടമയെ ഏല്പി ക്കയല്ലാതെ അതിൽ കടന്നു കയറി താമസിക്കരുത്.

അദ്ദേഹം പറഞ്ഞു. ലീഗിനു ജയിക്കാൻ കഴിഞ്ഞ ഏകമണ്ഡ ലത്തിൽ ഞാൻ കയറി നിന്നാൽ ഇതിനാണ് ഈ പ്രസ്ഥാനവുമായി നട ക്കുന്നതെന്നു ആളുകൾ കുറ്റപ്പെടുത്തും.

അപ്പോൾ അദ്ദേഹത്തെ മദ്രാസിൽ അടുത്തറിയുന്ന എം.കെ ഹാജി ഇടപെട്ടു. ബാഫഖി തങ്ങളുടെ അഭ്യർഥനയെയാണോ, തലൈ വർ, അങ്ങ് ധിക്കരിക്കുന്നത്.?

തികഞ്ഞ നിശ്ശബ്ദത. സദസ്സിൽ നിന്നൊരാൾ എഴുന്നേറ്റു. കൂടിയി രുന്നവർ കാതോർത്തു. സമുദായ താല്പര്യമെന്ന ഭവന നിർമാണത്തിനാണ് നമ്മളെല്ലാം ഒന്നിച്ചു നിൽക്കുന്നത്. നമ്മളൊന്നായി പണി തീർത്ത വീടാണി ത്. അതിൽ താമസിക്കേണ്ടത് ആരെന്നു തീരുമാനിക്കാനാണ് നമ്മളിവിടെ കൂടിയിരിക്കുന്നത്. ഇന്നത്തെ പരിതസ്ഥിതിയിൽ സമുദായം അങ്ങയെ ഈ ഉത്തരവാദിത്തം ഏല്പിക്കുകയാണ്. ഇതിൽ നിന്നു അങ്ങ് ഒഴിഞ്ഞുമാറുക യാണെങ്കിൽ വരാൻ പോകുന്ന നഷ്ടത്തിനു അങ്ങ് തന്നെ മറുപടി പറയേ

ണ്ടിവരും.

ബാഫഖി തങ്ങളുടെ അഭിപ്രായവും എം.കെ. ഹാജി യുടെ പിന്തുണയുമായപ്പോൾ യുക്തി ഭദ്രമായ ന്യായവാദങ്ങൾക്കു മുന്നിൽ കുശാഗ്രബുദ്ധിയായ നേതാവിനു വഴങ്ങുകയല്ലാതെ മാർഗമുണ്ടായിരുന്നില്ല.

കുഞ്ഞിബാവ പറയുന്നു. നേതാവിനെ കീഴടക്കിയ വാക്കുകൾ അബ്ദുല്ലക്കോയ സാഹിബിന്റെതായിരുന്നു.(ബി.വി. സ്മരണിക).

മദ്രാസിൽ പ്രതിപക്ഷ നേതാവായിരുന്ന കാലത്ത് ഇസ്മാഈൽ സാഹിബ് താമസിച്ചത് സാൻതോമിലെ ചെറിയ ഗവ. ക്വാർട്ടേഴ്സിലായിരുന്നു. അക്കാലത്ത് മണ്ണെണ്ണ റേഷൻ ക്വാട്ട വർധിപ്പിക്കാൻ എല്ലാവരും ശ്രമിച്ചിരുന്നപ്പോൾ അധികൃത സ്ഥാനങ്ങളിലേക്ക് ഇസ്മാഈൽ സാഹിബിന്റെയും ഒരുകത്ത് പോയി. അതിലെ ഉള്ളടക്കം ക്വാട്ട വർദ്ധിപ്പിക്കാനായിരുന്നില്ല. തന്റെ വേലക്കാരി രണ്ടു മാസത്തെ അവധിക്കു പോകുകയാണ്.അക്കാലത്തേക്കുള്ള റേഷൻ വിഹിതം തന്റെ ക്വാട്ടയിൽ നിന്നു കുറക്കണം.

അണ്ണാമലൈ സർവകലാശാലയിൽ പഠിക്കുകയായിരുന്ന പുത്രൻ മിയാഖാനു ഇസ്മാഈൽ സാഹിബിനോടൊപ്പം താമസിച്ചു പഠിക്കാനായി മദ്രാസ് സർവകലാശാലയിലേക്കു മാറ്റം നൽകാൻ തമിഴ്നാട് സർക്കാർ സൗകര്യം ഒരുക്കിയ കഥയുണ്ട്. ആ ഔദാര്യത്തിൽ മകൻ പഠിക്കേണ്ട എന്നറിയിക്കുകയായിരുന്നു, സാഹിബ്. മറ്റാർക്കും ലഭിക്കാത്ത ഔദാര്യം തനിക്കുമാത്രമായി വേണ്ട എന്നതായിരുന്നു അദ്ദേഹത്തിന്റെ കർക്കശ നിലപാട്.

ഹജ്ജിനു പോകവെ എം.പി.യായ ഇസ്മാഈൽ സാഹിബിനു സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നു സൗദിയിലെ ഇന്ത്യൻ സ്ഥാനപതിക്കു പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി ഒരു കത്ത് നൽകി. എന്നാൽ ഹജ്ജ് കഴിഞ്ഞു തിരിച്ചു വരാൻ നേരത്താണ് അദ്ദേഹം അംബാസഡറെ ആ കത്ത് ഏൽപിച്ചത്.

അണ്ണാദുരെയുടെ മരണത്തിനുശേഷം തലൈവരുടെ സ്ഥാനത്ത് ഡി.എം.കെ. പ്രതിഷ്ഠിച്ചത് ഇസ്മാഈൽ സാഹിബിനെയായിരുന്നു. പകരം മുഖ്യമന്ത്രിയായി അധികാരമേൽക്കാൻ എം.കരുണാനിധിയും സഹ മന്ത്രിമാരും പോയത് ഖാഇദെമില്ലത്തിനെ ദയാമൻസിലിൽ ചെന്നു കണ്ട് അനുഗ്രഹം തേടിയായിരുന്നു.

അദ്ദേഹത്തിന്റെ പേരിൽ തമിഴ്നാട് ഗവൺമെന്റ് ഒരു ജില്ല തന്നെ രൂപവൽക്കരിക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റാകട്ടെ, തപാൽ മുദ്രയും പുറത്തിറക്കി. അദ്ദേഹത്തെ അടക്കം ചെയ്ത വാലാജാ റോഡിലെ പള്ളി, സമുദായം ഖാഇദേമില്ലത്തിന്റെ പേരിൽ പുനർ നാമകരണം ചെയ്യുകയുമുണ്ടായി.

1972 ഏപ്രിൽ അഞ്ചിനാണ് ഇസ്മാഈൽ സാഹിബ് ചെന്നൈയിൽ അന്ത്യശ്വാസം വലിച്ചത്. അതിനു നാലുമാസങ്ങൾക്ക് മുമ്പ് നവം

ബറിൽ ആഴ്ചകളോളം ഡൽഹിയിൽ വെല്ലിംഗ്ടൺ ഹോസ്പിറ്റലിൽ ആയിരുന്നു. ചെന്നൈയിൽ നിന്നു ഡൽഹിയിലെത്തി വെസ്റ്റേൺ കോർട്ടിലെ ഫ്ളാറ്റിൽ കയറി ഷെർവാണിയുടെ ബട്ടൺ അഴിക്കവെ രക്തം ഛർദ്ദിച്ചു വീഴുകയായിരുന്നു. അക്കാലത്ത് സുലൈമാൻ സേട്ടി നൊപ്പം അബ്ദുല്ലക്കോയ അടക്കമുള്ള, ലീഗ് എം.പി.മാർ മാറിമാറി പരി ചരിക്കാൻ ആശുപത്രിയിൽ സന്നിഹിതരായിരുന്നു.സൗദി കോൺസലും ഡി.എം.കെ. നേതാവ് കെ. മനോഹരൻ എന്നിവരും സ്ഥിരം സന്ദർശക രായിരുന്നു

അതിനിടയിലാണ് ഈദുൽഫിത്ർ കടന്നു വന്നത്. ആ ചെറിയ പെരുന്നാൾ ദിനത്തിൽ വെല്ലിങ്ങ്ടൺ ആശുപത്രിയിലെ എട്ടാം നമ്പർ മുറിയിൽ ചെന്ന മലയാള മനോരമ ഡൽഹി ബ്യൂറോ ചീഫ് ടി.വി.ആർ. ഷേണായ് അത്ഭുതപ്പെട്ടത് രോഗശയ്യയിലായിരുന്നിട്ടും ഇന്ത്യക്കു വേണ്ടി പ്രാർത്ഥിക്കുന്ന നേതാവിനെ കണ്ടപ്പോഴാണ്.

പത്മഭൂഷൺ നേടിയ പത്രലേഖകനായ ഷേണായ് അന്നെഴുതി. എഴുപത്തഞ്ചാമത്തെ വയസിലും റമസാൻവ്രതമനുഷ്ഠിച്ചുകൊണ്ടാണ് എട്ടു ദിവസം മുമ്പ് പാർലമെന്റ് സമ്മേളനത്തിൽ പങ്കെടുക്കാൻ സാഹിബ് എത്തിയത്. യാത്ര ഒരു മുസൽമാനെ വ്രതാനുഷ്ഠാനമെന്ന നിർബന്ധ ത്തിൽ നിന്നു ഒഴിവാക്കിയിരുന്നെങ്കിലും, അദ്ദേഹം നോമ്പ് എടുക്കുക യായിരുന്നുവെന്നു ഷേണായ്ചൂണ്ടിക്കാട്ടി. അന്നു രാത്രി താമസസ്ഥല മായ വെസ്റ്റേൺ കോർട്ടിൽ ക്ഷീണിച്ചു കയറിയ അദ്ദേഹത്തെ രക്തം ഛർദ്ദിച്ചു പ്രജ്ഞയറ്റ നിലയിൽ ആശുപത്രിയിലേക്കെടുത്തു.

ഒരാഴ്ചത്തെ ചികിത്സ ഇസ്മാഈൽ സാഹിബിനു വളരെയേറെ ഫലം ചെയ്തു. അദ്ദേഹം ഉന്മേഷവാനായപോലെ തോന്നി. ഒരൊറ്റ പരാ തിയേ താൻ ചെന്നു കണ്ടപ്പോൾ അദ്ദേഹം പറഞ്ഞുള്ളു.കൈകൾ രണ്ടും വേദനിക്കുന്നു. രക്തം പരിശോധിക്കാൻ വേണ്ടി ഈ ഡോക്ടർമാർ എത്ര തവണ എന്റെ കൈക്കുകുത്തിയെന്നോ.

അപ്പോഴാണ് ഒരു ഡോക്ടർ കടന്നുവന്നത്.ഈസ്മാഈൽസാ ഹിബ് ചിരിച്ചുകൊണ്ടു പറഞ്ഞു.രക്തത്തിനുവേണ്ടിയാണോ? എങ്കിൽ കുറച്ചു ദിവസം കഴിഞ്ഞു വരിക. അപ്പോൾ എനിക്കു തരാൻമാത്രം രക്ത മുണ്ടാകും.

ഡോക്ടർ പുഞ്ചിരിച്ചു. അദ്ദേഹം ചാർട്ടിലേക്കു നോക്കി. ഇസ്മാഈൽസാഹിബ് കൈപിടിച്ചു.പക്ഷെ ഇത്തവണ ഈദ്മുബാറക്ക് നേരാനായിരുന്നു.

ഇസ്മാഈൽ സാഹിബ് പറഞ്ഞു തുടങ്ങി. ഞാൻ ഈദ് പ്രാർഥന നടത്തി. നാട്ടിൽ സമാധാനത്തിനുവേണ്ടി. ഉപഭൂഖണ്ഡത്തി ലാകെ സംഘർഷം തിങ്ങിനിൽ ക്കുമ്പോൾ മറ്റെന്തിനുവേണ്ടി പ്രാർത്ഥി ക്കാൻ?. നമുക്കു യുദ്ധം ആവശ്യമില്ല. സമുദായത്തിന്റെ നേതാവ് (ഖാഇ ദേമില്ലത്ത്))എന്നു പേരുള്ള ഇസ്മാഈൽ സാഹിബ് ഷേണായിയോട് തുടർന്നു. പക്ഷെ യുദ്ധം പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ ഇന്ത്യ വിജയി

ക്കണമേ എന്നും ഞാൻ പ്രാർത്ഥിച്ചു.

തന്റെ ഈദ്ദിന സന്ദേശത്തിൽ പറഞ്ഞ കാര്യം അദ്ദേഹം അനുസ്മരിച്ചു. സ്വരാജ്യസ്നേഹം വിശ്വാസത്തിന്റെ ഭാഗമാണെന്നാണ് ഇസ്ലാം മതം പഠിപ്പിക്കുന്നത്. വതൻ എന്നു പറഞ്ഞാൽ ഒരു നാട്ടിലെ നദികളെയും മലകളെയും സ്നേഹിക്കുക എന്നതല്ല. അവിടത്തെ നാട്ടുകാരെ സ്നേഹിക്കുക എന്നത്രെ.

അപ്പോൾ സമയമായിക്കഴിഞ്ഞിരുന്നു, സൂര്യാസ്തമന വേളയിലെ മഗ്രിബ് നമസ്കാരത്തിനു. അധികം സംസാരിക്കരുതെന്ന നഴ്സിന്റെ നിർദ്ദേശം അപ്പോൾ മാത്രമാണ് അദ്ദേഹം സ്വീകരിച്ചത്.

പതിവ് പോലെ തന്റെ കുടുംബത്തോടൊപ്പം സുഹൃത്തുക്കളോടൊപ്പം പെരുന്നാൾ ആഘോഷിക്കാൻ ഇസ്മാഈൽ സാഹിബിനു കഴിഞ്ഞില്ല. പക്ഷെ, ഒരു യഥാർഥ മുസ്ലിം എന്ന നിലക്കു രോഗശയ്യയിലും അദ്ദേഹം പ്രാർഥനകൾ കൈവെടിഞ്ഞില്ല.

ആശുപത്രിയിൽ തനിക്കു ലഭിച്ച പെരുന്നാൾ ഭക്ഷണം പോലും അദ്ദേഹം കഴിച്ചില്ല.അതദ്ദേഹം ഒരു പാവപ്പെട്ടവനു ദാനം ചെയ്തു. രോഗിയുടെ ഭക്ഷണം കൊണ്ടുതന്നെ അദ്ദേഹം തൃപ്തിപ്പെട്ടു. പാവപ്പെട്ടവനാകട്ടെ, ഒരു പെരുന്നാൾ സദ്യ ലഭിക്കുകയും ചെയ്തു. (ടി.വി. ആർ.ഷേണായ്, മലയാളമനോരമ നവംബർ 21, 1971)

ദുഅ്തത്ത് യുദ്ധത്തിലെ സേനാധിപനായ ജഅ്ഫറുബിൻ അബുതാലിബിന്റെ കഥ ഷേണായ് അറിഞ്ഞു കാണുമോ എന്നറിയില്ല. മുറിവേറ്റ് പടക്കളത്തിൽ പിടയുകയായിരുന്ന ജഅ്ഫറിനു ഒരു പടയാളി ദാഹജലവുമായി എത്തി. ജഅഫർ പറഞ്ഞു. എനിക്കു വേണ്ട, എനിക്കു നോമ്പാണ്.

തുടർന്ന് ഡൽഹി ആശുപത്രിവിട്ട ഇസ്മാഈൽ സാഹിബ് ചെന്നൈയിൽ തിരിച്ചെത്തി, പൊതുരംഗത്ത് സജീവമാകാൻ തുടങ്ങിയെങ്കിലും പ്രായാധിക്യവും ആരോഗ്യക്കുറവും വീണ്ടും അദ്ദേഹത്തെ രോഗശയ്യയിലാക്കി.

ഉദരരോഗം കലശലായി. മൂത്രതടസ്സം കാര്യമായി അനുഭവപ്പെട്ടു. വൃക്കകളുടെയും കരളിന്റെയും പ്രവർത്തനങ്ങളെ ആഴത്തിൽ ബാധിച്ചു. സ്റ്റാൻലി മെഡിക്കൽ കോളേജിലെ ഒരു ഡസനിലേറെ വരുന്ന ഡോക്ടർമാർ രാപകൽ കാവൽനിന്നു ചികിത്സിച്ചിട്ടും അദ്ദേഹം ബോധരഹിതനായി. ശസ്ത്രക്രിയ നടത്തിയും രക്തം കുത്തിവെച്ചും ഓക്സിജൻ നൽകിയും ആ ജീവൻ രക്ഷിച്ചെടുക്കാനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു.

ബാഫഖി തങ്ങളെയും സേട്ടുസാഹിബിനെയും പോലുള്ള നേതാക്കളോടൊപ്പം സാഹിബിന്റെ ബന്ധുമിത്രാദികളും തമിഴ്നാട്ടിലെ രാഷ്ട്രീയ നേതാക്കളും പ്രതീക്ഷിച്ചും പ്രാർത്ഥിച്ചും നിൽക്കെ, മൂന്നു ദിവസം അതേ നിലയിൽ കിടന്ന ശേഷം പത്താം നാളിൽ മഹാനായ ആ നേതാവ് അന്ത്യശ്വാസം വലിച്ചു.

വൈദ്യശാസ്ത്രം കഴിയാവുന്നതെല്ലാം ചെയ്തു. എന്നാൽ "അലംഘനീയമായ ദൈവവിധിക്കു മുന്നിൽ ഞങ്ങൾക്കു കീഴടങ്ങേണ്ടിവന്നു". 15 വർഷമായി ഇസ്മാഈൽ സാഹിബിന്റെ പേഴ്സണൽ ഡോക്ടറായ കാഞ്ഞങ്ങാട് സ്വദേശി സ്റ്റാൻലി മെഡിക്കൽ കോളേജ് പ്രഫസർ ഡോ. യു. മുഹമ്മദ് പൊട്ടിക്കരഞ്ഞു കൊണ്ടു പറഞ്ഞു.പത്തു കിലോമീറ്റർ അകലെ ക്രോംപേട്ടിലുള്ള വസതിയിൽ മൃതദേഹം വിലാപയാത്രയായി കൊണ്ടുവന്നു നാലു മണിക്കൂർ വെച്ച ശേഷം കോളേജ് ഓഡിറ്റോറിയത്തിൽ ഏതാനും മണിക്കൂർ പൊതുദർശനത്തിനു വെച്ചു.പിന്നീട് ട്രിപ്ളിക്കേനിലെ വാലജാ ആർക്കോട്ട് ജുമാഅത്ത് പള്ളി ശ്മശാനത്തിൽ കബറടക്കുകയായിരുന്നു. മദ്രാസ് നഗരം ഹർത്താലാചരിച്ചു. മുസ്ലിംലീഗെന്നപോലെ ഡി.എം.കെ.യും ഒരാഴ്ചത്തെ ദുഃഖാചരണം പ്രഖ്യാപിച്ചു ●



ഐക്യമുന്നണി നേതൃനിരയിൽ- ഇബ്രാഹിം സുലൈമാൻസേട്ട്, എ.കെ ഗോപാലൻ, ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ്, ഇ.എം എസ് നമ്പൂതിരിപ്പാട്, ബി.ടി രണദിവെ, പി.കെ വാസുദേവൻ നായർ, അരങ്ങിൽ ശ്രീധരൻ എന്നിവരോടൊപ്പം

സീതിസാഹിബ് നേതാക്കളുടെ നേതാവ്

തലശ്ശേരിയിലെ സാമൂഹിക-രാഷ്ട്രീയ-വിദ്യാഭ്യാസ-സാംസ്കാരിക രംഗങ്ങളിൽ നിന്നു വളർന്നുയർന്ന അഭിഭാഷകനായ ടി.എം. സാവാൻകുട്ടി (1993-2005) ജീവിതത്തിൽ കെ.എം. സീതി സാഹിബിനെ (1898-1961) മാതൃകാപുരുഷനായികണ്ട പൊതു പ്രവർത്തകനാണ്. തലശ്ശേരി നഗരസഭാ അധ്യക്ഷൻ, മുസ്ലിം സർവീസ് സൊസൈറ്റി ചെയർമാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ എന്നീ നിലകളിലും ശോഭ വിതറിയ അദ്ദേഹം, സീതിസാഹിബിനെ അടുത്തു നിന്നു പഠിക്കുകയും കേരള സർക്കാറിന്റെ സാംസ്കാരിക വകുപ്പിനു വേണ്ടി സീതി സാഹിബിന്റെ കനപ്പെട്ട ഒരു ജീവചരിത്രം രചിക്കുകയുമുണ്ടായി.

പഞ്ചാബി സഹോദരന്മാർ മലബാറിന്റെ നിലവിളികേട്ട് കോഴിക്കോട്ട് വന്ന്, 93 വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ച ജെ.ഡി.ടി. ഇസ്ലാം സ്ഥാപനത്തിന്റെ നടത്തിപ്പിൽ പിൽകാലത്ത് നിർഭാഗ്യകരമായ ചില തർക്കങ്ങൾ മുളപൊട്ടിയപ്പോൾ, ഇലയ്ക്കും മുള്ളിനും കേടില്ലാതെ അത് പരിഹരിച്ചത് സാവാൻകുട്ടി സാഹിബായിരുന്നു.സംവരണം സംബന്ധിച്ച തർക്കങ്ങൾ ഉച്ചകോടിയിലെത്തിയപ്പോൾ അത് തീർക്കാനായി നായനാർ ഗവൺമെന്റ് രൂപവൽക്കരിച്ച ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷനിലും അദ്ദേഹത്തെ അംഗമാക്കിയിരുന്നു. നേരത്തെ നെട്ടൂർ പി. ദാമോദരൻ കമ്മീഷനിലും സാവാൻകുട്ടി അംഗമായിരുന്നിട്ടുണ്ട്.

നേതാക്കന്മാരുടെ നേതാവായി ലോകം ബാഫഖി തങ്ങളെ അംഗീകരിക്കുമ്പോഴും നമ്മുടെ നേതാവ് എന്നു ബാഫഖി തങ്ങൾ വിശേഷിപ്പിക്കാറ് സീതിസാഹിബിനെ മാത്രമായിരുന്നുവെന്നാണ് സാവാൻകുട്ടി ചൂണ്ടികാണിക്കുന്നത്.

ഭാവിതലമുറയ്ക്കു കൂടി മാതൃക സൃഷ്ടിച്ചു 53 വർഷം മുമ്പ് കടന്നുപോയ സീതി സാഹിബിനെ എല്ലാ അർത്ഥത്തിലും ഒരു ഇതിഹാസ പുരുഷനായിക്കണ്ട് പിൻപറ്റിയ ആളാണ് ബി.വി. അബ്ദുല്ലക്കോയ. അദ്ദേഹത്തിന്റെ സാമൂഹിക-വിദ്യാഭ്യാസ-രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഉടനീളം അനുസരണയോടെ നിൽക്കാൻ കഴിഞ്ഞതാണ്, തന്റെ ജീവിതസൗഭാഗ്യങ്ങളിൽ പ്രധാനപ്പെട്ടതെന്നു ബി.വി. പറയാറുണ്ടായിരുന്നു.

പിൽക്കാലത്ത് കേന്ദ്രമന്ത്രിയും, മുസ്‌ലിം ലീഗിന്റെ അഖിലേന്ത്യാ പ്രസിഡന്റുമായ ഇ. അഹമദ്, ഞാനറിയുന്ന നേതാക്കൾ , എന്ന തന്റെ ഗ്രന്ഥത്തിൽ കുറിച്ചിട്ടു: ലീഗിന്റെ നയതന്ത്ര രൂപീകരണത്തിന്റെ ശില്പികൾ ചെറിയ മമ്മുക്കേയിയും സയ്യിദ് ഉമർ തങ്ങളും ബി.വി.യും സി.എച്ചുമായിരുന്നു. സീതിസാഹിബ് തുടക്കമിട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ പ്രധാന സഹായിയും അനുയായിയും ബി.വി. അബ്ദുല്ലക്കോയയായിരുന്നു .

തിരുവനന്തപുരത്ത് വിദ്യാർത്ഥിയായിരിക്കേതന്നെ ദേശീയ പ്രസ്ഥാനത്തിൽ പ്രവേശിച്ച സീതിസാഹിബ്, കേരള മുസ്‌ലിംകളുടെ രാഷ്ട്രീയ-സാമൂഹ്യ-വിദ്യാഭ്യാസ രംഗത്തെ കുലപതിയായാണ് 1961ൽ കടന്നു പോയത്. കൊച്ചിയിലും അവിഭക്ത മദ്രാസിലും കേരളത്തിലും നിയമസഭാംഗമായിരുന്ന അദ്ദേഹം, 62-ാമത്തെ വയസിൽ മരണപ്പെടുമ്പോൾ കേരള നിയമസഭാ സ്പീക്കറായിരുന്നു. മദ്രാസിൽ എം.എൽ.എ. ആയിരിക്കേ, സ്പീക്കർ പാനലിലും അദ്ദേഹം അംഗമായിരുന്നിട്ടുണ്ട്.

ഷർട്ടിനു മുകളിൽ മുണ്ടുടുത്ത് കോട്ടും ഷൂസും ധരിച്ച് തലയിൽ കറുത്ത തൊപ്പിയും ചുണ്ടിലെപ്പോഴും പുഞ്ചിരിയുമായി, മുമ്പിൽ കാണുന്നവർക്കെല്ലാം സലാം പറഞ്ഞു നടന്നു നീങ്ങിയിരുന്ന ആ കുറിയ മനുഷ്യനെ പഴയതലമുറയിൽ ആർക്കും മറക്കാൻ ഒക്കില്ല. പിൽക്കാലത്ത് വെള്ളമുണ്ടും അരക്കയ്യൻ ഷർട്ടും അതിനു മുകളിൽ കഴുത്തു ചുറ്റി ഒരു വേഷ്ടിയും, തലയിൽ രോമത്തൊപ്പിയുമായി പ്രത്യക്ഷപ്പെടാറുള്ള ആ നേതാവ്, കുറിയ പ്രകൃതത്തിലും ഏത് സദസ്സിലും ശ്രദ്ധേയമായ വ്യക്തിത്വമായിരുന്നു. വശ്യമായ പുഞ്ചിരിക്കു അകമ്പടി സേവിച്ചു കൊണ്ടുള്ള ചിന്തോദ്ദീപകമായ കണ്ണുകളും ആരുടെയും ശ്രദ്ധാകേന്ദ്രം.

ആകർഷകമായ പെരുമാറ്റ രീതിയായിരുന്നു ഉടനീളം. പറഞ്ഞിട്ട് ആലോചിക്കുന്ന രാഷ്ട്രീയ നേതാക്കൾക്കിടയിൽ ആലോചിച്ചശേഷം മാത്രം പറയുന്ന പ്രായോഗിക ചിന്തകൻ.

സുവ്യക്തമായ തരത്തിൽ നിലപാട് വ്യക്തമാക്കിയാലും എതിർക്കു ന്നവരെ നേരിടുമ്പോൾ സൗമ്യനായ ആ ജനനേതാവ് ക്രുദ്ധനാവാറുണ്ട്. ആ മുഖം ചുവക്കും.പക്ഷെ അപ്പോഴും പ്രതികരണം, സുന്ദരമായ ഭാഷയിലായിരിക്കും. ദേഷ്യം വരുമ്പോൾ സീതിസാഹിബ് സംസ്കൃതത്തിലാ ണ് സംസാരിക്കുക എന്നു പലരും അടക്കം പറയാറുണ്ടെന്നു അദ്ദേഹത്തിന്റെ ശിഷ്യനായി വളർന്നു കേന്ദ്രത്തിൽ മന്ത്രിസ്ഥാനത്തെത്തിയ ഇ. അഹമ്മദ് ചൂണ്ടിക്കാട്ടാറുണ്ട്.

ആലപ്പുഴ ലജ്നത്തുൽ ഇസ്ലം വാർഷികത്തിൽ മഹാനായ കെ. സി. മാമ്മൻമാപ്പിള ചെയ്ത പ്രസംഗത്തിൽ മുസ്‌ലിം ചരിത്രം പരാമർശിച്ചതിലെ തെറ്റുകൾ കണ്ടപ്പോൾ സ്കൂൾ വിദ്യാർഥിയായ സീതിസാഹിബ് ക്രുദ്ധനായി. മഹാമനസ്കനായ മാമ്മൻ മാപ്പിള ആ അഭിപ്രായം അംഗീകരിച്ച് സീതിസാഹിബിനെ അഭിനന്ദിച്ചത് ചരിത്രത്തിന്റെ ഭാഗമാണ്.

മലബാർ കലാപത്തിന്റെ പശ്ചാത്തലത്തിൽ മുസ്‌ലിംകളെ കുറ്റപ്പെടുത്തിക്കൊണ്ടുള്ള വരികളുമായി മഹാകവി കുമാരനാശാൻ ദുരവസ്ഥ എന്ന കാവ്യം രചിച്ചപ്പോൾ, ഇതെന്തൊരവസ്ഥ ? എന്ന പേരിൽ സീതിസാഹിബ് എഴുതിയ മറുകുറി പ്രസിദ്ധമാണ്. അബദ്ധം മനസിലാക്കിയ ആശാൻ, സീതിസാഹിബിനെ ചെന്നുകണ്ട് ഖേദം പ്രകടിപ്പിക്കുകപോലും ചെയ്തു.

ഏഴാം നൂറ്റാണ്ടിൽ തന്നെ ഇസ്‌ലാം മതം പ്രചരിച്ചിരുന്ന കൊടുങ്ങല്ലൂരിൽ വിവിധ മണ്ഡലങ്ങളിൽ നിറഞ്ഞു നിന്ന പ്രമുഖ വ്യക്തിയായ കോട്ടപ്പുറത്ത് സീതി മുഹമ്മദ് സാഹിബിന്റെ (നമ്പൂതിരി മഠത്തിൽ കുഞ്ഞിക്കൊച്ചുഹാജി) പുത്രനായാണ് സീതിസാഹിബിന്റെ ജനനം. കാര്യങ്ങളെ കണ്ണടച്ചു വിശ്വസിക്കുകയോ,അന്ധമായി അനുകരിക്കുകയോ ചെയ്യാൻ തയ്യാറില്ലാത്ത പിതാവ്, മകനെയും ആ രീതിയിൽ തന്നെ വളർത്തി. കേരള മുസ്‌ലിം ഐക്യസംഘത്തിലും, പത്രപ്രവർത്തന രംഗത്തും, ഖിലാഫത്ത് സമരത്തിലും പിതാവിനെ പിൻപറ്റിയ സീതിസാഹിബിന്റെ മാതാവ് പടിയത്ത് കൊച്ചു ഫാത്തിമ, ദാനശീലത്തിലും ദീനാനുകമ്പയിലും മാതൃകാ മഹിളയായിരുന്നു.

ഇംഗ്ലീഷുകാരോടുള്ള വിദ്വേഷം, ആധുനിക വിദ്യാഭ്യാസത്തോട് തന്നെയുള്ള എതിർപ്പായി മാറിയ കാലഘട്ടത്തെ അതിജീവിച്ചായിരുന്നു, സാഹിബിന്റെ വിദ്യാഭ്യാസം. മലയാള ഭാഷ പഠിക്കാൻ തന്നെ വൈമുഖ്യം കാട്ടി, അറബി മലയാളത്തിൽ ഒതുങ്ങിനിന്ന പഴയതലമുറയെ ആധുനിക വിദ്യാഭ്യാസരംഗത്ത് കൈപിടിച്ചുയർത്താൻ അദ്ദേഹം വിലപ്പെട്ട സേവനങ്ങളാണ് നടത്തിയത്.

സ്വപിതാവ് തുടങ്ങിവെച്ച അഴീക്കോട് പ്രൈമറി സ്കൂളിൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനൊപ്പം ഒരേ ബെഞ്ചിലിരുന്നാണ് പഠനം തുടങ്ങിയത്. കൊടുങ്ങല്ലൂർ ഹൈസ്കൂളിൽനിന്നു സ്കൂൾ ഫൈനൽ പാസായി എറണാകുളം മഹാരാജാസ് കോളേജിൽ ഇന്റർമീഡിയറ്റ് കഴിഞ്ഞ് തിരുവനന്തപുരം മഹാരാജാസിൽ (ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജ്) നിന്നു ബി.എ.യും തിരുവനന്തപുരം ലോകോളേജിൽ നിന്നു 1925ൽ ബി.എല്ലും ജയിച്ചു.

പഠനകാലത്ത് തന്നെ പ്രസംഗത്തിലും പ്രബന്ധത്തിലും മികവ് കാട്ടി സമ്മാനങ്ങൾ നേടിയ കുട്ടി, നിസ്സഹകരണ പ്രസ്ഥാനത്തിൽ ആകൃഷ്ടനായി; ക്ലാസ് ബഹിഷ്കരണം നടത്തി പരീക്ഷകൾ നഷ്ടപ്പെടുത്തിയ ശേഷമാണ് മികച്ച നിലയിൽ ഇരട്ട ബിരുദം കൈക്കലാക്കിയത്.

കൊടുങ്ങല്ലൂരും എറണാകുളവും തിരുവനന്തപുരവും അദ്ദേഹത്തെ മാതൃകാവിദ്യാർത്ഥിയായി വളർത്തി.സ്വാതന്ത്ര്യ സമരത്തിൽ എടുത്തുചാടി ഒരു വർഷം നഷ്ടപ്പെട്ട ആ വിദ്യാർത്ഥി, പിൽക്കാലമത്രയും വിദ്യാർത്ഥിസമരങ്ങൾക്കെതിരായി. 1959ലെ കേരള വിമോചന സമരം. മറ്റെല്ലാ വിദ്യാർത്ഥിസംഘടനകളും ഒരണസമരത്തിൽ പങ്കുചേർന്നപ്പോൾ അതിൽ പങ്കാളികൾ ആവാൻ അനുവാദം ചോദിച്ചുവന്ന മുസ്‌ലീം

വിദ്യാർത്ഥി ഫെഡറേഷൻ നേതാക്കളെ സീതിസാഹിബ് വിലക്കുകയും ചെയ്യുകയുണ്ടായി.

മുസ്‌ലിം വിദ്യാർത്ഥി ഫെഡറേഷൻ കാലത്ത് തന്നെ പരിചയപ്പെടുകയുംഎറണാകുളത്തും തിരുവനന്തപുരത്തുമുള്ളതന്റെജീവിത കാലത്ത് സീതിസാഹിബിന്റെ വസതിയിൽ സ്ഥിരം സന്ദർശനം നടത്തുകയും ചെയ്യുമായിരുന്ന ഇ.അഹമ്മദ് പറയുന്നത് സീതി സാഹിബ് മുസ്‌ലിം സമുദായത്തിന്റെ നവോത്ഥാനത്തിനായി ചെയ്ത സേവനങ്ങൾ ഒരിക്കലും മറക്കാനാവില്ല എന്നാണ്. (ഞാനറിയുന്ന നേതാക്കൾ - ഇ. അഹമദ്).

പ്രസംഗപാടവവും വിവർത്തന സാമർഥ്യവും ചെറുപ്രായത്തിൽതന്നെ സീതിസാഹിബിനെ മഹാത്മജിയുടെയും ഫസലുൽ ഹഖിന്റെയും ലിയാഖത്തലിഖാന്റെയും കേരള പര്യടന വേളയിൽ മലയാളികൾ പരിഭാഷകനായി ആസ്വദിച്ചു. ട്രാൻസ്‌ലേറ്റർ ജനറൽ എന്നാണദ്ദേഹം വിശേഷിപ്പിക്കപ്പെട്ടത്.പിതാവിനെപ്പോലെ, ഖാദി വസ്ത്രങ്ങൾ ധരിച്ച് കോൺഗ്രസ് പ്രസ്ഥാനത്തിൽ അദ്ദേഹം സജീവമായി.

ക്വിറ്റിന്ത്യാ സമരത്തിനും ഒരു വ്യാഴവട്ടക്കാലം മുമ്പ് 1929ൽ ലഹോറിൽ നടന്ന എ.ഐ.സി.സി.യോഗം. അധ്യക്ഷൻ പണ്ഡിറ്റ് ജവാഹർലാൽ നെഹ്റു. ഇന്ത്യയുടെ ലക്ഷ്യം പരിപൂർണ സ്വാതന്ത്ര്യമാണെന്നു പ്രഖ്യാപിച്ച ആ സമ്മേളനത്തിൽ കേരളത്തിൽ നിന്നു പങ്കെടുത്ത രണ്ടു എ.ഐ.സി.സി. അംഗങ്ങളിൽ ഒരാൾ സീതിസാഹിബായിരുന്നു.എറണാകുളത്ത് അഭിഭാഷകനായിരുന്ന എ.ബി. സേലം ആയിരുന്നു 30 വയസ് പോലും തികയാതിരുന്ന സീതിസാഹിബിനു കൂട്ട്.

ഇന്ത്യ ജീവിച്ചാൽ മാത്രമെ ഇന്ത്യൻ മുസ്‌ലിമും ജീവിക്കുകയുള്ളു എന്ന ഉറച്ച വിശ്വാസക്കാരനായിരുന്നു, സീതിസാഹിബ്. ദേശസ്നേഹം ദൈവവിശ്വാസത്തിന്റെ ഭാഗമാണെന്ന കാര്യത്തിൽ അദ്ദേഹത്തിനു ഒരു സംശയവും ഉണ്ടായിരുന്നില്ല.

തിരുവന്തപുരത്ത് അഭിഭാഷകനായി പ്രാക്ടീസ് തുടങ്ങി, എറണാകുളത്ത് സിവിൽ-ക്രിമിനൽ രംഗത്ത് സൂര്യശോഭയോടെ തിളങ്ങി നിൽക്കവേ, കൊടുങ്ങല്ലൂരിൽ നിന്നു രണ്ടു തവണ അദ്ദേഹം കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലംഗമായും തിരഞ്ഞെടുക്കപ്പെട്ടു.

ഇതിനകം ന്യൂനപക്ഷ സംരക്ഷണം ഒരു പ്രശ്നമായി ഉയർന്നു വന്നിരുന്നു. ഭൂരിപക്ഷ തീരുമാനം ന്യൂനപക്ഷങ്ങൾ സ്വീകരിക്കണമെന്നു പറയുകയും ലക്നോസന്ധി പോലുള്ള സാമുദായിക ധാരണകൾ കാറ്റിൽ പറത്തുകയും ചെയ്യുകയാണെന്ന പ്രചാരണം പരന്നതു ഇതോടെയാണ് മുസ്‌ലിം ന്യൂനപക്ഷത്തിന്റെ അവകാശ സംരക്ഷണത്തിനായി 1906ൽ ആണ് മുസ്‌ലീംലീഗ് രൂപവൽക്കരിക്കപ്പെടുന്നത്.

1937 ഓടെ യാക്കൂബ് ഹസൻ, ഹാജി അബ്ദുസ്സത്താർ സേട്ട്, മുഹമ്മദ് ഇസ്മാഈൽ സാഹിബ്, ബി. പോക്കർ സാഹിബ്, കെ.എം. സീതിസാഹിബ് എന്നിവർ ജിന്നാ സാഹിബും ലിയാഖത്തലി ഖാനും

നേതൃത്വം നൽകിയ സർവേന്ത്യാ മുസ്‌ലീം ലീഗിലേക്ക് കടന്നുവന്നു.

1922ൽ ഖിലാഫത്ത് സമ്മേളനത്തിലും 1928ൽ നടന്ന ഐക്യ സംഘം വാർഷികത്തിലും പങ്കെടുക്കാൻ തലശ്ശേരിയിൽ വന്നിരുന്ന സീതി സാഹിബ്, ഒരു മതപരിവർത്തന കേസിൽഅഭിഭാഷകനായി 1932 മുതൽ തലശ്ശേരിയിൽ സ്ഥിര താമസമാക്കി. അപ്പോഴും വിവിധ സമുദായ നേതാക്കളുമായി അദ്ദേഹം തികഞ്ഞ സൗഹൃദം പാലിച്ചു.

പിൽക്കാല ജസ്റ്റിസുമാരായ പി. കുഞ്ഞഹമദ്കുട്ടി ഹാജി, വി. ഖാലിദ് എന്നിവർ ജൂനിയർമാരായി അദ്ദേഹത്തോടൊപ്പം നിന്നു. നല്ല പ്രാക്ടീസുള്ള അഭിഭാഷകനായി തിളങ്ങി നിന്ന കാലത്തും ജനകീയ പ്രശ്നങ്ങളിൽ സജീവമായ നേതൃത്വം നൽകുക എന്നത് അദ്ദേഹത്തിന്റെ സ്വഭാവ വിശേഷമായിരുന്നു. വിദ്യാഭ്യാസ സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള തീവ്രശ്രമങ്ങൾക്കിടയിലും, ഏത് തരത്തിലുള്ള സഹായം തേടി വരുന്നവരുടെ മുമ്പിലും ആ കവാടം അടഞ്ഞില്ല. തലശ്ശേരിയിൽ വാഹനങ്ങൾ കുറവായ ആ കാലഘട്ടത്തിൽ അത്യാസന്ന രോഗികളെ ആശുപത്രിയിലെത്തിച്ചതുപോലും സീതിസാഹിബിന്റെ കാറിലായിരുന്നു.

തലശ്ശേരിയിൽ പ്രാക്ടീസാരംഭിച്ചതോടെ ആ അഭിഭാഷകൻ അവിടത്തെ സാമൂഹിക-വിദ്യാഭ്യാസ-സാംസ്കാരിക മണ്ഡലങ്ങളിലും ശ്രദ്ധ പതിപ്പിച്ചു. തിരഞ്ഞെടുപ്പിൽ ഗ്രൂപ്പുകളായി മത്സരിക്കുന്ന തലശ്ശേരി മുസ്‌ലിംകളെ മുസ്‌ലീംലീഗ് എന്ന ഒരൊറ്റ കക്ഷിയുടെ കീഴിൽ അണിനിർത്താനുള്ള രാഷ്ട്രീയ പ്രവർത്തനങ്ങളും ആരംഭിച്ചു.

1948ൽ കറാച്ചിയിൽ നടന്ന സമ്മേളനത്തിലും തുടർന്നു കൽക്കട്ടയിൽ ചേർന്ന സമ്മേളനത്തിലും മുസ്‌ലിം ലീഗ് സ്വതന്ത്ര ഇന്ത്യയിൽ നിലനിർത്തണമെന്നു ശക്തിയായി വാദിച്ച അദ്ദേഹത്തിന്റെ സാന്നിധ്യത്തിലാണ്, 1948ൽ ചെന്നൈയിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് രൂപവൽകരിക്കപെട്ടത് സ്വാതന്ത്ര്യ സമ്പാദനത്തോടെ, മുസ്‌ലിംലീഗ് എന്ന രാഷ്ട്രീയപ്രസ്ഥാനത്തിനു ഇന്ത്യയിൽ പ്രസക്തി ഉണ്ടോ എന്ന ചോദ്യം ഉയർന്നു. എന്നാൽ ഇന്ത്യയിൽ ജനിച്ച് ഇന്ത്യയിൽ മരിക്കാനാഗ്രഹിക്കുന്ന മുസ്‌ലിംകൾക്ക് ഇന്ത്യൻ പൗരൻമാർക്ക അർഹമായനിയമപരമായ അവകാശങ്ങളുടെ സംരക്ഷണത്തിനാണ് സംഘടിക്കുന്നതെന്നു വിശദീകരിക്കാൻ സീതിസാഹിബിനു ഒരു മടിയും ഉണ്ടായിരുന്നില്ല.

അതിന്റെ പേരിൽ മുസ്‌ലിംകളുടെ സ്വദേശാഭിമാനത്തെ ചോദ്യം ചെയ്യാനാണ് ഭാവമെങ്കിൽ, ഉത്തരം പറയാൻ മനസ്സില്ല എന്നാണ് ഞങ്ങൾക്ക് പറയാനുള്ളതെന്നു അർഥശങ്കയില്ലാത്തവിധം അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു.

1948ൽ നാട്ടുരാജ്യങ്ങളുടെ ലയനത്തോടനുബന്ധിച്ചു ഹൈദരാബാദിൽ പോലീസ് നടപടി ഉണ്ടായപ്പോൾ, ഒരു കാരണവും കാണിക്കാതെ പാണക്കാട് പൂക്കോയ തങ്ങൾ, എം.പി.എം. അസ്സൻകുട്ടി കുരിക്കൾ, എൻ.വി. അബ്ദുസ്സലാം മൗലവി എന്നീ ലീഗ് നേതാക്കളെ മദ്രാസ് പോലീസ് അറസ്റ്റ് ചെയ്ത്, ജയിലിലടക്കുകയുണ്ടായി.

കൂടുതൽ അറസ്റ്റുകൾ വരുന്നുവെന്നു കേട്ടപ്പോൾ മലബാർ മുസ്‌ലിംലീഗിലെ പല ധനാഢ്യരും രാജിവെച്ചു. സീതിസാഹിബിനും അറസ്റ്റ് വാറന്റ് ഉണ്ടെന്നു അഭ്യൂഹം പരന്നു. സാഹിബാകട്ടെ, മൂത്തമക ളുടെ കല്യാണ ഒരുക്കത്തിലുമായിരുന്നു. നിക്കാഹിനു തന്റെ സ്ഥാനത്ത് സഹോദരനു വക്കാലത്ത് നൽകി, അദ്ദേഹം അറസ്റ്റ് കാത്തിരുന്നു. ഭയ മുള്ളവർക്കു ലീഗിൽ നിന്നും എത്രയും നേരത്തെപോകാമെന്നു അദ്ദേഹം പ്രസ്താവന ഇറക്കുകയും ചെയ്തു. എന്നാൽ സീതിസാഹിബിനെ ആരും അറസ്റ്റ് ചെയ്യാൻ വന്നില്ല.

1950ൽ ഇന്ത്യ റിപ്പബ്ലിക്കായ ശേഷം നടന്ന ആദ്യ തിരഞ്ഞെടു പ്പിൽ മലപ്പുറത്തുനിന്നു മദ്രാസ് നിയമസഭയിലേക്ക് സീതിസാഹിബ് തിര ഞ്ഞെടുക്കപ്പെട്ടു. അസംബ്ലി പാർട്ടി ലീഡർ സ്ഥാനത്ത് കെ. ഉപ്പി സാഹി ബിനെ പ്രതിഷ്ഠിച്ച് അഞ്ചു പാർട്ടി എം.എൽ.എ. മാരിൽ ഒരാളായി മാത്രം കഴിഞ്ഞപ്പോഴും, തിളക്കമുള്ള ഒരധ്യായം രചിച്ചു അദ്ദേഹം.കമ്മ്യൂണിസ്റ്റ് ഭരണം, ഇതാദ്യമായി രൂപപ്പെടുകയാണെന്നു തോന്നിയപ്പോൾ ലീഗ് കക്ഷി, സി. രാജഗോപാലാചാരിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് പാർട്ടിയെ മന്ത്രിസഭ രൂപവൽക്കരിക്കാൻ സഹായിക്കുന്നതിൽ ചരിത്രപരമായ പങ്ക് വഹിച്ചു.

മലബാറിൽ കുടിയാന്മാർക്കു പരിരക്ഷ നൽകുന്ന ബിൽ പാസാ ക്കിയെടുക്കാനും ഉർദു – അറബി ഭാഷകൾക്ക് വിദ്യാഭ്യാസ സിലബസിൽ അംഗീകാരം ഉറപ്പാക്കാനും സീതിസാഹിബുൾപ്പെട്ട മുസ്‌ലിം ലീഗ് നിയ മസഭാ കക്ഷി ജയിക്കുകയുണ്ടായി.

രണ്ടു തവണ മദ്രാസ് നിയസഭയിൽ അംഗമായിരുന്ന സീതിസാ ഹിബ്, 1957ൽ കോഴിക്കോട് നിന്നു പി.എസ്.പി. പിന്തുണയോടെ മുസ്‌ലീം ലീഗ് സ്ഥാനാർഥിയായി ലോക് സഭയിലേക്കു മത്സരിച്ചെങ്കിലും, മുസ്‌ലീം ഭൂരിപക്ഷ പ്രദേശങ്ങളിൽ വോട്ട് കുറഞ്ഞതിനെ തുടർന്ന് പരാജയപ്പെ ട്ടു. എന്നാൽ വിമോചന സമരത്തിനു പിന്നാലെ 1960 ഫെബ്രുവരിയിൽ നടന്നതിരഞ്ഞെടുപ്പിൽ കുറ്റിപ്പുറം മണ്ഡലം 70 ശതമാനം വോട്ടോടെ അദ്ദേഹത്തെ കേരള നിയമസഭയിലെത്തിച്ചു. കമ്യൂണിസ്റ്റ് സ്ഥാനാർഥിയെ ഇരട്ടിയിലേറെ വോട്ട് നേടി തോല്പിച്ചു കയറിയ സാഹിബ് 11 അംഗ ലീഗ് നിയമസഭാ കക്ഷി നേതാവായി നാമനിർദ്ദേശം ചെയ്യപ്പെടുകയും ചെയ്തു.

പരാജയത്തിനുപിന്നാലെ വിജയം

കേരള നിയമസഭയുടെ രണ്ടാമത്തെ സ്പീക്കറായി 1960ൽ എതി രില്ലാതെ കെ.എം.സീതിസാഹിബ് തിരഞ്ഞെടുക്കപ്പെട്ടു.കേരളത്തിന കത്തും പുറത്തും പ്രാക്ടീസ് ചെയ്തിരുന്ന അഭിജ്ഞനായ അഭിഭാഷ കൻ, സ്വാതന്ത്ര്യ സമരം മുതൽതന്നെ പൊതുരംഗത്തുണ്ടായിരുന്ന പ്രഗ ത്ഭനായ രാഷ്ട്രീയ ചിന്തകൻ, കൊച്ചിയിലും മദ്രാസിലും കഴിവ് തെളി

യിച്ച പാർലമെന്ററിയൻ എന്നിങ്ങനെ സമാദരണീയൻ എന്ന നിലയിലാണ്, കോൺഗ്രസ്സ്- പി.എസ്.പി.-ലീഗ് സഖ്യം അദ്ദേഹത്തെ നിയമസഭാദ്ധ്യക്ഷ സ്ഥാനത്തേക്കു നിർദ്ദേശിച്ചത്.

സേലം ജയിലിൽ ഏതാനും കമ്മൂണിസ്റ്റ് പ്രവർത്തകർ വെടിയേറ്റു മരണപ്പെട്ടപ്പോൾ അവരും മനുഷ്യരല്ലേ, ഇന്ത്യൻ പൗരന്മാരല്ലേ എന്ന വികാരാധീനനായി മദ്രാസ് നിയമസഭയിൽ സംസാരിച്ച അദ്ദേഹം, സ്പീക്കറുടെ അസാന്നിധ്യത്തിൽ മദ്രാസ് നിയമസഭ നിയന്ത്രിച്ച പാനലിൽപെട്ട എം.എൽ.എ.യും ആയിരുന്നു. നിയമസഭയുടെ അന്തസ് ഉയർത്തി നിർത്തുന്നതിലും നിയമസഭാംഗങ്ങളുടെ അവകാശങ്ങളും സ്വാതന്ത്ര്യവും നിഷ്പക്ഷമായി കാത്തുസൂക്ഷിക്കുന്നതിലും അദ്ദേഹം കാണിച്ച മികവ് സഭയുടെ എല്ലാഭാഗത്ത് നിന്നും പ്രകീർത്തിക്കപ്പെട്ടു. നിയമസഭാ ചട്ടങ്ങൾ പാലിച്ച് നിയമങ്ങൾ വ്യാഖ്യാനിച്ച് ഒട്ടുംക്ഷോഭിക്കാതെ, സഭയിൽ അനാശാസ്യ സംഭവങ്ങൾ ഉണ്ടാക്കാതെ, റൂളിങ്ങ് നൽകുന്ന അദ്ദേഹം ചെയറിലിരിക്കുന്ന സമയങ്ങളിൽ സഭയിൽ ബഹളങ്ങൾ അവധി എടുത്തുപോവുമായിരുന്നു. 1960 നവംബറിൽ ബാംഗ്ലൂരിൽ നടന്ന നിയമസഭാധ്യക്ഷന്മാരുടെ അഖിലേന്ത്യാ സമ്മേളനത്തിൽ കേരള സ്പീക്കറായ അദ്ദേഹം നടത്തിയ പ്രസംഗത്തെ സമ്മേളനാധ്യക്ഷനായ ലോക്സഭാ സ്പീക്കർ അനന്തശയനം അയ്യങ്കാർ പ്രത്യേകം പ്രകീർത്തിക്കുകയുണ്ടായി.

വായന, പ്രായവ്യത്യാസമന്യെ, ലീംഗഭേദം കൂടാതെ, മുസ്ലിംകളും കൊണ്ടുനടക്കേണ്ടുന്ന അറിവിന്റെ മേഖലയാണെന്ന ഉറച്ച വിശ്വാസക്കാരനായിരുന്നു, സീതിസാഹിബ്. തലശ്ശേരി കേന്ദ്രമായ മുസ്ലീം ലിറ്ററേച്ചർ സൊസൈറ്റിയുടെ പിറവി അങ്ങനെയാണ്.

മലബാർ ഇസ്ലാം, അൽഅമീൻ, മുസ്ലിം ഐക്യം, യുവലോകം, പ്രാചീനതാരക, ഇർഷാദ്, അൽ ഇസ്ലാഹി, കേരളോദയം തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ നടത്തിപ്പിലും അദ്ദേഹം പങ്കാളിയായി. ആനുകാലികങ്ങളിൽ സത്യാന്വേഷി എന്ന തൂലികാനാമത്തിൽ, സീതിസാഹിബ് പ്രത്യക്ഷപ്പെട്ടു. സ്വന്തം പത്രാധിപത്യത്തിൽ മലബാർ മെയിൽ എന്ന പത്രവും ആരംഭിച്ചു. രാഷ്ട്രീയ-വിദ്യാഭ്യാസ-സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളിൽ നടക്കുന്ന ചലനങ്ങൾ, ലേഖന വിഷയങ്ങളാക്കിയ പുതുതലമുറയിൽപെട്ട എഴുത്തുകാരെയും യുവപത്രപ്രവർത്തകരെയും അദ്ദേഹം പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

സമുദായത്തിന്റെ ലേബലൊട്ടിച്ചിറങ്ങിയ പ്രസിദ്ധീകരണങ്ങൾ, പലതലങ്ങളിലായി വിഭാഗീയത പ്രചരിപ്പിക്കുന്നവെന്നു വേദന തോന്നിയപ്പോഴാണ്, 1932ൽ തലശ്ശേരിയിൽ നിന്നു ചന്ദ്രിക പത്രം തുടങ്ങാൻ അദ്ദേഹം നേതൃത്വം നൽകിയത്. എല്ലാവിഭാഗങ്ങൾക്കും രുചിക്കുന്ന ഒരു പ്രസിദ്ധീകരണമെ ന്ന നിലയിൽ വാരികയായിട്ടായിരുന്നു തുടക്കം. 1946ൽ അത് ദിനപത്രമാ യി കോഴിക്കോട്ടേക്കു പറിച്ചുനടുകയും ചെയ്തു. ചന്ദ്രികയെ ലേഖനങ്ങൾ കൊണ്ടെന്നപോലെ മുഖപ്രസംഗങ്ങൾ കൊണ്ടും

സീതിസാഹിബ് ധന്യമാക്കി.

ഏറനാട്, വള്ളുവനാട് പ്രദേശങ്ങളിലെ വിദ്യാഭ്യാസ പിന്നോക്കാ വസ്ഥ പരിഹരിക്കുന്നതിനായി മലപ്പുറത്ത് ഗവ. ഹൈസ്കൂൾ സ്ഥാപിക്കുന്നതിലും, വെട്ടത്ത് പുതിയങ്ങാടിയിൽ ഗവ. ഗേൾസ് ഹൈസ്കൂൾ തുടങ്ങു ന്നതിലും അദ്ദേഹം പ്രധാന പങ്ക് വഹിച്ചു.

കോഴിക്കോട് ഹിമായത്തുൽ ഇസ്ലാം സ്കൂൾ, മദ്രസത്തുൽ മഹമ്മദീയ ഹൈസ്കൂൾ, തലശ്ശേരിയിൽ മുബാറക്കാ ഹൈസ്കൂൾ എന്നിവ ആരംഭി ക്കുന്നതിലും അദ്ദേഹത്തിന്റെ പ്രചോദനം ഏറെയായി രുന്നു. അക്കാലത്ത് സീതിസാഹിബിന്റെ ഒരു പ്രധാനസഹായി ബി. വി. അബ്ദുല്ലക്കോയയായിരുന്നുവെന്നു ഇ. അഹമദ് ഞാനറിയുന്ന നേതാക്കളിൽ പറയുന്നു.

ഇന്റർമീഡിയറ്റ് ക്ലാസ്വരെമാത്രം പഠിപ്പിച്ചിരുന്ന തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജിനെ ഡിഗ്രി കോളേജാക്കുന്നതിൽ അദ്ദേഹം തന്റെ സ്വാധീനം ഏറെ ഉപയോഗിച്ചു.

ദീർഘകാലം സെക്രട്ടറി ആയിരുന്ന പി.പി. ഹസൻകോയ ഓർത്തു: ഒരു എലിമെന്ററി സ്കൂൾ തുടങ്ങാൻ പോലും ധൈര്യമില്ലാത്ത കാലത്ത് ഫാറൂഖ് കോളേജ് സ്ഥാപനത്തിന്റെ (1948) പിന്നിൽ പ്രവർത്തിച്ച ശക്തി കേന്ദ്രം അദ്ദേഹമായിരുന്നു.അവിടെതന്നെ ഫാറൂഖ് ട്രെയിനിങ്ങ് കോളേജ്, തിരൂരിൽ സീതിസാഹിബ് പോളി ടെക്നിക്ക്, തളിപ്പറമ്പ് സീതി സാഹിബ് സ്കൂൾ എന്നിവ അദ്ദേഹത്തിന്റെ സ്മാരകമായി.

വടക്കെ മലബാറിൽ പാവപ്പെട്ട വിദ്യാർഥികളെ സാമ്പത്തികമായി സഹായിക്കാനായി രൂപവൽക്കരിക്കപ്പെട്ട ഹുസൻകാസം ദാദാ ട്രസ്റ്റിന്റെ സ്ഥാപക സെക്രട്ടറിയും കഥാപുരുഷനത്രെ. കോഴിക്കോട്ടെ ജെ.ഡി.ടി. ഇസ്ലാം, തിരൂരങ്ങാടി യതീംഖാന, തലശ്ശേരി ദാറുസ്സലാം യതീംഖാന എന്നിവയുടെ വളർച്ചയിലും സീതി സാഹിബിന്റെ പങ്ക് വലുതായിരു ന്നു.

തലശ്ശേരി കേന്ദ്രമായി പ്രവർത്തനം തുടങ്ങിയ, സീതിസാഹിബ് മലബാർ ജില്ലാ മുസ്ലിംലീഗിന്റെ സെക്രട്ടറി ആയി സാരഥ്യം ഏറ്റെടു ത്തപ്പോൾ അബ്ദുല്ലക്കോയ ജോയന്റ് സെക്രട്ടറിമാരിൽ ഒരാളായി. ബാഫഖി തങ്ങളെ ലീഗ് രാഷ്ട്രീയത്തിൽ കൊണ്ടുവന്നു അധ്യക്ഷസ്ഥാ നത്തിരുത്തിയ സീതിസാഹിബ്, പിന്നീട് കേരള സ്റ്റേറ്റ് മുസ്ലിം ലീഗിന്റെയും ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെയും ജനറൽ സെക്രെ ട്ടറിയായി ഉയരുകയുണ്ടായി. 1957ൽ കേരള മുസ്ലിംലീഗിന്റെ ഭരണഘ ടന തയാറാക്കുന്ന ഭാരിച്ച ചുമതലയും അദ്ദേഹം തനിച്ചു വഹിച്ചു.

1932ൽ തലശ്ശേരി കേന്ദ്രമായി ചന്ദ്രികപത്രം ആരംഭിക്കുന്ന തിനെന്ന പോലെ സ്വകാര്യ മേഖലയിലെ ആദ്യത്തെ മുസ്ലിംമാനേ ജ്മെന്റ് കോളേജ് 1948ൽ ഫറോക്കിൽ സ്ഥാപിക്കുന്നതിനു പിന്നിലും പ്രവർത്തിച്ച സൂത്രധാരൻ സീതിസാഹിബായിരുന്നു.

മലബാറിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന മുസ്‌ലിം ലീഗ് സമ്മേളനങ്ങളിലെല്ലാം സജീവസാന്നിധ്യമായിരുന്നു സീതിസാഹിബ്. അദ്ദേഹം ജനറൽ സെക്രട്ടറിയായിരിക്കേ 1954ൽ കോഴിക്കോട്ട് നടത്തിയ മലബാർ ജില്ലാ ലീഗ് സമ്മേളനത്തിന്റെ പ്രധാന സംഘാടകരിൽ ഒരാൾ ആവാൻ ബി.വി. അബ്ദുല്ലക്കോയക്കും സാധിച്ചു.

സംഘടനകളുടെ കാര്യത്തിൽ മാത്രമല്ല, വ്യക്തികളുടെ കാര്യത്തിലും പ്രശ്നങ്ങളുണ്ടെന്നറിഞ്ഞാൽ, തിരക്കുകളെല്ലാം മാറ്റിവെച്ച് ഇറങ്ങുന്ന പ്രകൃതമായിരുന്നു സീതി സാഹിബിന്റേത്. പ്രശസ്ത ചിന്തകനും കേരള സർവകലാശാലയുടെ മുൻ പ്രൊവൈസ് ചാൻസലറുമായ ഡോ. എൻ.എ. കരിം ഒരനുഭവം വിവരിക്കുന്നു. എറണാകുളം മഹാരാജാസ് കോളേജിൽ പഠിക്കവെ, രാഷ്ട്രീയ സമരത്തിൽ പങ്കെടുത്ത് പുറത്താക്കപ്പെട്ടതായിരുന്നു കരീം. പുതുതായി തുടങ്ങിയ ഫാറൂഖ്കോളേജിൽ അപേക്ഷ സമർപ്പിച്ചു. അപേക്ഷയോടൊപ്പം നൽകിയ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിൽ (ടി.സി) കോളേജ് മാറ്റത്തിനുള്ള കാരണം എന്ന കോളത്തിൽ പുറത്താക്കി എന്നാണ് ചേർത്തിരുന്നത്. സ്വഭാവം എന്ന കളളിയിൽ ഒരു ചുവന്ന വര മാത്രവും.

അങ്ങനെ ഒരു കുട്ടിയ്ക്ക് എങ്ങനെ പ്രവേശനം നൽകുമെന്നു ഫാറൂഖ് കോളേജ് പ്രിൻസിപ്പൽ വിഷമിച്ചു നിൽക്കെ, അന്നു കോളേജ് കമ്മിറ്റി സെക്രട്ടറിയായിരുന്ന സീതിസാഹിബ് വഴി പറഞ്ഞുകൊടുത്തു. അപേക്ഷകൻ ഭാവി പെരുമാറ്റത്തെക്കുറിച്ച് വേണ്ടത്ര ഉറപ്പ് തന്നിട്ടുണ്ട്, കോളേജിനു അതിൽ തൃപ്തിയാണ് എന്നു സർവകലാശാലക്കു എഴുതാൻ അദ്ദേഹം പ്രിൻസിപ്പലിനോട് പറഞ്ഞു. അല്പം വൈകിയെങ്കിലും എൻ.എ. കരിം എന്നു വിദ്യാഭ്യാസ വിചക്ഷണൻ ഏണിപ്പടികൾ കയറിയതങ്ങനെയാണ്.

കേരള നിയമസഭയുടെ സാരഥ്യം ഏറ്റ് ഒരാഴ്ച കഴിഞ്ഞതോടെ, തന്റെ പഴയ പ്രവർത്തന മേഖലയായ മലബാർ സന്ദർശനത്തിനു സീതിസാഹിബ് എത്തിയിരുന്നു. പഴയകാല സഹപ്രവർത്തകരുടെയും സുഹൃത്തുക്കളുടെ അനുയായികളുടെയും ക്ഷണം അനുസരിച്ചാണ് വന്നത്. തലശ്ശേരിയിലെ സ്വീകരണത്തിനുശേഷം കോഴിക്കോട്ടെത്തിയ അദ്ദേഹത്തെ കെ.പി. കേശവമോനോന്റെയും പി.പി. ഹസൻകോയയുടെയും നേതൃത്വത്തിലുള്ള ആതിഥേയസംഘം ബീച്ച് ഹോട്ടൽ അങ്കണത്തിൽ ഏർപ്പെടുത്തിയ ചടങ്ങിലാണ് ആദരിച്ചത്. അന്ന് അതിഥേയ സംഘത്തിനു വേണ്ടി ഹാരാർപ്പണം നടത്തിയ അബ്ദുല്ലക്കോയ, ഒരിക്കലും കരുതിയില്ല അത്, അദ്ദേഹത്തിന്റെ ഒടുവിലത്തെ മലബാർ സന്ദർശനമായിരിക്കും എന്ന്.സ്പീക്കർ പദവിയിലിരുന്നുകൊണ്ടുതന്നെ തിരുവനന്തപുരത്ത് മഹാനായ ആ രാഷ്ട്രീയാചാര്യൻ അന്ത്യശ്വാസം വലിക്കുകയും ചെയ്തു.

മാർച്ച് ആറിനു സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹത്തിന്റെ സേവനം, ഏറെക്കാലം അനുഭവിക്കാൻ കൊച്ചു കേരളത്തിനു

ഭാഗ്യമുണ്ടായില്ല. ഒരു വർഷം മാത്രം അധികാരക്കസേരയിലിരുന്ന അദ്ദേഹം, മുൻ സ്പീക്കർ എന്ന ചരിത്രത്തിൽ രേഖപ്പെടുത്താൻ അവസരം നൽകാതെ 1961 ഏപ്രിൽ 17നു എന്നെന്നേക്കുമായി കണ്ണടക്കുകയായിരുന്നു.

അധികാരം ദുഷിപ്പിക്കുന്നു, പരമാധികാരം പരമമായി ദുഷിപ്പിക്കുന്നു എന്ന എഡ്വേർഡ് ആക്റ്റൺ പ്രഭുവിന്റെ പ്രസിദ്ധമായ വാചകങ്ങൾ മനസിൽ കൊണ്ടു നടന്ന സീതിസാഹിബ് അധികാരത്തിന്റെ കോലായകളിലൊന്നും തന്നെ എത്തിനോക്കുകപോലും ചെയ്തില്ല. നിർബന്ധിതസാഹചര്യത്തിലാണ് കേരള നിയമസഭയുടെ സ്പീക്കർ സ്ഥാനത്ത് 1960ൽ അദ്ദേഹം എത്തിയതും.

ആരോഗ്യപ്രശ്നങ്ങൾ 55 വയസ് കഴിഞ്ഞ ഉടനെ തന്നെ അദ്ദേഹത്തെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. 1955ൽ കലശലായ ഹൃദ്രോഗ ബാധയെ തുടർന്ന് ശയ്യാവലംബിയായ സീതിസാഹിബ്, ഓക്സിജൻ സിലിണ്ടർ അടുത്തുവച്ച് മരണം കാത്തു കിടന്നു. ഒമ്പത് മാസത്തോളം പൊതുപരിപാടികളെല്ലാം റദ്ദാക്കി. പത്താംമാസം 1956 ഏപ്രിലിൽ കൂടുതൽ ചികിത്സാ സൗകര്യമുള്ള എറണാകുളത്തേക്ക് താമസം മാറ്റി. സാമ്പത്തിക പരാധീനതകൾ ആരെയും അറിയിക്കാതെ, ആറുവർഷത്തോളം അവിടെ കഴിയുകയും ചെയ്തു.

ആരോഗ്യനില മോശമായിക്കൊണ്ടിരുന്നെങ്കിലും സീതിസാഹിബ് അത്രവേഗം ഈ ലോകത്തോട് വിടവാങ്ങുമെന്നു ആരും കരുതിയിരുന്നില്ല. തണുപ്പ് കൊണ്ടുണ്ടായ ഒരു ചെറിയ പനി. സ്പീക്കറുടെ വസതിയായ സാനഡുവിൽ മരണം. സാനഡുവിൽ ജനാസ നമസ്കാരം നടത്തി, അനേകം വാഹനങ്ങളുടെ അകമ്പടിയോടെ ജന്മസ്ഥലമായ കൊടുങ്ങല്ലൂരിൽ ജനാസ എത്തിയപ്പോൾ അന്ത്യാഞ്ജലി അർപ്പിക്കാൻ അവിടെ ഒരു ജനസമുദ്രം തന്നെ രൂപപ്പെട്ടുകഴിഞ്ഞിരുന്നു.

വിലാപയാത്രയിലെന്നപോലെ അഴീക്കോട്ട് ജുമാഅത്ത് പള്ളിയിലെ ഖ ബറടക്ക ചടങ്ങിലും ഘനീഭവിച്ച ദുഃഖം പോലെ വൻ ജനാവലി. പച്ചക്കൊടി പുതച്ച് ദേശീയപതാകയും വിരിച്ചെത്തിയ മൃതദേഹം കൊടുങ്ങല്ലൂർ പള്ളി ശ്മശാനത്തിലെ ആറടി മണ്ണിലേക്കു താഴ്ത്തിയപ്പോൾ പോലീസ് ആദരസൂചകമായി വിടചൊല്ലി. നിറകണ്ണുകളോടെ മൂന്ന് പിടി മണ്ണ് വാരിയിടുവാൻ കഴിഞ്ഞത് ജീവിതത്തിൽ ബി.വി.ക്കു മറക്കാൻ കഴിയാത്ത അനുഭവമായിരുന്നു.●

സ്മൃതിചിത്രങ്ങൾ

ബാഫഖിതങ്ങൾ എന്ന ദീപസ്തംഭം

നിഷ്കളങ്കസ്നേഹത്തിന്റെയും നിസ്വാർഥ സേവനത്തിന്റെയും ആത്മാർഥ പ്രവർത്തനത്തിന്റെയും പ്രതീകമായിരുന്ന സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങളോടൊപ്പം കഴിഞ്ഞ നാളുകൾ അബ്ദുല്ലക്കോയയെ സംബന്ധിച്ചിടത്തോളം അവിസ്മരണീയമായിരുന്നു.

ആകാരസൗഷ്ഠവും വേഷവിധാനവും ഹൃദ്യമായ പുഞ്ചിരിയുമായി കേരളം മുഴുവൻ നിറഞ്ഞുനിന്ന രാഷ്ട്രീയ നേതാവ്. ഹൈസ്കൂളിന്റെ പടിപോലും കയറിയിരുന്നില്ലെങ്കിലും, വെളുത്ത തലേക്കെട്ടും കറുത്ത കോട്ടുമായി എല്ലാ അർഥത്തിലും സ്വർണവർണത്തിളക്കം കാട്ടി ഓടി നടന്ന ജനപ്രിയൻ. അതായിരുന്നു ബാഫഖി തങ്ങൾ.

കോഴിക്കോട്ട് വ്യാപാര രംഗത്ത് പ്രവേശിച്ച നാൾ മുതലേ സ്നേഹാദരങ്ങളോടെ ബാഫഖി തങ്ങളെ നോക്കിക്കണ്ട അബ്ദുല്ലക്കോയയുടെ ദുഃഖം അന്ത്യനാളുകളിൽ അദ്ദേഹത്തോടൊപ്പം ഉണ്ടാവാൻ റബ്ബുൽ ആലമീൻ തന്നെ അനുവദിച്ചില്ലല്ലോ എന്നത് മാത്രമായിരുന്നു.

നിരവധി തവണ വിശുദ്ധ ഹജ് കർമ നിർവ്വഹിച്ച പുണ്യമക്കയിൽ ആണ് തന്റെ സമാദരണീയനായ നേതാവിനെ അടക്കം ചെയ്തതെന്ന ആശ്വാസം മാത്രമാണ്, ആ ജനാസ അവസാനമായി ഒന്നു കാണാൻ പോലും കഴിയാതെപോയ വേദനക്കിടയിലും ബി.വി. കടിച്ചമർത്തിയത്.

പാർട്ടിക്കകത്ത് ഒരു സ്ഥാനവും മോഹിക്കാതിരുന്ന തന്നെ, ബാഫഖി തങ്ങൾ തന്നെ ടൗൺ മുസ്ലിംലീഗ് കമ്മിറ്റി പ്രസിഡന്റ് പദവി നൽകി ആദരിച്ചു. രാജ്യസഭയിൽ ഇന്ത്യയിൽ മറ്റൊരാൾക്കും സാധിക്കാത്തവിധം 30 കൊല്ലം അംഗമാവാൻ തുടക്കമിട്ടതും ബാഫഖി തങ്ങളുടെ പ്രഖ്യാപനത്തോടെ ആയിരുന്നു.

സൗദി അറേബ്യയുടെ വിളിപ്പാടകലെ യമനിൽ ഹിജാസിലെ ഹളർ മൗത്ത് എന്ന സ്ഥലത്ത് നിന്നു 250 വർഷങ്ങൾക്കു മുമ്പ് കൊയിലാണ്ടിയിലെത്തിയ സയ്യിദ് കുടുംബത്തിലാണ് സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങളുടെ (1905-1973) ജനനം. അന്ത്യ പ്രവാചകനായ മുഹമ്മദ് മുസ്തഫാ നബിയുടെ ജാമാതാവും ഇസ്ലാമിക ഭരണത്തിലെ നാലാം

ഖലീഫയുമായ ഹസ്രത്ത് അലി (റ)യുടെ പരമ്പരയിൽ മുപ്പത്തി ഏഴാമത്തെ സന്തതി. പിതാവ് സയ്യിദ് അബ്ദുൾ ഖാദർ ബാഫഖി.

അരിച്ചാക്കുകൾക്കും കണക്കു പുസ്തകങ്ങൾക്കുമിടയിലായി ചെറുപ്പത്തിൽ വ്യാപാര രംഗവുമായിട്ടായിരുന്നു ബാഫഖി തങ്ങളുടെ ബന്ധം. വേണ്ടപ്പെട്ട ഒരാളെ ചികിത്സിക്കാനായി കോഴിക്കോട്ടെ പ്രശസ്തനായ ഭിഷഗ്വരൻ ഡോ. സി.കെ. രാമചന്ദ്രനോടൊപ്പം കാറിൽ യാത്ര ചെയ്യവെ, ബാഫഖി തങ്ങൾ പറഞ്ഞ ഒരു രഹസ്യം ഡോ. രാമചന്ദ്രൻ, ബാഫഖി തങ്ങൾ സ്മാരക ഗ്രന്ഥത്തിൽ അനുസ്മരിക്കുകയുണ്ടായി. പന്ത്രണ്ടു വയസു മുതൽ പതിനാലുവർഷം തങ്ങൾ കൊയിലാണ്ടിയിൽ പിതൃസഹോദരന്റെ അരിക്കടയിൽ ഒരു രൂപ ദിവസവേതനം പറ്റി ജോലിക്കു നിന്നിരുന്നു എന്നതാണത്.

ഒടുവിലാണ് കുറച്ചു പണവുമായി കോഴിക്കോട്ട് കച്ചവടം തുടങ്ങിയത്. താൻ ബുദ്ധിമുട്ടിയാണ് കഴിഞ്ഞതെന്നും തന്റെ മക്കളും ബുദ്ധിമുട്ടിത്തന്നെയാണ് വളരേണ്ടതെന്നും ബാഫഖി തങ്ങൾ പറഞ്ഞുവത്രെ.

1936ലെ മദ്രാസ് നിയമസഭാതിരഞ്ഞെടുപ്പ്. തന്റെ അളിയനായ ഖാൻ ബഹദൂർ പി.എം. ആറ്റക്കോയ തങ്ങൾ മത്സരിക്കുന്നു. അപ്പോഴാണ് ബാഫഖി തങ്ങൾ രാഷ്ട്രീയത്തിലിറങ്ങിയത്. കോഴിക്കോട്- കുറുമ്പ്രനാട് മണ്ഡലത്തിൽ എതിർ സ്ഥാനാർഥിയായ ലീഗ് നേതാവ് ബി. പോക്കർ സാഹിബിനെ ആറ്റക്കോയ തങ്ങൾ തോല്പിച്ചെങ്കിലും, പിന്നീട് ആറ്റക്കോയ തങ്ങളും ബാഫഖി തങ്ങളും തങ്ങളുടെ സ്ഥാനം ലീഗിലാണെന്നു മനസ്സിലാക്കി ഹരിതപതാകക്കു കീഴിൽ അണിനിരന്നു.

വലിയങ്ങാടിയിൽ ചെറിയതരത്തിൽ അരിക്കച്ചവടം നടത്തിക്കൊണ്ടിരുന്ന ബാഫഖി തങ്ങൾ വർത്തക പ്രമുഖനും വിദ്യാഭ്യാസ പ്രവർത്തകനമായ കെ.എം. കാദിരിക്കോയ ഹാജിയുടെ സ്വാധീനത്തിൽ പെട്ടാണ് പദവി നൽകി വേദികളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്.

തിരഞ്ഞെടുപ്പുകൾ സ്വാഭാവികനായ ആ മനുഷ്യനു എന്നും ഒരാവേശമായിരുന്നു തിരഞ്ഞെടുപ്പ് യോഗങ്ങളിൽഅദ്ധ്യക്ഷന്റെ കസേരയിലിരുന്നരംഗം വിക്ഷിക്കലല്ലായിരുന്നു അദ്ദേഹത്തിന്റെ രീതി എല്ലാഅസൗകര്യങ്ങളും മാറ്റിവെച്ച് പ്രസംഗിക്കാനും പഠനം നടത്തുവാനും മുന്നിട്ടറങ്ങുംപൊന്നാനി ചമ്രവട്ടത്ത് ഒരു യോഗം കഴിഞ്ഞ് ഒരു ചായപ്പീടികയുടെ ബെഞ്ചിൽ കിടന്നുറങ്ങിയതും, വയനാട്ടിലെ പ്രചാരണത്തിനിടയിൽ വാഹനം കിട്ടാതെ ലോറിയിൽ കയറിപ്പോയതുമൊക്കെ പിൽക്കാലത്ത് അദ്ദേഹത്തെ അകമ്പടി സേവിച്ച പഴയകാല പത്രലേഖകനായ എം. ആലിക്കുഞ്ഞി അനുസ്മരിക്കുകയുണ്ടായി.

അതിവേഗം ടൗൺ കമ്മിറ്റി ട്രഷറർ പദവി നൽകി, പാർട്ടി അദ്ദേഹത്തെ ആദരിച്ചു. മുനിസിപ്പൽ കൗൺസിലിൽ അംഗമായി നോമിനേറ്റ് ചെയ്യപ്പെട്ടു. വ്യാപാരി സംഘടനയായ മലബാർ പ്രൊഡ്യൂസ് മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് പദവിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടും ബാഫഖി തങ്ങൾ കോഴിക്കോട്ട് സജീവ സാന്നിധ്യമായി. തർബിയത്തുൽ

ഇസ്‌ലാം സഭയുടെയും ഹിമായത്തുൽ ഇസ്ലാം സഭയുടെയും സമസ്ത കേരള ഇസ്‌ലാം മതവിദ്യാഭ്യാസ ബോർഡിന്റെയും പ്രവർത്തന രംഗത്തും സാന്നിധ്യമറിയിച്ചു.

1940ൽ മുസ്‌ലിംലീഗ് നേതാവായ ബംഗാൾ പ്രധാനമന്ത്രി എ. കെ. ഫസലുൽ ഹഖും പിന്നാലെ മുസ്ലിംലീഗ് ജനറൽ സെക്രട്ടറി നവാബ്സാദാ ലിയാഖത്തലിഖാനും കോഴിക്കോട്ട് വന്നപ്പോൾ സ്വാഗത സംഘം അധ്യക്ഷനായി. ഇതിനകം ചന്ദ്രികയുടെ പ്രസാധകരായ മുസ്‌ലിം പ്രിന്റിങ്ങ് ആൻഡ് പബ്ലിഷിങ്ങ് കമ്പനിയുടെ മാനേജിങ്ങ് ഡയറക്ടർ പദവിയിലും എത്തിയ ബാഫഖി തങ്ങൾ, സത്താർസേട്ട് പാക്കിസ്ഥാനിലേക്കുപോയ ഒഴിവിൽ മലബാർ ജില്ലാ മുസ്‌ലിംലീഗിന്റെ പ്രസിഡന്റ് പദവിയിലേക്കും ഉയർത്തപ്പെട്ടു.

നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ലയിക്കുന്നതിന്റെ ഭാഗമായി ഹൈദരാബാദ് ആക്ഷൻ 1948ൽ നടന്നപ്പോൾ അഞ്ചുവർഷമായി ടൗൺലീഗ് സെക്രട്ടറിപദം അലങ്കരിക്കുന്ന പി.പി. ഹസൻകോയയും മുൻ സെക്രട്ടറി അഡ്വ. എം.വി.ഹൈദ്രോസും ഉൾപ്പെടെ പല പ്രമുഖരും ലീഗിൽ നിന്നു രാജിവെച്ചു.

അക്കാലത്ത് ഭീഷണികളെയെല്ലാം എതിരിട്ട് ലീഗിൽ ഉറച്ചുനിന്ന അബ്ദുല്ലക്കോയയുമായി ബാഫഖി തങ്ങൾക്കു ഉറച്ച സൗഹൃദമായിരുന്നു. ഇരുവരും കോഴിക്കോട്ടുള്ളപ്പോൾ കുടിക്കാഴ്ചകൾ നടക്കാത്ത ദിവസങ്ങൾ വിരളം. അമ്പതുകളിൽ അബ്ദുല്ലക്കോയ തലശ്ശേരിയിൽ നിന്നുള്ള തന്റെ കുടുംബത്തോടൊപ്പം സ്ഥിരതാമസം കോഴിക്കോട്ടേക്കാക്കിയപ്പോൾ കൊയിലാണ്ടിയിൽ നിന്നു കോഴിക്കോട്ടേയ്ക്കു വരാറുള്ള ബാഫഖി തങ്ങൾ കോൺവെന്റ് റോഡിൽ ബി.വി. അന്നു താമസിച്ചിരുന്ന വീട്ടിൽ മിക്കപ്പോഴും കയറി ഇറങ്ങുമായിരുന്നു.

സിറ്റി കമ്മിറ്റിയിലും സിറ്റി റിലീഫ് കമ്മിറ്റിയിലും ബാഫഖി തങ്ങൾ സാരഥിയായപ്പോൾ, ബി.വി. സജീവമായിത്തന്നെ ഒപ്പം നിന്നു. ബാഫഖി തങ്ങൾ സ്റ്റേറ്റ് ലീഗ് പ്രസിഡന്റായപ്പോൾ ജോയിന്റ് സെക്രട്ടറി പദത്തിലും ബി.വി.എത്തി.

തന്റെ അരുമശിഷ്യനായ സി.എച്ചി.ന്റെ തെരഞ്ഞെടുപ്പ് വേളയിൽ കോഴിക്കോട്ടെ പരപ്പിൽ ഭാഗത്ത് ഭീഷണികളെ അതിജീവിച്ച് ചുറ്റിക്കറങ്ങിയ ബാഫഖി തങ്ങളോടൊപ്പം ബി.വി.യും ഉണ്ടായിരുന്നു. നടുവട്ടത്തും പയ്യോളിയിലും വർഗീയ സംഘർഷമുണ്ടായപ്പോൾ സധൈര്യം കടന്നുചെന്ന ബാഫഖി തങ്ങൾക്ക് ബി.വി. ഒരു അംഗരക്ഷകനുമായി.

കോഴിക്കോട് പട്ടണം ചരിത്ര സംഭവമായി സംഘടിപ്പിച്ച സംസ്ഥാന സമ്മേളനത്തിലെല്ലാം ബാഫഖി തങ്ങളുടെ ഫീൽഡ് മാർഷലും അബ്ദുല്ലക്കോയ ആയിരുന്നു.

അതിനിടയിൽ കോഴിക്കോട് സിറ്റി മുസ്‌ലിംലീഗ് പ്രസിഡന്റ് എന്ന നിലയിൽ പ്രവർത്തിക്കാൻ സ്റ്റേറ്റ് ലീഗ് പ്രസിഡന്റ് ബാഫഖി തങ്ങൾക്ക് വേണ്ടത്ര സമയം കിട്ടുന്നില്ലെന്ന ഒരു പരാതി ടൗൺ ലീഗിലെ

ഏതാനും പ്രവർത്തകർക്കിടയിലുണ്ടായി.

1958ൽ സിറ്റി കൗൺസിലിന്റെ വാർഷിക യോഗത്തിൽ അവർ ബാഫഖിതങ്ങൾക്കു പകരം ബി.വി. അബ്ദുല്ലക്കോയയെ സിറ്റി പ്രസിഡന്റായി തിരഞ്ഞെടുത്തു. തങ്ങളും ബി.വി.യും സദസ്സിൽ ഇല്ലാത്ത അവസരത്തിൽ ഇങ്ങനെയൊരു തീരുമാനം വന്നുവെന്നറിഞ്ഞപ്പോൾ തങ്ങൾ കുടുകുടാ ചിരിച്ചു. ആത്മമിത്രമായ ബി.വി.യെ വിളിച്ചു അഭിനന്ദിക്കുകയും ചെയ്തു.

എന്നാൽ തങ്ങൾക്കെതിരായ ജയം പോയിട്ട്, മത്സരം തന്നെ താൻ അംഗീകരിക്കുന്നില്ലെന്നറിയിച്ച് തന്റെ അസാന്നിധ്യത്തിൽ നടന്ന തിരഞ്ഞെടുപ്പിലെ സ്ഥാനം താൻ സ്വീകരിക്കുന്നില്ലെന്നു അണികളോട് ബി.വി. വെട്ടിത്തുറന്നു പറഞ്ഞു. ഒടുവിൽ ബാഫഖി തങ്ങൾ തന്നെ നേരിട്ട് ഇടപെട്ട് അഭ്യർഥിച്ചതിനു ശേഷമാണ് ബി.വി. ആ പദവി സ്വീകരിച്ചതെന്നു ലീഗ് ചരിത്രകാരനായ എം.സി. ഇബ്രാഹിം, ബാഫഖി തങ്ങൾ എന്ന ഗ്രന്ഥത്തിൽ പറയുന്നു.

മുസ്ലിംലീഗിന്റെ നിർണായക തീരുമാനങ്ങൾ മിക്കതും പാർട്ടിയുടെ സംസ്ഥാന കൗൺസിൽ സ്വയം ഏറ്റെടുക്കാതെ പ്രസിഡണ്ടിനു വിടുകയായിരുന്നു പതിവ്. എന്നാൽ പ്രസിഡന്റ് ആകട്ടെ, സീനിയർ നേതാക്കളുമായി ബന്ധപ്പെട്ട ശേഷം മാത്രമാണ് തീരുമാനം പ്രഖ്യാപിക്കാറ്.

മഹാനായ ഖാഇദേ മില്ലത്തിന്റെ വിയോഗം സൃഷ്ടിച്ച ആഘാതത്തിൽ, പകരം നിൽക്കാൻ ആരുണ്ടെന്ന ആലോചന വന്നപ്പോൾ ബാഫഖി തങ്ങളിലേക്ക് വിരൽ ചൂണ്ടിയതും ബി.വി. ആയിരുന്നുവെന്നു പ്രശസ്ത പത്രലേഖകനായ എ.എം. കുഞ്ഞിബാവ പറയുന്നു. അബ്ദുല്ലക്കോയ പറഞ്ഞു അഖിലേന്ത്യാതലത്തിൽ അറിഞ്ഞു തുടങ്ങുന്നേയുള്ളുവെങ്കിലും കേരളത്തിൽ ഇതരസമുദായങ്ങളുടെ കൂടി സ്നേഹാദരങ്ങൾ പിടിച്ചു പറ്റിയ നേതാവാണ് ബാഫഖി തങ്ങൾ. തമിഴ്നാട് ലീഗ് പ്രസിഡന്റ് എ.കെ.എ. അബ്ദുസമദും നിർദേശത്തെ പിൻതാങ്ങി. തനിക്കു പ്രായാധിക്യമാണെന്നും ഇംഗ്ലീഷുഭാഷ കൈകാര്യം ചെയ്യാനോ ഉർദുവിൽ പ്രസംഗിക്കാനോ അറിയില്ലെന്നും പറഞ്ഞു തങ്ങൾ ഒഴിഞ്ഞു മാറാൻ നോക്കി.

മറ്റു കക്ഷികൾ കൂടി ആദരിക്കുന്ന വ്യക്തിത്വമാണ് തങ്ങളുടെതെന്നും സമുദായം ഏൽപ്പിക്കുന്ന ദൗത്യം തട്ടിമാറ്റരുതെന്നും പലരും വികാരഭരിതരായി പറഞ്ഞു തുടങ്ങിയപ്പോൾ മോശമായ ആരോഗ്യ നിലയിലും അംഗീകരിക്കുകയല്ലാതെ ബാഫഖി തങ്ങൾക്കു വഴിയില്ലാതായി.

അവസാനഘട്ടങ്ങളിൽ സ്വന്തമായ തീരുമാനമെടുക്കുന്നതിൽ ബാഫഖിതങ്ങൾക്ക് ശാരീരികമായും മാനസികമായും പ്രയാസങ്ങൾ നേരിട്ടിരുന്നുവോ എന്നു ബി.വി.യും സംശയിച്ചിരുന്നു. അടുത്ത സഹപ്രവർത്തകരിൽ രണ്ടുപേരുടെ കടുത്ത പിടിവാശിയായിരുന്നു കാരണം.

1971 ൽ സുലൈമാൻസേട്ട് ലോക്സഭയിലേക്ക് ജയിച്ചത് കാരണം രാജ്യ സഭയിൽ ഒഴിവുവന്ന സീറ്റ് ബി.വി.യും കാസർകോട്ടെ ഹാമിദലി ഷംനാടും രണ്ടരകൊല്ലം വീതം പങ്കുവെക്കണമെന്നു ബാഫഖി തങ്ങൾക്കു തീരുമാനിക്കേണ്ടിവന്നത് ഈ സമ്മർദ്ദത്തിലായിരുന്നു. 1972ൽ കേരള മന്ത്രിസഭയിൽ നിന്നു സി.എച്ചിനെ പിൻവലിച്ചു ലോക്സഭാ സീറ്റിലേക്കു സ്ഥാനാർഥിയാക്കാൻ ബാഫഖി തങ്ങൾ നിർബന്ധിതനാ യതും ഈ സമ്മർദ്ദത്താലായിരുന്നു.

പാണക്കാട് പൂക്കോയ തങ്ങളെപ്പോലുള്ള നേതാക്കൾ നേരിട്ടു വന്നു പറഞ്ഞിട്ടും ഇത്തരം കടുത്ത തീരുമാനങ്ങൾ എടുക്കേണ്ടിവന്ന ബാഫഖി തങ്ങൾ അസ്വസ്ഥനായിരുന്നുവെന്നു 68-ാം വയസ്സിൽ, വൈകാതെ വന്ന മരണം സ്ഥിരീകരിച്ചുവെന്നു വിശ്വസിച്ചിരുന്നവരും ഏറെ ഉണ്ടായിരുന്നു.

മഞ്ചേരി സ്ഥാനാർഥിയെ പ്രഖ്യാപിക്കാൻ താൻ കോഴിക്കോട്ട് പത്രസമ്മേളനം നടത്താൻ പോകുകയാണെന്നറിയിച്ചപ്പോൾ ഡൽഹിയി ലായിരുന്ന അബ്ദുല്ലക്കോയ കുതിച്ചെത്തി. എന്നാൽ ബി.വി. എത്തും മുമ്പ് തന്നെ സി.എച്ചിനെ മഞ്ചേരി സ്ഥാനാർഥിയാക്കിയുള്ള പത്രസ മ്മേളനം ബാഫഖി തങ്ങൾക്കു നടത്തേണ്ടിവന്നു. ഇതും ഈ സമ്മർദ്ദ ങ്ങൾക്ക് കാരണമാണെന്നും പറയപ്പെട്ടിരുന്നു. സി.എച്ചിന്റെ പിൻഗാമി യായി മന്ത്രിസഭയിൽ ആര് എന്നു തിരുമാനിക്കാനുള്ള സാവകാശം പോലും അന്നു തങ്ങൾക്കു കിട്ടിയില്ല. എങ്കിലും പിന്നാലെയുള്ള ഹജ്ജ് യാത്ര സന്തോഷത്തോടെ തന്നെയാണ് ബാഫഖി തങ്ങൾ നിർവഹിച്ചത്. ഡോക്ടർമാരുടെ വിലക്കുണ്ടായിട്ടും പുണ്യയാത്രക്ക് ഇറങ്ങിത്തിരിച്ച ബാഫഖി തങ്ങൾ, വിശുദ്ധ ഭൂമിയിൽ തന്നെ ആവട്ടെ തന്റെ അന്ത്യവും ഖബറടക്കവും എന്നു ചിന്തിച്ചു കാണുമായിരിക്കാം.

1973 ജനുവരി19നു പുണ്യഹജ്ജ് കർമങ്ങളെല്ലാം നിർവഹിച്ച ശേഷംബാഫഖി തങ്ങൾ വിശുദ്ധമക്കയിൽ അന്ത്യശ്വാസം വലിച്ചുവെന്ന വാർത്ത ഞെട്ടലോടെയാണ് മുസ്ലിം ലോകം കേട്ടത്. ഒപ്പമുണ്ടായിരുന്ന സത്താർസേട്ട്, സുലൈമാൻ സേട്ട്, കല്ലട്ര അബ്ദുൾ ഖാദർഹാജി, എം. കെ.സി. അബുഹാജി, എം.ആലിക്കുഞ്ഞി, പി.കെ. ഉമ്മർഖാൻ, സയ്യിദ് അമീൻ ബാഫക്കി എന്നിവർ ഘനീഭവിച്ച ദു:ഖം പങ്കിട്ടു..

പ്രവിശാലമായ ഹറം മസ്ജിദിൽ ലക്ഷങ്ങളുടെ സാന്നിധ്യത്തിൽ നടന്ന ജനാസ നമസ്കാരത്തിനുശേഷം ഒരു കിലോമീറ്റർ അകലെ മക്ക യിലെ പ്രസിദ്ധമായ ജന്നത്തുൽ മഹല്ലയിലാണ് തങ്ങളെ ഖബറടക്കിയ ത്.

പുണ്യനബിയുടെ ആദ്യപത്നിയും ഇസ്ലാംമതം വിശ്വസിച്ച ആദ്യവനിതയുമായ ഹസ്രത്ത് ഖദീജയെ(റ) മറവ് ചെയ്ത പരിശുദ്ധ മക്കയിലെ മഖ്ബറയ്ക്കു സമീപം, 23-ാം തവണ പരിശുദ്ധ ഹജ്ജ് കർമം നിർവഹിച്ച അതേ പുണ്യഭൂമിയിൽ.

ജനങ്ങൾക്കു സേവനം ചെയ്യുന്നവനാണ് ജനനേതാവ് എന്നു

പതിനാലു നൂറ്റാണ്ടുകൾക്കപ്പുറത്ത് പ്രവാചകപ്രഭു പറഞ്ഞ വാക്കുകളെ അന്വർഥമാക്കിയാണ് പരിശുദ്ധ മക്കയിൽ അദ്ദേഹം തലചായ്ച്ചത് അവ സാന നിമിഷംവരെ കർമോൽസുകനായ ശേഷം അറേബ്യൻ മണ്ണിൽ തന്നെ വിലയിച്ച ആ രാഷ്ട്രീയാചാര്യനും ഓർമ്മിപ്പിക്കുന്നു: മണ്ണിൽ നിന്നു സൃഷ്ട്ടിക്കപ്പെട്ടവൻ മണ്ണിലേക്കു തന്നെ മടങ്ങുന്നു.



വിമോചനസമര നായകർ- ബി.വി, അരങ്ങിൽ ശ്രീധരൻ, സെയ്തുമ്മർ ബാഫഖിതങ്ങൾ, പി.എം അബൂബക്കർ എന്നിവർ വിമോചന സമരത്തോ ടനുബന്ധിച്ച് കോഴിക്കോട്ട് അറസ്റ്റ് വരിച്ചപ്പോൾ



2001-ലെ ബി.വി അബ്ദുല്ലക്കോയ പുരസ്ക്കാരം ജസ്റ്റിസ് വി.ആർ. കൃഷ് ണയ്യർക്ക് ശിഹാബ് തങ്ങൾ സമ്മാനിക്കുന്നു. വയലാർ രവി, എം.കെ.സി അബുഹാജി എം.പി വീരേന്ദ്രകുമാർ, ഡോ: സി.കെ രാമചന്ദ്രൻ എന്നി വർ സമീപം.

സ്മൃതിചിത്രങ്ങൾ

നീതിയുടെ നിറകുടം

നിഷ്പക്ഷവും നീതിയുക്തവുമായ തീരുമാനങ്ങളെടുക്കുന്നതിൽ അനിതര സാധാരണമായ കഴിവുകൾ പ്രകടമാക്കിക്കൊണ്ടിരുന്ന പാണക്കാട് പി.എം.എസ്.എ. പൂക്കോയ തങ്ങളെ (1917-1975) ബി.വി. അബ്ദുല്ലക്കോയ സ്നേഹാദരങ്ങളോടെയാണ് നോക്കിക്കണ്ടിരുന്നത്. തിരുവായ്ക്കു എതിർവായില്ലാത്ത ശിഷ്യത്വം.

കേരള സംസ്ഥാന മുസ്ലിംലീഗിന്റെ അനിഷേധ്യനായ ആദ്യ അധ്യക്ഷൻ സയ്യിദ് അബ്ദു റഹിമാൻ ബാഫഖി തങ്ങൾ 1973 ജനുവരിയിൽ പരിശുദ്ധമക്കയിൽ ദിവംഗതനായപ്പോൾ പ്രസിഡന്റ് പദവി ആരെ ഏല്പിക്കുമെന്നു പാർട്ടി നേതൃത്വം ആശങ്കപ്പെട്ടകാലം.

പകരം ആര് എന്ന ചോദ്യം ഉയർന്നപ്പോൾ, പൂക്കോയ തങ്ങളിലേക്ക് വിരൽ ചൂണ്ടിയത് വൈസ് പ്രസിഡന്റായ അബ്ദുല്ലക്കോയ ആയിരുന്നു.

ലീഗ് രാഷ്ട്രീയം ആഴത്തിൽ കൈകാര്യം ചെയ്തിരുന്ന പ്രശസ്ത പത്രപ്രവർത്തകനായ എ.എം.കുഞ്ഞിബാവ ബി.വി. സ്മരണികയിൽ കുറിച്ചിട്ടു. "നിഷ്കാമകർമിയും നിഷ്കളങ്കചിത്തനുമായിരുന്നെങ്കിലും ശുദ്ധരിൽ ശുദ്ധനായ പൂക്കോയ തങ്ങൾക്ക് കേരള രാഷ്ട്രീയത്തിലെ തത്വദീക്ഷയില്ലാത്ത സർക്കസ് കളിയിൽ സമർഥമായ അഭ്യാസപ്രകടനം സാധിക്കുമോ എന്നു ചിലർ ആശങ്കപ്പെട്ടു. ബാഫഖി തങ്ങൾ തന്നെയും പല തീരുമാനങ്ങളും എടുക്കും മുമ്പ് ഉപദേശം തേടാറുണ്ടായിരുന്നത് പൂക്കോയ തങ്ങളിൽ നിന്നായിരുന്നുവെന്നു ബി.വി. ചൂണ്ടിക്കാട്ടി. സംഘടനക്കുവേണ്ടി ജയിൽവാസം വരിക്കാൻപോലും സന്നദ്ധനായ പൂക്കോയ തങ്ങളെപ്പോലെ അർഹനായ വ്യക്തി വേറെയില്ലെന്നു ബി.വി. തീർത്തു പറഞ്ഞപ്പോൾ പത്രക്കാർപോലും നിശ്ശബ്ദരായി".

1973 ഫെബ്രുവരി 25നു പൂക്കോയ തങ്ങൾ കേരള സംസ്ഥാന മുസ്ലിംലീഗ് പ്രസിഡന്റ് സ്ഥാനത്തേക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. മൂന്നാഴ്ചക്കകം മുസ്ലിംലീഗ് കണ്ടെത്തിയ അവരുടെ രണ്ടാമത്തെ പ്രസിഡന്റിനു പക്ഷെ കഷ്ടിച്ചു രണ്ടരക്കൊല്ലം ആ

സ്ഥാനത്തിരിക്കാനേ സാധിച്ചുള്ളു. അർബുദ രോഗബാധിതനായി 58 -ാം വയസിൽ ആ ധന്യജീവിതം അസ്തമിക്കുകയായിരുന്നു.

പൂക്കോയതങ്ങളെ അടുത്തുനിന്നു പഠിച്ച പ്രശസ്ത മാധ്യമ പ്രവർത്തകനായ പുത്തൂർ മുഹമ്മദ്, മലയാള മനോരമയിൽ കുറിച്ചിട്ടു:

ഇസ്ലാമിന്റെ സംശുദ്ധമായ ചട്ടക്കൂട്ടിൽ ജീവിക്കുകയും മരിക്കുകയും ചെയ്ത പൂക്കോയതങ്ങൾ ദിവസം 22 മണിക്കൂറും ജനസേവനത്തിൽ മുഴുകിയിരുന്നു എന്നതാണ് സത്യം. അദ്ദേഹം ദിവസം രണ്ടുമണിക്കൂറേ ഉറങ്ങിയിരുന്നുള്ളു.പുലർച്ചെ നാലരമണിക്ക് ഉണരുന്ന അദ്ദേഹം, പ്രഭാതകർമ്മങ്ങൾ കഴിഞ്ഞ് 'വുളു' എടുക്കും. പിന്നീട് ഖുർആൻ പാരായണവും സുന്നത്തുനമസ്കാരവുമാണ്. സുബ്ഹിക്കു ബാങ്കു വിളിക്കുമ്പോൾ വീടിനടുത്തുള്ള പള്ളിയിൽ ചെന്നു നമസ്കരിക്കും.

വാട്ടിയ രണ്ടു കോഴിമുട്ടയും ചായയുമാണ് പ്രഭാതഭക്ഷണം. അതുകഴിഞ്ഞാൽ ഒരു മണിക്കൂർ ഉറക്കം. പിന്നീടു പച്ചവെള്ളത്തിൽ കുളി. വസ്ത്രധാരണവിഷയത്തിൽ തങ്ങൾക്കു പ്രത്യേകചിട്ടകളുണ്ടായിരുന്നു. വെള്ളവസ്ത്രമേ ധരിക്കൂ. ഏഴരമണിയോടെ തികച്ചും റെഡി. അപ്പോഴേക്കും മുറ്റത്തും വരാന്തയിലും ആളുകൾ തടിച്ചു കൂടിയിട്ടുണ്ടാവും. സ്ത്രീകൾ വീടിന്റെ പിൻവശത്തുള്ള വരാന്തയിലും.

' അല്ലാഹു ഗഫൂർ റഹീം' എന്നവസാനിക്കുന്ന ഖുർആൻ വാക്യം ഫ്രെയിം ചെയ്തു തൂക്കിയ വാതിലിന്റെ മുമ്പിൽ കൈയുള്ള കസേരയിൽ അദ്ദേഹം വന്നു ഇരിക്കും. എല്ലാവരോടും ഇരിക്കാൻ പറയും. എല്ലാവർക്കും ചായ കൊടുക്കാനും നിർദ്ദേശിക്കും. ഒരു വലിയ മേശയിൽ ചായപ്പാത്രവും ആവശ്യമായ കപ്പുകളും നിരത്തിയിരിക്കും. ഇതിനായി തയ്യാറാക്കിയ അഗ്രശാലയിൽ അരിയുണ്ടോ,കറിയുണ്ടോ, പഞ്ചസാരയുണ്ടോ, പാലുണ്ടോ എന്നൊന്നും തങ്ങൾ അന്വേഷിക്കാറില്ല. കൊടുക്കാൻ മാത്രം പറയും.

പിന്നെ തർക്കവിഷയങ്ങളിൽ തീർപ്പു കൽപ്പിക്കലാണ്. ഇരുചേരിക്കാരുടേയും വാദം ഒരക്ഷരംപോലും ഉരിയാടാതെ കേട്ടിരിക്കും. അവസാനം ഒന്നോ രണ്ടോ വാക്കുകളിൽ മാത്രം തീർപ്പ്. ആരും എതിർക്കില്ല. ചിലപ്പോൾ പ്രകാശം സ്ഫുരിക്കുന്ന ആ കണ്ണുകൾ മാത്രമായിരിക്കും സംസാരിക്കുക. ഒരു നോട്ടം. ഒരു മൂളൽ. അത്രമാത്രം.

വലിയ കേസ്സുകളാണെങ്കിൽ അതതു പ്രദേശങ്ങളിൽ ആളുകളെ അയച്ചു വിവരം ശേഖരിക്കും.

ലഹരി സാധനങ്ങൾ പാണക്കാട് തങ്ങൾക്കു ചതുർത്ഥിയാണ്. പൊടിപോലും ഉപയോഗിക്കില്ല. പക്ഷെ സിഗരറ്റ് അദ്ദേഹത്തിന്റെ സന്തതസഹചാരിയാണ്. പ്രശസ്തനായ ഒരു ചെയിൻ സ്മോക്കറായ അദ്ദേഹം മാക്രോപോളോ സിഗരറ്റേ വലിക്കു.

ഒന്നൊന്നായി വലിച്ചു തള്ളുന്ന ഈ സിഗരറ്റിന്റെ പുകച്ചുരുളുകൾക്കിടയിലിരുന്നുകൊണ്ട് ഓരോരുത്തരുടേയും പ്രശ്നങ്ങൾ അദ്ദേഹം ശ്രദ്ധിച്ചു കേൾക്കും. പ്രതിവിധികൾ നിർദ്ദേശിക്കുകയും ചെയ്യും.

മേശയ്ക്കുമുകളിൽ മുറിച്ചുവച്ചിട്ടുള്ള കടലാസ് തുണ്ടുകളിൽ ഇടത്തോട്ട് അറബിയിൽ എന്തോ അദ്ദേഹം എഴുതുന്നത് കാണാം. അതു ചുരുട്ടി ജപിച്ച് ഇറയിൽവെക്കാനോ തലയിണക്കീഴിൽ നിക്ഷേപിക്കാനോ പറയും. കളവുപോയ സാധനങ്ങൾ ഇതുമൂലം തിരിച്ചു കിട്ടാറുണ്ടത്രെ.

ഭാര്യ പിണങ്ങിപ്പോയാൽ, കുട്ടിയെ കാണാതായാൽ, രോഗം വന്നാൽ, ബാധ ഉണ്ടായാൽ, പേടിച്ചാൽ, തുടങ്ങി പലതിനും അദ്ദേഹത്തിന്റെ പ്രതിവിധി ഇതാണ്. ഇവയ്ക്കു പുറമെ മന്ത്രച്ചരടും മന്ത്രിച്ച വെള്ളവും നൽകും.

വിവാഹം, ഗൃഹപ്രവേശം,കച്ചവടം, ഉദ്ഘാടനം തുങ്ങിയ ഏതു കാര്യത്തിനും പൂക്കോയ തങ്ങളുടെ സാന്നിദ്ധ്യവും അനുഗ്രഹവും തേടി മലബാറിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ആളുകൾ എന്നും പാണക്കട്ട് എത്തിയിരുന്നു. മാറാത്ത അസുഖങ്ങൾക്ക് ചികിത്സതേടിയും തകരാറിലായ കുടുംബ ബന്ധങ്ങൾ കൂട്ടിച്ചേർക്കാനായും വരുന്നവരും നിരവധി

കടലിൽ മീനില്ലെങ്കിലും, മാറാവ്യാധി പിടിപെട്ട് വേദനക്കാശ്വാസം കിട്ടുന്നില്ലെങ്കിലും ആൺ പെൺ വ്യത്യാസമില്ലാതെ ജനം പാണക്കാട്ടേക്കാണ് ഓടിയെത്താറ്.

ഉറക്ക മണിക്കൂറുകളെല്ലാം വെട്ടിച്ചുരുക്കി, പകലെന്നോ രാവെന്നോ വ്യത്യാസമില്ലാതെ, പാവപ്പെട്ടവനെന്നോ, പണക്കാരനെന്നോ നോക്കാതെ, ഹിന്ദുവെന്നോ മുസ്ലിംമെന്നോ ഭേദമില്ലാതെ, നീതി തേടി വരുന്ന ആരുടെ മുമ്പിലും മനസ് തുറക്കുന്ന പൂക്കോയ തങ്ങൾ ഒരസാധാരണ പ്രതിഭാസമായിരുന്നു. വരുന്നവർ സന്തോഷസൂചകമായി മനസ്സറിഞ്ഞു നൽകുന്ന ഗുരുദക്ഷിണപോലും, അന്നന്നു തന്നെ കൊടപ്പനക്കൽ എത്തുന്ന പാവപ്പെട്ടവർക്ക് സംഭാവന നൽകുന്നതും അദ്ദേഹത്തിന്റെ രീതി.

അങ്ങാടിപ്പുറം തളിക്ഷേത്രത്തിന്റെ പേരിൽ ദേശവ്യാപകമായ ഒരു കലാപം ആസൂത്രണം ചെയ്ത് ചിലർ നടത്തിയ മുന്നൊരുക്കങ്ങൾ പൊളിച്ചത് പൂക്കോയ തങ്ങളുടെ അത്യപൂർവകമായ ഇടപെടൽ വഴിയായിരുന്നു. കഷ്ടിച്ച് മുപ്പത് മാസം മാത്രമേ അദ്ദേഹത്തിന് ലീഗിന്റെ അധ്യക്ഷപദവിയിൽ ഇരിക്കാൻ സാധിച്ചുള്ളുവെങ്കിലും സംഘടന ഏറ്റവും വലിയ വെല്ലുവിളികൾ പലതും നേരിട്ട കാലഘട്ടമായിരുന്നു അത്.

പാർലമെന്റിലേക്കു പോവുന്ന സി.എച്ചിനുപകരം ലീഗിന്റെ മന്ത്രിയെ നിർണയിക്കുക, അച്യുതമേനോൻ മന്ത്രസഭയ്ക്കുള്ള പിന്തുണ തുടരുക, രാജ്യസഭയിലേക്കുള്ള ലീഗ്സ്ഥാനാർഥിയെ പ്രഖ്യാപിക്കുക തുടങ്ങിയ നിർണായക തീരുമാനങ്ങൾ. അവ എല്ലാം ഇലക്കും മുള്ളിനും കേടില്ലാത്തവിധം പരിഹരിച്ച പൂക്കോയ തങ്ങൾ, സർക്കാരിലേക്കയച്ച ഒരൊറ്റ കത്ത്വഴി ന്യൂനപക്ഷ വിദ്യാഭ്യാസ പുരോഗതിക്ക് സഹായകമാംവിധം സ്വകാര്യ മാനേജ്മെന്റിൽ 400ൽപ്പരം സ്കൂളുകൾ അനുവദിച്ചു കിട്ടുന്നതിലും വിജയിക്കുകയുണ്ടായി.

നിർഭാഗ്യകരമാംവിധം പാർട്ടിയിൽ ഒരു ഭിന്നിപ്പുണ്ടാക്കി, ഒരു വിഭാഗം പുതിയ പാർട്ടി ഉണ്ടാക്കിയ ഭീഷണിയേയും തങ്ങൾ വിജയകര മായി തരണം ചെയ്തു.

അതേസമയം ഈ സൗഹൃദവും അംഗീകാരവും ഒരിക്കലും തന്നെ സ്വന്തംകാര്യം നേടിയെടുക്കാൻ വിനിയോഗിച്ചില്ല ഔദ്യോഗികമാ യി ഉന്നത സ്ഥാനത്തിരുന്നപ്പോൾ പാർട്ടിക്കുവേണ്ടി ജയിൽ ശിക്ഷപോ ലും അനുഭവിച്ച തങ്ങൾ ഒരു പദവിയും ആഗ്രഹിച്ചില്ല.പതിനായിരം രൂപ യുടെ ഇടപാടാണെങ്കിലും നൂറു രൂപ കൊടുത്തു പൊരുത്തപ്പെടാൻ തങ്ങൾ പറഞ്ഞാൽ ആരും അനുസരിക്കും. പാണക്കാട്ടുവച്ചു സത്യം ചെയ്തുതീർപ്പായി, പാണക്കാട് തങ്ങളുടെ മദ്ധ്യസ്ഥതയിൽ പറ ഞ്ഞു തീർത്തുഎന്നിങ്ങനെ നിരവധി കേസുകളെപ്പറ്റി പലകേസ് റിക്കാർഡു കൾ എഴുതിച്ചേർത്തിട്ടുണ്ട്.

12 മണിക്ക് അദ്ദേഹം പ്രാതൽ കഴിക്കും. രാത്രി ഏഴുമണിക്കു ചായ, രാത്രി രണ്ടു മണിക്ക് അത്താഴം. എളിമയുടെ ഔന്നത്യവും നന്മയുടെ കുലീനതയും ഒന്നുപോലെ സമ്മേളിച്ച ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നു മലപ്പുറം പാണക്കാട് കൊടപ്പനക്കലെ ഈ പൂക്കോയ ക്കുട്ടി.

കടന്നു വരുമ്പോൾതന്നെ പ്രകാശം ചൊരിയാൻ കഴിയുന്ന വ്യക്തി പ്രഭാവമായിരുന്നു, പൂക്കോയ തങ്ങളുടേത്. വെളുത്ത വസ്ത്രമേ ധരിക്കു. ഒറ്റമുണ്ടും, കയ്യുള്ള ബനിയനും, നീളം കയ്യൻ ഷർട്ടും കനം കുറഞ്ഞ ഹാഫ് ഷൂ,അതിനു മകുടം ചാർത്തുമാറ് തലയിൽ കറുത്ത രോമത്തൊപ്പി. മേൽചുണ്ട് നിറഞ്ഞു നിൽക്കുന്ന പൊടിമീശയ്ക്കു ചാരുത പകർന്നുകൊണ്ട് ഹൃദ്യമായ ചിരിയുടെ പരിവേഷം. കറുത്ത ഫ്രെയിമിട്ട കണ്ണടക്കുള്ളിൽ സ്നേഹം മുറ്റി നിൽക്കുന്ന കണ്ണുകൾ.

പുറത്തേക്കിറങ്ങുമ്പോൾ കോട്ടും ടൈയും ശ്രദ്ധേയമായ വേഷം. പാണക്കാട്ടെ വലിയ തങ്ങൾ കാണുന്നവർക്കൊക്കെയും കണ്ണിൽ കർപൂ രമായിരുന്നു.

.സ്വന്തം കാര്യത്തിൽ അദ്ദേഹത്തിനു തനതായ ചട്ടവട്ടങ്ങളുണ്ടാ യിരുന്നുഇലക്ട്രിക്ക് വയറിങ്ങ് കഴിഞ്ഞ് മൂന്നു വർഷമായിട്ടും വീട്ടിൽ കറന്റ് കിട്ടാതെപോയ വിവരം അധികൃതസ്ഥാനങ്ങളിലറിഞ്ഞപ്പോൾ പെട്ടെന്നു വൈദ്യുതി എത്തിക്കാൻ തിരുവനന്തപുരത്ത് നിന്നു ഉത്തര വായി. തനിക്കു മാത്രമായി ഇങ്ങനെയൊരു പരിഗണനവേണ്ട എന്നും, തന്നോടൊപ്പം വയറിങ്ങ് കഴിഞ്ഞു കാത്തിരിക്കുന്ന സമീപവാസികൾക്കു കൂടി കൊടുക്കുമെങ്കിൽ മാത്രം തനിക്കും കറന്റ് കിട്ടിയാൽ മതി എന്നു മായിരുന്നു പൂക്കോയ തങ്ങളുടെ നിലപാട്.

നൂറുക്കണക്കിനു പള്ളികളുടെയും മഹല്ലുകളുടെയും ഖാസി ആയിരുന്ന പൂക്കോയ തങ്ങൾ, ഒട്ടേറെ അനാഥാലയങ്ങളുടെ രക്ഷാധി കാരി യുംആയിരുന്നു. ബാഫഖി തങ്ങളോടൊപ്പം ശ്രമകരമായ ഒട്ടേറെ യാത്രകൾ നടത്തി ഫണ്ട് ശേഖരിച്ച്, പട്ടിക്കാട് ജാമിഅ നൂരിയ്യ അറ

ബിക് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളുടെ നെടുംതൂണായി അദ്ദേഹം നിലകൊണ്ടു. മുസ്‌ലിം പ്രിന്റിങ്ങ് ആന്റ് പബ്ലിഷിങ്ങ് കമ്പനിയുടെ മാനേജിങ്ങ് ഡയറക്ടർ പദവി ഏറ്റെടുത്തുകൊണ്ട്, ചന്ദ്രിക പത്രത്തിനു പുതിയ ഒരു ദിശാബോധവും നൽകി.

അന്ത്യപ്രവാചകനായ മുഹമ്മദ് നബിയുടെ വംശപരമ്പരയിലാണ് പി.എം.എസ്.എ.പൂക്കോയ തങ്ങൾ ജനിച്ചത്. ആധ്യാത്മിക കാര്യങ്ങളിലെന്നപോലെ സാമൂഹിക കാര്യങ്ങളിലും നേതൃപരമായ പങ്ക് വഹിച്ചിരുന്ന പാണക്കാട് സയ്യിദ് മുഹമ്മദ് കോയഞ്ഞി തങ്ങളുടെ മൂത്ത പുത്രൻ.

രണ്ടേകാൽ നൂറ്റാണ്ട് മുമ്പ് അറേബ്യൻ അർധദ്വീപായ സൗത്ത് യെമൻ റിപ്പബ്ലിക്കിൽ ഹളർ മൗത്തിലെ തരീം എന്ന പ്രദേശത്തു നിന്നു കണ്ണൂരിനടുത്ത് വളപട്ടണത്ത് താമസമാക്കിയതാണ് ശിഹാബുദ്ദീൻ കുടുംബം. കണ്ണൂർ അറക്കൽ രാജകുടുംബത്തിൽ നിന്നും വിവാഹം കഴിച്ച കുടുംബനാഥൻ സയ്യിദ് ഹുസൈൻ തങ്ങൾ, ആദ്യം കോഴിക്കോട്ടും പിന്നീട് കോട്ടക്കലും താമസിച്ചു. മലബാർ ലഹളക്കാലത്ത് പീഡനങ്ങളനുഭവിച്ചു വന്നവരെ സഹായിച്ചതിനു ആ സാത്വികനു തടവ് പോലും അനുഭവിക്കേണ്ടിവന്നു. വെല്ലൂർ ജയിലിലാണ് അദ്ദേഹം മരണപ്പെട്ടത്.

ഈ സമര സേനാനിയുടെ പുത്രനാണ് മുഹമ്മദ് കോയഞ്ഞി തങ്ങൾ.ആ പിതാവിന്റെ മാതൃക പിൻപറ്റി പുത്രൻ പൂക്കോയ തങ്ങളും പൊതുരംഗത്ത് സാവകാശം നിറഞ്ഞു നിന്നു.

ആദ്യഭാര്യ പഴമള്ളൂർ കുഞ്ഞിസീതിക്കോയ തങ്ങളുടെ മകൾ ആയിശ ചെറുകുഞ്ഞി ബീവിയുടെ മരണത്തെ തുടർന്ന് കോഴിക്കോട് പഴയ മാളിയേക്കൽ ഇമ്പിച്ചി ബിവിയെ തങ്ങൾ വിവാഹം ചെയ്തു. പൂക്കോയ തങ്ങൾക്കു പിന്നാലെ ലീഗ് പ്രസിഡന്റ് സ്ഥാനം വഹിച്ച മുഹമ്മദലി ശിഹാബ് തങ്ങൾ, ഹൈദരലി ശിഹാബ് തങ്ങൾ, സുന്നി പ്രസ്ഥാനത്തിന്റെ നേതാക്കന്മാരായ ഉമറലി ശിഹാബ് തങ്ങൾ, സാദിഖലി ശിഹാബ് തങ്ങൾ, അബ്ബാസലി ശിഹാബ് തങ്ങൾ എന്നീ പുത്രന്മാരടക്കം എട്ടു മക്കൾ. സാദിഖലി തങ്ങൾക്കു മുമ്പേ പിറന്ന സിദ്ദീഖലി ഒമ്പതാം വയസിൽ മരണപ്പെട്ടു.

മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനെ പിന്തുണച്ച ഒരു കോൺഗ്രസ് ആശയക്കാരനായിരുന്നു, പൂക്കോയ തങ്ങൾ. മലബാറിൽ മുസ്‌ലിംലീഗിന്റെ സാരഥിയായിരുന്ന ഹാജി അബ്ദുസ്സത്താർ സേട്ട് സാഹിബിന്റെ ക്ഷണമനുസരിച്ചാണ് 1940ൽ ലീഗംഗമാവുന്നത്.

തുടർന്ന് ബാഫഖി തങ്ങൾപോലും നിർണായകതീരുമാനങ്ങൾക്ക് പൂക്കോയ തങ്ങളെ ആയിരുന്നു ആശ്രയിച്ചിരുന്നത്. ആ സ്നേഹബന്ധം പൂക്കോയതങ്ങളുടെ മകൻ മുഹമ്മദലി ശിഹാബ് തങ്ങൾ ബാഫഖി തങ്ങളുടെ മകൾ ശിഫാ ഫാത്തിമ ബീവിയുടെ ഭർത്താവാവുന്നതുവരെ എത്തി.

ഏറനാട്, വള്ളുവനാട് പ്രദേശത്തെ മുസ്‌ലിംകൾ എന്ന പോലെ അമുസ്‌ലിംകളും ആത്മീയ ശക്തികേന്ദ്രമായി കണക്കാക്കിയിരുന്ന

പൂക്കോയ തങ്ങളെ ചൂണ്ടി ബാഫഖി തങ്ങൾ പറയാറുണ്ടായിരുന്നു: അത് തീയാണ്, അതിനോട് കളിക്കേണ്ട. എന്നാൽ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സജീവമായിരുന്ന പൂക്കോയതങ്ങളെ 1948ൽ മദ്രാസ് സംസ്ഥാന പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി. നാട്ടുരാജ്യങ്ങളുടെ ലയനം നടക്കുന്ന കാലമായിരുന്നു അത്. ഹൈദരാബാദിലെ നിസാം ഭരണകൂടത്തിനെതിരായ പോലീസ് ആക്ഷൻ മലബാറിൽ പ്രമുഖരായ പല മുസ്‌ലിംലീഗ് നേതാക്കളെയും ഭയചകിതരാക്കി.എം.എൽ.എ.ആയിരുന്നവർ പോലും രാജിവെച്ച് പ്രസ്താവന ഇറക്കി.

ഹൈദരാബാദിലെ തീവ്രവാദി വിഭാഗമായ റസാക്കർ ഗ്രൂപ്പിന്റെ നേതാവ് കാസിം റസ്‌വിയെയും കൂട്ടുകാരെയും അറസ്റ്റ് ചെയ്യുന്നതിനിടയിൽ മലബാറിലെ ഏതാനും ലീഗുകാരെയും മദ്രാസ് ഗവൺമെന്റ് കാരണം കാണിക്കാതെ തടങ്കലിലാക്കി.

പുലർച്ചെ കൊടപ്പനക്കൽ തറവാട്ടിലെത്തിയ സബ് ഇൻസ്പെക്ടർ മലപ്പുറം സ്റ്റേഷനിൽ ഐ.ജി.യ്ക്കു താങ്കളെ ഒന്നു കാണണമെന്നു പറഞ്ഞു വാനിൽ കയറ്റിക്കൊണ്ടുപോയി.

അവിടെ എത്തിയപ്പോൾ അറസ്റ്റ് വാറന്റ് കാട്ടി, മഞ്ചേരി സബ്ജയിലിലേക്കയച്ചു. സമാദരണീയനായ പൂക്കോയതങ്ങളെ അറസ്റ്റ് ചെയ്തിരിക്കുന്നു വെന്ന വാർത്ത കാട്ടുതീ പോലെ പരന്നു. ജനം ഇളകി, സബ്ജയിലിലേക്കു ജനപ്രവാഹമായി. എന്തും നടക്കുമെന്നു വന്നപ്പോൾ പോലീസ് തന്നെ പൂക്കോയതങ്ങളോടഭ്യർഥിച്ചു. ജനങ്ങളെ ശാന്തരാക്കാൻ

പൂക്കോയതങ്ങൾ പുറത്തിറങ്ങിവന്നു സൗമ്യമായിതന്നെ ജനങ്ങളെ അറിയിച്ചു: എല്ലാം ദൈവവിധിയാണെന്നു കരുതുക. ഒന്നും സംഭവിക്കില്ല. ശാന്തമായി തിരിച്ചു പോവുക.

ജനം മനമില്ലാമനസ്സോടെ പിരിഞ്ഞു പോയെങ്കിലും ഇനിയും പൂക്കോയതങ്ങളെ മഞ്ചേരി സബ് ജയിലിൽ പാർപ്പിക്കുന്നത് സ്ഫോടനാത്മകമാകുമെന്നു അധികൃതർക്കു തോന്നി.അവർ അദ്ദേഹത്തെ കോഴിക്കോട് പുതിയറയിലെ ജില്ലാ ജയിലിലേക്കുമാറ്റി.

കുറ്റങ്ങളൊന്നും തെളിയിക്കപ്പെടാനില്ലാതെ ജയിൽ മോചിതനായി തിരിച്ചു വന്ന പൂക്കോയ തങ്ങൾ, തന്റെ പ്രവർത്തന കേന്ദ്രം വികസിപ്പിക്കുകയായിരുന്നു. പാർട്ടിയുടെ നിർണായക തീരുമാനങ്ങളിൽ ബാഫഖി തങ്ങൾക്കു ഏറ്റവും വിശ്വസിക്കാവുന്ന ഒരു നേതാവായി അദ്ദേഹം ഉയർന്നു.

വിശ്രമരഹിതമായ ആ ദിനചര്യകൾക്കിടയിലും എപ്പോഴും സുസ്മേരവദനനായി കാണപ്പെടാറുള്ള പാണക്കാട് പൂക്കോയതങ്ങൾ ഒടുവിൽ അർബുദരോഗത്തിനു കീഴ്പെടുകയായിരുന്നു.

മരിക്കുന്നതിനു ഏതാനും മാസങ്ങൾക്കുമുമ്പാണ് രോഗലക്ഷണങ്ങൾ കണ്ടു തുടങ്ങിയത്. മുസ്‌ലിംലീഗിലെ പിളർപ്പിനെ തുടർന്നു ദിവസം മൂന്നും നാലും പൊതുയോഗങ്ങളിൽ ഓടിനടന്നു പങ്കെടുക്കു

ന്നതിനിടയിൽ, അദ്ദേഹം അഖിലേന്ത്യാ മുസ്‌ലിംലീഗ് പ്രസിഡന്റ് ഇബ്രാഹിം സുലൈമാൻസേട്ടിന്റെ പുത്രിയുടെ വിവാഹകർമ്മത്തിൽ സംബന്ധിക്കാൻ ബാംഗ്ലൂർക്കു പോയിരുന്നു.

യാത്രാവേളയിൽ ഭക്ഷണമൊന്നും കഴിച്ചില്ല. വിവാഹസദ്യയിലും തങ്ങൾ കാര്യമായി പങ്കെടുത്തില്ല. മൂന്നു ദിവസം കരിക്കിൻവെള്ളം മാത്രമായിരുന്നു ഭക്ഷണം.പൊതുവേ നന്നായി ഭക്ഷണം കഴിക്കാറുള്ള പൂക്കോയ തങ്ങളുടെ ഈ പ്രത്യേകത സഹപ്രവർത്തകർ ശ്രദ്ധിച്ചു. ഇതിനെത്തുടർന്നാണ്, ഡോക്ടർമാർ അദ്ദേഹത്തെ പരിശോധിച്ചത് അവരുടെയും സഹപ്രവർത്തകരുടെയും നിർബന്ധത്തിനു വഴങ്ങി ഏപ്രിൽ ഒന്നുമുതൽ മെയ് 17 വരെ കോഴിക്കോട്ടു മേരിക്കുന്നു നിർമ്മലാ ആശുപത്രിയിൽ വിദഗ്ദ്ധ ചികിത്സയ്ക്കു വിധേയനാവുകയും ചെയ്തു.

തങ്ങൾക്ക് എങ്ങനെ ഈ രോഗം വന്നുവെന്നു പറയാൻ വിദഗ്ദ്ധന്മാർക്കു കഴിഞ്ഞില്ല. അദ്ദേഹം വലിയൊരു പുകവലിക്കാരനായിരുന്നു.ഒരുപക്ഷേ, ആ വഴിക്കാവാം എന്നത് ഒരു ചിന്ത മാത്രമായി.ചികിത്സയിൽ ആയിരുന്നപ്പോഴൊന്നും അദ്ദേഹത്തിനു യാതൊരു മാനസിക ചാഞ്ചല്യവും അനുഭവപ്പെട്ടിരുന്നില്ല. അതിഭയങ്കരമായ അസുഖത്തിന്റെ നടുവിലും ഡോക്ടർമാർ ചോദിച്ചാൽപോലും, സുഖം തോന്നുന്നുണ്ട്. എന്നു തന്നെയാണ് അദ്ദേഹം പറഞ്ഞിരുന്നത്. വൈദ്യവിധിയനുസരിക്കുന്നതിലും തങ്ങൾ നിഷ്കർഷത പുലർത്തിയിരുന്നു.

ആറാഴ്ചക്കാലം നിർമലാ ആശുപത്രിയിൽ കിടക്കവേ, ജനപ്രവാഹം കോഴിക്കോട് വെള്ളിമാട്കുന്നിലേക്കായി. അവിടെ തന്നെ കാണാൻ വരുന്നവരെയൊക്കെ അങ്ങോട്ടാശ്വസിപ്പിക്കുന്ന തങ്ങളെയാണ് തനിക്കു കാണാൻ കഴിഞ്ഞതെന്നു മിക്കവാറും ദിവസങ്ങളിൽ അദ്ദേഹത്തിന്റെ സമീപം എത്താറുണ്ടായിരുന്ന ബി.വി. അനുസ്മരിക്കാറുണ്ടായിരുന്നു. സന്ദർശകരുടെയൊക്കെ രണ്ടു കൈകളും ചേർത്ത് പിടിച്ച്, നിറഞ്ഞ പുഞ്ചിരിയോടെ അവർക്കുവേണ്ടി പ്രാർഥിക്കുന്ന രീതിയായിരുന്നു, അദ്ദേഹത്തിന്റെത്..

ആശുപത്രിയിൽ അദ്ദേഹത്തെ സന്ദർശിക്കാനായി താൻ പോയപ്പോൾ, എല്ലാവരുടെയും നേതാവായ സി. അച്യുതമേനോന്റെ ആരോഗ്യനിലയെക്കുറിച്ചായിരുന്നു പൂക്കോയ തങ്ങളുടെ അന്വേഷണമെന്നു കമ്മ്യൂണിസ്റ്റ് നേതാവായ എൻ.ഇ. ബാലറാം ഒരനുസ്മരണക്കുറിപ്പിൽ പ്രസ്താവിക്കുകയുണ്ടായി.

കൂടുതൽ പരിശോധനയ്ക്കായി മെയ് 18നു ബോംബെയിലെ കാൻസർ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട തങ്ങൾ, 26നു പാണക്കാട്ടു മടങ്ങിയെത്തി. പക്ഷേ, ജൂലൈ ഒന്നുമുതൽ രോഗം വീണ്ടും മൂർച്ഛിച്ചു.

അഗ്നി, ആശയം, കണയം എന്നെല്ലാം പറയുന്ന പാൻക്രിയാസിന്റെ അഗ്രത്തിൽ വന്ന രോഗം, രണ്ടാം ഘട്ടത്തിൽ കരളിലേക്കു വ്യാപിച്ചു. രോഗബാധയെ തുടർന്നു കരൾ വീങ്ങുകയും വെള്ളം നിറയുകയും ചെയ്തു. മഹോദരത്തിന്റെ രീതിയിലേക്കതു തിരിഞ്ഞു. ഇതിന്റെ കൂടെ

മഞ്ഞപ്പിത്തവും അനുഭവപ്പെട്ടു. രോഗം കരളിലെ അർബുദമാവാൻ വഴിയുണ്ടെന്നും മനസ്സിലായി. ടാറ്റാമെമ്മോറിയൽ കാൻസർ ആശുപത്രിയിലെ റേഡിയോ ഐസോട്ടോപ്പ് സ്കാനിംഗ് പരിശോധന, നാട്ടിലെ വിദഗ്ദാഭിപ്രായത്തിനു സ്ഥിരീകരണമായി. ഈ അവസ്ഥയിൽ കാര്യമായ ചികിത്സയൊന്നുമില്ല. എങ്കിലും ഡോ. സി. കെ. രാമചന്ദ്രൻ ന്യൂയോർക്കിലെ സ്പെഷലിസ്റ്റുകളുമായി ബന്ധപ്പെട്ടും അവരുടെ നിർദ്ദേശമനുസരിച്ചും ചികിത്സിക്കുകയുണ്ടായി.

1975 ജൂലായ് ആറിന് പാണക്കാട്ടെ സ്വവസതിയിലായിരുന്നു, ആ സൂര്യതേജസ് അസ്തമിച്ചത്. അവശജനവിഭാഗങ്ങളുടെ ആശാകേന്ദ്രമായി പരിലസിച്ചിരുന്ന പൂക്കോയ തങ്ങളുടെ വിയോഗം രാജ്യത്തിനും സമുദായത്തിനും അപരിഹാര്യമായ നഷ്ടമായിരുന്നു.

അനേകം രാഷ്ട്രീയ കൂടിയാലോചനകളുടെ കേന്ദ്രവും അഗതികളുടെയും രോഗികളുടെയുമെല്ലാം അഭയസ്ഥാനവുമായിരുന്ന സ്വവസതിയായ കൊടപ്പനക്കൽ വീട്ടിൽ രാത്രി 8.15ന് അന്ത്യശ്വാസം വലിച്ചതുമുതൽ ഹരിത പതാകകൊണ്ടു മൂടിക്കിടത്തിയ മൃതദേഹം രാത്രി ഒമ്പതു മണി മുതൽ പിറ്റേന്ന് ഉച്ചയ്ക്ക് 12 മണിവരെയുള്ള 15 മണിക്കൂറിനിടയിൽ അര ലക്ഷത്തിലധികമാളുകൾ ദർശിക്കുകയും അന്തിമാഭിവാദ്യങ്ങളർപ്പിക്കുകയുമുണ്ടായി.

അതിനുശേഷവും ആ വീട്ടുവളപ്പിനു പുറത്തു പടിഞ്ഞാറ് ഊരകം മുതൽ കിഴക്കു മലപ്പുറം ഹാജിയാർ പള്ളിവരെയുള്ള ആറു മൈൽ ദൂരത്തിൽ ജനങ്ങൾ മൃതദേഹം ഒരു നോക്കു കാണുന്നതിനു വേണ്ടി ക്യൂ നിൽക്കുകയായിരുന്നു. കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും അയൽ സംസ്ഥാനമായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നും എത്തിച്ചേർന്ന അവരിൽ പലരും ഒരിക്കലും വരാത്ത ഊഴത്തിനുവേണ്ടി താണുകേണപേക്ഷിച്ചു നടക്കുന്നതു കണ്ടു.

ഉച്ചയ്ക്കു മയ്യിത്തു കുളിപ്പിക്കാനെടുത്തപ്പോൾ ഗേറ്റടച്ചതിനാൽ പതിനായിരക്കണക്കിനാളുകൾക്കാണ് ആ മഹാപുരുഷനെ അവസാനമായി ഒന്നു ദർശിക്കുന്നതിനു കഴിയാതെപോയത്.

തിക്കും തിരക്കും നിയന്ത്രിക്കാൻ പോലീസും എം.എസ്.പി.യും ഏറെ പാട്പെട്ടു. നേതാക്കൾ തന്നെ വോളന്റിയർമാരായി പ്രത്യക്ഷപ്പെട്ടു. സി.എച്ച്.തന്നെ മൈക്കിനുമുന്നിൽ അനൗൺസറായി ഹാജരാവുകയായിരുന്നു. ഒടുവിൽ നേതാക്കളുടെ വിഷമം കണ്ട് ജനം തന്നെ പിന്മാറി.ജനാസ നമസ്കാരത്തിൽ പങ്കുകൊണ്ടു. ജനങ്ങളെ ഉൾകൊള്ളാനായി നമസ്കാരം തന്നെ പലതവണ ആവർത്തിക്കപ്പെട്ടു.

മൃതദേഹം മയ്യിത്തുകട്ടിലിൽ കിടത്തി, ശ്മശാനത്തിലേക്ക് എടുക്കവെ, അതിലൊന്നു കൈവയ്ക്കാനെങ്കിലും മോഹിച്ച ജനക്കൂട്ടം ആഞ്ഞടുത്തു. പലരും കാൽതെറ്റി വീണു. മണിക്കൂറുകൾ ഒരിറ്റ് വെള്ളം പോലും കുടിക്കാതെ കാത്തിരുന്നവരിൽ ചിലർക്ക് ബോധക്ഷയമുണ്ടാ

യി. മുഖമക്കനകൾക്കും പർദ്ദകൾക്കും പിന്നിൽ ഒളിച്ചിരുന്ന സ്ത്രീ ജനങ്ങൾ,തേങ്ങിക്കരഞ്ഞു. അതിനിടയിൽ തിരക്കിൽപെട്ട വീട്ടുവളപ്പിന്റെ മതിൽപോലും നിലംപൊത്തി.

നമസ്കാരത്തിലൂടെ പ്രാർഥനാമന്ത്രങ്ങൾ ഉരുവിട്ടശേഷം പിൻവാങ്ങിയ പലരും കണ്ണീരിൽ കുതിർന്ന വിലാപയാത്ര അവസാനമായി ഒന്നുകാണാൻ വൃക്ഷത്തലപ്പുകളിലും വീടുകളുടെയും കടകളുടെയും മേൽപുരകളിലും പിടിച്ചു കയറുന്നതും കാണാമായിരുന്നു.

കേരളത്തിനകത്തുനിന്നും പുറത്തുനിന്നും അണമുറിയാതെ എത്തിയ ജനസഹസ്രങ്ങളുടെ ഗദ്ഗദ നിർഭരമായ തക്ബീർ ധ്വനികൾക്കിടയിൽ പിറ്റേന്നു ഉച്ചക്ക് പാണക്കാട് വലിയ ജുമാഅത്ത് പള്ളിയിൽ കബറടക്കം നടന്നു. വമിൻഹാ ഖലക്നാക്കും വമിൻഹ നുഈദുക്കും വമിൻഹാ ്നുഹ്രിജിക്കും ദാറത്തൻ ഉഖ്റ (മണ്ണിൽ നിന്നു സൃഷ്ടിച്ചു മണ്ണിലേക്കുതന്നെ മടങ്ങുന്നു) എന്നർഥം വരുന്ന തിരുസൂക്തം ഉച്ചരിച്ചുകൊണ്ട് അടുത്ത അനുയായികൾ, പൂക്കോയതങ്ങളുടെ വസതിയിൽ നിന്ന് അൽപ്പമകലെ ആറടിമണ്ണിൽ ആ തിരുശരീരം ഇറക്കിവച്ചപ്പോൾ, ചുറ്റും തിങ്ങിക്കൂടിയ ജനം വാവിട്ടു കരഞ്ഞു. ബ്രിട്ടീഷ് സാമ്രാജ്യത്തോട് പൊരുതിമരിച്ച ഉപ്പാപ്പ ഹുസൈൻ തങ്ങൾ, ഒരു നൂറ്റാണ്ട് മുമ്പ് നിർമിച്ച പളളിക്കരികെ ആറടിമണ്ണിൽ കേരളത്തിന്റെ ആ ധീരപുത്രനും അലിഞ്ഞുചേർന്നു.

രാവിലെ കോരിച്ചൊരിഞ്ഞു കണ്ണീർ വീഴ്ത്തിയ പ്രകൃതിപോലും, ആ തീരാദുഃഖത്തിന്റെ മദ്ധ്യത്തിൽ ഏറെനേരം വിറച്ച്, വിറങ്ങലിച്ച്, നിന്നപോലെ തോന്നി. ആ വസതിയുടെ ജാലകത്തിൽ മുഖമമർത്തിക്കരഞ്ഞ ഏറനാടൻ കാറ്റ്, വൈകീട്ട് ഒരു വലിയ മഴയോടെ ആഞ്ഞടിച്ചുവന്നപ്പോൾ ഖബറടക്കച്ചടങ്ങുകളാകെ അവസാനിച്ചിരുന്നു.

രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ പലരുടെയും ഭാഗധേയം നിർണയിച്ച യുഗപ്രഭാവനായ ആ സാത്വികന്റെ മരണത്തിൽ പച്ചക്കൊടി പകുതി ഉയരത്തിൽ തലതാഴ്ത്തിനിന്നു. പല വിദ്യാഭ്യാസ സ്ഥാപനങ്ങളും അവധി പ്രഖ്യാപിച്ചു. പലയിടങ്ങളിലും വ്യാപാര സ്ഥാപനങ്ങൾ കടയടച്ചു. മലപ്പുറം ജില്ല ഹർത്താലാചരിച്ചു.

രണ്ടാഴ്ചമുമ്പു മരണപ്പെട്ട പിതൃസഹോദരൻ ഉൾപ്പെടെയുള്ള പൂർവികന്മാർ അന്ത്യവിശ്രമംകൊള്ളുന്ന കബറിസ്ഥാനിൽ നടന്ന ശോകനിർഭരമായ ചടങ്ങിനു ദൃക്സാക്ഷികളായവരിൽ ഉന്നതരായ നേതാക്കളും കേരളത്തിലെ പ്രാമാണികരായ മന്ത്രിമാരും ഉണ്ടായിരുന്നു.

തന്നെക്കാൾ ചെറുപ്പമായിരുന്നെങ്കിലും അബ്ദുല്ലക്കോയയെ സംബന്ധിച്ചിടത്തോളം പൂക്കോയ തങ്ങൾ എല്ലാ അർഥത്തിലും അനിഷേധ്യനായിരുന്നു. ഫാറൂഖ് കോളേജിൽ പെൺകുട്ടികളെ ചേർക്കുന്നതിനെതിരായ ബാഫഖി തങ്ങളുടെ അഭിപ്രായത്തോടായാലും അസ്വസ്ഥ ബാധിതമായ റാംപൂരിൽ (ഉത്തർ പ്രദേശ്) സംഘർഷം നിലനിൽക്കേ തന്നെ പര്യടനം നടത്താനുള്ള സേട്ടുസാഹിബിന്റെ തീരുമാനത്തോടാ

യാലുംഎതിർപ്പ് പ്രകടിപ്പിക്കാൻ ധൈര്യപ്പെട്ട അബ്ദുല്ലക്കോയ, പൂക്കോയ തങ്ങളുടെ ഒരു തീരുമാനത്തെയും എതിർത്തിരുന്നില്ല.

1973ൽ രാജ്യസഭാ തിരഞ്ഞെടുപ്പിൽ ബി.വി.യ്ക്കു പകരം നിയമ സഭാ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട കാസർകോട്ടെ നേതാവ് ഹാമിദലി ഷംനാടിനെ സ്ഥാനാർഥിയായി അന്നത്തെ പ്രിസഡന്റ് എന്ന നിലയിൽ പാണക്കാട് പൂക്കോയ തങ്ങൾ പ്രഖ്യാപിച്ചപ്പോൾപോലും അച്ചടക്കമുള്ള ഒരു പാർട്ടി പ്രവർത്തകനെന്ന നിലയിൽ താനത് സ്വീകരിക്കുന്നുവെന്നാണ് ബി.വി. പറഞ്ഞത്. ഏതാനും ആഴ്ചകൾക്കു മുമ്പ് മാത്രമായിരുന്നു ബാഫഖി തങ്ങൾ മരിച്ച ഒഴിവിൽ തന്നെ സ്റ്റേറ്റ് ലീഗ് പ്രസിഡന്റാക്കുന്ന തിൽ പ്രധാനപങ്ക് വഹിച്ചത് ബി.വി. ആയിരുന്നു എന്ന പരിഗണന പൂക്കോയ തങ്ങളെ സ്വാധീനിച്ചില്ല. ബി.വി. ആകട്ടെ അങ്ങനെ ഒരു അവ കാശവാദം ഉന്നയിച്ചുമില്ല.

എന്നാൽ മാസങ്ങൾക്കുള്ളിൽ രാജ്യസഭയിലേക്കു മറ്റൊരു ഒഴിവ് വന്നപ്പോൾ ആറു എം.എൽ.എമാരടക്കം നേതാക്കളിൽ ചിലരുടെ എതിർപ്പുകളെ മറികടന്നു ബി.വി.യെതന്നെ ലീഗ് സ്ഥാനാർഥിയായി പൂക്കോയ തങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു ●



പാർലിമെന്റിന്റെ 200സമ്മേളനങ്ങളിൽ പങ്കെടുത്ത അബ്ദുള്ളക്കോയയെ കോഴിക്കോട് പൗരാവലി ആദരിച്ചപ്പോൾ. ബിഷപ്പ് റവ.ഡോ: മാക്സവെൽ നൊറോണ, വൈസ് ചാൻസലർ പ്രഫ.കെ.എ ജലീൽ, ഖാസി നാലകത്ത് മുഹമ്മദ് കോയ ബാഖവി എന്നിവർ സ്വീകരിക്കുന്നു.

രണ്ടക്ഷരങ്ങളിലെ ഇതിഹാസം

കാലത്തിന്റെ കവിളിൽ മുത്തമിട്ടു പാഞ്ഞ പതിറ്റാണ്ടുകൾ. അബ്ദുല്ലക്കോയ 84-ാം വയസിലാണ് 1998ൽ ഈ ലോകത്തോട് യാത്ര പറഞ്ഞത്. ഒടുവിലത്തെ ഏതാനും മാസങ്ങൾ വാർധക്യസഹജമായ അസുഖങ്ങൾ തളർത്തുന്നത് വരെ പൊതുരംഗത്ത് സജീവമായിരുന്ന അദ്ദേഹം,

എങ്കിലും കൂട്ടുകാരിൽ ഓരോരുത്തരും വിടപറയുമ്പോൾ, ജീവിതത്തിൽ താൻ ഒറ്റപ്പെടുന്നില്ലേ എന്ന സംശയവും അദ്ദേഹത്തിനില്ലാതിരുന്നില്ല. തന്റെ ചിന്തകൾ പങ്കുവയ്ക്കാനും തന്റെ തീരുമാനങ്ങൾക്കു ഭേദഗതികൾ നിർദ്ദേശിക്കാനും കഴിയുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതിൽ അദ്ദേഹം വ്യാകുലപ്പെട്ടിരുന്നു.

അതേസമയം കൂടുതൽ ഉണർവോടെയും ആഴത്തിലും ചിന്തിക്കുന്ന ഏതാനുംപേരെ ഇളം തലമുറയിൽ നിന്നു കണ്ടെത്താൻ കഴിഞ്ഞതിലുള്ള സന്തോഷവും അദ്ദേഹം പ്രകടിപ്പിക്കാറുണ്ടായിരുന്നു. എന്നാൽ ചില യുവനേതാക്കൾ കാണിക്കുന്ന എടുത്തുചാട്ട മാനോഭാവം നിയന്ത്രിക്കപ്പെടാതെ പോവരുതെന്നു അദ്ദേഹം നിഷ്കർഷിക്കുന്നുമുണ്ടായിരുന്നു.

നാല് പതിറ്റാണ്ടിലേറെ തനിക്ക് അടുപ്പമുണ്ടായിരുന്ന സി.എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ മരണം ബി.വി.യെ ജീവിതത്തിൽ ഏറെ ദുഃഖിപ്പിച്ച സംഭവമായിരുന്നു. വ്യക്തിപരമെന്നതിനേക്കാളേറെ, സമൂഹത്തിനു മഹാനായ ആ നേതാവിനെ ഇത്ര ചെറുപ്പത്തിൽ തന്നെ നഷ്ടപ്പെട്ടല്ലോ എന്നതായിരുന്നു ബി.വി.യുടെ വേദന.

അനുയായി ആയി രാഷ്ട്രീയത്തിൽ വന്നു സഹപ്രവർത്തകനായി വർത്തിച്ച് നേതാവായി ഉയർന്ന സി.എച്ച് തനിക്കുമുന്നേ കടന്നുപോയതിൽ ഏറെ ദുഃഖിതനായിരുന്നു, ബി.വി. താൻ ജനിച്ച് 13വർഷങ്ങൾക്കു ശേഷം മാത്രം പിറന്ന സി.എച്ച്.,1983ൽ 56-ാംവയസിൽ കടന്നു പോയപ്പോൾ ബി.വി.ക്ക് 69 വയസ്.

ഒരു ലേഖനത്തിൽ ബി.വി അനുസ്മരിച്ചു.'ഇന്ത്യൻ മുസ്‌ലിംകളുടെ അനിഷേധ്യനേതാവായ ജിന്നാസാഹിബിനെ അധിപിച്ച് മഹാകവി

വള്ളത്തോൾ ഒരു പ്രസംഗം നടത്തിയിരുന്നു.പരാതിക്കാസ്പദമായ ആ പ്രസംഗം ജിന്നാസാഹിബ് വാസ്തവത്തിൽ നടത്തിയിരുന്നില്ല.അത് ചൂണ്ടിക്കാട്ടി ചന്ദ്രികയിൽ ഞാനൊരു ലേഖനമെഴുതുകയുണ്ടായി. ലേഖനത്തെ അഭിനന്ദിച്ചുകൊണ്ട് കേവലം ഒരു വിദ്യാർഥിയായ സി.എച്ച്. എഴുതിയ കത്തുമായാണ് ഞാനദ്ദേഹത്തെ പരിചയപ്പെടുന്നത്.

പിന്നെ 1944-ൽ നവാബ്സാദാ ലിയാഖത്തലിഖാൻ കോഴിക്കോട് സന്ദർശിച്ചപ്പോൾ, മുസ്ലിം വിദ്യാർഥികളുടെ അവശതകൾ അവതരിപ്പിച്ച് കേവലം 17 വയസ് മാത്രം പ്രായമുണ്ടായിരുന്ന സി.എച്ച്. പ്രസംഗിച്ച വേദിയിൽ സത്താർസേട്ട്, സീതി സാഹിബ് എന്നിവരുടെ കൂടെ ഞാനുമുണ്ടായിരുന്നു. അന്നു തുടങ്ങി സി.എച്ചി ന്റെ പൊതു ജീവിതത്തിലെ കുതിച്ചുചാട്ടം'.

സി.എച്ചിനെ 1952ൽ ആദ്യത്തെ ബാലറ്റ് യുദ്ധത്തിൽ കുറ്റിച്ചിറ പതിനേഴാം വാർഡിൽ സ്ഥാനാർഥിയായി നിർത്തി, കോഴിക്കോട് മുനിസിപ്പൽ കൗൺസിലിലേക്ക് ജയിപ്പിക്കുന്നതിൽ ബി.വി. പ്രധാനപങ്ക് വഹിച്ചിരുന്നു. 1955ൽ മറ്റൊരു വലിയ മത്സരത്തിനായി സി.എച്ച് കോൺഗ്രസ്സ് കോട്ടയായ പരപ്പിൽ വാർഡിൽ ഗോദയിലിറങ്ങിയപ്പോഴും ക്യാംപയിൻ മാനേജർ ബി.വി. ആയിരുന്നു. കമ്മ്യൂണിസ്റ്റുകാർ മുതൽ ആർ.എസ്.എസ്.കാർവരെയുള്ളവരുടെയും പിന്തുണയോടെ ഇറങ്ങിയ മലയാള പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റി ജോയന്റ് സെക്രട്ടറി എ. അപ്പക്കോയക്കു എതിരെ സി.എച്ചിന്റെത് ചരിത്ര വിജയം ആയിരുന്നു.

1962 ൽ ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ കോഴിക്കോട്ട് ലീഗ് ടിക്കറ്റിൽ ആര് മത്സരിക്കണമെന്ന ചർച്ച പാർട്ടിയിൽ വന്നപ്പോൾ സി.എച്ച്. തന്നെ വേണമെന്നു ശഠിച്ചതും ബി.വി. തന്നെ.

1957ലെ തെരഞ്ഞെടുപ്പിൽ മഹാനായ സീതിസാഹിബ് തോറ്റ സീറ്റാണിതെന്നും അദ്ദേഹത്തെ പരാജയപ്പെടുത്തിയ കോൺഗ്രസ് നേതാവ് കെ.പി. കുട്ടികൃഷ്ണൻ നായരാണ് ഇത്തവണയും എതിർസ്ഥാനാർഥിയെന്നും പല ലീഗ് നേതാക്കളുംചൂണ്ടിക്കാട്ടിയെങ്കിലും, അക്കാര്യം ഞാൻ ഏറ്റു എന്നു നിശ്ചയ ദാർഢ്യത്തോടെ പറഞ്ഞത് ടൗൺ കമ്മിറ്റി പ്രസിഡന്റായിരുന്ന ബി.വി. ആയിരുന്നു. ബാഫഖി തങ്ങളോടും എം. ബാവുട്ടിഹാജിയോടും ഒപ്പം സി.എച്ചിന്റെ നോമിനേഷൻ പിൻതാങ്ങിയതും ബി.വി.അവിഭക്ത മദ്രാസ് സംസ്ഥാനത്ത് മന്ത്രിയായിരുന്ന ഐ. എൻ.ടി.യു.സി. നേതാവ് കെ.പി. കുട്ടികൃഷ്ണൻ നായരെ മൂന്നാം സ്ഥാനത്തേക്കു തളളിയാണ് സി.എച്ച് അന്നു ജയിച്ചു കയറിയത്.

രാജ്യസഭാംഗമെന്ന നിലയിൽ ബി.വി.യും ലോക്സഭാംഗമായി സി.എച്ചും പാർലമെന്റിൽ എത്തിയ അക്കാലത്ത് ലീഗ് സംഘത്തെ നയിക്കാൻ ഇസ്മാഈൽ സാഹിബും സേട്ട് സാഹിബും അവരോടൊപ്പം ഡൽഹിയിലുണ്ടായിരുന്നു. എം.പി.മാരുടെ താമസസ്ഥലമായ ഡൽഹിയിലെ വെസ്റ്റേൺ കോർട്ടിൽ ഒപ്പം കഴിഞ്ഞ നാളുകളെക്കുറിച്ച് ബി.വി. എന്നും അനുസ്മരിക്കാറുണ്ടായിരുന്നു.സ്വാതന്ത്ര്യത്തിനു മുമ്പ് സെൻട്രൽ

അസംബ്ലി അംഗങ്ങളായ മോത്തിലാൽ നെഹ്റുവും മുഹമ്മദലി ജിന്നയും താമസിച്ചിരുന്ന അതേ ഹോസ്റ്റൽ.

ബാങ്ക് ദേശവൽക്കരണം പോലെയും നാട്ടുരാജാക്കന്മാരുടെ മാലി ഖാൻ നിർത്തലാക്കുന്നത് പോലെയുമുള്ള ചരിത്ര പ്രസിദ്ധമായ തീരുമാനങ്ങളിലും ഒക്കെ ഒന്നിച്ചു നിന്ന മുസ്ലിംലീഗ് പാർലമെന്ററി പാർട്ടി കേരളത്തിനാവശ്യമായ ഭക്ഷ്യ വിഹിതം നേടിയെടുക്കാൻ പാർലമെന്റ് മന്ദിരത്തിനു മുന്നിൽ സത്യഗ്രഹം നടത്തുകപോലും ചെയ്തു.

സോവിയറ്റ് റഷ്യയിലും ഗൾഫ് രാജ്യങ്ങളും സി.എച്ചി.നോടൊപ്പം പര്യടനം നടത്തിയിരുന്നതും ബി.വി. അനുസ്മരിക്കാറുണ്ടായിരുന്നു.

തങ്ങളൊക്കെ ഭാരവാഹികളായിരുന്ന കോഴിക്കോട് ടൗൺ മുസ്ലിം ലീഗ് കമ്മറ്റിയിൽ ഓഫീസ് സെക്രട്ടറിയായി വന്ന സി.എച്ചി.നെ നല്ല ഒരനുയായി ആയികണ്ടു ബി.വി. അദ്ദേഹം ടൗൺ കമ്മിറ്റി സെക്രട്ടറി സ്ഥാനത്തേക്കുയർന്നതും, സിറ്റി ലീഗ് റിലീഫ് കമ്മറ്റിയുടെ ഭാരവാഹി ആയതും സഹപ്രവർത്തകനെന്ന നിലയിലായിരുന്നു. നടുവട്ടം വെടിവപ്പിന്റെ പശ്ചത്തലത്തിൽ 1954 ൽ കോഴിക്കോട്ട് നടന്ന മലബാർ ജില്ലാ ലീഗ് സമ്മേളനത്തിൽ, ജനറൽ സെക്രട്ടറി സീതിസാഹിബിനു കീഴിൽ ജോയന്റ് സെക്രട്ടറിമാരായി പ്രവർത്തിച്ചത് സി.എച്ചും ബി.വിയും ഒന്നിച്ചായിരുന്നു.

പിൽക്കാലത്ത് ഏതാനും മാസം സംസ്ഥാന മുസ്ലിംലീഗിന്റെ ജനറൽ സെക്രട്ടറി പദത്തിലും ബി.വി. എത്തി. 1979 ൽ സി.എച്ച്. കേരളത്തിലെ ആദ്യത്തെ മുസ്ലിം മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുമ്പോൾ, താനായിരുന്നു പാർട്ടിയുടെ സംസ്ഥാന ജനറൽ സെക്രട്ടറി എന്നു ബി.വി. അഭിമാനത്തോടെ പറയാറുണ്ടായിരുന്നു. സി.എച്ച് മുഖ്യമന്ത്രിയായി പ്രഖ്യാപിക്കപ്പെട്ട ദിവസം, ആ കവിളുകളിൽ ആഹ്ലാദ മുത്തമിടുന്ന അഭിമാനമുഹൂർത്ത നിമിഷം വിലപ്പെട്ട പടമായി ബി.വി.യുടെ ഫോട്ടോ ആൽബത്തിൽ സ്ഥിരപ്രതിഷ്ഠ നേടി.

തലശ്ശേരിയിൽ സി.എച്ച്. ഒരു ആസിഡ് ബോംബ് ആക്രമണത്തിനു വിധേയമായപ്പോൾ ആദ്യമായി ബന്ധപ്പെട്ടവരിൽ ഒരാൾ ബി.വി. ആയിരുന്നുവെന്നു മകൻ ഡോ. എം. കെ. മുനീർ അനുസ്മരിക്കുകയുണ്ടായി 1970 ജനുവരി നാലിനു തലശ്ശേരി ഗവ. റെസ്റ്റ് ഹൗസിൽ ആയിരുന്നു സംഭവം . സന്ദർശകരിൽ നിന്നു ആഭ്യന്തരമന്ത്രി സി.എച്ച്. നിവേദനങ്ങൾ സ്വീകരിക്കുന്ന സമയം. തുന്നൽ അധ്യാപകരുടെ പ്രശ്നങ്ങൾ പരഹരിക്കണമെന്നു നിവേദനവുമായി തലശ്ശേരിയിലെ പഴയ കാല മാർക്സിസ്റ്റ് പ്രവർത്തകൻ ഗംഗാധരമാരാർ വന്നു. നിവേദനം എടുക്കാനെന്നു പറഞ്ഞു അണ്ടർ വെയറിന്റെ പോക്കറ്റിൽ കയ്യിട്ട മാരാർ ബാഡ്മിന്റൺ പന്തിന്റെ വലുപ്പമുള്ള ഒരു ആസിഡ് ബൾബെടുത്തു മന്ത്രിയെ എറിഞ്ഞു. ഗൺമാൻമാർ തട്ടിത്തെറിപ്പിച്ചതിനാൽ മുഖത്ത് കൊള്ളാതെ അത് മേശമേൽ വീണു പൊട്ടി. ആസിഡ് തുള്ളികൾ തെറിച്ച് സി.എച്ചിന്റെ മുഖത്ത് ചോര പൊട്ടി.

ഗവർണറുടെ കാറിനു കല്ലെറിഞ്ഞതിനും, സോഷ്യലിസ്റ്റ് നേതാവ് പി.ആർ കുറുപ്പിന്റെ തലക്ക് ഇരുമ്പുവടികൊണ്ടടിച്ചതിനും കേസ് ചാർജ് ചെയ്യപ്പെട്ട മാരാർ വന്നപ്പോൾ തന്നെ, ആളെ അകത്തു കടത്തുന്നില്ലെന്നു സെക്യൂരിറ്റി ചാർജുള്ളവർ സി.എച്ചി.നോട് പറഞ്ഞിരുന്നു. എങ്കിലും വരുന്നത് ഒരു പ്രതിപക്ഷ പ്രവർത്തകനായതിനാലും, ഉദ്ദേശ്യം അധ്യാപക പ്രശ്നമായതിനാലും തടയേണ്ട എന്ന നിലപാടായിരുന്നു വിദ്യാഭ്യാസവകുപ്പുകൂടി കൈകാര്യം ചെയ്തിരുന്ന ആഭ്യന്തരമന്ത്രിയുടേത്.

1977ൽ സമാന രൂപത്തിൽ ചെന്നൈയിലും ഒരാക്രമണത്തിനു സി.എച്ച്. വിധേയനാവുകയുണ്ടായി. ഡി.എം.കെ.യിൽ അധികാരത്തർക്കവും അവകാശത്തർക്കവും മൂർച്ഛിച്ചു നിന്ന കാലം. ഔദ്യോഗിക സന്ദർശനത്തിനു എത്തിയ സി.എച്ച്.കൊടിവച്ച കാറിൽ സഞ്ചരിക്കവേ, കരുണാനിധിയാണെന്നു കരുതി എതിരാളികൾ കല്ലെറിയുകയായിരുന്നു. ഭാഗ്യത്തിനു പരുക്കൊന്നും ഏറ്റില്ല. കരുണാനിധി തന്നെ നേരിട്ടു ബന്ധപ്പെട്ട് കേരള നേതാവിനോട് ഖേദം പ്രകടിപ്പിക്കുകയും ചെയ്തു.

കൊയിലാണ്ടിക്ക് അല്പം തെക്കു കിഴക്കുമാറി അത്തോളി എന്ന കുഗ്രാമത്തിൽ ചില്ലറ ചികിത്സകൾ നടത്തി കുടുംബം പോറ്റിയിരുന്ന മനത്താംകണ്ടി ആലിമൂസ്യാരുടെ മൂത്തമകനായിരുന്നു, ചെറിയാരംകണ്ടി മുഹമ്മദ് കോയ എന്ന സി.എച്ച്. വീട്ടിനടുത്തുള്ള കൊങ്ങന്നൂർ എലിമെന്ററി സ്കൂളിൽ മൊട്ടത്തലയിൽ പട്ടുറുമാലും കെട്ടി പഠിക്കാൻ ചെന്ന കുട്ടി, വളരെ അകലെയല്ലാത്ത വേളൂർ മാപ്പിള എലിമെന്ററി സ്കൂളിൽ പഠനം തുടരുന്നു. വീടിനോടനുബന്ധിച്ചു ഓത്തുപുരയിൽ നിന്നും കാപ്പാട് പള്ളിയിൽയിൽ നിന്നും മതപഠനവും നിർവഹിച്ചു.

തുടർന്നു കൊയിലാണ്ടി ബോർഡ് ഹൈസ്കൂളിൽ വർത്തക പ്രമാണിയായ സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങളുടെ സ്കോളർഷിപ്പോടെ പഠനം തുടർന്ന പത്തു വിദ്യാർഥികളിൽ ഒരാളായി സി.എച്ച്.

വിദ്യാർഥി ജീവിതകാലത്ത് തന്നെ, എഴുത്തിലും വായനയിലും പ്രസംഗത്തിലും പ്രാവീണ്യം കാണിച്ച മുഹമ്മദ്കോയ, കോഴിക്കോട് തളിയിലെ സാമൂതിരികോളേജിൽ (ഇന്നത്തെ ഗുരുവായുരപ്പൻ കോളേജ്) ഇന്റർ മീഡിയറ്റിനു ചേർന്നെങ്കിലും പഠനം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

കൊയിലാണ്ടി ലീഗ് ഓഫീസിൽ സ്റ്റാഫംഗമായി പ്രവർത്തിച്ച സി.എച്ച്. തുടർന്ന കോഴിക്കോട് മുനിസിപ്പൽ ഓഫീസിൽ ക്ലാർക്കുദ്യോഗം സ്വീകരിച്ചു.

ഇതിനകം മുസ്ലിം വിദ്യാർഥി ഫെഡറേഷനിലും സാന്നിധ്യമറിയിച്ച അദ്ദേഹം മുസ്ലിംലീഗ് നേതാവ് നവാബ് സാദാ ലിയാഖത്തലിഖാനു കോഴിക്കോട്ട് നൽകിയ സ്വീകരണത്തിൽ വിദ്യാർഥി പ്രതിനിധിയായി പ്രസംഗവേദിയിലെത്തി. പ്രഫ. കെ.വി. അബ്ദുറഹിമാൻ പത്രാധിപത്യം വഹിച്ച ചന്ദ്രികയിൽ 1946ൽ സഹപത്രാധിപരായി ചേർന്ന അദ്ദേഹം,

1950ൽ ഇരുപത്തൊന്നാം വയസ്സിൽ മുഖ്യ പത്രാധിപരുമായി.

1946ൽ മദ്രാസ് നിയമസഭയിലേക്കു തിരഞ്ഞെടുപ്പ് നടക്കവേ കോഴിക്കോട് കുറുമ്പ്രനാട് സീറ്റിൽ ലീഗ് സ്ഥാനാർഥിയായി കോഴിക്കോട്ടെ പൗരപ്രമുഖനായ ടൗൺലീഗ് സെക്രട്ടറി പി.പി. ഹസൻ കോയ രംഗത്തിറങ്ങി. ഇംഗ്ലീഷ് മാധ്യമമായി സ്കൂളിലും കോളേജിലും പഠിച്ച് ഇരട്ട ബിരുദം നേടി വന്ന ഹസൻകോയക്കു മലയാളത്തിൽ പ്രസംഗിക്കാൻ പ്രയാസം. അദ്ദേഹം സി. എച്ചിനെ ഒപ്പം കൂട്ടി. പ്രസംഗം തർജ്ജമ ചെയ്യാൻ. വടകര മേഖലയിലെ, തെരഞ്ഞടുപ്പും ഗോദകളിൽ മുന്നു കോയമാരും പിന്നെ ഒന്നിച്ചായി. വേദി പി.പി.യും സി.എച്ചും പങ്കിട്ടപ്പോൾ ഓഫീസ് കാര്യങ്ങൾക്ക് ചുക്കാൻ പിടിക്കാൻ ബി.വി. വടകരയിൽ താമസം തുടങ്ങി. ഫലം വന്നപ്പോൾ കോൺ ഗ്രസിലെ പാറോൽ ഹുസൈൻ മൗലവിക്കെതിരെ പി.പി.യ്ക്കു ഉജ്വല ജയം. മൊത്തം 29 പേരാണ് അന്ന് ലീഗ് ടിക്കറ്റിൽ മദ്രാസ് അസംബ്ലിയിലെത്തിയത്.

മാറിയ പരിതസ്ഥിതിയിൽ പല പ്രമാണിമാരും ലീഗിൽ നിന്നു രാജിവെച്ചു. പാർട്ടി അച്ചടക്കം പാലിക്കാൻ തയ്യാറാവാതിരുന്ന 14 ഖാൻ ബഹദൂർമാരെ ഒരൊറ്റ അടിക്കുപുറത്താക്കിയ ലീഗ് അതൊരു വെല്ലുവിളി ആയി തന്നെ എടുത്തു. ടൗൺ ലീഗിൽ നാലുവർഷമായി ബാഫഖി തങ്ങൾക്കു കീഴിൽ സെക്രട്ടറി സ്ഥാനം വഹിച്ചിരുന്ന ഹസൻകോയയും രാജിവെച്ചു.

ഹസൻകോയ ഒഴിഞ്ഞതിനെ തുടർന്ന് 1949ൽ കോഴിക്കോട് ടൗൺലീഗ് സെക്രട്ടറിയായി സി.എച്ച്. തിരഞ്ഞെടുക്കപ്പെട്ടു. ആ വർഷം തന്നെയായിരുന്നു കമ്മോട്ടിൽ അബൂബക്കർ ഹാജിയുടെ മകൾ ആമിനയെ അദ്ദേഹം വിവാഹം ചെയ്തതും.

1952ലെ ഒന്നാമത്തെ തിരഞ്ഞെടുപ്പിൽ പ്രായം തികയാത്തത് കൊണ്ടു മാത്രം മത്സരിക്കാൻ സാധിക്കാതിരുന്ന സി.എച്ച്., തുടർന്ന് രണ്ടു തവണ കോഴിക്കോട് നഗരസഭാംഗമായി. നഗരസഭയെ കോർപ്പറേഷനാക്കി ഉയർത്തണമെന്ന ആവശ്യം അദ്ദേഹമാണ് കൗൺസിലിൽ ഉന്നയിച്ചത്. 1961ൽ കേരള നിയമസഭ ഈ പ്രമേയം പാസാക്കിയപ്പോൾ, സ്പീക്കറെന്ന നിലയിൽ ഒപ്പുവെച്ചതും അദ്ദേഹം തന്നെ.

അക്കാലത്ത് തന്നെ പേരെടുത്ത ഒരു പ്രസംഗകനായി സി. എച്ച്.മാറിക്കഴിഞ്ഞിരുന്നു. മൂർച്ചയേറിയ വിമർശനങ്ങളും കുറിക്കു കൊള്ളുന്ന ഫലിതങ്ങളും ചേർന്നുള്ള ആ പ്രസംഗധാര മണിക്കൂറുകളോളം ജനങ്ങളെ എന്നപോലെ നേതാക്കളെയും ഹരം കൊള്ളിച്ചിരുന്നു. വെടിപ്പെട്ടിക്കോയ എന്ന ബഹുമാന്യനായ സത്താർസേട്ട് പോലും സി.എച്ചി.നെ സ്നേഹപൂർവം വിളിക്കാറുണ്ടായിരുന്നു. മുഖപ്രസംഗങ്ങളും മറുപടികളും പംക്തികളുമായി ചന്ദ്രികയുടെ കോളങ്ങളെ ആവേശം കൊള്ളിക്കുന്ന ചുമതലയും അദ്ദേഹം മുടങ്ങാതെ നിർവഹിച്ചുപോന്നു.

തിരഞ്ഞെടുപ്പു പ്രചാരണം എന്നും ഒരു ഹരമായി കൊണ്ടു

നടന്നിരുന്ന പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റു, അക്കാലത്താണ് കേരളത്തിലും കോൺഗ്രസിനു വോട്ട് പിടിക്കാനായി വന്നത്. കാറിലും വിമാനത്തിലും മാത്രമല്ല, സൈക്കിളിലും വണ്ടിയിലും കുതിരപ്പുറത്തും ഒട്ടകപ്പുറത്തുമൊക്കെ കയറി താൻ സമ്മതിദായകരെ കാണാൻ പോവാറുണ്ടായിരുന്നുവെന്നു നെഹ്റു ഇന്ത്യയെ കണ്ടെത്തൽ എന്ന തന്റെ ആത്മകഥയിൽ എഴുതിയിരുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ കാവലാളായി ജീവിതം മുഴുവൻ ചെലവഴിച്ച നെഹ്റു പക്ഷെ മുസ്ലിം ലീഗിനെ നഖശിഖാന്തം എതിർത്തു. കോഴിക്കോട് കടപ്പുറത്ത് ചേർന്ന മഹാസമ്മേളനത്തിൽ പണ്ഡിറ്റ്ജി പ്രഖ്യാപിച്ചു: മുസ്ലിംലീഗ് ചത്ത കുതിരയാണ്.

ലീഗണികളെ ആകെ വേദനിപ്പിച്ച ആ പ്രഖ്യാപനത്തിനു സി. എച്ചാണ് മറുപടി പറഞ്ഞത്. പ്രിയപ്പെട്ട പണ്ഡിറ്റ്ജി, ലീഗ് ചത്ത കുതിരയല്ല, ഉറങ്ങിക്കിടക്കുന്ന സിംഹമാണ് . 1957ൽ താനൂരിൽ നിന്നു സി.എച്ച്. നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് വീണ്ടും താനൂർ (1960) മങ്കട (1967) കൊണ്ടോട്ടി (1970) മലപ്പുറം (1977) മഞ്ചേരി (1980, 1982) എന്നീ മണ്ഡലങ്ങളിൽ നിന്നു ജയിച്ചു. 1977ൽ തിരഞ്ഞെടുപ്പ് കേസിൽ കേരള ഹൈക്കോടതി അസംബ്ലി അംഗത്വം റദ്ദാക്കിയെങ്കിലും, സുപ്രീം കോടതി ശരിവെച്ചു. 1962 ൽ കോഴിക്കോട് നിന്നും 1973ൽ മഞ്ചേരിയിൽ നിന്നും ലോക്സഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു.

ഇതിനകം മുസ്ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പദത്തിലെത്തിയ അദ്ദേഹം ലീഗിന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

1967ൽ ഇ.എം.എസ്. മന്ത്രിസഭയിൽ എം.പി.എം. അഹമദ് കരിക്കളോടൊപ്പം ലീഗ് മന്ത്രിയായ സി.എച്ച്. തുടർന്നു. സി.അച്യുതമേനോൻ (1969–77) കെ.കരുണാകരൻ (1977) എ.കെ. ആന്റണി (1978–79) എന്നിവരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിലും അംഗമായി. 1979ൽ 54ദിവസത്തോളം കേരള മുഖ്യമന്ത്രിസ്ഥാനത്തും എത്തിയ സി.എച്ച്., കരുണാകരൻ മന്ത്രിസഭയിൽ (1981–82, 1982–83) ഉപമുഖ്യമന്ത്രിപദവിയും വഹിക്കുകയുണ്ടായി. ഏഴാം നിയമസഭയിൽ ഉപമുഖ്യമന്ത്രി ആയിരിക്കേയാണ് ഹൈദരാബാദിൽ മരണപ്പെട്ടത്.

ഐക്യ ജനാധിപത്യ മുന്നണി സംവിധാനത്തിന്റെ ഭാഗമായി 1960ൽ കേരള നിയമസഭയുടെ രണ്ടാമത്തെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടകെ.എം. സീതിസാഹിബ്, ഒരു വർഷം കഴിഞ്ഞു തൽസ്ഥാനത്തിരുന്നു മരണപ്പെട്ടപ്പോൾ നിയമസഭാധ്യക്ഷ പദവിയും സി.എച്ചിനെ തിരഞ്ഞുവന്നു. പാർട്ടിയിൽ നിന്നു രാജിവെച്ച ശേഷം സ്പീക്കറാകുക എന്ന കാര്യം അദ്ദേഹത്തിനു അചിന്ത്യമായിരുന്നെങ്കിലും പാർട്ടി അച്ചടക്കം മാനിച്ച് സി.എച്ച്. ആ പദവി ഏറ്റെടുത്തു.

1961 ജൂണിൽ അദ്ദേഹം ആ പദവിയിലേക്കുയർത്തപ്പെട്ടപ്പോൾ 34 വയസ്. ഇന്ത്യ കണ്ട ഏറ്റവും പ്രായം കുറഞ്ഞ സ്പീക്കർ. അഞ്ചു

മാസം മാത്രമെ അദ്ദേഹം ആ സ്ഥാനത്തിരുന്നുള്ളുവെങ്കിലും സഭയുടെ ഇരുവശങ്ങളിൽ നിന്നുമുള്ള അംഗീകാരം അദ്ദേഹം എളുപ്പത്തിൽ പിടിച്ചെടുത്തുവെന്നു ജീവചരിത്രകാരനായ എം.സി. ഇബ്രാഹിം രേഖപ്പെടുത്തുന്നു.നടപടിച്ചട്ടങ്ങൾ പാ ലിക്കുന്നതിലും നയ പ്രശ്നങ്ങൾക്ക് റൂളിങ്ങ് നൽകുന്നതിലും ഒരു ബിരുദധാരിപോലും അല്ലാതിരുന്നിട്ടും അദ്ദേഹം പ്രത്യേക വൈദധ്യം തന്നെ പ്രകടമാക്കി. കോഴിക്കോട് മുനിസിപ്പാലിറ്റിയെ കോർപ്പറേഷനാക്കി ഉയർത്തുന്ന നിയമസഭാ പ്രമേയത്തിൽ ഉൾപ്പെടെ നിർണായകമായ പല തിരുമാനങ്ങൾക്കും ഒപ്പ് ചാർത്താൻ കഴിഞ്ഞു അദ്ദേഹത്തിനു

നഗരസഭ അദ്ദേഹത്തിന്റെ ജീവിതത്തോട് ഏറെ ബന്ധപ്പെട്ടു കിടക്കുന്ന ഒരു സ്ഥാപനമാണ്. അദ്ദേഹത്തിന്റെ എന്നപോലെ ഏകമകൻ മുനീറിന്റെയും പൊതുജീവിതം തുടങ്ങിയത് ഇവിടെ ജനപ്രതിനിധി ആയിട്ടായിരുന്നല്ലോ.അത്തോളിയിൽ നിന്നു കോഴിക്കോട്ട് വന്ന ബാല്യകാലത്ത് ഈ നഗരസഭയിൽ ഒരു ക്ലാർക്കായി ജോലി ചെയ്തതും നഗരസഭ കോർപ്പറേഷനാക്കി ഉയർത്തണമെന്നു കൗൺസിലറായ കാലത്ത് പ്രമേയം അവതരിപ്പിച്ചതും സി.എച്ച്അക്കാലത്തെല്ലാം അനുസ്മരിക്കാറുണ്ടായിരുന്നു.

അഞ്ചു മാസത്തിനകം, കോൺഗ്രസും ലീഗും തമ്മിലിടഞ്ഞപ്പോൾ പാർട്ടി കല്പന ശിരസാവഹിച്ച് മിനിട്ടുകൾക്കകം രാജിവെച്ച് സി.എച്ച് ജനമധ്യത്തിലേക്കിറങ്ങി. ആ ചുരുങ്ങിയ കാലത്തിനിടയിൽ തന്നെ നിയമസഭാ ചട്ടങ്ങൾ എന്ന പേരിൽ ഒരു ആധികാരിക ഗ്രന്ഥവും അദ്ദേഹം മലയാള ഭാഷയ്ക്കു സംഭാവന ചെയ്തു.

സി.എച്ചി.നോട് പത്രക്കാർ ചോദിച്ചു അങ്ങ് സ്പീക്കറെന്ന നിലക്ക് കക്ഷിരഹിതനല്ലേ.സി.എച്ച്. മറുപടി പറഞ്ഞു. പാർട്ടി പറഞ്ഞിട്ടാണ് ഞാൻ സ്പീക്കറായത് പാർട്ടി പറയുമ്പോൾ ഞാനിറങ്ങിപ്പോവുകയും ചെയ്യുന്നു.

സ്പീക്കർ പദവിയുമായി തൂക്കിനോക്കിയപ്പോൾ സംഘടനക്കാണ് ഏറെ മുൻതൂക്കം എന്നറിഞ്ഞുകൊണ്ടാണ് രാജി. അധികാരത്തിന്റെ കൊട്ടാരം വിട്ട് ഞാൻ ജനങ്ങളുടെ കൊട്ടാരത്തിലേക്കു പോകുന്നു.

വിവിധ മന്ത്രിസഭകളിലായി വിദ്യാഭ്യാസവും ആഭ്യന്തരവും പൊതുമരാമത്തും, വ്യവസായവും,സാമൂഹികക്ഷേമവും അടക്കം പല വകുപ്പുകൾ സി.എച്ച്. മുഹമ്മദ്കോയ കൈകാര്യം ചെയ്തിരുന്നു. ആഭ്യന്തര മന്ത്രിയെന്ന നിലക്കു കേരളത്തിലെ നക്സൽ പ്രസ്ഥാനത്തെ മുളയിൽ തന്നെ നുള്ളിക്കളയാൻ അദ്ദേഹത്തിനു കഴിഞ്ഞു. 1979ൽ കമ്യൂണിസ്റ്റുകാരും കോൺഗ്രസ്സുകാരുമില്ലാത്ത ഒരു മന്ത്രിസഭയ്ക്കു 54 ദിവസം നേതൃത്വവും നൽകി.

വിദ്യാഭ്യസരംഗത്ത് പ്രഗത്ഭരായ ഒട്ടേറെപേർ കൈകാര്യം ചെയ്തിട്ടും പരാജയപ്പെട്ടിടത്ത് ഒരു ബിരുദം പോലും ഇല്ലാത്ത അദ്ദേഹം വിപ്ലവകരമായ മാറ്റങ്ങൾ വരുത്തി. ഒന്നരലക്ഷം വിദ്യാർഥികളും 150 കോളേജുകളുമുള്ള കേരള സർവകലാശാല വിഭജിക്കാൻ എടുത്ത തീരു

മാനം അതിൽ സുപ്രധാനമായിരുന്നു. ഒരു സെന്റ് ഭൂമി വിട്ടു കിട്ടാൻപോലും പതിറ്റാണ്ടുകളുടെ കോടതി കയറ്റങ്ങൾ വേണ്ടിവരുന്ന നാട്ടിൽ കോഴിക്കോടിനോട് തൊട്ടുരുമ്മി നിൽക്കുന്ന നാഷണൽ ഹൈവേയിൽ, മലപ്പുറത്തെ തേഞ്ഞിപ്പലത്ത് 500 ഏക്കർഭൂമി കണ്ടെത്തി 1968ൽ അദ്ദേഹം സ്ഥാപിച്ച കാലിക്കറ്റ് സർവകലാശാല, നാനൂറോളം കോളേജുകൾക്ക് അഫിലിയേഷൻ നൽകി മുന്നേറി.

കാലിക്കറ്റിനു പുറമെ കൊച്ചി ശാസ്ത്ര സർവകലാശാലയും തൃശൂർ മണ്ണുത്തി കാർഷിക സർവകലാശാലയും അദ്ദേഹത്തിന്റെ സംഭാവനകളാണ്. കോഴിക്കോട്ട് സർക്കാരിന്റെ ലോകോളേജും, ഗവ. ആർട്സ് കോളേജുംതുടങ്ങിവെച്ച അദ്ദേഹം കേരളത്തിനനുവദിച്ച റീജ്യണൽ എഞ്ചിനീയറിങ്ങ് കോളേജും (ഇന്നത്തെ എൻ.ഐ.ടി.) കോഴിക്കോട്ട് ചാത്തമംഗലത്തു സ്ഥാപിക്കുകയുണ്ടായി.

ഭാഷാധ്യാപനത്തിനെന്നപോലെ സ്വകാര്യ മേഖലയിൽ നിരവധി കോളേജുകൾ ആരംഭിക്കുന്നതിനും സി.എച്ചി.ന്റെ ഭരണപാടവം വഹിച്ച പങ്ക് അവിസ്മരണീയമത്രെ. പത്താം ക്ലാസ്വരെ വിദ്യാഭ്യാസം സൗജന്യമാക്കിയതും, സെനറ്റിലും സിൻഡിക്കേറ്റിലും വിദ്യാർഥി പ്രാതിനിധ്യം നൽകിയതും ശ്രദ്ധേയമായ നേട്ടങ്ങളായി.

ആ വസന്തം വിടപറഞ്ഞിട്ട് മുപ്പത് വർഷങ്ങൾ കഴിഞ്ഞിട്ടും ആ പൂവിന്റെ സുഗന്ധം മാറിയിട്ടില്ല എന്നാണ് സി.എച്ചി.ന്റെ ജീവചരിത്രം എഴുതിയ സുപ്രഭാതം പത്രാധിപരായ നവാസ് പൂനൂർ പറയുന്നത്. രാഷ്ട്രീയ നേതാവ്, സാഹിത്യ നായകൻ, പ്രോജ്വല പ്രസംഗകൻ, സാഹിത്യ നായകൻ, മികച്ച പത്രാധിപർ, കഴിവുറ്റ ഭരണാധികാരി എന്നീ നിലകളിലെല്ലാം വർണം വിതറിയാണ് സി.എച്ച്. കടന്നു പോയതെന്നു അദ്ദേഹം അനുസ്മരിക്കുന്നു.

പത്രാധിപത്യം പുസ്തക രചന, ഫലിതം, സ്നേഹം, ദയ, സൗഹൃദം, ജീവകാരുണ്യം തുടങ്ങി കൈവച്ച മേഖലകളിലൊക്കെയും ഒന്നാമനായിരുന്ന സി.എച്ച്. എന്നു ഇന്നു ചന്ദ്രിക യിൽ മുഖ്യ പത്രാധിപസ്ഥാനത്തിരിക്കുന്ന ടി.പി. ചെറൂപ്പയും ചൂണ്ടിക്കാട്ടുന്നു.

കൊരമ്പയിൽ അഹമദ്ഹാജിയേയും, കെ.കെ. അബുവിനെയും, അഡ്വ. എ.വി. മുഹമ്മദിനെയും, എ. യൂനസ് കുഞ്ഞിനെയും പോലുള്ള പ്രഗത്ഭരെ മാതൃസംഘനയിലേക്കു തിരിച്ചുകൊണ്ടുവരുന്നതിൽ വിജയിച്ച സി.എച്ചിനെ ഏറെ വേദനിപ്പിച്ചത്, താൻ ഏറെ സ്നേഹിച്ച നേതാക്കളിൽ ചിലർ അടക്കം കുറേപ്പേർ വിമതസ്വരം പുറപ്പെടുവിക്കുകയും ബദൽ സംഘടന ഉണ്ടാക്കുകയും ചെയ്തപ്പോഴാണ്.

വേദികളായ വേദികളിലെല്ലാം, തന്നെ വാനോളം പുകഴ്ത്താറുണ്ടായിരുന്ന ആ നേതാക്കളും അവരുടെ കുറേ അനുയായികളും വ്യക്തിപരമായി അധിക്ഷേപിക്കുന്നത് കേട്ടപ്പോൾ അദ്ദേഹം പതറിയില്ല. എന്നാൽ താൻ മുഖ്യപത്രാധിപരായ ചന്ദ്രികയിൽ പാർട്ടിയുടെ സമുന്നത നേതാവായ പാണക്കാട് തങ്ങളുടെ പ്രസ്താവന കൊടുക്കാതിരിക്കുക

യും,എതിർ പ്രസ്താവനക്കു അച്ചടി മഷി പുരട്ടുകയും ചെയ്ത അനുഭവം അദ്ദേഹത്തെ ഏറെ വേദനിപ്പിച്ചു. ആ വേദന പങ്കുവെയ്ക്കാൻ ബി.വി.യും ഏതാനും സഹപ്രവർത്തകരും മാത്രമെ ഒപ്പം ഉണ്ടായിരുന്നുള്ളു.

ചന്ദ്രിക പിടിച്ചടക്കാനുള്ള ശ്രമം പോലും നടന്നു. മാനേജിങ്ങ് ഡയറക്ടർ സ്ഥാനം വഹിക്കുകയായിരുന്ന സയ്യിദ് ഉമർ ബാഫഖിതങ്ങളെ മുന്നിൽ നിർത്തി, ഷെയർ ഉടമകളുടെ യോഗം വിളിച്ചുകൂട്ടി. ബി.വി.യും സീതിഹാജിയും മുൻകൈ എടുത്ത് ആ തന്ത്രം പൊളിച്ചപ്പോൾ വിമതർ ലീഗ് ടൈംസ് എന്ന പേരിൽ പന്നിയങ്കരയിൽ ഒരു പുതിയ പത്രം തുടങ്ങുകയായിരുന്നു.

25 കൊല്ലത്തോളം പ്രമേഹരോഗവുമായി ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞശേഷമാണ് 1983ൽ സി.എച്ച്. കർമനിരതമായ ജീവിതത്തോട് വിടപറഞ്ഞത്. അതിനു രണ്ടു വർഷം മുമ്പ് കോയമ്പത്തൂരിൽ പ്രസംഗിക്കവേ, അദ്ദേഹം തലകറങ്ങി വീണു. ഉടൻ കോഴിക്കോട്ടെത്തിച്ച സി.എച്ച്. നാലഞ്ചു ദിവസം കാലിക്കറ്റ് നഴ്സിങ്ങ് ഹോമിൽ അബോധാവസ്ഥയിലായിരുന്നു. നേതാക്കളും ബന്ധുക്കളും പ്രാർഥനകളോടെ പുറത്തു കാവൽ നിൽക്കേ, മൂന്നാഴ്ചയോളമാണ് സി.എച്ച്. ആശുപത്രിയിൽ കിടന്നത്. മിക്കദിവസങ്ങളിലും ബി.വി. മണിക്കൂറുകളോളം ആശുപത്രിയിൽ കാവലിരിക്കുമായിരുന്നു. ചിരകാല സുഹൃത്തായ ഡോ.എം. കെ. മുഹമ്മദ് കോയയാണ് അദ്ദേഹത്തെ ജീവിതത്തിലേക്കു തിരിച്ചു കൊണ്ടുവന്നത്.

ഭരണാധികാരത്തിലിരുന്നപ്പോൾ പാർട്ടിക്കാരുടെ സമ്മർദ്ദത്തിലാണദ്ദേഹമെന്നു ചില പ്രതിപക്ഷ നേതാക്കൾ ആരോപിച്ചിരുന്നു. അതിനു സി.എച്ച്. തന്നെ മറുപടി പറഞ്ഞത്: അങ്ങനെ എന്തെങ്കിലും സമ്മർദ്ദത്തിനു താൻ വിധേയനാണെങ്കിൽ അത് രക്തസമ്മർദ്ദത്തിനു മാത്രമാണെന്നായിരുന്നു.

പരിസരവിസ്മൃതി എന്ന ആബ്സന്റ് മൈൻഡഡ്നെസിന്റെ ആശാനായിരുന്നു സി.എച്ച്. ഒരിക്കൽ പരിചയപ്പെട്ടവരെപ്പോലും ഒരു മുഖവുരയും ഇല്ലാതെ എന്നും ഓർക്കാൻ കഴിയുന്ന അസുലഭ സ്വഭാവത്തിന്റെ ഉടമയായിരുന്നപ്പോൾ തന്നെ, സ്വന്തം വീട്ടുകാരെപ്പോലും മറന്നു പോവുന്ന സ്വഭാവം. എന്തിനു വേഷത്തിൽപോലും മറവി. ഓഫീസിൽ പോവുമ്പോൾ പോലും മുഷിഞ്ഞ മുണ്ട് മാറ്റാൻ മറന്നു, അതിനു മുകളിൽ അലക്കിയ മുണ്ടുടുത്ത കഥകൾ പോലും വീട്ടുകാർ ഓർക്കാറുണ്ട്. എന്നാൽ പരിചയപ്പെടുന്നവരെ വലിപ്പ ചെറുപ്പം കൂടാതെ സ്നേഹിക്കാൻ കഴിയുന്ന വലിയ മനസ് അദ്ദേഹത്തിന്റെ ശക്തിയായിരുന്നു.

1982ൽ ഉപമുഖ്യമന്ത്രിയായിരിക്കേ വിദഗ്ദ ചികിത്സക്കായി അദ്ദേഹം ലണ്ടനിലേക്കു പോയി. അവിടെ ന്യൂറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ സി.എച്ച്. തീവ്ര ചികിത്സയിലായിരുന്നപ്പോൾ കേരളം മുഴുവൻ പ്രാർഥനകളിലായിരുന്നു.

ലണ്ടനിൽ ഭാര്യാസമേതനായി സി.എച്ച്. എത്തുന്നുണ്ടെന്നും ഹൈക്കമീഷണർ ഡോ. വി.എ. സെയ്തു മുഹമ്മദിന്റെ വസതിയിലാണ് താമസമെന്നും അറിഞ്ഞപ്പോൾ, അബ്ദുല്ലക്കോയ, ലണ്ടനിൽ ആയിരുന്ന ഈ ഗ്രന്ഥകാരനെ വിളിച്ചു പറഞ്ഞു: എല്ലാ ദിവസവും വിവരങ്ങൾ അന്വേഷിച്ച് അറിയിക്കണം. (മലയാള മനോരമ റസിഡന്റ് എഡിറ്റർ ആയിരുന്ന ഞാൻ അക്കാലത്ത് ലണ്ടനിലെ തോംസൺ ഫൗണ്ടേഷനിൽ ജർണലിസം ഡിപ്ലോമക്കു പഠിക്കുകയായിരുന്നു.)

ലണ്ടനിൽ ക്വീൻസ് സ്കയറിലെ നാഷണൽ ഹോസ്പിറ്റലിൽ സി.എച്ചി.നെ ചികിത്സിച്ച പ്രശസ്ത ന്യൂറോളജിസ്റ്റ് ഡോ. കെ.ജെ. സിൽക്കയുടെ ഉപദേശനിർദ്ദേശങ്ങൾ സി.എച്ച്. അക്ഷരം പ്രതി അനുസരിക്കുന്നതായി പിതാവിനെ ഞാൻ അറിയിച്ചു.

റീജന്റ് പാർക്കിലെ ലണ്ടൻ ഗ്രാൻഡ് മോസ്കിൽ കൊയിലാണ്ടിക്കാരനായ ഹലാൽ റസ്റ്റോറന്റ് ഉടമ പി. ഉസ്മാൻ ഹാജിയോടൊപ്പം ജുമുഅ നമസ്കാരത്തിലും, തെന്നിന്ത്യൻ മുസ്ലിം അസോസിയേഷന്റെ സ്വീകരണത്തിലും, ഇന്ത്യൻ ജിംഖാന ഏർപ്പെടുത്തിയ സ്വാതന്ത്ര്യദിന ചടങ്ങിലും പങ്കെടുത്ത ശേഷമാണ് സി.എച്ച്. ഭാര്യാസമേതനായി മടങ്ങിയത്. ദുബായിയിൽ മകളെ സന്ദർശിച്ച ശേഷം 1982 ജൂലായ് 28നു തിരുവനന്തപുരത്ത് തിരിച്ചെത്തി. മൂന്നാഴ്ചക്കാലത്തെ ചികിത്സയുടെയും വിശ്രമത്തിന്റെയും വിവരങ്ങൾ അടിക്കടി അറിഞ്ഞിരുന്ന അബ്ദുല്ലക്കോയയുടെ സന്തോഷം പറഞ്ഞറിയിക്കാൻ പ്രയാസമായിരുന്നു.

വീണ്ടും അസുഖത്തിന്റെ ലക്ഷണങ്ങൾ കണ്ടപ്പോൾ 1983 ഏപ്രിലിൽ ബാംഗ്ലൂരിലെ ജിൻഡാൽ പ്രകൃതി മന്ദിരത്തിൽ സി.എച്ച്. മുഹമ്മദ്കോയ രണ്ടാഴ്ച സുഖചികിത്സയും നടത്തുകയുണ്ടായി. ഭക്ഷണപ്രിയനായ അദ്ദേഹം തനിക്കവിടെ പച്ചില ഭക്ഷണം മാത്രമാണ് കിട്ടുന്നതെന്നു കണ്ടപ്പോൾ, ഇനി തന്നെ പശുക്കളുടെ ആലയിൽ കെട്ടിയാൽ മതിയല്ലോ എന്നു തമാശ പറയുകയും ചെയ്തു. എങ്കിലും നിയമസഭയിൽ പഴയ വീര്യം കാണിക്കുന്നതിൽ അദ്ദേഹം അശക്തനായി കാണപ്പെട്ടു.

1983. വ്യവസായ മന്ത്രി ഇ.അഹമദ് വിദേശയാത്രയ്ക്കു പോയതിനാൽ ആ വകുപ്പിന്റെ ചുമതലയും താൽക്കാലികമായി സി.എച്ചി.നു നൽകിയിരുന്നു. സെപ്റ്റംബർ 27നു ദക്ഷിണേന്ത്യയിലെ വ്യവസായ വകുപ്പ് മന്ത്രിമാരുടെ സമ്മേളനം ഹൈദരാബാദിൽ നടക്കുന്നു.

കോഴിക്കോട്ടെത്തി ഡോ. സി.ബി.സി. വാര്യരെ കണ്ടശേഷം ഗവ. പ്രസിന്റെ ഉദ്ഘാടനവും കഴിഞ്ഞ്, അത്തോളിയിൽ മാതാവിനെ സന്ദർശിച്ച് കോഴിക്കോട്ട് തിരിച്ചുവന്നു. രാത്രി ട്രെയിനിൽ പതിവുപോലെ എല്ലാവരോടും യാത്രപറഞ്ഞു തിരുവനന്തപുരത്തേക്ക് യാത്രയായി.

അവിടെനിന്നും മദ്രാസ് വഴി ഹൈദരാബാദിലേക്ക്. വ്യവസായമന്ത്രിമാരുടെ സമ്മേളനത്തിൽ പങ്കെടുത്തശേഷം വിശ്രമിക്കാനല്ല പോയത്. ഹൈദരാബാദിലെ വർഗീയ കലാപം അദ്ദേഹത്തിന്റെ മനസ്സിന്റെ

സ്വാസ്ഥ്യം നഷ്ടപ്പെടുത്തിയിരുന്നു. മുസ്‌ലിംലീഗ് അഖിലേന്ത്യാ സെക്രട്ടറി എന്ന നിലയിൽ സാന്ത്വനമന്ത്രവുമായി അദ്ദേഹം കലാപ ബാധിത പ്രദേശങ്ങളിലേക്ക് പോയി.

പിന്നീട് രാത്രിയാണ് ഗവ. ഗസ്റ്റ് ഹൗസിൽ തിരിച്ചെത്തി ഉറങ്ങാൻ കിടന്നത്. എന്നാൽ ആ ഉറക്കം അന്ത്യ നിദ്രയായി. പുലർച്ചെ ആന്ധ്രാ മുഖ്യ മന്ത്രി എൻ.ടി. രാമറാവു അടക്കമുള്ളവർ മരണം സ്ഥിരീകരിച്ചു.

1983 സെപ്റ്റംബറിലെ ആ കറുത്ത ബുധനാഴ്ച ഹൈദരാബാദിൽ നിന്നെത്തിയ വാർത്ത താങ്ങാൻ കുടുംബത്തിലാർക്കും കെല്പില്ലായിരുന്നുവെന്നാണ് പുത്രൻ എം.കെ. മുനീർ എഴുതിയത്.ബാപ്പയുടെ സ്ഥിതി അത്യന്തം ഗുരുതരമെന്നുമാത്രമാണ് വീട്ടുകാരെ അറിയിച്ചത്. എം. കെ.സി. അബുഹാജിയുടെ കാറുമായി ബി.വി. എത്തി. എം.കെ.സി.യും സി.എച്ചിന്റെ പേഴ്സണൽ അസിസ്റ്റന്റായ എം. അബ്ദുല്ലക്കോയയുമായി ആ അംബാസഡർ കാർ ബാംഗ്ലൂരിലേക്കു കുതിച്ചു.

അവിടെ നിന്നും ഹൈദരാബാദിലേക്കുള്ള വിമാനം പിടിക്കുകയായിരുന്നു ഉദ്ദേശ്യം പ്രകൃതി തന്നെ കരയുകയായിരുന്നു. വഴുതുന്ന റോഡിലൂടെ നീങ്ങിയ കാർ ബാംഗ്ലൂർ നഗരത്തിനടുത്തെത്തി. അവിടെ ഒരു പമ്പിൽ കയറി പെട്രോൾ അടിക്കവെ, ഹൈദരാബാദ് വിമാനസമയം അന്വേഷിച്ചു. എന്നാൽ അപ്പോഴേക്കും വിമാനം ബാംഗ്ലൂർ വിട്ടുകഴിഞ്ഞിരുന്നു. അപ്പോഴേക്കും സി.എച്ച്. എന്നന്നേക്കുമായി വിടവാങ്ങിയെന്ന വിവരവും അവർക്കു ലഭിച്ചു. കാർ പിന്നെ കോഴിക്കോട്ടേക്കു തന്നെ മടങ്ങി.

തിരുവനന്തപുരത്ത് നിന്നും മന്ത്രി യു.എ.ബീരാനും, പി. സീതി ഹാജിയും, ഡോ. മാത്യുറോയിയും ഡപ്യൂട്ടി സ്പീക്കർ കെ.എം. ഹംസക്കുഞ്ഞും ഹൈദരാബാദിലേക്കു കുതിച്ചു. സുലൈമാൻ സേട്ടും ഡൽഹിയിൽ നിന്നു വരികയായിരുന്ന മുഖ്യമന്ത്രി കെ. കരുണാകരനും കേന്ദ്ര വിദേശകാര്യസഹമന്ത്രി എ.എ. റഹീമും അവരോടൊപ്പം ചേർന്നു.

അർധരാത്രി തിരുവനന്തുപുരത്ത് എത്തിച്ചു മൃതദേഹം ഏറ്റു വാങ്ങാൻ ഗവർണർ പി. രാമചന്ദ്രനും മന്ത്രി ബേബിജോണും തലസ്ഥാനത്തെ ലീഗ് നേതാക്കളും സന്നിഹിതരായിരുന്നു.

കൺട്രോൺമെന്റ് ഹൗസിലും സെക്രട്ടറിയറ്റിലെ ദർബാർ ഹാളിലും ജനങ്ങൾക്ക് അന്ത്യാഭിവാദ്യങ്ങൾ അർപ്പിക്കാൻ അവസരം നൽകിയശേഷം മൃതദേഹം ഇന്ത്യൻ നാവകസേനയുടെ ഹെലികോപ്റ്റർ വഴി കോഴിക്കോട്ടേയ്ക്കു. സുലൈമാൻ സേട്ട്, യു.എ. ബീരാൻ, പി.സീതി ഹാജി, വയലാർ രവി എന്നിവർ മൃതദേഹത്തെ അനുഗമിച്ചു.

ഷാർജയിൽ നിന്നു മകൾ ഫൗസിയയും ഭർത്താവ് ഡോ. അഹമദ്

ശരീഫും രണ്ടു കുട്ടികളും വിമാനത്തിൽ തിരുവനന്തപുരത്തെത്തിയെങ്കിലും മൃതദേഹം അപ്പോഴേക്കും കോഴിക്കോട്ടേക്കു കൊണ്ടുപോയിരുന്നു. നാവിക ഹെലികോപ്റ്ററിൽ അവർ മന്ത്രി ഇ. അഹമദിനോടും ഭാര്യ

സുഹറയോടും ഒപ്പം കോഴിക്കോട്ടേക്കു പറന്നു.

വെസ്റ്റ്ഹിൽ ഹെലിപാഡിൽ മയ്യിത്ത് എത്തിയപ്പോൾ പരിസര മാകെ ദുഃഖമൂകമായിരുന്നു. കുടുംബാംഗങ്ങളോടൊപ്പം ശിഹാബ് തങ്ങളും ബി.വി.യും, അബ്ദുസമദ് സമദാനി തുടങ്ങിയ നേതാക്കളും ഘനീഭവിച്ച ദുഃഖം പോലെ പതിനായിരങ്ങളോടൊപ്പം ചേർന്നു.

മൃതദേഹം നടക്കാവിലെ വസതിയായ ക്രസന്റ് ഹൗസിൽ കൊണ്ടുവന്നശേഷം, കോഴിക്കോട്ടെ ജനസഞ്ചയത്തിനു അന്തിമാഭിവാ ദ്യമർപ്പിക്കാൻ ടൗൺഹാളിലേക്ക് മാറ്റി.

വലിയ ഖാസി സയ്യിദ് അഹമദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ ജനസാഗരം പങ്കെടുത്ത ജനാസ നമസ്കാരത്തിനു നേതൃത്വം നൽകി.

വിലാപയാത്രയായി വയനാട് റോഡ് വഴി മൃതദേഹം നടക്കാ വിൽ എത്തിച്ചു. സി.എച്ചി.ന്റെ വസതിക്കു തൊട്ടടുത്തുള്ള നടക്കാവ് ജുമാമസ്ജിദിന്റെ കബറിടത്തിൽ സംസ്കരിക്കുകയും ചെയ്തു. വർഷ ങ്ങൾക്കു ശേഷം സഹധർമിണി ആമിന ഉമ്മ മരണപ്പെട്ടപ്പോൾ അവരെ അടക്കിയതും ഇതിനുസമീപം തന്നെ.

ഓർമകൾക്കു കാവലായി സി.എച്ചി.ന്റെ മൂന്നു മക്കളുള്ളപ്പോഴും മഹാനായ ആ നേതാവിന്റെ വിയോഗം സൃഷ്ടിച്ച വിടവ്, അബ്ദുല്ലക്കോയ ജീവിതത്തിൽ ഏറെ അനുഭവിച്ചു.

സി.എച്ചി.ന്റെ ചെറിയ കാര്യങ്ങളിൽ പോലും ശ്രദ്ധവച്ചിരുന്ന ബി. വി.യുടെ രീതിയെപ്പറ്റി മകൻ ഡോ. എം.കെ. മുനീർ ഒരു ലേഖനത്തിൽ അനുസ്മരിക്കുകയുണ്ടായി. അദ്ദേഹം ബി.വി. സ്മരണികയിൽ എഴുതി : കോഴിക്കോട് നഗരത്തിൽ സ്വന്തമായ ഒരു കൊച്ചുവീട് നടക്കാവിൽ 1965ൽ യഥാർഥ്യമായപ്പോൾ ആവശ്യമുള്ളതിന്റെ ലിസ്റ്റുമായി എത്തിയത് ബി.വി. ആയിരുന്നു. കട്ടിലും കിടക്കയും കസേരയും മേശയും ഒന്നു മായിരുന്നില്ല. മുറം, ഉറി, ചിരവ, കയിൽ, ചൂൽ തുടങ്ങി എല്ലാവരും പിറ്റേന്നോ അതിന്റെ പിറ്റേന്നോ ഓർക്കുന്ന സാധനങ്ങളുടെ പട്ടിക. വലു തിനൊപ്പം ചെറുതിനെയും മുൻകൂട്ടി കാണാനുള്ള കഴിവാണ് ബി.വി.യെ അബ്ദുല്ലക്കോയ സാഹിബാക്കുന്നത്.തങ്ങൾ കുടുംബാംഗങ്ങളെപ്പോലെ ആയിരുന്നുവെന്നും പൊതു പ്രവർത്തനരംഗത്ത് തന്റെ ആദ്യത്തെ സ്ഥാനലബ്ധി കുറിച്ച അതേ കുറ്റിച്ചിറ വാർഡിൽ, തന്നെ സ്ഥാനാർഥി യാക്കി നിർത്തി പൊതുരംഗത്തേക്കുള്ള കാൽവെപ്പിനു തുടക്കമിട്ടതും ബി.വി. ആണെന്നും മുനീർ പറയുന്നുണ്ട്.

വർഷം 1981. കേരളത്തിൽ നിന്നുള്ള എം.എൽ.എ.മാരുടെ ഒരു സംഘം ഉത്തരേന്ത്യയിൽ പഠനപര്യടനത്തിനു പോകുന്നു. സംഘത്തല വൻ സി.എച്ച്. മുഹമ്മദ്കോയ.

പഞ്ചാബിലേക്കാണ് ഡൽഹിയിൽ നിന്നുള്ള യാത്ര. എല്ലാവർക്കും വിശക്കുന്നു. കഴിക്കാൻ എല്ലാവർക്കും ഭാഗ്യത്തിനു ചോറുതന്നെ കിട്ടി.

സർവരും കൈകഴുകിവന്നു. സി.എച്ച്. പെട്ടി തുറന്നു ഒരു പേപ്പർ

എടുത്തു. സീറ്റിൽ വിരിക്കാനായിരിക്കുമെന്നാണ് കൂട്ടുകാർ കരുതിയത്.

എന്നാൽ സി.എച്ച്. ആ പൊതിയിൽ നിന്നു അല്പം ചോറ് മാത്രം തന്റെ പ്ലേറ്റിലിട്ട് ബാക്കി ആ കടലാസിൽ പൊതിയാക്കി.
നേരം പുലർന്നാൽ കഴിക്കാൻ പ്രാതലിനു കരുതിവെയ്ക്കുകയാണോ?. എന്നാൽ കിട്ടിയ ഭക്ഷണം കഷ്ടിച്ചു ഒരാൾക്കു കഴിക്കാനേയുള്ളു.

കൂട്ടുകാർ നോക്കിയിരിക്കെ, സി.എച്ച്. ഭക്ഷണപ്പൊതിയുമായി വാഷ്ബേസിനരികിലേക്ക്. പുറത്തേക്കെറിയാൻ പോകുകയാണോ?. കൂട്ടുകാർ പിന്നാലെ ചെന്നു.

ആ ഇടനാഴിയിൽ എല്ലുന്തിയ വയസ്സായ ഒരു സ്ത്രി കിടക്കുന്നു. ഭിക്ഷക്കിരിക്കുകയായിരിക്കണം. സി.എച്ച്. അവരെ വിളിച്ചുണർത്തി മുഖവും കൈകളും കഴുകി വരുവാൻ പറഞ്ഞു.

ഇരുട്ടിനെ മുറിച്ച് കുതിച്ചുപായുന്ന ആ തീവണ്ടിയിൽ കൈകഴുകിവന്ന ആ സ്ത്രീക്ക് മുന്നിൽ സി.എച്ചും ഇരിക്കുന്നു. ചോറ് ഉരുളയാക്കി ആ കൈകളിൽ വെച്ചുകൊടുക്കുന്നു. ഇങ്ങനെയും ഒരു മന്ത്രിയോ? അജ്ഞാ തയായ ഒരു ഭിക്ഷക്കാരിക്ക് ചോറുവാരിക്കൊടുക്കുന്ന ഈആൾ മാലാഖ യോ എന്നു തോന്നിപ്പോയി എന്നാണ് അന്നു സംഘത്തിലുണ്ടായിരുന്ന മുൻമന്ത്രി എം.പി. ഗംഗാധരൻ പറഞ്ഞത് ●



സ്മൃതിചിത്രങ്ങൾ

നിർണായക നേതൃത്വം

രാഷ്ട്രീയത്തിൽ അരനൂറ്റാണ്ടിലേറെ സജീവമായി നേതൃനിരയിൽ പ്രവർത്തിച്ച കാലത്തും തനിക്കു അർപ്പിക്കാൻ കഴിഞ്ഞ വലിയ സംഭാവന, പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളെ (1936-2009) സംസ്ഥാന മുസ്‌ലിം ലീഗ് പ്രസിഡന്റായി നിർദേശിക്കാൻ കഴിഞ്ഞതാണെന്നത് ബി. വി.അബ്ദുല്ലക്കോയയുടെ സ്വകാര്യ അഹങ്കാരമായിരുന്നു.

മുപ്പതൊമ്പതാമത്തെ വയസിൽ ഏറ്റവും ചെറുപ്പക്കാരനായ പാർട്ടി അധ്യക്ഷനായി അധികാരമേറ്റ ശിഹാബ് തങ്ങൾ 34 വർഷം തൽസ്ഥാനത്തിരുന്ന ശേഷമാണ് 2009ൽ കാലയവനികക്കുള്ളിൽ മറഞ്ഞത്. 1998ൽ മരണപ്പെട്ട ബി.വി.ക്കു അദ്ദേഹത്തോടൊപ്പം നേതൃനിരയിൽ ചെലവഴിക്കാൻ കഴിഞ്ഞത് സംഭവബഹുലമായ 23 വസന്തങ്ങൾ.

വിദേശ പഠനം കഴിഞ്ഞു തിരിച്ചെത്തിയ ശിഹാബ്, കൊടപ്പനക്കൽ വീട്ടിനോടനുബന്ധിച്ചു പണിതുയർത്തിയ ഔട്ട്ഹൗസിന്റെ മാളികപ്പുരയിൽ എഴുത്തും വായനയുമായി കഴിയവേ ആണ് യാദൃശ്ചികമായി രാഷ്ട്രീയത്തിലെത്തിയത്. കോഴിക്കോട് എം.എം. ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് മുസ്ലിം വിദ്യാർഥി ഫെഡറേഷനിൽ അംഗത്വം എടുത്തിരുന്നെങ്കിലും പ്രസംഗ വേദികളിലൊന്നും പ്രത്യക്ഷപ്പെട്ടിരുന്നില്ല.

ലീഗിലെ നിർഭാഗ്യകരമായ പിളർപ്പിനെ തുടർന്നു ഏറനാട് താലൂക്ക് ലീഗ് പ്രസിഡന്റായി അണികൾ തിരഞ്ഞെടുത്തതൊഴിച്ചാൽ ലീഗിൽ സജീവമായി ഒന്നിലും ശിഹാബ് തങ്ങൾ ഇടപെട്ടിരുന്നില്ല. താലൂക്ക് കമ്മിറ്റി യോഗങ്ങൾ പോലും വൈസ് പ്രസിഡന്റുമാരുടെ അധ്യക്ഷതയിൽ നടക്കട്ടെ എന്നതായിരുന്നു, അദ്ദേഹത്തിന്റെ നിലപാട്. ബാഫഖി തങ്ങളുടെ വിയോഗത്തെ തുടർന്നു പാണക്കാട് പൂക്കോയതങ്ങളെ അധ്യക്ഷപദത്തിൽ ഇരുത്താൻ നടത്തിയ തീവ്രശ്രമത്തിന്റെ തുടർച്ചയായി ശിഹാബ് തങ്ങളുടെ അരങ്ങേറ്റത്തെ വ്യാഖ്യാനിക്കാം. രണ്ടരക്കൊല്ലം മാത്രം പ്രസിഡന്റ് പദം അലങ്കരിച്ചശേഷം പൂക്കോയ തങ്ങൾ 1975ൽ മരണപ്പെട്ടപ്പോൾ സൃഷ്ടിക്കപ്പെട്ട വിടവ് വളരെ വലുതായിരുന്നുവല്ലൊ.

ശിഹാബ് തങ്ങൾ തന്നെ എഴുതി.പിതാവിന്റെ മരണശേഷം പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കാൻ എന്നെ ഏറെ നിർബന്ധിച്ചത് ബീ.വി ആയിരുന്നു. (ബി.വി.സ്മരണിക).

സി.എച്ചി.ന്റെയും ബി.വി.യുടെയും സ്നേഹപൂർവമായ നിർബന്ധത്തെ തുടർന്നാണ് അദ്ദേഹം പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്തതെന്നു പിൽക്കാലത്ത് കേന്ദ്രമന്ത്രിയും, പാർട്ടിയുടെ അഖിലേന്ത്യാ പ്രസിഡന്റു

യ ഇ. അഹമ്മദും രേഖപ്പെടുത്തിയിട്ടുണ്ട്. (ശിഹാബ് തങ്ങൾ സ്മരണിക).

1975 സെപ്റ്റംബർ ഒന്നിനു കോഴിക്കോട് ലീഗ് ഹൗസിൽ ചേർന്ന സംസ്ഥാന ലീഗ് കൗൺസിൽ യോഗമാണ് ശിഹാബ് തങ്ങളെ പ്രസിഡന്റായി തിരഞ്ഞെടുത്തത്. സീനിയർ വൈസ് പ്രസിഡന്റ് എന്ന നിലയിൽ അബ്ദുല്ലക്കോയ ആയിരുന്നു യോഗനടപടികൾ നിയന്ത്രിച്ചത്.

അകാലത്തിൽ മറഞ്ഞ അഭിവന്ദ്യനായ പിതാവിന്റെ പിൻഗാമിയായി ഏക കണ്ഠേന തിരഞ്ഞെടുക്കപ്പെട്ടു എന്നറിഞ്ഞപ്പോൾ ആഹ്ലാദിക്കാനല്ല ശിഹാബ് തങ്ങൾ സമയം കണ്ടെത്തിയത്.

ഭീമമായ ഒരു ഉത്തരവാദിത്തം അവിചാരിതമായി ഏറ്റെടുക്കേണ്ടിവന്നപ്പോൾ അതിന്റെ വ്യാപ്തി താങ്ങാനാവാതെ മുറിയിൽ കയറി കതകടച്ച് തലയിണയിൽ മുഖമമർത്തി വിതുമ്പിക്കരയാനേ അന്നു തനിക്കു കഴിഞ്ഞുള്ളു എന്ന് ശിഹാബ് തങ്ങൾ തന്നെ ഒരഭിമുഖ സംഭാഷണത്തിൽ പറഞ്ഞതായി മലയാള മനോരമ റസിഡന്റ് എഡിറ്റർ ആയിരുന്ന മനോരമയുടെ മലപ്പുറം ബ്യൂറോ ചീഫ് ജോയി ശാസ്താംപടിക്കൽ രേഖപ്പെടുത്തുകയുണ്ടായി. (ശിഹാബ് തങ്ങൾ സ്മരണിക).ചന്ദ്രിക പത്രാധിപരായിരുന്ന എം.ഐ. തങ്ങൾ, ശിഹാബ് തങ്ങൾ സ്മരണികയിൽ എഴുതിയത് സി.എച്ചും. ബി.വി.യും ശിഹാബിനു സഹപ്രവർത്തകരെന്നപോലെ ഗുരുനാഥന്മാരുമായിരുന്നു എന്നാണ്.

ശിഹാബ് തങ്ങൾ അധികാര രാഷ്ട്രീയത്തിനപ്പുറത്ത് ആദർശ രാഷ്ട്രീയം എന്ന ഒന്നുണ്ടെന്നു തെളിയിച്ച അപൂർവ പ്രതിഭ ആയിരുന്നു. നൂറ്റാണ്ടുകൾക്കിടയിൽ ലഭിക്കുന്ന അപൂർവ സൗഭാഗ്യമായി വിരാജിച്ചാണദ്ദേഹം കടന്നു പോയത്. മലപ്പുറം നഗരസഭയുടെ ആദ്യ ചെയർമാൻ പദവിയും ഖാഇദേ മില്ലത്ത് ഇസ്മാഈൽ സാഹിബിന്റെ മരണത്തെ തുടർന്നു മഞ്ചേരിയിൽ ലീഗ് സ്ഥാനാർഥിത്വവും വെച്ചു നീട്ടിയപ്പോൾ അതിനെ ഫലപ്രദമായി നിരാകരിച്ച അദ്ദേഹം ഒരു പഞ്ചായത്ത് മെമ്പറാവാൻ പോലും ആഗ്രഹിച്ചില്ല.

അബ്ദുല്ലക്കോയാ സാഹിബിന്റെ മാർഗ നിർദ്ദേശങ്ങൾ സംഘടനയെ നയിക്കുന്നതിൽ തനിക്കു ഏറ്റവും വലിയ പിൻബലമായിരുന്നുവെന്നു വിനയപൂർവം അദ്ദേഹം സ്മരിക്കുന്നുണ്ട്. (ബി.വി. സ്മരണിക).

അബ്ദുല്ലക്കോയ സാഹിബിനെ അഞ്ചാമതും രാജ്യസഭാസ്ഥാനാർഥിയായി നാമനിർദേശം ചെയ്തപ്പോൾ പ്രായാധിക്യത്തിലും അത് വേണമോ എന്നു ഒരു പ്രവർത്തകൻ ആരാഞ്ഞതിനെപ്പറ്റി പത്രപ്രവർത്തകനായ മൂസ കത്തറമ്മൽ, ശിഹാബ് തങ്ങളെ തന്നെ ഉദ്ധരിക്കുന്നുണ്ട്. (സ്മരണിക) എന്റെയും ഉപ്പയുടേയും കൂടെ പ്രവർത്തിക്കുകയും ഉപ്പ വളരെയധികം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന നേതാവാണ് അബ്ദുല്ലക്കോയ സാഹിബ്. അദ്ദേഹത്തിനു ഒരവസരം കൂടി നൽകണമെന്നു സഹപ്രവർത്തകരും ആഗ്രഹിക്കുന്നു. പ്രായമുള്ളവരെ

യെല്ലാം ഒഴിവാക്കിയാൽ പിന്നെ ലീഗുണ്ടാവില്ലല്ലൊ.

19 എം.എൽ.എ.മാരും നാലു മന്ത്രിമാരും ഒരു ചീഫ്‌വിപ്പുമായി കേരള രാഷ്ട്രീയത്തിലെ രണ്ടാം കക്ഷിയായി ലീഗിനെ ശിഹാബ് തങ്ങൾ നയിച്ചപ്പോൾ സെക്രട്ടറി പദവിയിൽ താനായിരുന്നുവെന്നു അബ്ദുല്ല ക്കോയ അഭിമാനപൂർവ്വം പറയാറുണ്ടായിരുന്നു.

തന്റെ മകന്റെ പ്രായം മാത്രമെ ഉണ്ടായിരുന്നുള്ളുവെങ്കിലും, ശിഹാബ് തങ്ങൾ പാർട്ടി അധ്യക്ഷസ്ഥാനത്തെത്തിയതോടെ ഏറ്റവും വലിയ സ്നേഹാദരങ്ങളാണ് അബ്ദുല്ല ക്കോയ അദ്ദേഹത്തിനു നൽകി യത്. മണിക്കൂറുകൾ തോറും സിഗരറ്റ് വലിച്ചുതള്ളുന്ന ചെയിൻ സ്മോക്ക റായിരുന്നിട്ടും ഒരിക്കൽ പോലും ശിഹാബ് തങ്ങളുടെ മുന്നിൽ ബി.വി. സിഗരറ്റ് കത്തിക്കാറില്ലായിരുന്നു.

ശിഹാബ് തങ്ങളുടെ കീഴിൽ വൈസ് പ്രസിഡന്റായും, ജനറൽ സെക്രട്ടറിയായും ഇരിക്കാൻ കഴിഞ്ഞത് ഭാഗ്യമായി ബി.വി. കരുതി. സ്വന്തം വീട്ടിൽ മൂന്നാം തലമുറയിൽ ആദ്യമായി ഒരു വിവാഹം നടന്നപ്പോൾ, നവവ രനെ മാലയിട്ട് സ്വീകരിക്കാനുള്ള അവകാശം അദ്ദേഹം ശിഹാബ്ത ങ്ങൾക്കാണ് നൽകിയത്.

അബ്ദുല്ലക്കോയ 1998ൽ മരണപ്പെട്ടപ്പോൾ മറ്റെല്ലാ പരിപാടികളും മാറ്റിവെച്ചു എത്തിയ ശിഹാബ് തങ്ങളാണ് കുറ്റിച്ചിറ ജുമാഅത്ത് പള്ളി യിലെ ജനാസ നമസ്കാരത്തിനു നേതൃത്വം നൽകിയതും.

സൗദി അറേബ്യയിലെ മദീനയിൽ നിന്നു യെമനിലെ ഹളർ മൗത്തി ലേക്കും അവിടെ നിന്നു കണ്ണൂരിനടുത്ത് വളപട്ടണത്തേക്കും പറിച്ചു നട്ട പ്രവാചക കുടുംബത്തിലെ നാല്പതാമത് കണ്ണിയാണ് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ. പിന്നീട് മലപ്പുറം ജില്ലയിലെ പാണക്കാട്ട് എത്തിയ ശിഹാബ് ഖബീ ലയിൽപെട്ട പി.എം.എസ്.എ പൂക്കോയതങ്ങളുടെ മൂത്തമകൻ.മാതാവ് ആയിശ ചെറുകുഞ്ഞിബീവി.

1936 ൽ മലപ്പുറത്ത് പാണക്കാട്ട് തന്നെയാണ് മഹുമ്മദലി ശിഹാബ് ജനിച്ചത്. ദറസ് പഠനത്തിൽ തുടക്കം. പാണക്കാട് ദേവ്ധാർ എം.ആർ.ടി. സ്കൂളിലെ പ്രാഥമിക പഠനത്തിനുശേഷം ആറു വർഷം കോഴിക്കോട്ട് ഇടിയങ്ങരയിലെ ബന്ധുവീട്ടിൽ താമസിച്ച് എം.എം. ഹൈസ്കൂളിൽ നിന്നു 1953ൽ സ്കൂൾ ഫൈനൽ പരീക്ഷ പാസായി. അതുകഴിഞ്ഞ് തോടന്നൂർ, തലക്കടത്തൂർ, കാനഞ്ചേരി മദ്രസകളിൽ നിന്നും നാലുവർഷം മതപഠ നവും നിർവഹിച്ചു. അത് കഴിഞ്ഞാണ് കോളേജ് വിദ്യാഭ്യാസത്തിനായി കരകടന്നത്.

ഈജിപ്തിലെ പ്രശസ്തമായ അൽഅസ്ഹറിൽ നിന്നു ബിരുദവും, കയ്റോ യൂണിവേഴ്സിറ്റിയിൽ നിന്നു അറബിക്ക് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും നേടി. ത്രിവത്സര സൂഫിസം കോഴ്സും പൂർത്തിയാക്കി.

അൽഅസ്ഹറിൽ തന്നെ നല്ല ശമ്പളത്തിൽ അധ്യാപക ജോലിയുടെ ഓഫർ ഉണ്ടായിരുന്നു. എന്നാൽ നമുക്കു കോയമോന്റെ

(മകൻ മുഹമ്മദലി ശിഹാബ്) പണം വേണ്ട, കോയമോനെമതി. എന്നു പറഞ്ഞു പിതാവ് പൂക്കോയ തങ്ങൾ പുത്രനെ മടക്കി വിളിക്കുകയായിരുന്നു.

സയ്യിദ് അബ്ദുഹിമാൻ ബാഫഖി തങ്ങളുടെ മകൾ ശരീഫാ ഫാത്തിമബിയെ 1966ൽ വിവാഹം ചെയ്ത തങ്ങൾക്കു, സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ, സയ്യിദ് മുനവറലി ശിഹാബ് തങ്ങൾ എന്നീ പുത്രന്മാരടക്കം അഞ്ചുമക്കൾ. 2004ൽ ഫാത്തിമാബി മരണപ്പെട്ടതിനെതുടർന്ന് കരുവൻ തുരുത്തി മഠത്തിൽ പാടം താഴത്തിൽ മശ്ഹൂർ പുതിയകത്ത് കുടുംബത്തിലെ ടി.പി. ആയിശാബിബിയെ പിറ്റേവർഷം വിവാഹം ചെയ്യുകയുണ്ടായി. രണ്ടു വർഷം മാത്രമെ ആ ദാമ്പത്യ ജീവിതം നീണ്ടു നിന്നുള്ളു. 73-ാം വയസിൽ ശിഹാബ് തങ്ങൾ മരണത്തിനു കീഴടങ്ങുകയായിരുന്നു.

നാലുപതിറ്റാണ്ട് നീണ്ട പരിചയത്തിനിടയിൽ പുഞ്ചിരിയല്ലാതെ മറ്റൊന്നും ശിഹാബ് തങ്ങൾ സമ്മാനിച്ചിട്ടില്ലെന്നു ചന്ദ്രിക പത്രാധിപരായിരുന്ന സി.കെ. താനൂർ ഓർമിച്ചെടുക്കുമ്പോൾ, മൂന്നരപ്പതിറ്റാണ്ടിനിടയിൽ ഒരു രാഷ്ട്രീയ എതിരാളിയെപോലും തങ്ങൾ വ്യക്തിപരമായി വിമർശിച്ചില്ലെന്നു സുപ്രഭാതം മാനേജിങ്ങ് എഡിറ്റർ നവാസ് പൂനൂർ ചൂണ്ടിക്കാട്ടുന്നു.

ഇടിമുഴക്കം സൃഷ്ടിക്കുന്ന വാക്ധോരണി അല്ലാതിരുന്നിട്ടും ആ ശബ്ദത്തിനു കാതോർത്തിരുന്നവർ ഏറെയായിരുന്നു. മുനവച്ചു ഏഴുതുന്ന വാക്കുകളോ വാചകങ്ങളോ ഇല്ലാതിരുന്നിട്ടും ആ പ്രസ്താവനകൾക്കു വേണ്ടി മാധ്യമങ്ങൾ ക്യൂ നിന്നു. എന്തിനുമേതിനും കയറി നിന്നു പ്രസ്താവനകൾ പുറപ്പെടുവിക്കുകയോ, പ്രസംഗങ്ങൾ നടത്തുകയോ ചെയ്യുന്ന ശീലം അദ്ദേഹത്തിനില്ലായിരുന്നു. ആയിരം നാവുള്ള വാചാലതയായിരുന്നു ശിഹാബ് തങ്ങളുടെ മൗനം പോലും എന്നു മുസ്ലിം ലീഗ് അഖിലേന്ത്യാ സെക്രട്ടറി അബ്ദുസമദ് സമദാനി വിശേഷിപ്പിച്ചത് വെറുതെയല്ല.

അധികാരത്തിന്റെ സിംഹാസനത്തിലല്ലാതെ ജനങ്ങളുടെ ഹൃദയത്തിൽ ജീവിച്ച സുൽത്താനായിരുന്നു ശിഹാബ് തങ്ങളെന്നു രാഷ്ട്രീയ നിരീക്ഷകനായ റഹിം മേച്ചേരി കുറിച്ചിട്ടത് ഓർമവരുന്നു.

വിദ്യാർഥി ജീവിതകാലത്ത് ഈജിപ്തിലെത്തിയ ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവാഹർലാൽ നെഹ്റുവിനെ ഇന്ത്യൻ എംബസിയിൽ സ്വീകരിക്കാൻ ഭാഗ്യമുണ്ടായ 22 കാരനെ, പിൽക്കാലത്ത് സോണിയാ ഗാന്ധി ഒരു കുടുംബസുഹൃത്തിനെപ്പോലെ കരുതിയതിൽ അത്ഭുതമില്ല. അന്നു വാങ്ങിയ പണ്ഡിറ്റ്ജിയുടെ ഓട്ടോഗ്രാഫ് ഒരു നിധിപോലെ സൂക്ഷിച്ചിരുന്ന ശിഹാബ് തങ്ങളെ ഏറെ സന്തോഷിപ്പിച്ച വസ്തുതയാണ് ലീഗ്പ്രസിഡിന്റായി 25 വർഷം പൂർത്തിയാക്കിയ തങ്ങളെ അനുമോദിക്കാനായി സംഘടിപ്പിച്ച മഹാസമ്മേളനത്തിൽ പങ്കെടുക്കാനായി മാത്രം സോണിയാഗാന്ധി കോഴിക്കോട്ടെത്തിയതും.

അഗതികൾക്കും അശരണർക്കും സൗഹൃദത്തിന്റെ ഒരത്താണി ആയിരുന്നു, ശിഹാബ് തങ്ങളെന്നു സീനിയർ ജർണലിസ്റ്റായ കെ.പി. കുഞ്ഞിമൂസ്സ ചൂണ്ടിക്കാട്ടുന്നു. മുഖ്യമന്ത്രിയെയും മന്ത്രിമാരെയും സൃഷ്ടിച്ച പാർട്ടി അധ്യക്ഷൻ അധികാരപദവി കളൊന്നും തൊട്ടുനോക്കുകപോലും ചെയ്തില്ലെന്നു ചന്ദ്രിക എഡിറ്റർ സി.പി. സൈതലവി.

73-ാം വയസ്വരെ വറ്റാത്ത സ്നേഹധാരയും നിലക്കാത്ത ശാന്തി മന്ത്രവും തെറ്റാത്ത നീതിശാസ്ത്രവും. ശാന്തൻ, വിനയൻ, കുലീനൻ എന്നൊക്കെ അറിയപ്പെടുമ്പോഴും മതേതര രാഷ്ട്രീയത്തിന്റെ പ്രവാചകൻ എന്നു ഒരു ഇംഗ്ലീഷ് പത്രം നൽകിയ വിശേഷണമാണ് ശിഹാബ് തങ്ങൾക്കു ഏറെ ചേരുക എന്നു തോന്നുന്നു.ബാബറി മസ്ജിദിന്റെ പതനത്തിൽ ഇന്ത്യ മുഴുവൻ ആളിക്കത്തിയപ്പോൾ കേരളത്തെ അതിൽനിന്നൊക്കെ മോചിപ്പിച്ചു നിർത്തിയതിന്റെ എല്ലാ ക്രെഡിറ്റും 380ൽപ്പരം മഹല്ലുകളുടെ ഖാസികൂടിയായിരുന്ന അദ്ദേഹത്തിനുള്ളതത്രെ.

അയോധ്യാപ്രശ്നത്തിനു മലപ്പുറം മാതൃകയാണ് പരിഹാരമെന്നു കേന്ദ്രമന്തിസഭയയിൽ അംഗമായിരുന്ന ബി.ജെ.പി. സീനിയർ നേതാവ് ഒ. രാജഗോപാൽ പറഞ്ഞത് വെറുതെയല്ല.

ശബരിമല ദർശനം കഴിഞ്ഞു മടങ്ങുകയായിരുന്ന മലപ്പുറം ജില്ലക്കാരായ ഒമ്പത് അയ്യപ്പന്മാർ തൃശൂർ കേച്ചേരിയിൽ ഒരു വാഹനാപകടത്തിൽ മരിച്ചുവെന്നറിഞ്ഞ ഉടൻ അദ്ദേഹം കാറിൽ കുതിച്ചുചെന്നു ഊരകത്തെ ഓരോ വീട്ടിലും കയറി സാന്ത്വനിപ്പിച്ചു.

ഫുജൈറയിൽ ഹൈന്ദവർക്കു ശ്മശാനഭൂമി അനുവദിച്ചു കൊടുക്കാൻ ഭരണാധികാരികൾക്ക് നിവേദനം നൽകുന്നതിനു ഗൾഫ് പര്യടനവേളയിൽ സമയം കണ്ടെത്തിയ നേതാവാണദ്ദേഹം.

മന്ത്രിയായിരിക്കെ ശബരിമല റോഡ് പ്രവൃത്തി ഏറ്റെടുത്തതിനുതന്നെ തങ്ങൾ മുക്തകണ്ഠം പ്രശംസിച്ചതായി അന്നു പൊതുമരാമത്ത് മന്ത്രിയും ഇപ്പോൾ സംസ്ഥാന ലീഗ് ട്രഷററുമായ പി.കെ.കെ.ബാവ അനുസ്മരിക്കുകയുണ്ടായി.

ശബരിമലയിലേക്കുള്ള തന്റെ ആദ്യയാത്രയിൽ അനുഗ്രഹിച്ചുവിട്ട ശിഹാബ് തങ്ങളെ പിന്നീട് എല്ലാ മണ്ഡലകാലത്തും ചെന്നു കാണുന്നത് തന്റെ പതിവായിരുന്നെന്ന മുൻ എം.എൽ.എ.യും കേരള ദളിത് ലീഗ് സംസ്ഥാന പ്രസിഡണ്ടുമായ യു.സി. രാമൻ ഓർക്കുന്നു. തങ്ങൾ നൽകിയിരുന്ന സ്നേഹവും പരിഗണനയും മറ്റൊരിടത്തുനിന്നും തനിക്കു അനുഭവപ്പെട്ടിരുന്നില്ല എന്നും രാമൻ കൂട്ടിച്ചേർക്കുന്നു.

ബാബ്റി മസ്ജിദ് തൊടുത്തുവിട്ട അഗ്നിസ്ഫുലിംഗങ്ങൾ കേരളത്തെ തൊടാതെപോയത് ശിഹാബ് തങ്ങൾ സ്വന്തം നെഞ്ചുകൊണ്ട് അത് തടുത്തതിനാലാണെന്നാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ശിഹാബ് തങ്ങൾ സ്മരണികയിൽ എഴുതിയത്. അഞ്ചു മനുഷ്യർ പിടഞ്ഞു വീണു മരിച്ച പൂന്തുറയിൽ, വർഗീയ ലഹള കാട്ടുതീപോലെ പടരുന്നുവെന്നു കേട്ടപ്പോൾ ശാന്തിമന്ത്രങ്ങളുമായി തിരുവനന്തപുരത്തേക്കു കുതിക്കുകയും

മുസ്‌ലിംകളെ എന്നപോലെ ഹൈന്ദവരേയും ആശ്വസിപ്പിക്കുകയും ചെയ്തു.നായനാർ സർക്കാരിന്റെ കാലത്ത് വയോധികനായ ഒരു മുസ്‌ലി ം നാദാപുരത്ത് വധിക്കപ്പെട്ടപ്പോൾ ജനാസ നയിക്കാനും അദ്ദേഹം എത്തി.ഒമ്പത് പേരുടെ ജീവനെടുത്ത മാറാട് കൂട്ടക്കൊല നടന്ന വിവര മറിഞ്ഞപ്പോൾ, മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടിയെ വിളിച്ച് വേദനയോടെ അദ്ദേഹം പറഞ്ഞത്, നാം ഭരിക്കുന്ന സമയത്തും ഇതൊന്നും തടയാനൊ ക്കുന്നില്ലേ എന്നാണ്.

ഇറാഖ് യുദ്ധം കൊടുമ്പിരിക്കൊണ്ട കാലത്ത് കുവൈത്തിൽ ജോലിചെയ്യുകയായിരുന്ന മരുമകനെയും മകളെയും രക്ഷപ്പെടുത്താ നുള്ള ശ്രമത്തെപ്പറ്റി ചോദിച്ചപ്പോൾ ആയിരക്കണക്കിനു ഇന്ത്യക്കാർ വേദന അനുഭവിക്കുന്ന ആ ദുരന്ത ഭൂമിയിൽ അവരെ മാത്രമായി രക്ഷ പ്പെടുത്താൻ തനിക്കൊരുപരിപാടിയും ഇല്ല എന്നാണദ്ദേഹം പ്രതിവചി ച്ചത്.

വീടുണ്ടാക്കാനോ, പെൺകുട്ടികളെ കെട്ടിക്കാനോ ഒക്കെ പ്രയാ സപ്പെടുന്നവരെ ആരുമറിയാതെ സഹായിക്കുന്ന ആർദ്രഹൃദയമായിരുന്നു അദ്ദേഹത്തിന്റേത്. പിതാവിൽ നിന്നു തന്നെ ലഭിച്ച ഈ സുകൃത ത്തിനുഇത്തരം ഘട്ടങ്ങളിൽ വ്യത്യസ്തമായി ചിന്തിച്ചു പരിഹാരം കാണു ന്നതിലും ശിഹാബ് തങ്ങൾക്ക് പ്രത്യേക മിടുക്കുണ്ടായിരുന്നു. നാം പ്രതീ ക്ഷിക്കുന്നതിനപ്പുറമുള്ള ഒരു തീരുമാനം കൊണ്ടു, അല്ലെങ്കിൽ നടപടി കൊണ്ടു, അദ്ദേഹം നമ്മെ അത്ഭുതപ്പെടുത്തുന്നു. അത് ശരിയാണെന്നു കാലം തെളിയിക്കുകയും ചെയ്യുന്നു.

വലിയ ഒച്ചപ്പാടില്ലാതെ കഴിഞ്ഞ വിദ്യാർത്ഥി ജീവിത കാലത്ത് തന്നെ ഇതിനുദാഹരണമുണ്ട്. എം.എം ഹൈസ്ക്കൂളിലെ സഹപാഠിക ളിലൊരാൾ ഉച്ചഭക്ഷണത്തിനു പോകിന്നില്ലെന്നു കണ്ടു. അന്വേഷിച്ച പ്പേൾ വീട് പത്തു കിലോമീറ്റർ അകലെയാണെന്നറിഞ്ഞു. ഹോട്ടലിൽ നിന്നു ഭക്ഷണം കഴിക്കാനുള്ള സാമ്പത്തിക ശേഷിയുമില്ല.

വിവരമറിഞ്ഞ അദ്ധ്യപകൻ ഭക്ഷണത്തിനായി അവനു ഓരോ കുട്ടിയും ഒരോ ദിവസം പണം നൽകാൻ നിർദ്ദേശിച്ചു.

മുഹമ്മദലി ശിഹാബ് എന്ന കുട്ടി ഇടപെട്ടു. അത് വേണ്ട.ഓരോ ദിവസം ഒരോരുത്തർ അവനെ ഉച്ച ഭക്ഷണത്തിനു, ഒപ്പം വീട്ടിലേക്കു കൊണ്ടുപോയാൽ മതി.

അമ്പതുകളുടെ ഒടുവിൽ കോട്ടും തുർക്കിത്തൊപ്പിയും ധരിച്ച് കൊടപ്പനക്കൽ ശിഹാബിനെ കാണാനെത്തിയ ധനികനായ ഒരു സേട്ടു വിനു നൽകാനുള്ള നിവേദനം.ഊട്ടിയിൽ ആയിരം ഏക്കർ തോട്ടം ഞാൻ തങ്ങളുപ്പാപ്പാക്കു വേണ്ടി മാറ്റിവെച്ചിരിക്കുന്നു.ഉപ്പാപ്പ അവിടെ വരണം, താമസിക്കണം.

ശിഹാബ് തങ്ങൾ പുഞ്ചിരിയോടെ പറഞ്ഞു.നന്ദി. എനിക്കു ഊ ട്ടിയിലേക്കുവരാം. എന്നാൽ രാവും പകലും നോക്കാതെ എന്നെ കാ ണാൻ ഇവിടെ വരുന്നവർക്ക് എങ്ങനെ അത്രദൂരം യാത്ര ചെയ്യാൻ ക

ഴിയും?

അടിയന്തിരാവസ്ഥാ കാലത്താണ്, നാൽപത് വയസ് തികയും മുമ്പ് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ, മുസ്ലീംലീഗിന്റെ, അധ്യക്ഷ പദവിയിലെത്തുന്നത്. പാർട്ടിയെ ഒന്നിപ്പിക്കാനുള്ള ശ്രമം തുടങ്ങി വയ്ക്കുന്നതിനിടയിൽ 1983ൽ സി.എച്ച്. മുഹമ്മദ്കോയയുടെ വിയോഗം അദ്ദേഹത്തിനു കനത്തനഷ്ടമായി. പിന്നാലെ 1998ൽ ബി.വി. അബ്ദുല്ല ക്കോയയും വിട്ടു പിരിഞ്ഞപ്പോൾ ശിഹാബ് തങ്ങൾക്ക് കണ്ണിൽ ഇരുട്ട് കയറി എന്നാണ് മുസ്ലീംലീഗ് ചരിത്രകാരനായ എം.സി. ഇബ്രാഹിം കുറി ച്ചിട്ടത്. (ശിഹാബ് തങ്ങൾ സ്മരണിക)

എന്നാൽ നിരാശനാവാതെ കൂടുതൽ ഊർജസ്വലനായി അധ്യക്ഷ പദത്തിൽ തിളങ്ങുകയാണ് ശിഹാബ് ചെയ്തത്. സീനിയർ നേതാക്കൾക്കു പകരം ജൂനിയർമാരെ എ.കെ. ആന്റണി മന്ത്രിസഭയിൽ ലീഗ് മന്ത്രിമാ രായി അവരോധിക്കാൻ തങ്ങൾക്കു സാധിച്ചു.സ്ഥാനം പ്രതീക്ഷിച്ച ചിലർ സമാന്തര ലീഗുണ്ടാക്കി. ബാബരി മസ്ജിദ് സംഭവം ഉയർത്തി. ശുദ്ധഗതി ക്കാരനായ സുലൈമാൻ സേട്ടിനെയും അവർ വലയിൽ കുരുക്കി.

എന്നാൽ ബാബറി മസ്ജിദിന്റെ പേരിൽ ഇന്ത്യയിൽ പലയിടങ്ങ ളിലും സംഘർഷങ്ങളും സംഘട്ടനങ്ങളും കയറൂരി നടന്നപ്പോൾ ശിഹാബ് തങ്ങളിലെ സമാധാനത്തിന്റെ പ്രവാചകൻ സജീവമായി രംഗത്തിറങ്ങി. മതസൗഹാർദ്ദത്തിനു പേരുകേട്ട കേരളത്തിൽ അത്തരം ഒരനിഷ്ടസംഭ വവും നടക്കരുതെന്നു ദൃഢപ്രതിജ്ഞ ചെയ്ത അദ്ദേഹം, കൂടുതൽ സജീ വമായി. ആത്മസംയമനം പാലിക്കാനും ആവശ്യമെങ്കിൽ അന്യസമുദാ യങ്ങളുടെ ദേവാലയങ്ങൾക്ക് കാവലാൾ ആവാനുമുള്ള അദ്ദേഹത്തിന്റെ ആഹ്വാനം പരക്കേ സ്വാഗതം ചെയ്യപ്പെട്ടു.

ജനകീയ നേതാവെന്ന നിലക്കുള്ള അംഗീകാരം അദ്ദേഹത്തിനു ഘടകകക്ഷികളിലെന്നപോലെ പ്രതിപക്ഷകക്ഷികളിലും ഉണ്ടായി. അതി നിടക്കാണ് അദ്ദേഹത്തിനു അമേരിക്കയിൽ ചികിത്സക്കു പോവേണ്ടിവ ന്നത്.

2006ലെ ആ തിരഞ്ഞെടുപ്പിൽ പാർട്ടിക്കു കനത്ത തിരിച്ചടി ഏറ്റ ഫലപ്രഖ്യാപനത്തിനിടയിലായിരുന്നു, അമേരിക്കയിൽ ചികിത്സകഴി ഞ്ഞുള്ള മടക്കം . പ്രാർഥനയോടെ തന്നെ യാത്രയയച്ച പ്രിയപത്നി ആകസ്മികമായി മരണപ്പെട്ട ഞെട്ടിക്കുന്ന വാർത്തയും അദ്ദേഹത്തെ കാത്തിരിക്കുന്നുണ്ടായിരുന്നു.

പരാജയപ്പെടുമ്പോൾ അടുത്ത സഹപ്രവർത്തകരെ ആശ്വസി പ്പിക്കാൻ മാർക്സിസ്റ്റ് നേതാവായ ഇ.കെ. ഇമ്പിച്ചിബാവ പ്രയോഗിക്കാ റുള്ള തമാശ കലർന്ന ഒരു പ്രതികരണം ശിഹാബ് തങ്ങൾ ഉദ്ധരിക്കാറു ണ്ടായിരുന്നു. കേരളത്തിൽ മന്ത്രിയും പാർലിമെന്റിന്റെ അംഗവും ഒക്കെ ആയിരുന്ന ആ പൊന്നാനിക്കാരൻ ഒരിക്കൽ നർമം കലർത്തിപ്പറഞ്ഞു. ജയിച്ചതിനേക്കാളേറെ തോറ്റപാരമ്പര്യമാണ് എനിക്ക്.

നല്ല തമാശപറയുകയും തമാശ നന്നായി ആസ്വദിക്കുകയും

ചെയ്യുന്ന കൂട്ടത്തിലായിരുന്നു ശിഹാബ് തങ്ങൾ. മതനേതാക്കൾ ചിരിക്കാനും കളിക്കാനും പാടില്ല എന്നു പണ്ടാരോ പറഞ്ഞു വച്ചതിനു അപവാദം.

ഒരു യാത്രാവേളയിൽ വിമാനം ആകാശച്ചുഴിയിൽ കുടുങ്ങികുലുങ്ങിയപ്പോൾ ശിഹാബ് തങ്ങളുടെ കമന്റ്, വിമാനം നമ്മുടെ പഞ്ചായത്ത് റോഡുകളിലേക്കു കടന്നതായി തോന്നുന്നു എന്നായിരുന്നു.

ഡിഗ്രിപഠനത്തിനായി സഹോദരനെയും മകനെയും അലിഗഡ് സർവകലാശാലയിൽ ചേർത്തകാലം. അവധിക്കു അവർ നാട്ടിൽ വന്നപ്പോൾ അവിടത്തെ വിശേഷങ്ങൾ ആരാഞ്ഞു.നല്ല കേരള ഭക്ഷണം കിട്ടും. ഇരുവരും ഒരേസ്വരത്തിൽ പറഞ്ഞു.

ശിഹാബ് തങ്ങളുടെ പ്രതികരണം- എങ്കിൽ നാട്ടിൽ തന്നെ പഠിച്ചാൽ മതിയായിരുന്നല്ലോ .

മലങ്കര കാതോലിക്കാസഭയുടെ പരമാധ്യക്ഷനായ മാർതോമ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ മെത്രാഭിഷേക ജൂബിലി ചടങ്ങിൽ മുഖ്യാതിഥികളിലൊരാളായി ശിഹാബ് തങ്ങൾ കോട്ടയത്തെത്തിയത് ഓർക്കുന്നു. ബാവാ തീരുമേനിയുടെ വട്ടമുഖവും, വെളുത്ത താടിയും, ചന്തമുള്ള തലപ്പാവും കണ്ടപ്പോൾ ഈമാനുള്ളതാടി അല്ലേ ശിഹാബ് തങ്ങൾ പുഞ്ചിരി നിറച്ചുതന്നെ കമന്റടിച്ചു .

സുലൈമാൻ സേട്ട് പാർട്ടിവിട്ട് ഇന്ത്യൻ നാഷണൽ ലീഗിന്റെ അദ്ധ്യക്ഷ പദവി അലങ്കരിച്ച കാലം. അന്നു ഒരു നാൾ പാണക്കാട്ട് തങ്ങളെ കാണാൻ പോയകഥ പലമന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിയായിരുന്ന എ. അബ്ബാസ് സേട്ട് ഓർക്കുന്നു. മറ്റൊരു സേട്ടുസാഹിബ് ഇതാ നമ്മോടൊപ്പം എന്നായിരുന്നു തങ്ങളുടെ ചിരിപ്പിക്കുന്ന കമന്റ്.

ചന്ദ്രികാപത്രത്തിന്റെ വികസനത്തെക്കുറിച്ച് ഡയറക്ടർ ബോർഡിൽ ഗൗരവപ്പെട്ട ഒരു ചർച്ചനടക്കുന്നതിനിടയിൽ പത്രത്തിനു ഇ-മെയിൽ വേണ്ടേ എന്ന് ഒരാൾ ആരാഞ്ഞു. തങ്ങളുടെ മറുപടി: ഇ-മെയിൽ ഇല്ലെങ്കിലെന്താ, നമുക്കു ഇ. അഹമദ് ഉണ്ടല്ലൊ.

യൂസുഫുൽ ഹാജി എന്ന പ്രമുഖൻ ഒരിക്കൽ ആരംഭിച്ച വൻ ബേക്കറി ഉദ്ഘാടനത്തിനെത്തിയ ശിഹാബ് തങ്ങൾ പറഞ്ഞു. നമുക്ക് ഏറെ ഉപകാരപ്പെടുന്ന ഒരു പൗരപ്രമുഖനാണിദ്ദേഹം. പേര് തന്നെ 'യൂസ്ഫുൾ (ആയ) ഹാജി' എന്നാണല്ലോ.

കേരള മുസ്ലിം കൾച്ചറൽ സെന്ററിലെ പ്രവർത്തനങ്ങൾ വേണ്ടത്ര സജീവമാവുന്നില്ലെന്നു ഒരിക്കൽ ശിഹാബ് തങ്ങൾ ഗുണദോഷിച്ചു. കേട്ടുനിന്നവരിൽ ഒരാൾ താൻ കൂറുപുലർത്തുന്ന ഒരു ഭാരവാഹിയെ സോപ്പിടാൻ ഇതൊരവസരമാക്കി. ആ നേതാവിനെ ചൂണ്ടി ആ പ്രവർത്തകൻ പറഞ്ഞു: എന്നാൽ ഇദ്ദേഹം സദാസമയവും സംഘടനയ്ക്ക് വേണ്ടി ഓടിനടക്കുന്നയാളാണ്.

നർമത്തിൽ പൊതിഞ്ഞു ശിഹാബ് തങ്ങൾ പ്രതികരിച്ചു. ഒരാൾ സ്വന്തമായി ഓടിയാൽ പോരല്ലൊ. എല്ലാവരും കൂടി ഓടുന്നതല്ലേ സംഘ

ടന?

ഒരിക്കൽ പിതാവ് പൂക്കോയ തങ്ങളുടെ മഖ്ബറയിൽ സ്ഥാപിച്ച ഭണ്ഡാരം തുറക്കാൻ ഒരു കള്ളൻ വിഫല ശ്രമം നടത്തിയെന്നറിഞ്ഞ പ്പോൾ ജനൽ കമ്പി മുറിച്ചു കടന്ന മോഷ്ടാവിന്റെ വൈദഗ്ദ്യത്തെയും നമുക്കു അംഗീകരിക്കാതെ വയ്യല്ലൊ എന്നായിരുന്നു തങ്ങളുടെ കമന്റ്.

ജാമിഅ നൂരിയാ കോളേജ് വാർഷികത്തിന്റെ ഒരു ഗേറ്റ് പാണ ക്കാട് സ്ഥാപിക്കാൻ പോയ വിദ്യാർഥികൾ കണ്ടത് അർധരാത്രി കഴിഞ്ഞും വീട്ടിന്റെ പൂമുഖത്ത് ദർബാർ നടത്തിക്കൊണ്ടിരിക്കുന്ന തങ്ങ ളെയാണ്.

കുട്ടികളെ കണ്ടപ്പോൾ പെട്ടെന്നു പുറത്തേക്കു വന്നു ഹസ്ത ദാനത്തിനു ശിഹാബ് തങ്ങൾ കൈനീട്ടി.

കുട്ടികൾ പറഞ്ഞു കൈനീട്ടേണ്ട തങ്ങളേ. കയ്യിലാകെ മണ്ണാണ്.

തങ്ങൾ പ്രതിവചിച്ചു.നമ്മെ പടച്ചത് തന്നെ മണ്ണിൽ നിന്നാണ ല്ലോ. നാം പോവേണ്ടതും മണ്ണിലേക്കുതന്നെ .

ഘടികാരങ്ങളും കലണ്ടറുകളും വീട്ടിലെ എല്ലാ മുറികളെയും അലങ്കരിക്കുമ്പോഴും സമയവും തീയതിയും ആ ജനകീയ കോടതിയെ നിയന്ത്രിക്കാറില്ല. കൊടപ്പനക്കൽ വീട്ടിൽ അർധരാത്രിയിലും വിളക്കണ യാറില്ല. വലുപ്പ ചെറുപ്പവ്യത്യാസമില്ലാതെ, സമയത്തും അസമയത്തും കയറിവരുന്നവരെയെല്ലാം എട്ടു കോണുകളുള്ള മേശക്കു ചുറ്റുമിരുത്തി നടത്തുന്ന ജനകീയ ദർബാർ എപ്പോഴും സജീവം.

കൂട്ടത്തിൽ സമയം നിശ്ചയിച്ചുവരുന്ന മന്ത്രിമാരുണ്ട്. സമയക്രമം പാലിക്കാനാവാത്ത രാഷ്ട്രീയ നേതാക്കളുണ്ട്. വ്യാപാരികളുണ്ട്, വ്യവ സായികളുണ്ട്, അധ്യാപകരുണ്ട്, എഞ്ചിനീയർമാരുണ്ട്, അഭിഭാഷകരുണ്ട്, ഡോക്ടർമാരുണ്ട്, ഉദ്യോഗസ്ഥരുണ്ട്, കർഷകരും, തൊഴിലാളികളുമുണ്ട്.

പാണക്കാട്ടെ വീട്ടിൽ അവരെയൊക്കെയും ആശ്വസിപ്പിച്ച് തിരി ച്ചയക്കാറുള്ള ശിഹാബ് തങ്ങൾ, ഒടുവിൽ പ്രമേഹ സംബന്ധമായ രോഗ ങ്ങൾക്ക് കീഴടങ്ങേണ്ടിവരികയായിരുന്നു.

2003ൽ കണ്ണൂരിൽ ഒരു പരിപാടിക്കു പോയി തിരിച്ചുവന്നത് കഠി നമായ പനിയോടെ ആയിരുന്നു. ഒരു മാസത്തോളമാണ് കോഴിക്കോട്ടെ മിംസ് ആശുപത്രിയിൽ കിടന്നത്. ചെയർമാൻ ഡോ.ആസാദ് മൂപ്പന്റെയും മാനേജിങ്ങ് ഡയറക്ടർ ഡോ. അബ്ദുല്ല ചെറയക്കാട്ടിന്റെയും നേതൃത്വ ത്തിലായിരുന്നു, വിദഗ്ദ ചികിത്സ. വിശ്രമം വേണമെന്നുകരുതി,സന്ദർശ കർക്കു ഡോക്ടർമാർ വിലക്ക് കല്പിച്ചിരുന്നു. എന്നിട്ടും പലഭാഗങ്ങളിൽ നിന്നും പലതലങ്ങളിൽ നിന്നും ആശുപത്രിയിലേക്ക് നേതാക്കന്മാരുടെയും അനുയായികളുടെയും പ്രവാഹമായിരുന്നു.

നിയന്ത്രണം അസാധ്യമെന്നു തോന്നിയപ്പോൾ ആശുപത്രി ജന റൽ മാനേജർ കെ. മായൻ ഇടപെട്ടു: കാണാനൊക്കില്ല. ഞാൻ ഒരു രജി സ്ത്രർ വക്കുന്നു. വരുന്നവർക്ക് അതിൽ പേരും തീയതിയും കുറിച്ചി ടാം. രണ്ടു വീതം മണിക്കൂർ കൂടുമ്പോൾ അത് തങ്ങളെ കാണി

ക്കാം.നിങ്ങൾ വന്നത് തങ്ങൾക്കറിയാനൊക്കുമല്ലൊ.

നിർദേശം കർശനമായപ്പോൾ ദൂരെ നിന്നു വന്ന ഒരു മധ്യവയസ്കനു രോഷം. അദ്ദേഹം ആരാഞ്ഞു: ആരാണപ്പാ ഈ മാനേജർ .

ഒപ്പം ഉണ്ടായിരുന്ന ആൾ പരിചയപ്പെടുത്തി. അത് ബി.വി. അബ്ദുല്ലക്കോയയുടെ മകൻ, മേജർ മായൻ. സൈനിക സേവനമൊക്കെ കഴിഞ്ഞ് ഇവിടെ ജനറൽ മാനേജരാണ്.

മധ്യവയസ്കൻ തണുത്തില്ല.അദ്ദേഹത്തിന്റെ കമന്റ്: വെറുതെയല്ല മകൻ അങ്ങനെ ആയത്. ബാപ്പയെപ്പെലെതന്നെ കടുപ്പക്കാരൻ.

മിംസിലെ ചികിത്സക്കു ശേഷം ശിഹാബ് തങ്ങളെ എറണാകുളത്ത് ലേക്ക്ഷോർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തലച്ചോറിന്റെ ഭാഗത്ത് ജലാംശം കൂടുന്ന ഒരു പ്രത്യേകരോഗം. നടക്കാൻ മാത്രമല്ല, എഴുന്നേൽക്കാൻപോലും പ്രയാസം. മസ്തിഷ്കത്തിൽ രണ്ട് സർജറി വേണമെന്നാണ് വിദഗ്ദോപദേശം. അതിനായാണ് ന്യൂറോസർജറിയിൽ വിദഗ്ദ ചികിത്സ ലഭിക്കുന്ന അമേരിക്കയിലെ മേയോ ക്ലിനിക്കിലേക്കു കൊണ്ടു പോയത്.

സമൂഹത്തിനുവേണ്ടത് രോഗിയായ എന്നെ അല്ലല്ലോ എന്നു കുടുംബക്കാരോട് പറഞ്ഞാണ് 2006ൽ അമേരിക്കയിലേക്കു യാത്ര. റോച്ചസ്റ്ററിൽ അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് റെയ്ഗനെപ്പോലുള്ളവർ ചികിത്സ തേടാറുള്ള ലോകപ്രസിദ്ധമായ മേയോ ക്ലിനിക്കിൽ അഞ്ചുമണിക്കൂർ നീണ്ട മസ്തിഷ്ക ശസ്ത്രക്രിയക്കുശേഷം തങ്ങൾ നാട്ടിലേക്കു തിരിച്ചെത്തിയത് മെച്ചപ്പെട്ട ആരോഗ്യനിലയിലായിരുന്നു.

എന്നാൽ രണ്ടാം ജന്മത്തിലെന്നപോലെ തിരിച്ചെത്തിയ അദ്ദേഹത്തെ സ്വാഗതം ചെയ്തത്, ഏതാനും ദിവസംമുമ്പ് തന്റെ പ്രിയതമ ഫാത്തിമാ ശരീഫബി മരണപ്പെട്ട വാർത്തയായിരുന്നു. തനിക്കു വിധിച്ച മരണം ഭാര്യ കൊണ്ടു പോയതാണോ എന്നുപോലും തോന്നിപ്പോയി എന്നു ശിഹാബ് തങ്ങൾ ഒരഭിമുഖ സംഭാഷണത്തിൽ പറഞ്ഞത്, പ്രശസ്ത പത്രലേഖകനായ മുഹമ്മദ് അനീസ് അനുസ്മരിക്കുന്നു.

ആ ദുഃഖത്തോടൊപ്പം താൻ പ്രചാരണരംഗത്തില്ലാതിരുന്ന തിരഞ്ഞെടുപ്പിൽ വൻ പരാജയത്തിലുംപെട്ട പാർട്ടിയെ അദ്ദേഹം കൈവിട്ടില്ല. സാവകാശം പൊതു ജീവിതത്തിലേക്കു സജീവമായി തിരിച്ചു വന്നു കൊണ്ടിരുന്നു.

അമേരിക്കയിൽ ചികിത്സക്കു പോകവെ യാത്രയയച്ച സഹധർമിണി മരണപ്പെട്ട വാർത്ത. ആഴ്ചകൾ കഴിഞ്ഞ് വീട്ടിൽ കയറിയപ്പോഴാണ് സഹോദരൻ ഉമറലി ശിഹാബ് തങ്ങൾ അറിയിച്ചത്. സങ്കടം ഉള്ളിലൊതുക്കി അംഗശുദ്ധി വരുത്തിവന്ന അദ്ദേഹം പ്രാർഥിക്കുകയാണ് ചെയ്തതെന്നു സഹോദരൻ ഹൈദരലി ശിഹാബ് തങ്ങൾ എഴുതുകയുണ്ടായി.

സഹധർമിണിയുടെ വിയോഗത്തിന്റെ തീവ്രദുഃഖം കടിച്ചമർത്തി, ശിഹാബ് തങ്ങൾ വീണ്ടും പൊതുരംഗത്ത് സജീവമായിരുന്നു. 2009ലെ

പൊതു തിരഞ്ഞെടുപ്പിൽ അദ്ദേഹം വീജയകരമായി പാർട്ടിയെ നയിച്ചു. സി.എച്ച്. മുഹമ്മദ് കോയയെ കേരളത്തിന്റെ ആദ്യ മുസ്‌ലിം മുഖ്യമന്ത്രി യായി അവരോധിച്ചതിനുപിന്നാലെ, പാർട്ടി സെക്രട്ടറി ഇ. അഹമദിനു കേന്ദ്രമന്ത്രിസ്ഥാനവും നേടിക്കൊടുത്ത ശേഷമാണ് അദ്ദേഹം അന്ത്യ വിധിക്കു കീഴടങ്ങിയത്.

അതിനിടയിൽ 2009 ജൂലായിൽ വീട്ടിൽ കാൽ തെന്നിവീണ് മല പ്പുറത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട അദ്ദേഹം പിറ്റേന്നു രാത്രി ഹൃദയാഘാതത്തെ തുടർന്നു മരണപ്പെടുകയായിരുന്നു. മരണം സംഭവിച്ച് ഒരു മണിക്കൂറിനകം മലവെള്ളപ്പാച്ചിൽപോലെ ജനം ഒഴുകി എത്തിയപ്പോൾ പാണക്കാട്ട് ഭാഗത്തേക്ക് പിന്നെ ഒരാൾക്കു പോലും കടക്കാൻ കഴിയാത്ത നിലയായി. കബറടക്ക സമയം പോലും മാലോകരെ അറിയിക്കാൻ ഒരു മൈക്ക് തിരഞ്ഞു പോകാൻ കൂടി വയ്യാത്ത അവസ്ഥ. ലീഗ് നേതാവ് കുഞ്ഞാലിക്കുട്ടി സാഹിബ് ഒടുവിൽ വാഹനങ്ങൾ ഉന്തിനീക്കിയും പൊക്കിമാറ്റിയുമാണ് മോട്ടോർ ബൈക്കിന്റെ പിന്നിൽ കയറി ലക്ഷ്യസ്ഥാനത്തെത്തിയത്.

കടലുണ്ടിപ്പുഴയുടെ തീരത്ത് വലിയ നാട്യങ്ങളില്ലാതെ തല ഉയർത്തി നിൽക്കുന്ന പാണക്കാട് ജമാഅത്ത് പള്ളി കബർസ്ഥാനിൽ പതിനായിരങ്ങൾ തോരാത്ത കണ്ണീരോടെ സാക്ഷി നിൽക്കേ, ആ ശരീരം മണ്ണോട് ചേർന്നു. മണ്ണിൽ നിന്നു സൃഷ്ടിക്കപ്പെട്ടത് മണ്ണിലേക്ക് തന്നെ മടങ്ങുന്നു. കൂടി നിന്നവരൊക്കെയും മൂന്നു നുള്ള് മണ്ണ് വാരി ആ കബ റിടത്തിലേക്കിട്ട് ഗദ്ഗദകണ്ഠരായി വിടവാങ്ങി. പച്ചപ്പതാകയിൽ പുതച്ച മൃതദേഹം ഔദ്യോഹിക ബഹുമതികളോടെ കബറിടത്തിൽ താഴ്ത്തി വെച്ചപ്പോൾ പോലീസിന്റെ ആചാരവെടികൾ ആ അദ്ധ്യായം ദിഗന്തങ്ങ ളെ അറിയിച്ചു.

ആധ്യാത്മിക രംഗത്ത് അടിയുറച്ചു നിന്ന സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ അവിടെയും വിഭാഗീയതകൾക്ക് അപ്പുറത്താണ് ചിന്തിച്ച ത്. മതങ്ങൾ തമ്മിലുള്ള പരസ്പര ബഹുമാനംകൊണ്ട് മാത്രമെ മനുഷ്യർ തമ്മിലുള്ള ശാശ്വത സമാധാനം നേടിയെടുക്കാനാകൂ എന്നു അദ്ദേഹം വിശ്വ സിച്ചു.

ഒരു പ്രശ്നത്തിലും ഏകപക്ഷീയമായി ചിന്തിക്കുന്ന സങ്കുചി തത്വം അദ്ദേഹത്തിനുണ്ടായിട്ടില്ല എന്നാണ് എൻ.എസ്.എസ്. ജനറൽ സെക്രട്ടറി പി.കെ. നാരായണ പണിക്കരുടെ നിരീക്ഷണം.

ലോക്സഭയിലേക്കുള്ള സ്ഥാനാർഥിത്വവും, മലപ്പുറം നഗരസഭ യുടെ ആദ്യ ചെയർമാൻ പദവിയും ഒരു താലത്തിലെന്നവണ്ണം നീട്ടിയ പ്പോഴും വേണ്ട എന്നു അദ്ദേഹം അറിയിച്ചു. കെ.എം.ഇ.എ.യുടെ എട ത്തല സി.എച്ച്.മുഹമ്മദ്കോയ എഞ്ചിനീയറിങ്ങ് കോളേജിന്റെ ചീഫ് പേട്രൺ, മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽസിന്റെ ചീഫ് പ്രൊമോട്ടർ ചന്ദ്രികയുടെ നടത്തിപ്പുകാരായ മുസ്‌ലീം പ്രിന്റിങ്ങ് ആൻഡ് പബ്ളിഷിങ്ങ് കമ്പനി മാനേജിങ്ങ് ഡയറക്ടർ, എം.ഇ. എസ്. മമ്പാട് കോളേ

ജിന്റെ സ്ഥാപക ചെയർമാൻ എന്നീ നിലകളിൽ ഒതുങ്ങിനിന്നു.

ലളിതമായ ജീവിതവും സൗമ്യമായ പെരുമാറ്റവും മത കാഴ്ച പ്പാടിൽ അധിഷ്ഠിതമായ സമീപനവും സമന്വയിപ്പിച്ച വ്യക്തിത്വമായിരു ന്നു, ശിഹാബ് തങ്ങളുടേത് എന്നു മാർകിസ്റ്റ് പാർട്ടി സെക്രട്ടറി പിണ റായി വിജയൻ വിലയിരുത്തുന്നത് അതിന്റെയൊക്കെ പശ്ചാത്തലത്തി ലാണ്.

സുന്നിയുവജന സംഘത്തിന്റെ മലപ്പുറം ജില്ലാ പ്രസിഡന്റ് പദ വിയിൽ തുടങ്ങി സുന്നി പ്രസ്ഥാനത്തിന്റ പ്രധാന സ്ഥാനങ്ങളിലെല്ലാം പിതാവിനെപ്പോലെ ശിഹാബ് തങ്ങൾ എത്തിയിട്ടുണ്ട്.സമസ്തയുടെ പരിപാടികളിലെല്ലാം പങ്കെടുക്കുക എന്നത് അദ്ദേഹത്തിനു ആവേശക രമായ അനുഭവമായിരുന്നു.

സ്വന്തം പിതാവിന്റെ മാനസങ്ങളിൽ നിറഞ്ഞു നിന്ന ജാമിയയുടെ സെക്രട്ടറി പദത്തിലും പ്രസിഡന്റു സ്ഥാനത്തും അദ്ദേഹമെത്തി. പൊന്നാനി മഊനത്തുൽ ഇസ്ലാംസഭ, കോഴിക്കോട് തർബിയത്തുൽ ഇസ്ലാംസഭ. കോഴിക്കോട് ജെ.ഡി.ടി., തിരൂരങ്ങാടി യതീംഖാന, ഫാറൂഖ് കോളേജ് എന്നിവയുടെയൊക്കെ നടത്തിപ്പിൽ സജീവ താല്പര്യം നില നിർത്തി.

സംഘടനകൾ തമ്മിലുള്ള മത്സരങ്ങളെ എന്നും നിരുത്സാഹ പ്പെടുത്തിയിരുന്ന അദ്ദേഹം, മുസ്ലിംകളെ എല്ലാവരെയും ഒരു മേശക്കു ചുറ്റും ഇരുത്തുന്നതിൽ ഏറെ വിജയിച്ച നേതാവാണ്. സംഘടനകൾ തമ്മിലല്ല, ആശയങ്ങൾ തമ്മിലാണ് സംഘട്ടനങ്ങൾ നടക്കേണ്ടതെന്ന വിശ്വാസക്കാരനായിരുന്നു, അദ്ദേഹം.

താങ്കൾ ഒരു രാഷ്ട്രീയ നേതാവായിട്ടാണോ, ആത്മീയ നേതാ വായിട്ടാണോ അരിയപ്പെടാൻ ആഗ്രഹിക്കുന്നത്? - ഒരു ചാനൽ റിപ്പോർട്ടർ ഒരിക്കൽ ശിഹാബ് തങ്ങളുടെ നേർക്ക് ഒരു ചോദ്യമെറി ഞ്ഞു.അദ്ദേഹം സൗമ്യമായി മറുപടി പറഞ്ഞു: ഒരു സാധാരണക്കാര നായി അറിയപ്പെടാൻ .

യൂത്ത് ലീഗിന്റെ ഒരു പരിപാടിയുടെ നോട്ടീസ് തയാറാക്കിയപ്പോൾ ഭക്ഷണം, വിശ്രമം എന്നു ചേർത്തിരുന്നു. നമസ്കാരം കൂടി ചേർക്കാ നായിരുന്നു തങ്ങളുടെ ഉപദേശം. തെറ്റായ ഒരു വാക്ക്പോലും തന്നിൽ നിന്നുണ്ടാവരുതെന്ന കാര്യം ജീവിതത്തിന്റെ ഭാഗമായി കൊണ്ടു നടന്ന താണ് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളെ പാണക്കാട്ടെ രാജകുമാരനാ ക്കുന്നത്.

കേൾക്കാൻ കൂടി പ്രയാസമുള്ള മൃദുല ശബ്ദത്തിലേ അദ്ദേഹം സംസാരിക്കൂ. പക്ഷെ അത് കാതുകൾക്കുള്ളതല്ല. ഹൃദയങ്ങൾക്കുള്ളതാ ണ്. എന്നാൽ പ്രഖ്യാപിക്കാനെടുക്കുന്ന നിർണായക തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ സീനിയർ നേതാക്കളുടെ അഭിപ്രായങ്ങൾ തേടി യശേഷമേ അദ്ദേഹം അത് ചെയ്യാറുള്ളു.

പിതാവിന്റെ സന്തതസഹചാരി ആയിരുന്ന അഹമദ്ഹാജി

തന്റെയും സെക്രട്ടറി ആയി പ്രവർത്തിച്ചിരുന്നത് ശിഹാബ് തങ്ങളെ സംബന്ധിച്ചിടത്തോളം വലിയ ഒരനുഗ്രഹമായി. കൊടപ്പനക്കൽ വീട്ടിൽ നിന്നു കോഴി കൂവിയാൽ കേൾക്കുന്ന പാണ്ടിക്കടവത്ത് താമസിക്കുന്ന ലീഗ് നേതാവ് പി.കെ.കുഞ്ഞാലിക്കുട്ടി നിഴൽപോലെ ഒപ്പം ഉണ്ടായിരുന്നതും തങ്ങൾക്ക് ഏറെ ശക്തിപകർന്നു.

കേരള കോൺഗ്രസ് നേതാവും കേരള ധനകാര്യമന്ത്രിയുമായ കെ.എം. മാണി പറഞ്ഞത്, ഭരണത്തിന്റെ ചെങ്കോലുകൾ ഒന്നുമില്ലാതെ രാഷ്ട്രീയത്തിലെ അവസാനവാക്കായി തീർന്നു അദ്ദേഹം എന്നാണ്.

അതേസമയം യു.എ.ഇ. പ്രസിഡന്റിന്റെ മതകാര്യോപദേഷ്ടാവ് അബുദാബിയിൽ വിളിച്ചു ചേർത്ത യോഗത്തിൽ പങ്കെടുത്ത അദ്ദേഹം, കശ്മിർ പ്രശ്നത്തിൽ ഇന്ത്യക്കെതിരെ വിമർശനമുണ്ടായപ്പോൾ കടുത്ത ഭാഷ പ്രയോഗിക്കാനും മറന്നില്ല. ഇന്ത്യയെപ്പോലെ മതേതര പ്രവർത്തനം നടത്താനും, വിശ്വാസ സ്വാതന്ത്ര്യത്തോടെ ജീവിക്കാനും കഴിയുന്ന മറ്റൊരു രാജ്യം ലോകത്തിലില്ലെന്നാണ് അദ്ദേഹം അന്നവിടെ പറഞ്ഞത്. 70 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സംബന്ധിച്ച 1996ലെ ടെഹ്റാൻ ഇസ്ലാമിക സമ്മേളനത്തിൽ പങ്കെടുത്തപ്പോഴും ഇന്ത്യയുടെ ശബ്ദമാണുയർന്നുകേട്ടത്.

ഗൾഫ് രാജ്യങ്ങളിൽ ഇന്ത്യയേയും ഇന്ത്യൻ മുസ്ലിംകളെയും കുറിച്ചു മതിപ്പുളവാക്കാൻ ശിഹാബ് തങ്ങളുടെ വിപുലമായ വിദേശസഞ്ചാരങ്ങൾ സഹായകമായി. യു.എ.ഇ. രാഷ്ട്രപിതാവായ ശൈഖ് സായിദ് സുൽത്താൻ അൽനഹ്യാൻ 1986ൽ അദ്ദേഹത്തെ അതിഥിയായി സ്വീകരിക്കുന്നതും, ഫുജൈറ ശൈഖ് ഹമദ് ബിൻ മുഹമ്മദ് അൽശർഖി 1988ൽ കൊട്ടാരത്തിൽ അദ്ദേഹത്തിനു സ്വീകരണം നൽകുന്നതും. ചന്ദ്രികയുടെ ബഹ്റൈൻ എഡിഷൻ ഉദ്ഘാടനം ചെയ്യാൻ വിദേശകാര്യമന്ത്രി ശൈഖ് ഖാലിദ് ബിൻ അഹമദ് ഖലീഫ 2007ൽ സന്നദ്ധനാകുന്നതും ഒക്കെ ഇതിനോട് കൂട്ടിവായിക്കാവുന്നതാണ്.സൗദി അറേബ്യ, അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ഈജിപ്ത്, പലസ്ഥിൻ, ഇറ്റലി, വത്തിക്കാൻ, കാനഡ, ഓസ്ട്രേല്യ, ഹോളണ്ട്, കുവൈത്ത്, ഖത്തർ, ഒമാൻ, ബഹ്റൈൻ, ഇറാൻ, മലേഷ്യ, മ്യാൻമർ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ച അദ്ദേഹം, യെമനിൽ തന്റെ പൂർവ പിതാക്കളുടെ വേരുകൾ തേടി 1995ൽ ഗവേഷണപര്യടനവും നടത്തുകയുണ്ടായി.

അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ തകർക്കപ്പെട്ടതിന്റെ ഒന്നാം വാർഷികത്തിൽ അവിടെ ഗ്രൗണ്ട് സീറോയിൽ ചെന്നു പ്രാർഥിച്ച ശിഹാബ് തങ്ങൾ ലോകത്തിനു നൽകിയ സന്ദേശം ഇസ്ലാം സമാധാനത്തിന്റെ മതം എന്നതാണ്.

ഈ ഭൂമി പടച്ചവൻ സൃഷ്ടിച്ചത് മനുഷ്യർക്കു മാത്രമായല്ല, എന്നു വിശ്വസിച്ചിരുന്ന വലിയ മനസ്സായിരുന്നു, ശിഹാബ് തങ്ങളുടേത്. മൃഗങ്ങൾക്കും പക്ഷികൾക്കും മത്സ്യങ്ങൾക്കും,കീടങ്ങൾക്കും, ചെടികൾക്കും, പൂക്കൾക്കും എല്ലാം അവകാശപ്പെട്ടതാണ് പ്രപഞ്ചം.

ഒരു പൂപോലും പുറത്തെടുക്കാത്ത വസന്തമായാലും, ഒരു കുളിർ തെന്നൽപോലും കാണാത്ത ഹേമന്തമായാലും അതിനുമാറ്റമുണ്ടാവാറില്ല. അവധി നൽകാതെ മുഹൂർത്തങ്ങൾ തീർക്കുന്ന വേനൽക്കാലമായാലും ഇഷ്ടംപോലെ വേഷം മാറി വരാറുള്ള മഴക്കാലമായാലും അവസരങ്ങൾ മുഹമ്മദലി ശിഹാബ് എന്ന ആ വലിയ മനുഷ്യൻ പാഴാക്കാറില്ല.

കൊടപ്പനക്കൽ വീട്ടിന്റെ പൂമുഖത്തേക്ക് ദുഃഖഭാരം ഇറക്കിവയ്ക്കാൻ രാപ്പകൽ ഭേദമന്യേ, പലതട്ടിലുള്ള സ്ത്രീകളും പുരുഷന്മാരും വന്നു കൊണ്ടിരുന്നപ്പോഴും ആ വീട്ടിന്റെ പറമ്പിൽ സമൃദ്ധമായി മരങ്ങളും ചെടികളും വളരുന്നത് പലരും ശ്രദ്ധിക്കാറുള്ളതാണ്. തിരക്കൊഴിയുമ്പോൾ അവയോടെന്നപോലെ വീട്ടുവളപ്പിൽ വളർത്തുന്ന പക്ഷികളോടും മത്സ്യങ്ങളോടും കിന്നാരം പറയാറുള്ള ഗൃഹനാഥൻ ഇന്നു ഓർമകൾ മാത്രം.

അവിടെ പലതരം കോഴികൾ സ്വച്ഛന്ദം വിഹരിക്കുന്നു. ലവ്ബേർഡ്സ് കലപില കൂട്ടി ആനന്ദ നൃത്തമാടുമ്പോൾ സ്വർണ മത്സ്യങ്ങൾ ആഹ്ളാദത്തോടെ നീന്തിത്തുടിക്കുന്നു. ഓമനപ്പക്ഷികളിൽ ഒന്നു ചത്തു വീണപ്പോൾ വളർത്തുകിളികളെയെല്ലാം തുറന്നു വിടാനും, മത്സ്യങ്ങളിലൊന്നു ചത്തു പൊന്തിയപ്പോൾ അകലറിയത്തിൽ ഓമനിച്ചു വളർത്തിയ മീൻകുഞ്ഞുങ്ങളെ കടലുണ്ടിപ്പുഴയിലേക്കു ഒഴുക്കിവിടാനും കഴിയുന്ന ലോലമായ മനസ്സിന്റെ ഉടമയുമായിരുന്നു തങ്ങൾ.

ഒരുനാൾ കൊടപ്പനയക്കലെ പനകളിലൊന്നിൽ വവ്വാലുകൾ കശപിശകൂട്ടുന്നു. ആ വഴിവന്ന ലീഗ് നേതാവ്, പി.സീതിഹാജി പന മുറിച്ചുമാറ്റാൻ തീരുമാനിച്ചു.

ശിഹാബ് തങ്ങൾ തടഞ്ഞു : അവരും ജീവികളാണ്. ഞാനുണ്ടാകുന്നതിനു മുമ്പെ കൂട്വച്ചവരാണ്. അവരുടെ വീട് തകർക്കരുത്.

അദ്ദേഹം പാൽകൊടുത്താൽ മാത്രം കുടിക്കുന്ന കുരങ്ങൻപോലും ശിഹാബ്തങ്ങളുടെ വീട്ടിലുണ്ടായിരുന്നുവെന്നു വനിതാലീഗ് സംസ്ഥാന പ്രസിഡന്റ് ഖമറുന്നിസാ അൻവർ രേഖപ്പെടുത്തുകയുണ്ടായി. (ശിഹാബ് തങ്ങൾ സ്മരണിക).അമേരിക്കയിൽ മേയോക്ലിനിക്കിൽ വിദഗ്ദ ചികിത്സക്കു പോയ കാലത്തും ജനൽ പാളികൾക്ക് പുറത്ത് മഞ്ഞ് പെയ്യുന്നത് നോക്കിയിരിക്കലായിരുന്നു നേരംപോക്ക് എന്ന് മകൻ മുനവറലി പറയാറുണ്ടായിരുന്നു.

ബർമീസ് പര്യടന വേളയിൽ കള്ളിമുണ്ടുടുത്ത് വനം പ്രദേശങ്ങൾ ചുറ്റി സഞ്ചരിക്കുന്ന ശിഹാബ് തങ്ങളുടെ പടം അദ്ദേഹത്തിന്റെ ആൽബത്തിൽ കണ്ടത് ഓർക്കുന്നു. പ്രകൃതിയെ ആഴ്ന്നിറങ്ങി സ്നേഹിക്കുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്.

പൂക്കളെയും ചെടികളെയും സ്നേഹിക്കുന്ന ശിഹാബ് നീലക്കുറിഞ്ഞി പൂക്കളുടെ സൗന്ദര്യമാസ്വദിക്കാൻ നാഴികകൾ താണ്ടിചെന്ന കഥ

യുണ്ട്. വീട്ടിന്റെ അകത്തളത്തിലെ മത്സ്യക്കുഞ്ഞുങ്ങൾക്കെന്നപോലെ വയനാടൻ യാത്രകളിൽ കാണുന്ന കുരങ്ങന്മാർക്കും കാർ നിർത്തി തീറ്റ കൊടുക്കുന്ന വ്യത്യസ്തനായ നേതാവായിരുന്നു അദ്ദേഹം.

വിശാഖപട്ടണത്ത് ഒരു യാത്രാവേളയിൽ കൊമ്പുകൾ വളഞ്ഞ് അസാധാരണ ശരീര ഘടനയോട് കൂടിയ ഒരാടിനെ കണ്ടപ്പോൾ അവിടെ നടന്നുചെന്നു ആടിനെ തലോടി ഏറെ സമയം ചെലവഴിച്ച അനുഭവം അബ്ദുസ്സമദ് സമദാനി ഓർക്കുകയുണ്ടായി. (ശിഹാബ് തങ്ങൾ സ്മരണിക)

യാത്രകളിൽ ക്യാമറകരുതി പടം എടുക്കുന്നതിലും സംഗീതം ആസ്വദിക്കുന്നതിലും കമ്പമായിരുന്നു. മൊബൈൽ ഫോണും ഡിജിറ്റൽ ഡയറിയും, ലാപ്ടോപ്പും കൈകാര്യം ചെയ്യുന്നതിലും അത്രതന്നെ താൽപര്യം. ഊരകം മലകയറുന്നതിലായാലും കോട്ടക്കുന്നിൽ സായാന്തന നിമിഷങ്ങൾ ചെലവഴിക്കുന്നതിലായാലും മലപ്പുറത്തെ തൂക്കുപാലങ്ങളിൽ നിന്നു സൗന്ദര്യമാസ്വദിക്കുന്നതിലായാലും സമയം കണ്ടെത്തിയിരുന്നു, അദ്ദേഹം.

ഈ സൗന്ദര്യബോധം വൃക്ഷലതാദികളിലും പക്ഷി മൃഗാദികളിലും ആയി ഒതുങ്ങിനിന്നിരുന്നില്ല.സ്കൂളിൽ പഠിക്കുന്ന കാലത്ത് സ്വന്തമായി ബാറ്റുവാങ്ങി നന്നായി ബാഡ്മിന്റൺ കളിക്കുമായിരുന്ന ശിഹാബിനു കളികളോടും സ്നേഹമായിരുന്നു. ലോകബോക്സിങ്ങ് ചാംപ്യൻ മുഹമ്മദലിയുമായും, ഇന്ത്യൻ ക്രിക്കറ്റ് ക്യാപ്റ്റൻ മുഹമ്മദ് അസറുദ്ദീനുമായുമൊക്കെയുള്ള കൂടിക്കാഴ്ചകൾ അതിന്റെ ശരിയായ നിദർശനവുമായി.

അദ്ദേഹത്തിന്റെ സംഗീതാസ്വാദനത്തിന്റെ പ്രതിഫലനമായിരുന്നു, രണ്ടുമക്കൾക്കും പേരിട്ടതിലും കാണപ്പെട്ടത്. സമീറയും ഫൈറൂസയും ഈജിപ്തിലെ ജനകീയ ഗായികമാരായിരുന്നു. സ്വകാര്യയാത്രകളിൽ ചിലപ്പോഴൊക്കെ ഗസൽ പാടാൻ ശിഹാബ് തങ്ങൾ തന്നോട് പറയാറുണ്ടായിരുന്നുവെന്നു മന്ത്രി ഡോ. എം.കെ. മുനീർ ഒരനുസ്മരണ ലേഖനത്തിൽ പരാമർശിക്കയുണ്ടായി.

തിരക്കിനിടയിലും മൂന്നു കൃതികൾ ശിഹാബ് തങ്ങളുടേതായി പുറത്തുവന്നിട്ടുണ്ട്. മതം, സമൂഹം, സംസ്കാരം എന്ന കൃതിക്കുള്ള എസ്. കെ. പൊറ്റെക്കാട്ട് പുരസ്കാരം കോഴിക്കോട്ട് നടന്ന ചടങ്ങിൽ കേന്ദ്ര മന്ത്രി എ.കെ. ആന്റണിയാണ് സമ്മാനിച്ചത്.

മാതൃഭാഷക്കു പുറമെ ഇംഗ്ലീഷ്, അറബി, ഉർദു, ഹിന്ദി, തമിഴ് ഭാഷകളിലും അറിവ് നേടിയ അദ്ദേഹം ബഹുഭാഷാ പണ്ഡിതനായി നടിച്ചില്ലെന്നേയുള്ളു. വായിച്ചും കണ്ടും കേട്ടും അദ്ദേഹം ചരിത്രം പഠിച്ചു. നിരന്തരമായ അന്വേഷണങ്ങളിലൂടെ വിവിധ സംസ്കാരങ്ങളെക്കുറിച്ചും വിജ്ഞാനം നേടി. സൗകര്യം കിട്ടുമ്പോഴൊക്കെയും പ്രത്യേകിച്ച് വിദ്യാർഥി ജീവിതകാലത്ത് ലേഖനങ്ങളെഴുതുകയും ചെയ്തു.

ഈജിപ്തിൽ പഠിച്ചുകൊണ്ടിരിക്കേ, കഥകളും കവിതകളും എഴു

തുമായിരുന്ന ശിഹാബ് തങ്ങൾ, നല്ല ഒരു വായനക്കാരനുമായിരുന്നു. രാഷ്ട്രീയത്തിൽ സജീവമാകുന്നതിനു മുമ്പ് വീട്ടിന്റെ ഒന്നാം നിലയിൽ ഒരു വലിയ പുസ്തക ശേഖരവും സംഭരിച്ചു വെച്ചു.

നോബൽ സമ്മാനം നേടിയ അറബികവി നജീബ് മഹഫൂസുമായി പരിചയപ്പെടുകയും, ഈജ്പ്തിലെ വൈക്കം മുഹമ്മദ് ബഷീർ എന്നു വിലയിരുത്തപ്പെട്ട മഹമൂദുൽ അഖാദിന്റെ വീട്ടിലെ വെള്ളിയാഴ്ച സദസുകളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു.

ജ്ഞാനപീഠം ജേതാവായ എം.ടി.വാസുദേസവൻ നായരെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഗ്രാമമായ കൂടല്ലൂരിനെക്കുറിച്ച്പോലും തിരക്കുന്നതും ജമാഅത്തെ ഇസ്ലാമി നേതാവായ ശൈഖ് മുഹമ്മദ് കാരകുന്നിനെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ പുസ്തകം, മലേഷ്യയിലെ ഇസ്ലാമിക് യൂണിവേഴ്സിറ്റിയിൽ കണ്ടതിനെക്കുറിച്ച് ശ്രദ്ധയിൽ പെടുത്തുന്നതും ആ സാഹിത്യാഭിരുചിയുടെ നിദർശനമാണ് ●



ശിഹാബ് തങ്ങൾ. ഇബ്രാഹീം സുലൈമാൻ സേട്ട്, സി.എച്ച്. മുഹമ്മദ്കോയ എന്നിവരോടൊപ്പം കോഴിക്കോട്ട് സംസാഥാന മുസാലിംലീഗ് സമ്മേളന നഗരിയിലേക്ക്

പിണക്കവും ഇണക്കവും

മലബാറിന്റെ ചരിത്രത്തിൽ അവിസ്മരണീയമായ അധ്യായങ്ങൾ ഏറെ തുന്നിച്ചേർത്ത ശേഷം കടന്നുപോയ പി.പി. ഹസൻകോയ (1917 –1988) എല്ലാ അർഥത്തിലും ബി.വി. അബ്ദുല്ലക്കോയയുടെ സതീർഥ്യ നായിരുന്നു. ഫ്രണ്ട്, ഫിലോസഫർ, ഗൈഡ് എന്നൊക്കെ വിശേഷിപ്പി ക്കാവുന്ന തരത്തിലുള്ള പാരസ്പര്യം. അത് ഇരുവരുടെയും വളർച്ച യിൽ കാര്യമായ പങ്ക് വഹിക്കുകയും ചെയ്തു.

രാഷ്ട്രീയം, വിദ്യാഭ്യാസം, സാമൂഹികം, വാണിജ്യം, വ്യാവസാ യികം തുടങ്ങി താൻ കൈവച്ച മേഖലകളിലെല്ലാം വ്യക്തിമുദ്ര അർപ്പിച്ചാണ്, പുതിയ പൊന്മാണിച്ചിന്റകത്ത് ഹസൻകോയ 71-ാം വയ സിൽ കഥാവശേഷനായത്.

കുറ്റിച്ചിറയിൽ തെക്കുംതലയും ഹലുവാബസാറും കിന്നാരം പറ യുന്ന കോയപ്പറമ്പിന് കിഴക്ക്, തല ഉയർത്തിനിൽക്കുന്ന തറവാട്ടിലാണ് ഹസൻകോയയുടെ ജനനം. കോഴിക്കോട്ടെ വ്യാപാര പ്രമുഖനും മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിൽ അംഗവുമായ ഖാൻ സാഹിബ് കിൽസിങ്ങാന്റ കത്ത് കുഞ്ഞഹമദ് കോയയാണ് പിതാവ്. വർത്തക പ്രമാണിയും പൊതു കാര്യപ്രസക്തനുമായ ചാലിയം സ്വദേശി കൊളമ്പ് ഉമ്പിച്ചി എന്നറിയ പ്പെടുന്ന പി.ബി. ഇമ്പിച്ചി ഹാജിയുടെ മകൾ ആയിശബി എന്ന ബീതാ ത്തയാണ് മാതാവ്. ഇന്ത്യൻ വ്യാപാരചക്രവർത്തിയായി വിശേഷിപ്പി ക്കപ്പെട്ട ഇമ്പിച്ചി ഹാജിയെ വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ കൊളംബോയിലെ ആട്ടുപെട്ടി തെരുവിൽ അദ്ദേഹം തന്നെ പണി കഴി പ്പിച്ച ജുമുഅത്ത് പള്ളിയുടെ അങ്കണത്തിലാണ് കബറടക്കിയത്.

കുഞ്ഞഹമദ്കോയ - ബീതാത്ത ദമ്പതികൾക്ക് നാലുമക്കൾ. അതിൽ ഏക ആൺതരിയായിരുന്നു ഹസൻകോയ.

കോഴിക്കോട്ടും മദ്രാസിലുമായി വിദ്യാഭ്യാസം നിർവഹിച്ച് നിയമ ബിരുദമെടുത്ത പി.പി. അഭിഭാഷകനായി എൻറോൾ ചെയ്തെങ്കിലും ബിസിനസ് രംഗത്തേക്കു തിരിയുകയാണുണ്ടായത്. പ്രമുഖ വ്യാപാരിയായ കെ.എം. അസ്സൻകോയ ഹാജിയുടെ മകൾ മാളിയേക്കൽ

ഇമ്പിച്ചിബി ആയിരുന്നു ഭാര്യ. അവർക്കു നാലു പുത്രന്മാരുൾപ്പെടെ എഴു മക്കൾ.

കോഴിക്കോട് നഗരസഭാ കൗൺസിലർ, ടൗൺമുസ്‌ലിം ലീഗ് സെക്രട്ടറി, അവിഭക്ത മദ്രാസ് നിയമസഭയിൽ എം.എൽ.എ., റോട്ടറി ഡിസ്ട്രിക്ട് ഗവർണർ, ഫാറൂഖ് കോളേജ് സ്ഥാപകാംഗം, മദ്രാസിലും കേരളത്തിലും യൂണിവേഴ്സിറ്റി സിന്ഡിക്കേറ്റംഗം, മലബാർ ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ച അദ്ദേഹം സിലോൺ ഹൗസ് വ്യവസായ സ്ഥാപനങ്ങളുടെയും പി.പി. അസോസിയേറ്റ്സ് വാണിജ്യ ശൃംഖലയുടെയും സ്ഥാപക ചെയർമാനുമായിരുന്നു. പല വ്യവ സായ-വാണിജ്യ സ്ഥാപനങ്ങളിൽ ഡയറക്ടർ സ്ഥാനവും വഹിച്ചു. സ്ഥിര മായി മദ്രാസിൽ സുഹൃത്തുക്കളെയും കൂട്ടി ടെസ്റ്റ് കാണാൻ പോയി രുന്ന ക്രിക്കറ്റ് കമ്പക്കാരനായ അദ്ദേഹം, കോഴിക്കോട് ഹൽവാബസാറിലെ തന്റെ തറവാട് പറമ്പിൽ ലക്ഷണമൊത്ത ഒരു കോർട്ട് നിർമിച്ച് ടെന്നീസ് കളിക്കുകയും കളിപ്പിക്കുകയും ചെയ്തു. മദ്രാസിൽ ശ്രീനിവാസ ശാസ്ത്രി മെമ്മോറിയൽ സ്വർണമെഡൽ കരസ്ഥമാക്കിയ പ്രഗത്ഭനായ ഇംഗ്ലീഷ് പ്രാസംഗികനുമായിരുന്നു, നാനാജാതി മതസ്ഥരുൾപ്പെട്ട ഒരു വലിയ സൗഹൃദവലയത്തിന്റെ ഉടമയായ പി..പി.

പി.പി.യും ബി.വി.യും തമ്മിലുള്ള സ്നേഹബന്ധം വിദ്യാർഥി ജീവിതകാലം മുതൽതന്നെ ആരംഭിച്ചതായിരുന്നു. എന്നാൽ ആ സൗഹൃ ദത്തിനു പതിറ്റാണ്ടുകൾക്കു ശേഷം ഉലച്ചിൽ തട്ടി. അദ്ദേഹവുമായി 1966ൽ തെറ്റിപ്പിരിയേണ്ടിവന്നത് ബി.വി.യെ ഏറെ വേദനിപ്പിച്ച ഒരു സംഭ വമായിരുന്നു.

അവസാനകാലത്ത് ആ സൗഹൃദം വീണ്ടെടുക്കാൻ, ഇരുവരും മറക്കുകയും പൊറുക്കുകയും ചെയ്തെങ്കിലും, പന്ത്രണ്ടാം വയസിൽ തുടങ്ങിയ സ്നേഹബന്ധം കോഴിക്കോട് ടൗൺഹാളിൽ താൻ നടത്തിയ ഒരു രാഷ്ട്രീയ പ്രസംഗം തെറ്റിദ്ധരിച്ചാണ് പി.പി. മുറിച്ചു കളഞ്ഞെ തെന്നറിഞ്ഞപ്പോൾ അത് ബി.വി.യ്ക്ക് തീരാദുഃഖമായി.

പി.പി. ഹസൻകോയ സ്മാരക ഗ്രന്ഥത്തിൽ ബി.വി. എഴുതി: ഒന്നിച്ചു കളിച്ച്, ഒന്നിച്ച് പഠിച്ച്, ഒന്നിച്ച് ചിന്തിച്ച്, ഒന്നിച്ചു വ്യാപാര-വ്യവ സായങ്ങളിലേർപ്പെട്ട ബന്ധമായിരുന്നു, ഞങ്ങളുടേത്. സമൂഹത്തിനും സമുദായത്തിനും അദ്ദേഹം ചെയ്ത സേവനങ്ങളിൽ സഹപ്രവർത്തക നാകാൻ പലപ്പോഴും എനിക്കു സാധിച്ചു. അതോടൊപ്പം എന്റെ ജീവി തത്തിലെ പല നേട്ടങ്ങൾക്കും കാരണക്കാരൻ ഹസൻകോയയായിരുന്നു.

ഹിമായത്തുൽ ഇസ്‌ലാം സ്കൂളിൽ അവർ ഒന്നിച്ചാണ് പഠിച്ച ത്. പിന്നീട് അബ്ദുല്ലക്കോയ ആലപ്പുഴയിലും ഹസൻകോയ കോഴി ക്കോട് തന്നെ സെന്റ് ജോസഫ്സ് ബോയ്സ് ഹൈസ്കൂളിലും പഠനം

തുടർന്നു. തുടർന്നു ഹസൻകോയ മലബാർ ക്രിസ്ത്യൻ കോളേജിലും അബ്ദുല്ലക്കോയ സാമൂതിരി കോളേജിലും ഇന്റർമീഡിയറ്റ് ക്ലാസിൽ ചേർന്നു. ഡിഗ്രിയ്ക്കു പഠനം തുടരാൻ മദ്രാസിൽ ക്രിസ്ത്യൻ കോളേജിലേക്കു പോയ പി.പി. നിർബന്ധിച്ചത് കൊണ്ടാണ് പിതാവ് തന്നെയും മദ്രാസിലേക്കയച്ചതെന്ന് ബി.വി. അനുസ്മരിക്കുകയുണ്ടായി.

മദ്രാസിലെ പഠന കാലത്ത് മുഹമ്മദൻ കോളേജ് വിദ്യാർഥി ആയിരുന്ന അബ്ദുല്ലക്കോയ, ആഴ്ചയിൽ ഒരു ദിവസമെങ്കിലും മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ഹോസ്റ്റലിൽ ഹസൻകോയയെ സന്ദർശിക്കാനെത്താറുണ്ടായിരുന്നെന്നു, പിൽക്കാലത്ത് ഓറിയന്റ് ലോങ്ങ്മെൻസ് മാനേജരായിരുന്ന വി.അബ്ദുല്ല(ലീഗ്നേതാവ്ബി.പോക്കർ സാഹിബിന്റെ മകൻ) അനുസ്മരിക്കുകയുണ്ടായി. 1958ൽ മദ്രാസിൽ ഹസൻകോയ ഒരു ശസ്ത്രക്രിയക്കു വിധേയനായപ്പോൾ താനും ബി.വി.യും ഉടനീളം ഒപ്പമുണ്ടായിരുന്നതായി കോഴിക്കോട്ടെ വ്യവസായ പ്രമുഖനായ എസ്.എ. ജിഫ്റിയും ഓർമിക്കുകയുണ്ടായി.

ബി.വി.തുടരുന്നു: വിദ്യാഭ്യാസം കഴിഞ്ഞു തിരിച്ചു വന്നതിനു ശേഷംസാമൂഹ്യ, സാംസ്കാരിക, സമുദായരംഗങ്ങളിൽ പ്രവർത്തനം തുടങ്ങിയ കാലത്ത്, ഞാനദ്ദേഹത്തിന്റെ സന്തതസഹചാരിയായിരുന്നു. ജോലിസംബന്ധമായി ഞാൻ ബോംബെയിലായിരുന്നപ്പോൾ എഴുത്തുകളിലൂടെ ബന്ധം തുടർന്നു. 1941ൽ അദ്ദേഹം എനിക്കയച്ച കത്തിൽ, യുദ്ധകാലമായതിനാൽ, കുടുംബസമേതം ബോംബെയിൽ കഴിയുന്നതിന്റെ വിഷമങ്ങൾ സൂചിപ്പിച്ചു. നാട്ടിൽ വന്നു ബിസിനസിൽ ഏർപ്പെടണമെന്ന ഉപദേശിക്കുകയുമുണ്ടായി. അതനുസരിച്ച് ഞാൻ 1944ൽ കോഴിക്കോട്ടേക്കു തിരിച്ചുവന്നു. അദ്ദേഹമെന്നെ ബിസിനസ്സിൽ പങ്കാളിയാക്കുകയും ചെയ്തു.

1946ൽ മുസ്ലിംലീഗ് സ്ഥാനാർഥിയായി കുറുമ്പ്രനാട് റൂറൽ മണ്ഡലത്തിന്റെ എതിരാളിയുടെ കെട്ടിവെച്ച പണം നഷ്ടപ്പെടുത്തി, ഹസൻകോയ മദ്രാസ് അസംബ്ലിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടപ്പോൾ, വടകര മേഖലയുടെ ചുക്കാൻ പിടിച്ചത് 32 കാരനായ ബി.വിയായിരുന്നു. ഒരു മാസത്തോളം വടകരയിൽ ചെറിയ മുക്കോലക്കൽ വീട്ടിലായിരുന്നു ബീ. വി.യുടെ താമസം.

മദ്രാസ് യുണിവേഴ്സിറ്റി സെനറ്റംഗമായിരുന്ന പി.പി. കേരളത്തിലെ ഏക സർവകലാശാലയുടെ സിൻഡിക്കേറ്റംഗമായി തിരഞ്ഞെടുപ്പിനു നിന്നപ്പോൾ, വോട്ടവകാശമുള്ള പ്രിൻസിപ്പൽമാരെ തേടി കേരളം മുഴുവനും സഞ്ചരിച്ചത്, പി.പി.യും താനും, ബി.വി.യുമായിരുന്നെന്നു ഫാറൂഖ് കോളേജ് പ്രിൻസിപ്പലായിരുന്ന പ്രഫ. കെ.എ.ജലീൽ അനുസ്മരിക്കുകയുണ്ടായി. (ബീ.വി. സ്മരണിക)

അഞ്ചുവർഷം കോഴിക്കോട് ടൗൺലീഗ് കമ്മിറ്റി സെക്രട്ടറിയായിരിക്കെ, മദ്രാസ് നിയമസഭയിൽ അംഗമായിരുന്ന ഹസൻകോയ, ഫാറൂഖ് കോളേജിന്റെയും അനുബന്ധസ്ഥാപനങ്ങളുടെയും സ്ഥാപക നേതാക്കളിൽ പ്രമുഖനായിരുന്നു. മൂന്നുതവണ മലബാർ ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് സ്ഥാനവും രണ്ടു തവണ റോട്ടറി ഗവർണർ പദവിയും അലങ്കരിച്ച അദ്ദേഹം ജാതിമതചിന്തകൾക്കതീതമായി പ്രവർത്തിച്ചു കൊണ്ടിരുന്ന പ്രമുഖനായിരുന്നു. ഹൈദരാബാദ് ആക്ഷൻ കാലത്ത് ലീഗിൽ നിന്നു രാജിവെച്ചെങ്കിലും ഒരു അരാഷ്ട്രീയക്കാരനാവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നില്ല.

പിൽക്കാലത്ത് കോൺഗ്രസ് രാഷ്ട്രീയത്തിൽ തല്പരനായി കയറിവന്നത് അങ്ങനെയാണ്. അപ്പോഴും അധികാരമോഹം പി.പി.യുടെ നാലയലത്തു പോലും എത്തിയിരുന്നില്ല. അതേസമയം താൻ സ്വീകരിക്കുന്ന നിലപാട് വിജയിക്കണമെന്ന വാശിക്കാരനായിരുന്നു അദ്ദേഹം.

പഴയകാലത്ത് മിക്കവാറും വെള്ളിയാഴ്ചകളിൽ അവർ ഒന്നിച്ചാണ് ജുമുഅ പ്രാർഥനയ്ക്കു പോയിക്കൊണ്ടിരുന്നത്. അവരും രണ്ടു മൂന്നു സുഹൃത്തുക്കളും ബി.വി.യുടെ വീട്ടിലോ പി.പി.യുടെ വസതിയിലോ ആണ്, സമൂഹ പ്രാർഥനയ്ക്കു ശേഷം ഭക്ഷണം കഴിക്കാറും, വിശ്രമിക്കാറും. മാസത്തിലൊരിക്കൽ വിനോദയാത്രപോകാനും, മിക്കദിവസങ്ങളിലും രാവിലെ പി.പി.യുടെ വീട്ടിൽ തയാറാക്കിയ കോർട്ടിൽ ടെന്നീസ് കളിക്കാനും അവർ സമയം കണ്ടെത്തുമായിരുന്നു.

ബി.വി.തന്റെ ഏകമകൾക്കു നൽകിയ നഫീസ എന്ന പേരാണ് അത് കഴിഞ്ഞ് ഒമ്പത് വർഷങ്ങൾക്കു ശേഷം പിറന്ന തന്റെ രണ്ടാമത്തെ മകൾക്ക് പി.പി.യും ഇട്ടത്. പി.പി. തന്റെ രണ്ടാമത്തെ മകനു അബു എന്ന് പേരിട്ടതും, എട്ടുവർഷം മുമ്പ് ബി.വി. തന്റെ മൂത്ത മകനിട്ട പേര് തന്നെ.

എല്ലാ നന്മകൾക്കിടയിലും, പക്ഷെ, പി.പി. വാശിക്കാരനായിരുന്നു. രാഷ്ട്രപിതാവായ മഹാത്മജിയുടെ പടത്തിനൊപ്പം കാറൽ മാർക്സിന്റെയും എബ്രഹാം ലിങ്കന്റെയും വിൻസ്റ്റൺ ചർച്ചിലിന്റെയും ഇംഗ്ലീഷ് മഹാകവി വില്യം ഷേക്സ്പിയറുടെയും ഒക്കെ പടങ്ങൾ തന്റെ കിടപ്പുമുറിയിൽ അലങ്കരിച്ചു വെക്കുമ്പോൾ തന്നെ, ഏത് രംഗത്തും രാഷ്ട്രീയം കളിക്കാനും അദ്ദേഹം മറക്കാറില്ല.

ക്ലബ് ഇലക്ഷനിലായാലും, റോട്ടറി ഗവർണർ തിരഞ്ഞെടുപ്പിലായാലും വൈസ് ചാൻസലർ നിയമനത്തിലായാലും ഒക്കെ തനിക്കൊരഭിപ്രായമുണ്ടെന്നു ബന്ധപ്പെട്ട എല്ലാവരെയും അറിയിക്കുകയും, അവർക്കുവേണ്ടി പ്രയത്നിക്കുകയും ചെയ്യുക എന്നത് പി.പി.യ്ക്കു ഒരു ശീലമായിരുന്നു. വിജയം കൈപിടിയിലാക്കാൻ ഏതറ്റംവരെ

പോവാനും അദ്ദേഹം മടിക്കാറില്ല. അതിനു തന്റെ തന്നെ സമയവും പണവും ചെലവാക്കുന്നത് തന്നെയായിരുന്നു അദ്ദേഹത്തിന്റെ ഹോബി. എവിടെയും തന്റെ ഒരു സ്ഥാനാർഥി വേണമെന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി.

ആ വാശിയുടെ പേരിൽ ഒട്ടേറെ സുഹൃത്തുക്കളെ അദ്ദേഹം സമ്പാദിച്ചിരുന്നു. അതേസമയം, സ്വന്തം കുടുംബത്തിൽ പോലും ഏറെ പേരെ പിണക്കുകയും ചെയ്തിട്ടുണ്ട്.

വലിപ്പ ചെറുപ്പങ്ങൾ തൂക്കി നോക്കി മാത്രമെ ആരോടും ഹസൻകോയ പെരുമാറിയിരുന്നുള്ളു. എന്നാൽ തനിക്കിഷ്ടപ്പെട്ടവരെ ഏതറ്റംവരെ ചെന്നു സഹായിക്കാനും മടിച്ചിരുന്നില്ല.

ഉദാര മനസ്കതയിൽ സ്നേഹനിധിയായ തന്റെ മാതാവിനെത ന്നെയാണ് ഹസൻകോയ മാതൃകയാക്കിയത്. കൊളമ്പ് ഇമ്പിച്ചി എന്ന പേരിൽ പ്രസിദ്ധനായ പി.ബി. ഉമ്പിച്ചി ഹാജിയുടെ പുത്രിയായ ബീതാ ത്തയുടെ ഏക മകനു അത് സാധിച്ചതിൽ അത്ഭുതവുമില്ല.

തന്റെ വ്യാപാരസ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്നവരുടെ കുടുംബകാര്യങ്ങളിൽപോലും താലപര്യമെടുത്ത ആളായിരുന്നു അദ്ദേ ഹം. വിവാഹവേളകളിൽ സാമ്പത്തിക സഹായം നൽകിയും വീട് വയ്ക്കാനുള്ള ശ്രമങ്ങളെ കയ്യയച്ചു സഹായിച്ചും അദ്ദേഹം മാതൃകാപ രമായ നിലപാട് കാട്ടി. 1946 മുതൽ 51 വരെ മദ്രാസ് നിയമസഭയിൽ അംഗമായിരുന്ന വകയിൽ ലഭിച്ച പെൻഷൻ പോലും വർഷത്തിലൊരി ക്കൽ എഴുതിവാങ്ങി ദാനധർമങ്ങൾക്കു വിനിയോഗിക്കുകയായിരുന്നു.

എന്നാൽ പലപ്പോഴും ആശ്രിത വത്സലരായി തന്റെ ചുറ്റും കൂടു ന്നവരുടെ ഭംഗിവാക്കുകളിൽ അദ്ദേഹം വീണുപോവാറുണ്ട്. അവരുമാ യുള്ള സൗഹൃദം വളർന്നു കഴിഞ്ഞാലാകട്ടെ അവർ വന്നു പറയുന്നത് വേദവാക്യമായി എടുക്കുന്ന രീതിയും അദ്ദേഹത്തിനുണ്ടായിരുന്നു.

അങ്ങനെയൊരു ദുർബല നിമിഷത്തിലാണ് തന്റെ ചിരകാല സുഹൃത്തായ അബ്ദുല്ലക്കോയയുമായി അദ്ദേഹം തെറ്റിപ്പിരിഞ്ഞത്.

തന്നെ മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിൽ വരെ എത്തിച്ച മുസ്ലിം ലീഗ് പാർട്ടിയിൽ നിന്നു രാജിവെച്ച അരാഷ്ട്രീയക്കാരനായി നടന്ന ഹസൻകോയ, ഒരു സുപ്രഭാതത്തിൽ ലീഗിനെതിരെ മാതൃഭൂമി പത്രത്തിൽ ലേഖന പരമ്പരയുമായി പ്രത്യക്ഷപ്പെട്ടതായിരുന്നു, സംഭവത്തിനുതുട ക്കമായത്.

മുസ്ലിം ലീഗണികൾക്ക് ഹാലിളകി. അവർ കോഴിക്കോട് ടൗൺഹാളിൽ ഒരു പ്രതിഷേധ കൺവൻഷൻ വിളിച്ചു കൂട്ടി. ടൗൺ ലീഗ് കമ്മിറ്റി പ്രസിഡന്റ് എന്ന നിലയിൽ ബി.വി. മറുപടി പറയാൻ ബാധ്യസ്ഥനായി. വാതിലടച്ചുപൂട്ടി നടന്ന കൺവൻഷനിൽ ബി.വി.

നടത്തിയ പ്രസംഗം പൊടിപ്പും തൊങ്ങലും വെച്ചു ചിലർ പി.പി.യെ അറിയിച്ചപ്പോൾ, അദ്ദേഹം മുൻപിൻ നോക്കാതെ എടുത്തു ചാടുകയായിരുന്നു- ബി.വി.യിൽ നിന്നു ഒരു വിശദീകരണം ചോദിക്കാൻ പോലും തുനിയാതെ.

അക്ഷരാർഥത്തിൽ തൊഴിൽ രഹിതനായ ബി.വി.ക്കു അറിയാവുന്ന ഒരേ ഒരു തൊഴിൽ മേഖല, കൈത്തറി ഉല്പന്ന നിർമ്മാണമായിരുന്നു. ബി.വി.യോട് സഹതപിച്ച ഉദാരമതികളായ ചിലർ സഹായഹസ്തം നീട്ടിയപ്പോൾ ബി.വി. പള്ളിക്കണ്ടിയിൽ മിനർവാ ടെക്സ്റ്റയിൽസ് ആരംഭിച്ചെങ്കിലും, രാഷ്ട്രീയച്ചുമതലകൾ വർധിച്ച സാഹചര്യത്തിൽ അതുമായി ഏറെ മുന്നേറാൻ സാധിച്ചില്ല. കമ്പനിയിൽ തൊഴിൽ സമരങ്ങൾ അരങ്ങേറി. കമ്പനി വികസനത്തിനായി നല്ലളത്ത് വാങ്ങിയ ഒരേക്കർ ഭൂമി വിറ്റു കിട്ടിയ കാശ് കൊണ്ട് തൊഴിലാളി ബാധ്യത തീർത്താണ് ബി.വി. കരകയറിയത്.

എന്നാൽ ഹസൻകോയ, തന്നെ ആകർഷിച്ച കോൺഗ്രസ് രാഷ്ട്രീയത്തിൽ ഉറച്ചു നിന്നില്ല. മുസ്ലിംലീഗിൽ നിന്നു ഒരു വിഭാഗം തെറ്റിപ്പിരിഞ്ഞപ്പോൾ, മധ്യസ്ഥനായിപ്പോലും അദ്ദേഹം രംഗപ്രവേശം ചെയ്തു.

സംഗതികൾ അവിടെയും അവസാനിച്ചില്ല. ബന്ധുക്കൾ ഇടപെട്ടിട്ട് പോലും വഴങ്ങാതിരുന്ന അദ്ദേഹം, പഴയ സൗഹൃദബന്ധങ്ങൾ കൂട്ടിയുറപ്പിക്കുന്നതിനു ശ്രമങ്ങൾ തുടങ്ങി. ചില കുടുംബ സുഹൃത്തുക്കളുടെ ഇടപെടലുകൾ കൂടിയായതോടെ അതിനു ആക്കം കൂടി.

1968ൽ എം.പി.എം. അഹമദ് കുരിക്കൾ മരണപ്പെട്ടപ്പോൾ പകരം ആര് എന്ന ചോദ്യം ഉയർന്നു. തന്റെ പ്രിയ സുഹൃത്തിനോട് താൻ എന്തോ തെറ്റ് ചെയ്തുപോയി എന്ന ദുഃഖം ഹസൻകോയയുടെ മനസ്സിനെ അലട്ടുന്നതായി തോന്നി.

അദ്ദേഹം ലീഗിന്റെ നേതൃനിരയിലുള്ളവരുമായി ബന്ധപ്പെട്ട് അബ്ദുല്ലക്കോയയെ മന്ത്രി ആക്കണമെന്നഭ്യർതിച്ചു.

താനില്ല എന്നുപറഞ്ഞു അബ്ദുല്ലക്കോയ മാറി നിൽക്കുന്നത് കണ്ടപ്പോൾ, അത് കുടുംബത്തിൽ നിന്നുള്ള എതിർപ്പ് കാരണമായിരിക്കുമെന്നു ഹസൻകോയ തെറ്റിദ്ധരിച്ചു. അബ്ദുല്ലക്കോയയുടെ മക്കളെ കാറയച്ചു വീട്ടിലേക്കു വരുത്തി, ഹസൻകോയ തന്റെ ഇംഗിതമറിയിച്ചു. അസംബ്ലിയിലേക്കു ഒരു ഉപതെരഞ്ഞെടുപ്പു വരുമ്പോൾ അതിന്റെ സാമ്പത്തിക ബാധ്യത അപ്പാടെ ഏറ്റെടുക്കാൻ താൻ സന്നദ്ധനാണെന്നും അബ്ദുല്ലക്കോയയുടെ മകനെ പി.പി. അറിയിക്കുകയുണ്ടായി.

ഇരുവരും വീണ്ടും ഒന്നിക്കുന്നതിന്റെ ലക്ഷണങ്ങൾ കണ്ടുകൊണ്ടിരിക്കേ ആയിരുന്നു, ഹസൻകോയ സാവധാനം ഒരു മാറാരോഗത്തിന്റെ പിടിയിലമർന്നുപോയത്.

മദ്രാസിലെ വിജയാ ഹെൽത്ത് സെന്ററിൽ തന്റെ പഴയകാല സുഹൃത്തായ ഡോ. കെ. എം ചെറിയാന്റെ ചികിത്സയുമായി കഴിയവേ, ബി.വി. പലതവണ അദ്ദേഹത്തെ ചെന്നു കണ്ടു. ആ നിലയിൽ, ആരും തന്നെ വന്നു കാണേണ്ടതില്ല എന്നു ശഠിച്ചപ്പോഴും ബി.വി.യുടെ സന്ദർശനത്തെ അദ്ദേഹം ആഗ്രഹിച്ചു. വർഷങ്ങൾക്കു മുമ്പ് മദ്രാസിൽ തന്നെ പി.പി. ഒരു ശസ്ത്രക്രിയക്കു വിധേയനായപ്പോഴും ബി.വി. ഒപ്പമുണ്ടായിരുന്നല്ലോ എന്ന ഓർമകളോടെ.

അസുഖം കൂടുതലായി തിരിച്ചു കോഴിക്കോട്ടുവന്നപ്പോഴും തന്നെ വന്നു കണ്ട് സഹതാപമറിയിക്കുന്ന സന്ദർശകരിൽ നിന്നു പി.പി. അകലം പാലിച്ചു. ഒടുവിൽ 1988 ഒക്ടോബർ അഞ്ചിനു അദ്ദേഹം 71-ാം വയസിൽ എന്നെന്നേക്കുമായി ഈ ലോകത്ത് നിന്നു യാത്രയായി.

വിലാപയാത്രയിലും കണ്ണംമ്പറമ്പ് ശ്മശാനത്തിലെ കബറടക്ക ചടങ്ങിലും ജീവിതത്തിന്റെ നാനാതുറകളിലുള്ള ഒരുപാട് പേർ പങ്കെടുത്തു. പൗരാവലിയുടെ സർവകക്ഷി അനുശോചനയോഗത്തിൽ ആധ്യക്ഷം വഹിച്ച ബി.വി. അനുശോചന പ്രമേയം അവതരിപ്പിക്കാനുള്ള ചുമതല ഗദ്ഗദകണ്ഠനായി കോൺഗ്രസ് നേതാവായ മുൻ മന്ത്രി പി. പി. ഉമ്മർകോയയെ ഏൽപ്പിക്കുകയായിരുന്നു ●



ഉറ്റസുഹൃത്ത് പി.പി ഹസ്സൻകോയയോടൊപ്പം

ജീവിതരേഖ

ബംഗാളവീട്ടിൽ അബ്ദുല്ലക്കോയ
ജനനം 1914 ഡിസംബർ 20
പിതാവ് കോഴിക്കോട് കുറ്റിച്ചിറ
സൂപ്പിക്കാ വീട്ടിൽ അബൂബക്കർഹാജി(മരണം1943)
മാതാവ് ഇടിയങ്ങര ബംഗാളവീട്ടിൽ ഇമ്പിച്ചിബി(മരണം 1928)
വിദ്യാഭ്യാസം കോഴിക്കോട് ഹിമായത്തുൽ ഇസ്ലാം സ്കൂൾ.
ആലപ്പുഴ എസ്.ഡി.വി ഹൈസ്കൂൾ.
കോഴിക്കോട് സാമൂതിരി കോളേജ്.
മദ്രാസ് മുഹമ്മദൻ കോളേജ്

വിവാഹം 1937 ജൂൺ 3
ഭാര്യ തലശ്ശേരി നാരങ്ങാപുറത്ത് ടി.സി മായൻഹാജിയുടെ
മകൾ കരിയാടൻറവിട കുഞ്ഞാച്ചു. മരണം 2006

ഉദ്യോഗം
ബോംബെ ടേണർ മോറിസൺ കമ്പനി എക്സിക്യൂട്ടീവ്
മുഗൾ ലൈൻസ് ഷിപ്പിംഗ് കമ്പനി എക്സിക്യൂട്ടീവ്

വ്യവസായം
കോഴിക്കോട് സിലോൺ ഹൗസ് ടെക്സ്റ്റയിൽസ്
സിലോൺ ഹൗസ് പ്രിന്റേഴ്സ്
മിനർവ ടെക്സ്റ്റൈൽസ്

പാർലമെന്റ് അംഗത്വം:
രാജ്യസഭാംഗം 1967-1999 (30 വർഷം)
120സമ്മേളനങ്ങൾ, ദേശീയ റിക്കാർഡ്

സഹോദരങ്ങൾ
ബി.വി മുഹമ്മദ് കോയ(മരണം 1999)
ബി.വി കാതിരിക്കോയ (മരണം 2009)
മുച്ചുന്തിയകത്ത് ആയിശബി
ഇടിയാണം വീട്ടിൽ അബൂബക്കർകോയ

മക്കൾ
കെ. അബൂബക്കർ
കേണൽ കെ മായൻ
കെ ഖാലിദ്
കെ അബ്ദുൽ റഷീദ്
നഫീസ (മരണം 1990)
ജാമാതാക്കൾ
സക്കീന (കുഞ്ഞ)
മെഹർ
ആയിശ
റഹ്മാ
പി.എസ് അബ്ദുല്ലക്കോയ

പദവികൾ
കാലിക്കറ്റ് സർവ്വകലാശാല സിന്റിക്കേറ്റ് അംഗം
ചെയർമാൻ സിഡ്കോ
ചെയർമാൻ കേരളഫിനാൻഷ്യൽ കോർപ്പറേഷൻ
ഡയറക്ടർ മലയാളമനോരമ
ഡയറക്ടർ ചന്ദ്രിക
സ്ഥാപക പ്രസിഡന്റ്
കേരള മുസ്ലീം കോളേജ് മാനേജ്മെന്റ് അസോസിയേഷൻ
ഭരണസമിതി അംഗം.
ഫാറൂഖ് റൗളത്തുൽ ഉലൂം അസോസിയേഷൻ
തിരൂരങ്ങാടി പി.എസ് . എം ഒ കോളേജ്
ബോഫോഴ്സ് അന്വേഷണ സമിതി അംഗം.
ദേശീയോദ്ഗ്രഥന സമിതി അംഗം.
പ്രസിഡന്റ്, കൈത്തറി ഫാക്റ്ററി ഉടമസ്ഥസംഘം.
സെക്രട്ടറി, മലബാർ ചേംബർ ഓഫ് കോമേഴ്സ്.
കോഴിക്കോട് ഒന്നാം ക്ലാസ് മജിസ്ട്രേട്ട്
കേന്ദ്ര ഹാൻഡ്ലൂം ബോർഡ് അംഗം.
കേന്ദ്ര കയർ ബോർഡ് അംഗം.
കേരള സെയിൽസ് ടാക്സ് കമ്മറ്റി വൈസ് പ്രസിഡന്റ്.
പ്രസിഡന്റ് കോഴിക്കോട് ജില്ലാ മുസ്ലീംലീഗ് റിലീഫ് കമ്മറ്റി.

രാഷ്ട്രീയം
1937 മുതൽ മുസ്ലിം ലീഗിൽ ടൗൺ കമ്മറ്റി പ്രസിഡന്റ്
ജില്ലാലീഗ് പ്രസിഡന്റ്
സ്റ്റേറ്റ് വൈസ്പ്രസിഡന്റ്
സ്റ്റേറ്റ് ജനറൽ സെക്രട്ടറി

വിദേശ പര്യടനം
സൗദി അറേബ്യ, യു.എ.ഇ
സോവിയറ്റ്യൂണിയൻ, ഇസ്രായേൽ
ലബനോൻ, സിറിയ,ഇറാഖ്
കുവൈറ്റ്, ഒമാൻ, ഖത്തർ
ബഹ്റൈൻ, ജപ്പാൻ, ശ്രീലങ്ക, മലേഷ്യ
സിംഗപ്പൂർ, ദക്ഷിണ കൊറിയ.

മരണം
1998 ജൂലായ് 15
കോഴിക്കോട് കണ്ണംപറമ്പ് ശ്മശാനത്തിൽ ഖബറടക്കം.



നേതൃസ്മൃതി
പുസ്തകനിര

1. സർ സയ്യിദ് അഹമ്മദ് ഖാൻ
2. കെ.എം. സീതിസാഹിബ്
3. സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ
4. ബി. പോക്കർ സാഹിബ്
5. കോട്ടാൽ ഉപ്പി സാഹിബ്
6. കെ.കെ അബുസാഹിബ്
7. മൗലാനാ അബ്ദുസ്സുബാഹ് അഹമ്മദലി
8. ഒ.അബു
9. ടി.ഉബൈദ്
10. പി.എ.സൈതുമുഹമ്മദ്
11. വക്കം അബ്ദുൽഖാദർ
12. ബി.വി.അബ്ദുല്ലക്കോയ